# കേരള നിയമസഭാ നടപടികൾ

പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2018 ജൂൺ 6, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 172- നമ്പർ 3

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

2018 ജൂൺ 6, ബുധൻ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

727/2020.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 24

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 24
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 76

**III. അടിയന്തരപ്രമേയ നോട്ടീസ്**

വരാപ്പുഴ കസ്റ്റഡി മരണം—
(അവതരണാനുമതി നിഷേധിച്ചു) .. 462

**III. ശ്രദ്ധ ക്ഷണിക്കൽ**

റെയിൽവേ സോൺ—

ശ്രീ. ജോൺ ഫെർണാണ്ടസ് .. 465

**IV. മേശപ്പുറത്തുവച്ച കടലാസുകൾ**

1. ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ സംസ്ഥാന സമ്പദ്വ്യവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട് .. 469

2. ചട്ടം 47(2) അനുസരിച്ചുള്ളത് .. 469

**V. നിയമനിർമ്മാണകാര്യം**

താഴെ പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ .. 473

(ii) 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി)ബിൽ .. 474

(iii) 2018-ലെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി)ബിൽ .. 475

**അനുബന്ധം I & II** .. 476

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

*2018 ജൂൺ 6, ബുധൻ*

വാല്യം 172] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 2018 ജൂൺ മാസം 6-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ (*61)

**ക്ഷീര മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

1 (*61) ഡോ. എം. കെ. മുനീർ :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയ്ക്ക് അടിക്കടി ഉണ്ടാകുന്ന വിലവർദ്ധനവുമൂലം ക്ഷീരമേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ്സിഡി നിരക്കിൽ ക്ഷീരസംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മൃഗാശുപത്രികളിൽ ന്യായവില മെഡിക്കൽ സ്റ്റോർ തുടങ്ങുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽനിന്നും ഇത്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) മൃഗാശുപത്രികളിൽ ന്യായവില മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നത് പ്രായോഗികമല്ല. നിലവിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളോട് അനുബന്ധിച്ച് ന്യായവില മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. ഇത് എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നത് പരിഗണനയിലാണ്.

ഡോ. എം. കെ. മുനീർ: സർ, സ്വകാര്യ കാലിത്തീറ്റകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ശ്രീ. കെ. രാജു: സർ, സ്വകാര്യ കാലിത്തീറ്റ സ്ഥാപനങ്ങൾ കാലിത്തീറ്റയ്ക്ക് അടിക്കടി വില വർദ്ധിപ്പിക്കുന്ന രീതിയുണ്ട്. കാലിത്തീറ്റകൾ അതത് നിർമ്മാണ സ്ഥലത്തുതന്നെ പരിശോധിച്ച് കൊണ്ടുവരുന്നതിനപ്പുറം പരിശോധനയ്ക്ക് നിലവിൽ വേറെ സംവിധാനമില്ല. എന്നാൽ പൊതു ഉടമസ്ഥതയിലുള്ള മിൽമ, കേരള ഫീഡ്സ് തുടങ്ങിയ സ്ഥാപനങ്ങളിൽ കൃത്യമായ പരിശോധന നടത്തിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്.

ഡോ. എം. കെ. മുനീർ: സർ, നാടൻ, തനിനാടൻ എന്നീ ബ്രാന്റുകളിൽ വിപണിയിൽ ലഭിക്കുന്ന കവർ പാലുകളുടെ ഉറവിടം, ഗുണനിലവാരം എന്നിവ സർക്കാർ തലത്തിൽ എങ്ങനെയാണ് പരിശോധിക്കുന്നത്?

ശ്രീ. കെ. രാജു: സർ, അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക്പോസ്റ്റ് വഴി കടന്നുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് ഇപ്പോൾ മൂന്ന് ചെക്ക് പോസ്റ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ രണ്ട് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം തുടങ്ങി. അത് പാലക്കാട് ജില്ലയിലെ മീനാക്ഷിപുരവും കൊല്ലം ജില്ലയിലെ ആര്യങ്കാവും ആണ്. അടുത്തത് പാറശ്ശാലയിലാണ്. ഈ മൂന്ന് ചെക്ക്പോസ്റ്റുകളും പ്രവർത്തിക്കാൻ കഴിയുന്ന നിലയിലുള്ളതാണെങ്കിലും മറ്റ് ചെക്ക് പോസ്റ്റുകളിൽകൂടിയും ധാരാളം അന്യ സംസ്ഥാന പാൽ കടന്നുവരുന്നുണ്ട്. അതിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം നമുക്കില്ല. എന്നാൽ ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ പ്രത്യേക ഉത്സവ സീസണുകളിൽ വരുന്ന പാൽ പരിശോധിക്കാൻ അഞ്ച് ദിവസത്തേയ്ക്ക്, മൂന്ന് ദിവസത്തേയ്ക്ക് എന്നിങ്ങനെ താല്കാലിക സംവിധാനം ഉണ്ടാക്കാറുണ്ട്. അതിനപ്പുറത്തേക്ക് പരിശോധന നടത്താനുള്ള സംവിധാനം ഇപ്പോൾ നമുക്കില്ല. ചെക്ക് പോസ്റ്റുകളിലെ സംവിധാനം ഉറപ്പാക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. സംസ്ഥാനത്ത് ക്ഷീരസംഘങ്ങൾ വിതരണം ചെയ്യുന്ന പാലിന്റെയും മിൽമ വിതരണം ചെയ്യുന്ന പാലിന്റെയും ഗുണനിലവാരം ഉറപ്പാക്കിയശേഷമാണ് വിതരണം ചെയ്യുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, നേരത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള ഫീഡ്സും മിൽമയുമൊക്കെ പാലിന്റെ വില നിശ്ചയിച്ചിരുന്നത് സർക്കാരിന്റെ അനുമതിയോടുകൂടിയായിരുന്നു. എന്നാൽ ഇപ്പോൾ സർക്കാരിന്റെ നിയന്ത്രണമൊക്കെ എടുത്തുകളഞ്ഞ് കാലിത്തീറ്റയുടെ വില അവർ തോന്നിയതുപോലെയാണ് നിശ്ചയിച്ചിരിക്കുന്നത്. പ്രൈവറ്റ് മേഖലയിൽ ഇതിനെക്കാൾ കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുകയാണ്. അതുകൊണ്ട് സർക്കാർ മിൽമയുടെയും കേരള ഫീഡ്സിന്റെയും വില നിശ്ചയിക്കുന്നത് തുടർന്നും നടപ്പാക്കുമോ; അതോടൊപ്പം സംസ്ഥാനത്ത് തീറ്റപ്പുൽ വേണ്ട രീതിയിൽ കിട്ടുന്നില്ല. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള 44 സീഡ് ഫാമുകളിൽ പലപ്പോഴും ഒന്നോ രണ്ടോ വിളവെടുപ്പ് കഴിഞ്ഞ് ബാക്കി സമയം തരിശായി കിടക്കുന്ന ഭൂമിയിൽ തീറ്റപ്പുൽ കൃഷി ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, കേരള ഫീഡ്സും മിൽമയും ഓപ്പൺ കമ്പോളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെന്ന രീതിയിൽ ഗവൺമെന്റിന്റെ പ്രത്യേക നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ വിൽക്കുന്നതിനെക്കാൾ വില കുറച്ചാണ് കാലിത്തീറ്റ വിതരണം നടത്തുന്നത്. അതുകൊണ്ടുതന്നെ കേരളാ ഫീഡ്സ് സഞ്ചിതമായ നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇപ്പോൾ അതിന്റെ പ്രവർത്തനം മെച്ചപ്പെട്ട് വരികയാണ്. പുതിയതായി രണ്ട് പ്ലാന്റുകൾകൂടി പ്രവർത്തനം ആരംഭിക്കുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കാലിത്തീറ്റയുടെ ഡിമാന്റ് നല്ലതുപോലെ മീറ്റ് ചെയ്യാൻ സാധിക്കുന്നതോടൊപ്പംതന്നെ സ്വകാര്യ കമ്പനികളുടെ ഉല്പന്നവുമായി കോംപീറ്റ് ചെയ്യാൻ കമ്പോളത്തിന് കഴിയുകയും ചെയ്യും. കർഷകർക്ക് വിലകുറച്ച് കിട്ടുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്തിയിരിക്കുന്നത്. സൊസൈറ്റികളിൽ പാൽ അളക്കുന്ന കർഷകന് കാലിത്തീറ്റയ്ക്ക് സബ്സിഡി ലഭിക്കുമ്പോൾ അതുവഴി കർഷകർക്ക് ന്യായമായ വിലയ്ക്ക് കാലിത്തീറ്റ കിട്ടുമെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. വില നിശ്ചയിക്കാനുള്ള അവകാശം സ്വകാര്യ കമ്പനിക്കാർക്കുള്ളതാണ്. നിലവിൽ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് പാലിന്റെ വില നിശ്ചയിക്കാൻ അവകാശമില്ല, പ്രസ്തുത വിധി അനുസരിച്ച് മിൽമയ്ക്ക് സ്വന്തമായി പാലിന്റെ വില നിശ്ചയിക്കാം. ഗവൺമെന്റിന് അതിൽ നിയന്ത്രണമില്ലെങ്കിലും ഗവൺമെന്റ് ഗ്രാന്റ് കൊടുക്കുന്ന ഒരു സ്ഥാപനമെന്ന നിലയിൽ അവരുമായി ആലോചിച്ച് അമിതമായി വർദ്ധിപ്പിക്കാതെ ആവശ്യത്തിനുമാത്രം വില വർദ്ധിപ്പിക്കുന്ന ഒരു നിലയിലാണ് കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നത്.

ശ്രീ. പി. കെ. ബഷീറിനുവേണ്ടി ശ്രീ. എം. ഉമ്മർ: സർ, കാലി വളർത്തുന്നത് അധികവും ചെറുകിട നാമമാത്ര കർഷകരും ഭൂരഹിതരായ തൊഴിലാളികളുമാണ്. കാലിത്തീറ്റയുടെ വിലവർദ്ധനവ് ഇവർക്ക് താങ്ങാൻ കഴിയാത്തതാണ്.

തേങ്ങാപ്പിണ്ണാക്കിന്റെ വില 7.79 ശതമാനവും എള്ളിൻ പിണ്ണാക്കിന്റെ വില 7.6 ശതമാനവും വർദ്ധിച്ചു. സംസ്ഥാനത്ത് പരമ്പരാഗതമായുണ്ടായിരുന്ന കാലിത്തീറ്റ ഉല്പാദനം 2015 -2016-ൽ 3.97 മെട്രിക് ടൺ ഉണ്ടായിരുന്നത് 2016 -2017 ആയപ്പോൾ 3.7 മെട്രിക് ടണ്ണായി ചുരുങ്ങിയിരിക്കുകയാണ്. പുല്ല് പോലെ പരമ്പരാഗതമായ തീറ്റയുടെ ഉല്പാദനം കുറയുകയും ലഭ്യമാകുന്നതിന്റെ വില കൂടുകയും ചെയ്തപ്പോൾ പാവപ്പെട്ട നാമമാത്ര കർഷകർക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത സ്ഥിതിയാണുണ്ടായത്. ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് ഇടപെട്ട് സബ്സിഡി കൂട്ടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

<u>ശ്രീ. കെ. രാജു</u>: സർ, ക്ഷീര കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി നിരവധി പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കിയതിലൂടെ ആ മേഖലയിൽ ആത്മവിശ്വാസത്തോടുകൂടി മുന്നോട്ടുപോകാൻ അവർക്ക് സാധിക്കുന്നുണ്ട്. രണ്ട് വർഷംകൊണ്ട് പാലുൽപ്പാദനത്തിൽ ഏതാണ്ട് 18 ശതമാനത്തോളം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ നിലയിൽ മുന്നോട്ടുപോയാൽ വർഷാവസാനമാകുമ്പോൾ പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത നേടാൻ സാധിക്കും. കർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ച് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് 'ക്യാറ്റിൽ ഫീഡ് സബ്സിഡി'. ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക്, ലിറ്ററിന് ഒരു രൂപവച്ച് സബ്സിഡിയായി അവരുടെ അക്കൗണ്ടിലൂടെ നൽകുന്നുണ്ട്. കഴിഞ്ഞ വർഷം 14 കോടി രൂപയാണ് സബ്സിഡി ഇനത്തിൽ കൊടുത്തത്. കൂടാതെ, കഴിഞ്ഞ രണ്ട് വർഷത്തെ ചരിത്രം പരിശോധിച്ചാൽ, ഗവൺമെന്റ് നിർദ്ദേശത്തിന്റെ ഭാഗമായി കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഴുവൻ ക്ഷീരകർഷകരെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു രൂപയ്ക്കുപുറമെ അഡീഷണലായി സബ്സിഡി നൽകിവരുന്നു. അങ്ങനെ ഒരു ലിറ്റർ പാലിന് വിലയോടൊപ്പം നാല് രൂപ വരെ അഡീഷണലായി കർഷകർക്ക് ലഭ്യമാകുന്നതോടൊപ്പം പാലിന്റെ വില ശാസ്ത്രീയമായി പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു ലിറ്റർ പാലിന് നാല് രൂപ വില കൂട്ടിയിട്ടുണ്ട്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ ചോദിച്ചത് പാൽ ഉല്പാദനത്തിന്റെ കാര്യമല്ല.

<u>ശ്രീ. കെ. രാജു</u>: സർ, അങ്ങ് ചോദിച്ചത് ക്ഷീരകർഷകരുടെ ബുദ്ധിമുട്ടുകളെ സംബന്ധിച്ചും തീറ്റപ്പുൽ കൃഷിയെ സംബന്ധിച്ചുമാണ്. തീറ്റപ്പുല്ല് കന്നുകാലികളുടെ പാലുൽപ്പാദനത്തിന് പ്രയോജനപ്രദമായ ഒന്നാണ്. അതുകൊണ്ട് തീറ്റപ്പുല്ലിന്റെ ഉല്പാദനത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിയത്തക്കരീതിയിലുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കാലിത്തീറ്റയുടെ വിലയിൽ വർദ്ധനവുണ്ടാകുന്നുവെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. കമ്പോളത്തിൽ കാലിത്തീറ്റയുടെ വില കൂടിയതുകൊണ്ടാണ് കേരള ഫീഡ്സും മിൽമയും കർഷകർക്ക് വില കുറച്ചുകൊടുക്കുന്ന പദ്ധതിയുമായി

മുന്നോട്ടുപോകുന്നത്. അതുപോലെ കർഷകർക്ക് സബ്സിഡി നൽകുന്നതും പാൽ വില വർദ്ധിപ്പിച്ചുനൽകുന്നതും കാലിത്തീറ്റയുടെ വിലവർദ്ധനവ് നേരിടുന്നതിനുവേണ്ടി ഗവൺമെന്റ് നൽകുന്ന ധനസഹായങ്ങളാണ്. അതുകൊണ്ടുതന്നെയാണ് പാലിന്റെ കാര്യത്തിൽ നാം സ്വയംപര്യാപ്തതയിലേക്ക് ഇന്ന് നീങ്ങിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മലപ്പുറം ജില്ലയിലെ മൂർക്കനാട് പഞ്ചായത്തിൽ മിൽമ പ്ലാന്റിനുവേണ്ടി വളരെ വില കൂടിയ ഭൂമി ഏറ്റെടുത്തതിനെക്കുറിച്ചുള്ള പരാതികൾ മലയാള മനോരമയുടെ ചാനലിൽ വന്നിരുന്നു. ആ സ്ഥലത്ത് എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്, അവിടെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ? എത്ര തുക മുടക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? ബാക്കി നടപടികൾ എന്ന് സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാജു: സർ, മലപ്പുറം ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിൽ മിൽമയുടെ ആഭിമുഖ്യത്തിൽ ഒരു 'ജില്ലാ ഡയറി' സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം ഏറ്റെടുത്തെന്നാണ് അറിയാൻ കഴിഞ്ഞത്. ഇത് സംബന്ധിച്ച് ഒരു പ്രത്യേക ചോദ്യം തന്നാൽ മറ്റു വിശദാംശങ്ങൾ അറിയിക്കാം.

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, കന്നുകാലികളിൽ വ്യാപകമായി പടർന്നുപിടിക്കുന്ന വിവിധ രോഗങ്ങൾ തടയുന്നതിന് മൃഗാശുപത്രികളിൽ ആവശ്യാനുസരണം മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാജു: സർ, പ്രധാന ചോദ്യത്തിൽ എല്ലാ ആശുപത്രികളിലും ന്യായവില ഷോപ്പ് ആരംഭിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്, അത് പ്രായോഗികമല്ല. വെറ്ററിനറി കേന്ദ്രത്തോട് അനുബന്ധിച്ച് ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി ഒരു ന്യായവില വെറ്ററിനറി ഷോപ്പ് എല്ലാ ജില്ലയിലും ആരംഭിക്കാനാണ് പരിശ്രമിക്കുന്നത്. കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ആരംഭിച്ച ന്യായവില വെറ്ററിനറി ഷോപ്പ് പ്രയോജനകരമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള സ്ഥലത്തും നടപ്പിലാക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണ്. മറ്റൊന്ന്, ഗ്രാമ പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ ഡിസ്പെൻസറികൾ വരുന്നതുകൊണ്ട് ആശുപത്രികൾക്കാവശ്യമായ മരുന്ന് ലഭ്യമാക്കാൻ അവരുടെ പ്ലാൻ ഫണ്ടിൽനിന്നും തുക ലഭ്യമാക്കുകയും അതനുസരിച്ച് മരുന്ന് വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. കൂടുതൽ മരുന്ന് ലഭ്യതയ്ക്കുവേണ്ടി ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

ശ്രീ. വി. ഡി. സതീശൻ : സർ, പാലിന്റെ വില കൂട്ടുന്നത് യഥാർത്ഥത്തിൽ കർഷകരെ രക്ഷിക്കുന്നതിനുവേണ്ടിയാണ്. ഇപ്പോൾ കണ്ടുവരുന്ന ഒരു പ്രവണത എന്നുപറയുന്നത്, പാലിന് വില എപ്പോൾ കൂട്ടിയാലും അതിനേക്കാൾ കൂടുതൽ വില കാലിത്തീറ്റയ്ക്ക് വർദ്ധിപ്പിക്കാൻവേണ്ടി സ്വകാര്യ കമ്പനികൾ

കാത്തിരിക്കുകയാണ്. ഒരു ലിറ്റർ പാലിന് ഒരു രൂപ കൂട്ടിയാൽ ദിവസേന ഒരു പശുവിൽനിന്ന് അഞ്ച് ലിറ്റർ പാൽ ലഭിക്കുന്ന ഒരു കർഷകന് ഒരാഴ്ച 35 രൂപയാണ് കൂടുതലായി ലഭിക്കുന്നത്. ഇതേസമയം കാലിത്തീറ്റയ്ക്ക് സ്വകാര്യ കമ്പനികൾ 50 രൂപയാണ് വില വർദ്ധിപ്പിക്കുന്നത്. തന്മൂലം പാലിന്റെ വില വർദ്ധിപ്പിക്കുമ്പോൾ അതിന്റെ ഗുണം കർഷകന് കിട്ടാത്ത സ്ഥിതിയാണുള്ളത്. ഈ വില നിയന്ത്രിക്കാൻ സർക്കാരിന് കഴിയുന്നില്ല. കാരണം, സർക്കാർ കമ്പനികളും സ്വകാര്യ കമ്പനികളും വില കൂട്ടുന്നതിനുവേണ്ടി നോക്കിയിരിക്കുകയാണ്. അതുകൊണ്ട് കാലത്തീറ്റയുടെ മാർക്കറ്റ് ഷെയർ സർക്കാർ വർദ്ധിപ്പിക്കുകയും സർക്കാരിന് മാർക്കറ്റ് വിലയെ നിയന്ത്രിക്കാൻ കഴിയുന്ന ഒരു സാഹചര്യം വരികയും ചെയ്താൽ മാത്രമേ കർഷകർക്ക് രക്ഷയുള്ളൂ. അതിന് അനുകൂലമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

<u>ശ്രീ. കെ. രാജു</u>: സർ, കർഷകർക്ക് ആവശ്യമുള്ള കാലിത്തീറ്റ ലഭ്യമാക്കാൻ കഴിയത്തക്ക രീതിയിൽ പൊതുമേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി കോഴിക്കോട് 500 ടൺ കപ്പാസിറ്റിയുള്ള പുതിയൊരു പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ അത് 300 ടൺ വരെ ആയി. 500 ടൺ വരെ എത്തിയാൽ മലബാർ മേഖലയിലെ കർഷകരുടെ ആവശ്യങ്ങൾ ഒരുപരിധിവരെ പരിഹരിക്കാൻ കഴിയും. തൊടുപുഴയിൽ 500 ടൺ കപ്പാസിറ്റിയുള്ള ഒരു കാലിത്തീറ്റ പ്ലാന്റിന്റെ നിർമ്മാണം 90 ശതമാനം പൂർത്തീകരിച്ചു. രണ്ടാഴ്ച മുമ്പ് ഞാൻ അവിടെപ്പോയി പരിശോധന നടത്തിയിരുന്നു. താമസിയാതെ തന്നെ ആ പ്ലാന്റിൽ ഉൽപ്പാദനം ആരംഭിക്കും. കരുനാഗപ്പള്ളിയിലും കല്ലേറ്റുംകരയിലുമുള്ള പ്ലാന്റുകൾ ഫുൾ കപ്പാസിറ്റിയിൽ ഉൽപ്പാദനം നടക്കുന്നില്ല. അത്തരത്തിൽ പൊതുമേഖലയിൽ നിന്നും ഉൽപ്പാദിപ്പിച്ച് ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ കമ്പോളങ്ങളിൽ കൊടുക്കാൻ കഴിയും. അങ്ങനെ സ്വകാര്യ കമ്പനികളെ നേരിടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പാൽ വില വർദ്ധിപ്പിച്ചാലുടൻതന്നെ ഉൽപ്പാദകർ കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കുന്നതിനാൽ ഇതിന്റെ ഗുണം കർഷകന് ലഭിക്കുന്നില്ല. എന്നാൽ ഈ ഗവൺമെന്റ് ഒരു ലിറ്റർ പാലിന് 4 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിന്റെ ഭൂരിഭാഗം പങ്കും കർഷകന് കിട്ടുമെന്ന് ഉറപ്പാക്കിക്കൊണ്ടാണ് വില വർദ്ധനവ് നടപ്പിലാക്കിയത്. അതിന്റെ ഫലമായി കാലിത്തീറ്റയ്ക്ക് അടിക്കടിയുണ്ടാകുന്ന വിലവർദ്ധനവിനനുസൃതമായി പാലിന്റെ സംഭരണ വില ശാസ്ത്രീയമായി പരിഷ്കരിക്കണമെന്ന് തീരുമാനിച്ചു. ക്ഷീര സംഘങ്ങളിൽ കർഷകർ അളക്കുന്ന പാലിന് അതിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പിന്റേയും കൊഴുപ്പിതര പദാർത്ഥങ്ങളുടേയും അടിസ്ഥാനത്തിൽ ദ്വിമുഖവില സമ്പ്രദായമാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. 2017 ഫെബ്രുവരി 11-ന് പാൽ വില ചാർട്ട്

പരിഷ്കരിച്ചതിന്റെ ഫലമായി മിൽമ വിൽക്കുന്ന പാലിന് 4 രൂപ വർദ്ധിപ്പിച്ചപ്പോൾ ആ വർദ്ധനവിനുമുമ്പ് 3.5 ശതമാനമായിരുന്ന ഫാറ്റിന്റെ അളവെങ്കിൽ അത് 3 ശതമാനമായി കുറച്ചതുകൊണ്ട് കൂടുതൽ കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്ന നിലയിലേയ്ക്കുവന്നു. 4 രൂപ വർദ്ധിപ്പിച്ചപ്പോൾ ഒരു ലിറ്റർ പാലിന് 4 രൂപ 4 പൈസ വരെ കർഷകന് അധികമായി ലഭിക്കുന്നുണ്ട്. അതാണ് ഇപ്പോൾ നടപ്പിലാക്കിയ ശാസ്ത്രീയമായ പരിഷ്കരണത്തിലൂടെ ഉണ്ടായിട്ടുള്ളത്.

ശ്രീ. എ. എൻ. ഷംസീർ: സർ, സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിനുവേണ്ടി സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. പാലുൽപ്പാദിപ്പിച്ചത്കൊണ്ടു മാത്രം സ്വയം പര്യാപ്തതയാകില്ല. ഇപ്പോഴും കന്നുകുട്ടികളേയും മറ്റും കൊണ്ടുവരുന്നത് തമിഴ്നാട്ടിൽ നിന്നാണ്. സംസ്ഥാനത്ത് കന്നുകുട്ടികളെ ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ രീതിയിലുള്ള പ്രവർത്തനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. കെ. രാജു: സർ, സംസ്ഥാനത്ത് പാലിന്റെ ഉൽപ്പാദനം ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്. ഈ നില തുടരുകയാണെങ്കിൽ ഈ വർഷം ഡിസംബറോടുകൂടി പാലിന്റെ കാര്യത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത നേടും. അതുപോലെ മുട്ട, ഇറച്ചി എന്നിവയുടെ കാര്യത്തിലും സ്വയംപര്യാപ്തത നേടണം എന്നുള്ള ലക്ഷ്യത്തോടെയാണ് മുട്ടക്കോഴി, ഇറച്ചിക്കോഴി എന്നിവയുടെ ഉൽപ്പാദനം സംസ്ഥാനത്ത് വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. ഈ വർഷം കുടുംബശ്രീ മിഷനുമായി ചേർന്ന് മൃഗസംരക്ഷണ വകുപ്പും പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനും 1000 ഇറച്ചിക്കോഴികളെ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അത് കാലക്രമേണ 5000 ആയി വർദ്ധിപ്പിക്കുകയെന്നതാണ് ലക്ഷ്യം. സംസ്ഥാനത്തിന് ആവശ്യമുള്ള ഇറച്ചിയുടെയും മുട്ടയുടെയും കണക്ക് പരിശോധിച്ചാൽ അതിന്റെ ഉൽപ്പാദനം വളരെ കുറവാണെന്ന് വ്യക്തമാകും. കാര്യക്ഷമമായ ഇടപെടൽ നടത്തി മുന്നോട്ടുപോയാൽ രണ്ട് കാര്യത്തിലും സ്വയംപര്യാപ്തത ഒരുപക്ഷെ എത്തിയില്ലെങ്കിലും, നല്ല നിലയിൽ ഉൽപ്പാദന വർദ്ധനവുണ്ടാക്കാൻ കഴിയും. അതിനുള്ള പരിശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മറ്റൊരു കാര്യം, കന്നുകുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന വിഷയമാണ്. പാലിന്റെ ഉൽപ്പാദനം വർദ്ധിക്കുന്നു എങ്കിലും കന്നുകാലികളുടെ എണ്ണം കുറയുന്നു എന്നതാണ് നമ്മൾ നേരിടുന്ന വെല്ലുവിളി. അതിൽ ഒരു മാറ്റം വേണമെങ്കിൽ കൂടുതൽ കന്നുകാലികളെ വളർത്താൻ തയ്യാറാകണം. ഒരു വീടായാൽ അഞ്ചോ പത്തോ കോഴി, അല്ലെങ്കിൽ ഒരു ആട്, ഒരു പശു ഇതൊക്കെയായിരുന്നു കേരളത്തിലെ പഴയ സംസ്കാരം. ഇന്ന് നമ്മുടെ സമൂഹം അതിൽനിന്ന് മാറി. കർഷകർക്ക് ലാഭകരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമോയെന്നുള്ള ഭയം വന്നതുകൊണ്ട് ആദായമില്ലാത്ത സമയത്ത് 4 മാസം മുതൽ 30 മാസം വരെ പ്രായമുള്ള കിടാരികളെ അവർ ഡിസ്പോസ് ചെയ്യുകയാണ്.

അതുകൊണ്ട് കർഷകർക്ക് പ്രോത്സാഹനം നൽകി കിടാരികളെ മെച്ചപ്പെട്ട നിലയിൽ വളർത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ഈ വർഷം സംസ്ഥാനത്ത് കിടാരി പാർക്കുകൾ ആരംഭിക്കാൻ ആലോചിക്കുകയാണ്, അതിനാവശ്യമായ ഭരണാനുമതി കിട്ടിക്കഴിഞ്ഞു. ആദ്യം പരീക്ഷണാർത്ഥം 5 കിടാരി പാർക്ക് ആരംഭിക്കാനും ഒരു പാർക്കിൽ ഏറ്റവും കുറഞ്ഞത് 100 കിടാരികളെ സംരക്ഷിച്ച് വളർത്താനും ആ കിടാരികളെ കർഷകർക്ക് വളർത്തിക്കൊടുക്കാനുമാണ് ഉദ്ദേശിക്കുന്നത്. അത്തരത്തിൽ ഈ മേഖലയിൽ ഒരു വമ്പിച്ച മുന്നേറ്റമുണ്ടാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, ക്ഷീര മേഖലയിലെ മാറ്റങ്ങൾ വളരെ തൃപ്തികരമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ക്ഷീരോല്പാദനത്തിൽ ഏതാണ്ട് സ്വയംപര്യാപ്തതയുടെ വക്കത്തെത്തിയതായിരുന്നു. അങ്ങ് ചുമതലയേറ്റശേഷം കാര്യങ്ങൾ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാനും നല്ല പ്രോത്സാഹനം കൊടുക്കാനും കഴിഞ്ഞു. ഇപ്പോൾ മലബാർ മേഖലയിലെ ക്ഷീരോല്പാദനം ആവശ്യത്തിലധികമാണ്. കേരളത്തിൽ പാൽ മാത്രമാണ് വിലസ്ഥിരതയുള്ള ഏക ഉല്പന്നം. ബാക്കി ഒന്നിനും വിലസ്ഥിരതയില്ല. കാരണം, മിൽമയ്ക്ക് വില നിശ്ചയിക്കാനുള്ള അവകാശം നൽകിയതുകൊണ്ടാണ്. ഗവൺമെന്റ് അപ്പീലുമായി പോകേണ്ടതില്ല, പാലിന്റെ വില തീരുമാനിക്കേണ്ടത് സർക്കാരല്ല, മിൽമയാണ് എന്നാണ് കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചത്. അതിന്റെ ഫലമായി വലിയ മാറ്റമുണ്ടാകുകയും സ്വയംപര്യാപ്തതയിൽ എത്തിക്കൊണ്ടിരിക്കുകയും ചെയ്തു. പുതിയ തലമുറയ്ക്ക് കന്നുകാലി വളർത്തലിൽ താല്പര്യമില്ല എന്നതാണ് ഇപ്പോഴത്തെ പ്രശ്നം. കായികാദ്ധ്വാനം ആവശ്യമുള്ള തൊഴിൽ ചെയ്യാനും ഇന്ന് മലയാളികൾ തയ്യാറല്ല, അതിന് ബംഗാളികളോ ബീഹാറികളോ വേണം. ഈ സാഹചര്യത്തിൽ നമ്മൾ സ്വയംപര്യാപ്തത നേടണമെങ്കിൽ പുതിയ തലമുറയെ ആകർഷിക്കാൻ സാധിക്കണം. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മിൽമയ്ക്ക് തന്നെയാണ് ഇപ്പോഴും വില നിശ്ചയിക്കാനുള്ള അവകാശം. പക്ഷെ സ്വതന്ത്രമായി വില നിശ്ചയിക്കാനുള്ള അവകാശം വിട്ടുകൊടുക്കാതെ, അവരുമായി ചർച്ച നടത്തി വർദ്ധിപ്പിക്കുന്ന വിലയുടെ ബഹുഭ്രിപക്ഷം വരുന്ന വിലയും കർഷകന് ലഭ്യമാകുന്നതരത്തിലുള്ള ഒത്തുതീർപ്പ് ഉണ്ടാക്കിക്കൊണ്ടാണ് വില വർദ്ധനവ് നടപ്പിലാക്കിയത്. അതുകൊണ്ടാണ് പാലിന് കൂടുതൽ വില കർഷകന് ഇപ്പോൾ ലഭിക്കുന്നത്. പുതിയ തലമുറയെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി നിരവധി പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്. സാധാരണഗതിയിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ ധാരാളം ചെറുപ്പക്കാർ ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നുണ്ട്. വിദേശത്തുനിന്നും ജോലി നഷ്ടപ്പെട്ട് വരുന്നവരും അല്പസ്വല്പം പണമുണ്ടാക്കി തിരിച്ചുവരുന്നവരുമെല്ലാം ഈ രംഗത്തേയ്ക്ക് കടന്നുവരുന്ന ഒരു നല്ല

പ്രവണത കാണിക്കുന്നുണ്ട്. അഞ്ച്, പത്ത് പശുക്കളുടെ യൂണിറ്റ്, കൂടുതൽ സാദ്ധ്യതയുള്ളവർക്ക് ഇരുപത് പശുക്കളുടെ യൂണിറ്റ് എന്നിങ്ങനെ ചെറിയ യൂണിറ്റുകൾ ആരംഭിച്ചാൽ അവർക്കുവേണ്ടി സാമ്പത്തിക സഹായ സബ്സിഡി നൽകുന്നതിന് സ്കീം ഇപ്പോൾ നിലവിലുണ്ട്. ഇതിൽ സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സ്കീമുകളുമുണ്ട്. അതുകൂടാതെ കറവ നടത്തുന്നതിന് ആളുകളെ കിട്ടാൻ പ്രയാസമായതിനാൽ നാലഞ്ച് പശുക്കളെങ്കിലുമുള്ളവർക്ക് മിൽക്കിംഗ് മെഷീനും ഉപയോഗിക്കാം. എന്നാൽ ഒരു പശു മാത്രമുള്ള കർഷകന് മിൽക്കിംഗ് മെഷീൻ വാങ്ങുക എന്നത് അപ്രായോഗികമാണ്. കൂടുതൽ പശുക്കളെ വളർത്തുന്നവർക്ക് മിൽക്കിംഗ് മെഷീൻ വാങ്ങുന്നതിന് മെഷീൻ ഒന്നിന് 25,000 രൂപ സബ്സിഡി കൊടുക്കുന്നുണ്ട്. കാലിത്തീറ്റ, കാലിത്തൊഴുത്ത് തുടങ്ങിയ കാര്യങ്ങളിലെല്ലാം നിരവധി പദ്ധതികൾ ഉള്ളതുകൊണ്ട് ആത്മവിശ്വാസത്തോടെ ഈ രംഗത്തേയ്ക്ക് കടന്നുവരാനുള്ള സ്ഥിതി ഇപ്പോഴുണ്ട്. ഈ ഗവൺമെന്റ് സ്വീകരിച്ച അത്തരം നടപടികളുടെ ഫലമായാണ് സ്വയംപര്യാപ്തതയിലേക്ക് എത്തിയത്. മലബാർ മേഖല ഇപ്പോൾത്തന്നെ പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തമായിയെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. മിൽമ അവരുടെ മാക്സിമം കപ്പാസിറ്റിയിൽ പാൽ ശേഖരിക്കുന്നുണ്ട്. അതുകൊണ്ട് നിരവധി പുതിയ പദ്ധതികൾ ആരംഭിക്കാൻ മിൽമയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പാലിൽ നിന്നുണ്ടാക്കാവുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ പരമാവധി ഉണ്ടാക്കാനും അതിന്റെ ലാഭം കർഷകനുകൂടി കൈമാറ്റം ചെയ്യാനും സാധിക്കത്തക്ക രീതിയിൽ ഗവൺമെന്റ് ഇടപെടുന്നുണ്ട്, ആ പ്രവർത്തനം തുടരും.

<u>മി. സ്പീക്കർ</u>: ക്ഷീരമേഖലയോട് ധാരാളം അംഗങ്ങൾ താല്പര്യം കാണിച്ചിട്ടുണ്ട്, ഇപ്പോൾതന്നെ ഇരുപത്തഞ്ച് മിനിട്ടായി, അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്കൂടി ചോദിക്കാം.

<u>പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)</u> : സർ, ഏത് ഗവൺമെന്റ് വന്നാലും മിൽമയെ സംരക്ഷിക്കാറുണ്ട്. ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ കാലത്ത് ഇത് ആരംഭിച്ചതാണ്. ഇ.ചന്ദ്രശേഖരൻ നായർ വകുപ്പുമന്ത്രിയായിരുന്ന കാലത്തും മിൽമയെ തൊട്ടുകളിച്ചിട്ടില്ലായിരുന്നു. അദ്ദേഹം അതിനെ പ്രോത്സാഹിപ്പിക്കുകയായിരുന്നു. ഇപ്പോൾ ലിഡാ ജേക്കബ്ബ് കമ്മിറ്റി റിപ്പോർട്ട് വന്നതോടുകൂടി വലിയ ആശങ്ക മിൽമയിൽ നിലനിൽക്കുകയാണ്. മിൽമ പിടിച്ചെടുക്കാനുള്ള ഒരു വളഞ്ഞ വഴിയായി ആ റിപ്പോർട്ടിനെ ഇന്ന് വിലയിരുത്തുകയാണ്. നല്ല നിലയിൽ നടക്കുന്ന ഒരു സ്ഥാപനത്തെ അനാവശ്യമായ രാഷ്ട്രീയ അതിപ്രസരമുണ്ടാക്കി അട്ടിമറിക്കാനുള്ള നീക്കമാണെങ്കിൽ അത് അവസാനിപ്പിച്ച് മിൽമയ്ക്ക് നൽകിയിരുന്ന പിന്തുണ വീണ്ടും നൽകി ഈ മേഖലയെ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, കഴിഞ്ഞ 38 വർഷമായി കേരളത്തിൽ ക്ഷീര സഹകരണ പ്രസ്ഥാനം പ്രവർത്തിക്കുകയാണ്. ഫെഡറേഷൻ, അതിന്റെ തൊട്ടുതാഴെ മേഖലാ യൂണിയൻ, സൊസൈറ്റികൾ, ക്ഷീര കർഷകർ എന്ന നിലയിൽ മേഖലയെ കുറച്ചുകൂടി സജീവമാക്കണം. ഇതിനെ ആശ്രയിച്ച് കഴിയുന്ന

ലക്ഷക്കണക്കിനാളുകൾ കേരളത്തിൽ ഉള്ളതുകൊണ്ട് അതിനെ സജീവമാക്കുകയും പാലിന്റെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുകയും ചെയ്യുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. 38 വർഷക്കാലമായി പ്രവർത്തിച്ചുവരുന്ന ഈ സിസ്റ്റത്തിന് എന്തെങ്കിലും തകരാറുണ്ടോ; മാറ്റങ്ങൾ ആവശ്യമാണോ, പുതിയ നിർദ്ദേശങ്ങളെന്തെങ്കിലും ആ മേഖലയിലുള്ളവർക്കുണ്ടോ തുടങ്ങിയ കാര്യങ്ങൾ നേരിട്ട് കർഷകരുമായും ക്ഷീരസംഘങ്ങളുമായും ബന്ധപ്പെട്ടും അന്യസംസ്ഥാനങ്ങളിൽ ഈ സംഘങ്ങളുടെ പ്രവർത്തനം എങ്ങനെയെല്ലാമാണെന്ന് പഠിച്ചും വിശദമായ റിപ്പോർട്ട് നൽകാനാണ് ശ്രീമതി ലിഡാ ജേക്കബ്ബ് അദ്ധ്യക്ഷയായ കമ്മിറ്റിയെ നിയോഗിച്ചത്. ശ്രീമതി ലിഡാ ജേക്കബ്ബ് കമ്മ്യൂണിസ്റ്റുകാരിയോ ഇടതുപക്ഷക്കാരിയോ ആണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ? ജില്ലാ കളക്ടറായും വകുപ്പുസെക്രട്ടറിയായും മിൽമയുടെ എം.ഡി.യായും പ്രവർത്തിച്ചിരുന്ന വ്യക്തിയാണ്. അവരുടെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘമാണ് റിപ്പോർട്ട് തന്നിട്ടുള്ളത്. ആ റിപ്പോർട്ട് ഗവൺമെന്റ് പഠിച്ച് മുഖ്യമന്ത്രിയുമായി ആലോചിച്ച് പ്രതിപക്ഷത്തിന്റെയും ഭരണപക്ഷത്തിന്റെയും നല്ല നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ഈ മേഖലയെ ശക്തിപ്പെടുത്തും. പിടിച്ചെടുക്കുക എന്നൊരു ഉദ്ദേശ്യമേ ഗവൺമെന്റിനില്ല. അങ്ങനെയൊരു ആശങ്ക ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനും മിൽമയുടെ ഭാരവാഹികൾക്കും വേണ്ട എന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ക്ഷീരമേഖലയിലെ സ്വയംപര്യാപ്തത പോലെതന്നെ വളരെ പ്രധാനമാണ് നമ്മുടെ പരമ്പരാഗത ജലസ്രോതസ്സും. അതുകൊണ്ട് അടുത്ത ചോദ്യത്തിലേയ്ക്ക് പോകുകയാണ്.

**ഉപയോഗശൂന്യമായ ജലസ്രോതസ്സുകളുടെ സംരക്ഷണം**

2 (*62) ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. എ. എം. ആരിഫ്:

പ്രൊഫ. കെ. യു. അരുണൻ:

ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളെയും തോടുകളെയും ഗാർഹിക വ്യാവസായിക മാലിന്യങ്ങളുടെ സൗകര്യപ്രദമായ നിർഗമന സ്ഥലങ്ങളാക്കി മാറ്റുന്ന പ്രവണതയുടെ ഫലമായി ജലസ്രോതസ്സുകളിൽ ഭൂരിഭാഗവും ഉപയോഗശൂന്യമായി തീരുന്നതിനാൽ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പ്രത്യേക ഊന്നൽനൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജലസുരക്ഷ ഭാവിതലമുറയുടെകൂടി അവകാശമാണെന്ന കാഴ്ചപ്പാടോടെ ജലസംരക്ഷണ വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) കരമനയാർ, കിള്ളിയാർ ഉൾപ്പെടെ അങ്ങേയറ്റം മലിനമായതോ നീരൊഴുക്കുപോലും നിലച്ചുപോയതോ ആയ നദികളുടെ പുനരുജ്ജീവനത്തിന് നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കേരളത്തിലെ നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ വിവിധതരം മാലിന്യങ്ങൾ അടങ്ങിയിട്ടുള്ളതാണെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. വ്യാവസായിക മാലിന്യങ്ങൾക്കുപരി ഗാർഹിക മാലിന്യങ്ങളും വർദ്ധിച്ചതോതിൽ ജലാശയങ്ങളിൽ എത്തിച്ചേരുന്നുണ്ട്. ഇതിനുപുറമേ കാർഷികാവശിഷ്ടങ്ങളും കൃഷിക്കുപയോഗിക്കുന്ന രാസവളം/ കീടനാശിനികളും ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്നുണ്ട്. വലിയതോതിൽ ഖരമാലിന്യം ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്നതായിക്കാണുന്നു. ഇത് കണക്കിലെടുത്ത് ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ജലവിഭവ വകുപ്പ് നിലവിൽ മുൻഗണന നൽകിവരുന്നു. സംസ്ഥാന ബജറ്റിന്റെ ഭാഗമായി ലഭിക്കുന്ന തുക ചെലവഴിച്ച് ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്ന നടപടി ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു. കൂടാതെ, ഹരിത കേരളം ഫെഡ്ഡിൽ ലഭിച്ച തുകയും കുളങ്ങൾ മാലിന്യമുക്തമാക്കുന്നതിന് വിനിയോഗിച്ചിട്ടുണ്ട്. ഇത്തരത്തിൽ 536 കുളങ്ങൾ നവീകരിക്കുന്നതിനുള്ള ഭരണാനുമതി 2017-18 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2017-18 വാർഷിക പദ്ധതിയിൽ റിസ്റ്റോറേഷൻ ഓഫ് പൊല്യൂറ്റഡ് റിവർ സ്ട്രെച്ചസ് (Restoration of Polluted River Stretches) എന്ന പദ്ധതിയിൽ പാലക്കാട് ജില്ലയിലെ ഭാരതപ്പുഴയുടെ വാളയാർ-കോരയാർ ഭാഗം, കാസർഗോഡ് ജില്ലയിലെ നീലേശ്വരം നദി, തിരുവനന്തപുരം ജില്ലയിലെ കരമന നദി, കണ്ണൂർ ജില്ലയിലെ കുപ്പം എന്നിവയെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നദികളിലെ മലിനീകരണം തടയുന്നതിന് ആവശ്യമായ കർമ്മ പദ്ധതികൾ അതത് ജില്ലാ ഓഫീസുകളുടെ മേൽനോട്ടത്തിൽ നടത്തിവരുന്നു.

ജല മലിനീകരണ സാധ്യത കൂടുതലുള്ള സ്ഥാപനങ്ങൾക്ക് അവ പുറന്തള്ളുന്ന പാഴ്ജലത്തിലെ ഘടകങ്ങൾ (parameters) അനുവദനീയമായ പരിധിയിലാണോയെന്ന് പരിശോധിക്കുന്നതിനായി നിലവിൽ On-line Real Time Monitoring സംവിധാനം ഏർപ്പെടുത്തിവരുന്നു. ഇത്തരത്തിൽ 20 സ്ഥാപനങ്ങളെ ഈ സംവിധാനവുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്നുള്ള പാഴ്ജല നിർഗമനം നിയമപ്രകാരമാണോയെന്ന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാര്യാലയത്തിൽ നിന്നുതന്നെ അറിവ് ലഭിക്കുന്നതാണ്.

(ബി) ജലസുരക്ഷ നേടുന്നതിനും ഭാവി തലമുറയ്ക്ക് ശുദ്ധജലലഭ്യത ഉറപ്പുവരുത്തുന്നതിനും പുതിയൊരു ജലവിഭവ സംരക്ഷണ വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനുമായാണ് ഹരിതകേരളം മിഷന്റെ ഉപമിഷനായ

ജലസമൃദ്ധി/ജലസംരക്ഷണം പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനനുയോജ്യമായ ശാസ്ത്രീയ സമീപനം എന്ന നിലയിൽ സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതികൾ രൂപപ്പെടുത്തി Ridge to Valley (മുകളിൽ നിന്ന് താഴേയ്ക്ക്) എന്ന രീതിയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് സാധ്യമാക്കുന്നതിനായി ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകർ ഉൾപ്പെടെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന സാങ്കേതിക സമിതികൾക്ക് രൂപംനൽകുകയും അവയുടെ നേതൃത്വത്തിൽ നീർത്തട പ്ലാനുകൾക്ക് രൂപംകൊടുക്കുന്നതിനുള്ള നീർത്തട നടത്തം ഉൾപ്പെടെയുള്ള പ്രവർത്തനം കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആരംഭിച്ചുകഴിഞ്ഞു. ഇക്കാര്യത്തിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ജലസംരക്ഷണത്തിന്റെയും ജലവിനിയോഗ മിതത്വം പാലിക്കേണ്ടതിന്റെയും പ്രാധാന്യം ജനങ്ങളിൽ എത്തിക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ ജല പാർലമെന്റുകളും സംഘടിപ്പിച്ച് വരുന്നു. ഇതിനുപുറമേ ജനപങ്കാളിത്തത്തോടുകൂടി ജലസ്രോതസ്സുകൾ ശുചിയാക്കി സംരക്ഷിക്കുന്ന പ്രവർത്തനവും നടന്നുവരുന്നു.

ജല സംരക്ഷണവുമായി ബന്ധപ്പെട്ട അവബോധന സെമിനാറുകൾ, പരസ്യങ്ങൾ തുടങ്ങിയവ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പാഴ്ജല സംസ്കരണ സംവിധാനം കർശനമാക്കുക, ജലം മലിനമാക്കരുത് എന്നീ സന്ദേശങ്ങളോടുകൂടിയ നോട്ടീസ് ഏപ്രിൽ 2017-ൽ മലയാളം/ഇംഗ്ലീഷ് ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ജൂൺ 2017-ൽ ബോർഡ് നടത്തിയ പരിപാടികളിൽ ജല സംരക്ഷണത്തിനുള്ള ആവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ടുള്ള സെമിനാറുകൾ നടത്തിയിരുന്നു.

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പമ്പയുടെ മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള അവബോധം പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ ബോർഡ് എല്ലാ വർഷവും സ്വീകരിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ ചെറുതും വലുതുമായ നദികളെ നിലവിലെ സ്ഥിതിയിൽ നിന്ന് മെച്ചപ്പെട്ട ഗുണനിലവാരമുള്ള ജലസ്രോതസ്സുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടുകൂടി നടന്നുവരുന്നു. പൂർണ്ണമായും നീരൊഴുക്ക് നിലച്ച വരട്ടാർ, കോലറയാർ, പുഴകൾ തമ്മിലുണ്ടായിരുന്ന ബന്ധം നിലച്ചുപോയ മീനന്തറ-കൊട്ടാരാർ-മീനച്ചിലാർ, കുട്ടംപേരൂരാർ തുടങ്ങിയവ നീരൊഴുക്കുള്ളവയാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വലിയ തോതിൽ മാലിന്യം അടിഞ്ഞ് ഉപയോഗയോഗ്യമല്ലാതായി മാറിയ കാനാമ്പുഴ, പള്ളിക്കലാർ, കിള്ളിയാർ (അപ്പർ റീച്ച്), പൂന്തുർപ്പുഴ തുടങ്ങിയവ ജനപങ്കാളിത്തത്തോടെ ശുചിയാക്കാനും കഴിഞ്ഞിട്ടുണ്ട്. ഇവിടങ്ങളിലൊക്കെത്തന്നെ നീർത്തട മാസ്റ്റർപ്ലാനുകളുടെ അടിസ്ഥാനത്തിൽ തുടർപ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്. കരമനയാർ, കിള്ളിയാർ എന്നിവയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട്

"റൈറ്റ്സ്" (RITES) എന്ന സ്ഥാപനം പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയും. കിള്ളിയാറിന്റെ സമഗ്രമായ പുനരുജ്ജീവനത്തിനായി കിള്ളിയാർ കടന്നുപോകുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് "കിള്ളിയാറൊരുമ" എന്നൊരു പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനും നദീതടങ്ങളുടെ സമഗ്ര സംരക്ഷണത്തിനുമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയ പ്രവർത്തനം സാധ്യമാക്കുന്നതിനുവേണ്ട നടപടികൾ ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി/ജലസംരക്ഷണം" മുഖേന നടന്നുവരുന്നു.

കരമനയാർ, കിള്ളിയാർ നദികളുടെ മാലിന്യ നിർമ്മാർജ്ജനത്തിനും പുനരുദ്ധാരണത്തിനുമായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ പ്രത്യേകം പദ്ധതി തയ്യാറാക്കി തിരുവനന്തപുരം വികസന അതോറിറ്റിയും അനുബന്ധ സ്ഥാപനങ്ങളും വഴി നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പൈലറ്റ് പ്രോജക്ടിനുള്ള സാമ്പത്തികസഹായം കേരള സംസ്ഥാന ആസൂത്രണ ബോർഡാണ് നൽകിവരുന്നത്. ഈ പദ്ധതിയിൽ ഖരമാലിന്യങ്ങൾ നദികളിൽ നിക്ഷേപിക്കുന്നത് തടയാനും മാലിന്യങ്ങൾ നദിയിലേയ്ക്ക് ഊറ്റിവിടുന്നത് തടയാനും നദിയുടെ സ്വാഭാവികമായ ഒഴുക്ക് നിലനിർത്തുന്നതിനുമായി ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കാനും നദികളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി ക്യാമറകൾ സ്ഥാപിക്കാനും ജലഗുണമേന്മ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാനും ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നടപടിയെടുത്തിട്ടുണ്ട്. കരമന നദിയുടെ ശാസ്ത്രീയ പരിപാലനത്തിന്റെയും ഏകോപനത്തിന്റെയും ചുമതല ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനും നടത്തിപ്പിന്റെ ചുമതല തിരുവനന്തപുരം വികസന അതോറിറ്റിക്കുമാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ജലസ്രോതസ്സുകളും നദികളും സംരക്ഷിക്കാൻ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. കേരളത്തിന്റെ തെക്കേയറ്റത്തുള്ള നെയ്യാറിന് 56 കി.മീ. നീളമുണ്ട്. കല്ലാർ, മുല്ലയാർ, കരവലിയാർ, കരിപ്പയാർ, ചിറ്റാർ എന്നിവ ഇതിന്റെ പോഷകനദികളാണ്. കൂടാതെ, നിരവധി വലിയ തോടുകളുമുണ്ട്. കാട്ടാക്കട, നെയ്യാറ്റിൻകര, തമിഴ്നാടിന്റെ ചില പ്രദേശങ്ങളടക്കം 19240 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യമൊരുക്കുകയും അതോടൊപ്പം കുടിക്കാൻ ശുദ്ധജല വിതരണവും നടത്തുന്നുണ്ട്. നെയ്യാർ ഡാം ശുദ്ധജല സംഭരണിയിൽ മണൽ അടിഞ്ഞ് ഡാമിന്റെ സംഭരണശേഷിയിൽ കുറവ് വരുന്നുണ്ട്. നിലവിൽ 106.08 ദശലക്ഷം ക്യൂബിക് മീറ്റർ സംഭരണശേഷി ഉണ്ടായിരുന്നത് ഇപ്പോൾ കുറഞ്ഞുവരികയാണ്. സമ്പൂർണ്ണ നെയ്യാർ പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, കേരളത്തിലെ പല നദികളും ഇപ്പോൾ പുനരുജ്ജീവിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നതും അതുപോലെ മാലിന്യവിമുക്തമായിക്കൊണ്ടിരിക്കുന്നതും വലിയ ജനപങ്കാളിത്തത്തോടുകൂടിയാണ്. നെയ്യാർ നദിയുമായി ബന്ധപ്പെട്ട് അത്തരത്തിലുള്ള പ്രവർത്തനങ്ങൾ തദ്ദേശീയമായി ഉയർന്നുവരികയാണെങ്കിൽ ഡിപ്പാർട്ട്മെന്റിന്റെ പരിപൂർണ്ണ പിന്തുണയും പങ്കാളിത്തവും ഉറപ്പുവരുത്തി മുന്നോട്ടുപോകാൻ കഴിയും. കഴിഞ്ഞ വരൾച്ചക്കാലത്ത് കരമനയാറ്റിൽ വെള്ളമില്ലാതിരുന്ന സമയത്ത് നെയ്യാർ നദിയിൽ നിന്നാണ് തിരുവനന്തപുരം നഗരത്തിൽ വെള്ളമെത്തിക്കാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ പ്രസക്തമായ വിഷയമാണ്. നെയ്യാർ ഡാം മാത്രമല്ല, പല ഡാമുകളിലും എക്കൽ അടിഞ്ഞ് അതിന്റെ സംഭരണശേഷി കുറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഡീസിൽറ്റേഷനുവേണ്ട നടപടികളിലേയ്ക്ക് ഗവൺമെന്റ് നീങ്ങുകയാണ്. ഇതിനോടകംതന്നെ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യുവർ (എസ്.ഒ.പി.) സംസ്ഥാന മന്ത്രിസഭ അംഗീകരിക്കുകയും പൈലറ്റ് പ്രോജക്ടെന്ന നിലയിൽ ചുള്ളിയാർ, മംഗലം എന്നീ രണ്ട് ഡാമുകളുടെ ഡീസിൽറ്റേഷനു വേണ്ടിയുള്ള പഠനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. അത് പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ നടപ്പിലാക്കിയശേഷം കേരളത്തിലെ എല്ലാ ഡാമുകളിലും ഡീസിൽറ്റേഷൻ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സംഭരണശേഷി വർദ്ധിപ്പിക്കണം; അതോടൊപ്പം നിർമ്മാണാവശ്യങ്ങൾക്കുള്ള മണലും ലഭ്യമാക്കാം. ജലവിഭവ വകുപ്പിനെ സംബന്ധിച്ച് ഡാമുകളുടെ സംഭരണശേഷി ഇരട്ടിയായി വർദ്ധിപ്പിക്കാൻ കഴിയും. അതിന് മുൻഗണന കൊടുക്കുന്നുണ്ട്. അതിന്റെ പ്രായോഗിക വശങ്ങളെല്ലാം മനസ്സിലാക്കാൻ വേണ്ടിയാണ് പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ രണ്ട് ഡാമുകൾ ഏറ്റെടുത്തിരിക്കുന്നത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, വെള്ളായണി ശുദ്ധജല തടാകം 1926-ൽ 750 ഹെക്ടർ വിസ്തീർണ്ണം ഉണ്ടായിരുന്നത് ഇപ്പോൾ 178 ഹെക്ടറായി ചുരുങ്ങിയിരിക്കുന്നു. കാലം കടന്നുപോകുന്നതിന് പിന്നാലെ കായൽ നഷ്ടമാകാതിരിക്കാനും അത് സംരക്ഷിക്കപ്പെടാനും നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, കായലുകൾ ഉൾപ്പെടെയുള്ള പല തടാകങ്ങളുടെയും വിസ്തൃതി ചുരുങ്ങാൻ കാരണം അനധികൃത കയ്യേറ്റങ്ങളാണ്. കയ്യേറ്റങ്ങളെ നിരുത്സാഹപ്പെടുത്തുകയും ഭാവിയിൽ ഒരു കയ്യേറ്റവും ഉണ്ടാകാതെ സംരക്ഷിക്കുന്നതിനോടൊപ്പം നിലവിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കാനുമുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പ്രവൃത്തികളെ അഭിനന്ദിക്കുന്നു. എറണാകുളത്തേയ്ക്ക് ബസ് യാത്ര ചെയ്യുന്നവരിൽ ഉറങ്ങുന്നവർ ആരും വിളിക്കാതെ, അലാറത്തിന്റെ സഹായമില്ലാതെ ഉണരുന്ന ഒരു സ്ഥലമാണ് ചന്തിരൂർ. ചന്തിരൂർ പുത്തൻതോട്ടിൽനിന്നും വമിക്കുന്ന രൂക്ഷമായ ദുർഗന്ധമാണ് യാത്രക്കാരെ ഉണർത്തുന്നത്. ഇറിഗേഷൻ വകുപ്പ് 2007-ൽ 50 ലക്ഷം രൂപ മുടക്കി പുത്തൻതോട് ശുദ്ധീകരിച്ചതാണ്. അതിനുശേഷം കഴിഞ്ഞ 10 വർഷമായി ശുദ്ധീകരിച്ചിട്ടില്ല. ഈ വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതി നെത്തുടർന്ന് എസ്റ്റിമേറ്റ് നൽകി എത്രയുംവേഗം നടപടി സ്വീകരിക്കാൻ വകുപ്പ് അധികൃതർക്ക് നിർദ്ദേശം നൽകിയെങ്കിലും ഇക്കാര്യത്തിൽ യാതൊരു നടപടിയുമെടുത്തിട്ടില്ല. അക്കാര്യം അങ്ങ് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ? അതോടൊപ്പം അവിടെ സ്വകാര്യ ജലാശയങ്ങൾ ചെളിയും മറ്റും നിറഞ്ഞ് കിടക്കുകയാണ്. ഫിഷറീസ് വകുപ്പുമായി ചേർന്ന് സ്വകാര്യ ജലാശയങ്ങൾ ശുദ്ധീകരിച്ച് അവ വീണ്ടെടുക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, സ്വകാര്യമാണെങ്കിലും പൊതുവാണെങ്കിലും ജലാശയങ്ങളെല്ലാം ശുദ്ധീകരിച്ചാൽ മാത്രമേ നമ്മൾ ഉന്നംവയ്ക്കുന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. സ്വകാര്യ ജലാശയങ്ങൾ സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് വൃത്തിയാക്കുന്നതിന് ചില പരിമിതികളുണ്ട്. എന്നാൽ കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽചിറ എന്ന സ്ഥലത്ത് പരീക്ഷണാടിസ്ഥാനത്തിൽ ആദ്യമായി ഒരു ക്ഷേത്രക്കുളം ശുദ്ധീകരിക്കാനുള്ള ഭരണാനുമതി നൽകാൻ നടപടി സ്വീകരിച്ചുവരികയാണ്. ചന്തിരൂർ ഭാഗത്തെ വിഷയം പ്രത്യേകമായി പരിശോധിക്കാം.

പ്രൊഫ. കെ. യു. അരുണൻ: സർ, തടാകങ്ങളിൽനിന്ന് മത്സ്യം പിടിച്ച് ചില സ്ഥലങ്ങളിൽ ഉടൻതന്നെ ചുട്ടുതിന്നുന്ന രീതി നിലവിലുണ്ട്. അതിനായി തടാകങ്ങളുടെ ചുറ്റുമുള്ള മരങ്ങളുടെ വേരുകൾ മുറിച്ചെടുക്കുന്നു. തന്മൂലം മരങ്ങൾക്ക് വേരുകളില്ലാതാകുകയും soil erosion ഉണ്ടാകുകയും അതിന്റെ ഫലമായി തടാകങ്ങൾ ദുർന്നുപോകുന്ന പ്രവണത പുറംനാടുകളിൽ ഉള്ളതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നമ്മുടെ നദീതീരങ്ങളിലും ഈ പ്രവണത പതുക്കെ സ്ഥാനം പിടിക്കുന്നുണ്ട്. അതിനെതിരായ ബോധവൽക്കരണത്തിന് സർക്കാർ എന്തെങ്കിലും പരിപാടി ഉദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ജലസംരക്ഷണത്തിന്റെ പ്രാഥമിക പാഠം എന്ന നിലയിൽ ജലവിഭവ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നിലപാട് നീർത്തടാധിഷ്ഠിതമായിരിക്കണം എന്നതു തന്നെയാണ്. അതുകൊണ്ട് നദികളിലും തടാകങ്ങളിലും ജലം ഉണ്ടാകണ മെന്നുള്ളതു മാത്രമല്ല അതിന്റെ വശങ്ങളിൽ മരങ്ങളുണ്ടാകണമെന്നും അവ സമൃഷ്ടമായി വളരണമെന്നുള്ള കാര്യങ്ങളുമുണ്ട്. അതിന് ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിന് നിരവധി പരിപാടികൾ ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ടും അല്ലാതെയും ഏറ്റെടുത്തിട്ടുണ്ട്.

ശ്രീ. എം. രാജഗോപാലൻ: സർ, 2012-ലെ കേന്ദ്ര ജലനിയമം അനുസരിച്ച് ഘടനാപരമായ മാറ്റങ്ങൾ എല്ലാ സംസ്ഥാനങ്ങളും പാലിക്കണമെന്നാണ് കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്നത്. ഭാവിയിലെ സാമ്പത്തിക സഹായങ്ങൾക്കും കേന്ദ്ര പദ്ധതികൾക്കും ഇവ മാനദണ്ഡമാക്കാൻ പോകുകയാണ്. പാരിസ്ഥിതിക കാരണങ്ങളാൽ കേരളത്തിൽ വൻകിട ജലസേചന പദ്ധതികൾ സാധ്യമല്ലെന്ന കാഴ്ചപ്പാടിൽ ജലസേചന വകുപ്പ് പുനഃസംഘടിപ്പിക്കണമെന്നുള്ള നിർദ്ദേശവുമുണ്ട്. നീർത്തടാധിഷ്ഠിത കാഴ്ചപ്പാടിന് അനുസരിച്ചുള്ള സംവിധാനങ്ങളും ഘടനാപരമായ മാറ്റങ്ങളുമാണ് നിർദ്ദേശിക്കുന്നത്. രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക കരാറുകൾക്കും വായ്പകൾക്കും കയറ്റിറക്ക് ചുങ്കങ്ങൾക്കുമെല്ലാം ജലവിഭവ വികസന കാഴ്ചപ്പാട് അടിസ്ഥാന ഘടകമായി സ്വീകരിക്കാൻ പോകുകയാണ്. കേരളത്തിൽ 2030-ഓടെ സംസ്ഥാനത്തിന്റെ 80 ശതമാനം പ്രദേശങ്ങളും നഗര ആവാസ വ്യവസ്ഥയ്ക്ക് തുല്യമോ നഗരങ്ങളോ ആയി മാറുമെന്നാണ് കണക്കാക്കുന്നത്. അതിനനുസരിച്ച് വ്യാപക നിർമ്മാണ പ്രവർത്തനങ്ങൾ, ജലസ്രോതസ്സുകളുടെ നാശം എന്നിവയും ഇവിടെ സംഭവിക്കുകയാണ്. വർദ്ധിച്ചുവരുന്ന ജലാവശ്യങ്ങളും കുറയുന്ന ജലസ്രോതസ്സുകളും മാറിമറിയുന്ന കാലാവസ്ഥയും ഗുരുതരമായ വെല്ലുവിളികളാണ് ഉയർത്താൻ പോകുന്നത്. ഇക്കാര്യങ്ങളെല്ലാം ഗൗരവപൂർവ്വം കണക്കിലെടുത്ത് ഉയരുന്ന ജലാവശ്യകത, പുതിയ കാഴ്ചപ്പാടുകൾ, മുൻഗണനകൾ, ലോക വീക്ഷണങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ടുള്ള ഒരു ജലസുരക്ഷാ സംസ്ഥാനമായി കേരളം മാറുംവിധം ജലനയ പരിഷ്കാരത്തിന് സർക്കാർ നടപടി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, 2008-ൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഒരു ജലനയം ഇപ്പോൾ നിലവിലുണ്ട്. ആ നയത്തിനാവശ്യമായ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് വകുപ്പുതലത്തിൽ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. ജല സുരക്ഷാ മേജർ പ്രോജക്ടുകൾ എന്ന ആശയം പരിപൂർണ്ണമായി നമുക്ക് ഉപേക്ഷിക്കാനാവില്ല. പ്രത്യേകിച്ച്, ജല ടൈബ്യൂണലുകളുടെ വിധിപ്രകാരമുള്ള ജലം നമുക്ക് ലഭ്യമാകണമെങ്കിൽ ചില പ്രോജക്ടുകളുമായി മുന്നോട്ടുപോകണം. അതിന് പാരിസ്ഥിതികാനുമതി ലഭിക്കേണ്ടതാണ്. അക്കാര്യങ്ങൾക്ക് ആവശ്യമായ നടപടികളുമായി മുന്നോട്ട് പോകാം. ജലസുരക്ഷ, ജലത്തിന്റെ ലഭ്യത, ഭാവിതലമുറയ്ക്ക് ഈ അമൂല്യവിഭവം സൂക്ഷിച്ച് കരുതി നമ്മൾ കൈമാറി കൊടുക്കേണ്ടതാണെന്ന ബോധ്യം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ജലസേചന വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിനുള്ള പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. നീർത്തട അടിസ്ഥാനത്തിൽ അത്തരത്തിലുള്ള ഒരു പുനഃസംഘടന ജലസേചന വകുപ്പിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, കിള്ളിയാർ സംരക്ഷണത്തിന് വേണ്ടി തിരുവനന്തപുരം നഗരസഭ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ ജനപ്രതിനിധികളുടെയും സഹായത്തോടുകൂടി അതുമായി ബന്ധപ്പെട്ട യോഗങ്ങൾ ചേർന്നുവരികയാണ്. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് കിള്ളിയാർ സംരക്ഷണവുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് ഒരു പരിപാടി ഏറ്റെടുക്കുകയും അദ്ദേഹം അവിടെപ്പോയി മരങ്ങളൊക്കെ നടുകയും ചെയ്തു. പക്ഷേ അത് മുന്നോട്ട്പോയില്ല. ഇത് നടക്കാത്തതിന്റെ പ്രധാനപ്പെട്ട കാരണം, വഴയില മുതൽ തിരുവല്ലം വരെയുള്ള 14.5 കിലോമീറ്റർ പ്രദേശത്ത് 16 നഗരസഭാ വാർഡുകളുണ്ട്; ഈ പ്രദേശത്തെ രണ്ട് വശത്തുമുള്ള ഭവനങ്ങളിൽനിന്ന് സ്വീവേജ് മുഴുവൻ ഈ ആറ്റിലേക്ക് തള്ളിവിടുകയാണ്. അതിനൊരു ശാശ്വത പരിഹാരം ഉണ്ടാകണമെങ്കിൽ ഗവൺമെന്റ്തന്നെ നേരിട്ട് ഈ പ്രദേശത്തുള്ള സ്വീവേജ് മുഴുവൻ മുട്ടത്തറയിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മുട്ടത്തറ പ്ലാന്റിന് 107 എം.എൽ.റ്റി. കപ്പാസിറ്റി ഉണ്ടെങ്കിലും 40 എം.എൽ.റ്റി. സ്വീവേജ്പോലും അവിടെ ലഭിക്കുന്നില്ല. അത് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? അതോടൊപ്പം ഫീസിബിൾ അല്ലാത്ത താഴ്ന്ന പ്രദേശങ്ങളിൽ പമ്പ് ഹൗസുകൾ സ്ഥാപിച്ച് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചാൽ മാത്രമേ നമ്മുടെ നദികൾ മലീമസമാകുന്നത് ഒഴിവാക്കാൻ കഴിയുകയുള്ളൂ. സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള സാമ്പത്തിക സഹായം ഉണ്ടായാൽ മാത്രമേ ഈ പദ്ധതി വിജയിക്കുകയുള്ളൂ. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രസക്തമായ ഒരു വിഷയമാണ് ചൂണ്ടിക്കാണിച്ചത്. നമ്മുടെ എല്ലാ നദികളും ശുചിയായി നിലനിൽക്കണമെങ്കിൽ മതിയായ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഉണ്ടാകണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് ചില നടപടികളിലേക്ക് നീങ്ങിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ യോഗം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തിങ്കളാഴ്ച ചേരുകയും ചെയ്യുന്നുണ്ട്. കിള്ളിയാറിനെ സംബന്ധിച്ച് ചില പദ്ധതികൾ വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്. കൈലാസ് നഗർ പ്രദേശത്ത് 36 ലക്ഷം രൂപയുടെ സ്വീവർ ലൈൻ പുനരുദ്ധാരണ പ്രവൃത്തികളും ശാസ്തിനഗർ പ്രദേശത്തെ സ്വീവർ ലൈൻ പുനരുദ്ധാരണ പ്രവൃത്തികളും ശിവനഗറിൽ 60 ലക്ഷം രൂപയുടെ സ്വീവർ ലൈൻ പുനരുദ്ധാരണവും പൂർത്തീകരിച്ചു. കിള്ളിപ്പാലം മുതൽ തിട്ടക്കുടി പാലം വരെ, കിള്ളിപ്പാലം-ആറ്റുകാൽ ബണ്ട് റോഡിൽ സ്വീവർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. താഴ്ന്ന ലെവലിൽനിന്നും പമ്പ് ചെയ്യാൻ കഴിയാത്തി പമ്പ് ഹൗസിൽ പുതിയ 3 പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള 160 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു. തളിയൽ പമ്പ് ഹൗസിൽ പുതിയ കിണറും

ലീഡ് ചേമ്പർ പമ്പ് സെറ്റുകളും സ്ഥാപിക്കുന്നതിന് 2 കോടി രൂപയുടെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരികയാണ്. ആറന്മുർ പമ്പ് ഹൗസിൽ കിണറിന്റെ നവീകരണത്തിനും പുതിയ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയുടെയും തളിയൽ പമ്പ് ഹൗസിന് സമീപത്തെ സ്വീവർ ലൈനുകളും കരമന ശ്രീദേവി നഗറിലെ സ്വീവർ ലൈനുകളും പുനരുദ്ധരിക്കുന്നതിനുള്ള പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ നടന്നുവരുന്നു. മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കപ്പാസിറ്റി പരിപൂർണ്ണമായി നമുക്ക് ഉപയോഗിക്കാൻ കഴിയണം. അങ്ങയുടെ അഭിപ്രായം വളരെ ഗൗരവത്തിൽത്തന്നെ എടുത്തിട്ടുണ്ട്. പക്ഷേ അവിടെ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ട്രീറ്റ് ചെയ്യുകഴിയുന്ന അവശിഷ്ടങ്ങൾ നീക്കം ചെയ്യാൻ കഴിയാതെ അവിടെ വലിയ ക്ലമ്പാരമായി മാറിക്കൊണ്ടിരിക്കുകയാണ്. കൃഷി വകുപ്പുമായി ചേർന്ന് അത് വളത്തിനായി ഉപയോഗിക്കുന്ന പദ്ധതിയെ സംബന്ധിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, നദീജല സംരക്ഷണം വളരെ പ്രധാനപ്പെട്ടതാണ്. 2015-ൽ ഭാരതപ്പുഴയുടെ സ്രോതസ്സിൽ 2 ഡാമുകൾ കെട്ടി ഭാരതപ്പുഴയിലേക്ക് വരുന്ന വെള്ളം (അൺ കൺട്രോൾഡ് ഫ്ലഡ് വാട്ടർ) തിരിച്ചുവിടുകയും ഇപ്പോഴും ഒരു ഡാം കെട്ടിക്കൊണ്ടിരിക്കുക യുമാണ്. അത് വന്നാൽ ഭാരതപ്പുഴയിൽ അൺകൺട്രോൾഡ് ഫ്ലഡ് വാട്ടർ ഇല്ലാത്ത അവസ്ഥ വരും. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ മൂന്ന് ഡാമുകളുടെയും കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു?

ശ്രീ. മാത്യു ടി. തോമസ്: സർ, 2015-ൽ നടന്ന നിർമ്മാണ പ്രവൃത്തികളെ സംബന്ധിച്ച് അന്നത്തെ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തന്നെ ചില എഴുത്തുകുത്തുകൾ നടന്നിട്ടുള്ളതായി ഫയലുകളിൽ കാണുന്നുണ്ട്. പക്ഷേ ആ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അത് തമിഴ്നാടിന് അവകാശപ്പെട്ടതാണെന്ന നിലപാടിലാണ് അവർ നിൽക്കുന്നത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി നിർത്തിവയ്ക്കണമെന്ന് കാണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കത്ത് അയച്ചിട്ടുണ്ട്. ആ കത്തിൽ അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. നിലവിൽ സുപ്രീം കോടതിയിലെ OS.No.2 എന്ന കേസിൽ ഒരു പ്രത്യേക നിവൃത്തിയായി അത് കൂടി കൂട്ടിച്ചേർത്ത് ആ കേസിലെ പ്ലെയിന്റ് അമെന്റ് ചെയ്യാനുള്ള നിർദ്ദേശം ബന്ധപ്പെട്ട അഭിഭാഷകർക്ക് നൽകിയിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഹരിത കേരളം മിഷന്റെ ഭാഗമായി കുളങ്ങളും കിണറുകളുമൊക്കെ നവീകരിക്കുമെന്ന് പറഞ്ഞെങ്കിലും അതിൽ കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. അതിന്റെ കണക്ക് വ്യക്തമാക്കുമോ? കഴിഞ്ഞവർഷം ഈ ചർച്ച സജീവമായി വന്ന ഘട്ടത്തിൽ എം.എൽ.എ.-മാരുടെ ഭാഗത്തുനിന്ന് ഒരു നിർദ്ദേശം ഉയർന്നുവന്നിരുന്നു. ഒരു ഗ്രാമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജലസംഭരണി എന്നുപറയുന്നത് അവിടത്തെ ക്ഷേത്രക്കുളമോ പള്ളിക്കുളമോ ആയിരിക്കാം. പക്ഷേ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അവ നവീകരിക്കാനോ

സംരക്ഷിക്കാനോ കഴിയാത്ത സ്ഥിതി നിലവിലുണ്ട്. അതുകൊണ്ട് ഒരു പൊതുകാര്യമെന്ന പരിഗണന കൊടുത്ത് ക്ഷേത്രക്കുളങ്ങളും പള്ളിക്കുളങ്ങളും നവീകരിക്കുന്നതിന് എം.എൽ.എ.ഫണ്ട് ഉപയോഗിക്കാനുള്ള അനുമതി വേണമെന്ന തരത്തിലുള്ള ചർച്ച നടക്കുകയും അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ചർച്ചയിൽ ഇടപെട്ട് പരിഗണിക്കാമെന്ന് പോസിറ്റീവായി പറയുകയും ചെയ്തിരുന്നു. എന്നാൽ ഇത്തരം ആവശ്യങ്ങളുമായി ധാരാളം ആളുകൾ ഞങ്ങളെ സമീപിക്കുമ്പോൾ ഇപ്പോഴും അതിന് അനുകൂലമായ ഒരു ഉത്തരവ് ഉണ്ടായിട്ടില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയാണെങ്കിൽ അടിയന്തരമായി അത് നൽകണം. കാരണം ജീർണ്ണിച്ച് കിടക്കുന്ന ഒരു കുളം നന്നാക്കിയെടുക്കണമെങ്കിൽ 25 ലക്ഷം രൂപയോളം വേണ്ടിവരും. അത് എം.എൽ.എ. ഫണ്ട് മാത്രംകൊണ്ട് കഴിയില്ല, ആസ്തി വികസന ഫണ്ട് തന്നെ വേണം. അതിനാൽ അത് ഉപയോഗിക്കാനുള്ള അനുമതി നൽകുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം ആദ്യം ചോദിച്ചത് കുളങ്ങൾ നവീകരിച്ചതിന്റെയും തോടുകളും നദികളും വൃത്തിയാക്കിയതിന്റെയും കൃത്യമായ കണക്കാണ്. അത് ഇപ്പോൾ കൈവശമില്ല. പക്ഷേ പല ചോദ്യങ്ങൾക്കും ഉത്തരമായി ഈ സഭയിൽതന്നെ അത് അവതരിപ്പിച്ചിട്ടുണ്ട്. ഇന്നത്തെ ചോദ്യത്തിന് മറുപടിയായി ഉണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ചോദ്യത്തിന്റെ നമ്പർ ഞാൻ കൃത്യമായി പറഞ്ഞു തരാം. ആസ്തി വികസന ഫണ്ട് ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് ജലവിഭവ വകുപ്പിന് മാത്രമായി ഒരു തീരുമാനം പറയാൻ കഴിയില്ല, ധനകാര്യ വകുപ്പും ബന്ധപ്പെട്ടവരുമാണ് പറയേണ്ടത്. പക്ഷേ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ നല്കിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പൊന്നാനി മുതൽ ചേറ്റുവ വരെയുള്ള കനോലി കനാലിന്റെ ശുചീകരണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ചുചേർത്ത യോഗത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും പങ്കെടുത്തിരുന്നു. പക്ഷേ അതിന്റെ തുടർനടപടികൾ വേണ്ടത്ര മുന്നോട്ട്പോയിട്ടില്ല. പൊന്നാനി, ചാവക്കാട് നഗരസഭകൾ പ്രസ്തുത കനാലിന്റെ നവീകരണത്തിനുവേണ്ട ശ്രമങ്ങൾ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ മുൻകയ്യെടുത്ത് വെളിയങ്കോട് ലോക്ക് നിർമ്മാണത്തിനുള്ള പദ്ധതിയുമായി മുന്നോട്ടുപോകുന്നുണ്ട്. എന്നാൽ നവീകരണത്തിനാവശ്യമായ പദ്ധതികൾ ത്വരിത പ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, നദികളുടെ പുനരുജ്ജീവന പ്രവർത്തനങ്ങളിലും മാലിന്യം നീക്കം ചെയ്യലിലും ജനപങ്കാളിത്തത്തോടെ മുന്നേറ്റമുണ്ടാകുമ്പോൾ ആവശ്യമായ സാങ്കേതിക സഹായങ്ങൾ വകുപ്പ് നൽകുന്നതാണ്. അത്തരത്തിലുള്ള ഒരു ജനമുന്നേറ്റത്തിന് നാന്ദികുറിക്കുന്ന ഒരു യോഗമാണ് ബഹുമാനപ്പെട്ട സ്പീക്കറുടെ നേതൃത്വത്തിൽ നടന്നത്. ആ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടില്ല. ആവശ്യമായ എല്ലാ സാങ്കേതിക സഹായവും നൽകുന്നതിന് ഗവൺമെന്റിന് യാതൊരു വൈമുഖ്യവും ഉണ്ടാകുകയില്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, എറണാകുളം നഗരം, കോട്ടയം, ആലപ്പുഴ ജില്ലകളിലേയ്ക്ക് ഏറ്റവും കൂടുതൽ കുടിവെള്ളം കൊണ്ടുപോകുന്നത് മൂവാറ്റുപുഴയാറിൽ നിന്നാണ്. ഇത് അങ്ങയുടെ ശ്രദ്ധയിലുള്ള കാര്യവുമാണ്. എന്നാൽ ഇന്ന് പ്ലാസ്റ്റിക് മാലിന്യങ്ങളും അറവ് മാലിന്യങ്ങളും നിറഞ്ഞ് മൂവാറ്റുപുഴയാറിനെ മലിനമാക്കുന്ന സാഹചര്യം നിലനിൽക്കുകയാണ്. അതിന്റെ ക്ലീനിംഗ് പ്രോസസ്സ് എൻ.ജി.ഒ.-കൾ ഉൾപ്പെടെ ഏറ്റെടുത്ത് നടത്തുന്നുണ്ടെങ്കിലും സാമ്പത്തിക പരിമിതി അവിടെ പ്രധാനപ്പെട്ട പ്രശ്നമായി വരുന്നുണ്ട്. പിറവം പുഴ സംരക്ഷിക്കാൻ, തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സാമ്പത്തിക സഹായം കൊടുക്കണം. പുഴകൾ മലിനമാക്കുന്നവർക്കെതിരെയുള്ള നടപടികൾ പേരിനുമാത്രമായി ഒതുങ്ങുന്നു എന്നുള്ളതാണ് മറ്റൊരു പ്രധാന വിഷയമായി ഉയർന്നുവന്നത്. അതുകൊണ്ട് ഇത്തരക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ; അതിന് ഏത് തരത്തിൽ മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. മാത്യു ടി. തോമസ്: സർ, സംസ്ഥാനത്ത് ഇപ്പോൾത്തന്നെ ആവശ്യത്തിനുള്ള നിയമ വ്യവസ്ഥകളുണ്ട്. പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 219 (s), മുനിസിപ്പാലിറ്റി ആക്ടിന്റെ 340 (a), Water (Prevention and Control of Pollution) Act-ന്റെ ബന്ധപ്പെട്ട സെക്ഷനുകളിൽ ശിക്ഷ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിന് കൂടുതൽ കർക്കശമായ ശിക്ഷാവ്യവസ്ഥകൾ ഉണ്ടാകണമെന്ന് ഗവൺമെന്റ് കണ്ടെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ The Kerala Irrigation and Water Conservation Act, 2003-ൽ ചില ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. അതായത് ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യം വലിച്ചെറിഞ്ഞാൽ 3 വർഷംവരെ തടവോ 2 ലക്ഷം രൂപ പിഴയോ നിഷ്കർഷിക്കുന്ന പുതിയ വ്യവസ്ഥയാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിന് തത്തുല്യമായ ബിൽ നാളെ സഭയിൽ ചർച്ചയ്ക്ക് വരുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീന്റെ ചോദ്യത്തിനുള്ള ഉത്തരം നൽകുകയാണ്. ഹരിത കേരളം പദ്ധതിയിൽ ഇതിനോടകം 5104 കുളങ്ങൾ പുതിയതായി നിർമ്മിക്കുകയും 11023 കുളങ്ങൾ പുനരുജ്ജീവിപ്പിക്കുകയും 10077 കിണറുകൾ പുതിയതായി നിർമ്മിക്കുകയും 4495 കിണറുകൾ പുനരുജ്ജീവിപ്പിക്കുകയും 30783 കിണറുകൾ റീ ചാർജ് ചെയ്യുകയും 9195 കിലോമീറ്റർ തോടുകളും നദികളും പുനരുജ്ജീവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. രാജു എബ്രഹാം: സർ, വിവിധ ലോകസംസ്കാരങ്ങൾ പിച്ചവച്ചതും പടുത്തുയർത്തപ്പെട്ടതും നദീതടങ്ങളിലൂടെയായിരുന്നു. ഇന്ന് ലോകത്തിലെ ഏറ്റവും വലിയ നദികളായ മിസിസിപ്പി, ചൈനയിലെ യെല്ലോ റിവർ, ഇന്ത്യയിലെ ഗംഗ, പമ്പ, എന്റെ നിയോജകമണ്ഡലത്തിലെ വലിയതോട് അങ്ങനെ ഏതാണെങ്കിലും ഒരുഭാഗത്ത്

പ്ലാസ്റ്റിക് മാലിന്യങ്ങളും മറുഭാഗത്ത് വ്യവസായ മാലിന്യങ്ങളും നിറഞ്ഞിരിക്കുകയാണ്. സംസ്ഥാനത്ത് ഉദ്ദേശം 500 ടൺ മാലിന്യം വീടുകളിൽനിന്നും കടകളിൽ നിന്നും പ്രതിദിനം വലിച്ചെറിയുകയാണ്. അതിനെതിരെ ഇവിടെ നിയമമുണ്ട്. ഇന്ന് ആ നിയമത്തോടൊപ്പം വിവിധ തലങ്ങളിലുള്ള ബോധവത്കരണമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ ബോധവത്കരണം നടത്താനുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിരി ക്കുന്നത്?

ശ്രീ. മാത്യു ടി. തോമസ്: സർ, ഇറിഗേഷൻ വകുപ്പിന്റെയും ജലനിധിയുടെയും നേതൃത്വത്തിൽ നിരവധി ബോധവത്കരണ സംവിധാനങ്ങളുണ്ട്. സ്കൂളുകളിൽ ഇതിനായി ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പംതന്നെ ചർച്ചാ ക്ലാസ്സുകൾ നടത്തുകയും പലയിടത്തും പുഴ നടത്തങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ ഇന്നത്തെ മറുപടിയിൽ വന്നിട്ടുമുണ്ട്. പൊതുസമൂഹത്തിൽ ജലാശയങ്ങൾ സംരക്ഷിക്കപ്പെടേണ്ടവയാണെന്ന ബോധ്യം വളർത്തിയെടുക്കേണ്ടതുണ്ട്. ഇവിടെ ഉയർന്നുവന്ന പുതിയ വാക്കായ ജലസാക്ഷരത നമുക്കാവശ്യമാണ്. കൂടുതൽ ശിക്ഷ നിഷ്കർഷിച്ചുകൊണ്ട് നാളെ സഭയിൽ ബിൽ കൊണ്ടുവന്ന് പാസ്സാക്കുകയാണ്. അതുകൊണ്ട് കുറച്ചധികം ആളുകളെ ശിക്ഷിക്കുക എന്നുള്ളതല്ല, ജലാശയങ്ങൾ മലിനപ്പെടുത്തുന്നത് ഒരു കുറ്റമായി പൊതുസമൂഹം സ്വീകരിക്കാൻ തക്കവിധത്തിൽ ക്രമീകരിച്ചിരിക്കുന്ന പ്രചരണങ്ങളോടൊപ്പം നാമെല്ലാവരും ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി പുതിയ ജലസാക്ഷരതയിലേയ്ക്ക് സംസ്ഥാനത്തെ എത്തിക്കുന്നതിനുള്ള കൂട്ടായ പ്രവർത്തനമാണ് ആവശ്യം.

ശ്രീ. കെ. മുരളീധരൻ: സർ, മാലിന്യങ്ങൾ വലിച്ചെറിയുന്നതുപോലെ കരമനയാർ, കിള്ളിയാർ എന്നിവയുടെ ഒഴുക്ക് തടസ്സപ്പെടുത്തുന്നതിന്റെ മുഖ്യകാരണം അനധികൃതമായ കയ്യേറ്റങ്ങളാണ്. ഇതിനെതിരെ പലപ്പോഴും കർശനമായ നടപടികൾ സ്വീകരിക്കുന്നില്ല. ഇത് സംബന്ധിച്ച് ഞാൻ രണ്ടുമൂന്ന് തവണ ഡിപ്പാർട്ട്മെന്റിലേയ്ക്ക് കത്ത് അയച്ചപ്പോൾ കയ്യേറ്റം ഒഴിപ്പിച്ച് തരാനാണ് മറുപടി നൽകിയത്. കർശനമായ നടപടി സ്വീകരിച്ച് അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിച്ച് നദികളുടെ ഒഴുക്ക് സുഗമമാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, പുതിയ കയ്യേറ്റങ്ങൾ ഒരുതരത്തിലും അനുവദിക്കരുതെന്നുള്ളതാണ് ഇക്കാര്യത്തിൽ ആദ്യം സ്വീകരിക്കാൻ കഴിയുന്നത്. നിലവിലുള്ള കയ്യേറ്റങ്ങൾ നിലനിൽക്കട്ടെയെന്നല്ല അതിനർത്ഥം. പുതിയ കയ്യേറ്റങ്ങളെ കർശനമായി തടയുകയും ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന കയ്യേറ്റങ്ങൾ ഘട്ടംഘട്ടമായി ഒഴിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് നമുക്കുണ്ടാകേണ്ടത്. ഇപ്പോൾ സംസ്ഥാനത്ത് ജലപാത നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ആലോചന വരുമ്പോൾ ഏറ്റവും വലിയ പ്രശ്നം കയ്യേറ്റങ്ങളാണ്. ആ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചാൽ മാത്രമേ പദ്ധതി മുന്നോട്ട്കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ആ ഘട്ടത്തിൽ നദികൾ ശുചിയാക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

**ലഹരി വർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങൾ**

3 (*63) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) മദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനം തടയുന്നതിനായി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ രൂപീകരിച്ച സ്ക്വാഡിന്റെയും എക്സൈസ് ഷാഡോ സംവിധാനത്തിന്റെയും പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനം ലഹരി മരുന്ന് വ്യാപാരത്തിന്റെ ഹബ്ബായി മാറിയിരിക്കുന്നുവെന്ന വാർത്ത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിന് ലക്ഷ്യമിട്ടുമുള്ള വിമുക്തി പദ്ധതി വിജയപ്രദമാണോ; ഇതിലൂടെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗത്തിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): സർ,

(എ) മദ്യവർജ്ജന പ്രവർത്തനങ്ങളിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ, കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കെതിരെ കായികലഹരി എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവരെ ചികിത്സയിലൂടെയും കൗൺസിലിംഗിലൂടെയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിന് 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടിടങ്ങളിലായി രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ ടോൾ ഫ്രീ നമ്പറിലുള്ള ടെലിഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാകുന്ന തരത്തിൽ 2 കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ നിംഹാൻസ് മാതൃകയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) വിലയിരുത്തിയിട്ടുണ്ട്. മദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനം തടയുന്നതിനായി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ രൂപീകരിച്ച സ്ക്വാഡിന്റെയും എക്സൈസ് ഷാഡോ സംവിധാനത്തിന്റെയും പ്രവർത്തനം തൃപ്തികരമാണ്. ഷാഡോ എക്സൈസ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ ആത്മാർത്ഥമായ പരിശ്രമത്തിന്റെ ഫലമായി മദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനം സംബന്ധിച്ച പരാതികൾ നിലനിൽക്കുന്ന സ്ഥലങ്ങളിലും മറ്റ് സ്ഥലങ്ങളിലും രഹസ്യ നിരീക്ഷണം നടത്തി കുറ്റക്കാരെ കണ്ടെത്തി ഇത്തരം കുറ്റകൃത്യങ്ങൾ അമർച്ചചെയ്യുന്നതിന് കഴിയുന്നുണ്ട്.

(സി) സംസ്ഥാനം ലഹരി മരുന്ന് വ്യാപാരത്തിന്റെ ഹബ്ബായി മാറിയിട്ടില്ല. ലഹരി മരുന്ന് വ്യാപനം തടയുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരം, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണം നടത്തി, മയക്കുമരുന്നുകളുടെ ഉപഭോഗം, വില്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഫലമായി നിരവധി മേജർ എൻ.ഡി.പി.എസ്. കേസ്സുകളും അബ്കാരി കേസ്സുകളും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) വിജയപ്രദമാണ്. വിമുക്തി മിഷൻ നടത്തിവരുന്ന ലഹരിവർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങൾ സമൂഹത്തിൽ ശ്രദ്ധേയമായ മാറ്റത്തിന് സഹായിച്ചിട്ടുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗത്തിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, മദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനം തടയുന്നതിന് ശക്തമായ നടപടികളെടുക്കുന്നതിനെക്കുറിച്ചും ലഹരിവർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങളെക്കുറിച്ചുമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. അതേസമയം മദ്യവും മയക്കുമരുന്നും യഥേഷ്ടം ലഭ്യമാക്കാനുള്ള നടപടിയും ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് ഇരയോടൊപ്പമാണോ വേട്ടക്കാരനോടൊപ്പമാണോയെന്ന് ചോദിച്ചാൽ അതിന് ഉത്തരം പറയാൻ കഴിയാത്ത സാഹചര്യമാണ് ഇന്നുള്ളത്. പൊതുസ്ഥലങ്ങളിൽ മദ്യപാനം നടത്തുന്ന കാര്യങ്ങളിൽ എക്സൈസ് ഉദ്യോഗസ്ഥർ ശക്തമായ ഇടപെടലുകൾ കഴിഞ്ഞ കാലത്ത് നടത്തിയിരുന്നു. പക്ഷേ ഇപ്പോൾ അവിടെ ഇടപെടൽ നടത്തേണ്ട എന്ന നിർദ്ദേശം എക്സൈസ് വകുപ്പുതന്നെ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് നൽകിയതായി അറിയുന്നു. ചെറിയ തോതിൽ വിദേശമദ്യ വിൽപ്പനയും വ്യാജ വാറ്റും നടത്താൻ സഹായിക്കുന്ന ഒരു നിലപാടാണിത്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ ശക്തമായി നിയന്ത്രിക്കുന്നതിന് എക്സൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, എക്സൈസ് വകുപ്പ് നടത്തുന്ന എൻഫോഴ്സ്മെന്റ് വർക്ക് എങ്ങനെയുണ്ടെന്നുള്ളതുകൂടി പരിഗണിച്ചുവേണം ആ വകുപ്പിന്റെ

പ്രവർത്തനത്തെ വിലയിരുത്തേണ്ടത്. പൊതുസ്ഥലങ്ങളിൽ മദ്യപാനം നടത്തുന്നതിനെ ഒരുതരത്തിലും പ്രോത്സാഹിപ്പിക്കുന്ന നടപടി ഗവൺമെന്റ് സ്വീകരിക്കുന്നില്ല. എന്തോ തെറ്റിദ്ധാരണയാണ് അതിന് ഉപോൽബലമായി പറയാൻ ഇടവന്നതെന്നാണ് തോന്നുന്നത്. അത്തരം പരാതി ലഭിച്ചാൽ പരിശോധന നടത്തി ആവശ്യമായ നിലപാട് സ്വീകരിക്കുന്നതാണ്. എൻഫോഴ്സ്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുമ്പോൾ 2016 ജൂൺ1 മുതൽ 2018 മേയ് 31 വരെയുള്ള ഈ ഗവൺമെന്റിന്റെ കാലയളവിൽ 41690 അബ്കാരി കേസുകളും 10929 എൻ.ഡി.പി.എസ്.കേസുകളും 141757 പുകയില കേസുകളും (COTPA) രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പരിപാടി വളരെ ശക്തമായി നടത്താനാണ് ഉദ്ദേശിക്കുന്നത്. ലഹരിവർജ്ജനത്തെ ലക്ഷ്യംവച്ചുകൊണ്ട് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ട് പോകുന്നുണ്ട്. എല്ലാവരുടെയും സഹകരണമാണ് ഇക്കാര്യത്തിൽ ആവശ്യമായി വന്നിരിക്കുന്നത്. കേരളത്തിൽ സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇതിനകം കോളേജ് തലത്തിൽ 511-ഉം സ്കൂൾ തലത്തിൽ 2761-ഉം ഉൾപ്പെടെ 3272 ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. ഇതിന്റെ നേതൃത്വത്തിൽ 13000 ബോധവൽക്കരണ ക്ലാസുകൾ സംസ്ഥാനത്ത് സംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ 630 ക്ലാസുകളിൽ എക്സൈസ് കമ്മീഷണർതന്നെ നേരിട്ട് ഇടപെട്ടിട്ടുണ്ട്. ലഹരി വർജ്ജനത്തിന് എക്സൈസ് വകുപ്പ് എത്രത്തോളം മുൻകയ്യെടുത്ത് പ്രവർത്തിക്കുന്നുവെന്നുള്ളത് ഈ അനുഭവത്തിലൂടെ വ്യക്തമാകുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം എത്ര ബാറുകൾക്ക് പുതിയതായി അനുമതി കൊടുത്തുവെന്നുള്ളത് ഒറ്റ വാക്കിൽ അങ്ങേയ്ക്ക് പറയാൻ കഴിയുമോ?

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, 86 പുതിയ ബാറുകൾക്ക് അനുമതി കൊടുത്തിട്ടുണ്ട്.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**സ്ഥിരം തൊഴിൽ ഇല്ലാതാകുന്ന നിയമ ഭേദഗതി**

4 (*64) ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ തൊഴിൽ നിയമങ്ങളിൽ വരുത്തിയ ഭേദഗതി തൊഴിലാളി താല്പര്യങ്ങൾക്ക് എതിരാണെന്ന ആക്ഷേപം വസ്തുതാപരമാണോ;

(ബി) സ്ഥിരം തൊഴിൽ ഇല്ലാതാക്കുന്നതിനുള്ള കേന്ദ്ര നീക്കം സംസ്ഥാനത്തെ തൊഴിൽ മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫെയർ നിയമം തൊഴിലാളി താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്നതിനാൽ അതിനെതിരെ സംസ്ഥാനത്തിന്റെ ആശങ്കകൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നടപടികൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നതിനും സംസ്ഥാനത്തെ തൊഴിലാളികളുടെ സംരക്ഷണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ):

(എ) കേന്ദ്ര സർക്കാർ തൊഴിൽ നിയമങ്ങളിൽ വരുത്തിയ ഭേദഗതികൾ തൊഴിലാളി താൽപ്പര്യങ്ങൾക്ക് എതിരാണെന്ന വസ്തുത സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ 8-1-2018-ൽ കൊണ്ടുവന്ന നോട്ടിഫിക്കേഷനിലൂടെ ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാൻഡിംഗ് ഓർഡർ നിയമം ബാധകമായിട്ടുള്ള എല്ലാ മേഖലകളിലും നിശ്ചിതകാല തൊഴിൽ സമ്പ്രദായം അനുവദിക്കാൻ തീരുമാനിച്ചു. ഇത് നിശ്ചിതകാല കരാർ തൊഴിലുകളിൽ തൊഴിലാളികളെ നിയമിക്കുന്ന പ്രവണത വർദ്ധിപ്പിക്കുന്നതിന് ഇടയാകും. ഇതിന്റെ ഫലമായി തൊഴിലാളികൾക്ക് കണ്ടിന്യുവസ് സർവ്വീസ് നഷ്ടപ്പെടുകയും ഒരു സ്ഥിരം തൊഴിലാളിക്ക് ലഭിക്കുന്ന സേവന വേതന വ്യവസ്ഥകളെ ആയത് പ്രതികൂലമായി ബാധിക്കുമെന്നും കണക്കാക്കുന്നു.

(സി) അറിയിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ മറുപടി ലഭ്യമാക്കിയിട്ടില്ല.
(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

**കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സുരക്ഷ**

5(*65) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കിടയിൽ അടിക്കടി അപകടങ്ങൾ ഉണ്ടാകുന്നതും തൊഴിലാളികൾ മരണപ്പെടുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ വൻകിട കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതും അത് പരിശോധിക്കേണ്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ അനാസ്ഥയുമാണ് ഇത്തരം അപകടങ്ങൾ ആവർത്തിക്കുന്നതിനുള്ള കാരണം എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) വൻകിട കെട്ടിട നിർമ്മാണങ്ങൾ നടക്കുന്ന സൈറ്റുകളിൽ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ നിരന്തര പരിശോധന നടത്തുന്നതിനും സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി) ഇല്ല. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പരിശോധനകൾക്കായി ഓരോ ജില്ലകളിലും ജില്ലാ ലേബർ ഓഫീസർ (ഇ) മാരെയും അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 1-നെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ജില്ലാ ലേബർ ഓഫീസർ, അസിസ്റ്റന്റ് ലേബർ ഓഫീസർ അവരുടെ കർത്തവ്യങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ട്. 2017-2018 കാലയളവിൽ 668 പരിശോധനകൾ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരം നടത്തിയിട്ടുണ്ട്.

(സി) സ്വീകരിച്ചുവരുന്നുണ്ട്.

**സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് ന്യായ വേതനം**

6(*66) ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് ന്യായ വേതനം ഉറപ്പാക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) നഴ്സുമാർ ഉൾപ്പെടെയുള്ള ആശുപത്രി ജീവനക്കാർക്ക് നിലവിലുണ്ടായിരുന്ന വേതനവും സർക്കാർ പുതുക്കി നിശ്ചയിച്ച വേതനവും എത്രയെന്ന് അറിയിക്കാമോ;

(സി) സർക്കാരിന്റെ വിജ്ഞാപനത്തെ ചോദ്യം ചെയ്തുകൊണ്ട് ആശുപത്രി ഉടമകൾ നൽകിയ കേസ് തള്ളിയിട്ടും വിജ്ഞാപന പ്രകാരം നിശ്ചയിച്ച വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടിയെടുക്കുമോ;

(ഡി) ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തണമെന്നും എട്ട് മണിക്കൂറിൽ കൂടുതൽ ചെയ്യുന്ന ജോലിക്ക് ഓവർടൈം അലവൻസ് നൽകണമെന്നും ജീവനക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നുമുള്ള നിർദ്ദേശങ്ങൾ ആശുപത്രി മാനേജ്മെന്റുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പരിശോധന നടത്താറുണ്ടോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ):

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് ന്യായ വേതനം നിശ്ചയിച്ചിട്ടില്ല. മറിച്ച് മിനിമം വേതനം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ച കൊണ്ട് പുറപ്പെടുവിച്ച 23-4-2018-ലെ സ.ഉ.(അച്ചടി) നമ്പർ 33/2018/ തൊഴിൽ (എസ്.ആർ.ഒ. 245/18) നമ്പർ ഉത്തരവും ആയതിന് മുമ്പ് വേതനം നിശ്ചയിച്ച കൊണ്ടുള്ള 5-11-2013-ലെ സ.ഉ. (എം.എസ്.)നമ്പർ 135/2013/ തൊഴിൽ (എസ്.ആർ.ഒ 884/13) നമ്പരായി പുറപ്പെടുവിച്ച ഉത്തരവും അനുബന്ധമായി ചേർക്കുന്നു.*

(സി) മിനിമം വേതന വിജ്ഞാപന പ്രകാരം നിശ്ചയിച്ചിട്ടുള്ള വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃതം കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ജീവനക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ആശുപത്രി മാനേജ്മെന്റുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്ഥാപന പരിശോധനകൾ, സക്വാഡ് പരിശോധനകൾ, സ്പെഷ്യൽ പരിശോധനകൾ എന്നിവ നടത്തിവരുന്നു.

**ശുദ്ധജല വിതരണ പദ്ധതികൾ**

7(*67) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ജല ശുദ്ധീകരണത്തിനും വിതരണത്തിനുമുള്ള ജല അതോറിറ്റിയുടെ പദ്ധതികളിൽ ചിലത് മുടങ്ങിക്കിടക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) കിഫ്ബി, അമൃത് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ച പദ്ധതികളുടെ പൂർത്തീകരണത്തിന് അടിയന്തര നടപടി സ്വീകരിക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ഉണ്ട്. കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ, നബാർഡ് എന്നിവയുടെ സഹായത്തോടുകൂടി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കിഫ്ബി

2016-17-ലെ പുതുക്കിയ ബജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി 23 പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ പഴയതും പുതിയതുമായ പദ്ധതികൾ കൂട്ടിയിണക്കി കൂടുതൽ ഫലപ്രദ മാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന വിപുലീകരണ പദ്ധതികളും ഉൾപ്പെടുന്നു. മേൽപദ്ധതികളുടെ പട്ടിക അനുബന്ധം 1-ൽ ചേർക്കുന്നു.* കൂടാതെ കിഫ്ബി 2017-18 ഉൾപ്പെടുത്തിയ 37 പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം II-ൽ ചേർക്കുന്നു.*

അമൃത്

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃതിന്റെ ജലവിതരണത്തിന്റേയും സ്വിവറേജ് സംവിധാനങ്ങളുടേയും നടത്തിപ്പിന്റെ ചുമതല കേരള ജല അതോറിറ്റിക്കാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതി സംസ്ഥാനത്ത് 9 നഗരങ്ങളിലാണ് നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവയാണ് ഈ നഗരങ്ങൾ. അമൃത് പദ്ധതിയിൽ ഈ പറയുന്ന 9 നഗരങ്ങളിലായി 1249.66 കോടി രൂപയുടെ നൂറ്റിപതിനാല് (114) പദ്ധതികളാണ് മൂന്ന് ആക്ഷൻ പ്ലാനുകളിലായി കേരള ജല അതോറിറ്റിക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്. മേൽപദ്ധതികളുടെ പട്ടിക അനുബന്ധം III- ൽ ചേർക്കുന്നു *.

സ്റ്റേറ്റ് പ്ലാൻ (ഗ്രീൻ ബുക്ക്)

ഗ്രീൻ ബുക്ക് 2017-18-ൽ ഉൾപ്പെടുത്തി 2 നഗര ശുദ്ധജല വിതരണ പദ്ധതികൾക്കായി 5000 ലക്ഷം രൂപയും 2 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്കായി 4734 ലക്ഷം രൂപയും 2 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ വിതരണ ശൃംഖല പൂർത്തീകരണത്തിനായി 4266 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം IV-ൽ ചേർക്കുന്നു.

സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം V-ൽ ചേർക്കുന്നു.*

നബാർഡ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നബാർഡ് ധനസഹായത്തോടെ 40 ഗ്രാമീണ ശുദ്ധജല പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 2017-18-ൽ നബാർഡിൽനിന്നും 85.55 കോടി രൂപയുടെ മൂന്ന് പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഈ മൂന്ന് പദ്ധതികൾ വഴി 9 പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കാൻ സാധിക്കുന്നതാണ്. മേൽപദ്ധതികളുടെ പട്ടിക അനുബന്ധം VI-ൽ ചേർക്കുന്നു.*

എ.ഡി.ബി.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24 x 7 ജല വിതരണ സംവിധാനം നടപ്പിലാക്കുന്നതിന് എ.ഡി.ബി.-യുടെ ധനസഹായത്തോടെ ഒരു പദ്ധതി ആവിഷ്കരിച്ചുവരുന്നു. ഈ പദ്ധതിയിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

1. ഉൽപ്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.
2. കാലപ്പഴക്കംവന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുക.
3. വിതരണ ശൃംഖലയെ വിവിധ മേഖലകളിലായി തിരിച്ച് ഡി.എം.എ. (District Metering Area)-കൾ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിലാക്കുകയും ചെയ്യുക.
4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ളോ മീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.
5. SCADA (Supervisory control and data acquisition) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.
6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.
7. എല്ലാ ഗ്രണഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള മീറ്ററുകൾ സ്ഥാപിക്കുക.
8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി GIS മാപ്പ് തയ്യാറാക്കുക.
9. ഐ.റ്റി. അധിഷ്ഠിത എം.ഐ.എസ്.-ലൂടെ കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക.

നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതോടുകൂടി സംസ്ഥാനത്തെ 941 പഞ്ചായത്തുകളിൽ 712 പഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിൽ 78 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും ശുദ്ധീകരിച്ച കുടിവെള്ള വിതരണം സാധ്യമാകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലനിധിയുടെ മൂന്നാംഘട്ടത്തിനായി 1007 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ ശിപാർശയോടെ ലോകബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. ഇപ്പോൾ നടപ്പിലാക്കി വരുന്ന രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി 2184 പദ്ധതികളിൽ 1845 എണ്ണം 1-6-2018 വരെ പൂർത്തീകരിച്ച് കുടിവെള്ളം നൽകിവരുന്നു. ഇത് 2018 ഡിസംബർ മാസത്തിൽ പൂർത്തിയാകുന്നതാണ്.

സംസ്ഥാനത്ത് എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി പുതിയ പദ്ധതികൾ ഭൂജലവകുപ്പ് ആവിഷ്കരിച്ചിട്ടില്ല. എന്നാൽ 2018-19 സാമ്പത്തിക വർഷം ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻകീഴിൽ ബജറ്റ് വിഹിതമായി 3 കോടി രൂപ കുഴൽകിണർ അടിസ്ഥാനത്തിൽ ചെറുകിട കുടിവെള്ള പദ്ധതികൾ, കുഴൽ കിണർ നിർമ്മാണം, കുഴൽകിണർ കൈപമ്പ് അറ്റകുറ്റപ്പണികൾ, ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകാത്തതിനാലും കരാറുകാരുടെ അലംഭാവം കൊണ്ടും സ്രോതസ്സുകളുടെ അപര്യാപ്തതമൂലവും ഫണ്ടിന്റെ അപര്യാപ്തതമൂലവും ചില പദ്ധതികൾ മുടങ്ങിക്കിടക്കുന്നുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കിഫ്ബി, അമൃത് പദ്ധതികളുടെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ചുമതലയുള്ള ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിനു പുറമേ, സൂപ്രണ്ടിംഗ് എഞ്ചിനീയർ/ചീഫ് എഞ്ചിനീയർ /ഹെഡ് ഓഫീസ്/സർക്കാർ തുടങ്ങി വിവിധതലങ്ങളിൽ പുരോഗതി സംബന്ധിച്ച് അവലോകനം നടത്താറുണ്ട്. പദ്ധതി പുരോഗതിയെ ബാധിക്കുന്ന പ്രധാന ഘടകം റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനുള്ള കാലതാമസമാണ്. ഇത്തരം അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളുമായുള്ള ഏകോപിപ്പിച്ച പ്രവർത്തനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**തൊഴിലാളികളുടെ അവകാശ സംരക്ഷണം**

8(*68) ശ്രീ. വി. ജോയി :

ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. കെ. ദാസൻ :

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളെ ഇഷ്ടംപോലെ പിരിച്ചുവിടാനും സംഘടിതമായി വില പേശാനുള്ള അവരുടെ അവകാശം ഇല്ലാതാക്കാനും നിയമപരമായ അധികാരം നൽകിക്കൊണ്ട് കേന്ദ്ര സർക്കാർ കോർപ്പറേറ്റുവൽക്കരണവും കുത്തകവൽക്കരണവും

ശക്തിപ്പെടുത്തുന്ന അവസരത്തിൽ സംസ്ഥാനത്ത് തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) നിലവിൽ നിയമം വഴി തൊഴിലാളികൾക്ക് നൽകുന്ന പരിരക്ഷ അവസാനിപ്പിക്കാനായി തൊഴിൽനിയമങ്ങൾക്ക് പകരം ലേബർ കോഡ് കൊണ്ടുവരാനുള്ള നീക്കത്തിൽനിന്ന് പിൻമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) പീടികകളിലെയും വാണിജ്യസ്ഥാപനങ്ങളിലെയും അസംഘടിത മേഖലയിലെയും തൊഴിലാളികൾക്ക് ന്യായ വേതനവും സൗകര്യങ്ങളും അവകാശങ്ങളും ഉറപ്പു വരുത്തുന്നതിന് ചെയ്ത കാര്യങ്ങൾ വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ):

(എ) തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വവും സാമൂഹ്യ സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്ത് 75 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്യുവരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ നാളിതുവരെ 7111 സ്ഥാപനങ്ങളിൽനിന്നും 180890 ജീവനക്കാർക്ക് 2029.53 കോടി രൂപയോളം വിതരണം നടത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതത് ഇൻസ്പെക്ടർമാർക്ക് യഥാസമയംതന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും കഴിയുന്നു.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പീടികകളിലും വാണിജ്യ സ്ഥാപനങ്ങളിലും അസംഘടിത മേഖലയിലും തൊഴിലാളികൾക്ക് ന്യായവേതനമല്ല നടപ്പിലാക്കിയിരിക്കുന്നത്. എന്നാൽ ടി മേഖലയിലെ തൊഴിലാളികൾക്ക് 1948-ലെ മിനിമ വേതന നിയമപ്രകാരമുള്ള കുറഞ്ഞ കൂലി

നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ടി മേഖലയിലെ ജീവനക്കാർക്ക് സേവനവേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ട്രാഡ് പരിശോധനകളും, സ്പെഷ്യൽ പരിശോധനകളും നടത്താറുണ്ട്. 2018-ൽ വിവിധ തൊഴിൽ നിയമപ്രകാരം 15705 പരിശോധനകൾ നടത്തുകയും 1468 പ്രോസിക്യൂഷൻ സ്വീകരിക്കുകയും 156 ക്ലെയിം കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**പട്ടിക ഗോത്രവർഗ്ഗ സമൂഹത്തെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള നടപടികൾ**

9(*69) ശ്രീ. പി. വി. അൻവർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ബാബു :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്രവർ ഗ്ഗ സമൂഹത്തെ മുഖ്യധാരയിലെത്തിക്കുന്നതിന്റെ ഭാഗമായി അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്നതിനും വിദ്യാഭ്യാസ രംഗത്തും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പട്ടിക ഗോത്രവർഗ്ഗ സമൂഹം നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും അവ പരിഹരിക്കാൻവേണ്ട ശിപാർശകളും ഉൾപ്പെടുന്ന റിപ്പോർട്ട് സാക്ഷരതാ മിഷൻ സമർപ്പിച്ചിരുന്നോ; റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്;

(സി) ആധുനിക തൊഴിൽ രംഗത്ത് ആവശ്യമായ വൈദഗ്ധ്യ പരിശീലനവും സംരംഭത്തിന് ആവശ്യമായ സാമ്പത്തിക സഹായവും നൽകിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ, വിദ്യാഭ്യാസം എന്നിവ ഉറപ്പാക്കിക്കൊണ്ട് സമൂഹത്തിലെ മറ്റ് ജനവിഭാഗങ്ങളോടൊപ്പം എത്തിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

തൊഴിൽ നൽകുന്നതിന് സ്വീകരിച്ച നടപടികൾ

വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ താഴെപ്പറയുംപ്രകാരം പട്ടിക വർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കി.

| പദ്ധതികൾ | തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|
| ഗോത്രബന്ധു-മെന്റർ ടീച്ചർ | 241 |
| സാമൂഹ്യ പഠനമുറി ട്യൂട്ടർ | 100 |
| എസ്.ടി. പ്രൊമോട്ടർ | 1182 |
| മാനേജ്മെന്റ് ട്രെയിനി | 140 |
| കമ്മിറ്റഡ് സോഷ്യൽ വർക്കർ | 31 |
| പ്രേരക്മാർ | 100 |
| ഇൻസ്ട്രക്ടർമാർ (സാക്ഷരത) | 700 |
| കുടുംബശ്രീ അനിമേറ്റർ | 200 |
| ആകെ | 2694 |

മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനുള്ള പരിപാടികൾ

- KIIFB മുഖേന വിവിധ ജില്ലകളിൽ എം.ആർ.എസ്./ഹോസ്റ്റലുകളുടെ നിർമ്മാണം
- പ്രീ-മെട്രിക് വിദ്യാഭ്യാസാനുകൂല്യം
- പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം
- ട്രൈബൽ സ്കൂളിലെ കുട്ടികൾക്ക് യൂണിഫോം
- രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ്
- ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന ഗ്രാന്റ്
- അയ്യങ്കാളി മെമ്മോറിയൽ സ്കോളർഷിപ്പ്
- പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുള്ള സ്റ്റഡി ടൂർ
- ഗോത്രസാരഥി പദ്ധതി
- പട്ടികവർഗ്ഗ കുട്ടികൾക്കായി പാരാമെഡിക്കൽ കോഴ്സ്
- ലാപ്ടോപ് വിതരണം
- പ്രീമെട്രിക് പോസ്റ്റ്മെട്രിക് തലത്തിൽ പഠനം നടത്തിവരുന്ന് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ്, പോക്കറ്റ് മണി തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ 50 ശതമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു.

- പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച 56 കുട്ടികൾക്ക് പ്രാരംഭ ചെലവുകൾക്കായി 2016-17 വർഷം 4.05 ലക്ഷവും 2017-18 വർഷത്തിൽ 81 കുട്ടികൾക്ക് 4.05 ലക്ഷം രൂപയും ചെലവഴിച്ചു.
- സമഗ്ര സാക്ഷരത

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള വികസന പദ്ധതികൾ

- സ്മാർട്ട് ക്ലാസ് റൂം
- കമ്പ്യൂട്ടർ ലാബ്
- സയൻസ് ലാബ്
- ലാംഗ്വേജ് ലാബ്
- സ്കൂൾ റേഡിയോ
- കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ്
- സി.സി.ടി.വി.
- സോളാർ പവർ പ്ലാന്റ് എം.ആർ.എസ്.-കളുടെ അടുക്കള നവീകരണം
- മൾട്ടിപർപ്പസ് സിന്തറ്റിക് കോർട്ട്
- മിനിമാസ്റ്റ് ലൈറ്റ്
- മിന്നൽ രക്ഷാചാലകം
- ഖരദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്
- ജല ശുദ്ധീകരണ പദ്ധതി
- പട്ടികവർഗ്ഗ കുട്ടികൾക്കുള്ള എൻട്രൻസ് പരീക്ഷ എഴുതുന്നതിനായി സ്പെഷ്യൽ കോച്ചിംഗ് ക്രാഷ് കോഴ്സ് നടത്തുന്നതിന് 0.98 കോടി രൂപ അനുവദിച്ചു.

(ബി) പ്രസ്തുത റിപ്പോർട്ട് സാക്ഷരതാ മിഷൻ, പൊതുവിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ശിപാർശ അനുബന്ധമായി ചേർക്കുന്നു.*

(സി) കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും അധീനതയിലുള്ള നൈപുണ്യ പരിശീലന കേന്ദ്രവുമായി സഹകരിച്ച് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ആധുനിക തൊഴിൽ മേഖലകളിൽ ഉണ്ടാകുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ജോലി സാധ്യതകൾ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ലഭ്യമാക്കുന്നതിന് ഉറപ്പാക്കുന്ന പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നത്. ഇതിനുപുറമേ കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) എന്ന സ്ഥാപനം അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളുമായി വകുപ്പ് നേരിട്ട് കരാറിൽ ഏർപ്പെട്ട് ഇത്തരം ആധുനിക തൊഴിൽ പരിശീലനം നൽകിവരുന്നുണ്ട്.

സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയംതൊഴിലിനും വൈദഗ്ധ്യ പരിശീലനത്തിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആയതിന് "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം" എന്ന ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ. ടു ടി.എസ്.എസ്. എന്നീ പദ്ധതികളിലുൾപ്പെടുത്തി നൈപുണ്യ വികസനപദ്ധതികളും സംരംഭകത്വ വികസന പരിപാടികളും നടപ്പിലാക്കിവരുന്നു.

കരിയർ ഗൈഡൻസ് ജോബ് ഫെയർ

ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. 1400 യുവതീ-യുവാക്കൾ പങ്കെടുക്കുകയും പരിശീലന പരിപാടിക്കുള്ള പ്രവർത്തന നടപടികൾ ആരംഭിച്ചു.

സ്വയം തൊഴിലും നൈപുണ്യവികസനവും

- ആധുനിക തൊഴിൽ മേഖലകളിലുണ്ടാകുന്ന തൊഴിൽ അവസരങ്ങൾ സ്വായത്തമാക്കുന്നതിനായി സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളായ കെൽട്രോൺ, മിൽമ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആൻഡ് ടെക്നോളജി, ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ്.
- 2016-17 സാമ്പത്തിക വർഷം മുതൽ 'ഗോത്ര ജീവിക' എന്ന പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽരഹിതരെ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ 1170 പേരെ കണ്ടെത്തി അവർക്ക് കെട്ടിട നിർമ്മാണ മേഖലയുൾപ്പെടെ ഏഴ് ഇനങ്ങളിൽ തൊഴിൽ പരിശീലനം നൽകി തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും, ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള സഹായം നൽകുന്നതിനുമായി 3.34 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് സൊസൈറ്റികൾ, വ്യക്തിഗത യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ്വർക്കിംഗ്, മൾട്ടിമീഡിയ, ഹാർഡ്വെയർ ആന്റ് സോഫ്റ്റ്വെയർ മെയിന്റനൻസ് തുടങ്ങിയ ഐ.റ്റി. മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് 240 കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് 308 ലക്ഷം രൂപ ചെലവിൽ വകുപ്പിന്റെകീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

- പട്ടികവർഗ്ഗ വനിതകൾക്ക് ആധുനികരീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ അട്ടപ്പാടിയിൽ അപ്പാരൽ ടെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് 255 ലക്ഷം രൂപയുടെ പദ്ധതി 250 വനിതകൾക്ക് 6 മാസത്തെ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നു.

- 2016-17 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എൻ.റ്റി.റ്റി.എഫ്. എന്ന സാങ്കേതിക സ്ഥാപനം മുഖേന 250 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സും 100 വിദ്യാർത്ഥികൾക്ക് മൂന്ന് വർഷത്തെ ഡിപ്ലോമ കോഴ്സും നടത്തുന്നതിനായി 4.55 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒന്നും രണ്ടും വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

- സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST) മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ 0.60 കോടി രൂപ ചെലവഴിച്ച് 50 പേർക്ക് പരിശീലനത്തിലൂടെ പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തി.

- ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ECIL) മുഖേന അട്ടപ്പാടിയിൽ ഡി.സി.എ. കോഴ്സ് പരിശീലനത്തിനായി 0.38 കോടി രൂപ ചെലവഴിച്ച് 21 പേർക്ക് പ്ലെയ്സ്മെന്റ് ലഭ്യമാക്കി.

- എത്തിയോസ് (Atheos) എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെന്റിൽ 125 പേർക്ക് പരിശീലനത്തിനായി 0.69 കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കി പ്ലെയ്സ്മെന്റ് നൽകി.

- സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) മുഖേന 60 കുട്ടികൾക്ക് മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകുന്നതിനായി 0.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

- KASE-ഉം പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന നൈപുണ്യ വികസന പരിപാടിക്കായി 1.43 കോടി രൂപ 2017-18 സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്. KASE-മായി അക്രെഡിറ്റ് ചെയ്തിട്ടുള്ള അംഗീകൃത പരിശീലന സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന കോഴ്സുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:
- ഡിപ്ലോമ ഇൻ ആയുർവ്വേദ-പഞ്ചകർമ്മ തെറാപ്പി
- ഡിപ്ലോമ ഇൻ ആയുർവ്വേദ നഴ്സിംഗ്
- ഡിപ്ലോമ ഇൻ ഫാർമസി
- അഡ്വാൻസ് ഇൻ നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം
- BLS, IELTS
- നഴ്സിംഗ് കരിയർ അഡ്വാൻസ് പ്രോഗ്രാം.

**പട്ടികജാതിക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതികൾ**

10 (*70) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ബി. സത്യൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട വൈദഗ്ധ്യ വികസന പദ്ധതികളും സാമ്പത്തിക സഹായ പദ്ധതികളും എന്തെല്ലാമാണ്;

(സി) പട്ടികജാതി വകുപ്പിന്കീഴിലുള്ള ഐ.ടി.ഐ. കളുടെ നിലവാരം ഉയർത്തുന്നതിനും പ്ലെയ്സ്മെന്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ)

1. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികജാതി വിഭാഗക്കാർക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ വഴി നടത്തിവരുന്നു.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ജെ.സി.ബി, ഹിറ്റാച്ചി ഓപ്പറേറ്റേഴ്സ് എന്നിങ്ങനെ വിവിധ കോഴ്സുകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി നടത്തിവരുന്നു.

3. സ്റ്റാർട്ട് അപ് മിഷന്റെ സഹായത്തോടെ പട്ടികജാതി യുവാക്കൾക്ക് സംരംഭകത്വ പരിശീലനം നൽകുകയും സ്വന്തമായി വ്യവസായം ആരംഭിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുകയും ചെയ്യുന്നു. പുതിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി വായ്പാ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

4. പട്ടികജാതി യുവാക്കൾക്ക് സൈനിക പരിശീലനം നൽകി സൈന്യത്തിൽ പ്രവേശനം നേടുന്നതിന് സഹായിക്കുന്ന പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് പദ്ധതി.

5. വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി.

6. സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്ന യുവതി യുവാക്കൾക്ക് വായ്പാ തുകയുടെ മൂന്നിലൊന്ന് എന്ന നിരക്കിൽ വകുപ്പ് മുഖേന പരമാവധി 1 ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 3.50 ലക്ഷം രൂപ വരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി.

7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 134 യുവതീ യുവാക്കളെ കരാർ അടിസ്ഥാനത്തിൽ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ട് വർഷത്തേക്ക് നിയമിക്കുന്ന പദ്ധതിക്ക് ആരോഗ്യ വകുപ്പിൽനിന്നും അംഗീകാരം ലഭ്യമായിട്ടുണ്ട്.

കൂടാതെ, പട്ടികജാതി യുവതി യുവാക്കൾക്ക് വിവിധ പ്രൊഫഷണൽ ഏജൻസികൾ മുഖേന പ്ലേസ്മെന്റ് ഉറപ്പാക്കിക്കൊണ്ട് ഹൗസ് കീപ്പിംഗ് /ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് , മൈറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് , വനിതകൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് IELTS/TOEFL പ്രോഗ്രാം, നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം എന്നിവയും ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിലുള്ള അഡ്വാൻസ്ഡ് ട്രെയിനിംഗ്, ഓയിൽ ആന്റ് റിഗ് സ്കിൽ പ്രോഗ്രാം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ നഴ്സിംഗ് ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് ആന്റ് ഫിനാൻഷ്യൽ സർവ്വീസസ് കോഴ്സ്, ഫിസിയോതെറാപ്പിയിൽ സ്കിൽ ഡെവലപ്മെന്റ് കോഴ്സ് എന്നീ തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.കളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്കുവേണ്ടി തൊഴിൽ

മേള സംഘടിപ്പിക്കുകയും, നൈപുണ്യ വികസന പദ്ധതികളും സോഫ്റ്റ് സ്കിൽ പരിശീലനങ്ങളും വിവിധ തരത്തിലുള്ള വരുമാനദായക പദ്ധതികളും നടപ്പിലാക്കുകയും ചെയ്യുന്നു.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംരംഭകരെ ബിസിനസ്സ് മേഖലയുടെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി പട്ടികജാതി വികസന വകുപ്പും കേരള സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് സ്റ്റാർട്ട് അപ് ഡ്രീംസ് എന്ന പേരിൽ ഒരു പദ്ധതി തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിനുകീഴിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ട് അപ്പുകൾക്ക് ഫണ്ട് സപ്പോർട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.റ്റി.ഐ. കളിൽ നിലവാരം ഉയർത്തുന്നതിനുവേണ്ടി റീവാംപിംഗ് ഓഫ് ഐ.റ്റി.ഐ. എന്ന പദ്ധതി പ്രകാരം സ്ഥലസൗകര്യവും കെട്ടിട അനുബന്ധ സൗകര്യവും ഉള്ള ഐ.റ്റി.ഐ. കളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. പുതുക്കിയ സിലബസ് പ്രകാരം ടൂൾസ് ആന്റ് എക്യൂപ്മെന്റ് വാങ്ങുന്നതിന് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലാബ് എല്ലാ ഐ.റ്റി.ഐ. കളിലും തയ്യാറായി വരുന്നു. വകുപ്പിന്റെ ഐ.റ്റി.ഐ. കളിൽ തനതായ പ്ലെയ്സ്മെന്റ് സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. ടി സെല്ലുകൾ വഴി വിജയികളായ കുട്ടികൾക്ക് വിവിധ തൊഴിൽ സ്ഥാപനങ്ങൾ തൊഴിൽ ലഭ്യമാക്കി വരുന്നു, കൂടാതെ വകുപ്പിന്റെകീഴിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കുകയും അതുവഴി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ധാരാളം പേർക്ക് പ്രശസ്ത തൊഴിൽ സ്ഥാപനങ്ങളിൽ തൊഴിൽ നേടാൻ അവസരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ 600 പേർക്ക് വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് ലഭിക്കുകയുണ്ടായി.

**പട്ടിക ഗോത്രവർഗ്ഗ മേഖലകളിലെ പ്രത്യേക തൊഴിലുറപ്പ് പദ്ധതി**

11 (*71) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പട്ടിക ഗോത്രവർഗ്ഗ മേഖലകളിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും കണക്കിലെടുത്ത് പ്രത്യേക തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ;

(ബി) പൊതുഭൂമിയിലും സ്വകാര്യസ്ഥലത്തുമുള്ള ഏതൊക്കെ ജോലികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ഭക്ഷ്യോത്പന്നങ്ങൾ ഉൾപ്പെടെ എല്ലാത്തരം വിളകളുടെയും കൃഷി, പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ കാർഡ് ലഭിച്ച ഒരു ലക്ഷത്തോളം പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങളിൽ പകുതിയോളം കുടുംബങ്ങൾക്ക് മാത്രമേ തൊഴിൽ ലഭിച്ചുള്ളുവെന്ന വാർത്തയുടെ നിജസ്ഥിതി അറിയിക്കാമോ; തൊഴിൽ ലഭിച്ചവർക്ക് ശരാശരി എത്ര ദിവസം തൊഴിൽ ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽകാർഡ് എടുത്തിട്ടുള്ളതും അവിദഗ്ധ കായികതൊഴിലെടുക്കുവാൻ തയ്യാറുള്ളതുമായ ഒരു കുടുംബത്തിന് പ്രതിവർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ നൽകുന്നതിനുവേണ്ടിയാണ് നിലവിലെ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്നത്. ഇതിനുപുറമെ സംസ്ഥാനത്ത് തൊഴിൽ കാർഡ് എടുത്തിട്ടുള്ള എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കേരള ടൈബൽ പ്ലസ് പദ്ധതി പ്രകാരം 100 ദിവസത്തെ തൊഴിൽ ദിനങ്ങൾ കൂടി അധികമായി നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 12.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിലാണ് അധിക തൊഴിൽ നൽകുവാനുള്ള പദ്ധതിയും ആവിഷ്കരിക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ഒന്നാം പട്ടികയിൽ പരാമർശിച്ചിരിക്കുന്ന എല്ലാ പ്രവൃത്തികളും ഏറ്റെടുക്കുവാൻ കഴിയുന്നതാണ്. ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ :

പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട് നീർത്തടാധിഷ്ഠിത വികസന മാതൃകയിൽ പൊതുഭൂമിയിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ സാധിക്കും. പ്രധാനമായും ജലസംരക്ഷണ പ്രവൃത്തികൾ, വരൾച്ചാ പ്രതിരോധം, വൃക്ഷവത്ക്കരണം മുതലായ പ്രവൃത്തികൾക്ക് പ്രാധാന്യം നൽകുന്നു.

പട്ടികവർഗ്ഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുവാൻ തക്ക പ്രവൃത്തികൾ ഏറ്റെടുക്കൽ :

പട്ടിക വർഗ്ഗകുടുംബങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുവാനായി അവരുടെ കൈവശമുള്ള ഭൂമിയിൽ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ കുടുംബങ്ങളുടെ കൈവശമുള്ള ഭൂമി കൃഷിയോഗ്യമാക്കൽ, ഫല വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനായി ആട്ടിൻകൂട്, പശുത്തൊഴുത്ത്, കോഴിക്കൂട് തുടങ്ങിയവയുടെ നിർമ്മാണം മുതലായ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ സാധിക്കും. ആവർത്തന സ്വഭാവമുള്ളതും നേരിട്ടുള്ളതുമായ യാതൊരു കാർഷിക പ്രവർത്തനവും പദ്ധതിയിൽ അനുവദനീയമല്ല.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് എടുത്തിട്ടുള്ള 105778 പട്ടികവർഗ്ഗക്കാരിൽ 52902 പേർക്ക് 2017-18-ൽ തൊഴിൽ നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 2817573 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ഒരു കുടുംബത്തിന് ശരാശരി 53.26 ദിവസം തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2018-19 സാമ്പത്തിക വർഷം മേയ് മാസം 30-ാം തീയതി വരെ 19247 പേർക്ക് 250736 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുക വഴി ശരാശരി 13 ദിവസം തൊഴിൽ നൽകിയിട്ടുണ്ട്.

**ബാങ്ക് അക്കൗണ്ട് വഴിയുള്ള വേതന വിതരണം**

12 (*72) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുക്കപ്പെട്ട തൊഴിൽ മേഖലകളിൽ മിനിമം വേതനം നടപ്പാക്കുന്നതിനായി ബാങ്ക് അക്കൗണ്ട് വഴി വേതനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇത് സംബന്ധിച്ച സുരക്ഷാ മുൻകരുതൽ പാലിച്ചിട്ടുണ്ടോ; തൊഴിലുടമയ്ക്ക് അസൗകര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(സി) ഏതൊക്കെ മേഖലകളിലാണ് വേതന വിതരണം ബാങ്ക് അക്കൗണ്ട് മുഖേന യാക്കുന്നത്; ബാക്കിയുള്ള മേഖലകളിലും ഈ സമ്പ്രദായം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പുതിയ സംവിധാനം ബിസിനസ് താത്പര്യങ്ങൾക്ക് വിരുദ്ധവും ബിസിനസ് തന്ത്രങ്ങളുടെയും വ്യാപാര രഹസ്യങ്ങളുടെയും സംരക്ഷണം ഇല്ലാതാക്കുന്നതുമാണ് എന്ന പരാതി പരിശോധിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. സംസ്ഥാനത്തെ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികളുടെയും വേതനം ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നതിനും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനുമായി വേതന സുരക്ഷ പദ്ധതി എന്ന ഓൺലൈൻ സംവിധാനം തൊഴിലും നൈപുണ്യവും വകുപ്പ് നടപ്പിലാക്കിവരുന്നു. ടി സോഫ്റ്റ് വെയർ മുഖേന ലോഗിൻ ചെയ്ത് തൊഴിലുടമ അപ് ലോഡ് ചെയ്ത് ട്രാൻസ്ഫർ ചെയ്യുന്ന വേതനം ഉടമയുടെ ബാങ്ക് അക്കൗണ്ടിൽനിന്നും തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന സംവിധാനമാണിത്.

(ബി) തൊഴിലുടമയ്ക്ക് നൽകിയിട്ടുള്ള യൂസർനെയിമും പാസ്വേർഡും ഉപയോഗിച്ച മാത്രമേ സോഫ്റ്റ്വെയറിൽ ലോഗിൻ ചെയ്യാൻ കഴിയൂ. വേതനം ട്രാൻസ്ഫർ ചെയ്യുന്നതിലെ ആധികാരികത ഉറപ്പുവരുത്തുന്നതിനായി വേജ് ട്രാൻസ്ഫർ പൂർത്തീകരിക്കുന്നതിന് തൊഴിലുടമയുടെ മൊബൈൽ നമ്പറിലേക്ക് വരുന്ന ഒ.ടി.പി. കോഡ് സോഫ്റ്റ്വെയറിൽ എന്റർ ചെയ്ത് നൽകേണ്ടതുണ്ട്. സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ടി സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ സർക്കാരിന്റെ ഐ.ടി. പോളിസി പ്രകാരം ആവശ്യമായ സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തി, സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഡാറ്റാസെന്ററിലാണ് ഹോസ്റ്റ് ചെയ്തിട്ടുള്ളത്.

(സി) ആദ്യഘട്ടത്തിൽ നോൺബാങ്കിംഗ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ്, ടെക്സ്റ്റൈൽ ഷോപ്പുകൾ. ജ്വല്ലറികൾ, സ്വകാര്യ ആശുപത്രികൾ, കമ്പ്യൂട്ടർ സോഫ്റ്റ്വെയർ മേഖല, സെൽഫ് ഫിനാൻസിംഗ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എന്നീ മേഖലകളാണ് വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 9-5-2017-ലെ സ.ഉ.(പി) നമ്പർ 35/2017/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം (എസ്.ആർ.ഒ.നമ്പർ 243/17) ബാങ്ക് അക്കൗണ്ട് മുഖേന മാത്രം വേതനം നൽകുന്നതിന് 39 തൊഴിൽ മേഖലകൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) പുതിയ സംവിധാനം ബിസിനസ് താല്പര്യങ്ങൾക്ക് വിരുദ്ധവും വ്യാപാര രഹസ്യങ്ങളുടെ സംരക്ഷണം ഇല്ലാതാക്കുന്നതുമാണ് എന്ന പരാതികൾ സർക്കാർ പരിശോധിക്കുകയും കഴമ്പില്ലെന്ന് കണ്ട് നിരാകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ തൊഴിലുടമകൾ സമർപ്പിച്ച കേസുകൾ ഹൈക്കോടതി തീർപ്പാക്കിയെങ്കിലും ആയതിനെതിരെ തൊഴിലുടമകൾ അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**കുടിവെള്ളത്തിൽ ഫ്ലൂറൈഡ്, ആർസെനിക് എന്നിവയുടെ സാന്നിദ്ധ്യം**

13 (*73) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിൽ ഫ്ലൂറൈഡ്, ആർസെനിക് എന്നിവയുടെ അംശം കണ്ടെത്തിയ ഗ്രാമങ്ങളെ സംബന്ധിച്ച പഠന വിവരങ്ങൾ ലഭ്യമാക്കുമോ; ഇങ്ങനെ കണ്ടെത്തിയിട്ടുള്ള ഗ്രാമങ്ങൾക്കായി ഏതെങ്കിലും കേന്ദ്ര പദ്ധതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഫ്ലൂറൈഡ്, ആർസെനിക് എന്നിവയുടെ അംശം കണ്ടെത്തിയ ഗ്രാമങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള പ്രത്യേക ദേശീയ ജല ഗുണനിലവാര ഉപപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഈ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു.ടി.തോമസ്):

(എ) ദേശീയ ഗ്രാമീണകുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെകീഴിലുള്ള ഗുണനിലവാര പരിശോധന ലാബുകളിൽ ഗ്രാമീണ മേഖലയിലെ കുടിവെള്ള സ്രോതസ്സുകളുടെ ജലഗുണനിലവാര പരിശോധന നടത്തിയത് അനുസരിച്ച് 2015-16 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് ആകെ 95 ഗ്രാമപഞ്ചായത്ത് വാർഡുകൾ ഫ്ലൂറൈഡ് ബാധിതപ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ഗുണനിലവാര മാനദണ്ഡമനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ ഇത് 34 ആയി ചുരുങ്ങിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ആർസെനിക് ബാധിത പ്രദേശങ്ങളൊന്നുംതന്നെ കണ്ടെത്തിയിട്ടില്ല.

2015-16-ലെ സ്ഥിതി കണക്കിലെടുത്ത് കേന്ദ്രസർക്കാർ ഫ്ലൂറൈഡ്-ആർസെനിക് ബാധിത പ്രദേശങ്ങൾക്കായി ഹ്രസ്വ-ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഫ്ലൂറൈഡ് ബാധിത പ്രദേശത്തെ ജനങ്ങൾക്ക് ആളോഹരി 8 മുതൽ 10 ലിറ്റർ വരെ ശുദ്ധജല ലഭ്യത താൽക്കാലികാടിസ്ഥാനത്തിൽ ഉറപ്പാക്കുവാൻ വേണ്ടി നീതി ആയോഗ് 19.73 കോടി രൂപ കേരളത്തിനായി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട് ജില്ലകളിലെ ഫ്ലൂറൈഡ് ബാധിത വാർഡുകളിലേക്ക് പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചും റിവേർസ് ഒസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ചും ശുദ്ധ ജലം ലഭ്യമാക്കുവാൻ 16.29 കോടി രൂപയുടെ

പ്രൊപ്പോസലുകൾ അംഗീകരിച്ചിട്ടുണ്ട്. ഇവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു, കൂടാതെ, ഫ്ലൈറെഡ് ബാധിത വാർഡുകളിൽ 2020 -ഓടുകൂടി പുതിയ കുടിവെള്ള പദ്ധതികൾ നടപ്പാക്കി ശുദ്ധജലം ലഭ്യമാക്കുവാൻ പ്രത്യേക ദേശീയ ജല ഗ്രണനിലവാര ഉപപദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സമർപ്പിച്ചിട്ടില്ല.

**സർക്കാരിന്റെ തൊഴിൽ നിയമം**

14 (*74) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ തൊഴിൽനയം അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) തൊഴിൽനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ നിയമനിർമ്മാണമോ നിലവിലെ നിയമങ്ങളിൽ ഭേദഗതിയോ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): **:**

(എ) ഉണ്ട്. തൊഴിൽ നയത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഉണ്ട്. ഇക്കാര്യം തൊഴിൽനയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

**ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി**

15 (*75) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമിയെങ്കിലും നൽകുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാർക്ക് വനഭൂമി വിതരണം ചെയ്യുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും സുപ്രീംകോടതിയും അനുമതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകിയ സാഹചര്യത്തിൽ അനുമതി ലഭിച്ച ഭൂമി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം വിതരണം ചെയ്യുന്നത്;

(സി) വനഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഇതുപ്രകാരം എത്ര കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം വാങ്ങി നൽകി;

(ഡി) വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്ന പദ്ധതി അനുസരിച്ച് മുൻസർക്കാരിന്റെ കാലത്ത് എത്ര പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്; ഈ സർക്കാർ കഴിഞ്ഞ രണ്ട് വർഷംകൊണ്ട് എത്രപേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമിയെങ്കിലും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വാസയോഗ്യവും കൃഷിയോഗ്യവുമായ റവന്യൂ ഭൂമിയുടെ അഭാവമാണ് ഒരേക്കർ ഭൂമി വിതരണം ചെയ്യുന്നതിലെ പ്രധാന തടസ്സം. നിക്ഷിപ്ത വനഭൂമി വിതരണത്തിന് കേന്ദ്രാനുമതി ലഭിച്ചുവെങ്കിലും അതിലും വാസയോഗ്യവും, കൃഷിയോഗ്യവുമല്ലാത്ത ഭൂമി ഉള്ളതിനാൽ പൂർണ്ണമായും വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. ഭൂമി വാങ്ങി നൽകിയും വാസയോഗ്യമായ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തുകൊണ്ടും ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു വരികയാണ്.

(ബി) വനാവകാശ നിയമം 2006 പ്രകാരം അർഹരായ എല്ലാവർക്കും ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിച്ച 42659 പേരിൽ 25978 അപേക്ഷകൾ പാസാക്കി. 25327 പേർക്ക് 34029.88 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്തിട്ടുണ്ട്. ഡി.എൽ.സി. പാസ്സാക്കിയതിൽ 651 പേർക്ക് കൈവശരേഖ വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ട്. കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയവും, ബഹു. സുപ്രീം കോടതിയും ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുവാൻ അനുമതി നൽകിയ 19002.22 ഏക്കർ ഭൂമിയിൽ 3537.73 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം 558 ഏക്കർ ഭൂമി 667 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.

വനാവകാശ നിയമപ്രകാരം ലഭ്യമായ 42659 അപേക്ഷകളിൽ 10089 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. 5992 അപേക്ഷകൾ എഫ്.ആർ.സി, ഗ്രാമസഭ, എസ്.ഡി.എൽ.സി. , ഡി.എൽ.സി. എന്നിവയുടെ പരിഗണനയിലാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5593 അപേക്ഷകൾ പുതുതായി ലഭിച്ചിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് 943 അപേക്ഷകൾ മാത്രമാണ് പുതിയതായി ലഭിച്ചിരുന്നത്.

വനാവകാശ നിയമം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചതിന്റെ ഭാഗമായിട്ടാണ് 5593 അപേക്ഷകൾ പുതിയതായി ലഭിച്ചത്. സംയുക്ത പരിശോധനയും സർവ്വേ പ്രവർത്തനങ്ങളും നടത്തി ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇനിയും അപേക്ഷ സമർപ്പിക്കാത്തവരുണ്ടെങ്കിൽ അവരെ കണ്ടെത്തി അപേക്ഷ സമർപ്പിക്കുന്നതിനുള്ള പ്രവർത്തനം ടൈബൽ എക്സ്റ്റെൻഷൻ ഓഫീസർ/ പ്രൊമോട്ടർമാർ മുഖേന നടത്തിവരികയാണ്.

കണ്ണൂർ, മലപ്പുറം, വയനാട് ജില്ലകളിൽ ഭൂമി വിതരണത്തിനായി വനം വകുപ്പ് ഭൂമി കൈമാറി ലഭിക്കുവാനുണ്ട്. പാലക്കാട് ജില്ലയിൽ സർവ്വേ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നുവരുന്നു.

(സി) വനഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 2013-14 മുതൽ 2017-18 വരെ 865 പേർക്ക് 308.37 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഇവരിൽ 29 പേർക്ക് 1 ഏക്കർ ഭൂമി വീതം വാങ്ങി നൽകിയിട്ടുണ്ട്.

ഭൂമി വാങ്ങി നൽകുന്നതിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ 3-3-2018-ലെ സ.ഉ(എം.എസ്) 21/2018/പ.ജ.പ.വ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം മാറ്റം വരുത്തിയതിന്റെ അടിസ്ഥാനത്തിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂമി കണ്ടെത്തി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്ന പദ്ധതി അനുസരിച്ച് മുൻ സർക്കാരിന്റെ കാലത്ത് 8222 പേർക്ക് 12571 ഏക്കർ ഭൂമിയുടെ കൈവകാശരേഖ നൽകിയിട്ടുണ്ട്. ഇതിനുള്ള അപേക്ഷയും സർവ്വേ നടപടികളും മുൻഎൽ.ഡി.എഫ് സർക്കാർ കാലത്ത്തന്നെ ആരംഭിച്ചിരുന്നു.

ഈ സർക്കാർ കഴിഞ്ഞ രണ്ട് വർഷംകൊണ്ട് 382 പേർക്ക് 957 ഏക്കർ ഭൂമിയുടെ കൈവശരേഖ നൽകിയിട്ടുണ്ട്.

## വന്യജീവി ആക്രമണം

16 (*76) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്നതും ജനങ്ങളെ ആക്രമിക്കുന്നതുമായ സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യജീവികളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; അവ ഫലപ്രദമാണോയെന്ന് വ്യക്തമാക്കുമോ;

(സി) കാലാവസ്ഥാ വ്യതിയാനംമൂലമുള്ള ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യംമൂലമാണ് അവ കൂട്ടത്തോടെ നാട്ടിലിറങ്ങുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വന്യജീവി സംഘർഷ മേഖലകളിൽ രൂപീകരിച്ച ജാഗ്രതാസമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) വന്യജീവികളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നൽകുന്ന നഷ്ട പരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വനവും മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ഉണ്ട്.

(ബി) വന്യജീവികളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചു ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതിവേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.
2. വനത്തിനുവെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ
3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.
5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ

9. ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ.

10. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(സി) വന്യജീവികൾ നാട്ടിലിറങ്ങുന്നതിന്റെ പല കാരണങ്ങളിൽ വനത്തിനകത്തെ ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യവും ഉൾപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം നിരന്തരം നിരീക്ഷിച്ച് വരുന്നുണ്ട്.

(ഇ) വർദ്ധിപ്പിച്ചിട്ടുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 17/2018/വനം പ്രകാരം വർദ്ധിപ്പിച്ച നിരക്ക് ചുവടെ ചേർക്കുന്നു:

| | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നിലവിലെ നഷ്ടപരിഹാരത്തുക (രൂപയിൽ |
|---|---|---|
| 1 | വന്യജീവി ആക്രമണം മൂലമുള്ള മരണം | 10 ലക്ഷം രൂപ |
| 2 | വനത്തിനു പുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണം | 2 ലക്ഷം രൂപ |
| 3 | വന്യജീവി ആക്രമണംമൂലമുള്ള സ്ഥായിയായ അംഗഭംഗം | 2 ലക്ഷം രൂപ |
| 4 | വന്യജീവി ആക്രമണംമൂലം മനുഷ്യർ ക്കുണ്ടാകുന്ന പരിക്ക് | 1 ലക്ഷം രൂപ പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) |
| 5 | വന്യജീവി ആക്രമണംമൂലമുള്ള വീടു നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) |
| 6 | വന്യജീവി ആക്രമണംമൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) |

**വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് നടപടി**

17 (*77) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന കേരള ഹൈക്കോടതിയുടെ വിധി നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) വനം വകുപ്പിന്റെ കണക്ക് പ്രകാരം 1-1-1977-ന ശേഷം എത്ര ഹെക്ടർ വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്;

(സി) ഇത് പ്രകാരം ഏറ്റവും കൂടുതൽ കയ്യേറ്റം നടന്നിട്ടുള്ളത് ഏത് ഡിവിഷന്റെകീഴിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രതിബന്ധം ഉണ്ടോ; വിശദമാക്കുമോ;

(ഇ) വിധി നടപ്പിലാക്കി കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുവാൻ കൂടുതൽ സമയം അനുവദിക്കണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ എത്ര സമയം അനുവദിച്ചിട്ടുണ്ടെന്നറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) 4-9-2018-ലെ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) കോടതി ഉത്തരവ് അനുസരിച്ച് 20-1-2016 തീയതിയിലെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 6-ാമത് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ വിശദമായ ചർച്ചയ്ക്ക് വയ്ക്കുകയും യോഗ തീരുമാനപ്രകാരം ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

(2) ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാൻ കയ്യേറ്റക്കാരുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകി.

(3) ഏതാനും സ്ഥലങ്ങളിൽ വനം കയ്യേറ്റക്കാർക്ക് വനം വകുപ്പ് നേരിട്ട് നോട്ടീസ് നൽകിയിട്ടുണ്ട്.

(4) 4-9-2015-ലെ ബഹു. ഹൈക്കോടതി വിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല.

(5) പുതുതായി കണ്ടെത്തുന്ന കയ്യേറ്റങ്ങൾ അപ്പപ്പോൾതന്നെ ഒഴിപ്പിക്കുകയും പുതിയ കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ട്.

(ബി) വനം വകുപ്പ് 2015-16 സാമ്പത്തിക വർഷം വരെ നടത്തിയ കണക്കെടുപ്പനുസരിച്ച് 1-1-1977-നുശേഷം 19276.5181 ഏക്കർ (7801.10 ഹെക്ടർ) വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

(സി) മണ്ണാർക്കാട് ഡിവിഷൻ.

(ഡി) വനഭൂമി കയ്യേറ്റക്കാരുടെ സംഘടിതമായ ചെറുത്തുനിൽപ്പും വിവിധ സംഘടനകളുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭ പരിപാടികളും പ്രാദേശിക രാഷ്ട്രീയവും മതപരവുമായ ഇടപെടലും വിവിധ കോടതികളിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാതെ കിടക്കുന്ന കേസുകൾ എന്നിവയെല്ലാംതന്നെ കയ്യേറിയ വനഭൂമി തിരിച്ച് പിടിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളാണ്.

(ഇ) കൂടുതൽ സമയം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച അപേക്ഷകൾ (14.1248/16, 14.1250/16) ആവശ്യപ്പെട്ട കാലയളവ് അധികരിച്ചതിനാൽ തീർപ്പാക്കി ഉത്തരവായതായി അറിവായിട്ടുണ്ട്.

**പട്ടികജാതി ക്ഷേമ പദ്ധതികൾ**

18 (*78) ശ്രീ. ബി. സത്യൻ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പാക്കിവരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി 'വാത്സല്യ നിധി' എന്നപേരിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്കായി ഒരു കുട്ടിയുടെ പേരിൽ സർക്കാർ അടയ്ക്കുന്ന പ്രീമിയം തുക എത്രയാണെന്നും 18 വയസ് തികയുമ്പോൾ ലഭിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ഡി) നടപ്പുസാമ്പത്തികവർഷം പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ)

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായ 'പഠനമുറി പദ്ധതി' നടപ്പിലാക്കിവരുന്നു.

2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ 1-4-2017 മുതൽ ജനിച്ച പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി 2017-18 മുതൽ നടപ്പിലാക്കുന്നു.

3. വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന എം.ആർ.എസ്.-കളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെയും പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെയും രാത്രികാല പഠന പുരോഗതി ലക്ഷ്യംവച്ച് ടി സ്ഥാപനങ്ങളിൽ റെസിഡന്റ് ട്യൂട്ടർമാരെയും എം.ആർ.എസ്.-കളിൽ കൗൺസിലർമാരെയും നിയമിച്ചുവരുന്നു.

4. തൊഴിലെടുക്കുന്ന സ്ത്രീകൾക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ 3 വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. KIIFB മുഖേന 3 MRS-കൾ, 5 ഹോസ്റ്റലുകൾ എന്നിവ പണികഴിക്കുന്നതിനായി 75 കോടി രൂപ വകയിരുത്തി.

6. ഐ.റ്റി.ഐ. പാസ്സായവർക്ക് ജോബ് ഫെയർ മുഖേന തൊഴിൽ തേടാൻ സൗകര്യം.

7. ഇടുക്കി ജില്ലയിൽ വട്ടവടയിൽ ഭവന സമുച്ചയം.

(ബി) ഉണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി ഒരു ലക്ഷം രൂപവരെ വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ 1-4-2017 മുതൽ ജനിച്ച പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി 2017-18 മുതൽ നടപ്പിലാക്കി വരുന്നു.

(സി) ഈ പദ്ധതി പ്രകാരം സർക്കാർ അടയ്ക്കേണ്ടതായ പ്രീമിയം തുക 1,38,000 രൂപയാണ്. കുട്ടിക്ക് 18 വയസ്സ് തികയുമ്പോൾ 3 ലക്ഷം രൂപ ലഭിക്കുന്നതാണ്.

(ഡി) നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിക്കായി 2225-01-102-91 (plan) എന്ന ശീർഷകത്തിൽ 11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**പട്ടികവർഗ്ഗ വിഭാഗക്കാരായ ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണം**

19 (*79) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികൾക്കും അവരുടെ കുഞ്ഞുങ്ങൾക്കും ആരോഗ്യ സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) 2017-18 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം എന്ത് തുക അനുവദിച്ചുവെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ ഭക്ഷ്യധാന്യങ്ങളാണ് നിലവിൽ വിതരണം ചെയ്യുന്നത് ;വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടും ആദിവാസി വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ അമ്മമാരുടെ ഇടയിൽ പോഷകാഹാരക്കുറവ്മൂലമുള്ള മരണവും കുഞ്ഞുങ്ങളുടെ ഇടയിൽ തൂക്കക്കുറവ്മൂലമുള്ള മരണവും സംഭവിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം വ്യക്തമാക്കുമോ?

പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പ് 'ജനനീ ജന്മരക്ഷ' എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഗർഭാവസ്ഥയുടെ 3-ാം മാസം കഴിഞ്ഞ് കുഞ്ഞിന് ഒരു വയസ്സ് തികയുംവരെ പ്രതിമാസം 1,000 രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു. ഗർഭാവസ്ഥയിലുള്ളവർക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

- അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി, മൺസൂൺ കാലത്ത് സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ പട്ടിണി ഉണ്ടാകാതിരിക്കുന്നതിനായി ഭക്ഷ്യ സഹായ പദ്ധതി, പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലറ്റ് വില്ലേജ് പദ്ധതി എന്നിവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്നു.
- കൂടാതെ സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.
- സാമൂഹ്യനീതി വകുപ്പിൻകീഴിൽ അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു.
- കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു.
- പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു.
- കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തുന്നു.
- ആരോഗ്യവകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നു.

(ബി) ജനനി ജന്മരക്ഷാ പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം 15 കോടി രൂപ വകയിരുത്തിയതിൽ 12,68,39,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി)

- ഭക്ഷ്യ സഹായ പദ്ധതി പ്രകാരം അരി, ചെറുപയർ/വൻപയർ, കടല, വെളിച്ചെണ്ണ എന്നിവ വിതരണം ചെയ്യുന്നു.

- പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ ഭക്ഷണ വിഭവങ്ങളായ റാഗി, ചാമ, ചോറ്, മുളയരിക്കഞ്ഞി, ഇലക്കറികൾ, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പച്ചക്കറികൾ തുടങ്ങിയവ സമൂഹ അടുക്കളയുടെ ഭാഗമായി ഉപയോഗിച്ചുവരുന്നു.
- മില്ലറ്റ് വില്ലേജ് പദ്ധതി പ്രകാരം ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, പച്ചക്കറി എന്നിവയുടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നു.

(ഡി) പരിശോധിച്ചിട്ടുണ്ട്.

- പോഷകാഹാരക്കുറവുമൂലം മരണം നടന്നിട്ടില്ല. എന്നാൽ ഉണ്ടായിട്ടുള്ള ശിശുമരണങ്ങളുടെ കാരണം വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽനിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസം തുടങ്ങിവയായിരുന്നു. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി 2013-ലെ 31-ൽനിന്ന് 2017-ൽ 2-ലേയ്ക്ക് ശിശുമരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.
- അട്ടപ്പാടി മേഖലയിൽ ഈ വർഷം ഇതുവരെ പട്ടികവർഗ്ഗത്തിൽപ്പെട്ട 4 നവജാത ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്. കഴിഞ്ഞവർഷം ആകെ 14 മരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഈ മരണങ്ങൾ എല്ലാംതന്നെ പോഷകാഹാരക്കുറവ്മൂലമല്ലെന്നും ജന്മനാലുള്ള അസുഖങ്ങൾ കാരണമാണ് സംഭവിച്ചിട്ടുള്ളതെന്നും അട്ടപ്പാടി ട്രൈബൽ ഹെൽത്ത് നോഡൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധത്തിലുള്ളവർ തമ്മിലുള്ള വിവാഹം, തുടർച്ചയായുള്ള ഗർഭധാരണം എന്നിവയൊക്കെ ശിശുമരണങ്ങൾക്ക് കാരണമാകാറുണ്ട്.

(ഇ) ജനനി ജന്മരക്ഷാ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമല്ല. സംസ്ഥാന ബജറ്റ് വിഹിതത്തിൽ നിന്നാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്.

**വനം കയ്യേറ്റം തടയുന്നതിനുള്ള നടപടികൾ**

20 (*80). ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റം പൂർണ്ണമായി തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) വനാതിർത്തി അളന്നുതിരിച്ച് ജണ്ട സ്ഥാപിക്കുന്ന പരിപാടിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) വനാതിർത്തി അളന്നുതിരിച്ച് സർവേ നടത്തുന്നതിന് ഭരണതലത്തിൽ നടത്തിയ ക്രമീകരണങ്ങളും നടപടികളും വ്യക്തമാക്കുമോ;

(ഡി) ജണ്ടകൾ സ്ഥാപിച്ച് വനാതിർത്തി സംരക്ഷിക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനം കയ്യേറ്റം തടയുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ച് വരുന്നു. വനസംരക്ഷണത്തിനും വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവ്വല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ് വനമായി പ്രഖ്യാപിക്കൽ, പുതുതായുള്ള കയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ടെയിനിംഗ് തുടങ്ങിയ നടപടികൾ നടപ്പിലാക്കിവരുന്നു. പുതിയ കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. 1-1-1977-ന് ശേഷം വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളവ ഒഴിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 4-9-2015-ലെ ഒ.പി. നമ്പർ 18467/2002, 1947/2003 കേസുകളിലെ വിധി പ്രകാരം നോട്ടീസ് നൽകുന്നതിനായി വനം കയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ, ഏതാനും വനം കയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വനസമ്പത്ത് സംരക്ഷിക്കുന്നതിന്റെയും കയ്യേറ്റങ്ങൾ തടയുന്നതിന്റെയും ഭാഗമായി വനാതിർത്തികൾ സർവ്വേ ചെയ്ത് സ്ഥിരം ജണ്ടകൾ സ്ഥാപിച്ചുവരുന്നു. 2017-18 വരെയുള്ള കണക്കെടുത്തതിൽ സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16845 കിലോമീറ്ററാണ്. പ്രകൃത്യാലുള്ളതുൾപ്പെടെ ഇതിൽ 14204 കിലോമീറ്ററോളം വനാതിർത്തി വേർതിരിച്ചുകഴിഞ്ഞിട്ടുണ്ട്. 2017 മാർച്ച് മാസം അവശേഷിക്കുന്നതായി കണക്കാക്കിയ 2641 കിലോമീറ്ററോളം വനാതിർത്തി സർവ്വേ ചെയ്ത് ജണ്ട ഇട്ട് തിരിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. 2017-18 വർഷത്തിൽ 31-3-2018 വരെ വേർതിരിക്കാനുള്ള അതിർത്തിയിൽ 14416 സ്ഥിരം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ 20000-ത്തോളം അതിർത്തി ജണ്ടകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) വനാതിർത്തികൾ വേർതിരിക്കുന്ന ശ്രമകരമായ ജോലിക്കായി സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെ സേവനം ആവശ്യത്തിന് ലഭ്യമല്ലാത്തതിലൂടെ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിലേയ്ക്കായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ 30 പേർ വീതം അടങ്ങുന്ന വിവിധ ബാച്ചുകളായി സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തി വരുന്നു. നാളിതുവരെ 5 ബാച്ചിലായി 150 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുള്ളതും 6-ാമത് ബാച്ചിന്റെ പരിശീലനം നടന്നുവരുന്നതുമാണ്. കൂടാതെ, 4-4-2016-ലെ GO(p)N0.290/16/RD പ്രകാരം കേരള സർവ്വേ & ബൗണ്ടറിസ് റൂൾസ് 1964, റൂൾ-101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ എന്നിവയെല്ലാം പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) കോടതി പരിഗണനയിലോ ഏതെങ്കിലും ഉത്തരവിനാൽ തടഞ്ഞിട്ടുള്ളതോ ആയ സ്ഥലങ്ങളിലൊഴികെയുള്ള വനാതിർത്തികളിലെ ജണ്ട നിർമ്മാണം അടുത്ത രണ്ടുവർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുതകുന്ന രീതിയിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തൊഴിലാളി- സംരംഭക സൗഹൃദ സംസ്ഥാനം**

21 (*81) ശ്രീ. അനിൽ അക്കര :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളി -സംരംഭക സൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) അമിതകൂലി ആവശ്യപ്പെടുന്നതും ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെടുന്നതും കുറ്റകരമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഗാർഹിക, കാർഷിക കയറ്റിറക്ക് മേഖലകളിൽ തൊഴിലുടമയ്ക്ക് ഇഷ്ടമുള്ള തൊഴിലാളികളെ നിയോഗിക്കുന്നതിനുള്ള അവകാശം നൽകിയിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് തൊഴിലാളി സംഘടനകൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനും അവരുടെ സഹകരണം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) നോക്കുകൂലി നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിൽവന്നതിനുശേഷവും ചില സ്ഥലങ്ങളിൽ നോക്കുകൂലി ആവശ്യപ്പെടുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം കേസുകളിൽ കർശന നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ):

(എ) കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, ഫാക്ടറീസ് ആക്ട് എന്നിവയ്ക്കുകീഴിൽ വരുന്ന തൊഴിൽ സ്ഥാപനങ്ങൾക്കും വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും പ്രവർത്തനമികവ് ആസ്ഥാനമാക്കി ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തൊഴിലുടമകൾ നൽകുന്ന സേവന-വേതന വ്യവസ്ഥകളുടെയും മറ്റ് പ്രവർത്തനമികവുകളുടെയും അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകി അംഗീകരിക്കാനും ആയതിന് സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് നൽകാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അസംഘടിത മേലയിലെ തൊഴിലാളിക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാപദ്ധതി (WPS) നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലും നൈപുണ്യവും വകുപ്പിന്റെ ഡിജിറ്റലൈസേഷൻ പരിപാടിയിലൂടെ വകുപ്പിന്റെ വിവിധ ഓഫീസുകളിൽനിന്നും വിവിധ തൊഴിൽ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ, റിന്യൂവൽ, അമെന്റ്മെന്റ് തുടങ്ങിയ സേവനങ്ങൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനും ഫീസ് ഓൺലൈനായി അടയ്ക്കുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ തൊഴിലാളി സംരംഭക സൗഹൃദമാക്കുന്നതിനും സിംഗിൾ വിൻഡോ സംവിധാനം ഏർപ്പെടുത്തുന്നതിനുമായി The Kerala Investment Promotion & Facilitation Act എന്ന പേരിൽ ഒരു നിയമവും പാസ്സാക്കിയിട്ടുണ്ട്.

(ബി-ഡി) ഉണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം നടപടികൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും അമിതകൂലി ഇനത്തിൽ ഈടാക്കിയ തുക തിരികെ വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്.

**ആദിവാസികൾക്ക് തൊഴിൽ**

22 (*82) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ ഇരുന്നൂറു ദിവസം തൊഴിലുറപ്പുപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇവർക്ക് മുടങ്ങാതെ വേതനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽകാർഡ് എടുത്തിട്ടുള്ളതും അവിദഗ്ധ കായിക തൊഴിലെടുക്കുവാൻ തയ്യാറുള്ളതുമായ ഒരു കുടുംബത്തിന് പ്രതിവർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ നൽകുന്നതിനുവേണ്ടിയാണ് നിലവിലെ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്നത്. ഇതിനുപുറമെ സംസ്ഥാനത്ത് തൊഴിൽ കാർഡ് എടുത്തിട്ടുള്ള എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കേരള ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം 100 ദിവസത്തെ തൊഴിൽ ദിനങ്ങൾ കൂടി അധികമായി നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 12.40 കോടി രൂപ എം.ജി.എൻ. ആർ.ഇ. ജി.എ. സംസ്ഥാന മിഷന് അനുവദിച്ചിട്ടുണ്ട്.

(ബി) ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ചിട്ടുള്ള തൊഴിലുറപ്പ് പദ്ധതിയിലെ കൂലി യഥാസമയങ്ങളിൽ ലഭ്യമാക്കാത്തതുമൂലം പട്ടികവർഗ്ഗ വിഭാഗങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലേയ്ക്ക് വരുന്നതിൽ വിമുഖത കാണിക്കുകയും അവർക്ക് തൊഴിൽ ലഭിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമായിരുന്നു. ഇതുമൂലം പട്ടികവർഗ്ഗ വിഭാഗത്തിന്റെ ശരാശരി തൊഴിൽ ദിനങ്ങൾ വർഷത്തിൽ 54 ദിവസം മാത്രമാണ്.

പട്ടികവർഗ്ഗ മേഖലയിലെ ഉപജീവനത്തെ ഗുരുതരമായി ബാധിച്ചിട്ടുള്ള ഈ പ്രശ്നത്തിന് അടിയന്തര പരിഹാരം കണ്ടെത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനും കുടുംബശ്രീ സംസ്ഥാന മിഷനുമായി ചേർന്ന് നടപ്പിലാക്കുന്ന തരത്തിൽ തൊഴിലുറപ്പ് പദ്ധതിക്കായി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി 11.13 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 2017-18-ൽ അനുവദിച്ചു.

ഈ തുക താഴെപ്പറയുംപ്രകാരം ചെലവഴിക്കുന്നു.

1. സംസ്ഥാനത്ത് പൈലറ്റ് അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലും വയനാട് ജില്ലയിലും അധിവസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആഴ്ചയിലൊരിക്കൽ വേതനം വിതരണം ചെയ്യുന്ന സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്.

2. ഇതിനാവശ്യമായ കോർപ്പസ് ഫണ്ട് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും സംസ്ഥാന കുടുംബശ്രീ മിഷന് നൽകി.

3. കുടുംബശ്രീ മിഷൻ ഈ കോർപ്പസ് ഫണ്ടിനെ ഒരു റിവോൾവിംഗ് ഫണ്ടായി പ്രയോജനപ്പെടുത്തി തങ്ങളുടെ അയൽക്കൂട്ട സംവിധാനം വഴി തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആഴ്ചയിലൊരിക്കൽ അർഹതപ്പെട്ട വേതനത്തിന്റെ 90 ശതമാനം തുക തൊഴിലാളിയുടെ ബാങ്ക് അക്കൗണ്ടിൽ NEFT മുഖേന നൽകുന്നതിന് നടപടി സ്വീകരിക്കും. ഇതിന്റെ മേൽനോട്ടച്ചുമതല കുടുംബശ്രീ എ.ഡി.എസ്/സി.ഡി.എസ്. സംവിധാനങ്ങൾക്ക് നൽകിയിട്ടുണ്ട്.

4. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തങ്ങൾ ചെയ്ത ജോലിയുടെ കൂലി കേന്ദ്ര സർക്കാരിൽ നിന്നും EFMS വഴി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ലഭിക്കുന്നമുറയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ റിവോൾവിംഗ് ഫണ്ടിൽനിന്നും നൽകിയ കൂലി അയൽക്കൂട്ട സംവിധാനത്തിലൂടെ തിരികെ ഈടാക്കി റിവോൾവിംഗ് ഫണ്ടായി നിലനിർത്തുന്നതാണ്. ഇക്കാര്യത്തിൽ എ.ഡി.എസ് ./ സി.ഡി.എസ്. സംവിധാനങ്ങൾ മേൽ നോട്ടം വഹിക്കും.

**സ്കിൽ ലൈസിയം**

23 (*83) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നൈപുണ്യ വികസനത്തിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) തൊഴിൽ നൈപുണ്യം, നൂതന സാങ്കേതികവിദ്യകൾ എന്നിവയ്ക്കായി സ്കിൽ ലൈസിയം (Skill lyceum) സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത സ്കിൽ ലൈസിയത്തിന്റെ സവിശേഷതകൾ അറിയിക്കുമോ;

(ഡി) ഇത് എന്നേയ്ക്ക് നിലവിൽവരുമെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ):

(എ) തൊഴിൽ നൈപുണ്യ വികസനത്തിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

നിലവിലുണ്ടായിരുന്ന മികവിന്റെ കേന്ദ്രങ്ങളിലെ പ്രവർത്തനം

- കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന നടത്തുന്ന നഴ്സിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന NICE, അദ്ധ്യാപകരുടെ നൈപുണ്യ വികസനത്തിനായി ആരംഭിച്ച CRETT (Centre for Research in Education and Teacher Training), സെക്യൂരിറ്റി മേഖലയിൽ പ്രവർത്തിക്കുന്ന CATS (Centre for Advanced Training in Security), എന്നിവയിലെ പരിശീലനങ്ങൾ പുരോഗമിച്ചുവരുന്നു. ഓയിൽ ആന്റ് റിഗ് മേഖലയിൽ പ്രവർത്തിക്കുന്ന ESPOiR (Enlighten Skills Programme for Oil & Rig)-ന്റെ വിവിധ ബാച്ചുകളിലായി പരിശീലനം പുരോഗമിച്ചുവരുന്നു.

പുതിയ മികവിന്റെ കേന്ദ്രങ്ങൾ (Centres of Excellence)

- നഴ്സിംഗ് മേഖലയിൽ ആസ്തേലിയ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന Health Careers International-മായി സഹകരിച്ച് കൊച്ചിയിൽ KGNLA (KASE Global Nursing Leadership Academay) ആരംഭിച്ചു.

- ഐ.ടി. ഇതര മേഖലകളിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള പരിശീലനം നൽകുന്നതിനായി Entrepreneurship Development Institute of India (EDI), Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ CEED (Centre of Excellence in Entrepreneurship Development) എന്ന സ്ഥാപനം പ്രവർത്തനമാരംഭിച്ചു.

- വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് മേഖലയിൽ ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനായി Green Method Engineering Pvt. Ltd. മായി 5-4-2017-ൽ ധാരണാപത്രം ഒപ്പിട്ടു.

കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

- ഡിസൈൻ മേഖലയിലെ നൈപുണ്യ വികസനത്തിനായി ആരംഭിച്ച കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ-ന്റെ പ്രവർത്തനം തുടർന്നുവരുന്നു.

കൗശൽ കേന്ദ്രങ്ങൾ

- യുവ സമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്ന പുതിയ നൈപുണ്യ വികസന കോഴ്സുകൾ കൗശൽ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കിവരുന്നു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC)

- കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ കൊല്ലം ജില്ലയിലെ ചവറയിൽ പ്രവർത്തനസജ്ജമാകുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ അക്കാഡമി (IIIC) യുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. 30-5-2018-ന് ULCCS-മായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ജൂലൈ മാസത്തോടുകൂടി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

എംപ്ലോയബിലിറ്റി സെന്ററുകൾ

- എംപ്ലോയബിലിറ്റി സെന്ററുകളുടെ നേതൃത്വത്തിൽ ചെറുതും വലുതുമായ 760-ൽപ്പരം തൊഴിൽമേളകൾ സംഘടിപ്പിക്കുക വഴി 14567 പേർക്ക് തൊഴിൽ ലഭ്യമാക്കി. എംപ്ലോയബിലിറ്റി സെന്ററുകളുടെ സുഗമമായ നടത്തിപ്പിനും പ്രവർത്ത നങ്ങൾക്കുമായി ഒരു ഓൺലൈൻ മാനേജ്മെന്റ് സംവിധാനം കെൽട്രോണിന്റെ സഹായത്തോടുകൂടി പ്രവർത്തനസജ്ജമാക്കി.

കരിയർ ഡെവലപ്മെന്റ് സെന്റർ (CDC)

- കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചു.

വെബ് അധിഷ്ഠിത ജോബ് പോർട്ടൽ പദ്ധതി

- നൈപുണ്യ വികസനം നേടിയിട്ടുള്ള തൊഴിൽ അന്വേഷകർക്കും തൊഴിൽദാതാക്കൾക്കും ഒരുപോലെ ഉപയോഗപ്രദമാകത്തക്ക രീതിയിൽ വെബ് അധിഷ്ഠിത ജോബ് പോർട്ടൽ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പ്രധാൻമന്ത്രി കൗശൽ വികാസ് യോജന PMKVY (2016-2020)

- 2020 ഓടുകൂടി 71450 യുവജനങ്ങളെ പരിശീലിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള പ്രധാൻമന്ത്രി കൗശൽ വികാസ് യോജന PMKVY (2016-2020) KASE മുഖേന സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ വിവിധ മേഖലകളിലായി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ KASE-ന്റെ അക്രഡിറ്റഡ് കോഴ്സുകൾ നടന്നുവരുന്നു.

| മേഖല | സ്ഥാപനം |
|---|---|
| ആരോഗ്യ സൗന്ദര്യ സംര ക്ഷണം | സ്കൂൾ ഓഫ് വെൽനസ് |
| മെക്കാനിക്കൽ എഞ്ചിനീയറിംഗ് | ഇൻഡസ്ക്കാൻ പെട്രോളിയം ഇൻസ്റ്റിറ്റ്യൂട്ട് |
| ഓട്ടോമേഷൻ | SMEC ഓട്ടോമേഷൻ പ്രൈവറ്റ് ലിമിറ്റഡ് |
| ആയുർവേദം | ധന്വന്തരി എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ സൊസൈറ്റി |
| ഫിസിയോതെറാപ്പി | JDT ഇസ്ലാം കോളേജ് ഓഫ് ഫിസിയോതെറാപ്പി |
| മറൈൻ | ഏരിയസ് ഇന്റർനാഷണൽ മാരിറ്റൈം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (AIMRI) |
| ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി | എത്തിയോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിൽ എക്സലൻസ്, പാലക്കാട് |
| ബാങ്കിംഗ്-ഫിനാൻസ് സർവ്വീസ്-ഇൻഷ്വറൻസ് | ഹെഡ്ജ് സ്കൂൾ ഓഫ് എക്കണോമിക്സ് (HSAE) |
| സയന്റിഫിക് ഇലക്ട്രോളിസിസ് | ലിലി അക്കാഡമി ഓഫ് സയന്റിഫിക് ഇലക്ട്രോളിസിസ് |
| മൾട്ടിമീഡിയ ആൻഡ് ആനിമേഷൻ | ഇൻഫോപ്രിസം സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, എപിക്ക ആനിമേറ്റിക്ക |
| ആർക്കിടെക്ചർ ആൻഡ് ഇന്റീരിയർ ഡിസൈൻ | ടെറാഫേം പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ് |
| കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ | ഇന്റർകാഡ് സിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ് |
| എഞ്ചിനീയറിംഗ് | ഇൻകെടെക് |
| സ്പോർട്സ് മാനേജ്മെന്റ് | സ്പോർട്സ് ആൻഡ് മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് |
| ബ്ലിറ്റ്സ് അക്കാഡമി | സിവിൽ മെക്കാനിക്കൽ കൃ.എ./കൃ.സി |
| ലൈഫ് സ്കിൽ ട്രെയിനിംഗ് ആൻഡ് ഡെവലപ്മെന്റ് | തോട്സ് അക്കാഡമി |

(ബി-ഡി) സംസ്ഥാനത്തിന്റെ നൈപുണ്യ വികസനപ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അവയ്ക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഏകോപിപ്പിക്കുന്നതിനുമായി ഒരു കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി

വിവിധ ഘടകങ്ങളടങ്ങിയ ഒരു ഭരണപരമായ ചട്ടക്കൂട് രൂപീകരിച്ചും ടി ചട്ടക്കൂടിന് കീഴിലായി സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിട്ടുള്ള കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-നെ സ്കിൽ സെക്രട്ടേറിയറ്റായി മാറ്റുകയും ചെയ്ത് ഉത്തരവായിരുന്നു. വിദ്യാഭ്യാസ വിചക്ഷണർ, വ്യവസായ പ്രമുഖർ, വിവിധ സ്ഥാപനങ്ങൾ/വകുപ്പുകൾ എന്നിവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊണ്ടുകൊണ്ട് പ്രസ്തുത സ്കിൽ സെക്രട്ടേറിയറ്റിന് ഒരു തിങ്ക്-ടാങ്ക് ആയി പ്രവർത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് വേൾഡ് സ്കിൽ ലൈസിയം വിഭാവനം ചെയ്തിരിക്കുന്നത്. വ്യവസായ മേഖലയുടെ ആവശ്യങ്ങളെക്കുറിച്ച് നിരന്തരമായ ഗവേഷണം നടത്തി ഭാവിയിൽ ഉയർന്നുവരാവുന്ന തൊഴിൽ മേഖലകളെ തിരിച്ചറിഞ്ഞ് ലോകത്തിന്റെ മാറുന്ന സാങ്കേതികവിദ്യയ്ക്കനുസരിച്ച് ഉചിതമായ നൈപുണ്യ പരിശീലന പദ്ധതികൾ നിലനിർത്തുകയും നടപ്പാക്കുകയും ചെയ്ത് സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുക എന്നതാണ് വേൾഡ് സ്കിൽ ലൈസിയത്തിന്റെ പ്രാഥമിക ലക്ഷ്യം. കൂടാതെ നൈപുണ്യ നയ രൂപീകരണത്തിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുക, ആയതിന്റെ അടിസ്ഥാനത്തിൽ കോഴ്സുകൾ വിഭാവനം ചെയ്യുക, നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക, സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയെല്ലാംതന്നെ വേൾഡ് സ്കിൽ ലൈസിയത്തിന്റെ ലക്ഷ്യങ്ങളാണ്. വേൾഡ് സ്കിൽ ലൈസിയം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനായി ഒരു കൺസൾട്ടന്റിനെ കണ്ടെത്തുന്നതിന് KASE-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത DPR തയ്യാറാക്കി ലഭ്യമാക്കുന്നമുറയ്ക്ക് ലൈസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ജലസ്രോതസ്സുകളുടെ മലിനീകരണം**

24 (*84) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളും പുഴകളും ഗുരുതരമായ തോതിൽ മലിനപ്പെടുകയാണെന്ന റിപ്പോർട്ടുകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, വൻകിട റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവയിൽനിന്നും പുറന്തള്ളുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നദികളെയും പുഴകളെയും മലിനപ്പെടുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇവിടങ്ങളിൽ ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തുന്നതിനും അവ നിരന്തരം നിരീക്ഷിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ;

(ഡി) നിലവിൽ പല നിയമങ്ങളും ഉണ്ടെങ്കിലും അവ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനം ദുർബലമായതാണ് നിയമലംഘനം നടത്തുന്നതിനുള്ള കാരണം എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുക;

(ഇ) 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമത്തിൽ ഭേദഗതി വരുത്തി ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കുള്ള ശിക്ഷാ നടപടികൾ കർശനമാക്കുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ-ബി) ഉണ്ട്.

(സി) വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വൻകിട റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകുന്നുവെന്നതിനാൽ ഈ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. ഇവിടങ്ങളിൽ നിന്നുമുള്ള പാഴ്ജലത്തിലെ ഘടകങ്ങൾ (parameters) അനുവദനീയ പരിധിയിലാണോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

താരതമ്യേന മലിനീകരണം കൂടുതലുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് Online Real time Monitoring സംവിധാനം ഏർപ്പെടുത്തിവരുന്നു.

സംസ്ഥാനത്തെ വ്യവസായ കേന്ദ്രമായ എറണാകുളം ജില്ലയിലെ പെരിയാറിന്റെ തീരത്തുള്ള വ്യാവസായിക മേഖലയുടെ മോണിറ്ററിംഗിനായി എൻവയോൺമെന്റ് സർവൈലൻസ് സെന്റർ എന്ന പേരിൽ ഏലൂരുള്ള കൺട്രോൾ റൂമോടുകൂടിയ ബോർഡിന്റെ ജില്ലാ ഓഫീസ് 24 മണിക്കൂറും പ്രവർത്തനസജ്ജമാണ്. ഈ മേഖലയിൽ നിരീക്ഷണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സർവൈലൻസ് വാൻ പ്രവർത്തന സജ്ജമാണ്.

(ഡി) ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം പാഴ്ജലം ഒഴുക്കുന്നതിന് വ്യവസായ സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി നേടേണ്ടത് ആവശ്യമാണ്. ടി അനുമതി നൽകുന്നതിനുള്ള പരിശോധനകളിലും തുടർന്ന് നൽകുന്ന അനുമതി പത്രങ്ങളിലെ നിബന്ധനകളിലും മലിനീകരണ നിയന്ത്രണത്തിനുതകുന്ന നിർദ്ദേശങ്ങൾ നൽകുകയും തുടർന്നുള്ള പരിശോധനകളിൽ ഇവ നടപ്പിലാക്കുന്നത് ബോർഡ് നിരീക്ഷിച്ചുവരികയും ചെയ്യുന്നു.

വീടുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽനിന്നും മലിനജലം ഒഴുക്കിവിടുന്നത്/ ഖര മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്പോട്ട് ഫൈൻ ഈടാക്കാവുന്നതാണ്.

(ഇ) 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പുറപ്പെടുവിച്ചിട്ടുള്ള ടി ഓർഡിനൻസ് പ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കുള്ള ശിക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്. മൂന്ന് വർഷം വരെ തടവ് ശിക്ഷയും ഒപ്പം രണ്ട് ലക്ഷം രൂപ വരെ പിഴയും ഈടാക്കുന്ന തരത്തിലാണ് ഭേദഗതി വരുത്തിയിട്ടുള്ളത്.

**ക്ഷീരസഹകരണ സംഘങ്ങൾ**

25 (*85) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ബാബു :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനും ആധുനികവത്കരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷീരസഹകരണ സംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ മുൻകാലങ്ങളിലേക്കാൾ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ക്ഷീരസഹകരണ സംഘങ്ങൾക്ക് നിലവിൽ നൽകിവരുന്ന ധനസഹായ പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) ക്ഷീരസഹകരണ മേഖലയെക്കുറിച്ച് പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴവൻ സംഭരിച്ച് ന്യായമായ വില ലഭ്യമാക്കുകയും ക്ഷീരസഹകരണ സംഘങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ രൂപീകരിച്ചും നിലവിലുള്ളവയുടെ പ്രവർത്തനം വിപുലീകരിച്ചും ക്ഷീര സഹകരണ സംഘങ്ങളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിനും വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ക്ഷീര സംഘങ്ങളെയും ഡയറികളെയും ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്ക്, പാൽ സൊസൈറ്റികളിലെ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ എന്നീ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ക്ഷീര സംഘങ്ങളുടെ ആധുനിക വൽക്കരണം, ആട്ടോമേഷൻ എന്നിവയ്ക്കായി 2017-18-ൽ 25.85 കോടി രൂപ വകയിരുത്തിയിരുന്നു. ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണ മുറി, ഗോഡൗൺ, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ, ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റ്, ഇൻഫർമേഷൻ കിയോസ്ക്, ക്ഷീരസംഘങ്ങളിൽ ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ധനസഹായം, പുതിയസംഘം രൂപീകരണം, പുനരുദ്ധാരണം, ഭക്ഷ്യസുരക്ഷാ നിയമത്തിന് അനുസൃതമായ പരിശീലന പരിപാടികൾ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് പ്രധാന മായും ഈ തുക വിനിയോഗിക്കുന്നത്. ക്ഷീര സംഘങ്ങളുടെ ശാക്തീകരണത്തിനും ആധുനികവൽക്കരണത്തിനുമായി മിൽമയുടെ കീഴിലുള്ള മൂന്ന് മേഖലായൂണിയനുകൾ വൈവിദ്ധ്യമാർന്ന നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പാൽ സംഭരണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2016-17 വർഷം ആകെ 594034887 ലിറ്റർ പാൽ ക്ഷീര സഹകരണ സംഘങ്ങൾ മുഖേന സംഭരിച്ചു. 2017-18-ൽ 664212532 ലിറ്റർ പാലും സംഭരിച്ചിട്ടുണ്ട്. 11.81 ശതമാനത്തിന്റെ വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്.

(സി)

1. പുതിയതായി രജിസ്റ്റർ ചെയ്യുന്ന ക്ഷീരസഹകരണ സംഘങ്ങൾക്കും പൂട്ടിക്കിടക്കുന്ന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും 61,500 രൂപ മാനേജീരിയൽ സബ്സിഡിയായി അനുവദിക്കുന്നു.

2. ക്ഷീര സഹകരണ സംഘങ്ങളുടെ അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി പ്രകാരം 1,20,000 രൂപയുടെ ധനസഹായം അനുവദിക്കുന്നു. ഈ പദ്ധതിയിലൂടെ സംഘത്തിന് ആവശ്യമുള്ള ഏത് വികസന പ്രവർത്തനങ്ങളും നടത്താവുന്നതാണ്.

3. ഹൈജീനിക് മിൽക് കളക്ഷൻ റൂം/സ്റ്റോറേജ് റൂമുകളുടെ നിർമ്മാണത്തിനായി 3,75,000 രൂപയുടെ ധനസഹായം അനുവദിക്കുന്നു.

4. ക്ഷീരസഹകരണ സംഘങ്ങളിൽ ഫാർമേഴ്സ് ഫെസിലിറ്റേഷൻ-കം -ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിന് 5,25,000 രൂപയുടെ ധനസഹായം അനുവദിക്കുന്നു.

5. ഫുഡ്സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് ആക്ടുമായി ബന്ധപ്പെട്ട് ക്ഷീര സഹകരണ സംഘങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി പരമാവധി 45,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

കൂടാതെ, 2017 ഫെബ്രുവരി മാസം പാലിന്റെ സംഭരണ വില വർദ്ധിപ്പിക്കുകയുണ്ടായി. ആനുപാതികമായി വർദ്ധനവിനോടൊപ്പം ഒറ്റത്തവണ വർദ്ധനവായി ലിറ്ററിന് 16 പൈസവീതം ക്ഷീരസഹകരണ സംഘങ്ങൾക്ക് അധിക മാർജിൻ അനുവദിക്കുകയുണ്ടായി.

(ഡി) ഉണ്ട്. കേരളത്തിലെ ത്രിതല ക്ഷീരസഹകരണ മേഖലയെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീമതി ലിഡാ ജേക്കബ് ഐ.എ.എസ്. (റിട്ടയേർഡ്) ചെയർപേഴ്സണായും ഡോ. മുകുന്ദദാസ് (ഡയറക്ടർ, ചന്ദ്രഹ്പ്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, പാറ്റ്ന), ശ്രീ.എം.വി.ശശികുമാർ (പ്രിൻസിപ്പൽ, ICM കണ്ണൂർ) എന്നിവർ അംഗങ്ങളായും ശ്രീ. ജോർജ് കുട്ടി ജേക്കബ്, ഡയറക്ടർ (റിട്ടയേർഡ്) ക്ഷീരവികസന വകുപ്പ്, മെമ്പർ സെക്രട്ടറിയുമായും നാലംഗ സമിതിയെ 30-6-2017-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 74/2017/ഡിഡി ഉത്തരവ് പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ടി സമിതിയുടെ പഠന റിപ്പോർട്ട് ഇപ്പോൾ ലഭ്യമായിട്ടുണ്ട്.

**ലഹരിവസ്തുക്കളുടെ കടത്ത് തടയുന്നതിന് നടപടി**

26(*86) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളെയും വിനോദസഞ്ചാരികളെയും ലക്ഷ്യമിട്ടുകൊണ്ട് കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് കർശനമായി തടയുന്നതിന് അതിർത്തി ചെക്ക്പോസ്റ്റ് സംവിധാനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) എൻഫോഴ്സ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തുന്ന ഡിജിറ്റൽ വയർലെസ് സംവിധാനത്തെയും മറ്റ് ആധുനീകരണ ശാക്തീകരണ പ്രവർത്തനങ്ങളെയും കുറിച്ച് വ്യക്തമാക്കുമോ;

(സി) ലഹരിക്കെതിരെയുള്ള പോരാട്ടം ശക്തമാക്കുന്നതിന് ഉദ്യോഗസ്ഥരുടെ അംഗബലത്തിൽ ആവശ്യാനുസൃതമായ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വിമുക്തി മിഷന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ):

(എ) കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ട് വരുന്നത് കർശനമായി തടയുന്നതിന് അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുകയും എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തുന്നുണ്ട്. രാത്രികാലങ്ങളിലെ പരിശോധനകൾ സുഗമമായി നടത്തുന്നതിലേയ്ക്കായി ഡസ്റ്റ് മാസ്കുകൾ, കുടകൾ, ഫ്ലൂറസന്റ് ജാക്കറ്റുകൾ, ട്രാഫിക് കോണുകൾ എന്നിവ വിതരണം ചെയ്യുകയും 25 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ ഹൈമാസ്റ്റ് ലൈറ്റുകളും വൈദ്യുതി ചെന്നെത്താത്ത 2 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. വാഹനമില്ലാതിരുന്ന കേരളത്തിലെ പ്രധാനപ്പെട്ട 20 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ 160 സിസി ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്യുകയും എക്സൈസ് ചെക്ക്പോസ്റ്റുകളിൽ വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി 14 ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. സംവിധാനം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എൻഫോഴ്സ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എക്സൈസ് ഡിപ്പാർട്ട്മെന്റിൽ വയർലെസ് സ്ഥാപിക്കുന്നതിന്റെ ആദ്യപടിയായി എറണാകുളം, പാലക്കാട് ജില്ലകളിലെ എല്ലാ ഓഫീസുകളിലും വാഹനങ്ങളിലും വയർലെസ്സ് സംവിധാനം സ്ഥാപിക്കുന്നതിനായി രണ്ട് കോടി രൂപയുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എക്സൈസ് ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് സോഫ്റ്റ്വെയർ രൂപീകൃതമായതിന്റെ ഫലമായി മുതിർന്ന ഉദ്യോഗസ്ഥർക്ക് കേസുകളുടെ അന്വേഷണം നിരീക്ഷിക്കുവാനും നിർദ്ദേശം നൽകുവാനും സാധിക്കുന്നുണ്ട്.

(സി) ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ ശക്തമാക്കുന്നത് ലക്ഷ്യമിട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 244 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കാറ്റഗറി തിരിച്ച് തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ | 8 |
| 2 | എക്സൈസ് ഇൻസ്പെക്ടർ | 6 |
| 3 | എക്സൈസ് പ്രിവന്റീവ് ഓഫീസർ | 16 |
| 4 | സിവിൽ എക്സൈസ് ഓഫീസർ | 64 |
| 5 | വനിതാ സിവിൽ എക്സൈസ് ഓഫീസർ | 138 |
| 6 | എക്സൈസ് ഡ്രൈവർ | 8 |
| 7 | ജൂനിയർ സയന്റിഫിക് ഓഫീസർ | 1 |
| 8 | ലാബ് അസിസ്റ്റന്റ് | 1 |
| 9 | പാർട്ട്- ടൈം സ്വീപ്പർ | 2 |

(ഡി) 'വിമുക്തി'യുടെ ഗവേണിംഗ് ബോഡി യോഗം 16-5-2018-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും വിമുക്തി മിഷന്റെ ഭാഗമായി നടത്തിയ പ്രധാന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിപ്രവർത്തനങ്ങൾക്കുള്ള രൂപരേഖ സംബന്ധിച്ച് ചർച്ച നടത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിമുക്തി മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും വിമുക്തി മിഷൻ പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ചർച്ച ചെയ്യുകയും നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിരുന്നു.

**അപ്നാഘർ പദ്ധതി**

27(*87) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലെ അസംഘടിത മേഖലയിൽ ജോലിചെയ്യുന്ന കുറഞ്ഞ വരുമാനമുള്ള തൊഴിലാളികൾക്കായി 'അപ്നാഘർ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) നിലവിൽ എവിടെയൊക്കെയാണ് ഈ പദ്ധതി പ്രകാരം ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുള്ളത്; അവയുടെ വിതരണം പൂർത്തിയായിട്ടുണ്ടോ;

(സി) തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടും പ്രസ്തുത പദ്ധതി പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ഡി) തോട്ടം മേഖലയിലെ തൊഴിലാളികൾക്കായി 'സ്വന്തം വീട്' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇത് പ്രകാരം ഏതൊക്കെ സ്ഥലങ്ങളിൽ അവർക്കായി വീട് നിർമ്മിച്ച് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ):

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ ഹോസ്റ്റൽ, കുറഞ്ഞ നിരക്കിൽ വാടക ഈടാക്കി നൽകുന്ന പദ്ധതിയാണ് "അപ്നാഘർ."

നഗര പ്രദേശങ്ങളിലെ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന കുറഞ്ഞ വരുമാനക്കാർക്കായി 'ജനനി' എന്ന പേരിൽ പാർപ്പിട പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 'അപ്നാഘർ' പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് 640 ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസിക്കുന്നതിനുള്ള ഹോസ്റ്റൽ സൗകര്യം പൂർത്തിയായിട്ടുണ്ട്. വിതരണ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

'ജനനി' പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ അടിമാലി ഗ്രാമപഞ്ചായത്തിൽ ഫ്ലാറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. അലോട്ട്മെന്റിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എറണാകുളം ജില്ലയിൽ പെരുമ്പാവൂരിലെ പോഞ്ഞാശ്ശേരി പഞ്ചായത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൊച്ചി നഗരസഭയിലെ കാക്കനാട്, പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 'അപ്നാഘർ' പദ്ധതി നടപ്പിലാക്കുന്നതിന് എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും കോഴിക്കോട് ജില്ലയിൽ രാമനാട്ടുകരയിലും ഭവനം ഫൗണ്ടേഷൻ കേരള കിൻഫ്രയിൽനിന്നും ഒരു ഏക്കർ വീതം 30 വർഷത്തേയ്ക്ക് പാട്ടത്തിന് സ്ഥലം എടുത്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ചെമ്പഴന്തിയിൽ സ്ഥലം കണ്ടെത്തുകയുണ്ടായി. ജില്ലാ കളക്ടറുടെ ഡിസ്ട്രിക്ട് ലെവൽ പർച്ചേസ് കമ്മിറ്റി നിശ്ചയിക്കുന്ന വിലയ്ക്ക് സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. " ഭവനം പദ്ധതി- തോട്ടം മേഖലയിൽ സ്വന്തം വീട് സ്കീം മൂന്നാറിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആദിവാസികൾക്ക് വനവിഭവങ്ങളിലുള്ള അവകാശം**

28(*88) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികൾക്ക് ചെറുകിട വന വിഭവങ്ങളിലുള്ള അവകാശം അനുവദിച്ച് സാമൂഹികാവകാശരേഖ നല്കുന്ന നടപടി പൂർത്തിയായോ; വിശദമാക്കാമോ;

(ബി) വനവിഭവങ്ങൾ മൂല്യവർദ്ധന നടത്തി വിപണിയിലെത്തിക്കുന്ന വനശ്രീ സംവിധാനം കാര്യക്ഷമമാണോ; ആയത് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തലമുറകളായി ആദിവാസികൾ നട്ടുവളർത്തിയതോ പരിപാലിച്ച് വരുന്നതോ ആയ ആഞ്ഞിലി, പ്ലാവ് തുടങ്ങിയ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുവാദം അവർക്ക് നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനത്തിനുള്ളിലുള്ള ആദിവാസികൾക്ക് സാമൂഹികാവകാശം കൽപ്പിച്ചുനൽകുന്ന നടപടി പൂർത്തിയായിട്ടില്ല. സംസ്ഥാനതലത്തിൽ ആകെ ലഭിച്ച 978 അപേക്ഷകളിൽ 345 എണ്ണം ജില്ലാതല കമ്മിറ്റി (DLC) അംഗീകരിക്കുകയും അതിൽ 164 എണ്ണത്തിൽ സാമൂഹികാവകാശരേഖ നൽകുകയും ചെയ്തിട്ടുണ്ട്. മറ്റുള്ള അപേക്ഷകളിൽ വിവിധതലങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു. അവകാശം ഉന്നയിച്ചിട്ടുള്ള വനപ്രദേശത്തിന്റെ സർവ്വേ മാപ്പ് തയ്യാറാക്കുന്നതിലുള്ള കാലതാമസവും ഒരേ വനപ്രദേശത്ത് ഒന്നിലധികം ആദിവാസി ഊരുകളുടെ അവകാശത്തിനുള്ള ആവശ്യവുമാണ് നടപടി വൈകാൻ കാരണമാകുന്നത്. നടപടികൾ ത്വരിതപ്പെടുത്തി രേഖകൾ നൽകുന്ന നടപടി പൂർത്തീകരിക്കാൻ എല്ലാ കൺസർവേറ്റർ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വനശ്രീ സംവിധാനം നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ആയത് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പട്ടികവർഗ്ഗ സെറ്റിൽമെന്റിൽനിന്നും ആഞ്ഞിലിയും പ്ലാവും മുറിക്കാൻ പട്ടികവർഗ്ഗക്കാർക്ക് അനുമതി നൽകിക്കൊണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ സഹിതം

27-5-2017-ൽ ജി.ഒ.(എം.എസ്.) 28/2017/വനം ആയി സർക്കാർ ഉത്തരവായിരുന്നു. എന്നാൽ 21-12-2017-ൽ WP(C) 21051/2016 അടക്കം 10 കേസുകളിൽ ഹൈക്കോടതി പൊതുവായി പുറപ്പെടുവിച്ച ഉത്തരവിൽ 1980-ലെ വന (സംരക്ഷണ) നിയമത്തിലെ നിയന്ത്രണങ്ങൾക്ക് വിരുദ്ധമായി കൈവശ രേഖയുടെ അടിസ്ഥാനത്തിൽ വനത്തിൽ താമസിക്കുന്നവർക്ക് മരങ്ങൾ മുറിച്ച് നീക്കം ചെയ്യാൻ കഴിയില്ലെന്നും 1980-ലെ നിയമത്തിനുവിരുദ്ധമായി കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഏതെങ്കിലും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന് നിയമപ്രാബല്യം ഉണ്ടായിരിക്കുന്നതല്ലെന്നും അത്തരം ഉത്തരവുകൾ സർക്കാർ പിൻവലിക്കണമെന്നും എന്നാൽ വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിച്ചവർ അവരുടെ ഉപജീവനമാർഗ്ഗം എന്ന നിലയ്ക്ക് സ്വന്തമായി കൃഷി ചെയ്തുണ്ടാക്കിയതോ, നട്ടതോ ആയ മരങ്ങൾ മുറിക്കുന്നതിന് അനുവദിക്കാവുന്നതാണെന്നും കൈവശക്കാർക്ക് അപകടകരമായി നിൽക്കുന്ന മരങ്ങളും മുറിക്കാൻ അനുവദിക്കാവുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിച്ച് ആദിവാസികൾ നട്ടുവളർത്തിയ വൃക്ഷങ്ങളും അപകടകരമായി നിൽക്കുന്ന മരങ്ങളും മുറിക്കുന്നതിനേ നിയമ പ്രാബല്യമുള്ളൂ. കൈവശരേഖ ലഭിച്ച ഭൂമിയിൽ സ്വാഭാവികമായി നിൽക്കുന്ന മരങ്ങൾ മുറിക്കുന്നത് നിയമവിരുദ്ധമാണ്.

**വിമുക്തി മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് നടപടി**

29(*89). ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി വർജന മിഷൻ 'വിമുക്തി'യുടെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും ഇത് കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) 'വിമുക്തി'യുടെ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനായി കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ വീടുകളിൽ സ്റ്റിക്കർ പതിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ;

(സി) പ്രസ്തുത മിഷന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്സവങ്ങളോടും ആഘോഷങ്ങളോടും അനുബന്ധിച്ച് ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്ത്, പൊതുവെ യുവജനങ്ങൾക്കിടയിലും വിദ്യാർത്ഥികൾക്കിടയിലും മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപഭോഗം തടയുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അവ കൂടുതൽ ഫലപ്രദമാക്കുന്നതിന് സംസ്ഥാന/ജില്ലാ/ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ പഞ്ചായത്ത്/ വാർഡ്തല കമ്മിറ്റികൾ രൂപീകരിച്ച്, കുടുംബശ്രീ, സ്കൂൾ/കോളേജ്തല ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എസ്.പി.സി., എൻ.സി.സി., യുവജന ബഹുജന സംഘടനകൾ, സംസ്ഥാന ലൈബ്രറി കൗൺസിൽ, എൻ.ജി.ഒ.-കൾ എന്നിവരുടെ സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഗവേണിംഗ് ബോഡിയും ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി അദ്ധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി ഗാന്ധിജയന്തി, അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനം എന്നീ ദിനങ്ങളിൽ പ്രത്യേക ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയും യുവജനങ്ങളിൽ കായിക അഭിരുചി വളർത്തിയെടുക്കുന്നതിന് കായികലഹരി എന്ന പേരിൽ കായിക മത്സരങ്ങൾ സംഘടിപ്പിച്ചും വരുന്നുണ്ട്.

വിമുക്തി മിഷന്റെ ബോധൽക്കരണ സ്റ്റിക്കറുകൾ എൻ.എസ്.എസ്. വോളണ്ടിയർമാരുടെ സഹകരണത്തോടെ കെ.എസ്.ആർ.റ്റി.സി. ബസ്സുകളിലും കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടെ വീടുകളിലും പതിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മന്ത്രിസഭയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് സംസ്ഥാനത്തെ ആദിവാസി ഊരുകളിലും ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉത്സവസ്ഥലങ്ങളിൽ സ്റ്റാളുകൾ സ്ഥാപിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നുണ്ട്.

(ബി) വിമുക്തിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വീടുകളിലും കുടുംബശ്രീ വഴി പതിക്കുന്നതിന് 40 ലക്ഷം വിമുക്തി സ്റ്റിക്കർ തയ്യാറാക്കി കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും എത്തിച്ചുനൽകിയിട്ടുണ്ട്. സ്റ്റിക്കറുകൾ വീടുകളിൽ പതിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) വിമുക്തി മിഷൻ ഉത്സവങ്ങളുടെയും ആഘോഷങ്ങളുടെയും ഭാഗമായി സംസ്ഥാനമൊട്ടാകെ വിമുക്തി ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ചും മന്ത്രിസഭയുടെ രണ്ടാം വാർഷികം പ്രമാണിച്ച് എല്ലാ ജില്ലകളിലും ആറുകാൽ പൊങ്കാല, ബീമാപള്ളി ഉറൂസ് തുടങ്ങിയ ആഘോഷത്തോടനുബന്ധിച്ചും വളരെ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിമുക്തി പവലിയനിലൂടെ തയ്യാറാക്കിയിട്ടുണ്ട്.

**ക്ഷീരമേഖലയിലെ പ്രവർത്തനങ്ങൾ**

30(*90) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്യുല്പാദനശേഷിയുള്ള കിടാരികളുടെയും തീറ്റപ്പുൽ, കാലിത്തീറ്റ എന്നിവയുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായി ക്ഷീരമേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ക്ഷീര സഹകരണ സംഘങ്ങളെ ശാക്തീകരിച്ച് അവ വഴിയുള്ള പാൽ സംഭരണം വർദ്ധിപ്പിക്കാൻ സാദ്ധ്യമായിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള ത്രിതല ക്ഷീര സഹകരണ മേഖലയെക്കുറിച്ച് പഠിക്കാനായി നിയോഗിച്ച കമ്മിറ്റിയുടെ കണ്ടെത്തലുകളും ശിപാർശകളും എന്തെല്ലാമാണ്; വിവിധ തലങ്ങളിലുള്ള സംഘങ്ങളുടെ ഭരണ സമിതിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് ജനാധിപത്യപരവും കർഷക പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതുമാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് അത്യുല്പാദന ശേഷിയുള്ള കറവ പശുക്കളുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പാലുല്പാദന വർദ്ധനവിനായി കറവ പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയായ ഹീഫർ പാർക്ക്, ഒരു ദിവസം മുതൽ 90 ദിവസം വരെ പ്രായമുള്ള കന്നുകുട്ടികളെ ദത്തെടുത്ത് അവയ്ക്ക് ആവശ്യമായ പോഷകാഹാരം നൽകി അത്യുല്പാദനശേഷിയുള്ള ഉരുക്കളായി വളർത്തിയെടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള കാഫ് അഡോപ്ഷൻ പ്രോഗ്രാം (കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി), സമീകൃത തീറ്റയുടെ ഉപഭോഗം പരമാവധി കുറയ്ക്കുന്നതിന് തീറ്റപ്പുൽകൃഷി പ്രോത്സാഹന പദ്ധതി, ക്ഷീരസഹകരണ സംഘത്തിൽ പാൽ അളക്കുന്ന

കർഷകർക്ക് സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് 1 രൂപ ക്രമത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.ടി.) പ്രകാരം കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കൂടാതെ ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെകീഴിൽ പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാ ഫീഡ്സ് ലിമിറ്റഡും മിൽമയും കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് കേരളത്തിലുടനീളം വിതരണം ചെയ്യുവരുന്നു. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് കിടാരികളുടെയും തീറ്റപ്പുല്ലിന്റെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തിനനുസൃതമായി, ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജം ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തെ എല്ലാ കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും കൃത്യസമയത്ത് ലഭ്യമാക്കൽ, കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ കേന്ദ്ര കൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള, സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളിൽനിന്നും വാങ്ങി, അവയുടെ ബീജവും ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്യൽ, 2008-ലെ കന്നുകാലി പ്രജനന നയം സമൂലമായി പുനരവലോകനം ചെയ്യുകയും പുതിയ കന്നുകാലി പ്രജനന നയം 2018 ജൂൺ മാസത്തിൽ പ്രഖ്യാപിക്കുന്നതിനുമുള്ള നടപടികൾ, പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിനായി, കാനഡയിൽനിന്നും ലിംഗനിർണ്ണയം നടത്തിയ 16000 ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യൽ, പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നല്ലയിനം തീറ്റപ്പുൽ ഉൽപ്പാദിപ്പിക്കുന്നതിന് കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനായി വിവിധ പദ്ധതികൾ എന്നിവയാണ് പ്രസ്തുത പ്രവർത്തനങ്ങൾ.

കൂടാതെ കുടുംബശ്രീ യൂണിറ്റുകൾ മുഖേന തീറ്റപ്പുൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഏക്കറൊന്നിന് പതിനാറായിരം രൂപ (16,000) വരെ ധനസഹായം, കർഷകർക്ക് പരിശീലനവും നടീൽ വസ്തുക്കളും സൗജന്യമായി നൽകുകയും ചെയ്യുവരുന്നുണ്ട്.

സംസ്ഥാനത്തിന് അനുയോജ്യമായ തീറ്റപ്പുൽ ഇനങ്ങളുടെ വിത്തുകൾ വാങ്ങി, ഗുണപരിശോധനകൾ നടത്തി ക്ഷീരവികസന വകുപ്പ്, പാൽ സൊസൈറ്റികൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവ മുഖേന കർഷകർക്ക്

സൗജന്യമായി വിതരണം ചെയ്യുവരുന്നു. കർഷകരുടെയും വിവിധ ഏജൻസികളുടെയും കൈവശമുള്ള കൃഷിയിടങ്ങൾ തെരഞ്ഞെടുത്ത്, ഒരേക്കർ വീതമുള്ള പുൽകൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 75,000 രൂപ വരെ യൂണിറ്റൊന്നിന് ധനസഹായം നൽകിവരുന്നു.

മിൽമയുടെകീഴിലുള്ള മൂന്ന് മേഖലാ യൂണിറ്റുകൾ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പാൽ സംഭരണം വർദ്ധിപ്പിക്കാൻ സാദ്ധ്യമായിട്ടുണ്ട്. 2016-17-ൽ പ്രതിദിന സംഭരണം 16.27 ലക്ഷം ലിറ്ററിൽനിന്നും 2017-18-ൽ 18.20 ലക്ഷം ലിറ്ററായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ത്രിതല ക്ഷീരമേഖലയെ കുറിച്ച് പഠിക്കാനായി നിയോഗിച്ച കമ്മിറ്റിയുടെ കണ്ടെത്തലുകളും ശിപാർശകളും ലഭ്യമായിട്ടുണ്ട്. റിപ്പോർട്ടിലെ നിഗമനങ്ങളും ശിപാർശകളും പഠിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഗവൺമെന്റ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രാതിനിധ്യം

1 (828) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവ. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രാതിനിധ്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) എങ്കിൽ, അവർക്കുകൂടി പ്രാതിനിധ്യം കിട്ടുന്ന തരത്തിൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതടക്കമുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളിൽ പട്ടികജാതി പട്ടികവർഗ്ഗ പ്രതിനിധികളെ ഉൾപ്പെടുത്തുന്ന കാര്യം ആരോഗ്യ വകുപ്പുമായി ചേർന്ന് പരിശോധിക്കുന്നതാണ്.

**ഞാറക്കൽ സീഷോർ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ**

2 (829) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഞാറക്കൽ സീഷോർ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ടു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യം പരിഹരിക്കുന്നതിനും നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ;വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വയംപര്യാപ്തത ഗ്രാമം പദ്ധതി 2013-14 പ്രകാരം വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഞാറയ്ക്കൽ സീഷോർ കോളനിയിലെ പ്രവൃത്തികൾ നിർവ്വഹണ ഏജൻസിയായ എഫ്.ഐ.റ്റി.-യെ ഏൽപ്പിക്കുകയും രണ്ട് ഗഡുക്കളായി 65 ലക്ഷം രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസി തൃപ്തികരമാംവണ്ണം പ്രവർത്തിച്ചിട്ടില്ല. മഴക്കാലമാകുമ്പോൾ കോളനിയുടെ സ്ഥിതി കൂടുതൽ വഷളാകുമെന്നതിനാൽ അതിന് മുമ്പ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിരുന്നു. പദ്ധതി നടത്തിപ്പിൽ ഇതിനുശേഷം പുരോഗതി ഉണ്ടായിട്ടില്ല.

നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പുനരാരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികവിഭാഗങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ**

3 (830) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന 'വാത്സല്യനിധി', 'ഗോത്ര വാത്സല്യനിധി' എന്നീ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിലെ സർക്കാർ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം നല്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പട്ടികജാതി വികസന വകുപ്പിൽ 2017-18 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തി നടപ്പിലാക്കി വരുന്ന 'വാത്സല്യ നിധി' പദ്ധതിയിൽ 1-4-2017 മുതൽ ജനിച്ച 2555 പെൺകുട്ടികൾക്കായി 39,000 രൂപ വീതം ഫസ്റ്റ് ഇൻസ്റ്റാൾമെന്റ് ഇനത്തിൽ എൽ.ഐ.സി.-യിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനുള്ള നടപടികൾ കെൽട്രോണുമായി ചേർന്ന് ഉടൻ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള അവസാന ഘട്ടിത്തിലാണ്.

ടി പദ്ധതിക്കായി നാല് ഇൻസ്റ്റാൾമെന്റുകളിലായി 39,000, 36,000, 33,000, 30,000 എന്നിങ്ങനെ 1,38,000 രൂപ, പദ്ധതിയിൽ ഉൾപ്പെടുന്ന ഓരോ കുട്ടിയുടെയും പേരിൽ എൽ.ഐ.സി.-യിൽ സർക്കാർ വിഹിതമായി നിക്ഷേപിക്കും.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി ആവിഷ്കരിച്ച ഗോത്ര വാത്സല്യനിധി പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷം കണ്ടെത്തിയ 801 കുട്ടികളിൽ എല്ലാ രേഖകളും ഹാജരാക്കിയ 558 പെൺ കുട്ടികളെ ഇൻഷ്വർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2018-19 സാമ്പത്തിക വർഷം ഇൻഷ്വർ ചെയ്യേണ്ട കുട്ടികളുടെ വിവരങ്ങൾ ശേഖരിച്ചു വരികയാണ്.

ഇൻഷ്വർ ചെയ്യുന്ന പെൺകുട്ടികളുടെ ജനന സർട്ടിഫിക്കറ്റ് ലഭിക്കുമ്പോൾ ആദ്യഗഡുവായി 39,000 രൂപയും, പെൺകുട്ടിക്ക് 5 വയസ് പൂർത്തിയാകുമ്പോൾ 2-ാം ഗഡുവായി 36,00 രൂപയും, 10 വയസ് പൂർത്തിയാകുമ്പോൾ 4-ാം ക്ലാസ്സിൽ പ്രവേശിക്കുമ്പോൾ 3-ാം ഗഡുവായി 33,000 രൂപയും, 15 വയസ് പൂർത്തിയാകുമ്പോൾ 4-ാം ഗഡുവായി 30,000 രൂപയും, ഉൾപ്പെടെ 1,38,000 രൂപ സർക്കാർ വിഹിതമായി അടയ്ക്കുന്നു.

(സി) ഗോത്ര വാത്സല്യനിധി പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന പെൺകുട്ടിക്ക് 2 വയസ് പൂർത്തിയായി പ്രതിരോധ കുത്തിവയ്പ്പ് എടുക്കുമ്പോൾ മാതാപിതാക്കൾക്ക് 2000 രൂപയും 5 വയസ് പൂർത്തിയായി സ്കൂളിൽ/ അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3000 രൂപയും 10 വയസ് പൂർത്തിയായി 4-ാം ക്ലാസ്സിൽ പ്രവേശിക്കുമ്പോൾ 5,000 രൂപയും 10-ാം ക്ലാസ് പഠനം പൂർത്തിയാക്കുമ്പോൾ 10,000 രൂപയും ധനസഹായമായി ലഭിക്കുന്നു. പെൺകുട്ടിക്ക് 18

വയസ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുക ലംപ്സം ആയി കുട്ടിക്ക് ലഭിക്കുന്നു. കൂടാതെ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടാൽ ചുവടെ പറയുന്ന ആനുകൂല്യം ലഭിക്കുന്നു.

1. അപകടമരണം സംഭവിച്ചാൽ 4 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.

2. സാധാരണ മരണമാണെങ്കിൽ 2 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.

3. കൂടാതെ മാതാപിതാക്കളിൽ രണ്ടാമത്തെയാൾ മരണപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു.

ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് അപകടം സംഭവിച്ചാൽ ചുവടെ പറയുംപ്രകാരം ആനുകൂല്യം ലഭിക്കുന്നു.

1. അപകടംമൂലം പൂർണ്ണമായും ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ 2 ലക്ഷം രൂപയും ലഭിക്കുന്നു.

2. അപകടംമൂലം ഭാഗികമായി ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ 1 ലക്ഷം രൂപയും ലഭിക്കുന്നു.

പട്ടികജാതി വികസന വകുപ്പിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി**

4 (831) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പി.കെ.കാളൻ കുടുംബക്ഷേമപദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതി ഇതിനകം എവിടെയൊക്കെയാണ് നടപ്പിലാക്കിയിട്ടുളളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ മേഖലകൾക്ക് പുറത്ത് എല്ലാ ജില്ലകളിലും ചിന്നിചിതറി താമസിക്കുന്ന ഒറ്റപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഫലങ്ങൾ ലഭിക്കുന്നില്ല. ഇത്തരം കുടുംബങ്ങളെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ദാരിദ്ര്യത്തിൽനിന്നും കരകയറ്റുന്നതിന് കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെയാണ് പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പ് പ്രാഥമിക സർവ്വെ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 7679 പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് മൈക്രോപ്ലാനുകൾ രൂപീകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് സർക്കാർ വകുപ്പുകളുമായി ഏകോപിപ്പിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ആരോഗ്യം, കുടിവെള്ളം ശുചിത്വം, കാർഷികം, ജലസേചനം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ പദ്ധതികൾ ഇതിലുൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പി.കെ. കാളൻ കുടുംബ പദ്ധതി ആലപ്പുഴ ജില്ലയിലെ ആര്യനാട്, മണ്ണഞ്ചേരി, മാരാരിക്കുളം സൗത്ത്, മാരാരിക്കുളം നോർത്ത്, ആലപ്പുഴ നഗരസഭ എന്നീ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലെ മൈക്രോപ്ലാനുകൾ തയ്യാറാക്കി ടി മേഖലയിലെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ 5 കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മൈക്രോപ്ലാനുകൾ രൂപീകരിക്കുന്നതിന്റെ അന്തിമ ഘട്ടത്തിലാണ്. മറ്റ് ജില്ലകളിലെ കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ 2018-19-ൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആദിവാസി യുവാക്കൾക്ക് പി.എസ്.സി. പരീക്ഷാ പരിശീലന സൗകര്യങ്ങൾ**

5 (832) ശ്രീ. കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ആദിവാസി വിഭാഗങ്ങളുടെ പ്രാതിനിധ്യത്തിലുള്ള കുറവ് പരിഹരിക്കുവാൻ നിലവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിലുള്ള യുവാക്കൾക്ക് പി.എസ്.സി പരീക്ഷാ പരിശീലനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരം നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ വകുപ്പുകളിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം എല്ലാ വർഷവും ജനുവരി 1 അടിസ്ഥാനമാക്കി അവലോകനം ചെയ്യുകയും നിയമാനുസൃത പ്രാതിനിധ്യം ഇല്ലാത്ത വകുപ്പുകളിൽ കുറവുള്ള ജീവനക്കാരുടെ

എണ്ണത്തിനനുസരിച്ച് തസ്തികകൾ കണ്ടെത്തി പ്രത്യേക നിയമനത്തിനായി റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുവരുന്നു. ഇത്തരത്തിൽ ഓരോ വകുപ്പിലും റിസർവ് ചെയ്ത് നൽകിയ തസ്തികകളിലെ നിയമനങ്ങളുടെ പുരോഗതി സംബന്ധിച്ച പ്രതിമാസ റിപ്പോർട്ടുകൾ എല്ലാ വകുപ്പുകളിൽനിന്നും ലഭ്യമാക്കുകയും ഇവ ത്രൈമാസ റിപ്പോർട്ടുകളായി പ്രസിദ്ധീകരിച്ച് അതത് വകുപ്പുകൾക്ക് നൽകാറുമുണ്ട്. കേരള സർക്കാരിനുകീഴിലുള്ള 81 വകുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനുവേണ്ടി പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് (ചെയർമാൻ), പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി പൊതുഭരണ വകുപ്പ് എന്നിവർ അംഗങ്ങളായും ഒരു ഉന്നതതല സമിതി നിലവിലുണ്ട്. പ്രസ്തുത സമിതി വകുപ്പ് അദ്ധ്യക്ഷന്മാരെക്കൂടി പങ്കെടുപ്പിച്ച് സമയബന്ധിതമായി യോഗങ്ങൾ ചേരുകയും വിവിധ വകുപ്പുകളിൽ റിപ്പോർട്ട് ചെയ്യാതെ കിടക്കുന്ന ഒഴിവുകൾ ഉണ്ടെങ്കിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുവരുന്നു. നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പൊതുഭരണ വകുപ്പിലേയും പി.എസ്.സി.-യിലേയും ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിരുന്നു. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനത്തെ തുടർന്ന് എല്ലാ സെക്രട്ടറിമാരേയും വകുപ്പ് അദ്ധ്യക്ഷന്മാരേയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു അവലോകന യോഗം ചേരുകയും നിയനാനന്തരമായ പ്രാതിനിധ്യം ഉറപ്പാക്കാനായി നിയമന നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ തസ്തികകളിലേയ്ക്ക് പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി അവരുടെ വിദ്യാഭ്യാസ യോഗ്യത തിരിച്ച് ഒരു ഡാറ്റാബാങ്ക് പട്ടികവർഗ്ഗ വികസന വകുപ്പ് തയ്യാറാക്കി വകുപ്പ് അദ്ധ്യക്ഷന്മാർക്ക് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. കേരളത്തിലെ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് വിവിധ തസ്തികകളിലേയ്ക്കുള്ള പി.എസ്.സി. മത്സര പരീക്ഷകൾക്ക് അനുയോജ്യമായ വിധത്തിൽ പരിശീലനം നൽകുന്നതിനായുള്ള തുകകൾ എല്ലാ ജില്ലാ ഓഫീസുകളിലും അനുവദിച്ച്, അപേക്ഷകരുടെ എണ്ണം അനുസരിച്ചുള്ള പരിശീലന പരിപാടികൾ ജില്ലാടിസ്ഥാനത്തിൽ തികച്ചും സൗജന്യമായി സംഘടിപ്പിച്ചുവരുന്നു. പിന്നോക്കം നിൽക്കുന്ന വയനാട് ജില്ലയിൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് ജില്ലാ കളക്ടർ ചെയർമാനായുള്ള അമൃത് എന്ന സ്ഥാപനം മുഖേന പരമാവധി 300 പേർക്ക് പരിശീലനം നൽകുന്നുണ്ട്. പരിശീലനത്തിന് എത്തുന്നവർക്ക് പി.എസ്.സി. ഗൈഡ്, പ്രത്യേക നോട്ടുകൾ എന്നിവ സൗജന്യമായും പ്രത്യേക യാത്രാചെലവിനുള്ള തുകയും നൽകിവരുന്നു. എല്ലാ ആഴ്ചയിലും പി.എസ്.സി. പരീക്ഷാ മാതൃകയിൽതന്നെ

ടെസ്റ്റുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. കോർപ്പസ് ഫണ്ട് മുഖേനയും, പ്രത്യേക കേന്ദ്ര ധനസഹായം ഉപയോഗിച്ചും പ്രഗത്ഭരായ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ പട്ടികവർഗ്ഗക്കാർ അധികമുള്ള പ്രദേശങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നതിനായി പ്രത്യേക ക്ലാസ്സുകളും സംഘടിപ്പിക്കുന്നു.

**ചികിത്സാ സഹായ വിതരണം**

6 (833) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ചികിത്സാ സഹായം വിതരണം ചെയ്യുന്നതിൽ ദേവികുളം ബ്ലോക്ക് എസ്.സി. ഓഫീസിൽ മാത്രം ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

2017-18 സാമ്പത്തിക വർഷാവസാനത്തിൽ ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്കിൽ 745000 രൂപയുടെ ബിൽ തനത് വർഷം ട്രഷറി കൃവിൽ ഉണ്ടായിരുന്നു. 2018-19 സാമ്പത്തിക വർഷത്തിലെ ഫണ്ട് ലഭ്യമാക്കി ടി തുക നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**വർക്കല മണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പ് ധനസഹായം**

7 (834) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വർക്കല മണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പ് മുഖേനയുള്ള ചികിത്സ ധനസഹായത്തിനായി എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര പേർക്ക് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പ് മുഖേനയുള്ള ചികിത്സാ ധനസഹായത്തിനായി പൂർണ്ണരൂപത്തിലുള്ള 1919 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 1919 പേർക്കായി 2,24,33,000 രൂപ അനുവദിച്ചിട്ടുണ്ട്. വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർ

8 (835) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ മിശ്രവിവാഹം കഴിച്ചാൽ സംസ്ഥാന സർക്കാർ നൽകുന്ന ധനസഹായ തുക എത്രയാണ്; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത് ; വിശദമാക്കാമോ;

(ബി) ഇത്തരം മിശ്രവിവാഹിതർക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിയ്ക്കുന്ന ധനസഹായം എത്രയാണ്; കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് തൊഴിൽ ചെയ്ത് ജീവിക്കുന്നതിന് ആവശ്യമായ എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് 50,000 രൂപ ധനസഹായം നൽകിവരുന്നുണ്ട്. 1-6-2009 തീയതിയിലെ സ.ഉ.(കൈ.) 42/09/പജപവവിവ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 22-3-2017-ലെ സ.ഉ.(കൈ) നമ്പർ 20/2017/പജപവവിവ. പ്രകാരം 75,000 രൂപ ധനസഹായം അനുവദിക്കുന്നു. ടി ധനസഹായത്തിനുള്ള വരുമാന പരിധി 1,00,000 രൂപയാണ്.

(ബി) പട്ടികവർഗ്ഗ മിശ്രവിവാഹിതർക്ക് ആനുകൂല്യം അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പദ്ധതിയൊന്നും നിലവിലില്ല. സംസ്ഥാന സർക്കാരിന്റെ പദ്ധതിയിൽനിന്നാണ് ആനുകൂല്യം നൽകിവരുന്നത്. എന്നാൽ 1989-ലെ അതിക്രമം തടയൽ നിയമം നടപ്പിലാക്കൽ പദ്ധതിയുടെ ഘടകങ്ങളിൽ മിശ്രവിവാഹിതർക്ക് ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥയുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് ഡോ.അംബേദ്കർ ഫൗണ്ടേഷൻ മുഖേന കേന്ദ്ര സർക്കാരിൽനിന്നും 2,50,000 രൂപ ധനസഹായം ലഭിക്കുന്നു.

ജില്ലാ കളക്ടർമാർ മുഖേന നേരിട്ട് ഫൗണ്ടേഷന് അപേക്ഷ സമർപ്പിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ ഇതുസംബന്ധിച്ച ഉത്തരവുകളൊന്നും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. 2017-18 വർഷം രാജ്യത്താകെ 500 ദമ്പതികൾക്ക് ധനസഹായം അനുവദിക്കുന്നതിനാണ് ഫൗണ്ടേഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. കേരളത്തിന്റെ വിഹിതം 7 ആയിരുന്നു.

(സി) മിശ്രവിവാഹംമൂലം കഷ്ടത അനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ജീവനോപാധി പ്രവർത്തനങ്ങൾക്കായാണ് 50,000 രൂപ മിശ്രവിവാഹ ധനസഹായം അനുവദിക്കുന്നത്. ആനുകൂല്യമായി അനുവദിക്കുന്ന തുക ഉപയോഗിച്ചുകൊണ്ട് പെട്ടിക്കട, തയ്യൽ യൂണിറ്റ്, മറ്റ് ജീവനോപാധി പ്രവർത്തനങ്ങൾ തുടങ്ങുന്നതിനാണ് ധനസഹായം അനുവദിച്ചുവരുന്നത്. കൂടാതെ മിശ്രവിവാഹിതരാകുന്ന ദമ്പതികളുടെ മക്കൾക്ക് എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. 10-7-2017-ലെ സ.ഉ.(സാധാ) നമ്പർ 17-7-17 പജപവവിവ ഉത്തരവ് പ്രകാരം മിശ്ര വിവാഹിതരിൽ ഒരാൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ കുടുംബത്തിന് പട്ടികജാതി പട്ടികവർഗ്ഗത്തിനുള്ള ആനുകൂല്യങ്ങൾക്കുള്ള അർഹതയുണ്ട്.

പട്ടികജാതിയിൽപ്പെട്ട മിശ്രവിവാഹിതരായ ദമ്പതികൾക്ക് (ഒരാൾ പട്ടിക ജാതിയും പങ്കാളി പട്ടിക ഇതര സമുദായത്തിൽപ്പെട്ടതും ആയിരിക്കണം) വിവാഹത്തെ തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായിട്ടാണ് 75,000 രൂപ ഗ്രാന്റായി സർക്കാർ അനുവദിച്ച് വരുന്നത്.

**പട്ടികജാതിക്കാർക്ക് ഭവനപദ്ധതി**

9 (836) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട ഭവനരഹിതർക്കായി വകുപ്പ് നടപ്പാക്കിവരുന്ന ഭവനപദ്ധതി നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽ പ്രതീക്ഷയർപ്പിച്ച് സ്ഥലത്തിനും വീടിനും അഡ്വാൻസ് നൽകിയിരുന്ന പട്ടികജാതിക്കാർക്ക് ഈ പദ്ധതി നിർത്തലാക്കുന്നത് തിരിച്ചടിയാകുമോ;

(സി) എങ്കിൽ ഇത്തരക്കാർക്ക് പുതിയ ഭവനപദ്ധതിയിൽ പ്രത്യേക പരിഗണന നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ബാധകമല്ല. നടപ്പ് വർഷം മുതൽ വകുപ്പുതലത്തിലുള്ള ഭവന നിർമ്മാണ പദ്ധതി ലൈഫ് മിഷൻ മുഖേന നടപ്പാക്കുന്നതാണ്.

## എസ്.സി. പ്രൊമോട്ടർ

10 (837) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന് കീഴിൽ എസ്.സി. പ്രൊമോട്ടർമാരായി എത്ര പേർ ജോലി ചെയ്യുന്നുണ്ട്; ഇവർക്ക് ഇപ്പോൾ നൽകുന്ന വേതനം എത്രയാണ്;

(ബി) എസ്.സി. പ്രൊമോട്ടർമാരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(സി) മറ്റ് പിന്നോക്ക സമുദായങ്ങൾക്ക് ഇത്തരത്തിലുള്ള പ്രൊമോട്ടർമാർ ഉണ്ടോ;വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വകുപ്പിനുകീഴിൽ 1231 പേർ എസ്.സി. പ്രൊമോട്ടർമാരായി ജോലി ചെയ്യുന്നു. ഓണറേറിയമായി പ്രതിമാസം 7000 രൂപ നൽകുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇല്ല.

## സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി

11 (838) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിൽ സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വികസന പ്രവൃത്തികൾ ഏതെല്ലാം കോളനികളിലാണ് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ;

(ബി) ഓരോ നിയോജക മണ്ഡലങ്ങളിലും അനുവദിച്ച കോളനികളുടെ പേര് പ്രത്യേകം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രവൃത്തി പൂർത്തീകരിക്കാനോ ആരംഭിക്കാനോ കഴിയാതെ വന്ന ഏതെല്ലാം കോളനികൾക്കാണ് തൃശ്ശൂർ ജില്ലയിൽ പ്രവൃത്തിയുടെ കാലപരിധി നീട്ടി കൊടുത്തിട്ടുള്ളത്; കോളനികളുടെ പേര് നിയോജക മണ്ഡലാടിസ്ഥാനത്തിൽ പ്രത്യേകം വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

(ബി) അനുബന്ധം II-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

(സി) കാലാവധി ദീർഘിപ്പിച്ച് നൽകിയ കോളനികൾ

1. റെയിൽവേ സ്റ്റേഷൻ കോളനി - വടക്കാഞ്ചേരി നിയോജകമണ്ഡലം

2. അടാട്ട് പാരിക്കാട് - വടക്കാഞ്ചേരി നിയോജകമണ്ഡലം

**കുംഭാര കോളനികളുടെ നവീകരണ പദ്ധതി**

12 (839) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര പഞ്ചായത്തിലെ കുംഭാര കോളനിയിൽ 2018-19 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കുംഭാര കോളനികളുടെ നവീകരണ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;;

(സി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് കൊടകര കുംഭാര കോളനിയിൽ നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ കുംഭാര കോളനി നവീകരണത്തിന് 5 കോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പിന്നോക്ക വിഭാഗ വികസന വകുപ്പ് 2018-19-ലെ പദ്ധതി നിർദ്ദേശങ്ങളിൽ പുതിയതായി ഉൾപ്പെടുത്തുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ച സ്കീമിൽ കൊടകര കുംഭാര കോളനി (തൃശ്ശൂർ ജില്ല), പുളിനെല്ലി കുംഭാര കോളനി, കോട്ടായി (പാലക്കാട് ജില്ല) എന്നിവയാണ് ഉൾക്കൊള്ളിച്ചിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ടി കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്ത് നൽകുകയും കൊടകര കുംഭാര കോളനിയിൽ ഇതുമായി ബന്ധപ്പെട്ട് കോളനി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിവാസികളുടെ ഒരു യോഗം ചേരുകയും ചെയ്തിരുന്നു. ഗ്രാമപഞ്ചായത്തുകളോട് മേയ് 31-നകം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നൽകിയിട്ടില്ല. പുതിയ പദ്ധതിയെന്ന നിലയിൽ ടി സ്കീമിന് ബജറ്റ് ശീർഷകവും ടോക്കൺ പ്രൊവിഷനും അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കോളനിയുടെ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, നടപ്പാത, മലിനജല നിർമ്മാർജ്ജനം എന്നിവയും തൊഴിൽ ലഭ്യതയും, തൊഴിൽ ശേഷിയും ഉയർത്തുന്നതിന് പൊതുവായ മണ്ണരയ്ക്കൽ യന്ത്രം, ചൂള, വർക്ക്ഷെഡ് എന്നിവ സ്ഥാപിക്കുന്നതിനും മാർക്കറ്റിംഗ് സംവിധാനം ഒരുക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**വർക്കല മണ്ഡലത്തിൽ പട്ടികജാതി കോളനികളിലെ കുടിവെള്ള ലഭ്യത**

13 (840) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ സുലഭമായി കുടിവെള്ളം ലഭിക്കാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) 2018-19 വർഷത്തെ പദ്ധതി ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

(ബി) കുടിവെള്ളം ലഭ്യമാകാത്ത കോളനികളിൽ കോർപ്പസ് ഫണ്ട് വകയിരുത്തി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**ആലത്തൂർ പട്ടികജാതി കോളനികളിൽ കുടിവെള്ളക്ഷാമം**

14 (841) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കുടിവെള്ളക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം കോളനികളിലാണെന്ന് വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത കോളനികളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) (1) മുരിങ്ങിമല നായാടി കോളനി

(2) പുളിബ്രാണി എസ്. സി. കോളനി

(3) മാനാംകുളമ്പ് എസ്.സി. കോളനി

(4) മണത്തുമാർത്തറ എസ്.സി. കോളനി

(5) തുപ്പാരക്കുളം എസ്.സി. കോളനി

(6) മേലെപ്പുര എസ്.സി. കോളനി

(7) കവറത്തറ എസ്.സി. കോളനി

(8) കളത്തുപ്പടി എസ്.സി. കോളനി

(9) തെക്കുംമുറി എസ്.സി. കോളനി

(10) ചേങ്ങോട് എസ്.സി. കോളനി

(സി) കവറത്തറ, കുളത്തുപ്പടി, ചേങ്ങോട് എന്നീ കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് തയ്യാറാക്കിവരുന്നു. കൂടാതെ, മാനാംകുളമ്പ്, മണത്തുമാർത്തറ, തുപ്പാരക്കുളം, മേലപ്പുര എന്നീ കോളനികളിൽ വാട്ടർ അതോറിറ്റി പൊതുടാപ്പ് സ്ഥാപിച്ചിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി ഓഫീസുകൾ**

15 (842) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കുഴൽമന്ദം, ആലത്തൂർ, നെന്മാറ തുടങ്ങിയ ബ്ലോക്കുകളിലെ പട്ടികജാതി ഓഫീസുകളുടെ പരിധിയിൽപ്പെടുന്ന പട്ടികജാതി കോളനികളുടെ പേരുവിവരം വിശദമാക്കാമോ;

(ബി) പ്രസ്തുത കോളനികൾ എതൊക്കെ ഗ്രാമപഞ്ചായത്തുകളിലെ ഏതെല്ലാം വാർഡുകളിലാണ് സ്ഥിതി ചെയ്യുന്നതെന്നും ഓരോ കോളനിയിലും എത്ര വീതം വീടുകളും അംഗങ്ങളും ഉണ്ടെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത കോളനികളിൽ ഓരോന്നിലും കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ പൊതു വികസന പ്രവൃത്തികൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

(ബി) വിശദാംശങ്ങൾ അനുബന്ധം 2-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധം 3-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

**ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി**

16 (843) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് സഹായം ലഭിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിപ്രകാരം ഒരു കുടുംബത്തിന് പരമാവധി എത്ര രൂപവരെയുള്ള സഹായമാണ് ലഭിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) പദ്ധതി പ്രകാരം 91 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂരഹിത ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഒരു കുടുംബത്തിന് പരമാവധി ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവിടങ്ങളിൽ യഥാക്രമം 3,75,000, 4,50,000, 6,00,000 എന്നീ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. കുറഞ്ഞത് ഗ്രാമത്തിൽ 5 സെന്റും നഗരത്തിൽ 3 സെന്റും സ്ഥലമാണ് വാങ്ങേണ്ടത്.

(സി) ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമം അനുസരിച്ച് അർഹരായ വ്യക്തികൾക്ക് ധനസഹായം അനുവദിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായ പദ്ധതി**

17 (844) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനഹായപദ്ധതി പ്രകാരം എത്രകോടി രൂപ ഇതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്; ഓരോ വിഭാഗത്തിനും അനുവദിച്ച തുകയും രോഗികളുടെ എണ്ണവും പ്രത്യേകം വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചികിത്സാ ധനസഹായമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 47496 പേർക്ക് ആകെ 82.60 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 29403 പേർക്ക് ആകെ 7,88,06,093 രൂപയും (ഏഴ് കോടി എൺപത്തിയെട്ട് ലക്ഷത്തി ആറായിരത്തി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ വിദ്യാർത്ഥികൾക്കായുള്ള ആനുകൂല്യങ്ങൾ**

18 (845) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ വിദ്യാർത്ഥികൾക്കായി സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്നും ഇത്തരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

പട്ടികജാതി വികസന വകുപ്പ്

1. പ്രീ-മെട്രിക് വിദ്യാഭ്യാസ ധനസഹായം
2. പോസ്റ്റ്- മെട്രിക് വിദ്യാഭ്യാസ ധനസഹായം

3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്
5. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്
6. 9, 10 ക്ലാസ്സുകളിലെ പ്രീ-മെട്രിക് സ്കോളർഷിപ്പ്
7. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്
8. പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ
9. ലാപ്ടോപ് ധനസഹായം, മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം
10. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾ)
11. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം
12. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
13. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി
14. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം
15. പ്രത്യേക പ്രോത്സാഹന സമ്മാനം
16. ബുക്ക് ബാങ്ക് സ്കീം
17. മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്.
18. പ്രീ-മെട്രിക് ഹോസ്റ്റൽ
19. പോസ്റ്റ്- മെട്രിക് ഹോസ്റ്റൽ
20. ഐ.റ്റി.ഐ.-കൾ
21. പി.ഇ.റ്റി.സി.
22. CREST
23. നഴ്സറികൾ
24. ICSETS

25. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം

26. മെഡിക്കൽ കോളേജ്, പാലക്കാട്

27. പഠനമുറി

28. വിദേശപഠനസഹായം.

പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നു. പെരിപ്പതെറ്റിക്, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്കും സർക്കാർ സ്കൂളുകളിലെ പ്രീമെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകിവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റും നൽകുന്നു. പത്താം ക്ലാസിന് മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് "പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുവരുന്നു.

അഞ്ചാം ക്ലാസ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന 'അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി', കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് 'ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി', ടൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'വസ്ത്ര വിതരണ പദ്ധതി', വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'ബോർഡിംഗ് ഗ്രാന്റ്', സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന യാത്രയായ ഭാരത ദർശൻ, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് എന്നീ പദ്ധതികളും നടത്തിവരുന്നു.

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേയ്ക്കായി സാമൂഹ്യ പഠനമുറി പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ വകുപ്പ് നടപ്പിലാക്കുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടിക വർഗ്ഗത്തിൽ തന്നെയുള്ള റ്റി.റ്റി.സി., ബി.എഡ്. പാസ്സായ യുവതീയുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി ആദ്യഘട്ടമായി വയനാട് ജില്ലയിൽ നടപ്പിലാക്കി.

വിദൂരവും വനപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന 'ഗോത്രസാരഥി പദ്ധതി'യും വകുപ്പ് നടപ്പിലാക്കിവരുന്നു.

അട്ടപ്പാടിയിൽ നിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2016-17 വർഷം മുതൽ സൈനിക സ്കൂൾ, നവോദയ വിദ്യാലയം, എം.ആർ.എസ്.-കൾ, കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിൽ പ്രവേശനത്തിനായി പരീക്ഷാ പരിശീലനം 'CARSEL'എന്ന സ്ഥാപനം മുഖേന നടപ്പിലാക്കിവരുന്നു.

(ബി) പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന അർഹരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് നിലവിലെ ഉത്തരവ് പ്രകാരം ഇ-ഗ്രാന്റ്സ് മുഖേന പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു. ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ്, എ.ബി.എൽ.സി., ഇംപ്രൂവ്മെന്റ് ഫീസ്, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, കണ്ടിൻജൻസി ഗ്രാന്റ്, പ്രോജക്ട് അലവൻസ്, പോക്കറ്റ് മണി, പേയിംഗ് ഗസ്റ്റ് ആനുകൂല്യം എന്നീ ആനുകൂല്യങ്ങൾ അർഹതയുള്ളവർക്ക് അനുവദിച്ചുവരുന്നുണ്ട്. കോഴ്സിന്റെ ആരംഭത്തിൽ അപേക്ഷ ഓൺലൈനായി സമർപ്പിക്കണം. ഇ-ഗ്രാന്റ്സ് വഴി ആനുകൂല്യം ലഭ്യമാക്കുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് മെരിറ്റ് സീറ്റിലോ, റിസർവ്വേഷൻ സീറ്റിലോ പ്രവേശനം ലഭിക്കുന്നവർക്കാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്. അപേക്ഷകന്റെ വാർഷിക വരുമാനം കേരള ഗവൺമെന്റ് നൽകുന്ന സ്കോളർഷിപ്പിന് ബാധകമല്ല. പ്രൈവറ്റ്, സ്വകാര്യ സ്വാശ്രയ സ്ഥാപനത്തിൽ പ്രവേശനം ലഭിക്കുന്നവരും വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ താഴെയുള്ളവരുമായ എസ്.സി./എസ്.റ്റി. വിഭാഗ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് ലഭിക്കുന്നു. ഇതിനു പുറമെ ബി.ടെക്. വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുകയും കമ്പ്യൂട്ടർ അധിഷ്ഠിത വിഷയങ്ങൾ പഠിക്കുന്നവർക്ക് ലാപ്ടോപ് നൽകുകയും ചെയ്യുന്നുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

19 (846) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ <u>മൂത്തേത്തു</u> കോളനിയുടെ നവീകരണ പദ്ധതി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്നതിന് ഏത് ഏജൻസിയെയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ഇതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ, വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി കെ.എസ്.എച്ച്.ബി.-യെയാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) കോളനിയെ തെരഞ്ഞെടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം, നിർവ്വഹണ ഏജൻസി പദ്ധതി നടപ്പിലാക്കുന്നതിനായി ഇ-ടെൻഡർ ക്ഷണിച്ചിരിക്കുകയാണ്.

**കോഴിക്കോട് ജില്ലയിലെ ലൈഫ് പദ്ധതി**

20 (847) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കന്തലാട് വില്ലേജിലെ മണിച്ചേരി കോട്ടക്കുന്ന് ആദിവാസി കോളനിയിൽ താമസിക്കുന്ന 4 ആദിവാസി കുടുംബങ്ങൾക്ക് പനങ്ങാട് പഞ്ചായത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകാൻ തീരുമാനിച്ചപ്പോൾ കൈവശഭൂമി ഇല്ലാത്തതുകൊണ്ട് ഇവർക്ക് വീട് ലഭിക്കാത്ത സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കുടുംബങ്ങൾ ഇപ്പോൾ താമസിച്ചു വരുന്നത് ആരുടെ കൈവശ ഭൂമിയിലാണെന്ന് അറിയിക്കുമോ;

(സി) വീട് വെയ്ക്കുന്നതിനായി ഇവർക്ക് ഈ ഭൂമി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുരാച്ചുണ്ട് പഞ്ചായത്തിലെ കല്ലാനോട് ഉള്ള വർക്കിച്ചൻ എന്നയാളുടെ ഭൂമിയാണ് എന്നാണ് പ്രാഥമിക അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളത്.

(സി) ഇവർക്ക് ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് മുതുകാട് കൊളത്തൂർ കോളനിയിൽ വാസയോഗ്യമായ വീടും ഒരേക്കർ വീതം ഭൂമിയും നൽകിയിട്ടുണ്ട്.

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

21 (848) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ള, ആലുവ നിയോജക മണ്ഡലത്തിലെ മലയൻകാട് വെസ്റ്റ്

കോളനിയിലും, കളമശേരി നിയോജക മണ്ഡലത്തിലെ കുന്നുകര കോളനിയിലും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രൈസ് സോഫ്റ്റ്വെയറിലുള്ള എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി ഹാജരാക്കാൻ താമസിച്ചതിനാലാണ് ആലുവ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിട്ടിട്ടുള്ളത്.

(ബി&സി) എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവായിട്ടുള്ളതിനാൽ ജില്ലാ പട്ടികജാതി വികസന ഓഫീസറും നിർവ്വഹണ ഏജൻസിയും ധാരണാപത്രം ഒപ്പുവയ്ക്കുന്നതനുസരിച്ച് പദ്ധതി ആരംഭിക്കാവുന്നതാണ്.

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

22 (849) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിൽ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ വലിയതുറ ഉപ്പുകണ്ടം, കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ പുത്തൻകരി എന്നീ കോളനികളിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി നടപ്പാക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കോളനികളിലെ നിർദ്ദിഷ്ട പദ്ധതികൾ ഫീസിബിൾ അല്ല. അതിനാൽ പകരം കോളനികളെ എം.എൽ.എ. ശിപാർശ ചെയ്യുന്നതനുസരിച്ച് പദ്ധതിയിലുൾപ്പെടുത്താവുന്നതാണ്.

**നിലമ്പൂർ മണ്ഡലത്തിലെ അംബേദ്കർ പദ്ധതി**

23 (850) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ അമരമ്പലം പഞ്ചായത്തിലെ ഇല്ലിക്കോട്ട് പോയിൽ എസ്.സി കോളനിയെ അംബേദ്ക്കർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(ബി) ഉണ്ടെങ്കിൽ ഈ കോളനിയിൽ പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലിക്കോട് പോയിൽ കോളനിയിലെ വികസന പ്രവൃത്തികളുടെ കരാർ ഏറ്റെടുത്തത് ഏത് ഏജൻസിയാണ്; എന്നാണ് കരാർ ഏൽപ്പിച്ചത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇല്ലിക്കോട്ട് പോയിൽ പട്ടികജാതി കോളനിയിലെ പദ്ധതി നിർവ്വഹണം ആദ്യം ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് ഏൽപ്പിച്ചിരുന്നത്. എം.എൽ.എ.-യുടെ ശിപാർശ പ്രകാരം പദ്ധതി നിർവ്വഹണം FIT എന്ന ഏജൻസി മുഖേനയാക്കിയിട്ടുണ്ട്.

(ബി) നിർവ്വഹണ ഏജൻസി പ്രൈസ് സോഫ്റ്റ്വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതനുസരിച്ച് മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാകുകയുള്ളൂ.

(സി) FIT എന്ന ഏജൻസി 15-1-2018-നാണ് കരാർ ഏറ്റെടുത്തിട്ടുള്ളത്.

(ഡി) നിർവ്വഹണ ഏൻസി എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച ചികിത്സാ സഹായം**

24 (851) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്; ആകെ എത്ര തുക നല്കിയിട്ടുണ്ട് ;

(ബി) ഇതു സംബന്ധിച്ച് മാവേലിക്കര, ഭരണിക്കാവ് - ബ്ലോക്ക് പട്ടികജാതി വികസന ആഫീസുകൾ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ 502 പേർക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് ആകെ 84,30,500 രൂപ നൽകിയിട്ടുണ്ട്.

(ബി)

| ബ്ലോക്ക് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| മാവേലിക്കര | 185 | 32,83,500 |
| ഭരണിക്കാവ് | 317 | 51,47,000 |

**പട്ടികജാതി വിഭാഗത്തിനുള്ള ചികിത്സാ ധനസഹായ പദ്ധതി**

25 (852) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള രണ്ടു വർഷ കാലയളവിൽ പട്ടികജാതി വിഭാഗത്തിനുള്ള ചികിത്സാ പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിലെ ഒൻപതു പഞ്ചായത്തുകളുടെ പരിധിക്കുള്ളിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്നും അനുവദിച്ച തുകയെത്രയെന്നും വിശദമാക്കാമോ;

(ബി) ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ അടങ്ങിയ പട്ടിക വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള രണ്ട് വർഷകാലയളവിൽ പട്ടികജാതി വിഭാഗത്തിനുള്ള ചികിത്സാ പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളുടെ പരിധിക്കുള്ളിൽ 607 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ആകെ 71,68,500 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ അടങ്ങിയ പട്ടിക ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അംബേദ്കർ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം**

26 (853) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അംബേദ്കർ സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതി പ്രകാരം സംസ്ഥാനത്തെ എത്ര കോളനികളിൽ വികസന പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്; കോളനികളുടെ പേര് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വേർതിരിച്ചു വ്യക്തമാക്കുമോ;

(ബി) അംബേദ്കർ സ്വയംപര്യാപ്ത കോളനിയായി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നുള്ളതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതി പ്രകാരം സംസ്ഥാനത്തെ 228 കോളനികളിൽ വികസന പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ വീതം അനുവദിക്കുകയും 50 ലക്ഷം വീതം ഒന്നാംഗഡുവായി വിതരണം ചെയ്യുകയും ചെയ്തു. ഇക അനുവദിച്ച കോളനികളുടെ പേര് നിയോജകമണ്ഡലാടിസ്ഥാനത്തിൽ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

(ബി) അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്ന നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ എം.എൽ.എ.-യുടെ ശിപാർശ പ്രകാരം തെരഞ്ഞെടുക്കുന്നു.

**അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമങ്ങൾ**

27 (854) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളുടെ വികസനത്തിനായി ആവിഷ്കരിച്ച അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) മുപ്പതിനും അതിനുമുകളിലും എസ്.സി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ പ്രസ്തുത പദ്ധതിയിലേക്ക് ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്ന, നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ എം.എൽ.എ.-യുടെ ശിപാർശപ്രകാരം തെരഞ്ഞെടുക്കുന്നു.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായ പദ്ധതി**

28 (855) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് പെൺകുട്ടികളുടെ വിവാഹധനസഹായ പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) 120 പെൺകുട്ടികൾക്ക് വിവാഹ ധനസഹായ പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

**പട്ടികജാതി സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങൾ**

29 (856) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇതിനായി നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സങ്കേതങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിവരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഈ സർക്കാരിന്റെ കാലത്ത് അംബേദ്കർ ഗ്രാമവികസന പരിപാടി ആരംഭിച്ചു. ടി പദ്ധതി പ്രകാരം ഓരോ കോളനിയിലും പരമാവധി ഓരോ കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ അനുമതിയുണ്ട്. ഇതിനുപുറമേ കോർപ്പസ് ഫണ്ട് വിനിയോഗിച്ചും വികസന പ്രവർത്തനങ്ങൾ നടത്തുന്നു. 200 കോടി രൂപ മേൽഇനങ്ങളിൽ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

(ബി) നടപ്പിലാക്കി വരുന്ന പദ്ധതികൾ ഇപ്രകാരമാണ്.

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയ വിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവ് വിളക്ക്
7. സാനിറ്റേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണ ഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടിക്കൾച്ചർ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)

(സി) ഓരോ സങ്കേതത്തിലേയ്ക്കും ആവശ്യമായവ മേൽപ്പറഞ്ഞ പ്രവൃത്തികളിൽനിന്നും തെരഞ്ഞെടുക്കാവുന്നതാണ്.

**പട്ടികജാതി വിഭാഗങ്ങൾക്കായി സാമൂഹ്യക്ഷേമ പദ്ധതികൾ**

30 (857) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗങ്ങൾക്കായി പുതുതായി നടപ്പിലാക്കിയ സാമൂഹ്യ ക്ഷേമപദ്ധതികൾ എന്തൊക്കെയാണ്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഈ വിഭാഗങ്ങൾക്കായി ആവിഷ്കരിച്ചതും, നടപ്പിലാക്കിയതുമായ പദ്ധതികൾ എന്തൊക്കെയായിരുന്നു;

(സി) 2016-17-ലും 2017-18-ലും ഈ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി ലഭിച്ച തുകയെത്രയെന്നും, അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗങ്ങൾക്കായി പുതുതായി നടപ്പിലാക്കിയ സാമൂഹ്യ ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 7000-ത്തോളം ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠന സൗകര്യങ്ങളോടുകൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള പഠനമുറി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷുറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യനിധി നടപ്പിലാക്കിവരുന്നു.

3. M.Sc. Electronics, B.Arch., M.Phil., Ph.D. എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക്കൂടി ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

4. പട്ടികജാതി വകുപ്പിന്കീഴിലുള്ള 44 ഐ.റ്റി.ഐ.-കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി രാവിലെ ഒരു മുട്ടയും ഒരു ഗ്ലാസ് പാലും നൽകുന്നതിനുള്ള പദ്ധതിയും ഉച്ചഭക്ഷണം നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. 5 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കുകൂടി പ്രീ-മെടിക് എയ്ഡ് അനുവദിച്ചു.

(ബി) മുൻസർക്കാരിന്റെ കാലത്ത് ഈ വിഭാഗങ്ങൾക്കായി ആവിഷ്കരിച്ചതും, ഇപ്പോഴും തുടരുന്നതും നടപ്പിലാക്കിയതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കോളനി വികസനത്തിന് ഗാന്ധിഗ്രാമം/സ്വയംപര്യാപ്ത ഗ്രാമം പദ്ധതികൾ

2. കാവ്, കുളങ്ങൾ ഇവയുടെ സംരക്ഷണത്തിനുള്ള പദ്ധതി

3. ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

4. വിദേശ തൊഴിൽ ധനസഹായ പദ്ധതി

5. വിജ്ഞാൻവാടികൾ

6. വിഷൻ 2013

7. സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ 64.72 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 108.81 കോടി രൂപയും കേന്ദ്ര ധനസഹായമായി ലഭിച്ചു. 2016-17 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാനം ആകെ 312.06 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 332.07 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട രോഗികൾക്കായുള്ള ചികിത്സാ സഹായം**

31 (858) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട രോഗികൾക്കായുള്ള വകുപ്പുമന്ത്രിയുടെ ചികിത്സാധനസഹായത്തിന് ഓൺലൈനായി അപേക്ഷിക്കുമ്പോൾ എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര പേർക്ക് എത്ര തുക ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) അപേക്ഷ അംഗീകരിച്ചാൽ എത്ര ദിവസത്തിനകം അനുവദിച്ച തുക കൈമാറാൻ കഴിയുന്നുണ്ട്; അപേക്ഷകരുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് തുക എത്തിക്കാൻ തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ജാതി സർട്ടിഫിക്കറ്റ്, രോഗിയുടെ കുടുംബവാർഷിക വരുമാന സർട്ടിഫിക്കറ്റ്, ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നീ രേഖകളാണ് ഹാജരാക്കേണ്ടത്.

(ബി) 47496 പേർക്ക് 82.60 കോടി രൂപ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) അപേക്ഷ അംഗീകരിച്ചാൽ 3 ദിവസത്തിനകം അപേക്ഷകരുടെ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്യുന്നതാണ്. ചികിത്സാ ധനസഹായത്തിനായി ഓൺലൈൻ മുഖേന ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർമാർക്ക് ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹത ഉറപ്പുവരുത്തി ശിപാർശ സഹിതം 5 ദിവസത്തിനുള്ളിൽ ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് അയയ്ക്കുന്നു. ജില്ലാ പട്ടികജാതി വികസന ആഫീസർ ടി അപേക്ഷകളിൽ 5,000 രൂപ വരെ അനുവദിക്കേണ്ട അപേക്ഷകൾ 3 ദിവസത്തിനുള്ളിൽ അനുവദിക്കുന്നു. കൂടുതൽ ധനസഹായത്തിന് അർഹതയുള്ള അപേക്ഷകൾ നോർത്ത്/സൗത്ത് സോൺ ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് 10,000 രൂപ വരെ അനുവദിക്കേണ്ട അപേക്ഷകൾ 3 ദിവസത്തിനുള്ളിൽ അനുവദിക്കുന്നു. 10,000 രൂപയിൽ കൂടുതൽ തുക അനുവദിക്കേണ്ട അപേക്ഷകൾ ഡെപ്യൂട്ടി ഡയറക്ടർ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് സമർപ്പിക്കുന്നു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി/ ഡെപ്യൂട്ടി ഡയറക്ടർ/ജില്ലാ പട്ടികജാതി വികസന ആഫീസർമാർ ചികിത്സാ ധനസഹായം അനുവദിച്ചവരുടെ ഉത്തരവ് ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർമാർ സൈറ്റിൽനിന്നും ജനറേറ്റ് ചെയ്ത് BIMS മുഖാന്തിരം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ക്രെഡിറ്റ് ചെയ്യുന്നു.

**പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി**

32 (859) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പഠനമുറി പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകിയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ ഇതിനകം എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയത്;

(ഡി) ഈ പദ്ധതി മൂലം പട്ടികജാതി പട്ടകവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരത്തിൽ ഉണ്ടായിട്ടുള്ള ഉയർച്ച വിലയിരുത്തിയിട്ടുണ്ടോ. വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ നിലവിലുള്ള 800 Sq. feet വരെ വലിപ്പമുള്ള വീടിനോട് ചേർന്ന് 120 Sq. feet വലിപ്പത്തിൽ "പഠനമുറി" നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി 2017-18 വർഷം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളെയാണ് പദ്ധതിക്കായി പരിഗണിക്കുന്നത്. 120 Sq. feet വലിപ്പമുള്ള മുറി നിർമ്മിക്കുന്നതിനും മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും ചുവരുകൾ പ്ലാസ്റ്ററിംഗ് ചെയ്യുന്നതിനും തറ ടൈൽ പാകുന്നതിനും വാതിലും ജനലുകളും സ്ഥാപിക്കുന്നതിനും പുസ്തകം സൂക്ഷിക്കുന്നതിന് ഭിത്തി അലമാര സ്ഥാപിക്കുന്നതിനും വൈദ്യുതീകരിച്ച് ലൈറ്റ്, ഫാൻ എന്നിവ സ്ഥാപിക്കുന്നതിനുമാണ് ധനസഹായത്തുക നൽകുന്നത്. ടി തുക 15 ശതമാനം, 30 ശതമാനം, 40 ശതമാനം, 45 ശതമാനം എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു.

(ബി) 2017-18 വർഷം 7000 പഠനമുറികൾ നിർമ്മിക്കുന്നതിന് ഭൗതികലക്ഷ്യം നിശ്ചയിച്ചിരുന്നു. 6615 ഗുണഭോക്താക്കൾ നിർമ്മാണം ആരംഭിക്കുകയും 48 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2017-18-ൽ 100 സാമൂഹ്യ പഠന മുറികൾക്കായി കേന്ദ്രങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. അവയിൽ 78 എണ്ണം പ്രവർത്തനയോഗ്യമായിട്ടുണ്ട്. ഒരു പഠനകേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾക്കുള്ള പഠന സൗകര്യങ്ങളാണ് ഒരുക്കുന്നത്. കോളനികളിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ സാമൂഹ്യ പഠനമുറി ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. ഒരു സാമൂഹ്യ പഠനമുറിക്ക് ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ (2 എണ്ണം), യു.പി.എസ്. (2), വൈറ്റ് ബോർഡ് (1), എൽ.ഇ.ഡി. മോണിറ്റർ (1) എൽ.ഇ.ഡി. ഡിസ്പ്ലേ (1), കമ്പ്യൂട്ടർ ടേബിൾ (1), രണ്ട് വിദ്യാർത്ഥികൾക്ക് വീതം ഇരിക്കുവാൻ കഴിയുന്ന

കസേരയോടുകൂടിയ 15 സ്റ്റഡി ടേബിളുകൾ എന്ന കണക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പഠന കാര്യത്തിൽ സഹായിക്കുക, വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക, ലൈബ്രറി, ഇന്റർനെറ്റ് സൗകര്യം തുടങ്ങിയ അധിക സൗകര്യങ്ങളും ടി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു.

(ഡി) 2017-18 സാമ്പത്തിക വർഷം 2018 ജനുവരി മാസത്തിലാണ് പദ്ധതിക്ക് അനുമതി ലഭിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിച്ച് 6615 പഠനമുറികളിൽ 48 എണ്ണം മാത്രമാണ് നിലവിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുളളത്. സാമൂഹ്യ പഠനമുറികൾ കഴിഞ്ഞ അദ്ധ്യയന വർഷാവസാനമാണ് പ്രവർത്തനക്ഷമമായത്. പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കിയാൽ മാത്രമേ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ പഠനനിലവാരത്തിലുണ്ടായ ഉയർച്ച വിലയിരുത്താൻ കഴിയുകയുളളൂ.

**പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ വകുപ്പ് മുഖേന**

**ചികിത്സാ ധനസഹായം**

33 (860) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖേന ചികിത്സാ ധനസഹായത്തിനായി ഓൺലൈൻ വഴിയും അല്ലാതെയും എത്ര പേർക്ക് ധനസഹായം അനുവദിച്ചു; ഓരോരുത്തർക്കും അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിന്നും ധനസഹായത്തിനായി ഓൺലൈൻ വഴി അയച്ചിട്ടുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട് ;വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന ചികിത്സാ ധനസഹായം അനുവദിച്ചവരുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗ വിഭാഗത്തിൽ 2 പേർക്ക് 5,500 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

1. റീന, D/o ബാബു, കരിപ്പമണ്ണ, ആറ്റശ്ശേരി പി.ഒ., കരിമ്പുഴ, പാലക്കാട് - 3,500
2. ചിന്നമ്മ, W/o. ബാബു, പൂവ്വക്കാട് കോളനി, വാക്കടപ്പുറം, കരിമ്പുഴ, പാലക്കാട് - 2,000 രൂപ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഓൺലൈൻ മുഖേന ചികിത്സാ ധനസഹായം വിതരണം ചെയ്യുന്ന സംവിധാനം പട്ടികവർഗ്ഗ വികസന വകുപ്പിൽ ആരംഭിച്ചിട്ടില്ല.

(ബി) പട്ടികജാതി വികസന വകുപ്പിൽ 47 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അവ തീർപ്പാക്കുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ ചികിത്സാ ധനസഹായം ഓൺലൈനായി നൽകുന്നതിന് ടി-ഗ്രാന്റ്സ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വാമനപുരത്ത് അനുവദിച്ച കോർപ്പസ് ഫണ്ട് പദ്ധതികൾ**

34 (861) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്ന് രണ്ടു വർഷം പൂർത്തിയാകുന്ന കാലയളവിൽ പട്ടികജാതി വകുപ്പ് മുഖേന വാമനപുരം നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് അനുവദിച്ച് അനുമതി കിട്ടിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ ; അവയുടെ പുരോഗതി റിപ്പോർട്ട് നല്കാമോ?

ഉത്തരം

കോർപ്പസ് ഫണ്ട് അനുവദിച്ച് അനുമതി കിട്ടിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

**വാത്സല്യനിധി പദ്ധതി**

35 (862) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാൽസല്യനിധി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നാളിതുവരെ കൊണ്ടോട്ടി മണ്ഡലത്തിൽനിന്ന് എത്ര പേരെയാണ് വാൽസല്യനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് അറിയിക്കാമോ;

(സി) പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് വേണ്ടി കൊണ്ടോട്ടി മണ്ഡലത്തിൽ പ്രത്യേക അവബോധ പരിപാടികൾ സംഘടിപ്പിച്ചിരുന്നോ; എങ്കിൽ പരിപാടിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) എസ്.സി. പ്രൊമോട്ടർമാർക്ക് ഈ പദ്ധതിയിൽ എന്തെങ്കിലും പ്രത്യേക ചുമതലകൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വാർഷിക വരുമാന പരിധി 1 ലക്ഷത്തിൽ താഴെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്രവികസന പദ്ധതി 2017-2018 വർഷം മുതൽ നടപ്പിലാക്കി വരുന്നു. 1-4-2017 മുതൽ ജനിക്കുന്ന പെൺകുട്ടികൾക്കാണ് അർഹത. ടി പദ്ധതിയിൽ ആദ്യഗഡു 39,000 രൂപ നിക്ഷേപിക്കുന്നത് പെൺകുട്ടി ജനിച്ച് 9 മാസത്തിൽ അധികരിക്കാത്ത കാലയളവിലാണ്. ഇതിലൂടെ നിർബന്ധിത പ്രതിരോധ വാക്സിനുകൾ എടുത്തിരിക്കണം. ഇതിലൂടെ കുട്ടിയുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നു. തുടർന്ന് രണ്ടാംഗഡു 36,000 രൂപ അഞ്ച് വയസ് പൂർത്തിയായതും പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയതും ആയ കുട്ടികൾക്ക്, മൂന്നാംഗഡു 33,000 രൂപ 10 വയസ് പൂർത്തിയായതും അഞ്ചാം തരം പ്രവേശനം നേടിയതും ആയ കുട്ടികൾക്ക്, നാലാംഗഡു 30,000 രൂപ 15 വയസ് പൂർത്തിയായതും പത്താംതരം പ്രവേശനം നേടിയതും ആയ കുട്ടികൾക്ക് എന്നിങ്ങനെ എൽ.ഐ.സി.-യിൽ നിക്ഷേപിക്കുന്നു. ആയത് പ്രകാരം പെൺകുട്ടികൾ 18 വയസ് പൂർത്തിയാകുമ്പോൾ 300,000 രൂപയോ അതിൽ കൂടുതലോ നൽകുന്നു. (Assured amount).

(ബി) 75 അപേക്ഷകരെയാണ് വാൽസല്യനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയത്.

(സി) എസ്.സി. പ്രൊമോട്ടർ മുഖേന എല്ലാ പഞ്ചായത്തുകളിലും വിവരം അറിയിച്ചിട്ടുണ്ട്. പത്രപരസ്യം നൽകിയിരുന്നു.

(ഡി) ബന്ധപ്പെട്ട അപേക്ഷകൾക്ക് പദ്ധതി സംബന്ധിച്ച് വിശദാംശങ്ങൾ നൽകുന്നത് എസ്.സി. പ്രൊമോട്ടർമാരാണ്. അപേക്ഷാഫോം, അനുബന്ധ രേഖകൾ തയ്യാറാക്കൽ എന്നിവ എസ്.സി. പ്രൊമോട്ടർമാരുടെ സഹായത്തോടുകൂടിയാണ് നടന്നുവരുന്നത്.

**പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

36 (863) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം (എസ്.സി.) പദ്ധതിയിൽ ഉൾപ്പെടുത്തിയ മാടക്കാംപൊയിൽ, കാരന്താട്, അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം (എസ്. ടി.), പട്ടത്തുവയൽ, എയ്യൻകല്ല് എന്നിവിടങ്ങളിലെ പ്രവൃത്തി ഏത് വരെ ആയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണ് നൽകിയെതെന്ന് അറിക്കുമോ;

(സി) പ്രവൃത്തി പൂർത്തീകരിക്കാൻ കാലാവധി ഉണ്ടോ; ഉണ്ടെങ്കിൽ കാലാവധി എപ്പോഴാണ് കഴിയുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ മാടക്കാംപൊയിൽ, കാരന്താട് അംബേദ്കർ സെറ്റിൽമെന്റ് കോളനികളിൽ ഗുണഭോക്താക്കളുടെ യോഗം ചേരുകയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതി (എസ്.ടി.) പദ്ധതിയിൽ ഉൾപ്പെട്ട പട്ടുത്തുവയൽ, എയ്യൻകല്ല്, എന്നീ കോളനികളുടെ ഡി.പി.ആർ. നിർവ്വഹണ ഏജൻസി തയ്യാറാക്കി കണ്ണൂർ സംയോജിത പട്ടികവർഗ്ഗ ജില്ലാ ഓഫീസിൽ തുടർനടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) മാടക്കാംപൊയിൽ, കാരന്താട് അംബേദ്കർ സെറ്റിൽമെന്റ് കോളനികളുടെ നിർമ്മാണ ചുമതല ജില്ലാ നിർമ്മിതി കേന്ദ്രത്തിനും, പട്ടുത്തുവയൽ, എയ്യൻ കല്ല് സെറ്റിൽമെന്റ് കോളനികളുടെ നിർമ്മാണചുമതല ഹാബിറ്റാറ്റ് ടെക്നോളജീസ് (തിരുവനന്തപുരം)-നുമാണ്.

(സി) ഉണ്ട്. അഡ്വാൻസ് തുക അനുവദിച്ച് 6 മാസത്തിനുള്ളിലോ/എഗ്രിമെന്റ് ഒപ്പുവച്ച് നിർദ്ദിഷ്ട സൈറ്റ് ഏറ്റെടുക്കുന്നത് മുതൽ 6 മാസത്തിനുള്ളിലോ യഥാക്രമം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

**വാത്സല്യനിധി പദ്ധതി**

37 (864) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പെൺകുട്ടികൾക്കായി ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തി വാത്സല്യനിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭ്രൂഹിതരഹിതരും ഭവനരഹിതരും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്;

(സി) അവർക്കായി ഭൂമിയും ഭവനവും നൽകുന്നതിന് പട്ടികജാതി വകുപ്പ് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണോ ഇവർക്കായുള്ള ഭവനപദ്ധതി തയ്യാറാക്കിയിട്ടുള്ളത്; എങ്കിൽ 2017-18-ൽ എത്ര ഭവനരഹിതർക്ക് വീട് നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) വകുപ്പ് തയ്യാറാക്കിയിട്ടുള്ള കണക്ക് പ്രകാരം ഭൂരഹിതരായ 38236 പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. വിവാഹ ധനസഹായത്തിലൂടെയും മിശ്രവിവാഹ ധനസഹായത്തിലൂടെയും ഉള്ള കുടുംബങ്ങളുടെ കണക്കുകൂടി ചേർത്താൽ 43282 ഭൂരഹിത കുടുംബങ്ങളും 48154 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുമുണ്ട്.

(സി) സംസ്ഥാനത്ത് വിവിധ വകുപ്പുകൾ നടപ്പിലാക്കിവരുന്ന ഭവന പദ്ധതികൾ ഏകോപിപ്പിച്ച് ലൈഫ് മിഷൻ എന്ന പേരിൽ പുതിയ പദ്ധതി 2018-19 വർഷം മുതൽ നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2018-19 വർഷം സ്വന്തമായി ഭൂമിയുള്ളവർക്ക് ലൈഫ് പദ്ധതിയിൽ വീട് നിർമ്മിച്ച് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ഡി) ലൈഫ് മിഷൻ മാനദണ്ഡ പ്രകാരം പട്ടികജാതി വികസന വകുപ്പ് മുഖേനയാണ് ഭവന പദ്ധതി നടപ്പിലാക്കുന്നത്. 2017-18 വർഷം 8895 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 727 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്കാണ് 2018-19 വർഷം ധനസഹായം നൽകുന്നത്.

**വാത്സല്യനിധി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി**

38 (865) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ വാത്സല്യനിധി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് 1-4-2017 നുശേഷം ജനിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിവരശേഖരണം ഇതിനോടകം നടത്താൻ സാധിച്ചുവോ; വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ചു ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതി നിലവിൽ വന്നതിനുശേഷം പ്രൊമോട്ടർമാർ വിവര ശേഖരണാർത്ഥം എത്ര തവണ ഫീൽഡുവർക്ക് നടത്തിയെന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വാത്സല്യനിധിയിൽ അംഗങ്ങളായ കുട്ടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വിവരശേഖരണം നടന്നുവരികയാണ്. പൂർത്തീകരിച്ചിട്ടില്ല. ഇതുവരെ ലഭ്യമായ വിവരങ്ങൾ പഞ്ചായത്തുതിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കുട്ടികളുടെ പേര് , വിലാസം | മാതാപിതാക്കളുടെ പേര് | കുട്ടിയുടെ ജനന തീയതി | പഞ്ചായത്ത് |
|---|---|---|---|---|
| 1 | അദ്രിക പി. അനുപ് പനച്ചിമൂട്ടിൽവീട്, പെരുംതൊട്ടി | സുധ ഇ. എ, അനുപ് പി. കെ. | 10 -5 -17 | വാത്തിക്കുടി |
| 2 | അൻസിക പി. സന്തോഷ് പൊട്ടങ്കിൽ വീട്, പടമുഖം | സിനിമോൾ സി.എ, സന്തോഷ് പി.ജി. | 30 -8 -17 | വാത്തിക്കുടി |
| 3 | ഹർഷീത മനു, പുഴങ്കരയിൽ വീട്, കൊച്ചുപൈനാവ് | ശിൽപ്പ , മനു തങ്കച്ചൻ | 19 -6 -17 | വാഴത്തോപ്പ് |
| 4 | ആർദ്ര സുനിൽ, നെല്ലിവേലിക്കുന്നേൽ വീട്, കൊന്നയ്ക്കാമാലി | സൗമ്യ സുനിൽ കുമാർ | 25 -8 -17 | വാത്തിക്കുടി |
| 5 | ഹൃദ്യ ബിനു, മൂവാല പുത്തൻപുരയ്ക്കൽ വീട്, ഇടുക്കി കോളനി | ആര്യമോൾ, ബിനു ബാബു | 14 -10 -17 | വാഴത്തോപ്പ് |
| 6 | ജോബിയ കാശിപൈനാനിയിൽ വീട്, മുരിയ്ക്കാട്ടുകുടി പി.ഒ. | ബിന്ദു കെ.കെ, ബിജോ കെ.കെ. | 20 -4 -17 | കാഞ്ചിയാർ |
| 7 | സസ്മിത കുരുന്തമടയിൽ വീട്, പുളിയൻമല | സീത ജഗൻ വി. | 6 -9 -17 | കട്ടപ്പന മുനിസിപ്പാലിറ്റി |
| 8 | സാൻവിയ ദിലീപ് കോട്ടപ്പുഴയ്ക്കൽ മുളങ്കരമേട് പി.ഒ. | സന്ധ്യ കെ, ദിലീപ് ദിവാകരൻ | 5 -4 -17 | കട്ടപ്പന മുനിസിപ്പാലിറ്റി |
| 9 | ദക്ഷിണ സനീഷ്, തോട്ടുംകരയിൽ പുത്തൻവീട്, മുളകരമേട് | അശ്വതി സനീഷ് മോൻ | 22 -5 -17 | കട്ടപ്പന മുനിസിപ്പാലിറ്റി |
| 10 | അരുന്ധതി രഞ്ജിത് കോട്ടക്കുഴിയിൽ വീട്, കൊച്ചുതോവള പി.ഒ. കട്ടപ്പന | ആശ ബാലൻ, രഞ്ജിത് രാജപ്പൻ | 4 -11 -17 | കട്ടപ്പന മുനിസിപ്പാലിറ്റി |

(ബി) പ്രൊമോട്ടർമാർ ഒരു തവണ ഫീൽഡ് വർക്ക് പൂർത്തീകരിച്ചു. രണ്ടാം തവണ ഫീൽഡ് വർക്ക് നടന്നുവരുന്നു.

(സി) ഇടുക്കി നിയോജകമണ്ഡലത്തിൽനിന്നും 8 കുട്ടികൾ ഉൾപ്പെടെ ജില്ലയിൽ ആകെ 77 കുട്ടികൾ അംഗങ്ങളായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് മൊത്തത്തിൽ 2555 കുട്ടികൾ അംഗങ്ങളായിട്ടുണ്ട്.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

39(866) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏഴോം ഗ്രാമപഞ്ചായത്തിലെ വെടിവെപ്പുംചാൽ പട്ടികജാതി കോളനിയുടെ എസ്റ്റിമേറ്റ്, നിർവ്വഹണ ഏജൻസി മുഖേന നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ നിർമ്മാണ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കല്യാശ്ശേരി മണ്ഡലത്തിലെ വെടിയപ്പൻചാൽ പട്ടികജാതി കോളനിയുടെ എസ്റ്റിമേറ്റ് ജില്ലാ നിർമ്മിതി കേന്ദ്രം തയ്യാറാക്കിവരികയാണ്.

**പെരിന്തൽമണ്ണ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

40(867) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വകുപ്പ് മുഖേന പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2018-19 വർഷത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത മണ്ഡലത്തിൽ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതെന്ന് വകുപ്പ് കണ്ടെത്തിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പ് മുഖേന പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | എണ്ണം |
|---|---|---|
| 1 | ഭവനനിർമ്മാണ ധനസഹായം | 254 |
| 2 | ഭൂരഹിതപുനരധിവാസ പദ്ധതി | 69 |
| 3 | വിവാഹ ധനസഹായം | 148 |
| 4 | വിദേശതൊഴിൽ ധനസഹായം | 3 |
| 5 | മിശ്രവിവാഹ ധനസഹായം | 1 |
| 6 | പഠനമുറി ധനസഹായം | 82 |
| 7 | വിഷൻ എൻഡൻസ് കോച്ചിംഗ് ധനസഹായം | 10 |
| 8 | അയ്യങ്കാളി മെമ്മോറിയൽ സ്കോളർഷിപ്പ് ധനസഹായം | 58 |
| 9 | ചികിത്സാ ധനസഹായം | 501 |
| 10 | പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് (I to IV) | 2533 |
| 11 | പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് (V toVI) | 4239 |
| 12 | പ്രത്യേക പ്രോത്സാഹന ധനസഹായം | 384 |
| 13 | പാരലൽകോളേജ് വിദ്യാർത്ഥികൾക്ക് ആനുകൂല്യം | 437 |
| 14 | പറമ്പൂർ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി | |
| 15 | പൂന്താനം ലക്ഷംവീട് പട്ടികജാതികോളനി കുടവെള്ളപദ്ധതി | |

(ബി) 2018-19 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി |
|---|---|
| 1 | ഭവനനിർമ്മാണ ധനസഹായം |
| 2 | ഭൂരഹിതപുനരധിവാസ പദ്ധതി |
| 3 | വിവാഹ ധനസഹായം |
| 4 | വിദേശതൊഴിൽ ധനസഹായം |
| 5 | മിശ്രവിവാഹ ധനസഹായം |
| 6 | പഠനമുറി ധനസഹായം |
| 7 | വിഷൻ എൻഡൻസ് കോച്ചിംഗ് ധനസഹായം |
| 8 | അയ്യങ്കാളി മെമ്മോറിയൽ സ്കോളർഷിപ്പ് ധനസഹായം |
| 9 | ചികിത്സാ ധനസഹായം |
| 10 | പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് (I to IV) |
| 11 | പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് (V to VI) |
| 12 | പ്രത്യേക പ്രോത്സാഹന ധനസഹായം |
| 13 | പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് ആനുകൂല്യം |
| 14 | വാത്സല്യ നിധി |

**നേമം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമപദ്ധതി**

41(868) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തികവർഷത്തിൽ അംബേദ്കർ ഗ്രാമപദ്ധതിയിൽ നേമം നിയോജക മണ്ഡലത്തിലെ ഏതെല്ലാം എസ്.സി കോളനികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2017-18 സാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന എസ്.സി കോളനികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നേമം നിയോജകമണ്ഡലത്തിൽനിന്നും പൂഴിക്കുന്നിൽ പറങ്കിമാംവിള ലക്ഷംവീട് കോളനി, അഴംങ്കൽ 44-ാം നഗർ കോളനി എന്നീ പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോളനികളുടെ വികസന പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ വീതമാണ് അനുവദിക്കുന്നത്.

**ഗദ്ദിക സാംസ്കാരികോത്സവം**

42(869) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്ര സംസ്കൃതിയും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നതിനും ഈ വിഭാഗങ്ങളുടെ പരമ്പരാഗത ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുമായി സംഘടിപ്പിച്ചുവരുന്ന ഗദ്ദിക എന്ന പേരിലുള്ള സാംസ്കാരികോത്സവം ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് നടത്തി വരുന്നത് എന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് ഇതിനകം പ്രസ്തുത സാംസ്കാരിക മേള സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മേളകളിൽ എത്ര കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ടെന്ന വിശദാംശം ലഭ്യമാണോ;

(ഡി) നിരവധി ഗോത്രവിഭാഗ കൂട്ടായ്മകൾക്കും സംരംഭകർക്കും അവരുടെ സഹകരണ സ്ഥാപനങ്ങൾക്കും വലിയ സാമ്പത്തിക ആശ്വാസം ലഭിക്കുന്ന ഇത്തരം മേളകൾ കൂടുതൽ പ്രദേശങ്ങളിൽ സംഘടിപ്പിക്കുവാനും മേളകളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, കിർത്താഡ്സ് എന്നിവ സംയുക്തമായാണ് ഗദ്ദിക നടത്തിവരുന്നത്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയിൽ വടക്കാഞ്ചേരിയിലും കോഴിക്കോട് ജില്ലയിലെ വളയത്തും 2017-18 സാമ്പത്തിക വർഷം കൊല്ലം ജില്ലയിലെ പത്തനാപുരത്തും മലപ്പുറം ജില്ലയിലെ പൊന്നാനിയിലും ഗദ്ദിക സംഘടിപ്പിച്ചിട്ടുണ്ട്.

(സി) നാല് ഗദ്ദികകളിൽ നിന്നുമായി ആകെ രണ്ട് കോടി നാല് ലക്ഷം രൂപ വിറ്റുവരവുണ്ടായിട്ടുണ്ട്.

(ഡി) ഒരു സാമ്പത്തിക വർഷം തെരഞ്ഞെടുത്ത രണ്ട് സ്ഥലങ്ങളിലാണ് ഗദ്ദിക സംഘടിപ്പിക്കുന്നത്. ടി മേളയിൽ കൂടുതൽ ജനപങ്കാളിത്തം ഉണ്ടാകുന്നതിന് പട്ടികജാതി, പട്ടികവർഗ്ഗ നാടൻ കലാപരിപാടിക്കൊപ്പം വിവിധ സർക്കാർ വകുപ്പുകളുടെ സഹായത്തോടെ മെഗാ ഷോയും മറ്റും സംഘടിപ്പിച്ചുവരുന്നു.

**സാമൂഹ്യ പഠനമുറി പദ്ധതി**

43(870) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ആൻസലൻ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പട്ടികവർഗ്ഗ കോളനികളിൽ നടപ്പാക്കി വരുന്ന സാമൂഹ്യ പഠനമുറി പദ്ധതി പ്രകാരം എന്തെല്ലാം പഠന സൗകര്യങ്ങളാണ് പഠിതാക്കൾക്കായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ ഇൻസ്ട്രക്ടർമാരായി നിയോഗിക്കുമ്പോൾ തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കുമെന്നതിനാൽ സാമൂഹ്യ പഠനമുറി പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന്, വിദ്യാഭ്യാസ ഉന്നമനത്തിനായി സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിവരുന്നു. വകുപ്പിനുകീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകൾ, 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, 2 ഐ.റ്റി.ഐ.-കൾ, സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് 10 മാതൃക പരിശീലന കേന്ദ്രങ്ങൾ, പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയും പ്രവർത്തിക്കുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനായും വിദ്യാഭ്യാസ ഉന്നമനത്തിനായും പ്രത്യേക പദ്ധതികളും വകുപ്പ് നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിക്കുന്നതിനും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിൽ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാ ആനുകൂല്യം അനുവദിച്ചുനൽകുന്നു. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചുനൽകുന്നു.

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം, സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനം എന്നിവ വകുപ്പ് മുഖേന നൽകിവരുന്നു.

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ഊരുകളിൽ ട്യൂഷൻ നൽകുന്നതിനായി 100 സാമൂഹ്യ പഠന മുറികൾ നടപ്പിലാക്കുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട റ്റി.റ്റി.സി./ബി.എഡ്. പാസായ യുവതീ-യുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിവരുന്നു.

വിദൂര കോളനികളിൽനിന്നും കുട്ടികളെ വാഹനത്തിൽ സ്കൂളുകളിൽ എത്തിക്കുന്നതിന് ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നു.

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരതാ നിർമ്മാർജ്ജനം ചെയ്യുന്നതിനായി സാക്ഷരതാ മിഷൻ മുഖേന പട്ടികവർഗ്ഗ കോളനികളിൽ സമഗ്ര ആദിവാസി സാക്ഷരത പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഒരു പഠന കേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾക്ക് പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന് കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകളും മറ്റ് സമാന ഇടങ്ങളും കണ്ടെത്തിയിട്ടുണ്ട്. കോളനികളിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. ടി കേന്ദ്രങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഒരു സാമൂഹ്യ പഠനമുറിക്ക് ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ (2 എണ്ണം), യു.പി.എസ്. (2), വൈറ്റ് ബോർഡ് (1), എൽ.ഇ.ഡി. മോണിറ്റർ (1), എൽ.ഇ.ഡി. ഡിസ്പ്ലേ (1), കമ്പ്യൂട്ടർ ടേബിൾ (1), രണ്ട് വിദ്യാർത്ഥികൾക്ക് വീതം ഇരിക്കുവാൻ കഴിയുന്ന കസേരകളോടുകൂടിയ 15 സ്റ്റഡി ടേബിളുകൾ എന്ന കണക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠന സാമഗ്രികൾ, ഇന്റർനെറ്റ് സൗകര്യം, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

(സി) സാമൂഹ്യ പഠനമുറി സ്ഥാപിക്കുന്നതിനായി 100 കേന്ദ്രങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. അടുത്ത സാമ്പത്തികവർഷം ടി പദ്ധതി കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനമാകുംവിധം 500 പുതിയ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ആദിവാസി ക്ഷേമപദ്ധതികൾ**

44(871) <u>ശ്രീ.മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ആദിവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ വിശദമാക്കാമോ; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു:

1. സാമൂഹിക പഠനമുറി - (2017-18) 6.21 കോടി രൂപ

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസംതോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിച്ചുവരുന്നു. ഇതിനായി 100 സാമൂഹ്യ പഠനമുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. 78 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2. ഗോത്രബന്ധു - (2017-18 – 4.00 കോടി രൂപ), (2018-19 4.40 കോടി രൂപ)

സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യംവച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ബി.എഡ്./ഡി.എഡ്. പാസ്സായ അഭ്യസ്തവിദ്യരിൽനിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്ര ബന്ധു."

3.അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം

(എ) അടിസ്ഥാനസൗകര്യങ്ങൾ

ഈ സർക്കാരിന്റെ കാലത്ത് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നോക്ക അവസ്ഥയിലുള്ള കോളനികളുടെ വിവരങ്ങൾ ജില്ലാ തലത്തിൽനിന്നും ശേഖരിച്ചതിനെത്തുടർന്ന് അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത ഏജൻസികൾ മുഖേന ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഇപ്രകാരം തയ്യാറാക്കിയ 76 കോളനികളിലെ ഡി.പി.ആർ. ലഭിച്ചു. ഇതിൽ 34 കോളനികൾക്കുള്ള മൊബിലൈസേഷൻ തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) എം.ജി.എൻ.ആർ.ഇ.ജി.എസ്. - തൊഴിലിനുള്ള വേതനം

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുക.

(സി) പി. കെ. കാളൻ കുടുംബസഹായ പദ്ധതി (2017-18 - 5.06 കോടി)

പി. കെ. കാളൻ കുടുംബസഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ വിവരശേഖരണം നടത്തി കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിയോഗിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ നിയോജകമണ്ഡലത്തിലെ ഉള്ളാട സമുദായങ്ങൾക്കായി രൂപീകരിച്ച 5.06 കോടി രൂപയുടെ മൈക്രോ പ്ലാനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അത് പ്രകാരം ടി തുക കുടുംബശ്രീ സംസ്ഥാന മിഷന് അനുവദിച്ചുനൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

4. ഗോത്രവാത്സല്യനിധി

പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എൽ.ഐ.സി.-യുമായി സഹകരിച്ച് ഗോത്ര വാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 2017 ഏപ്രിൽ മുതൽ ജനിച്ച 800 പെൺകുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

5. പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിലില്ലാത്ത സ്ത്രീകളെ കണ്ടെത്തി വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി സ്വയം തൊഴിൽ നൽകുന്ന അപ്പാരൽ പാർക്ക് എന്ന സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

6. പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ഐ.റ്റി. മേഖലയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ പുരോഗമിക്കുന്നു.

7. വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം - പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

8. ആരോഗ്യ വിദ്യാഭ്യാസ പരിപാടി - തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

9. പോഷകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

10. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.

11. KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്./ഹോസ്റ്റലുകളുടെ നിർമ്മാണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

12. ആധുനിക വൈദ്യ സൗകര്യം എല്ലാ പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഡോക്ടറുടെ സേവനം ഉൾപ്പെടെ സംസ്ഥാനമൊട്ടാകെ പുതുതായി 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.\

13.ഗോത്രജീവിക

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേട് ഒഴിവാക്കുന്നതിനും ചൂഷണം തടയുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനുമായി "ഗോത്രജീവിക" പദ്ധതി നടപ്പിലാക്കിവരുന്നു.

14.സമഗ്ര

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽനിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും സാക്ഷരതാ മിഷൻ 'സമഗ്ര' എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

15.ഗോത്ര രശ്മി

ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്ര വിഭാഗങ്ങൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതിയിലൂടെ സമൂഹത്തിൽ അഭിമാനത്തോടും ആത്മവിശ്വാസത്തോടും ഭയരഹിതമായും ആരോഗ്യമുള്ളവരായും ജീവിക്കുന്നതിന് പ്രാപ്തിയുണ്ടാക്കുക എന്ന ലക്ഷ്യം വച്ച് അവരുടെ ആചാരനുഷ്ഠാനങ്ങൾ, ഉൽസവങ്ങൾ, സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഇവയുടെ മതനിരപേക്ഷമായ ദർശനം ബോദ്ധ്യപ്പെടുത്തി ചൂഷണരഹിതമായ ഊരുകൾ സൃഷ്ടിക്കുന്നതിനായി 50 പട്ടികവർഗ്ഗ യുവതീ-യുവാക്കളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി ആദിവാസികളെ നേതൃരംഗത്തേയ്ക്ക് കടന്നുവരുന്നതിന് നേതൃത്വപരമായ പാടവം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നത്. ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തീരുമാനമെടുക്കൽ പ്രക്രിയകളിലേയ്ക്കും വിവിധ ആദിവാസി ഗോത്രവിഭാഗങ്ങളിലെ യുവതീ-യുവാക്കളെ പങ്കാളികളാക്കാൻ സാധിക്കും.

ടി പദ്ധതിക്കായുള്ള ആകെ പദ്ധതി തുകയായ 40.71 ലക്ഷം രൂപയിൽ ഒന്നാംഘട്ടമായി 16.28 ലക്ഷം രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തു. രണ്ടാംഘട്ടമായി 12.21 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

**ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതി**

45(872) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശിക്കും ഭൂമി ആദിവാസിക്കു സ്വന്തം എന്ന സംസ്ഥാന സർക്കാർ പദ്ധതി എപ്പോഴാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം ഓരോ കുടുംബത്തിനും എത്ര സ്ഥലമാണ് നൽകുന്നതെന്നും മാനദണ്ഡങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം എത്ര പേരിൽനിന്ന് അപേക്ഷകൾ ലഭിച്ചു എന്നും പ്രസ്തുത അപേക്ഷകരിൽ എത്രപേർക്ക് സ്ഥലം നൽകിയെന്നും ജില്ല തിരിച്ചു വ്യക്തമാക്കാമോ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷമാണ് 'ആശിക്കും ഭൂമി ആദിവാസിക്കു സ്വന്തം' പദ്ധതി ആരംഭിച്ചത്. നിലവിൽ ഈ പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ലാന്റ് ബാങ്ക് ഉണ്ടാക്കി ഭൂമി വിതരണം ചെയ്യുന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്.

(ബി) ഈ പദ്ധതി പ്രകാരം കുറഞ്ഞത് 25 സെന്റും പരമാവധി ഒരേക്കറും ഭൂമി 10 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങി നൽകുന്നു. പദ്ധതിയുടെ മാനദണ്ഡങ്ങൾ നിശ്ചയിച്ച് കൊണ്ടുള്ള 23-10-2013-ലെ 84/2013/പജ.പവ.വി.വ. നമ്പർ സർക്കാർ ഉത്തരവ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) ഈ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളുടെ എണ്ണവും സ്ഥലം വാങ്ങി നൽകിയതും സംബന്ധിച്ച ജില്ലതിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

**ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ**

46 (873) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾ എത്രയാണ് എന്നതിന്റെ കണക്ക് വകുപ്പിന്റെ കൈവശമുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) ഭൂരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) ഉണ്ട്. 1-6-2017-ാം വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥർ മുഖേന നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്ത് 11594 ഭ്രരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ഭ്രരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭ്രമി നൽകുന്നതിനായി ഭ്രമി വാങ്ങി നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വനാവകാശ നിയമം 2006 പ്രകാരം ഭ്രമിയുടെ കൈവശാവകാശരേഖയും നൽകിവരുന്നു. ഇക്കാര്യങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇതിനുപുറമെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ലാന്റ് ബാങ്ക് ഉണ്ടാക്കി ഭ്രമി വിതരണം നടത്തുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ചികിത്സാ ധനസഹായം**

47 (874) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള രണ്ടു വർഷ കാലയളവിൽ പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ചികിത്സാ പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപതു പഞ്ചായത്തുകളുടെ പരിധിക്കുള്ളിൽ എത്ര പേർക്ക് എത്ര രൂപ ധനസഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ അടങ്ങിയ പട്ടിക നൽകാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ചികിത്സാ പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളുടെ പരിധിക്കുള്ളിൽ 213 പേർക്ക് ആകെ 302340 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ്**

48 (875) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി സംസ്ഥാന സർവ്വീസിൽ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എസ്.എസ്.എൽ.സി. മുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ ഡേറ്റാ ബാങ്ക് വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിന് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പഠനം പൂർത്തിയാക്കുവാൻ സാധിക്കാത്ത പട്ടിക ഗോത്ര വർഗ്ഗത്തിൽപ്പെട്ടവർക്ക് ഉപജീവനം ഉറപ്പിക്കുവാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക സർക്കാർ നിയമനത്തിനായി താഴെക്കൊടുത്തിട്ടുള്ള രീതിയിൽ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

| തസ്തിക | വയനാട് | മലപ്പുറം | പാലക്കാട് |
|---|---|---|---|
| സിവിൽ പോലീസ് ഓഫീസർ | 40 | 4 | 10 |
| വനിതാ സിവിൽ പോലീസ് ഓഫീസർ | 12 | 4 | 5 |
| എക്സൈസ് ഓഫീസർ | 15 | 3 | 5 |
| വനിതാ സിവിൽ എക്സൈസ് ഓഫീസർ | 2 | - | - |

(ബി) ഉണ്ട്. എസ്.എസ്.എൽ.സി. മുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ട്. +2 അതിനുമുകളിൽ യോഗ്യതയുള്ളവർ 11,474 പേർ തൊഴിൽരഹിതരായി ഉണ്ട് എന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വേയിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ +2 മുതൽ ബിരുദാനന്തരബിരുദം വരെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ 9,357 പേരും, പ്രൊഫഷണൽ യോഗ്യത നേടിയവർ (ടി.ടി.സി., ബി.എഡ്., സെറ്റ്, നെറ്റ്, മെഡിക്കൽ, എഞ്ചിനീയറിംഗ്, നഴ്സിംഗ്) 1,334 പേരും സാങ്കേതിക യോഗ്യതയുള്ളവർ 670 പേരും മറ്റ് യോഗ്യതയുള്ളവർ 113 പേരുമാണുള്ളത്. എസ്.എസ്.എൽ.സി. മുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ ഡേറ്റാബാങ്ക് തയ്യാറാക്കി വിവിധ വകുപ്പുകൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിലേയ്ക്കായി കൈമാറുകയും ചെയ്തിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ, ഐ.ടി.ഐ. എന്നിവ വഴിയും സർക്കാർ ഇതര സ്ഥാപനങ്ങൾ വഴിയും തൊഴിൽ നൈപുണ്യ വികസനം ഉറപ്പാക്കിവരുന്നു. പ്രത്യേക കേന്ദ്ര സഹായ പദ്ധതി, കോർപ്പസ് ഫണ്ട് എന്നിവ ഉപയോഗിച്ച് പി.എസ്.സി., ബാങ്ക് പരിശീലന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

- ഐ.റ്റി. മേഖലയിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് 308 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കി സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- കൂടാതെ സാങ്കേതിക വൈദഗ്ധ്യമുള്ള ജോലി ലഭിക്കുന്നതിന് താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകിവരുന്നുണ്ട്.

1. നെട്ടൂർ ടെക്നിക്കൽ ടെയിനിംഗ് ഫൗണ്ടേഷൻ
2. കെൽട്രോൺ
3. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആൻഡ് ടെക്നോളജി
4. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്
5. ഹൗസ് കീപ്പിംഗ് ആൻഡ് ഫുഡ് ബിവറേജസ് (എത്തിയോസ് എന്ന സ്ഥാപനം മുഖേന)
6. മീഡിയ ടെക്നോളജി (സി-ഡിറ്റ് മുഖേന)

പട്ടികജാതി വികസന വകുപ്പ് പി.ഇ.റ്റി.സി. വഴി അഭ്യസ്തവിദ്യർക്ക് പി.എസ്.സി., ബാങ്ക് കോച്ചിംഗ് പരീക്ഷകൾക്ക് പരിശീലനം നൽകിവരുന്നു. സിവിൽ സർവ്വീസ് പരീക്ഷൾക്ക് 'ഐസെറ്റസ്' മുഖേന പരിശീലനം നൽകിവരുന്നു.

(ഡി) പട്ടികഗോത്ര മേഖലയിൽ അഭ്യസ്തവിദ്യർക്കും അല്ലാത്തവർക്കുമായി തൊഴിലവസരം സൃഷ്ടിക്കുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ആയതിന് 'പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരശീലനത്തിനുമുള്ള സഹായം' എന്ന ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ. ടു ടി.എസ്.എസ്. എന്നീ പദ്ധതികളിലുൾപ്പെടുത്തി നൈപുണ്യ വികസന പദ്ധതികളും സംരംഭകത്വ വികസന പരിപാടികളും നടപ്പിലാക്കിവരുന്നു.

പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. മിൽമ

2. കുടുംബശ്രീ

3. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

4. വിവിധ വകുപ്പുകൾ.

ആർട്ടിക്കിൾ 275(1) പ്രകാരം നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ

1. കൃഷി

2. പശു, ആട് വളർത്തൽ

3. ക്രിമിറ്റോറിയംപെട്ടി അനുവദിക്കൽ

4. യന്ത്രസഹായത്തോടെ കാട് വെട്ടൽ

5. യന്ത്രസഹായത്തോടെ മരംമുറി

6.തയ്യൽ യൂണിറ്റുകൾ

7. വയറിംഗ്

8. ഫാഷൻ ഡിസൈനിംഗിൽ പരിശീലനം നൽകി പുതിയ തയ്യൽ ജോലികൾ

9. സിവിൽ ആർക്കിടെക്ചർ ഡ്രാഫ്റ്റിംഗ് ലാന്റ് സർവ്വേ കോഴ്സിൽ പരിശീലനം നൽകി ആധുനിക തൊഴിൽ സമ്പാദനം

10. കോഴിയും കൂട്ടും പദ്ധതി

11. ചെറുകിട വ്യാപാരം.

കോർപ്പസ് ഫണ്ട്

1. കട നിർമ്മാണം

2. മത്സ്യ കച്ചവടം

3. ബേക്കറി

4. തുണിക്കട

5. കോഫീബാർ

6. യന്ത്രവൽകൃത പുൽവെട്ടൽ

7. യന്ത്രവൽകൃത പാൽകറവ

8. റബ്ബർ റോളർ വിതരണം

9. പെട്ടിക്കടകൾ

10. പന്നി വളർത്തൽ

ജില്ലാഅടിസ്ഥാനത്തിൽ സഹായി സെന്ററുകൾ നടത്തിപ്പിന്.

എസ്.സി.എ. ടു റ്റി.എസ്.പി. നടപ്പിലാക്കിയ തൊഴിൽ ദായക പദ്ധതികൾ

1. യന്ത്രവൽകൃത തെങ്ങുകയറ്റം
2. യന്ത്രവൽകൃത കോൺക്രീറ്റ് കട്ടിംഗ്
3. യന്ത്രവൽകൃത കൃഷി, തയ്യൽ
4. ഗാർമെന്റ് ആന്റ് ടെയിലറിംഗ് യൂണിറ്റ്
5. ഡെയറി ഡെവലപ്മെന്റ് യൂണിറ്റ്
6. ഫോട്ടോസ്റ്റാറ്റ് മെഷീൻ
7. തൊഴിൽ സംഗീത ഉപകരണങ്ങൾ
8. യന്ത്രവൽകൃത കള പറിക്കൽ
9. ലൈറ്റ് മോട്ടോർ ഡ്രൈവിംഗ്
10. ഹെവി മോട്ടോർ ഡ്രൈവിംഗ്
11. കയൽ ഉല്പാദനം
12. യന്ത്രവൽകൃത മരംവെട്ട്
13. ഫാഷൻ ടെക്നോളജി
14. കമ്പ്യൂട്ടർ ടൈപിനിംഗ്
15. ഹാർച്ചറി യൂണിറ്റ്
16. യന്ത്രവൽകൃത കവുങ്ങ് (അടയ്ക്ക) കയറ്റം
17. മെഴുകുതിരി നിർമ്മാണം
18. കലാപരമായ ഉൽപ്പന്നങ്ങൾ
19. ഫർണിച്ചർ ഉല്പാദനം.

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ കാര്യക്ഷമമാക്കാൻ നടപടി**

49 (876) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ പദ്ധതി നടത്തിപ്പുകൾ കാര്യക്ഷമമല്ല എന്ന പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ആദിവാസി വിഭാഗങ്ങൾക്കായി വൻ തുക ചെലവഴിക്കുമ്പോഴും പോഷകാഹാരവും കുടിവെള്ളവും ആവശ്യത്തിന് ലഭിക്കാത്ത അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ആദിവാസി ഊരുകളിൽ ആരോഗ്യസേവനങ്ങൾ നൽകുന്നതിനായി മെഡിക്കൽ സംഘം സന്ദർശിക്കാതിരിക്കുന്നതും വേണ്ടത്ര വൈദ്യസഹായം ലഭ്യമാക്കാത്തതും ഡോക്ടർമാരുടെയും ആശാവർക്കർമാരുടെയും സേവനം ലഭ്യമാക്കാത്തതും സംബന്ധിച്ച പരാതികൾക്ക് പരിഹാരം ഉണ്ടാക്കുവാൻ പട്ടികവർഗ്ഗക്ഷേമ വകുപ്പ് നടപടികൾ സ്വീകരിക്കുമോ;

(ഡി) ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള സർക്കാർ പദ്ധതികളിൽ ക്രമക്കേട് ഒഴിവാക്കുന്നതിനും പുറത്ത് നിന്നുള്ളവർ ആദിവാസികളെ ചൂഷണം ചെയ്യുന്നത് തടയാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാർക്കായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്.

- ഊരുകൂട്ട തീരുമാന പ്രകാരമാണ് പട്ടികവർഗ്ഗ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഊരുകൂട്ടത്തിൽ നിർദ്ദേശിക്കുന്ന പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽവച്ച് അംഗീകരിച്ചാണ് നടപ്പിലാക്കുന്നത്. അടങ്കൽതുക 25 ലക്ഷത്തിൽ താഴെയുള്ള പദ്ധതികൾ ജില്ലാതല

വർക്കിംഗ് ഗ്രൂപ്പിലും, 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിലും സമർപ്പിച്ച് അംഗീകാരം വാങ്ങിയാണ് നടപ്പിലാക്കുന്നത്.

- പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുംവേണ്ടി ഡയറക്ടറേറ്റുതലത്തിൽ വീഡിയോ കോൺഫറൻസുകളും, ഫീൽഡ് ഓഫീസർമാരെ ഉൾപ്പെടുത്തി പദ്ധതി അവലോകന യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

- പട്ടികവർഗ്ഗക്കാർക്ക് നിലവിലുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകിവരുന്നത്.

- പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക്തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും കാലതാമസം കൂടാതെ പദ്ധതി അവലോകനം നടത്തുന്നതിനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ.-മാർ ഉൾപ്പെടുന്ന കമ്മിറ്റിയും, ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാനതലത്തിൽ ബഹു. വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തുന്നു.

- തദ്ദേശഭരണ സ്ഥാപനങ്ങളുടെ റ്റി.എസ്.പി. ഫണ്ട് ലാപ്സാകാതിരിക്കാൻ വേണ്ടി ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ അവലോകനം നടത്താറുണ്ട്.

- പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്.

(ബി) ആദിവാസി വിഭാഗങ്ങൾക്ക് പോഷകാഹാരം എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഫുഡ് സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷകാഹാരം ഉറപ്പുവരുത്തുന്നതിനായി ജനനി ജന്മരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ത്രിതല പഞ്ചായത്തുകളുടെ ടി.എസ്.പി.-യിലും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(സി) ആദിവാസി ഊരുകളിൽ കൃത്യമായി ആരോഗ്യ സേവനങ്ങൾ നൽകുന്നതിനായി ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തൊട്ടാകെ ആധുനിക വൈദ്യസഹായം എല്ലാ പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഡോക്ടറുടെ സേവനമുൾപ്പെടെ സംസ്ഥാനത്തൊട്ടാകെ പുതുതായി 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ഡി) ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടും ചൂഷണവും നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനുമായി 'ഗോത്രജീവിക' പദ്ധതി നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ ഭവന നിർമ്മാണ രംഗത്ത് പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഫലപ്രദമായി തടയുന്നതിനുമായി ടി പദ്ധതി പ്രകാരം നിർമ്മാണ മേഖലയ്ക്ക് പ്രാമുഖ്യം നൽകുന്ന പരിശീലനങ്ങളാണ് നടപ്പിലാക്കുന്നത്.

ടി പദ്ധതി പ്രകാരം പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് കെട്ടിടപ്പണി, മരപ്പണി, കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം, വയറിംഗ്, പ്ലംബിഗ് എന്നീ മേഖലയിൽ പരിശീലനം നൽകി ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിക്കുന്നത് വഴി ആദിവാസികളുടെ വീട് നിർമ്മാണത്തിൽ പുറത്തുനിന്നുള്ളവർ ചൂഷണം ചെയ്യുന്നത് തടയാൻ കഴിയുന്നതാണ്. ഇത്തരത്തിൽ വയനാട്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിൽ നിന്നും 1170 പേർക്ക് പരിശീലനം നൽകി 9 സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് ആരംഭിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതികൾ**

50 (877) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് സഹായവും പ്രോത്സാഹനവും നല്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭിക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രശസ്ത വിദേശ സർവ്വകലാശാലകളിൽ യോഗ്യത നേടുന്ന പട്ടികവർഗ്ഗത്തിലെ വിദ്യാർത്ഥികളുടെ പഠനച്ചെലവ് വഹിക്കുന്നതിന് സർക്കാർ തയ്യാറാകുമോ;വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് സഹായവും പ്രോത്സാഹനവും നൽകുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- പ്രീമെട്രിക്/പോസ്റ്റ്മെട്രിക് തലത്തിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ പ്രതിമാസ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവയുടെ നിരക്ക് 25 ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്.

- സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- തെരഞ്ഞെടുക്കപ്പെട്ട പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്യുന്ന പദ്ധതിയിൽ 12 പുതിയ കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേയ്ക്കായി " സാമൂഹ്യ പഠനമുറി" പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗത്തിൽ തന്നെയുള്ള ടി.ടി.സി., ബി.എഡ്. പാസ്സായ യുവതീ-യുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിവരുന്നു.

- പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഏകാധ്യാപക വിദ്യാലയങ്ങൾ, പെരിപ്പറ്റെറ്റിക് സെന്ററുകൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ, വികാസ് വാടികൾ/ബാലവാടികൾ, കിന്റർ ഗാർട്ടനുകൾ എന്നീ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെയും, ആയ (വർക്കർ) മാരുടെയും ഓണറേറിയം, കുട്ടികളുടെ യൂണിഫോം അലവൻസ്, ഭക്ഷണ ചെലവ് തുടങ്ങിയവ വർദ്ധിപ്പിച്ചിട്ടുണ്ട്.

- നിലവിലുള്ള ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് കൂടാതെ 4 പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നടപ്പുവർഷം വാടക കെട്ടിടത്തിൽ ആരംഭിക്കുന്നുണ്ട്.

- കിഫ്ബിയുടെ സഹായത്തോടെ 2 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും 5 പ്രീമെട്രിക് ഹോസ്റ്റലുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

- കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ 2 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.

- അട്ടപ്പാടി, കുളത്തുപ്പുഴ എന്നീ എം.ആർ.എസ്.-കളിൽ പുതുതായി ഹയർ സെക്കന്ററി സയൻസ്, കൊമേഴ്സ് ബാച്ചുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

- വകുപ്പിനുകീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ടോയ്ലെറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ നിർമ്മാണം, ട്രസ്റ്റ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു.

- ഭൗതിക സൗകര്യ വികസനത്തിന്റെ ഭാഗമായി കുട്ടികൾക്ക് ആവശ്യമായ ബഞ്ച്, ഡസ്ക്, പഠന മേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും വ്യക്തിത്വ വികസനത്തിന് സഹായമാകുന്ന ലൈബ്രറി സൗകര്യം, കമ്പ്യൂട്ടർ ലാബുകൾ, കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

- എം.ആർ.എസ്.-കളിൽ ആധുനിക രീതിയിലുള്ള സ്മാർട്ട് ക്ലാസ്റൂമുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പരിസ്ഥിതി സൗഹൃദ വികസനം മുൻനിർത്തി സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു.

- കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സി.സി.റ്റി.വി. സംവിധാനവും പ്രാവർത്തികമാക്കിയിട്ടുണ്ട്.

- പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ പെൺകുട്ടികൾക്കുവേണ്ടിയുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

- വകുപ്പിനുകീഴിൽ പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളെ യുണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനും സഹായം നൽകുന്നതിനായി 'ഗോത്രജീവിക'എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

- പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

- വകുപ്പിനുകീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ, ഐ.ടി.ഐ. എന്നിവ വഴിയും സർക്കാർ ഇതര സ്ഥാപനങ്ങൾവഴിയും തൊഴിൽ നൈപുണ്യ വികസനം ഉറപ്പാക്കിവരുന്നു.

- പ്രത്യേക കേന്ദ്ര സഹായ പദ്ധതി, കോർപ്പസ് ഫണ്ട് എന്നിവ ഉപയോഗിച്ച് പി.എസ്.സി., ബാങ്ക് പരിശീലന പദ്ധതിയും നടപ്പിലാക്കിവരുന്നു.

- ഐ.റ്റി. മേഖലയിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- കൂടാതെ സാങ്കേതിക വൈദഗ്ധ്യമുള്ള ജോലി ലഭിക്കുന്നതിന് നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, കെൽട്രോൺ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആൻഡ് ടെക്നോളജി, ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്, സി-ഡിറ്റ്, എത്തിയോസ് എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകിവരുന്നു.

- നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗക്കാരെ പട്ടികവർഗ്ഗ മേഖലയിൽ പ്രൊമോട്ടർമാരായും കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സായും നിയമിച്ചിട്ടുണ്ട്.

- പട്ടികവർഗ്ഗക്കാരുടെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതിയായ 'സമഗ്ര ആദിവാസി സാക്ഷരതാ പദ്ധതി' മുഖേന നിശ്ചിത യോഗ്യതയുള്ള പട്ടികവർഗ്ഗക്കാരായ 100 പ്രേരക്മാരെ നിയമിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് തുല്യമായ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ, എം.ഫിൽ., എം.ഫിൽ.-ന് തുല്യമായവ, പി.എച്ച്.ഡി., പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാംസ് തുടങ്ങിയ കോഴ്സുകൾക്ക് പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നത്.

**ആദിവാസികൾക്ക് പോലീസിലും എക്സൈസിലും നിയമനം**

51(878) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളെ പോലീസിലും എക്സൈസിലും പ്രത്യേക ഉത്തരവിലൂടെ നിയമിക്കുമെന്ന തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവരെ എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) നിയമനം ലഭിച്ച ആദിവാസികൾ ബോണ്ട് നൽകണമെന്ന വ്യവസ്ഥയുണ്ടോ; എങ്കിൽ എത്ര തുകയ്ക്കുള്ള ബോണ്ടാണ് നൽകേണ്ടത്;

(ഡി) സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യം ഹാജരാക്കണമെന്ന വ്യവസ്ഥ ആദിവാസി വിഭാഗങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നതിനാൽ പ്രസ്തുത തീരുമാനം പിൻവലിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 100 ഉദ്യോഗാർത്ഥികൾക്കാണ് പോലീസ് എക്സൈസ് വകുപ്പുകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നൽകിയിട്ടുള്ളത്.

(സി) എക്സൈസ്, പോലീസ് വകുപ്പുകളിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് 52000 രൂപയുടെ ബോണ്ടിന് 2 സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യം എന്ന വ്യവസ്ഥയാണുള്ളത്.

(ഡി) പോലീസ് വകുപ്പിൽ നിയമനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ആദിവാസി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകേണ്ട ബോണ്ടിലെ തുകയും

കൂടാതെ രണ്ട് സർക്കാർ ഉദ്യോഗസ്ഥർ ജാമ്യം നിൽക്കണമെന്ന വ്യവസ്ഥയും ഒരു പ്രത്യേക കേസായി പരിഗണിച്ച് ഒഴിവാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പ് ഇക്കാര്യം പരിശോധിച്ചുവരുന്നു.

**വിദ്യാലയങ്ങളിൽനിന്ന് ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക്**

52 (879) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ നിന്നും ആദിവാസി കുട്ടികൾ പഠനം ഇടയ്ക്ക് വച്ച് ഉപേക്ഷിച്ച് പോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) ഇവരുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി ഗോത്ര ബന്ധു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഈ പദ്ധതി ആവിഷ്കരിച്ച ശേഷം ആദിവാസി കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ഡി) പഠനം ഉപേക്ഷിച്ച ആദിവാസി കുട്ടികളെ പുതിയ അദ്ധ്യയന വർഷം സ്കൂളുകളിൽ തിരികെ എത്തിക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ഇ) ഏത് വിഭാഗത്തിലുള്ള ആദിവാസി കുട്ടികളുടെ കൂട്ടത്തിലാണ് കൂടുതൽ കൊഴിഞ്ഞ് പോക്കെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗത്തിലെ കുട്ടികൾക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് അവരെ സ്കൂളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിദ്യാലയങ്ങളിൽനിന്നും ആദിവാസി കുട്ടികൾ പഠനം ഇടയ്ക്കുവച്ച് ഉപേക്ഷിച്ചുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷിപ്പണിയുമായി ബന്ധപ്പെടുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഇടയിലാണ് കൊഴിഞ്ഞുപോക്ക് കൂടുതലായുള്ളത്. രക്ഷിതാക്കളോടൊപ്പം കുട്ടികളും പണി സ്ഥലത്തേയ്ക്ക് പോകുന്ന പ്രവണതയുണ്ട്. കാർഷികവിളകളുടെ വിളവെടുപ്പ് സമയത്ത് സ്കൂളിൽ ഇത്തരം കുട്ടികളുടെ ഹാജർനില കുറവായി കാണപ്പെടുകയും ക്രമേണ സ്കൂളിൽ വരാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു. വിവിധ ക്ലാസ്സുകളിലെ തോൽവിയും കാരണമാകുന്നുണ്ട്. കുടുംബത്തിലെ പ്രശ്നങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസത്തെ കാര്യമായി ബാധിക്കുന്നു. ഇതേത്തുടർന്ന് രക്ഷിതാക്കൾ കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധ കാണിക്കാതെ ഇരിക്കുന്നതും ചിലരുടെ രക്ഷിതാക്കളിൽ മദ്യപാന

സ്വഭാവവും പ്രമുഖ കാരണങ്ങളിൽപ്പെടുന്നു. പട്ടികവർഗ്ഗ കുട്ടികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ഭാഷാപരവും, സാമൂഹ്യപരവുമായ ഒറ്റപ്പെടൽ അനുഭവിക്കുന്നതും കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യംവച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ ബി.എഡ്./ഡി.എഡ്. പാസ്സായ അഭ്യസ്തവിദ്യരിൽനിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു പദ്ധതി.

വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലായി 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ടി.ടി.സി./ബി.എഡ്./ ഡി.എഡ്. പാസ്സായ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരെ മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 26 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2018-19 അദ്ധ്യയന വർഷം മുതൽ ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വിവിധ കാരണങ്ങളാൽ പഠനം ഉപേക്ഷിച്ച ആദിവാസി കുട്ടികളെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിനായി വകുപ്പിന്കീഴിൽ ഗോത്രസാരഥി, ഗോത്രബന്ധു, സാമൂഹ്യ പഠനമുറി, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു:

- വിദൂര കോളനികളിൽനിന്നും കുട്ടികളെ വാഹനത്തിൽ സ്കൂളുകളിൽ എത്തിക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി പദ്ധതി.

- സ്കൂളുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിന് പട്ടികവർഗ്ഗത്തിൽ തന്നെയുള്ള ടി.ടി.സി./ബി.എഡ്./ഡി.എഡ്. പാസ്സായവരെ മെന്റർ ടീച്ചർമാരായി നിയമിക്കുന്നതാണ് ഗോത്രബന്ധു പദ്ധതി.

- പട്ടികവർഗ്ഗ കുട്ടികൾക്ക് മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി പഠന നിലവാരം ഉയർത്തുന്നതിലേയ്ക്ക് പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഫെസിലിറ്റേറ്റർമാരായി നിയമിക്കുന്ന പദ്ധതിയാണ് സാമൂഹ്യപഠനമുറി പദ്ധതി.

- സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ എത്തിക്കുന്ന രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി.

(ഇ) പട്ടികവർഗ്ഗക്കാരിലെ ഏറ്റവും വലിയ വിഭാഗമായ പണിയ സമുദായക്കാരുടെ ഇടയിലാണ് കൊഴിഞ്ഞുപോക്ക് കൂടുതലായി കണ്ടെത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി വകുപ്പിനുകീഴിൽ ഗോത്ര സാരഥി, ഗോത്രബന്ധു, സാമൂഹ്യ പഠനമുറി, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം എന്നീ പദ്ധതികൾ ഈ വിഭാഗക്കാർക്ക് പ്രാമുഖ്യം നൽകി നടപ്പിലാക്കിവരുന്നു. കൂടാതെ പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ, വുമൺ സോഷ്യൽ വർക്കർ തുടങ്ങിയവർ മുഖേന പ്രസ്തുത പദ്ധതികളെക്കുറിച്ച് പട്ടികവർഗ്ഗക്കാരെ ബോധവൽക്കരണം നടത്തി കുട്ടികളെ സ്കൂളിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

**പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ ക്ഷേമത്തിന് പദ്ധതി**

53 (880) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗവിഭാഗത്തിലെ പെൺകുട്ടികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനുമായി വാത്സല്യനിധി, ഗോത്രവാത്സല്യനിധി എന്നീ പേരുകളിൽ ഇൻഷുറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അപേക്ഷിക്കേണ്ട വിധം എങ്ങനെ എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 'ഗോത്രവാത്സല്യനിധി' എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുക, കൊഴിഞ്ഞുപോക്ക് തടയുക തുടങ്ങിയ ലക്ഷ്യം വച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. പെൺകുഞ്ഞിന്റെ ജനന രജിസ്ട്രേഷൻ, പ്രതിരോധ കുത്തിവയ്പുകൾ, സ്കൂൾ പ്രവേശനം എന്നിവ ഉറപ്പാക്കുകയും ചെയ്യുന്നു.

പെൺകുട്ടിക്ക് 18 വയസ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുക ലംപ്സം ആയി ലഭിക്കുകയും, ടി തുക കുട്ടിയുടെ തുടർവിദ്യാഭ്യാസത്തിനോ തൊഴിൽ ആവശ്യത്തിനോ ഉപയോഗിക്കുന്നതിനും അതിലൂടെ കുട്ടിയുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും കഴിയുന്നു. രക്ഷിതാക്കൾക്കും ഇൻഷ്വറൻസ് ലഭിക്കുന്നു.

(സി) പട്ടികവർഗ്ഗ പെൺകുട്ടികളുടെ രക്ഷകർത്താക്കൾ, കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്, കുടുംബത്തിന്റെ വാർഷിക വരുമാന സർട്ടിഫിക്കറ്റ്, രക്ഷകർത്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ആധാർ നമ്പർ സഹിതം ബന്ധപ്പെട്ട ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മുഖേന ജില്ലാ ഓഫീസർമാർക്ക് അപേക്ഷ നൽകാവുന്നതാണ്. മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

**എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ചികിത്സാ സഹായം**

54 (881) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എസ്.സി./എസ്.ടി വിഭാഗങ്ങളുടെ ചികിത്സാ സഹായമായി എത്ര രൂപയാണ് പട്ടികജാതി പട്ടിക വകുപ്പ് നാളിതുവരെ വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതു മാസം വരെയുള്ള അപേക്ഷയിലാണ് ഇതുവരെ തുക അനുവദിച്ച് വിതരണം പൂർത്തിയാക്കിയതെന്ന് വെളിപ്പെടുത്തുമോ;

(സി) മലപ്പുറം ജില്ലയിലെ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പണം അനുവദിച്ച് ഉത്തരവ് ഇറങ്ങിയതിനുശേഷം തുക അർഹരായവർക്ക് ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആകെ 82.60 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആകെ 7,88,06,093 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മാർച്ച് മാസംവരെയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഏപ്രിൽമാസംവരെയും തുക അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി)

പട്ടികവർഗ്ഗ വികസന വകുപ്പ്

| മണ്ഡലം | അനുവദിച്ച തുക |
|---|---|
| നിലമ്പൂർ | 25,81,974 |
| ഏറനാട് | 18,41,141 |
| വണ്ടൂർ | 4,75,905 |
| മങ്കട | 15,000 |
| ആകെ | 49,14,020 |

പട്ടികജാതി വികസന വകുപ്പ്

| മണ്ഡലം | അനുവദിച്ച തുക |
|---|---|
| കൊണ്ടോട്ടി | 6710100 |
| ഏറനാട് | 7004500 |
| നിലമ്പൂർ | 6049000 |
| വണ്ടൂർ | 12028000 |
| മഞ്ചേരി | 9427500 |
| പെരിന്തൽമണ്ണ | 2306000 |
| മങ്കട | 4039000 |
| മലപ്പുറം | 5083500 |
| വേങ്ങര | 2918000 |
| വള്ളിക്കുന്ന് | 2481900 |
| തിരുരങ്ങാടി | 1021000 |
| താനൂർ | 1539000 |
| തിരൂർ | 2489955 |
| കോട്ടക്കൽ | 2107500 |
| തവനൂർ | 7885500 |
| പൊന്നാനി | 6999500 |
| ആകെ | 8,00,89,955 |

(ഡി) കാലതാമസം കൂടാതെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുക വിതരണം നടത്തിവരുന്നുണ്ട്.

**പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ചികിത്സയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികൾ**

55 (882) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ ചികിത്സയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഈ വിഭാഗക്കാർക്ക് ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ നൽകേണ്ടത് എങ്ങനെയാണെന്നും അതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽ മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽ പെട്ടവരുമായ 1,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 50,000 രൂപ ചികിത്സാ ധനസഹായമായി അനുവദിക്കുന്നു. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, ഹീമോഫീലിയ മുതലായ ഗുരുതരമായ രോഗം ബാധിച്ചവർക്ക് പരമാവധി 1,00,000 രൂപ വരെ നൽകുന്നു.

- സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിപ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു.
- ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർമാർ/പട്ടികവർഗ്ഗ വികസന ഓഫീസർമാർ മുഖേനയും വകുപ്പ് അദ്ധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു.

- പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ടൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ വകുപ്പിനുകീഴിൽ HLL (Hindustan Lifecare Limited), KMSCL (Kerala Medical Services Corporation Limited) മുഖേന വിവിധ ജില്ലകളിലായി 14 ടൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.
- അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC (Nutrition Rehabilitation Centre) കൾ പ്രവർത്തിക്കുന്നു.
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീനവോപാധികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രതിമാസം 2,500 രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും, ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1,000 രൂപ വീതം 18 മാസത്തേയ്ക്ക് നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ചികിത്സാ ധനസഹായത്തിനായി ഓൺലൈൻ വഴിയാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷകൾ വകുപ്പിന്റെ www.tgrantz.kerala.gov.in എന്ന സൈറ്റിൽ പ്രവേശിച്ച് അപേക്ഷ ഫോം പൂരിപ്പിച്ചശേഷം ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (ഗുണഭോക്താവിന്റെ) എന്നിവ അപ്ലോഡ് ചെയ്ത് ഓൺലൈൻ വഴി അയയ്ക്കേണ്ടതാണ്.

- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.

- അപകടത്തെത്തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

- കാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്നു.

- മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000 രൂപ വരെ ചികിത്സാ സഹായം അനുവദിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പ് മുഖേനയുള്ള ചികിത്സാ സഹായം**

56 (883) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിൽ നിന്നും 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പ് മുഖേനയുള്ള ചികിത്സാ സഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്കോരോരുത്തർക്കും എത്ര രൂപ വീതം ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽ 2016-17 വർഷത്തിൽ 220 അപേക്ഷകളും 2017-18 വർഷത്തിൽ 254 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ 2016-17 വർഷത്തിൽ 31 അപേക്ഷകളും 2017-18 വർഷത്തിൽ 36 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽ ചികിത്സാ സഹായം അനുവദിച്ചവരുടെ ലിസ്റ്റ് അനുബന്ധം I ആയും* പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ലിസ്റ്റ് അനുബന്ധം II ആയും* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് കാലതാമസം**

57 (884) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചാലും അത് ലഭിക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ശ്രീമതി അമ്മാളു ബാലൻ, കല്ലിലുമ്പിൽ വീട്, വട്ടമന, കൊടുവായൂർ, തൃശ്ശൂർ എന്ന ആൾക്ക് 1-10-2017-ലെ 3546/റ്റി ജി/എം. (എസ്.സി.എസ്.ടി,ബി.സി) 2017-നമ്പർ കത്ത് പ്രകാരം ചികിത്സാ സഹായമായി അനുവദിച്ച 15000 രൂപ നാളിതുവരെ ലഭിച്ചിട്ടില്ലായെന്നകാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാലതാമസം ഒഴിവാക്കി സമയബന്ധിതമായി ധനസഹായം ലഭിക്കുന്നതിന് ഈ സർക്കാർ പുതുതായി T-grants എന്ന പേരിൽ ഓൺലൈൻ സംവിധാനം ആരംഭിച്ചിട്ടുണ്ട്.

(ബി) ശ്രീമതി അമ്മാളു ബാലൻ, കല്ലിലുമ്പിൽ വീട് എന്ന അപേക്ഷകയ്ക്ക് ചികിത്സാ ധനസഹായമായി അനുവദിച്ച 15,000 രൂപ 8-3-2018-ന് ചൊവ്വന്നൂർ ബ്ലോക്കിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്.

**വയനാട്ടിൽ ഗോത്രവർഗ്ഗ നരവംശപഠന കേന്ദ്രം**

58 (885) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആന്ത്രോപോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഗോത്രവർഗ്ഗ നരവംശപഠന കേന്ദ്രം വയനാട്ടിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) അരിവാൾ രോഗബാധിതരെക്കുറിച്ച് പ്രത്യേക പഠനം നടത്തുവാൻ ആന്ത്രോപോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ഉദ്ദേശിക്കുന്നതായി അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ആന്ത്രപ്പോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഫീൽഡ് സ്റ്റേഷൻ സംസ്ഥാനത്ത് ആരംഭിക്കുന്നത് സംബന്ധിച്ച് ചർച്ച നടന്നുവരുന്നു. ഇതിന്റെ ഭാഗമായി എ.എസ്.ഐ. ഡയറക്ടർ ഉൾപ്പെടുന്ന സംഘം വയനാട് സന്ദർശിച്ചിരുന്നു.

(ബി) ഉണ്ട്. അരിവാൾ രോഗബാധിതരെക്കുറിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് നടത്തിയ പഠനങ്ങളും പ്രവർത്തനങ്ങളും മനസ്സിലാക്കുന്നതിന് എ.എസ്.ഐ. സംഘം മെഡിക്കൽ കോളേജ് പ്രിൻസിപ്പലുമായും മറ്റ് വിദഗ്ധരുമായും ചർച്ച നടത്തുകയും മെഡിക്കൽ കോളേജിന്റെ നേതൃത്വത്തിൽ അരിവാൾ രോഗബാധിതർക്കായി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

**കോട്ടക്കൽ നിയോജകമണ്ഡലത്തിൽനിന്നും ചികിത്സാ സഹായത്തിനായിലഭിച്ച അപേക്ഷകൾ**

59 (886) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ നിന്നും ചികിത്സാ സഹായത്തിനായി പട്ടിക ജാതി വികസന ഡയറക്ടറേറ്റിലും മലപ്പുറം ജില്ലാ ഓഫീസിലും സർക്കാരിലും ലഭിച്ച അപേക്ഷ / പരാതികളുടെ ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം ഉത്തരവായിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഉത്തരവായ അപേക്ഷകളുടെ വിശദവിവരം ലഭ്യമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഓൺലൈനായി ലഭിച്ച അപേക്ഷകൾ ഉൾപ്പെടെ 215 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. നേരിട്ട് ലഭിച്ച അപേക്ഷകൾ മലപ്പുറം ജില്ലാ ഓഫീസിലെ M10-14356/17, M10-17440/16 എന്നീ ഫയലുകളിലാണ് കൈകാര്യം ചെയ്തത്. ഇപ്പോൾ ചികിത്സാ ധനസഹായം ഓൺലൈനായി മാത്രമെ സ്വീകരിക്കുന്നുള്ളൂ.

(ബി&സി) 175 അപേക്ഷകർക്ക് തുക അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. അപേക്ഷകരുടെ വിശദാംശങ്ങളും ഉത്തരവുകളുടെ പകർപ്പുകളും അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പ്രീ-മെട്രിക്, പോസ്റ്റ് -മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യം

60 (887) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യം തുലോം പരിമിതമാണെന്നത് വസ്തുതയാണോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളിൽ നിലവിൽ എത്ര കുട്ടികൾക്കാണ് താമസസൗകര്യം അനുവദിക്കുന്നത്; വിശദമാക്കുമോ;

(സി) പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രധാനപ്പെട്ട എല്ലാ നഗരങ്ങളിലും പെൺകുട്ടികൾക്ക് മാത്രമായി പ്രീ- മെട്രിക്/പോസ്റ്റ് -മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ അതിനുള്ള പദ്ധതികൾ ഏത് ഘട്ടത്തിലാണ്; എത്ര ഹോസ്റ്റലുകളാണ് നിർമ്മിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽ നിന്നും എന്തെങ്കിലും ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിൽ സോളാർ പാനലും, സി.സി.ടി.വി ക്യാമറയും സ്ഥാപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(എഫ്) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് യൂണിസെഫ് നൽകിയ മാർഗ്ഗ നിർദേശപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത ഹോസ്റ്റലുകളിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വകുപ്പിന്റെകീഴിൽ വരുന്ന പ്രീ-മെടിക് പോസ്റ്റ്-മെടിക് ഹോസ്റ്റലുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഹോസ്റ്റലുകളുടെ സൗകര്യങ്ങളനുസരിച്ച് പ്രീ-മെടിക് ഹോസ്റ്റലുകളിൽ 30 കുട്ടികൾക്കും പോസ്റ്റ്-മെടിക് ഹോസ്റ്റലുകളിൽ 60 കുട്ടികൾക്കുമാണ് പൊതുവേ പ്രവേശനം അനുവദിക്കുന്നത്. എങ്കിലും മതിയായ സ്ഥലസൗകര്യമുള്ള തിരുവനന്തപുരം ജില്ലയിലെ വെള്ളയമ്പലം ബോയ്സ് പോസ്റ്റ് -മെടിക് ഹോസ്റ്റലിൽ 240 (120+120) കുട്ടികൾക്കും പൂച്ചെടിവിള ഗേൾസ് ഹോസ്റ്റലിൽ 320 കുട്ടികൾക്കും പ്രവേശനം അനുവദിച്ചുവരുന്നു.

പട്ടികവർഗ്ഗ വകുപ്പിനുകീഴിലുള്ള പ്രീ-മെടിക് ഹോസ്റ്റലുകളിൽ നിലവിൽ 6773 (അനുവദനീയമായത് 5220), പോസ്റ്റ്-മെടിക് ഹോസ്റ്റലുകളിൽ 197 (അനുവദനീയമായത് 153) അന്തേവാസികളാണുള്ളത്. വിശദ വിവരങ്ങൾ അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) സ്ഥല ലഭ്യത അനുസരിച്ച് എല്ലാ നഗരങ്ങളിലും പെൺകുട്ടികൾക്കായി പോസ്റ്റ് മെടിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഇതിലേയ്ക്കായി സ്ഥലം കണ്ടെത്തുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ എല്ലാ നഗരങ്ങളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പോസ്റ്റ് മെടിക് ഹോസ്റ്റലുകൾ വാടകകെട്ടിടത്തിൽ ആരംഭിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ്, തിരുവനന്തപുരം, മറയൂർ, പാലക്കാട് എന്നിവിടങ്ങളിൽ 2018 അദ്ധ്യയനവർഷം തന്നെ ആരംഭിക്കുന്നതാണ്. കൂടാതെ കണ്ണൂർ, മാനന്തവാടി, അട്ടപ്പാടി എന്നിവിടങ്ങളിൽ പോസ്റ്റ്-മെടിക് ഹോസ്റ്റലുകൾ വാടക കെട്ടിടത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു. സൗകര്യപ്രദമായ വാടകകെട്ടിടം കിട്ടുന്നമുറയ്ക്ക് കൂടുതൽ ഹോസ്റ്റലുകൾ ആരംഭിക്കുന്നതാണ്. ഇതുകൂടാതെ കിഫ്ബി മുഖേന കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക, കൊല്ലം ജില്ലയിലെ അച്ചൻകോവിൽ എന്നിവിടങ്ങളിൽ 2 പ്രീ-മെടിക് ഹോസ്റ്റലുകളും എറണാകുളം ജില്ലയിലെ നേരിയമംഗലത്ത് പോസ്റ്റ്-മെടിക് ഹോസ്റ്റലും ആരംഭിക്കുന്നതിന് കിഫ്ബി അന്തിമാനുമതിയും ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ മാറമ്പള്ളി, ഫോർഷോർ എന്നിവിടങ്ങളിൽ വനിതകൾക്കായി ഓരോ മൾട്ടി പർപ്പസ് ഹോസ്റ്റലുകളും നിർമ്മിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) കിഫ്ബി (KIIFB) ലഭ്യമാക്കിയ ഫണ്ട് സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

I. പ്രീ-മെട്രിക് ഹോസ്റ്റൽ

1. പ്രീ-മെട്രിക് ഹോസ്റ്റൽ ബേഡഡുക്ക, കാസർഗോഡ് - 4.7 കോടി

2. പ്രീ-മെട്രിക് ഹോസ്റ്റൽ അച്ചൻകോവിൽ, കൊല്ലം - 5 കോടി

II. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

1. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നേര്യമംഗലം, എറണാകുളം - 5 കോടി

(ഇ) പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഹോസ്റ്റലുകളിൽ സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 3 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിൽ നിലവിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിച്ചിട്ടുണ്ട്.

(എഫ്) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാനസൗകര്യങ്ങൾ യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിൽ ഉയർത്തുന്നതിനായി പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് പ്രോജക്ട് ഓഫീസർ/ടൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ ഹോസ്റ്റലുകളുടെ നവീകരണ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 2016-17 വർഷത്തിൽ 3,35,15,000 (മൂന്ന് കോടി മുപ്പത്തി അഞ്ച് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) രൂപയുടെയും 2017-18 വർഷത്തിൽ 9,12,83,042 (ഒൻപത് കോടി പന്ത്രണ്ട് ലക്ഷത്തി എൺപത്തി മൂവായിരത്തി നാൽപത്തി രണ്ട് രൂപ മാത്രം) രൂപയുടെ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.*

**കടങ്ങൾ എഴുതിത്തള്ളുന്ന നടപടി**

61 (888) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ വിവിധ കടങ്ങൾ എഴുതി തള്ളുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര പേരുടെ കടങ്ങൾ എഴുതിത്തള്ളിയെന്നും അതിന് ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്ന പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ടി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള വരുമാനപരിധി ഒന്നര ലക്ഷം രൂപയാണ്. ഈ ആനുകൂല്യത്തിനായി ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട വായ്പാ സ്ഥാപനത്തിന് നൽകേണ്ടതാണ്. ടി പദ്ധതിപ്രകാരം ഉപഭോക്താവിന്റെ ഒരു വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നു.

പട്ടികവർഗ്ഗക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ (മുതലും പലിശയും പിഴപ്പലിശയും മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ട്.

ഈ പദ്ധതികൾ കൂടാതെ സംസ്ഥാന സർക്കാരിന്റെകീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽനിന്നും 5 ലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടിയെത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും പിശപലിശയും ഒഴിവാക്കി 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതിയും നിലവിലുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗക്കാർ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന എടുത്തിട്ടുള്ള 2236 വായ്പകൾ എഴുതിത്തള്ളുന്നതിനായി 538.57 ലക്ഷം രൂപയും സഹകരണ സ്ഥാപനങ്ങളിൽ നിന്നുമെടുത്തിട്ടുള്ള 45866 വായ്പകൾ എഴുതി തള്ളുന്നതിനായി 86,76,60,911 രൂപയും ചെലവഴിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികവർഗ്ഗക്കാരായ 2382 ഗുണഭോക്താക്കളുടെ 6,14,82,242 രൂപ എഴുതിത്തള്ളിയിട്ടുണ്ട്.

**വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി**

62 (889) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതി തള്ളുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഈ വിഭാഗത്തിൽപ്പെട്ടവരുടെ എത്ര തുകയാണ് എഴുതി തള്ളിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) എഴുതി തള്ളിയ തുകയുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ&ബി) പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപവരെ എഴുതിത്തള്ളുന്ന പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന്റെ ഒരു വായ്പ കുടിശ്ശിക എഴുതിത്തള്ളുന്നു. വരുമാന പരിധി ഒന്നര ലക്ഷം രൂപയാണ്. ഈ ആനുകൂല്യത്തിനായി ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട വായ്പാ സ്ഥാപനത്തിന് നൽകേണ്ടതാണ്.

പട്ടികവർഗ്ഗക്കാർ വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ (മുതലും പലിശയും പിശപലിഷയും മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ട്.

ഈ പദ്ധതികൾ കൂടാതെ സംസ്ഥാന സർക്കാരിന്റെകീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽനിന്നും 5 ലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപലിശയും ചേർത്ത് മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക്

മുതലിന്റെ രണ്ടിരട്ടിയെത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും പിശപലിശയും ഒഴിവാക്കി 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതിയും നിലവിലുണ്ട്.

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 48591 പട്ടികജാതി വിഭാഗക്കാരുടെ വായ്പാ കുടിശ്ശികയിനത്തിൽ 92,16,83,055.57 രൂപ എഴുതിത്തള്ളിയിട്ടുണ്ട്. വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

2382 പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ 6,14,28,242 രൂപ എഴുതിത്തള്ളിയിട്ടുണ്ട്. വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

**ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയുടെ കൈവശാവകാശരേഖ**

63 (890) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയുടെ കൈവശാവകാശരേഖ നൽകിയെന്നു അറിയിക്കുമോ;

(ബി) എത്ര ആദിവാസി ഊരുകളെ മാതൃകാ ഊരുകളാക്കി മാറ്റിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1204 ആദിവാസികൾക്ക് കൈവശാവകാശരേഖ നൽകിയിട്ടുണ്ട്. വനാവകാശനിയമപ്രകാരം 382 പേർക്കും നിക്ഷിപ്തവനഭൂമി 667 പേർക്കും മുത്തങ്ങ സമരത്തിൽ പങ്കെടുത്ത 155 പേർക്കുമാണ് ഭൂമി നൽകിയത്.

(ബി) കൊല്ലം, പത്തനംതിട്ട, വയനാട് ജില്ലകളിലെ 5 ആദിവാസി ഊരുകളെ മാതൃകാ ഊരുകളാക്കിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ആദിവാസി ഊര് | ജില്ല |
|---|---|---|
| 1 | കുരിയോട്ടുമല | കൊല്ലം |
| 2 | ചാലക്കയം | പത്തനംതിട്ട |
| 3 | നെല്ലറച്ചാൽ | വയനാട് |
| 4 | പത്തൂർക്കുണ്ട് | വയനാട് |
| 5 | കുഞ്ഞോം | വയനാട് |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ബേഡഡുക്ക പഞ്ചായത്തിലെ എസ്.റ്റി. കോളനി**

64 (891) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് എസ്.റ്റി. കോളനിയിൽ എത്ര വീടുകളാണ് നിലവിലുള്ളത് ; ഇതിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ വാസയോഗ്യമായ എത്ര വീടുകളാണ് ഉള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ കോളനിയിലെ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ മുഖേന നൽകിയ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 33 വീടുകൾ നിലവിലുണ്ട്. ഇതിൽ മലവേട്ടുവൻ വിഭാഗത്തിലെ 38 കുടുംബങ്ങൾ താമസിക്കുന്നു. ആയതിൽ 11 വീട് ഓട് മേൽക്കൂര മേഞ്ഞതും 6 വീട് മേൽക്കൂര ഓല മേഞ്ഞതും 16 വീട് കോൺക്രീറ്റ് ചെയ്തതുമാണ്. ടി വീടുകൾ 28 വർഷം പഴക്കമുള്ളതാണ്. അതിൽ 5 കോൺക്രീറ്റ് ചെയ്ത വീടുകളിൽ 2 കുടുംബങ്ങൾവീതം ഒരു വീടിന്റെ 2 ഭാഗങ്ങളിലായി താമസിക്കുന്നു.

(ബി) 2 വീടുകൾ വാസയോഗ്യമാണ്. (ഒരു ഓട് മേഞ്ഞ വീടും 1 കോൺക്രീറ്റ് ചെയ്ത വീടും)

(സി) വാസയോഗ്യമല്ലാത്ത 31 വീടുകളുള്ളതിൽ 2 കുടുംബങ്ങൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ശേഷിക്കുന്നവർക്ക് ഭൂമി സംബന്ധിച്ച് രേഖകൾ ലഭ്യമല്ലാത്തതിനാൽ വീട് അനുവദിച്ചിട്ടില്ല. ഭൂമി സംബന്ധമായ രേഖകൾ ലഭിക്കുന്നമുറയ്ക്ക് വകുപ്പ് മുഖേനയോ തദ്ദേശഭരണസ്ഥാപനം മുഖേനയോ വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഭൂമി ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ റവന്യൂ വകുപ്പ് മുഖേനയും, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും ത്വരിതപ്പെടുത്തുന്നുണ്ട്.

**ആലത്തൂർ അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി**

65 (892) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പൂർത്തീകരിക്കാത്ത പദ്ധതികൾ എതൊക്കെയാണെന്നും ഇവ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ചതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

(സി) പെലച്ചിരംകാട് കോളനിയിലെ പദ്ധതി അന്തിമഘട്ടത്തിലാണ്. വീട് റിപ്പയറിംഗുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. വീട് റിപ്പയറിംഗ്, കോളനിക്ക് പുറത്തുള്ള റോഡ് നിർമ്മാണം എന്നിവയെക്കുറിച്ച് തർക്കങ്ങൾ നിലനിൽക്കുന്നതിനാലാണ് കാലതാമസം നേരിടുന്നത്. തർക്കങ്ങൾ തീർത്ത് നിർമ്മാണ പ്രവൃത്തികൾ സത്വരം ആരംഭിക്കുന്നതാണ്.

**സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

66 (893) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാനായി എത്ര കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) നവീകരണ പ്രവൃത്തികൾ ഓരോന്നിന്റേയും നടത്തിപ്പിനായി ഏതൊക്കെ ഏജൻസികളെയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ കോളനികളുടെ നവീകരണവുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടം വരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ 280 കോളനികൾ തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചിരുന്നു. ഇതുവരെ അർഹമായ 249 കോളനികൾ മാത്രമേ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളൂ.

(ബി) DNK, KESNIK, KLDC, KAICO, KEL, FIT, SIDCO എന്നീ ഏജൻസികളെയാണ് പദ്ധതി നടത്തിപ്പിനായി നിശ്ചയിച്ചിട്ടുള്ളത്.

(സി) നിർവ്വഹണ ഏജൻസികൾ ലഭ്യമാക്കിയ എസ്റ്റിമേറ്റുകൾ അംഗീകരിച്ച് നൽകിയ കേസുകളിൽ ജില്ലാ പട്ടികജാതി വികസന ഓഫീസറുമായി ധാരണാപത്രം (MOU) ഒപ്പുവച്ച് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**നെന്മാറ നിയോജകമണ്ഡലത്തിലെ നവീകരണ പ്രവർത്തനങ്ങൾ**

67 (894) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം കോളനികളുടെ നവീകരണ പ്രവർത്തനമാണ് നെന്മാറ നിയോജകമണ്ഡലത്തിൽ നടക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഓരോ കോളനികളിലും നിലവിൽ നടത്തിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നെന്മാറ നിയോജക മണ്ഡലത്തിലെ പടിക്കൽപ്പാടം, നെന്മാറപ്പാടം എന്നീ കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

(ബി) കോളനികളിലെ പ്രവൃത്തികളുടെ തത്സ്ഥിതി ഇപ്രകാരമാണ്.

പടിക്കൽപ്പാടം- 113 മീറ്റർ റോഡ് വർക്ക് കഴിഞ്ഞു. മണ്ണ് സംരക്ഷണ ഭിത്തിയുടെ കോൺക്രീറ്റിംഗ് പ്രവൃത്തി പുരോഗതിയിലാണ്.

നെന്മാറപ്പാടം- അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം പുരോഗതിയിലാണ്. ഡ്രെയിനേജ് ആൻഡ് റോഡ് വർക്ക്, മണ്ണ് സംരക്ഷണഭിത്തി വർക്ക് എന്നിവ പുരോഗതിയിലാണ്.

(സി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ഡയറക്ടറേറ്റ് തലത്തിലും ജില്ലാതലത്തിലും ഏജൻസി മീറ്റിംഗ് നടത്തി പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ സ്ഥലം സന്ദർശിച്ച് പദ്ധതി പുരോഗതി വിലയിരുത്തുന്നു.

**നെന്മാറ മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികൾ**

68 (895) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കോളനികളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത കോളനികളുടെ നവീകരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാകുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ 76 പട്ടികവർഗ്ഗ കോളനികൾ നിലവിലുണ്ട്.

| ക്രമ നമ്പർ | പഞ്ചായത്ത് | കോളനികളുടെ എണ്ണം |
|---|---|---|
| 1 | അയിലൂർ | 8 |
| 2 | നെല്ലിയാമ്പതി | 14 |
| 3 | മുതലമട | 48 |
| 4 | എലവഞ്ചേരി | 2 |
| 5 | നെന്മാറ | 4 |
| | ആകെ | 76 |

(ബി)

- ടി കോളനികളിലുൾപ്പെട്ട പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

- സുങ്കം, തേക്കടി, 30 ഏക്കർ എന്നീ കോളനികളിൽ പ്രവർത്തിക്കുന്ന ടൈബൽ സ്കൂളുകളിൽ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന മിനി പാർക്ക് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

- 2014-15-ലെ എ.റ്റി.എസ്.പി. പദ്ധതിയിലുൾപ്പെടുത്തി അല്ലിമൂപ്പൻ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ, റോഡ് എന്നിവയുടെ നിർമ്മാണം നടത്തിവരുന്നു.

- 2016-17 വർഷത്തെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി മുതലമട പഞ്ചായത്തിലെ ഒട്ടൽചള്ള, കള്ളയമ്പാറ കോളനികളിൽ കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് മുഖേന നടപടി സ്വീകരിച്ചുവരുന്നു.

- 2017-18 സാമ്പത്തിക വർഷത്തെ അംബേദ്കർ സമഗ്ര വികസന പദ്ധതിയിൽ മുതലമട പഞ്ചായത്തിലെ ചപ്പക്കാട് കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ. ജില്ലാതലവർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നിർമ്മാണോദ്ഘാടനം 31-5-2018-ന് നടത്തിയിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമപദ്ധതി**

69 (896) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽപ്പെട്ട കോട്ടപ്പടി പഞ്ചായത്തിലെ മുള്ളൂർ, കീരംപാറ പഞ്ചായത്തിലെ ഏറുപുറം എന്നീ എസ്.സി കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന അംബേദ്കർ ഗ്രാമപദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) ഇവിടെ നടപ്പിലാക്കാൻ പോകുന്ന സ്കീമുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കാലതാമസം ഒഴിവാക്കി സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പ്രൈസ് സോഫ്റ്റ്വെയറിലുള്ള എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി സമർപ്പിക്കുന്നതനുസരിച്ച് എസ്റ്റിമേറ്റിന് അംഗീകാരം നൽകി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) മൂന്നൂർ കോളനിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ

1. Construction of well

2. Construction of water tank

3. Pump House

4. Renovation of Vijnanwadi

5. Bituminous Road work

6. House maintenance

7. Retaining wall

ഏറ്റുപുറം കോളനിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ

1. Construction of culvert

2. Concrete road

3. Dry Rubble protection wall

4. Improvement of existing pond

5. Construction of weir

6. House maintenance

(സി) പ്രൈസ് സോഫ്റ്റ്വെയറിലുള്ള എസ്റ്റിമേറ്റ് ലഭ്യമായാലുടൻ അംഗീകാരം നൽകുന്നതാണ്. മാനദണ്ഡപ്രകാരം ധാരണാപത്രം ഒപ്പിട്ട് 6 മാസത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

**അംബേദ്കർ മാതൃക കോളനി പദ്ധതി**

70 (897) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിനായി ആവിഷ്കരിച്ച അംബേദ്കർ മാതൃക കോളനി പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ തെരഞ്ഞെടുത്ത കോളനികളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്; നിർവ്വഹണ ഏജൻസി എം.ഒ.യു പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായും ഗുണമേന്മയോടും കൂടി തീർക്കുന്നുവെന്ന് പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്;

(ഡി) ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് സഹിതം പ്രൊപ്പോസൽ ലഭിച്ച് അംഗീകാരം നൽകിയ എത്ര കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ ഇതിനകം പൂർത്തിയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി കോളനിയുടെ നവീകരണത്തിനായി ആവിഷ്കരിച്ച അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളിൽ 120 കോളനികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കോളനികളുടെ എസ്റ്റിമേറ്റ് ഏജൻസികൾ ലഭ്യമാക്കുന്ന മുറയ്ക്ക് അംഗീകാരം നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ തെരഞ്ഞെടുത്ത കോളനികളിൽ താഴെപ്പറയുന്നതരം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയവിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം /വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം.
6. സോളാർ തെരുവ് വിളക്ക്.
7. സാനിറ്റേഷൻ.
8. ഭവന പുനരുദ്ധാരണം.
9. മാലിന്യ നിർമ്മാർജ്ജനം.
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണ ഭിത്തി നിർമ്മാണം.
12. ഇറിഗേഷൻ.

13. അടുക്കളത്തോട്ടം.

14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/കരകൗശലം മുതലായവ.

(സി) **നിർവ്വഹണ ഏജൻസികൾ**

1. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ

2. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

3. കേരള സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

4. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്

5. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

6. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.

7. കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ

8. കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്.

നിർവ്വഹണ ഏജൻസി MOU വച്ച പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന് ഡയറക്ടറേറ്റുതലത്തിലും ജില്ലാ ഓഫീസുകളിലും മീറ്റിംഗ് നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ ഏജൻസികൾക്ക് നൽകുന്നുണ്ട്. ഭൗതിക പരിശോധനാ അടിസ്ഥാനത്തിൽ മാത്രമേ തുടർഗഡുക്കൾ അനുവദിക്കാൻ കഴിയുകയുള്ളൂ. നിർവ്വഹണ ഏജൻസിയുടെ മീറ്റിംഗ് വിളിച്ചുകൂട്ടി സമയബന്ധിതമായി പദ്ധതി പ്രവർത്തനം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നുണ്ട്.

(ഡി) അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളായി പൂർത്തീകരിച്ചുവരികയാണ്.

**കാസർഗോഡ് ജില്ലയിൽ മോഡൽ കോളനി വികസനം**

71 (898) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കായി അനുവദിച്ച മോഡൽ കോളനി വികസനത്തിനുള്ള ഒരു കോടി രൂപ എത്ര കോളനികൾക്കാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കോളനികളിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) നാളിതുവരെ പണി ആരംഭിക്കാത്ത എത്ര കോളനികൾ ഉണ്ടെന്നും ഈ പണി ഏറ്റെടുത്ത ഏജൻസികൾ ഏതൊക്കെയാണെന്നും എന്നാണ് പണി ഏറ്റെടുത്തതെന്നും വ്യക്തമാക്കാമോ;

(ഡി) ഇത്ര മാസങ്ങൾക്കകം പണി പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്

കാസർഗോഡ് ജില്ലയിൽ പട്ടികജാതി കോളനി വികസനത്തിനായി സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ 7- ഉം അംബേദ്കർ ഗ്രാമം പദ്ധതിയിൽ 10-ഉം കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ കോളനിക്കും ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ്

കാസർഗോഡ് ജില്ലയിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽപ്പെടുത്തി 8 കോളനികളുടെ വികസനത്തിനായി ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

| ക്രമ നമ്പർ | കോളനിയുടെ പേര് | പഞ്ചായത്ത് |
|---|---|---|
| 1 | പിലിക്കുട്ല എസ്.ടി കോളനി | ചെങ്കള |
| 2 | രാമനടുക്കം - ചൂളംകല്ല് | കുറ്റിക്കോൽ |
| 3 | ചീറ്റ കോളനി | കിനാനൂർ-കരിന്തളം |
| 4 | വെള്ളരിക്കയ | ദേലംപാടി |
| 5 | മേക്കോടം | കോടോം-ബേളൂർ |
| 6 | വളഞ്ഞങ്ങാനം | വെസ്റ്റ്-എളേരി |
| 7 | മാവിനക്കട്ട-കുണ്ടങ്കാരടുക്ക | കുമ്പള |
| 8 | വായിക്കാനം | ഈസ്റ്റ് എളേരി |

(ബി) പട്ടികജാതി വികസന വകുപ്പ്

സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

| പ്രവൃത്തി ആരംഭിച്ചത് | പ്രവൃത്തി പൂർത്തീകരിച്ചത് |
|---|---|
| 7 | 5 |

അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്

8 കോളനികളിലെയും ഡി.പി.ആർ. ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പ്

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത അംബേദ്കർ ഗ്രാമം പദ്ധതിയിലെ കോളനികളുടെ എണ്ണം- 10 . നിർവ്വഹണ ഏജൻസിയായ (DNK) (ജില്ല നിർമ്മിതി കേന്ദ്രം) 25-3-2017-നാണ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളത്.

(ഡി) പട്ടികജാതി വികസന വകുപ്പ്

സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരമുള്ള കോളനികളുടെ പദ്ധതി 31-5-2018-ന് മുൻപ് പൂർത്തീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ധാരണാപത്രം ഒപ്പിട്ട് 6 മാസത്തിനകം പൂർത്തീകരിക്കണമെന്നുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്.

പട്ടികവർഗ്ഗ വികസന വകുപ്പ്

കരാർ ഒപ്പിട്ട് നിർദ്ദിഷ്ട സൈറ്റ് ഏറ്റെടുക്കുന്നത് മുതൽ 6 മാസങ്ങൾക്കകം പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

72 (899) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ നായരമ്പലം ഐ.എച്ച്.ഡി.പി കോളനി, ചെറായി ഒ.എൽ.എച്ച് കോളനി എന്നിവിടങ്ങളിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത കോളനികളിലെ അംബേദ്കർ ഗ്രാമ പ്രവൃത്തികളുടെ ഉദ്ഘാടനം 14-4-2018-ന് വൈപ്പിൻ എം.എൽ.എ. നിർവ്വഹിക്കുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച് 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനായിട്ടാണ് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രവുമായി കരാറിലേർപ്പെട്ടിരിക്കുന്നത്.

**കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി**

73 (900) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം കോളനികളുടെ നവീകരണത്തിനാണ് പണം അനുവദിച്ചത്;

(ബി) കോളനികളുടെ നവീകരണത്തിനുള്ള വിശദമായ പദ്ധതിരേഖയ്ക്ക് വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തനാനുമതി നൽകിയത് എന്നാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ നാളിതുവരെയും ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന പിണറ്റിൻമൂട് കൊതുമ്പിൽ തെക്കേക്കര കോളനി, താമരക്കുടി, ഇരവിക്കോട് എന്നീ കോളനികൾക്കാണ് അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചത്.

(ബി) 1. പിണറ്റിൻമൂട് കൊതുമ്പിൽ തെക്കേക്കര കോളനി 8-1-2018

2. താമരക്കുടി ഇരവിക്കോട് - 21-5-2018

(സി) നിർവ്വഹണ ഏജൻസി പ്രൈസ് സോഫ്റ്റ്വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതാണ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിലുണ്ടായിരുന്ന തടസ്സം. എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളതിനാൽ നിർവ്വഹണ ഏജൻസിയുമായി ചേർന്ന് ധാരണാപത്രം ഒപ്പുവച്ച് പ്രവൃത്തികൾ ആരംഭിക്കുവാൻ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഇളമ്പ്ലാശ്ശേരിക്കുടി-ഞണ്ടുകുളം റോഡ്**

74 (901) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഇളംമ്പ്ലാശ്ശേരി ടൈബൽ സെറ്റിൽമെന്റ് കോളനിയിൽ നിന്നും ഞണ്ടുകുളം, കോട്ടക്കുന്ന് ടൈബൽ കോളനികളിലെ 50-ലധികം ആദിവാസി കുടുംബങ്ങളുടെ ഏക സഞ്ചാര പാതയായ

ഇളംമ്പ്ലാശ്ശേരിക്കുടി-ഞണ്ടുകുളം റോഡിന്റെ നിർമ്മാണം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 2 കോടി രൂപയുടെ ടെണ്ടർ നടപടി സ്വീകരിച്ചിരുന്നത് വനം വകുപ്പിന്റെ ഇടപെടൽമൂലം നിർമ്മാണ ജോലി സ്തംഭിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത് എന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണ ജോലിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) പുതുക്കിയ ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി -ഡി) ഭരണാനുമതി നൽകിയ എസ്റ്റിമേറ്റ് പ്രകാരം ഇളമ്പ്ലാശ്ശേരി ഞണ്ടുകുളം റോഡിന്റെ നിർമ്മാണം നടത്താൻ സാധ്യമല്ലാത്തതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡറയക്ടർ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ 2017-18 മുതൽ 2 കോടി രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾ മാത്രം പരിഗണിച്ചാൽ മതിയെന്ന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ ഇക്കാര്യത്തിൽ മറ്റ് സാധ്യതകൾ പരിശോധിക്കുന്നതാണ്.

**പട്ടികവിഭാഗക്കാരെ മുഖ്യധാരയിൽ എത്തിക്കാനായുള്ള പ്രവർത്തനങ്ങൾ**

75 (902) ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഘപരിവാർ സംഘടനകളുടെ നേതൃത്വത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനാധിപത്യത്തിനും ഭരണഘടനാതത്വങ്ങൾക്കും ഭീഷണിയാകും വിധം ദളിതർക്കെതിരെ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നതിലുള്ള ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കാൻ സാധിക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് പ്രത്യേക സംരക്ഷണം നൽകാനുള്ള നിയമത്തിന്റെ പ്രാധാന്യം അപ്രസക്തമാക്കുന്ന തരത്തിൽ സുപ്രീം കോടതി നടത്തിയ വിധി പ്രസ്താവത്തിനെതിരെ സംസ്ഥാനത്തിന് കേസിൽ കക്ഷി ചേർന്ന് ദളിത് താല്പര്യം സംരക്ഷിക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ചിരുന്നോ;

(സി) സുപ്രീം കോടതി വിധിയെ തുടർന്ന് ആശങ്കയിലായ പട്ടികജാതിക്കാർ നടത്തിയ ജനകീയ പ്രക്ഷോഭങ്ങളെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൂരമായി നേരിട്ടതിനെതിരെ കേന്ദ്ര സർക്കാരിനെ പ്രതിഷേധം അറിയിക്കുമോ;

(ഡി) പട്ടികജാതി പട്ടിക വർഗ്ഗക്കാരെ വികസന ക്ഷേമ പദ്ധതികളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനായി സംസ്ഥാനത്ത് നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

(ബി&സി) സുപ്രീം കോടതി വിധിക്കെതിരെയുള്ള സംസ്ഥാന സർക്കാരിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ ടി വിധിക്കെതിരെ സംസ്ഥാനം സുപ്രീം കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) പട്ടികജാതി വികസന വകുപ്പിൽ ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണമായി ആചരിച്ചുവരുന്നുണ്ട്. ടി കാലയളവിൽ വികസനക്ഷേമ പദ്ധതികളെ സംബന്ധിച്ച ബോധവത്കരണ പരിപാടികൾ നടത്തുന്നുണ്ട്. സംസ്ഥാനത്ത് നടത്തിവരുന്ന പ്രധാനപ്പെട്ട വികസന/ക്ഷേമ പദ്ധതികളുടെ സംക്ഷിപ്തം അനുബന്ധം -1* ആയി ചേർക്കുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് എം.ആർ.എസ്. പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. എം.ആർ.എസ്.-കളിൽ അന്താരാഷ്ട്ര നിലവാരത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു. വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് തുടങ്ങിയ ആനുകൂല്യങ്ങളും നൽകിവരുന്നു. ഉൾപ്രദേശത്തുള്ള വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഏർപ്പെടുത്തുന്നതിനായി ഗോത്രസാരഥി പദ്ധതി നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചികിത്സാ സഹായത്തിനായുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനും കാലതാമസമില്ലാതെ എ.റ്റി.എം. മുഖേന തുക പിൻവലിക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ലഹരി ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന് ബോധവൽക്കരണം നടത്തുന്നു. 0-6 പ്രായമുള്ളവർ, മുലയൂട്ടുന്ന അമ്മമാർ, കിടപ്പുരോഗികൾ, 60 വയസ്സിനുമേൽ പ്രായമുള്ളവർ, അഗതികൾ, ആലംബഹീനർ തുടങ്ങിയവർക്കായി സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് പ്രാദേശിക സർക്കാരുകൾ എന്നിവയുടെ സഹകരണത്തോടെ പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നു.

എല്ലാ പട്ടികവർഗ്ഗക്കാർക്കും വീട് ലഭ്യമാക്കുന്നതിനും പണിപൂർത്തിയാകാതെ കിടക്കുന്ന വീടുകളുടെ പൂർത്തീകരണവും ലൈഫ് മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. ഭൂപ്രശ്നം പരിഹരിക്കുന്നതിനും കൃഷിയിലൂടെ ശാശ്വത വരുമാനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ യുവതി യുവാക്കളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിച്ചു. പരമ്പരാഗത കൃഷി രീതികളും നവീനകൃഷി രീതികളും ജൈവ കൃഷിയും സംയോജിപ്പിച്ചു വരുമാന വർദ്ധനവിനും ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനുമുള്ള പരിപാടികളും ലക്ഷ്യമിടുന്നു.

ആരോഗ്യ വകുപ്പ്, സോഷ്യൽ സെക്യൂരിറ്റി മിഷൻ, കുടുംബശ്രീ, പ്രാദേശിക സർക്കാരുകൾ ഇവയുമായി സഹകരിച്ച് പരിചരണ പാക്കേജ് ആവിഷ്കരിച്ചു നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നു. അവരിൽ സമ്പാദ്യശീലം വളർത്തുന്നതിനും, തരിശുഭൂമി ആദായകരമായി കൃഷി യോഗ്യമാക്കുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ടെയിലറിംഗ് ആൻഡ് ഗാർമെന്റ് മേക്കിംഗ് തുടങ്ങിയുള്ള തൊഴിൽ സാദ്ധ്യതയുള്ള സംയുക്ത സംരംഭങ്ങൾ ആവിഷ്കരിക്കുന്നതിനും കുടുംബശ്രീ മുഖേന ഇടപാടുകൾ നടത്തിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാനപ്പെട്ട പദ്ധതികൾ സംബന്ധിച്ചുള്ള വിവരം അനുബന്ധം II ആയി ചേർക്കുന്നു.*

## 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമവും ഭേദഗതികളും

76 (903) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമവും 2015-ൽ കൂടുതൽ ശക്തമായ അതിന്റെ ഭേദഗതികളും ഉണ്ടെങ്കിലും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണം ഓരോവർഷവും കൂടി വരുന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ വിഭാഗത്തിൽപ്പെടുന്നവർക്കെതിരെ നടന്ന അതിക്രമങ്ങളെക്കുറിച്ചുള്ള കേസ്സുകൾക്ക് കുറ്റപത്രം നൽകിയെങ്കിലും ശിക്ഷിക്കപ്പെടുന്നത് പകുതിയോളം മാത്രമേയുള്ളൂ എന്ന കാര്യം പരിശോധിക്കുമോ;

(സി) 2010 മുതലുള്ള ഇത്തരം കേസ്സുകളുടെ എണ്ണത്തെക്കുറിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണം അസാധാരണമാംവിധം കൂടിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുസമൂഹത്തെ ബോധവൽക്കരണം നടത്തിയും മറ്റും എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇപ്രകാരമുള്ള കേസുകളിൽ കുറ്റപത്രം നൽകിയശേഷം കോടതിയിലും കോടതിക്കുപുറത്തും ഇരുവിഭാഗവും ധാരണയിലെത്തുന്നതുമൂലവും ചില കേസ്സുകളിൽ സാക്ഷികൾ പിന്മാറുന്നതുമൂലവും ശിക്ഷിക്കപ്പെടാതെ പോകുന്നുണ്ട്. ഇക്കാര്യത്തിൽ നീതി നിഷേധിക്കപ്പെടുന്നുവെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

(സി) 2010 മുതലുള്ള കേസുകളുടെ എണ്ണത്തെക്കുറിച്ചുള്ള വിശദമായ വിവരം (ക്രൈം ഇൻ ഇന്ത്യ കണക്കുകൾ പ്രകാരം) അനുബന്ധമായി ചേർക്കുന്നു. *

**വെങ്ങര ഐ.ടി.ഐ.**

77 (904) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനു കീഴിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ മാടായി വെങ്ങരയിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.യിൽ ഇപ്പോൾ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവിടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 310 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിനാൽ കൂടുതൽ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഏകവത്സര ട്രേഡായ പ്ലംബർ, രണ്ട് വർഷ ട്രേഡായ പെയിന്റർ (ജനറൽ) എന്നീ ട്രേഡുകളാണ് മാടായി ഐ.ടി.ഐ-യിൽ നിലവിലുള്ളത്.

(ബി) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ-കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിച്ചുവരികയാണ്.

**വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് വിദ്യാഭ്യാസാനുകൂല്യം**

78 (905) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക്, വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നിലവിൽ പ്രസ്തുത വിദ്യാഭ്യാസാനുകൂല്യത്തിനായി ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കാതെ എത്ര അപേക്ഷകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ സ. ഉ. (കൈ) 81/2017/പജപവവിവ. തീയതി 4-10-2017 എന്ന സർക്കാർ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട് (പകർപ്പ് അനുബന്ധമായി നൽകുന്നു.).*

(ബി) പട്ടികജാതി വിദ്യാർത്ഥികളുടെ 4 അപേക്ഷകൾ ലഭിച്ചിട്ടുള്ളത് പരിശോധിച്ചുവരികയാണ്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അപേക്ഷകളൊന്നും തീർപ്പാക്കുവാൻ ബാക്കിയില്ല.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദേശപഠനം**

79 (906) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികൾക്ക് വിദേശപഠനത്തിന് അനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികൾക്ക് വിദേശപഠനത്തിന് അനുമതി നിഷേധിച്ചിട്ടുണ്ട്; കാരണ സഹിതം വ്യക്തമാക്കാമോ;

(സി) 2018 ജനുവരി 1ന ശേഷം വിദേശപഠനത്തിനുവേണ്ടി എത്ര കുട്ടികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ; പ്രസ്തുത അപേക്ഷകളിൽ എന്ത് തീരുമാനം എടുത്തിട്ടുണ്ട് ; അപേക്ഷ നൽകിയ കുട്ടികളുടെ പേര്, അഡ്രസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ വിശദമാക്കാമോ?

ഉത്തരം

(എ) ഒമ്പത് പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം-1 ൽ ചേർക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 2 വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വിദ്യാർത്ഥിയുടെ പേര് | തുക അനുവദിച്ച വർഷം | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| ബിനേഷ് . ബി (കാസർഗോഡ്) | 2016-17 | 1,50,000 | യു.കെ.-യിൽ പഠനത്തിന് |
| | 2018-19 | 29,92,061 | |
| സന്ദീപ്. കെ.ആർ (വയനാട്) | 2017-18 | 19,34,615 | ന്യൂസിലാന്റിൽ പഠനത്തിന് |

(ബി) സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത ഇല്ലാത്തതിനാൽ മൂന്ന് പട്ടികജാതി വിദ്യാർത്ഥികളുടെയും ഒരു പട്ടികവർഗ്ഗ വിദ്യാർത്ഥിനിയുടെയും അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

(സി) 2018 ജനുവരി 1-നുശേഷം വിദേശപഠനസഹായത്തിനായി നാല് വിദ്യാർത്ഥികൾ അപേക്ഷിച്ചിരുന്നു. ഇതിൽ മൂന്ന് പേർ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ചിരുന്നില്ല. അപേക്ഷകരുടെ വിശദ വിവരങ്ങൾ അനുബന്ധം -II - ൽ ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പട്ടികവർഗ്ഗ വികസന വകുപ്പിൽ, 2018 ജനുവരി 1-നുശേഷം വിദേശ പഠനത്തിനുവേണ്ടി ഒരു വിദ്യാർത്ഥി അപേക്ഷ സമർപ്പിച്ചിരുന്നു. ടി വിദ്യാർത്ഥിക്ക് അർഹമായ വിദ്യാഭ്യാസാനുകൂല്യം നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ മാവിലൻ വിഭാഗത്തിൽപ്പെട്ട ശ്രീ. ബിനേഷ്, എ.കെ.ജി. നഗർ, 18-ാം മൈൽ, കൊളിച്ചാൽ.പി.ഒ, എന്ന വിദ്യാർത്ഥിക്ക് അയർലണ്ടിൽ ഉപരിപഠനം നടത്തുന്നതിലേയ്ക്കായി ആകെ 29,92,061 രൂപ 5/2018-ൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ശ്രീ. ബിനേഷിന്റെ വിദ്യാഭ്യാസ യോഗ്യത എം.ബി.എ. (മാസ്റ്റർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ) ആണ്.

**നവചേതന പദ്ധതി**

80 (907) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളിലെ അവശേഷിക്കുന്ന നിരക്ഷരത ഇല്ലാതാക്കാനും പാതിവഴിയിൽ പഠനം മുടങ്ങിയവർക്ക് തുടർപഠനം ഒരുക്കാനും ലക്ഷ്യമിടുന്ന നവചേതന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി)പട്ടികജാതി വിഭാഗത്തിന്റെ നിലവിലെ സാക്ഷരതാനിരക്ക് എത്രയാണ് ; ഈ പദ്ധതി വഴി സാക്ഷരതാ നിരക്ക് എത്രശതമാനമായി ഉയർത്താൻ കഴിയുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ;

(സി) പദ്ധതിയുടെ ഭാഗമായി എത്ര സാക്ഷരതാകേന്ദ്രങ്ങളാണ് തുടങ്ങാൻ ആലോചിക്കുന്നത്; ഇതിനായി കോളനികളെ നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ കോളനികളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡവും പുതിയ കോളനികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമവും വിശദമാക്കാമോ?

ഉത്തരം

(എ)പട്ടികജാതി വിഭാഗത്തിലെ അവശേഷിക്കുന്ന നിരക്ഷരത ഇല്ലാതാക്കാനും പാതിവഴിയിൽ പഠനം മുടങ്ങിയവർക്ക് തുടർപഠനം ഒരുക്കുവാനും ലക്ഷ്യമിടുന്ന നവചേതന പദ്ധതി സാക്ഷരതാമിഷൻ ആരംഭിച്ചിട്ടുണ്ട്.

(ബി) 88.73 ശതമാനമാണ് പട്ടികജാതി വിഭാഗത്തിന്റെ നിലവിലെ സാക്ഷരതാ നിരക്ക് എന്ന് 2011-ലെ സെൻസസ് റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഘട്ടംഘട്ടമായി പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ സാക്ഷരതാനിരക്ക് വർദ്ധിപ്പിച്ചുകൊണ്ട് ആ മേഖലയിൽ സമ്പൂർണ്ണ സാക്ഷരത (90 ശതമാനത്തിനു മുകളിൽ) കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) ആദ്യഘട്ടമായി 100 കോളനികളിൽ സാക്ഷരതാക്ലാസ് നടത്തിവരുന്നു. കോളനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* രണ്ടാംഘട്ടമായി ഈ സാമ്പത്തിക വർഷത്തിൽ 100 കോളനികളിൽക്കൂടി ഈ പദ്ധതി വ്യാപിപ്പിക്കും.

(ഡി) ഓരോ ജില്ലയിലും പട്ടികജാതി സാക്ഷരതയിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന പട്ടികജാതി കോളനികളിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലുള്ള ജില്ലാ സാക്ഷരതാ മിഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കുന്നത്.

**ആദിവാസി കുട്ടികൾക്ക് തുടർവിദ്യാഭ്യാസം**

81 (908) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാന്തര മേഖലയിൽ താമസിക്കുന്ന ആദിവാസികളുടെ മക്കൾ സെക്കണ്ടറി/ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തോടെ പഠനം നിർത്തുന്ന സ്ഥിതി വിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കുട്ടികൾക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിനുവേണ്ട പുതിയ പദ്ധതികൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ;

(സി) കോതമംഗലം മണ്ഡലത്തിലെ പതിനാറോളം ട്രൈബൽ സെറ്റിൽമെന്റുകളിൽ ഇപ്രകാരം പഠനം നിർത്തിയ കുട്ടികളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(ഡി) പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള ഗുണകരമായ മാറ്റം ആദിവാസി മേഖലയിൽ ഫലപ്രാപ്തിയിലെത്തിക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്രകാരം കോതമംഗലം മണ്ഡലത്തിലെ ആദിവാസി സെറ്റിൽമെന്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

ഉത്തരം

(എ) വനാന്തര മേഖലയിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ചില വിദ്യാർത്ഥികൾ സെക്കണ്ടറി/ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തോടെ പഠനം നിർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സെക്കണ്ടറി/ഹയർ സെക്കണ്ടറി പരീക്ഷയിൽ വിജയികളാകുന്ന വനാന്തര മേഖലയിൽ താമസിക്കുന്നതുൾപ്പെടെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റലുകളിൽ താമസിച്ച് തുടർവിദ്യാഭ്യാസം നടത്തുന്നതിലേയ്ക്ക് പുതിയ ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- നിലവിലുള്ള ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് കൂടാതെ 4 പുതിയ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നടപ്പുസാമ്പത്തികവർഷം വാടക കെട്ടിടത്തിൽ ആരംഭിക്കുന്നുണ്ട്.
- കിഫ്ബിയുടെ സഹായത്തോടെ 2 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും 5 പ്രീമെട്രിക് ഹോസ്റ്റലുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.
- കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ 2 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
- അട്ടപ്പാടി, കുളത്തുപ്പുഴ എന്നീ എം.ആർ.എസ്-കളിൽ പുതുതായി ഹയർ സെക്കണ്ടറി സയൻസ്, കൊമേഴ്സ് ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്.
- പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ പെൺകുട്ടികൾക്കായി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതും എഞ്ചിനീയറിംഗ് കോഴ്സിന് പഠനം നടത്തുന്നവരും പഠനം പൂർത്തിയാക്കാൻ കഴിയാത്തവരുമായ വിദ്യാർത്ഥികൾക്ക് പ്രത്യേക വിദഗ്ധ പരിശീലനം നൽകുന്നതിനായി സമുന്നതി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) കോതമംഗലം മണ്ഡലത്തിലെ വിവിധ കോളനികളിൽ നിന്ന് സെക്കണ്ടറി തലത്തിൽ 21 പേരും ഹയർ സെക്കണ്ടറി തലത്തിൽ 13 പേരും പഠനം നിർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള ഗുണകരമായ മാറ്റം ആദിവാസി മേഖലയിൽ ഫലപ്രാപ്തിയിലെത്തിക്കുവാൻ 20 എം.ആർ.എസ്.-കൾ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. എം.ആർ.എസ്.-കളിലെ വിദ്യാർത്ഥികൾക്ക് പാഠ്യ പാഠ്യേതര നിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

എം.ആർ.എസ്.-കളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് പഠന പദ്ധതി, സ്പെഷ്യൽ ട്യൂഷൻ പദ്ധതി, SPC, NSS, NCC, ശാസ്ത്രബോധിനി എന്നീ പദ്ധതികളും സർഗ്ഗോത്സവം എന്ന പേരിൽ

സംസ്ഥാനതല കലാമേളയും കളിക്കളം എന്ന പേരിൽ സംസ്ഥാനതല കായിക മേളയും നടത്തുന്നു. പ്രീമെടിക്/പോസ്റ്റ്മെടിക് ഹോസ്റ്റലുകൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നടത്തുന്നതിന് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ടി സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ബോധവൽക്കരണം നൽകുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്.

(ഡി) പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കോതമംഗലം മണ്ഡലത്തിൽ ഇന്റർനെറ്റ് സൗകര്യത്തോടുകൂടി 3 സാമൂഹ്യ പഠനമുറികൾ പ്രവർത്തിച്ചുവരുന്നു. മണ്ഡലത്തിലെ വിവിധ ആദിവാസി കോളനികളിലായി എസ്.എസ്.എ.-യുടെ കീഴിൽ 9 ഊരു വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. പഠനത്തിൽ പ്രയാസം നേരിടുന്ന കുട്ടികൾക്ക് വേണ്ടിയും പ്രതിഭാഭോഷണത്തിനുമായി എസ്.എസ്.എ.-യുടെ നിയന്ത്രണത്തിൽ ഒരു പ്രാദേശിക കേന്ദ്രം പ്രവർത്തിച്ചുവരുന്നു.

**കൊടക്കാട് മോഡൽ റസിഡൻഷ്യൽ ഹൈസ്കൂളിൽ പ്ലസ് ടു ബാച്ച് അനുവദിക്കാൻ നടപടി**

82 (909) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൊടക്കാട് പ്രവർത്തിക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്കായുള്ള മോഡൽ റസിഡൻഷ്യൽ ഹൈസ്കൂളിൽ പ്ലസ് 2 ബാച്ച് അനുവദിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എസ്.സി. വിഭാഗത്തിന് പ്രസ്തുത ജില്ലയിലുള്ള ഏക വിദ്യാലയത്തിൽ നിന്നും എസ്.എസ്.എൽ.സി. ആദ്യ ബാച്ച് പുറത്തിറങ്ങി വർഷങ്ങൾ കഴിഞ്ഞിട്ടും പശ്ചാത്തല സൗകര്യങ്ങൾ ഏറെയുള്ള സ്ഥാപനത്തിൽ ഈ വർഷമെങ്കിലും പ്ലസ് ടു കോഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ വെള്ളച്ചാൽ എം.ആർ.എസ്-ൽ ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതുകൊണ്ടാണ് പ്ലസ് ടു ബാച്ച് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയാതിരുന്നത്.

(ബി) പ്ലസ് ടു കോഴ്സ് ആരംഭിച്ചാൽ നിലവിൽ വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനുള്ള സൗകര്യം ലഭ്യമല്ല. ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് കേരള ഇൻഫ്രാ സ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) മുഖേന 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പ്ലസ് ടു കോഴ്സ് ആരംഭിക്കാൻ കഴിയൂ.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദേശ പഠനത്തിന് ധനസഹായം

83 (910) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ഉപരിപഠനം നടത്തുന്നതിന് അതതു വകുപ്പുകളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നുണ്ടോ; ഇതിനുള്ള നിബന്ധനകൾ എന്തൊക്കെയാണ്; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ലഭ്യമാക്കാമോ;

(ബി) ഇത്തരം ധനസഹായ അപേക്ഷകൾ തീർപ്പാക്കുന്നതിന് വകുപ്പ് ജീവനക്കാർ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം കാലതാമസം വരുത്തുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ധനസഹായം ലഭ്യമാക്കുന്നുണ്ട്. ഈ പദ്ധതിയുടെ മാനദണ്ഡങ്ങൾ സ.ഉ. (കൈ) നമ്പർ 81/2017/പജപവവിവ. തീയതി 4-10-2017 എന്ന സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) *

(ബി) അപേക്ഷകൾ ലഭിച്ചാൽ സമയബന്ധിതമായിതന്നെ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്.

## പട്ടികജാതി /പട്ടികവർഗ്ഗ വകുപ്പ് വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സാമ്പത്തിക സഹായം

84 (911) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ വകുപ്പ് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സാമ്പത്തിക സഹായം സമയബന്ധിതമായി വിദ്യാർത്ഥികൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് വേണ്ടി എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ ഓൺലൈൻ ആയി വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കും ട്യൂഷൻ ഫീസ്, എക്സ്ട്രാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേയ്ക്കും യഥാസമയം നൽകിവരുന്നുണ്ട്. അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾതന്നെ വിദ്യാർത്ഥികളുടെ ക്ലെയിം സ്ഥാപനത്തിൽനിന്നും യഥാസമയം ഫോർവേർഡ് ചെയ്യുന്നതിനുള്ള നിർദ്ദേശം എല്ലാ സ്ഥാപനമേധാവികൾക്കും നൽകിയിട്ടുണ്ട്. അദ്ധ്യയനവർഷ ആരംഭത്തിൽ വകുപ്പിലെയും സ്ഥാപനങ്ങളിലെയും ഇ-ഗ്രാന്റ്സ് കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് സ്കോളർഷിപ്പ് സംബന്ധിച്ച് ഏകദിന ശില്പശാല ജില്ലാ അടിസ്ഥാനത്തിൽ നൽകിവരുന്നുണ്ട്.

പ്രീ-മെട്രിക് തലത്തിലെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് വിതരണത്തിനുള്ള തുകയും 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം നൽകുന്ന തുകയും വിതരണം ചെയ്യുന്നതിനായി അതത് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. 9, 10 ക്ലാസ്സുകളിലെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള സെൻട്രൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് 2018-19-ൽ പി.എഫ്.എം.എസ്. വഴി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിനുപുറത്ത് ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക്, വിദ്യാർത്ഥികളുടെ ജില്ലയിലെ ജില്ലാ പട്ടികജാതി വികസന ഓഫീസർ വഴി ആനുകൂല്യങ്ങൾ നൽകിവരുന്നു.

വിദേശത്ത് പഠിക്കുന്നതിന് കേരളീയരായ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് (അച്ചടി) 81/2017/പജപവവിവ. തീയതി 4-10-2017 എന്ന ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകുന്നതിനുള്ള അപേക്ഷകൾ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിക്കുന്നുണ്ട്. ഇ-ഗ്രാന്റ്സിൽ ഉൾപ്പെടാത്ത പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ടൈബൽ ഡെവലപ്മെന്റ് ഓഫീസ്/പ്രോജക്ട് ഓഫീസ് എന്നിവിടങ്ങളിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു.

നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി അല്ലാതെ സംസ്ഥാനത്തിനുപുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക്

പഠിച്ചുവരുന്നതും കുടുംബ വാർഷികവരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു.

**പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികളുടെ പഠനനിലവാരം**

85 (912) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികളുടെ പഠനനിലവാരം സംബന്ധിച്ച് നടത്തിയ സർവ്വേകളുടെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പട്ടികവർഗ്ഗവിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച സാമൂഹ്യ പഠനമുറി പദ്ധതി വിജയപ്രദമാണോ;

(ഡി) ഗോത്ര ബന്ധു പദ്ധതിയും ഗോത്ര സാരഥി പദ്ധതിയും ഇവരുടെ പഠന നിലവാരം ഉയർത്തുന്നതിന് എത്ര മാത്രം സഹായകമായി എന്ന് വെളിപ്പെടുത്തുമോ;

(ഇ) പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പഠനനിലവാരം സംബന്ധിച്ച് പ്രത്യേകം സർവ്വേ നടത്തിയിട്ടില്ല. എന്നാൽ 2009-10 കാലഘട്ടത്തിലെ Scheduled Castes Habitats and families-നെ കുറിച്ച് നടത്തിയ ഒരു പഠന റിപ്പോർട്ട് മേയ് 2013-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ Educational Status of Scheduled Castes-നെ കുറിച്ച് പറയുന്നുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.-അനുബന്ധം 1)*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സോഷ്യോ എക്കണോമിക് സർവേ 2013-ൽ നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പട്ടികവർഗ്ഗ സാക്ഷരത 74.44% ആണ്. പിന്നാക്ക ഗോത്രവർഗ്ഗ വിഭാഗത്തിൽ സാക്ഷരതാ ശതമാനം വളരെ കുറവ് ചോലനായ്ക്ക വിഭാഗത്തിൽപ്പെട്ടവർക്കാണ് (39.63%). പട്ടികവർഗ്ഗ പുരുഷ സാക്ഷരതയിൽ അടിയ വിഭാഗമാണ് മുന്നിൽനിൽക്കുന്നത് (72.27%).

വിദ്യാഭ്യാസം നേടിയ 272034 പട്ടികവർഗ്ഗക്കാരിൽ 127344 (96.81%) പേർക്ക് പ്രൈമറി വിദ്യാഭ്യാസവും 92349 (33.95%) പേർ 10-ാം ക്ലാസിന് താഴെയും 30342 (11.15%) പേർ 10-ാം ക്ലാസ് പാസായവരും 16374 (6.02%) പേർ +2 പാസായവരും 4475 ( 1.64%) പേർ ബിരുദധാരികളും, 822 (0.30%) പേർ ബിരുദാനന്തര ബിരുദധാരികളും 328 (0.12%) പേർ മറ്റ് വിഭാഗങ്ങളിലും യോഗ്യത നേടിയവരുമാണ്.

(ബി) പട്ടികജാതി വിദ്യാർത്ഥികൾക്കായി പഠനമുറി പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ബി.ടെക്. കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ പിന്നോക്ക അവസ്ഥ പരിഹരിക്കുന്നതിന് IHRD-യുമായി ചേർന്ന് റെമെഡിയൽ കോഴ്സ് നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഈ സർക്കാർ നിലവിൽവന്നശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഗോത്രബന്ധു, സാമൂഹ്യപഠനമുറി എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഗോത്രബന്ധു പദ്ധതി

സ്കൂളുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനായി പട്ടികവർഗ്ഗത്തിൽ തന്നെയുള്ള ടി.ടി.സി./ബി.എഡ്./ഡി.എഡ്. പാസായവരിൽനിന്നും മെന്റർ ടീച്ചർമാരായി നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു പദ്ധതി.

സാമൂഹ്യപഠനമുറി പദ്ധതി

പട്ടികവർഗ്ഗ കുട്ടികൾക്ക് മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി പഠന നിലവാരം ഉയർത്തുന്നതിലേയ്ക്ക് പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഫെസിലിറ്റേറ്റർമാരായി നിയമിച്ച് പ്രാവർത്തികമാക്കുന്ന പദ്ധതിയാണ് സാമൂഹ്യ പഠനമുറി.

(സി) പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച സാമൂഹ്യപഠനമുറി പദ്ധതി വിജയപ്രദമാണ്.

(ഡി) ഗോത്രബന്ധു പദ്ധതിയും ഗോത്രസാരഥി പദ്ധതിയും പട്ടികവർഗ്ഗ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് വളരെയധികം സഹായകരമാണ്. ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിതരായിട്ടുള്ള മെന്റർ ടീച്ചർമാർ ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാലയത്തിൽ എത്തിക്കുകയും കൊഴിഞ്ഞുപോക്കിന് പ്രധാന കാരണങ്ങളിലൊന്നായ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനായി ഒന്നാം ക്ലാസിലെ അദ്ധ്യാപകർക്കൊപ്പംനിന്ന് ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുകയും സ്കൂളുകളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനുള്ള വേദിയൊരുക്കുകയും ചെയ്യുന്നു. പട്ടികവർഗ്ഗ ഊരുകൾ ദുർഘട വനപ്രദേശത്തോ മതിയായ വാഹന സൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ ആണ് സ്ഥിതിചെയ്യുന്നത്. സ്വന്തം ഊരുകളിൽനിന്ന് സ്കൂളുകളിൽ പോയിവരുന്ന ഇത്തരം വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോയിവരാൻ സൗകര്യം ചെയ്തുകൊടുക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി.

(ഇ) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി വികാസ് വാടികൾ, കിന്റർ ഗാർട്ടൻ, ബാലവാടികൾ, നഴ്സറി സ്കൂളുകൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നു. വിദൂര കോളനികളിലെ കുട്ടികൾക്ക് 1 മുതൽ 4-ാം ക്ലാസുവരെയുള്ള വിദ്യാഭ്യാസത്തിനായി പെരിപ്പറ്റെറ്റിക് സെന്ററുകളും ഏകാദ്ധ്യാപക വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു.

വകുപ്പിനുകീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ടി എം.ആർ.എസ്സ്-കളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് പഠന പദ്ധതി, സ്പെഷ്യൽ ട്യൂഷൻ പദ്ധതി, SPC, NSS, NCC ശാസ്ത്രബോധിനി എന്നീ പദ്ധതികളും ' സർഗോത്സവം' എന്ന പേരിൽ സംസ്ഥാനതല കലാമേളയും ' കളിക്കളം' എന്ന പേരിൽ സംസ്ഥാനതല കായികമേളയും നടത്തുന്നു. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ/മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നടത്തുന്നതിന് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ടി സ്ഥാപനങ്ങളിലെ വിദ്യാർത്ഥിനികളുടെ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങൾ മൂൻകൂട്ടി മനസ്സിലാക്കി ബോധവൽക്കരണം നൽകുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്.

ഭൗതിക സൗകര്യ വികസനത്തിന്റെ ഭാഗമായി കുട്ടികൾക്ക് ആവശ്യമായ ബഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും വ്യക്തിത്വ വികസനത്തിന് സഹായമാകുന്ന ലൈബ്രറി സൗകര്യം, കമ്പ്യൂട്ടർ ലാബുകൾ, കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

**മൂവാറ്റുപുഴ ആയവനയിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ**

86 (913) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ആയവനയിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) ഇതിനായി മൂവാറ്റുപുഴ താലൂക്കിൽ കല്ലൂർക്കാട്, ഏറനല്ലൂർ വില്ലേജിൽപ്പെട്ട 12 ഏക്കർ 9 1/2 സെന്റ് സ്ഥലം മിച്ച ഭൂമിയായി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. റവന്യൂ വകുപ്പിന്റെ കൈവശമുള്ള പ്രസ്തുത ഭൂമി മോഡൽ റെസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിന് വിട്ടുതരുന്നതിന് റവന്യൂ വകുപ്പ് തയ്യാറുമാണ്. എന്നാൽ കാട്ടാംകോട്ടയിൽ ഐപ്പ് മത്തായി എന്നൊരാൾ കോടതിയിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് പ്രവർത്തനം ആരംഭിക്കുന്നതിന് കോടതി സ്റ്റേ നിലനിൽക്കുന്നുണ്ട്.

**ആദിവാസികൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വേണ്ടി സാക്ഷരതാ പരിപാടികൾ**

87 (914) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വേണ്ടി സാക്ഷരതാ പരിപാടികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും, ഈ വിഭാഗങ്ങൾക്കിടയിൽ നിരക്ഷരരുടെ എണ്ണം വർദ്ധിക്കുന്ന കാര്യം പരിശോധിക്കുമോ;

(ബി) സംസ്ഥാന സാക്ഷരത മിഷന്റെ തുല്യതാപരിപാടി ആദിവാസികൾക്കിടയിൽ നടക്കുന്നുവെങ്കിലും ഇൻസ്ട്രക്ടർമാർ പലപ്പോഴും ആദിവാസി വിഭാഗത്തിൽ നിന്നല്ലാത്തവരായതിനാൽ ഉദ്ദേശിച്ച ഫലം കാണുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ നേതൃത്വത്തിൽ ആദിവാസി സാക്ഷരതാ പരിപാടി ശക്തമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) നിരക്ഷരർ വർദ്ധിച്ചുവരുന്ന സ്ഥിതിവിശേഷം നിലവിലില്ല.

(ബി) സാമൂഹിക പഠന മുറി പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ള 100 കോളനികളെയാണ് സമഗ്ര ആദിവാസി സാക്ഷരതാ പരിപാടി നടത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. സാമൂഹ്യ പഠനമുറികളിൽ ഇൻസ്ട്രക്ടർ ആയി പട്ടികവർഗ്ഗക്കാരെയാണ് നിയമിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി 100 ST പ്രേരക്മാരെയും തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് 2017-18 വർഷം കോർപ്പസ് ഫണ്ടിൽനിന്ന് പ്രസ്തുത പദ്ധതിക്ക് 370 ലക്ഷം രൂപ സംസ്ഥാന സാക്ഷരതാ മിഷന് അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

- പദ്ധതി നടപ്പിലാക്കുന്ന കോളനികളിലെ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർ തുടങ്ങിയവരുടെ യോഗം ചേർന്ന് പ്രവർത്തന കലണ്ടറിന് അന്തിമരൂപം നൽകി.
- പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളിൽ ആദിവാസി സാക്ഷരതാ സമിതികൾ രൂപീകരിച്ചു.
- പദ്ധതിക്കായി തെരഞ്ഞെടുത്ത എല്ലാ ഊരുകളിലും ഊര് സാക്ഷരതാ സമിതി രൂപീകരിച്ചു.
- പട്ടികവർഗ്ഗത്തിൽപ്പെട്ട 100 സമഗ്ര പ്രേരക്മാരെ തെരഞ്ഞെടുത്തു.
- ആദിവാസി ഇൻസ്ട്രക്ടർമാർക്കും സമഗ്ര പ്രേരക്മാർക്കും സാമൂഹ്യ സാക്ഷരതാ പരിശീലന പരിപാടി സംഘടിപ്പിച്ചു.
- തെരഞ്ഞെടുത്ത 100 ഊരുകളിലും സാക്ഷരതാ തുടർവിദ്യാഭ്യാസ സർവ്വേ നടത്തി.
- 2018 ഏപ്രിൽ 18-ന് സാക്ഷരതാ ക്ലാസുകൾ ആരംഭിച്ചു.
- മുഴുവൻ പഠിതാക്കൾക്കും സാക്ഷരതാ പാഠപുസ്തകം വിതരണം ചെയ്തു.

**മാവേലിക്കര മോഡൽ റെസിഡൻഷ്യൽ ഐ.ടി.ഐ.**

88 (915) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള ഐ. ടി. ഐ. മോഡൽ റെസിഡൻഷ്യൽ ഐ. ടി. ഐ. ആയി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

പട്ടികജാതി വികസന വകുപ്പിന്റെകീഴിലുള്ള മാവേലിക്കര ഐ.റ്റി.ഐ.-യുടെ കെട്ടിടങ്ങൾ കാലപ്പഴക്കം ഉള്ളവയാണ്. ആയതിന് പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ടി ഐ.റ്റി.ഐ. മോഡൽ റെസിഡൻഷ്യൽ ഐ.റ്റി.ഐ.യായി ഉയർത്തുന്നതിന് ആവശ്യമായ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് ഐ.റ്റി.ഐ. കോമ്പൗണ്ടിൽ സ്ഥലസൗകര്യം ലഭ്യമല്ല.

**പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം**

89 (916) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിലൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ ;

(ബി) ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) അയിലൂർ പഞ്ചായത്തിൽ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന പട്ടികവർഗ്ഗ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അയിലൂർ വില്ലേജിലെ 101/1 സർവ്വേ നമ്പർ, സബ് ഡിവിഷനിൽ ഉൾപ്പെടുന്ന 30 സെന്റ് സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് വിട്ടുതരുന്നതിന് ഭൂമിയുടെ ബാധ്യത സർട്ടിഫിക്കറ്റും സ്ഥല ഉടമയുടെ സമ്മതപത്രവും ലഭ്യമാക്കിയിട്ടുണ്ട്. സ്ഥലം വിട്ടുകിട്ടുന്നതിന് ചിറ്റൂർ തഹസീൽദാർ മുഖേന ആർ. ഡി. ഒ.-യ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ആദിവാസികൾക്ക് നിയമനം**

90 (917) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കുള്ള പ്രത്യേക സർക്കാർ നിയമനത്തിന് നിയമന ഉത്തരവ് നൽകിത്തുടങ്ങിയിട്ടുണ്ടോ; എങ്കിൽ, ജില്ലാടിസ്ഥാനത്തിൽ നിയമനം നൽകിയവരുടെ എണ്ണം അറിയിക്കാമോ;

(ബി) ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിലും കായിക ക്ഷമതാ പരീക്ഷകളിലും എന്തെങ്കിലും ഇളവുകൾ പ്രസ്തുത വിഭാഗക്കാർക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പരിശീലനത്തിനു പ്രവേശിക്കുന്നതിനായി 52000 രൂപയുടെ ബോണ്ട് നൽകണമെന്ന വ്യവസ്ഥ കാരണം അവർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) ആദിവാസികൾക്കുള്ള പ്രത്യേക സർക്കാർ നിയമനത്തിനായി താഴെ കൊടുത്തിട്ടുള്ള രീതിയിൽ നിയമന ശിപാർശ നൽകിയിട്ടുണ്ട് :

| തസ്തിക | വയനാട് | മലപ്പുറം | പാലക്കാട് |
|---|---|---|---|
| സിവിൽ പോലീസ് ഓഫീസർ | 40 | 4 | 10 |
| വനിതാ സിവിൽ പോലീസ് ഓഫീസർ | 12 | 4 | 5 |
| എക്സൈസ് ഓഫീസർ | 15 | 3 | 5 |
| വനിതാ സിവിൽ എക്സൈസ് ഓഫീസർ | 2 | ..... | .... |

(ബി) സിവിൽ പോലീസ് ഓഫീസർ, വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികകളിലേയ്ക്കുള്ള അടിസ്ഥാന യോഗ്യതയായ എസ്.എസ്.എൽ.സി. യോഗ്യതയുള്ളവരുടെ അഭാവത്തിൽ എസ്.എസ്.എൽ.സി. തോറ്റവരെയും ഇവരുടെ അഭാവത്തിൽ 8-ാം ക്ലാസ് ജയിച്ചവരെയും പരിഗണിച്ചിരുന്നു. സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ ശാരീരിക യോഗ്യതയായ ഉയരം കുറഞ്ഞത്

160 സെ.മി. എന്നുള്ളതിൽ യോഗ്യരായവരുടെ അഭാവത്തിൽ 5 സെ.മീ. ഇളവും നെഞ്ചളവ് കുറഞ്ഞത് 76 സെ.മീ. എന്നുള്ളത് യോഗ്യരായവരുടെ അഭാവത്തിൽ 72 സെ.മീ. ആയും വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ ശാരീരിക യോഗ്യതയായ ഉയരം കുറഞ്ഞത് 150 സെ.മീ. എന്നുള്ളത് യോഗ്യരായവരുടെ അഭാവത്തിൽ 148 സെ.മീ. വരെയായും ഇളവ് നൽകിയിരുന്നു. ഇരു തസ്തികകളിലേയ്ക്കും ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺസ്റ്റാർ നിലവാരത്തിലുള്ള 8 ഇനങ്ങളിൽ 3 എണ്ണത്തിൽ മാത്രം യോഗ്യത നേടിയാൽ മതിയെന്ന ഇളവും ഉണ്ടായിരുന്നു.

സിവിൽ എക്സൈസ് ഓഫീസർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികകളിലേയ്ക്കുള്ള അടിസ്ഥാന യോഗ്യതയായ പ്ലസ് ടു യോഗ്യതയുള്ളവരുടെ അഭാവത്തിൽ 8-ാം ക്ലാസ് പാസായവരേയും പരിഗണിച്ചിരുന്നു. സിവിൽ പോലീസ് ഓഫീസർ, വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികകളുടെ ശാരീരിക യോഗ്യതയിൽ നൽകിയ ഇളവുകൾ സിവിൽ എക്സൈസ് ഓഫീസർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികകൾക്കും നൽകിയിരുന്നു.

(സി) ഉണ്ട്. 17-5-2018-ലെ സ. (കൈ) നമ്പർ 88/18/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പോലീസ് വകുപ്പിൽ നിയമനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ആദിവാസി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകേണ്ട ബോണ്ടിലെ തുകയും കൂടാതെ രണ്ട് സർക്കാർ ഉദ്യോഗസ്ഥർ ജാമ്യം നിൽക്കണമെന്ന വ്യവസ്ഥയും ഒരു പ്രത്യേക കേസായി പരിഗണിച്ച് ഒഴിവാക്കിയിട്ടുണ്ട്.

## ബി.ഇ.ഒ. തസ്തിക പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-1 ആയി ഉയർത്താൻ നടപടി

91 (918) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 15,000-ന മുകളിൽ പട്ടികജാതി ജനസംഖ്യ ഉള്ള ബ്ലോക്കുകളിലെ ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ (BEO) തസ്തിക പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I ആയി ഉയർത്തിയിട്ടുണ്ടോ;എങ്കിൽ സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിലാണ് ഇത്തരത്തിൽ ഉയർത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) 15,000ന മുകളിൽ പട്ടികജാതി ജനസംഖ്യയുള്ള എത്ര ബ്ലോക്കുകളിലെ തസ്തിക ഇനി ഉയർത്താനുണ്ടെന്നും അതിലെ കാലതാമസം എന്താണെന്നും അറിയിക്കാമോ;

(സി) മുഴുവൻ ബ്ലോക്കിലെയും ബ്ലോക്ക് എക്സ്റ്റെൻഷൻ ഓഫീസർ(BEO) തസ്തിക ഗ്രേഡ്-I ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) G.O. (P)32/2000/SCSTDD, dated 9-5-2000 സർക്കാർ ഉത്തവ് പ്രകാരം അന്നത്തെ കണക്കനുസരിച്ച് 15,000-ൽ കൂടുതൽ പട്ടികജാതി ജനസംഖ്യയുള്ള ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിലുണ്ടായിരുന്ന ബ്ലോക്ക് എക്സ്റ്റെൻഷൻ ഓഫീസർ തസ്തിക, പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-1 തസ്തികയായി ഉയർത്തിയിട്ടുണ്ട്. നിലവിൽ 63 ബ്ലോക്ക് പഞ്ചായത്ത്/ നഗരസഭ/ കോർപ്പറേഷനുകളിലാണ് പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-1 തസ്തികയുള്ളത്. ബ്ലോക്ക് എക്സ്റ്റെൻഷൻ ഓഫീസർ തസ്തിക പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-II ആയി പുനർനാമകരണം ചെയ്തിട്ടുണ്ട്.

(ബി&സി) 15000-ന് മുകളിൽ പട്ടികജാതി ജനസംഖ്യയുള്ള 36 ബ്ലോക്ക്/ മുനിസിപ്പാലിറ്റികളിലെ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-II തസ്തിക പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I തസ്തികയായി ഉയർത്തുവാനുണ്ട്. ഇതുസംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

**മണലൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗം**

92 (919) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 എന്നീ വർഷങ്ങളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് മണലൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും അടങ്കൽ തുകയും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) 2016-17 വർഷത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് മണലൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും അടങ്കൽ

ുകയും നിലവിലെ അവസ്ഥയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 2017-18 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഉപയോഗിച്ച് മണലൂർ മണ്ഡലത്തിൽ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

**നേമം മണ്ഡലത്തിലെ എസ്.സി. കോർപ്പസ് ഫണ്ട് പ്രവൃത്തികൾ**

93 (920) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ നേമം നിയോജകമണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ നേമം നിയോജക മണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ടിൽ പദ്ധതികളൊന്നുംതന്നെ തെരഞ്ഞെടുത്തിട്ടില്ല.

**കൊല്ലം ജില്ലാ ആഫീസിലേക്ക് അനുവദിച്ച കോർപ്പസ് ഫണ്ട്**

94 (921) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ട് ഇനത്തിൽ 2017-18 വർഷത്തിൽ കൊല്ലം ജില്ലാ പട്ടികജാതി വികസന ആഫീസിലേക്ക് ഫണ്ട് അനുവദിച്ചിരുന്നോ;എങ്കിൽ എത്ര ുകയാണ് അനുവദിച്ചത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ആരുടെയെല്ലാം ശുപാർശകൾ പ്രകാരമാണ് പ്രസ്തുത പദ്ധതികൾ പരിഗണിക്കപ്പെട്ടത് എന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ജില്ലയ്ക്ക് അനുവദിക്കുന്ന 1/3rd കോർപ്പസ് ഫണ്ടിൽ 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 3,91,05,110 രൂപ അനുവദിച്ചിരുന്നു. കൂടാതെ ജില്ലയിലെ 31 പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് 1,60,51,400 രൂപയും കുന്നത്തൂർ പഞ്ചായത്തിൽ ഒരു സംരക്ഷണഭിത്തി നിർമ്മാണ പ്രവൃത്തി നടപ്പാക്കുന്നതിന് 3,94,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി&സി) ഭരണാനുമതി നൽകി തുക അനുവദിച്ച പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വാമനപുരം മണ്ഡലത്തിന് അനുവദിച്ച കോർപ്പസ് ഫണ്ട്**

95 (922) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള രണ്ടു വർഷ കാലയളവിൽ പട്ടികവർഗ്ഗ വകുപ്പ് മുഖേന വാമനപുരം നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിന്മേൽ അനുമതി ലഭിച്ച പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ പുരോഗതിയും വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള രണ്ടു വർഷ കാലയളവിൽ പട്ടികവർഗ്ഗ വകുപ്പ് മുഖേന വാമനപുരം നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിന്മേൽ അനുമതി ലഭിച്ച പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കോർപ്പസ് ഫണ്ടിലുൾപ്പെടുത്തിയ കാട്ടാക്കട മണ്ഡലത്തിലെ പ്രവൃത്തികൾ**

96 (923) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18 വർഷങ്ങളിലായി കോർപ്പസ് ഫണ്ടിലുൾപ്പെടുത്തിയ കാട്ടാക്കട മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലായി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

2016-17 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയ കാട്ടാക്കട മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* 2017-18 വർഷം പുതിയ പദ്ധതികൾക്ക് അനുമതി നൽകിയിട്ടില്ല.

**ആഗ്രഹിക്കുന്ന സ്കൂളിലും കോഴ്സുകൾക്കും ആദിവാസി വിഭാഗത്തിലെ കുട്ടികൾക്ക് പ്രവേശനം**

97 (924) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന സ്കൂളിലും കോഴ്സുകൾക്കും പ്രവേശനം ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ &ബി) ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഏകജാലക പ്രവേശന പ്രക്രിയയിലൂടെ അവരാഗ്രഹിക്കുന്ന സ്കൂളുകളിലും കോഴ്സിലും പ്രവേശനം ലഭിച്ചിട്ടില്ലായെങ്കിൽ ആയത് അനുവദിക്കുന്ന കാര്യം ഏകജാലക പ്രവേശന പ്രക്രിയ പൂർത്തിയായതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിന് ധാരണയായിട്ടുണ്ട്.

**കിടത്തി ചികിത്സാകേന്ദ്രം**

98 (925) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി, പട്ടികജാതി, തോട്ടം തൊഴിലാളികൾ കൂടുതലുള്ള അതിരപ്പിള്ളി പഞ്ചായത്തിൽ ആരോഗ്യ വകുപ്പുമായി സഹകരിച്ച് പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ ഫണ്ടുപയോഗിച്ച് ഒരു കിടത്തി ചികിത്സാകേന്ദ്രം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കോങ്ങാട് മണ്ഡലത്തിലെ വർക്കുകൾ**

99 (926) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ എസ്.സി/എസ്.ടി വകുപ്പുകളുടെ ഭാഗമായി എത്ര വർക്കുകളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ;

(ബി) ഇതിൽ പൂർത്തീകരിച്ച വർക്കുകളുടേയും നിർമ്മാണ നിർവ്വഹണ ഘട്ടത്തിലിരിക്കുന്നതിന്റെയും ഇനിയും നിർമ്മാണം ആരംഭിക്കാത്തതിന്റെയും വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ എസ്.സി/എസ്.ടി. വകുപ്പുകളുടെ ഭാഗമായി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധം 1, 2 ആയി ചേർക്കുന്നു.*

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥലം വാങ്ങി വീടുവയ്ക്കാൻ പദ്ധതി**

100 (927) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ദരിദ്ര കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വെയ്ക്കാൻ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ധനസഹായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിലെ ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി ഭൂരഹിത പുനരധിവാസ പദ്ധതി, ഭവന നിർമ്മാണ ധനസഹായ പദ്ധതി, പട്ടികജാതി വിഭാഗത്തിലെ ദുർബ്ബല വിഭാഗങ്ങൾക്കായുള്ള പുനരധിവാസ പദ്ധതി, പട്ടികവർഗ്ഗത്തിൽപ്പെട്ട ദരിദ്രകുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വാങ്ങി നൽകുന്ന പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി എല്ലാവർക്കും വീട് അനുവദിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് നടപ്പാക്കിയ പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത്/മുനിസിപ്പാലിറ്റി | ഭവനം | ഭൂമി |
|---|---|---|
| അരിക്കുളം പഞ്ചായത്ത് | 4 | 5 |
| മൂടാടി പഞ്ചായത്ത് | 6 | 3 |
| ചേമഞ്ചേരി പഞ്ചായത്ത് | 5 | 3 |
| ചെങ്ങോട്ട് കാവ് പഞ്ചായത്ത് | 5 | 5 |
| കൊയിലാണ്ടി മുനിസിപ്പാലിറ്റി | 13 | 7 |
| കീഴരിയൂർ പഞ്ചായത്ത് | 5 | 3 |
| തിക്കോടി പഞ്ചായത്ത് | 5 | 2 |

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ആർക്കും ഇത്തരം പദ്ധതിയിൻ പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ല.

(സി) അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല

**ചെങ്ങറ സമരക്കാർക്ക് ഭൂമി**

101 (928) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ആർ. നാരായണൻ സഹകരണ പുനരധിവാസ വെൽഫയർ സൊസൈറ്റിയുടെ കീഴിൽ ചെങ്ങറ സമരക്കാർക്ക് കാസർഗോഡ് ജില്ലയിൽ ഭൂമി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ എവിടെ എപ്പോൾ എത്ര പേർക്ക് എത്ര സെന്റ് വീതം ഭൂമി നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി അനുവദിച്ചവരിൽ പട്ടിക വിഭാഗക്കാരും മറ്റ് പിന്നോക്കക്കാരും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഭൂമി നൽകിയവർക്കെല്ലാം പട്ടയം കിട്ടിയിട്ടുണ്ടോ; ഇനി എത്ര പേർക്ക് പട്ടയം കിട്ടാൻ ബാക്കിയുണ്ട് ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.ആർ.നാരായണൻ സഹകരണ പുനരധിവാസ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ ചെങ്ങറ സമരക്കാർക്ക് കാസർഗോഡ് ജില്ലയിൽ ഭൂമി നൽകിയിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ പെരിയ എന്ന സ്ഥലത്ത് ആകെ 74 പേർക്ക് ഭൂമി നൽകിയിട്ടുണ്ട്. അതിൽ എസ്.സി/എസ്.ടി. വിഭാഗക്കാർക്ക് 50 സെന്റ് വീതവും മറ്റുള്ളവർക്ക് 25 സെന്റ് വീതവും ഭൂമി നൽകിയിട്ടുണ്ട്.

(സി) എസ്.സി./എസ്.ടി. 41, മറ്റുള്ളവർ 33, ആകെ 74.

(ഡി) ഇതുവരെ ആർക്കും പട്ടയം നൽകിയിട്ടില്ല. സൊസൈറ്റി നിയമാവലി പ്രകാരം കിടപ്പാടത്തിന് മാത്രമെ പട്ടയം നൽകാൻ സാധിക്കുകയുള്ളൂ. ആയതിന് പട്ടയം നൽകുന്നതിനുള്ള നടപടികൾ പട്ടികജാതി വികസന ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്.

**എന്റെ വീട് പദ്ധതി**

102 (929) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്കായി പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 'എന്റെ വീട് 'പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ശതമാനം പലിശയ്ക്കാണ് തുക അനുവദിക്കുന്നത്;

(സി) 'ലൈഫ്" പദ്ധതിയുടെ ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 'എന്റെ വിട്' പദ്ധതി പ്രകാരം 7.50% മുതൽ 8% വരെ പലിശയ്ക്കാണ് തുക അനുവദിക്കുന്നത്.

(സി) ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട സ്വന്തമായി ഭൂമിയുള്ളവരും പുതുതായി വീട് നിർമ്മിക്കുന്നവരുമായ ഗുണഭോക്താക്കൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച /ലഭ്യമാകുന്ന തുകകൂടി കണക്കിലെടുത്ത് ഭവന നിർമ്മാണത്തിനാവശ്യമായ ബാക്കി തുക ഈ പദ്ധതി പ്രകാരം ലഭിക്കും.

**പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

103 (930) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. ജോയി :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) പ്രസ്തുത കോർപ്പറേഷന്റെ പ്രധാന വായ്പാ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പറേഷൻ എത്ര കോടി രൂപയുടെ വായ്പ വിതരണം നടത്തിയിട്ടുണ്ട്;

(ഡി) പ്രസ്തുത കോർപ്പറേഷന് ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോർപ്പറേഷന്റെ പ്രധാന വായ്പാ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2018 മെയ് 30 വരെയുള്ള കണക്കുകൾ പ്രകാരം 770.70 കോടി രൂപ വായ്പാ വിതരണം നടത്തിയിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ കേരളത്തിലെ ചാലക ഏജൻസിയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികൾ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴിയാണ് കേരളത്തിൽ പ്രധാനമായും നടപ്പിലാക്കിവരുന്നത്. മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ 25 വർഷത്തെ പ്രവർത്തന ചരിത്രത്തിലെ ഏറ്റവും മികച്ച സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസിക്കുള്ള രജത ജൂബിലി പുരസ്കാരം (2016-17) ഉൾപ്പെടെ പതിനൊന്നോളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകരയിൽ സംസ്ഥാന പിന്നോക്ക ക്ഷേമ കോർപ്പറേഷന്റെ മേഖലാ ഓഫീസ്**

104 (931) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംസ്ഥാന പിന്നോക്ക ക്ഷേമ കോർപ്പറേഷന്റെ മേഖലാ ഓഫീസിനു വേണ്ടി എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന പിന്നോക്ക ക്ഷേമ കോർപ്പറേഷന്റെ മേഖലാ ഓഫീസ് അനുവദിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ പൊതു ഖജനാവിൽ നിന്നും ധനം വിനിയോഗിക്കേണ്ട സാഹചര്യം ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മേഖലാ ഓഫീസ് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) നെയ്യാറ്റിൻകര ഉൾപ്പെടെ 10 ഉപജില്ലാ ഓഫീസുകൾ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് കീഴിൽ ആരംഭിക്കുന്നതിനുവേണ്ടി കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്.

**കേരള ലളിതകലാ അക്കാദമിയിലെ അക്കൗണ്ടന്റ് തസ്തിക**

105 (932) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലളിതകല അക്കാദമിയിലെ അക്കൗണ്ടന്റ് തസ്തികയിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരെയാണ് നിയമിച്ചത്;

(ബി) ഈ നിയമനം എപ്രകാരമാണ് നടത്തിയത്; പരീക്ഷവഴിയാണോ കൂടിക്കാഴ്ച വഴിയാണോ നിയമനം നടത്തിയത്;

(സി) നിയമനം ലഭിച്ചയാൾക്ക് മുൻപരിചയമോ പ്രവൃത്തിപരിചയമോ ഉണ്ടായിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള ലളിതകലാ അക്കാദമിയിൽ അക്കൗണ്ടന്റ് തസ്തികയിൽ ശ്രീമതി കെ.എസ്. ബിന്ദുമോൾ. കൈതവളപ്പിൽ മുരുക്കുംപാടം, അഴീക്കൽ.പി.ഒ, കൊച്ചി എന്ന ഉദ്യോഗാർത്ഥിയെ ആണ് നിയമിച്ചിട്ടുള്ളത്.

(ബി) കേരള ലളിതകലാ അക്കാദമിയിൽ നിലവിൽ ഉപയോഗിക്കുന്ന അക്കൗണ്ടിംഗ് പാക്കേജായ ടാലി സോഫ്റ്റ്വെയർ ഉൾപ്പെടുന്ന അക്കൗണ്ട്സിന്റെ അടിസ്ഥാന കാര്യങ്ങൾകൂടി ഉൾപ്പെടുത്തിയ ഒരു എഴുത്ത് പരീക്ഷയും കൂടിക്കാഴ്ചയും നടത്തിയാണ് ഉദ്യോഗാർത്ഥിയെ തെരഞ്ഞെടുത്തത്.

(സി) കേരള ലളിതകലാ അക്കാദമിയിൽ അക്കൗണ്ടന്റ് ആയി നിയമനം ലഭിച്ചയാൾക്ക് കർത്തേടം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ടെയിനി ആയി 3 മാസവും സ്വകാര്യ സ്ഥാപനത്തിൽ അക്കൗണ്ടന്റ് ആയി 7 വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരുന്നു.

**ദേശീയ ചലച്ചിത്ര അവാർഡ് വിതരണം**

106 (933) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ചലച്ചിത്ര അവാർഡ് വിതരണച്ചടങ്ങിൽ ബഹുമാനപ്പെട്ട രാഷ്ട്രപതി എല്ലാ ജേതാക്കൾക്കും അവാർഡ് വിതരണം നടത്തുകയില്ലെന്ന് സംസ്ഥാന സർക്കാരിന് അറിയിപ്പ് ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) കാലാകാലങ്ങളായി ബഹുമാനപ്പെട്ട രാഷ്ട്രപതി വിതരണം ചെയ്തിരുന്ന അവാർഡ് നൽകുന്ന രീതി ഇത്തവണ അട്ടിമറിച്ചതിന് പിന്നിൽ ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടന്നിട്ടുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) അവാർഡ് ജേതാക്കളെ രണ്ട് തട്ടിലാക്കി കാണിക്കുന്ന ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ വിഷയം സംബന്ധിച്ച് സംസ്ഥാന സർക്കാരിന് യാതൊരുവിധ അറിയിപ്പും ലഭിച്ചിരുന്നില്ല. അവാർഡ് വിതരണം ചെയ്യുവരുന്ന രീതിയിൽ നിന്നും വ്യത്യാസപ്പെടുത്തി വിതരണം ചെയ്തതായി ആക്ഷേപം ഉയർന്നത് ശ്രദ്ധയിൽവന്നിട്ടുണ്ട്.

(സി) ദേശീയ ചലച്ചിത്ര അവാർഡ് വിതരണം കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരമാണ് എന്നതിനാൽ സംസ്ഥാന സർക്കാരിന് ഇടപെടാൻ കഴിയുന്നതല്ല.

**സാംസ്കാരിക രംഗത്ത് വനിതകളെ പ്രത്യേകമായി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ**

107 (934) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാംസ്കാരിക രംഗത്ത് വനിതകളെ പ്രത്യേകമായി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ സാംസ്കാരിക വകുപ്പ് വഴി നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

സാസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന യുവ കലാകാരൻമാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൻകീഴിൽ 157 കലാകാരികളെ ഫെലോഷിപ്പിനായി പദ്ധതിയുടെ ആദ്യഘട്ടത്തിൽതന്നെ തെരഞ്ഞെടുത്തിട്ടുണ്ട്. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രമേളകൾ, പ്രാദേശിക മേളകൾ, ഡോകുമെന്ററി, ഹ്രസ്വ ചിത്രമേളകൾ എന്നിവയിൽ സ്ത്രീ സംവിധായികമാരുടെ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്താറുണ്ട്. കഴിഞ്ഞ രാജ്യാന്തര ചലച്ചിത്രമേളയിൽ 24 സംവിധായകരുടെ സിനിമകൾ ഉൾപ്പെടുത്തിയിരുന്നു. മലയാളി സംവിധായകർ സ്ത്രീകളെ വ്യത്യസ്തമായി പ്രതിനിധാനം ചെയ്ത സിനിമകളുടെ പ്രത്യേക പാക്കേജും ഉൾപ്പെടുത്തിയിരുന്നു. മേളയുടെ ഭാഗമായി 2017 ഡിസംബർ 12, 13 തീയതികളിൽ സിനിമാ രംഗത്ത് പ്രവേശിക്കാനാഗ്രഹിക്കുന്ന സ്ത്രീകൾക്കായി ദ്വിദിന പരിശീലനക്കളരി സംഘടിപ്പിക്കുകയുണ്ടായി. കേരള സാഹിത്യ അക്കാദമി നീർമാതളത്തണലിൽ എന്ന പേരിൽ കമല സുരയ്യ സ്മാരകത്തിൽവച്ച് 3 ദിവസമായി എഴുത്തുകാരികളുടെ ക്യാമ്പ് നടത്തിയിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി 2018 മേയ് മാസത്തിൽ 20 മലയാളം എഴുത്തുകാരികളും 20 തമിഴ് എഴുത്തുകാരികളും ചേർന്ന സംവാദം തമിഴ്നാട്ടിലെ തിരുവണ്ണാമലയിൽവച്ച് നടത്തിയിട്ടുണ്ട്.

കേരള ലളിതകലാ അക്കാദമി, ആലപ്പുഴയിലെ മാരാരി ബീച്ചിൽവച്ച് ചിത്രകാരികൾക്ക് വേണ്ടി ദേശീയ ചിത്രകലാ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി.

**നേമം നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ**

108 (935) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇവയ്ക്കായി എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

നേമം നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല.

**നാടൻ കലാരൂപങ്ങളുടെ സംരക്ഷണം**

109 (936) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടൻകലകൾ തനതായ രീതിയിൽ സംരക്ഷിക്കപ്പെടുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നാടൻകലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഓരോ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നാടൻ കലകൾ തനതായ രീതിയിൽ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരള ഫോക്‌ലോർ അക്കാദമി, കിർത്താഡ്സ് എന്നിവ മുഖാന്തരം നിരവധി പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരുന്നുണ്ട്. തെയ്യം, തിറ, പൂരക്കളി, പടയണി, മുടിയേറ്റ് തുടങ്ങിയ നാടൻകലകൾ അതിന്റെ അനുഷ്ഠാന രൂപങ്ങൾക്ക് കോട്ടംവരാതെ പ്രാചീന രൂപങ്ങൾ അതുപോലെ വേഷവിധാനങ്ങളോടെ അവതരിപ്പിക്കാനാണ് കേരള ഫോക്‌ലോർ അക്കാദമി ശ്രമിക്കുന്നത്. വിവിധ ഫോക് ക്ലബ്ബുകൾ, നാടൻ കലാസമിതികൾ എന്നിവർ നാടൻ കലാവതരണത്തിന് ധനസഹായത്തിനായി സമീപിക്കുമ്പോൾ അന്യംനിന്നുപോകുന്ന കലാരൂപങ്ങൾ

കൂടി ഉൾപ്പെടുത്തുവാൻ കേരള ഫോക്‌ലോർ അക്കാദമി കർശന നിർദ്ദേശം നൽകാറുണ്ട്. കോളേജുകളിലും സ്കൂളുകളിലും നടത്തുന്ന ഫോക് ഫെസ്റ്റുകളിൽ പാരമ്പര്യ കലയെ വിശദീകരിക്കുന്ന വിഷയങ്ങളിൽ കേരള ഫോക്‌ലോർ അക്കാദമി സെമിനാറുകൾ സംഘടിപ്പിക്കാറുണ്ട്. പാരമ്പര്യ രീതിയിലുള്ള നാടൻ കലാരൂപങ്ങളെ അക്കാദമിയുടെ കേന്ദ്ര ഓഫീസ് സ്ഥിതിചെയ്യുന്ന കണ്ണൂർ ജില്ലയിലെ ചിറക്കലിലുള്ള മ്യൂസിയത്തിൽ ശില്പങ്ങളായി പ്രദർശിപ്പിച്ചിട്ടുണ്ട്. ബഹുജനങ്ങൾക്കിടയിലും ഗവേഷകർക്കിടയിലും തനത് അവബോധം പകർന്നനൽകാൻ ഈ മ്യൂസിയം പ്രയോജനപ്പെടുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ കിർത്താഡ്സ് വകുപ്പുകൾ സംയുക്തമായി നടത്തുന്ന 'ഗദ്ദിക' പോലുള്ള സംസ്ഥാനതല വിപണന പ്രദർശന മേളകളുടെ ഭാഗമായി തനത് കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി നാടൻ കലാമേളകൾ സംഘടിപ്പിക്കാറുണ്ട്.

കിർത്താഡ്സിന്റെ നേതൃത്വത്തിൽ നാടൻകലകൾ തനതായ രീതിയിൽ സംരക്ഷിക്കുന്നതിന് വകുപ്പിലെ ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഗോത്രജനതയുടെ കലാരൂപങ്ങൾ കണ്ടെത്തുകയും ഡോക്യുമെന്റ് ചെയ്യുകയും പ്രസിദ്ധീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ തനത് കലകൾ പുതുതലമുറകളിൽ എത്തിക്കുന്നതിനും പരിചയപ്പെടുത്തുന്നതിനും ആദികലാകേന്ദ്രം മുഖേന പഠന കളരികൾ സംഘടിപ്പിക്കുകയും വേദിയിൽ അവതരിപ്പിക്കുന്ന തരത്തിൽ തനതായ രീതിയിൽ അവയെ ചിട്ടപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**കലാകാരന്മാർക്കുള്ള പെൻഷൻ പദ്ധതി**

110 (937) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാർക്ക് നൽകി വരുന്ന പെൻഷൻ പദ്ധതിയിൽ ഏതെല്ലാം കലാ മേഖലയിലുള്ളവരാണ് ഉൾപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഈ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ;

(സി) മലബാറിലെ സജീവ കലാരൂപമായ കോൽക്കളി കലാകാരന്മാർക്ക് പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ നൽകി വരുന്നുണ്ടോ;

(ഡി) എങ്കിൽ മലപ്പുറം ജില്ലയിൽ എത്ര കോൽക്കളി കലാകാരന്മാർ പെൻഷൻ വാങ്ങുന്നുണ്ടെന്നും ഇവരുടെ വിശദാംശങ്ങളും അറിയിക്കാമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന കലാകാരന്മാർക്കുള്ള പെൻഷൻ പദ്ധതിയിൽ സാഹിത്യം, സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്രകലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, പൂരക്കളി, ബാന്റ് വാദ്യം, അക്ഷര ശ്ലോകം, വാദ്യകലകൾ, ക്ലാസിക് കലകൾ, ക്ഷേത്ര ശില്പകല, ചിത്രകല, നാടൻ കലാരൂപങ്ങൾ, ആദിവാസി കലകൾ, മേളം, മാപ്പിള കലകൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) 50 വയസ്സിൽ കൂടുതൽ പ്രായമുള്ളവരും ഒരു ലക്ഷം രൂപയിൽ കവിയാത്ത വാർഷിക വരുമാനം ഉള്ളവരുമായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പെൻഷന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമി മുഖേന സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതും ഡയറക്ടറുടെ ശിപാർശയോടെ സർക്കാരിൽ ലഭിക്കുന്ന അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതുമാണ്.

(സി) ഉണ്ട്.

(ഡി) കേരള ഫോക്‌ലോർ അക്കാദമി ശിപാർശ ചെയ്ത മലപ്പുറം ജില്ലയിൽ നിന്നുള്ള 8 കലാകാരന്മാരാണ് കോൽക്കളി വിഭാഗത്തിൽ പെൻഷൻ കൈപ്പറ്റുന്നത്.

## പാർലമെന്ററികാര്യ വകുപ്പിന്റെ കുട്ടികൾക്കായുള്ള പരിപാടികൾ

111 (938) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ പാർലമെന്ററി അവബോധം വർദ്ധിപ്പിക്കുന്നതിനായി നടത്തികൊണ്ടിരിക്കുന്ന വിവിധ പരിപാടികൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ബി) പാർലമെന്ററികാര്യ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന കുട്ടികൾക്കായുള്ള സെമിനാർ കോഴിക്കോട് ജില്ലയിൽ ഏതൊക്കെ സ്കൂളുകളിൽ നടന്നിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) സെമിനാർ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ സംസ്ഥാനത്തെ ഓരോ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ നടത്തിവരുന്നു. മത്സരത്തിൽ മികച്ച

പാർലമെന്റേറിയന്മാരായി തെരഞ്ഞെടുക്കുന്ന കുട്ടികൾക്കായി പഴയ നിയമസഭാ ഹാളിൽവച്ച് മോഡൽ പാർലമെന്റ്, ദ്വിദിന ക്യാമ്പ്, പാർലമെന്റ് സന്ദർശനം എന്നിവയും കൂടാതെ പാർലമെന്ററി ജനാധിപത്യത്തെ അടിസ്ഥാനമാക്കി ക്വിസ്/പ്രസംഗം/ ഉപന്യാസം എന്നിവയിൽ മത്സരങ്ങളും ജില്ലാ/സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്നു.

(ബി) 2017-18 അദ്ധ്യയന വർഷത്തിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന കോഴിക്കോട് ജില്ലയിൽ സെമിനാർ നടന്ന സ്കൂളുകളുടെ പേര് അനുബന്ധമായി ചേർക്കുന്നു.*

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

112 (939) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് 2018-19 വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി ഇൻസ്റ്റിറ്റ്യൂട്ട് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നിലവിൽ രാഷ്ട്രീയവും, സാമൂഹികപരവുമായി പ്രാധാന്യമുള്ള ഏതെങ്കിലും വിഷയങ്ങളിൽ പഠനവും, ഗവേഷണവും നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിനെ പാർലമെന്ററി ഇൻഫർമേഷൻ ആന്റ് റിസർച്ച് സെന്ററായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്?

ഉത്തരം

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് 2018-19 അദ്ധ്യയന വർഷം സംസ്ഥാനത്തെ 200 കോളേജുകളിൽ മോഡൽ പാർലമെന്റ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഇല്ല.

(സി) കേരള സർവ്വകലാശാല സർവ്വേ റിസർച്ച് സെന്ററുമായി സഹകരിച്ച് തെരഞ്ഞെടുപ്പ് പഠനം നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് സെന്ററായി ഉയർത്തുന്നതിനാവശ്യമായ സ്ഥലവും സൗകര്യങ്ങളും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ്

113 (940) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിരുവല്ലത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിൽ ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(ബി) എത്ര കോടിരൂപയാണ് പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത്; വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നതാണെന്നും പണം മുടക്കി ദ്രോഹം വരുത്തുന്നതാണെന്നുമുള്ള അടൂർ ഗോപാലകൃഷ്ണന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സാധാരണ ആളുകൾക്ക് എത്തിച്ചേരുവാൻ അസൗകര്യമുള്ള തിരുവല്ലത്ത് ഫിലിം ഫെസ്റ്റിവൽ നടത്തിയാൽ സിനിമ കാണുവാൻ ആളില്ലാത്ത അവസ്ഥ വരുമെന്നും അത് ഫെസ്റ്റിവൽ തന്നെ നിന്നുപോകുന്നതിന് ഇടയാക്കുമെന്ന അഭിപ്രായം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ടാഗോർ തീയേറ്റർ വളപ്പിൽ ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാണോ; എങ്കിൽ തിരുവല്ലത്തിന് പകരം പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് തീരുമാനിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) കിഫ്ബി ഫണ്ടിൽനിന്നും 100 കോടി രൂപ കണ്ടെത്തി ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിൽ മൾട്ടി പർപ്പസ് ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കോംപ്ലക്സ് തിരുവനന്തപുരം നഗരത്തിൽ കൂടുതൽ അനുയോജ്യമായ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്ന വിഷയം ഇപ്പോൾ പരിഗണനയിലുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത അഭിപ്രായം പരിഗണിക്കുന്നുണ്ട്.

(ഡി) പരിശോധിച്ചുവരുന്നു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

**സിനിമാ ടാക്കീസുകൾ**

114 (941) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിനിമാ ടാക്കീസുകൾ ഗ്രാമീണ മേഖലയിലടക്കം തിരിച്ചുകൊണ്ടുവരുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) 2016 മുതൽ എത്ര പുതിയ സിനിമാ തീയേറ്ററുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കിഫ്ബിയിൽനിന്നും 100 കോടി രൂപ കണ്ടെത്തി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന കേരളത്തിലുടനീളം 100 സിനിമ തീയേറ്ററുകൾ സ്ഥാപിക്കുന്നതിന് സർക്കാർ പദ്ധതിയിട്ടിട്ടുണ്ട്. ടി തുക വിനിയോഗിച്ച് ആദ്യഘട്ടത്തിൽ 14 സ്ഥലങ്ങളിൽ തീയേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

(ബി) 2016-നുശേഷം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കീഴിൽ 2 തീയേറ്ററും സ്വകാര്യ മേഖലയിൽ 26 തീയേറ്ററും ഉൾപ്പെടെ 28 തീയേറ്ററുകൾ ആരംഭിച്ചിട്ടുണ്ട്.

**കായംകുളം മൾട്ടിപ്ലക്സ് തീയേറ്റർ നിർമ്മാണം**

115 (942) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്ത് അനുവദിച്ച മൾട്ടിപ്ലക്സ് തീയറ്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കുമോ?

ഉത്തരം

കായംകുളത്ത് മൾട്ടിപ്ലക്സ് തീയേറ്ററിന്റെ നിർമ്മാണത്തിനായുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്. ഡി.പി.ആർ. പൂർത്തീകരിക്കുന്ന മുറയ്ക്ക് ആയത് കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം നേടി നിർമ്മാണ നടപടികൾ ആരംഭിക്കുന്നതാണ്.

## ചലച്ചിത്ര വികസന കോർപ്പറേഷൻ

116 (943) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചലച്ചിത്ര വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; പുതിയ സിനിമാ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങൾ നല്കുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

1. ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിൽ തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ, ചേർത്തല, വടക്കൻ പറവൂർ, ചിറ്റൂർ എന്നിവിടങ്ങളിലായി എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള 16 തീയേറ്ററുകൾ പ്രവർത്തിക്കുന്നു.

2. സർക്കാർ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും പരസ്യചിത്രങ്ങൾ, ഡോക്യുമെന്ററികൾ, പ്രൊമോഷൻ വീഡിയോകൾ എന്നിവ കുറഞ്ഞ ചെലവിൽ ഗുണമേന്മയോടെ നിർമ്മിച്ചുനൽകാനുള്ള സൗകര്യങ്ങളും ചലച്ചിത്ര വികസന കോർപ്പറേഷനിലുണ്ട്.

3. പുതിയ സിനിമാസംരംഭകർക്ക് ചിത്രാഞ്ജലി സ്റ്റുഡിയോയിലെ ആധുനിക സൗകര്യങ്ങൾ (റെക്കാർഡിംഗ്, എഡിറ്റിംഗ്, ഡി.ഐ. 7.1 മിക്സിംഗ് തുടങ്ങിയവ) ഉപയോഗിച്ച് സിനിമ നിർമ്മിക്കാവുന്നതാണ്. 2 ലക്ഷം രൂപ അടച്ച് ചിത്രാഞ്ജലി സ്റ്റുഡിയോയിൽ രജിസ്റ്റർ ചെയ്താൽ കെ.എസ്.എഫ്.ഡി.സി. പാക്കേജിൽ ചിത്രാഞ്ജലിയിൽ ലഭ്യമായ എല്ലാ ആധുനിക സൗകര്യങ്ങളുമുപയോഗപ്പെടുത്തിക്കൊണ്ട് സിനിമ നിർമ്മിക്കാവുന്നതാണ്. ഇത്തരം പാക്കേജിൽ നിർമ്മിക്കുന്ന ചിത്രങ്ങൾക്കുള്ള സർക്കാർ സബ്സിഡിയും കെ.എസ്.എഫ്.ഡി.സി. വഴി ലഭിക്കുന്നതാണ്.

4. ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിക്കുന്നതിന്റെ ഭാഗമായി ചിത്രാഞ്ജലിയെ ഫിലിം സിറ്റിയായി കിഫ്ബി ഫണ്ടുപയോഗിച്ച് വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും 100 കോടി രൂപ കണ്ടെത്തി ചലച്ചിത്രങ്ങളുടെ പ്രദർശനത്തിനായി കേരളത്തിലുടനീളം 100 തീയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രാരംഭനടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഈ പദ്ധതിക്കായി സ്ഥലം വിട്ടു നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്.

**സർക്കാർവക സിനിമാ തീയേറ്ററുകൾ**

117 (944) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സർക്കാർ അധീനതയിൽ പുതുതായി സിനിമാ തീയേറ്ററുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് കൂടുതൽ സ്ഥലങ്ങളിൽ സർക്കാർ അധീനതയിൽ പുതുതായി സിനിമാ തീയേറ്ററുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നോർത്ത് പറവൂരും ചിറ്റൂരുമുള്ള ചിത്രാഞ്ജലി തീയേറ്ററുകൾ നവീകരിച്ച് കൈരളി, ശ്രീ എന്നപേരിൽ രണ്ട് തിയേറ്ററുകളാക്കി മാറ്റിയിട്ടുണ്ട്. ഫലത്തിൽ രണ്ട് തീയേറ്ററുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

(ബി) കിഫ്ബിയിൽനിന്നും 100 കോടി രൂപ കണ്ടെത്തി ചലച്ചിത്രങ്ങളുടെ പ്രദർശനത്തിനായി കേരളത്തിലുടനീളം 100 തീയേറ്ററുകൾ സ്ഥാപിക്കുന്നതിന് സർക്കാർ പദ്ധതിയിട്ടിട്ടുണ്ട്. ടി തുക വിനിയോഗിച്ച് ആദ്യഘട്ടത്തിൽ 14 സ്ഥലങ്ങളിൽ തീയേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

**കുട്ടികളുടെ രാജ്യാന്തര ചലച്ചിത്രമേള**

118 (945) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കുട്ടികളുടെ രാജ്യാന്തര ചലച്ചിത്രമേളയിൽ കുട്ടികളായിട്ടുള്ള എത്ര ഡെലിഗേറ്റുകൾ പങ്കെടുത്തു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ചലച്ചിത്ര മേളയിൽ എത്ര ചിത്രങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുട്ടികളുടെ രാജ്യാന്തര ചലച്ചിത്രമേളയിൽ ആകെ 5054 കുട്ടികൾ ഡെലിഗേറ്റുകളായി പങ്കെടുത്തു.

(ബി) മേളയിൽ ആകെ 140 ചിത്രങ്ങൾ പ്രദർശിപ്പിച്ചു.

**ഒറ്റപ്പാലത്ത് തീയേറ്റർ നിർമ്മാണം**

119 (946) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ സ്ഥാപിക്കുന്ന തിയേറ്റർ സമുച്ചയ നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡി.പി.ആർ സർക്കാർ അംഗീകരിച്ചോ; അംഗീകരിച്ചു എങ്കിൽ മേൽ നടപടികൾ സ്വീകരിക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) തിയേറ്റർ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഒറ്റപ്പാലത്ത് കെ.എസ്.എഫ്.ഡി.സി.യുടെകീഴിൽ സ്ഥാപിക്കുന്ന തീയേറ്റർ സമുച്ചയ നിർമ്മാണത്തിന്റെ ഡി.പി.ആർ. കിറ്റ്കോ മുഖേന തയ്യാറാക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്. ആയത് ലഭിക്കുന്നമുറയ്ക്ക് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

(സി) ഡി.പി.ആർ ലഭ്യമായാൽ അത് കിഫ്ബി അംഗീകരിക്കുന്നമുറയ്ക്ക് നിർമ്മാണ നടപടികൾ ആരംഭിക്കും.

**നെയ്യാറ്റിൻകരയിലെ കെ.എസ്.എഫ്.ഡി.സി. തീയേറ്റർ**

120 (947) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ കെ.എസ്.എഫ്.ഡി.സി. ആരംഭിക്കാൻ പോകുന്ന തിയേറ്ററിന്റെ ഡി.പി.ആർ. കിറ്റ്കോ പൂർത്തീകരിച്ച് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്ന കെ.എസ്.എഫ്.ഡി.സി. തിയേറ്ററിന് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്എന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.എഫ്.ഡി.സി. നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്ന തിയേറ്ററിൽ എന്തൊക്കെ സൗകര്യങ്ങൾ ആണ് ഒരുക്കുന്നത്; എത്ര പേർക്ക് ഇരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.എഫ്.ഡി.സി. തിയേറ്റർ ഏത് വർഷത്തിൽ പണിപൂർത്തീകരിച്ച് ഉദ്ഘാടനം നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകരയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സിനിമാ തീയേറ്ററിന്റെ ഡി.പി.ആർ. കൺസൾട്ടിംഗ് ഏജൻസിയായ കിറ്റ്കോയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ഡി.പി.ആർ. ലഭ്യമാകുന്നമുറയ്ക്ക് പദ്ധതിയുടെ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

(ബി) ഡി.പി.ആർ. ലഭിച്ചാൽ മാത്രമേ ചെലവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(സി) അത്യാധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി 150 സീറ്റുകൾ വീതമുള്ള രണ്ട് തീയേറ്ററുകൾ പണിയുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത തീയേറ്ററുകളിൽ ഉണനിലവാരമുള്ള സീറ്റുകൾ, ശീതീകരണ സംവിധാനം, 2 കെ/4 കെ പ്രൊജക്ഷൻ സംവിധാനം, 7.1 സൗണ്ട് സിസ്റ്റം തുടങ്ങിയ അത്യാധുനിക സൗകര്യങ്ങളാണ് ഒരുക്കുന്നത്.

(ഡി) 2018 അവസാനത്തോടെ പണി പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ**

121 (948) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായുള്ള സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യവും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി

നിയമിച്ച ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അതിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ്; പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സിനിമാ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി ശ്രീ.അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ 'സിനിമ റെഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി 1958-ലെ സിനിമാ റെഗുലേഷൻ ആക്ടും 1988-ലെ സിനിമാ റെഗുലേഷൻ റൂൾസും ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിന് 20-1-2018-ലെ സ.ഉ. (സാധാ)നമ്പർ 30/2018/ സാം.കാ.വ.25-5-2018-ലെ സ.ഉ. (സാധാ)നമ്പർ 363/2018/സാം.കാ.വ. ഉത്തരവുകൾ പ്രകാരം വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സിനിമ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്ന കരട് നിയമനിർമ്മാണം ഈ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതാണ്.

(ബി) സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിക്കുന്നതിനായി 1-7-2017 ലെ സ.ഉ. (എം.എസ്) നമ്പർ 16/2017/സാം.കാ.വ. ഉത്തരവ് പ്രകാരം നിയമിച്ച ജസ്റ്റിസ് ശ്രീമതി കെ. ഹേമ അദ്ധ്യക്ഷയായ സമിതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് തയ്യാറായിട്ടില്ല.

**ഫോറസ്റ്റ് ഫയർ അലെർട്ട് സംവിധാനം**

122 (949) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കിയ ഫോറസ്റ്റ് ഫയർ അലെർട്ട് സംവിധാനത്തിന്റെ വിശദമായ വിവരം ലഭ്യമാക്കാമോ;

(ബി) ഈ സംവിധാനം ഏതൊക്കെ സ്ഥലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കാട്ടുതീ നിയന്ത്രിക്കുന്നതിന് വനപാലകർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനോടൊപ്പം കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ

അത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യാഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ളതാണ് ഫോറസ്റ്റ് അലെർട്ട് സംവിധാനം. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡൻമാരും റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു.

(ബി) കേരള സംസ്ഥാനത്തൊട്ടാകെയുള്ള വനമേഖലയിൽ ഫോറസ്റ്റ് ഫയർ അലെർട്ട് സംവിധാനം പ്രയോജനപ്പെടുത്തിവരുന്നു.

**വനമേഖലയിലെ മണ്ണ്- ജല സംരക്ഷണ പ്രവൃത്തികൾ**

123 (950) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ നടക്കുന്ന മണ്ണ്-ജല സംരക്ഷണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വനാതിർത്തിയിലുള്ള നദികൾ, കുളങ്ങൾ എന്നിവയുടെ സംരക്ഷണത്തിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വനമേഖലയിലെ ജലാശയങ്ങൾ വൃത്തിയാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) വനമേഖലയിലെ മണ്ണ്-ജല സംരക്ഷണത്തിനായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയത്:

- വിവിധയിനം വനവൃക്ഷ തൈകളുടെ നടീലും പരിപാലനവും.
- കാട്ടുതീ പ്രതിരോധ- സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഫയർ ലൈനുകളുടെ നിർമ്മാണവും പരിപാലനവും.
- മണ്ണൊലിപ്പ് തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഗള്ളി പ്ലഗ്ഗിംഗ്.

- വനാന്തരങ്ങളിലെ നീരുറവകളുടെ സംരക്ഷണത്തിനായി ജലാശയങ്ങളിലെ കളകളും മാലിന്യവും നീക്കംചെയ്യൽ.
- ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് വിവിധയിനം തടയണകളുടെ നിർമ്മാണവും നിലവിലുള്ള തടയണകളുടെ ഉയരം കൂട്ടലും.
- നിലവിലുള്ള തടയണകളിലെ ചെളിയും മറ്റ് മാലിന്യങ്ങളും നീക്കംചെയ്ത് ജലസംഭരണത്തിന് പ്രാപ്തമാക്കൽ.
- നിലവിലുള്ള തടയണകളുടെ ചോർച്ച ഒഴിവാക്കി ജലശേഖരണം ഉറപ്പുവരുത്തൽ.
- മണൽചാക്ക്, ബ്രഷ്വുഡ് തുടങ്ങിയവ ഉപയോഗിച്ചുള്ള താല്ക്കാലിക തടയണകളുടെ നിർമ്മാണം.
- ചെറുകളങ്ങളിൽ അടിഞ്ഞിട്ടുള്ള എക്കൽ നീക്കംചെയ്യൽ (ഡീ സിൽറ്റിംഗ്)
- വനമേഖലകളിലെ ജലസ്രോതസ്സുകളുടെ (Waterhole/Vayals/Waters spread areas) നവീകരണം.
- ചതുപ്പുപ്രദേശങ്ങളിലെ (vayals) മൺബണ്ടുകൾ നിർമ്മാണവും ചെടികൾ നട്ടുപിടിപ്പിച്ച് ബലപ്പെടുത്തലും.
- വനത്തിനുള്ളിൽ നിർമ്മിച്ച 141 ചെക്ക്ഡാമുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കൽ.
- താൽക്കാലിക തടയണകളുടെ നിർമ്മാണവും ജലസ്രോതസ്സുകളുടെ നവീകരണവും.

(സി) വനമേഖലയിലെ ജലാശയങ്ങൾ വൃത്തിയാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഹരിതകേരളം പദ്ധതിവഴി നടപ്പിലാക്കിവരുന്നില്ല.

**വനപരിപാലനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ**

124 (951) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപരിപാലനത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ കാടുകളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള വനങ്ങളുടെ പരിപാലനത്തിന് വനം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന കർമ്മപദ്ധതികൾ ചുവടെ ചേർക്കുന്നു:

- വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് കയ്യേറ്റത്തിൽനിന്നും വനങ്ങളെ സംരക്ഷിക്കുന്നു.

- വനപരിപാലനവും വന സംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തലസൗകര്യം ഒരുക്കൽ, വന സംരക്ഷണത്തിനായി വനാതിർത്തിക്കുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ എന്നിവ നടപ്പാക്കുന്നു.

- കാട്ടുതീ പ്രതിരോധ പ്രവർത്തനം, കഞ്ചാവ് കൃഷി തടയൽ എന്നിവ വഴി വനത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നു.

- പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും ചോലവനങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും മറ്റ് സ്വാഭാവിക വനങ്ങളുടെയും ശോഷിച്ച വനങ്ങളുടെയും വനവൽക്കരണവും സംരക്ഷണവും നടപ്പിലാക്കിവരുന്നു.
- വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നീ മേഖലകളിലെ വനസംരക്ഷണം, ആവാസവ്യവസ്ഥാ പരിപാലനം എന്നിവയ്ക്കായി കേന്ദ്രസഹായത്തോടെ "ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്" എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

- വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനായി വനസംരക്ഷണ സമിതികളിലെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിലെയും വനാശ്രിത കുടുബങ്ങളെ വനസംരക്ഷണ പരിപാടികളിൽ പങ്കാളികളാക്കി അതുവഴി അവരുടെ ജീവനോപാധി വർദ്ധിപ്പിക്കുകയും ചെയ്യുവരുന്നു.

- ഗ്രീൻ ഇന്ത്യാമിഷൻ പദ്ധതി, ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് പദ്ധതി, ഇക്കോ ടൂറിസം പദ്ധതി എന്നിവ നടപ്പാക്കുന്നു.

- വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിവരുന്ന ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വിവിധയിനം വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുവരുന്നു. കൂടാതെ വഴിയോര തണൽ പദ്ധതിയും വനദീപ്തി പദ്ധതിയും കാവുകൾക്ക് ധനസഹായം ചെയ്യുന്ന പദ്ധതിയും സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷം വളർത്തുന്നതിന് പ്രോത്സാഹന ധനസഹായം ചെയ്യുന്ന പദ്ധതിയും നടപ്പാക്കുന്നു.
- നിലവിലുള്ള ഘനമര തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന തോട്ടങ്ങളുടെയും പരിപാലനം നടപ്പാക്കുന്നു.

(ബി) വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിലെ വനമേഖലകളിലാകെ ജലസ്രോതസ്സുകൾ (Waterhole/Vayals/Waterspread areas) നവീകരിക്കുകയും ചതുപ്പുപ്രദേശങ്ങളിൽ (Vayals) ചെടികൾ നട്ട് ബലപ്പെടുത്തുകയും വനത്തിനുള്ളിൽ നിർമ്മിച്ചിട്ടുള്ള ചെക്ക് ഡാമുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും കൂടാതെ താൽക്കാലിക തടയണകൾ നിർമ്മിക്കുന്ന പ്രവൃത്തികളും നടപ്പിലാക്കിവരുന്നു.

**പെരുമാൾമുടി കുന്നിൽ തമിഴ്നാടിന്റെ വനം കയ്യേറ്റം**

125 (952) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി - അഗളി ഫോറസ്റ്റ് റെയ്ഞ്ചിന് കീഴിലുള്ള മൂലങ്കൽ പെരുമാൾമുടി കുന്നിൽ തമിഴ്നാട് കേരള വനഭൂമി കയ്യേറിയെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ണാർക്കാട് ഡിവിഷനിലെ അഗളി റെയ്ഞ്ചിൽപ്പെടുന്ന ഷോളയൂർ സ്റ്റേഷനിലെ വി.എഫ്.സി. ഐറ്റം നമ്പർ 98.100 വരടിമല മലവാരത്തിന്റെ അതിർത്തിയായി വരുന്നതും തമിഴ്നാട് സംസ്ഥാനത്തിന്റെ കോയമ്പത്തൂർ ഡിവിഷനിൽ ഉൾപ്പെട്ടതുമായ പ്രദേശമാണ് മൂലങ്കൽ പെരുമാൾമുടി കുന്ന്. ഷോളയൂർ ഫോറസ്റ്റ് സ്റ്റേഷനിൽ ഭവാനീ ടീ പ്രൊഡ്യൂസസ് കമ്പനിക്ക് മുകളിലായി സ്ഥിതിചെയ്യുന്ന വരടിമലയുടെ തമിഴ്നാടിനോട് ചേർന്ന ഭാഗം സംബന്ധിച്ചാണ് ഇത്തരം വാർത്ത വന്നിട്ടുള്ളത്. ഈ മലവാരം ഡി 1383/77 നമ്പരായി വിജ്ഞാപനം

ചെയ്തിട്ടുള്ള നിക്ഷിപ്ത വനത്തിൽ വരുന്നതാണ്. പിന്നീട് 4-0-1993-ൽ ഇതിനോടൊപ്പം വിട്ടുപോയ 380 ഹെക്ടർ കൂടി വരടിമല മലവാരത്തോട് കൂട്ടിച്ചേർത്തിട്ടുണ്ട്. ഈ മലവാരത്തിന്റെ കിഴക്കേ അതിർത്തി എക്സ്ക്ലൂഡഡ് ട്രാക്ട് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എക്സ്ക്ലൂഡഡ് ട്രാക്ട് എന്നതിന് നിർവചനമായി നൽകുന്നത് സർവ്വേ നടത്തിയിട്ടില്ലാത്തതും സർവ്വേ നമ്പറുകൾ നൽകപ്പെട്ടിട്ടില്ലാത്തതുമായ തർക്കം നിലനിൽക്കുന്ന സ്ഥലമായിട്ടാണ്. ഇത്തരത്തിലുള്ള എക്സ്ക്ലൂഡഡ് ട്രാക്ട് തമിഴ്നാട്ടിലും കേരളത്തിലുമായി വരടിമലയോട് ചേർന്ന അതിർത്തി പ്രദേശത്ത് ഉണ്ട്. പത്രക്കുറിപ്പിലൂടെ മേൽറിപ്പോർട്ട് കാണുകയും ഉടൻതന്നെ ഫീൽഡ് പരിശോധന നടത്തുകയും ചെയ്തപ്പോൾ പ്രഥമദൃഷ്ട്യാ ഇത്തരത്തിൽ ഒരു കയ്യേറ്റം ഉള്ളതായി കാണാൻ സാധിച്ചിട്ടില്ല. എന്നാൽ ഈ ഭാഗത്തെ വനാതിർത്തിയും സംസ്ഥാനാതിർത്തിയുമായി വരുന്നത് കൊടങ്കരപ്പള്ളം നദിയാണ്. ഈ നദി 1963-ലെ വെള്ളപ്പൊക്കത്തിൽ വഴിമാറി ഒഴുകിയതായി പറയപ്പെടുന്നു. ഈ നദി പിന്നീട് വഴിമാറി ഒഴുകിയ ഭാഗം സംസ്ഥാനാതിർത്തിയായി കണ്ട് തെറ്റായ ബൗണ്ടറി ഡിമാർക്കേഷൻ തമിഴ്നാട് നടത്തിയതായി ആരോപണമുണ്ട്. ആയതിനാൽ ഇപ്പോഴത്തെ കേരളാ വനാതിർത്തി വരടിമല മുതൽ മൂലങ്കൽ മുകൾഭാഗം വരെ ജി.പി.എസ്. റീഡിംഗ് എടുക്കുവാനും മുൻപ് കേരള സംസ്ഥാന അതിർത്തിയാണെന്ന് കരുതിയിരുന്ന സ്ഥലത്തിന്റെ ജി.പി.എസ്. റീഡിംഗും എടുത്ത് സ്കെച്ചിൽ കൃത്യമായി പരിശോധന നടത്തി ഗ്രഗിൾ മാപ്പിൽ സൂപ്പർ ഇംപോസ് ചെയ്ത് പരിശോധിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഈ അടുത്ത കാലത്തൊന്നുംതന്നെ തമിഴ്നാട് കയ്യേറ്റങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോന്നി ഫയർസ്റ്റേഷന് വനം വകുപ്പിന്റെ സ്ഥലം**

126 (953) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണത്തിൽ വനം വകുപ്പിന്റെ കൈവശമുള്ള 40 സെന്റ് സ്ഥലം വിട്ടുകൊടുക്കുന്നതിൽ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 1-10-2014-ൽ അന്നത്തെ വനം വകുപ്പുമന്ത്രിയുടെ ചേമ്പറിൽ കൂടിയ യോഗത്തിലും 23-5-2017-ലെ വനം വകുപ്പുമന്ത്രിയുടെ ചേമ്പറിൽ കൂടിയ യോഗത്തിലും കൈക്കൊണ്ടിട്ടുള്ള തീരുമാനം നടപ്പാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ആയത് പരിഹരിക്കുന്നതിൽ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) ഇതുസംബന്ധിച്ച നടപടികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കോന്നി ഫയർസ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സംയുക്ത സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. ഇനി യൂസർ ഏജൻസി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി-ഡി) യൂസർ ഏജൻസി അപേക്ഷ ഓൺലൈനിൽ സമർപ്പിച്ചാൽ മാത്രമേ ഈ വിഷയത്തിൽ ഇനിയും തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**ആദിവാസികൾക്ക് വനഭൂമിയിലുള്ള അവകാശം**

127 (954) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് വനഭൂമിയിലുള്ള അവകാശം സംബന്ധിച്ച് സുപ്രീം കോടതിയിൽ നിലവിലുള്ള കേസിൽ മറുപടി ഫയൽ ചെയ്യാത്തത് സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) 2006-ലെ നിയമത്തിന്റെ സാധുത ചോദ്യംചെയ്ത് വൈൽഡ് ലൈഫ് ഫസ്റ്റ് എന്ന സംഘടന നൽകിയ ഹർജിയിൽ അടിയന്തരമായി മറുപടി നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് സുപ്രീം കോടതി നിർദ്ദേശിച്ച പിഴ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിലെ ലീഗൽ സർവ്വീസസ് കമ്മിറ്റിയിലേയ്ക്ക് ഒടുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പാണ് വനാവകാശ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച നോഡൽ ഏജൻസി. ബഹു. സുപ്രീംകോടതി ആവശ്യപ്പെട്ട വിവരങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്റ്റാന്റിംഗ് കൗൺസിലിന് സമർപ്പിച്ചിട്ടുണ്ടായിരുന്നു. ആയത് അഫിഡവിറ്റ് ആയി ഫയൽ ചെയ്തതായി സ്റ്റാന്റിംഗ് കൗൺസിൽ അറിയിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് ബഹു. സുപ്രീം കോടതി നിർദ്ദേശിച്ച പിഴ ഒടുക്കിയിട്ടില്ലെന്നും ആയത് ഒഴിവാക്കുന്നതിലേയ്ക്കായി ബഹു.സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുണ്ടെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അറിയിച്ചിട്ടുണ്ട്.

**വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട കേസുകൾ**

128 (955) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി)എത്ര വനഭൂമി നിയമപരമായി വീണ്ടെടുത്തുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് 67 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 30.7555 ഹെക്ടർ വനഭൂമി നിയമപരമായി വീണ്ടെടുത്തിട്ടുണ്ട്.

**മൂന്നാർ കുറിഞ്ഞിമല കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി**

129 (956) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ വനം ഡിവിഷന്റെകീഴിൽ വരുന്ന കുറിഞ്ഞിമല സങ്കേതത്തിൽ ഉൾപ്പെട്ട വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ കയ്യേറ്റം പരിശോധിക്കുന്നതിന് സബ് കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സെറ്റിൽമെന്റ് ഓഫീസർ നടപടി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(സി) നീലക്കുറിഞ്ഞി ഉദ്യാനം സംരക്ഷിക്കുന്നതിനും അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ദേവികുളം സബ്കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) 6-10-2006-ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 36/2006/വനം പ്രകാരം കുറിഞ്ഞിമലയിൽ ഉദ്ദേശം 3,200 ഹെക്ടർ പ്രദേശം വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം

പുറപ്പെടുവിച്ചിട്ടുണ്ട്. വന്യജീവി സംരക്ഷണ നിയമ പ്രകാരമുള്ള സംരക്ഷണം ഈ സ്ഥലത്തിന് നൽകിവരുന്നുണ്ട്. കടവരി ആസ്ഥാനമായി ഫോറസ്റ്റ് സ്റ്റേഷൻ രൂപീകരിച്ച് നിർദ്ദിഷ്ട സങ്കേതത്തിനകത്തെ വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു.

**മണിയാറൻകുടി - ഉടുമ്പന്നൂർ റോഡ് പുനരുദ്ധാരണം**

130 (957) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാറൻകുടി-ഉടുമ്പന്നൂർ റോഡ് പുനരുദ്ധാരണം സംബന്ധിച്ച് അങ്ങയുടെ അധ്യക്ഷതയിൽ 25-5-2017-ൽ കൂടിയ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ ഒരു വർഷം കഴിഞ്ഞിട്ടും നടപ്പാക്കാൻ കഴിഞ്ഞില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ ജോലികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 25-5-2017-ൽ ബഹു. വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു:

1. അക്രെഡിറ്റഡ് ഏജൻസിയെക്കൊണ്ട് വനം വകുപ്പിന്റെ മേൽനോട്ടത്തിൽ എത്രയുംപെട്ടെന്ന് പ്രസ്തുത മണിയാറൻകുടി-ഉടുമ്പന്നൂർ റോഡ് പുനരുദ്ധാരണം നടത്തണം.

2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോതമംഗലത്തിന് അതിനായി കോട്ടയം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ സഹായം നൽകണം.

3. ടാറിംഗ് ഉൾപ്പെടെ ബ്ലാക്ക് ടോപ്പിംഗ് ആവശ്യമില്ല. മറ്റ് തരത്തിൽ കോൺക്രീറ്റ്, ഇന്റർലോക്ക്, ബ്രിക്സ് മുതലായവ ഉപയോഗിച്ച് പണി നടത്തണം.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 25-5-2017-ൽ നടന്ന യോഗത്തിൽ അക്രെഡിറ്റഡ് ഏജൻസിയെക്കൊണ്ട് വനം വകുപ്പിന്റെ മേൽനോട്ടത്തിൽ റോഡ് പുനരുദ്ധാരണം നടത്തുവാനാണ് തീരുമാനമായത്. അതുപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിന് കോട്ടയം (ഹൈറേഞ്ച് സർക്കിൾ) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കും കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 28-10-2017-ലെ GO (Rt.) 412/2017/വനം നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത റോഡിന്റെ പുനരുദ്ധാരണം എഫ്.ഡി.എ മുഖാന്തരം ചെയ്യുന്നതിന് ഉത്തരവായിരുന്നു.

എഫ്.ഡി.എ. മുഖേന ടി പ്രവൃത്തികൾ ചെയ്യുന്നതിന് എഫ്.ഡി.എ.-യുടെ ജനറൽ ബോഡിയുടെ അനുമതി ആവശ്യമാണ്. എഫ്.ഡി.എ.-യുടെ ജനറൽബോഡി മീറ്റിംഗ് 11-6-2018-ന് നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ ടി വിഷയം ചർച്ച ചെയ്ത് തുടർ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(സി) ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാവുകൾ സംരക്ഷിക്കുന്നതിന് ധനസഹായം**

131 (958) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലുള്ള കാവുകൾ സംരക്ഷിക്കുന്നതിനായി 2014 ജനുവരി മുതൽ 2018 ജനുവരി വരെയുള്ള കാലയളവിൽ വനം വകുപ്പ് എത്ര കാവുകൾക്ക് ധനസഹായം നൽകിയെന്ന് വ്യക്തമാക്കാമോ; ഓരോ കാവിനും നൽകിയ തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) കാവ്, കുളം എന്നിവ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും പദ്ധതി പ്രകാരമുള്ള ധനസഹായം എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാവുകൾ സംരക്ഷിക്കുന്നതിന് ധനസഹായം നൽകുന്നത് നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, ജില്ലാടിസ്ഥാനത്തിലാണ്. 2014 ജനുവരി മുതൽ 2018 ജനുവരി വരെയുള്ള കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ ധനസഹായത്തിനായി തെരഞ്ഞെടുത്ത കാവുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് പരമാവധി ഇരുപതിനായിരം രൂപ വരെ ധനസഹായം നൽകാറുണ്ട്.

**സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനായി നടപ്പാക്കിയ പദ്ധതികൾ**

132 (959) ശ്രീ. പി. വി. അൻവർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വനാതിർത്തികൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കാട്ടുതീ പടർന്നുപിടിച്ചാൽ അത് ഉപഗ്രഹ സഹായത്താൽ കണ്ടുപിടിക്കാൻ സാധിക്കുന്ന ഫോറസ്റ്റ് ഫയർ അലെർട്ട് സംവിധാനം നടപ്പിലായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രധാന വെല്ലുവിളിയായ ആശയവിനിമയ സംവിധാനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് ഡിജിറ്റൽ വയർലെസ്സ് കമ്മ്യൂണിക്കേഷൻ നെറ്റ്വർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഫോറസ്റ്റ് ലാൻഡ് ആൻഡ് റിസോഴ്സസ് വിഭാഗത്തിനുകീഴിൽ വനസംരക്ഷണത്തിനും വനപരിപാലനത്തിനുമായി ചുവടെ പറയുന്ന പ്രവൃത്തികൾ ചെയ്തുവരുന്നു:

- വനാതിർത്തി സർവ്വേയും ജണ്ട നിർമ്മാണവും.
- പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ/പുറമ്പോക്കുകൾ തുടങ്ങിയ സ്ഥലങ്ങളും റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ.
- കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ.
- പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ.
- ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്.
- വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റെക്കാർഡ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടികൾ.
- വനം കയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പു വരുത്തൽ.
- വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വനവിഭവങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണം.
- നൂതന സാങ്കേതികവിദ്യകളുടെ സഹായത്തോടെ മറയൂർ ചന്ദന ഡിപ്പോയുടെ സംരക്ഷണം.

(ബി) അതിർത്തി സംരക്ഷിക്കുന്നതിന്റെ ഭാഗമായി വനാതിർത്തികളിൽ സ്ഥിരം ജണ്ടകൾ/കയ്യാലകൾ നിർമ്മിച്ചുവരുന്നു. അപ്രകാരം 2016-17-ൽ 12500 ജണ്ടകൾ നിർമ്മിച്ചു. 2017-18 വർഷത്തിൽ 31-3-2018 വരെ 14416-ഓളം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. വനാതിർത്തികൾ വേർതിരിക്കുന്ന ശ്രമകരമായ ജോലിക്കായി സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെ സേവനം ആവശ്യത്തിന് ലഭ്യമല്ലാത്തതിലൂടെ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിലേയ്ക്കായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ 30 പേർ വീതം അടങ്ങുന്ന വിവിധ ബാച്ചുകളിലായി സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് ആൻഡ് ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തിവരുന്നു. നാളിതുവരെ 5 ബാച്ചിലായി 150 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുള്ളതും 6-ാമത് ബാച്ചിന്റെ പരിശീലനം നടന്നുവരുന്നതുമാണ്.

കൂടാതെ 4-4-2016-ലെ GO (P) No.290/16/RD പ്രകാരം കേരള സർവ്വേ & ബൗണ്ടറീസ് റൂൾസ് - 1964, റൂൾ-101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നടപ്പിലാക്കിയിട്ടുണ്ട്. കാട്ടുതീ നിയന്ത്രിക്കുന്നതിന് വനപാലകർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനോടൊപ്പം കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ അത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യാഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലെർട്ട് സംവിധാനം ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡൻമാരും റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തിവരുന്നു.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനംവകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ച് വരുന്നു. ഇതിനുപുറമേ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും

അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.

(ഡി) ഡിജിറ്റൽ വയർലെസ്സ് വാർത്താ വിനിമയ ആവശ്യത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ വിളിച്ചിട്ടുണ്ട്. നടപടികൾ ആദ്യഘട്ടത്തിലാണ്.

**ഗ്രീൻ ഇന്ത്യ മിഷൻ പ്രവർത്തനങ്ങൾ**

133 (960) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി - വനസംരക്ഷണത്തിന്റെ ഭാഗമായി ഗ്രീൻ ഇന്ത്യ മിഷൻ കേരളത്തിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിനായി പദ്ധതി പ്രദേശത്തെ തെരഞ്ഞെടുക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ;

(സി) പദ്ധതി നടപ്പിലാക്കുന്ന രീതിയെ സംബന്ധിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാലാവസ്ഥ വ്യതിയാനംമൂലം പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം ലഘൂകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ 5 ഉപദൗത്യങ്ങളായി ക്രമീകരിച്ച് നടപ്പാക്കിവരുന്നു. നിലവിലുള്ള വനങ്ങളുടെ സംരക്ഷണം, സാന്ദ്രത മെച്ചപ്പെടുത്തൽ, നീർച്ചാലുകളുടെ സംരക്ഷണം, നീർമ്മറി പ്രദേശങ്ങളുടെ മണ്ണ്-ജല സംരക്ഷണം, മണ്ണൊലിപ്പ് നിയന്ത്രണം എന്നിവയും വനങ്ങൾക്കുപുറത്തുള്ള വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ഉപയുക്തമാകത്തക്കവിധത്തിൽ തൈകളുടെ ഉത്പാദനം, വിതരണം, ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി പുനരുപയോഗക്ഷമമായ പകരം ഇന്ധന ഉപയോഗം പ്രോത്സാഹിപ്പിക്കൽ, ഉല്പാദനക്ഷമതയുള്ള കാലി വളർത്തൽ പ്രോത്സാഹനം, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുക, കള നിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം, ഗള്ളിപ്ലഗ്ഗിങ്, മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവ ഈ പദ്ധതിയിലെ പ്രവർത്തനങ്ങളാണ്.

(ബി) ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി ഒരു നീർത്തടാധിഷ്ഠിത പദ്ധതിയാണ്. സമഗ്ര ഭൂപ്രദേശാധിഷ്ഠിത (landscape) മേഖലകളെ അതിവിസ്തൃത ഭൂപ്രദേശം (L1), സംഘടനാ തലം (L2- operational level) പ്രവർത്തി തലം (L3-Working unit)

എന്നിങ്ങനെ മൂന്നുതലങ്ങളായി വിഭജിച്ചാണ് പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. ആദ്യമായി പാരിസ്ഥിതിക-സാമൂഹ്യ-സാമ്പത്തിക പരിഗണനയുടെ അടിസ്ഥാനത്തിൽ നദീതടങ്ങൾ, വിസ്തൃത ഭൗമ-ജൈവ മേഖലകൾ എന്നിങ്ങനെ വളരെ വിസ്തൃത ഭൂപ്രദേശങ്ങളിൽ L1 തലത്തിൽ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. രണ്ടാമതായി വനസാന്ദ്രത, വൃക്ഷാവരണം, കാലാവസ്ഥ വ്യതിയാനംമൂലമുള്ള അനന്തര ഫലങ്ങൾ വനമേഖലയെ ദോഷകരമായി ബാധിക്കാനുള്ള സാധ്യത, ജൈവ വൈവിദ്ധ്യ സമ്പന്നത തുടങ്ങിയ ഘടകങ്ങളെ വിലയിരുത്തി L2 തലത്തിൽ പദ്ധതി പ്രദേശങ്ങളെ തെരഞ്ഞെടുക്കുന്നു. അവസാനമായി L3 തലത്തിനുള്ളിൽ വരുന്ന സൂക്ഷ്മ നീർത്തടങ്ങളെ അധിഷ്ഠിതമാക്കി വന മേഖലയെയും വനേതര മേഖലയെയും തെരഞ്ഞെടുത്തു ഗ്രീൻ ഇന്ത്യ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു മൈക്രോപ്ലാൻ തയ്യാറാക്കി അംഗീകരിച്ച് പ്രാദേശിക ജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നു.

(സി) ഗ്രീൻ ഇന്ത്യ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഉൾപ്പെടെ 36 വനം ഡിവിഷനുകൾക്കുകീഴിൽ വരുന്ന പ്രദേശങ്ങളിൽ പ്രാദേശിക പങ്കാളിത്ത പഠന പരിപാടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന മൈക്രോ പ്ലാനുകളും വാർഷിക പദ്ധതികളും FDA തലത്തിൽ സംയോജിപ്പിച്ച് അംഗീകരിച്ച് പദ്ധതി നടപ്പാക്കുന്നു. സാമൂഹ്യ വനവത്ക്കരണ വിഭാഗത്തിലെ 14 ഡിവിഷനുകൾ കേന്ദ്രീകരിച്ച് പുതുതായി രൂപീകരിച്ച ഗ്രാമ ഹരിത സമിതികളും പദ്ധതി നടത്തിപ്പിൽ പങ്കാളികളാണ്. ഓരോ വനവികാസ ഏജൻസിയും പദ്ധതി നടത്തിപ്പിനായി പ്രത്യേകം സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നു.

**ബൈപ്പാസിനുവേണ്ടി മുറിച്ചുമാറ്റിയവയ്ക്ക് പകരം മരങ്ങൾ**

134 (961) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-മുക്കോല ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് മരങ്ങൾ മുറിച്ചുമാറ്റിയതിന് പകരമായി എത്ര മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനാണ് തീരുമാനം എടുത്തിട്ടുള്ളതെന്നും എത്ര മരങ്ങൾ വച്ചുപിടിപ്പിച്ചുവെന്നും അറിയിക്കുമോ;

(ബി) വിഴിഞ്ഞം നിർമ്മാണ പദ്ധതി പ്രദേശത്ത് മുറിക്കുന്ന മരങ്ങൾക്ക് പകരം വൃക്ഷത്തൈ വച്ചുപിടിപ്പിക്കുവാൻ വനം വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് പ്രസ്തുത മരങ്ങൾ വച്ച് പിടിപ്പിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ബൈപ്പാസ് നിർമ്മാണത്തിനുവേണ്ടി മുറിച്ച മരങ്ങൾക്ക് പകരം മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള സ്ഥലത്ത് തന്നെയാണോ പ്രസ്തുത മരങ്ങളും നടുന്നത് എന്ന് വ്യക്തമാക്കുമോ;?

ഉത്തരം

(എ) കഴക്കൂട്ടം-മുക്കോല ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് മുറിച്ചു മാറ്റിയ മരങ്ങൾക്കുപകരമായി കഴക്കൂട്ടം സൈനിക സ്കൂൾ കോമ്പൗണ്ടിൽ 32000 വൃക്ഷത്തൈകളും ഗ്രീൻ ഫീൽഡ് സ്റ്റേഡിയം ഭാഗത്ത് 2000 വൃക്ഷത്തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(ബി) വിഴിഞ്ഞം തുറമുഖ നിർമാണവുമായി ബന്ധപ്പെട്ട് മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് പകരമായി കഴക്കൂട്ടം സൈനിക സ്കൂൾ കോമ്പൗണ്ടിൽ 16840 വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കാനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ബൈപ്പാസ് നിർമ്മാണത്തിനുവേണ്ടി മുറിച്ച മരങ്ങൾക്ക് പകരം മരങ്ങൾ വച്ചുപിടിപ്പിച്ചതിനുശേഷം കഴക്കൂട്ടം സൈനിക സ്കൂളിൽ കൂടുതലായി ലഭ്യമായ സ്ഥലത്താണ് വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് മുറിച്ചുമാറ്റിയ മരങ്ങൾക്ക് പകരമായി 16840 വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

**സോഷ്യൽ ഫോറസ്ട്രി വിഭാഗം**

135 (962) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഇടങ്ങളിൽനിന്ന് സോഷ്യൽ ഫോറസ്ട്രി വിഭാഗം ഏറ്റെടുക്കുന്ന നാട്ടാനക്കൊമ്പുകൾ നിലവിൽ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) അവ സൂക്ഷിക്കുന്നതിന് ഏതെങ്കിലും ഏകീകൃത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽനിന്ന് സോഷ്യൽ ഫോറസ്ട്രി വിഭാഗം ഏറ്റെടുക്കുന്ന നാട്ടാനക്കൊമ്പുകൾ നിലവിൽ തിരുവനന്തപുരത്തുള്ള ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സ്ട്രോംഗ്റൂമിലും മറയൂർ സാൻഡൽ ഡിവിഷനിലെ സ്ട്രോംഗ്റൂമിലും അതത് ജില്ലകളിലെ ട്രഷറി ഓഫീസുകളിലും സൂക്ഷിച്ചുവരുന്നു.

(ബി) അവ സൂക്ഷിക്കുന്നതിന് ഏകീകൃത സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

**സോഷ്യൽ ഫോറസ്ട്രി പ്രവർത്തനങ്ങൾ**

136 (963) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ജില്ലകളിൽ സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി വനവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്; ഏതൊക്കെ രീതിയിൽ എന്ന് വ്യക്തമാക്കുമോ;

(ബി) സോഷ്യൽ ഫോറസ്ട്രിയ്ക്കുവേണ്ടി കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ കഴിഞ്ഞ 2 വർഷം എത്ര തുക ലഭിച്ചിട്ടുണ്ട്; ജില്ലതിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും വനവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ, മതസംഘടനകൾ, എൻ.ജി.ഒ.-കൾ, രാഷ്ട്രീയ പാർട്ടികളുടെ സംഘടനകൾ, യുവജന സംഘടനകൾ, റെസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവയ്ക്ക് ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. വഴിയോരത്തണൽ പദ്ധതി പ്രകാരം പാതയോരങ്ങളിൽ മറ്റ് സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് പൊതുസ്ഥലത്തും കുട്ടിവനം, ജൈവവൈവിധ്യ ഉദ്യാനം എന്നിവ നിർമ്മിക്കുന്നതിനായി വിവിധയിനം വൃക്ഷത്തൈകൾ നൽകിവരുന്നു. തീരവനം, പുഴതീര വനവൽക്കരണം പദ്ധതികളിലൂടെ കടലോരം, പുഴവക്ക് എന്നിവിടങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുക, കായലോരങ്ങളിലും മറ്റ് അനുയോജ്യസ്ഥലങ്ങളിലും കണ്ടൽ വനവൽക്കരണം നടത്തുക, നഗര പ്രദേശങ്ങളിൽ അർബൻ ഫോറസ്ട്രി പദ്ധതി, ഔഷധ തോട്ടം, നക്ഷത്ര വനം, പൂമ്പാറ്റത്തോട്ടം എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ തൈകളും സാങ്കേതിക സഹായങ്ങളും നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം ചെയ്തുവരുന്നു.

(ബി) സോഷ്യൽ ഫോറസ്ട്രിക്കുവേണ്ടി കേന്ദ്രസർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ട്. കേന്ദ്രസർക്കാരിൽനിന്നും കഴിഞ്ഞ രണ്ട് വർഷം സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് ലഭിച്ച ധനസഹായത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | വർഷം (ലഭിച്ച തുക) | |
|---|---|---|---|
| | | 2016-17 | 2017-18 |
| 1 | തിരുവനന്തപുരം | - | 2,00,000 |
| 2 | കൊല്ലം | - | 2,00,000 |
| 3 | പത്തനംതിട്ട | - | 2,00,000 |
| 4 | ആലപ്പുഴ | - | 47,29,800 |
| 5 | കോട്ടയം | - | 41,30,000 |
| 6 | എറണാകുളം | 4,98,000 | 37,76,000 |
| 7 | തൃശ്ശൂർ | - | 21,81,600 |
| 8 | കോഴിക്കോട് | - | 15,00,000 |
| 9 | മലപ്പുറം | - | 15,38,000 |
| 10 | വയനാട് | - | 12,00,000 |
| 11 | കണ്ണൂർ | - | 23,00,000 |
| 12 | കാസർഗോഡ് | - | 17,00,000 |

**പൊതുസ്ഥലങ്ങളിലെ മരം മുറിക്കുന്നതിനുള്ള നടപടികൾ**

137 (964) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അനുവാദം നൽകേണ്ടത് ആരാണെന്നും ഇതിനായുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) മുറിച്ചുമാറ്റേണ്ട മരങ്ങളുടെ വില കണക്കാക്കുന്നതിന്റെ അടിസ്ഥാനമെന്താണ്; ഇങ്ങനെ കണക്കാക്കുന്ന തുക പലപ്പോഴും മാർക്കറ്റ് വിലയേക്കാളും ഉയർന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ കണക്കാക്കുന്ന ഉയർന്ന മരവിലയും 18% ജി. എസ്. റ്റി . യും ചേർത്ത തുകയ്ക്ക് ലേലം കൈകൊള്ളാൻ ആളില്ലാത്ത സാഹചര്യത്തിൽ മരം മുറിച്ചു മാറ്റുന്നതിനുള്ള തുടർനടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) G.O(Rt.)68/2010 വനം, തീയതി 10-2-2010 പ്രകാരം രൂപീകരിച്ചിട്ടുള്ള വൃക്ഷ സമിതി ആവശ്യമായ പരിശോധന നടത്തി, ടി സമിതിയുടെ കൺവീനറായ ബന്ധപ്പെട്ട ജില്ല, സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററാണ് അനുവാദം നൽകുന്നത്.

(ബി) എൻ.ആർ.നായരുടെ വോള്യം ടേബിൾ അടിസ്ഥാനമാക്കി നില്പ് മരത്തിന്റെ തടി അളവ്, വിറക് അളവ് എന്നിവ കണക്കാക്കി നിലവിലുള്ള സീനിയറേജ് നിരക്കിൽ വില കണക്കാക്കുന്നു. ഇപ്രകാരം ശാസ്ത്രീയമായി വില നിർണ്ണയിക്കുന്നതിനാൽ ഒരിക്കൽ നിർണ്ണയിച്ച വിലയിൽ മാറ്റം വരുത്തുവാൻ സാധിക്കുന്നതല്ല. ഇപ്രകാരം നിർണ്ണയിക്കുന്ന വില പലപ്പോഴും മാർക്കറ്റ് വിലയേക്കാൾ കൂടുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അത്തരം സാഹചര്യങ്ങളിൽ പുനർലേലം നടത്തിയാലും മെച്ചപ്പെട്ട വില ലഭിക്കില്ല എന്ന് ബോദ്ധ്യമാകുമ്പോൾ, സർക്കാർ നഷ്ടം പരമാവധി ഒഴിവാക്കി, ലഭ്യമായ ഏറ്റവുമുയർന്ന തുകയ്ക്ക് ലേലം നടത്തുവാൻ ലേലാധികാരിയായ ഉദ്യോഗസ്ഥന് നടപടി സ്വീകരിക്കാവുന്നതും പ്രസ്തുത വിവരം ലേല രജിസ്റ്ററിൽ/മഹസ്സറിൽ വ്യക്തമായി രേഖപ്പെടുത്തി, മേലധികാരികളിൽനിന്ന് സാധൂകരണം തേടാവുന്നതുമാണ്.

**കേരള വനം വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ**

138 (965) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിലുള്ള കേരള വനം വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി ആരെയാണ് നിയമിച്ചിട്ടുള്ളത്;

(ബി) ചീഫ് കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥന് പകരം ഡെപ്യൂട്ടി കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ മാനേജിംഗ് ഡയറക്ടറായി നിയമിച്ച നടപടി കേരള ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ടോ;

(സി) നിയമനം കോടതി റദ്ദാക്കിയ ശേഷവും മാനേജിംഗ് ഡയറക്ടർ സ്ഥാനത്ത് നിലവിലുള്ള വ്യക്തി തുടരുന്നത് എന്തുകൊണ്ടാണ്; വിശദമാക്കാമോ;

(ഡി) നിയമവിരുദ്ധമായി നിയമനം നേടിയ വ്യക്തിയെ മാനേജിംഗ് ഡയറക്ടർ സ്ഥാനത്ത് നിന്നും പുറത്താക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. പി. ആർ. സുരേഷ്, ഐ.എഫ്.എസ്.-നെയാണ് നിയമിച്ചിട്ടുള്ളത്.

(ബി) ശ്രീ. പി. ആർ. സുരേഷ്- നെ മാനേജിംഗ് ഡയറക്ടറായി നിയമിച്ച നടപടി കേരള ഹൈക്കോടതി റദ്ദുചെയ്തിട്ടില്ല.

(സി&ഡി) ) ഉത്തരം (ബി) യുടെ വെളിച്ചത്തിൽ ബാധകമല്ല.

**വന സംരക്ഷണ സമിതി പ്രവർത്തകരുടെ വേതനം**

139 (966) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന വനസംരക്ഷണ സമിതി പ്രവർത്തകരുടെ വേതനം പുതുക്കി നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഉത്തരവിറക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ;

(സി) പുതുതായി നിശ്ചയിക്കുന്ന കൂലി നിരക്കുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കോ ടൂറിസം മേഖലകൾ, വന സംരക്ഷണ സമിതി (VSS)/ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC) കളുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. ഇവിടെ നിയോഗിച്ചിട്ടുള്ള ഗൈഡുകൾക്ക് പ്രതിഫലം നൽകുന്നതും VSS/EDC-കൾ ആണ്. ഓരോ സമിതിക്കും ഇക്കോ ടൂറിസത്തിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമിതികളാണ് ഇവർക്കുള്ള പ്രതിഫലം നിശ്ചയിക്കുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ ഏകീകൃത പ്രതിഫല നിരക്ക് നിശ്ചയിക്കാനാവില്ല. VSS/EDC-കളുടെ വരുമാന പരിധിയിൽനിന്നുകൊണ്ട് പരമാവധി പ്രതിഫലം നൽകാൻ VSS/EDC-കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിലവിൽ VSS/EDC എന്നിവിടങ്ങളിൽ നൽകിക്കൊണ്ടിരുന്ന ദിവസവേതനം 100 രൂപ പ്രതിദിനം എന്ന കണക്കിൽ വർദ്ധിപ്പിച്ചുനൽകാൻ ഇതുമായി ബന്ധപ്പെട്ട യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുള്ളതും അതുപ്രകാരം നടപ്പിലാക്കിവരികയുമാണ്.

(സി) ബാധകമല്ല.

**വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ സുരക്ഷയ്ക്ക് നടപടി**

140 (967) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിലെ മാവോയിസ്റ്റ് വെടിവയ്പിനുശേഷം വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ സുരക്ഷയ്ക്കായി എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) വന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ് നൽകുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) മറയൂർ സാൻഡൽ ഡിവിഷന്റെകീഴിലുള്ള വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് മേധാവിയുടെ ചേംബറിൽ 20-11-2017-ന് വനം വകുപ്പുദ്യോഗസ്ഥരുമൊത്ത് യോഗം നടത്തുകയും പ്രസ്തുത യോഗത്തിൽ പോലീസ് സഹായം ആവശ്യമുള്ള സ്റ്റേഷനുകൾ, പോലീസുകാരുടെ എണ്ണം, ആവശ്യമായി വരുന്ന ആയുധങ്ങൾ എന്നിവയുടെ കണക്ക് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിയെ അറിയിക്കേണ്ടതാണെന്നും കൂടാതെ മാവോയിസ്റ്റ് ആക്രമണമുണ്ടായ പ്രദേശങ്ങളിലെ ജില്ലാ പോലീസ് മേധാവികൾ ഓരോ നാലുമണിക്കൂറിലും പ്രസ്തുത സ്ഥലങ്ങളിലെ തൽസ്ഥിതി റിപ്പോർട്ട് ചെയ്യണമെന്നും ഓരോ ജില്ലയിലെയും ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഓരോ സ്റ്റേഷനിലെയും തൽസ്ഥിതി റിപ്പോർട്ട് ശേഖരിച്ച് ഏതെങ്കിലും തരത്തിലുള്ള മാവോയിസ്റ്റ് ഇടപെടലുണ്ടോയെന്ന് പരിശോധിക്കേണ്ടതിനും വയർലെസ് സംവിധാനം പോലീസ് വിഭാഗവുമായി ബന്ധപ്പെടുത്തുന്നതിനും മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിൽ പോലീസുമായി ചേർന്ന് പട്രോളിംഗ് നടത്തുന്നതിനും മാവോയിസ്റ്റ് ഭീഷണി വരുന്ന സാഹചര്യത്തിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥരുടെ സഹായം ഏതുവിധേനയും ആവശ്യപ്പെടാവുന്നതാണെന്നും യോഗത്തിൽ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

വനസംരക്ഷണത്തിന്റെയും മാവോയിസ്റ്റ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കുമായി കേരളത്തിന്റെ വിവിധ വന ഭാഗങ്ങളിലായി പുതിയ 10 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നതിന് ഉത്തരവായിട്ടുള്ളതും അതനുസരിച്ച് സ്റ്റേഷൻ നിർമ്മാണം അവസാനഘട്ടത്തിലുമാണ്.

(ബി) വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് പൊതുഅവധി ദിവസങ്ങളിൽ ജോലി നോക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടി ഓഫ് നൽകിവരുന്നുണ്ട്.

(സി) മറയൂർ സാൻഡൽ ഡിവിഷനിലെ വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ് നൽകുന്നുണ്ട്.

## ആദിവാസികൾക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി പ്രത്യേക നിയമനം

141 (968) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാശ്രിതരായ ആദിവാസി വിഭാഗത്തിൽപ്പെടുന്നവർക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി പ്രത്യേക നിയമനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എത്രപേർക്കാണ് ഇപ്രകാരം നിയമനം നൽകുന്നതെന്നും എന്നത്തേക്ക് നിയമനം നൽകാനാകുമെന്നും അറിയിക്കുമോ?

ഉത്തരം

(എ&ബി) വനാശ്രിതരായ ആദിവാസി വിഭാഗത്തിൽപ്പെടുന്നവർക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി പ്രത്യേക നിയമനം നൽകുന്നതിന് തീരുമാനിച്ചിട്ടില്ല. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## വനശ്രീ മണൽ വിൽപ്പന

142 (969) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനശ്രീ മണൽ വിൽപ്പനയിൽ 2017 മുതൽ 2018 ഏപ്രിൽ വരെ ലഭിച്ച വരവ് എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര അളവ് മണലാണ് ഈ കാലയളവിൽ ഖനനം ചെയ്ത് വില്പന നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത മണൽ വില്പനയിൽ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ കുളത്തുപ്പുഴ വനശ്രീ മണൽ ഡിപ്പോയിൽനിന്നും 2017 വർഷം മുതൽ 2018 ഏപ്രിൽ വരെ മണൽ വിൽപ്പന നടത്തിയിട്ടില്ല.

(ബി) ഇക്കാലയളവിൽ മണൽ ഖനനത്തിന് പാരിസ്ഥിതികാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 1794 $m^3$ (3588 മെട്രിക് ടൺ) മണൽ ഖനനം ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ വില നിർണ്ണയം പൂർത്തിയാകാത്തതിനാൽ മണൽ വിപണനം നടത്തുവാൻ കഴിഞ്ഞിരുന്നില്ല.

(സി) മണൽ വിതരണത്തിന് അപേക്ഷകൾ സ്വീകരിക്കുന്നത് പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്. കൊല്ലം ജില്ല, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്ക് എന്നിവിടങ്ങളിലെ ഉപഭോക്താക്കൾക്ക് മാത്രമായി മണൽ വിതരണം പരിമിതപ്പെടുത്തി $1m^3$ മുതൽ $10m^3$ വരെ മണലാണ് ഉപഭോക്താക്കൾക്കായി വിതരണം ചെയ്യുന്നത്. ആയതിലേയ്ക്ക് ഉപഭോക്താക്കൾ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും വാങ്ങിയ കെട്ടിട നിർമ്മാണ അനുമതി, വീടിന്റെ അഗീകൃത പ്ലാൻ, എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ മണലിന്റെ ആവശ്യകത സർട്ടിഫിക്കറ്റ്, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് എന്നിവ ഓൺലൈനായി അപ്ലോഡ് ചെയ്ത് വേണം അപേക്ഷ സമർപ്പിക്കേണ്ടത്. ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ സ്കീമുകൾ വഴി വീട് ലഭിച്ച ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ലോഡിന് 12,425 രൂപ നിരക്കിലും എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ലോഡിന് 22,225 രൂപ നിരക്കുമാണ് നിശ്ചയിച്ചിട്ടുള്ളത്. മണൽ വിതരണം ഉടമസ്ഥന്റെ/ ഉപഭോക്താവിന്റെ റേഷൻ കാർഡിൽ പതിച്ചു നൽകണമെന്ന നിബന്ധനയും ഉത്തരവിലുണ്ട്.

## സൃഷ്ടി സ്കോളർഷിപ്പ്

143 (970) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് നൽകിവരുന്ന സൃഷ്ടി സ്കോളർഷിപ്പ് ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇടുക്കി നിയോജകമണ്ഡലത്തിൽനിന്നും സൃഷ്ടി സ്കോളർഷിപ്പിന് വേണ്ടിയുള്ള അപേക്ഷ പരിഗണിക്കപ്പെടാതെ പോയതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ അദ്ധ്യയന വർഷം മുതൽ പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കുന്നതിനായി മുൻകൂട്ടി അറിയിപ്പ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആദിവാസികൾ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗ വിഭാഗക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ ഒരു പെൺകുട്ടിക്ക് ഉന്നത വിദ്യാഭ്യാസത്തിനായുള്ള ധനസഹായത്തിനായിട്ടാണ് സൃഷ്ടി സ്കോളർഷിപ്പ്

ഏർപ്പെടുത്തിയിട്ടുള്ളത്. ഒരുവർഷം 15,000 രൂപ(പതിനയ്യായിരംരൂപ)യാണ് സ്കോളർഷിപ്പ് തുകയായി നൽകുന്നത്. വനവികസന ഏജൻസികളുടെ നേതൃത്വത്തിൽ വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ പ്രസിഡന്റ്/ സെക്രട്ടറി എന്നിവർ വഴി വനത്തിനുള്ളിലെ പട്ടികവർഗ്ഗ കോളനികളിൽ വിപുലമായ പരസ്യം നൽകിയാണ് അർഹരായവരിൽനിന്നും അപേക്ഷകൾ സ്വീകരിക്കുന്നത്. ഇങ്ങനെ സ്വീകരിക്കുന്ന അപേക്ഷകൾ സംസ്ഥാന വനവികസന ഏജൻസി ചെയർമാൻ അദ്ധ്യക്ഷനായും ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഇ&റ്റി.ഡബ്ല്യു.) മെമ്പർ സെക്രട്ടറിയായും, ഒരു എൻ.ജി.ഒ., സോഷ്യാളജി/ആന്ത്രോപോളജി/ ആദിവാസി പഠനം എന്നീ ഏതെങ്കിലും മേഖലയിൽ പ്രാവീണ്യമുള്ള ഒരാൾ എന്നിവർ അംഗങ്ങളായുള്ള സൂക്ഷ്മ പരിശോധനാ കമ്മിറ്റി പരിശോധിച്ച് നിഷ്കർഷ യോഗ്യതയുള്ള ഏറ്റവും അർഹയായ ഒരു ടൈബൽ പെൺകുട്ടിയെ തെരഞ്ഞടുക്കുന്നു.

(ബി) നിലവിൽ സൃഷ്ടി സ്കോളർഷിപ്പ് സംസ്ഥാനത്ത് ഒരു വിദ്യാർത്ഥിക്ക് മാത്രമേ നൽകുവാനുള്ള ഫണ്ട് നിലവിലുള്ളൂ. നിലവിലുള്ള രണ്ട് ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപത്തിന്റെ പലിശയായി ലഭിക്കുന്ന പതിനയ്യായിരം രൂപയാണ് ഒരു വിദ്യാർത്ഥിക്ക് നൽകുന്നത്. സംസ്ഥാനതലത്തിൽ ലഭിച്ച അപേക്ഷകരിൽനിന്ന് ഏറ്റവും യോഗ്യയായ ഒരാൾക്ക് മാത്രമേ സ്കോളർഷിപ്പ് നൽകിയിട്ടുള്ളൂ. സ്ഥിര നിക്ഷേപ തുക വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെ പരിഗണിക്കാവുന്നതാണ്.

(സി) നടപ്പുസാമ്പത്തികവർഷം തുകയൊന്നും ലഭ്യമായിട്ടില്ല.

(ഡി) മേൽഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

## വനശ്രീ ഉൽപ്പന്നങ്ങളുടെ വിറ്റുവരവ്

144 (971) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂൺ മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിൽ വനശ്രീ ഉൽപ്പന്നങ്ങളുടെ വിറ്റുവരവിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്നിൽ പ്രസ്തുത കാലയളവിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വനശ്രീ ഉൽപ്പന്നങ്ങളുടെ വിറ്റുവരവിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| നമ്പർ | ജില്ല | വിറ്റുവരവ് (ലക്ഷത്തിൽ ) |
|---|---|---|
| 1 | തിരുവനന്തപുരം | 257.14 |
| 2 | കൊല്ലം | 51.35 |
| 3 | പത്തനംതിട്ട | 125.32 |
| 4 | ആലപ്പുഴ | 37.73 |
| 5 | കോട്ടയം | 3.31 |
| 6 | ഇടുക്കി | 94.82 |
| 7 | എറണാകുളം | 169.53 |
| 8 | തൃശ്ശൂർ | 157.43 |
| 9 | പാലക്കാട് | 183.84 |
| 10 | മലപ്പുറം | 60.52 |
| 11 | കോഴിക്കോട് | -- |
| 12 | വയനാട് | 168.37 |
| 13 | കണ്ണൂർ | 2.98 |
| 14 | കാസർഗോഡ് | 0.57 |
| | ആകെ | 1312.91 (13.12 കോടി) |

(ബി) മലപ്പുറം ജില്ലയിലെ വളളിക്കുന്നിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ വികസന പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല

**റെയിൽ ഫെൻസിംഗ്**

145 (972) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗശല്യം തടയുന്നതിന് മാനന്തവാടി മുനിസിപ്പാലിറ്റിയിലെ പയ്യമ്പള്ളി-കൂടൽകടവ് മേഖലയിൽ റെയിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമായി എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ ധനസഹായം കിഫ്ബിയിൽ നിന്നാണോ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കിഫ്ബി ഡയറക്ടർ ബോർഡ് റെയിൽ ഫെൻസിംഗ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി ടെക്നിക്കൽ സാങ്ഷൻ ലഭിക്കുന്നതിനുള്ള നടപടികളും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഇതിന്റെ ധനസഹായം കിഫ്ബിയിൽ നിന്നാണ് ലഭ്യമാക്കുന്നത്.

(ഡി) കിഫ്ബി ഡയറക്ടർ ബോർഡ് പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

**കാട്ടുതീ**

146 (973) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017, 2018 വർഷങ്ങളിൽ ഏതൊക്കെ സ്ഥലങ്ങളിൽ കാട്ടുതീയുണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(ബി) കാട്ടുതീ കാരണം മേൽപ്പറഞ്ഞ വർഷങ്ങളിൽ എത്ര ഹെക്ടർ വനം കത്തിനശിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2017-ൽ 2994.18 ഹെക്ടർ വനത്തിലും 2018-ൽ 1028.41 ഹെക്ടർ വനത്തിലും കാട്ടുതീ ഉണ്ടായിട്ടുണ്ട്.

**വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ അതിർത്തി നിർണ്ണയം**

147 (974) ശ്രീ. പി. കെ. ബഷീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ അതിർത്തി നിർണ്ണയിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ തമ്മിൽ സംയുക്ത വെരിഫിക്കേഷൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടത്തി ജണ്ടകെട്ടി വേർതിരിക്കാത്തതുമൂലം പല വില്ലേജുകളിലും കരം സ്വീകരിക്കുന്നില്ല എന്നതും പലയിടങ്ങളിലും പട്ടയം നല്കാൻ തടസ്സമാകുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിഹരിക്കുന്നതിനായി ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ഡീമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത മൊഡ്യൂൾ അടിസ്ഥാനമാക്കി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; സംസ്ഥാനത്ത് പ്രസ്തുത പ്രശ്നങ്ങൾ ഏതെല്ലാം പ്രദേശങ്ങളിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തയ്യാറാക്കിയിട്ടുണ്ട്. ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിലേയ്ക്കായി എല്ലാ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻമാരും മാസംതോറും നിർമ്മിച്ച ജണ്ടകളുടെ എണ്ണം ഓരോ മാസത്തേയും അവസാന പ്രവൃത്തി ദിവസം 'ഡീമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് മൊഡ്യൂൾ'-ൽ രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം ടി പ്രവൃത്തി ചെയ്യുവരുന്നുണ്ട്. സ്ഥിരം ജണ്ടകളുടെ നിർമ്മാണം വഴി വനാതിർത്തി നിർണ്ണയം ത്വരിതഗതിയിലാക്കാൻ ഈ സംവിധാനം സഹായകരമാണ്.

(സി) 'ഡീമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് മൊഡ്യൂൾ' പ്രകാരം ഓരോ ഡിവിഷൻ/റെയ്ഞ്ച് എന്നിവിടങ്ങളിലെ ജണ്ട നിർമ്മാണത്തിന്റെ പ്രവർത്തനം എല്ലാ മാസവും വിലയിരുത്തുകയും ആവശ്യമുള്ള സന്ദർഭങ്ങളിൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുകയും എത്രയുംവേഗം അവശേഷിക്കുന്ന വനാതിർത്തികളിലെ ജണ്ട നിർമ്മാണം പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. നോർത്തേൺ സർക്കിൾ, കണ്ണൂരിന്റെ പരിധിയിലെ സൗത്ത് വയനാട് ഡിവിഷൻ പരിധിയിലുള്ള പ്രദേശങ്ങളിലും ഈസ്റ്റേൺ സർക്കിളിനുകീഴിലെ പാലക്കാട് ഡിവിഷന്റെ പരിധിയിലുള്ള വാളയാർ റെയ്ഞ്ചിലെ കൊട്ടേക്കാട് മലവാരം, അകത്തേത്തറ, അകമലവാരം, പുതുശ്ശേരി എന്നീ സ്ഥലങ്ങളിലും ഒലവക്കോട് റെയ്ഞ്ചിലെ മുണ്ടൂർ, ടൗൺ സെക്ഷൻ എന്നീ സ്ഥലങ്ങളിലും ഒറ്റപ്പാലം റെയ്ഞ്ചിലെ തിരുവാഴിയോട്, പട്ടാമ്പി എന്നീ സ്ഥലങ്ങളിലും പ്രസ്തുത പ്രശ്നങ്ങൾ നിലവിലുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വന്യമൃഗങ്ങളുടെ ആക്രമണംമൂലം കാർഷിക നഷ്ടം**

148 (975) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണംമൂലം 2017-2018 കാലയളവിൽ സംഭവിച്ച കാർഷിക നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈയിനത്തിൽ നഷ്ടപരിഹാരമായി വിതരണം ചെയ്ത തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണംമൂലം 2017-18 കാലയളവിൽ 4,95,57,429 രൂപയുടെ കാർഷിക നഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഈയിനത്തിൽ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും നാളിതുവരെ 3,97,38,885 രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്.

(സി) വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കാതിരിക്കാൻ വനം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്:

- വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതിവേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.
- വനത്തിനുവെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.
- പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
- സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

- പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

- വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

- വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

- വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

- ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചുമാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ.

- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

**കിഴക്കഞ്ചേരിയിൽ വൈദ്യുതി ലഭിക്കുന്നതിന്**
**വനം വകുപ്പിന്റെ അനുമതി**

149 (976) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ ചൂരുപാറ-മണ്ണെണ്ണക്കയം-പ്രദേശത്തെ ഭവനങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനായി വനം വകുപ്പിന്റെ അനുമതി ആവശ്യപ്പെട്ട് നൽകിയ ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ;

(ബി) പ്രദേശവാസികൾക്ക് ഉടൻ വൈദ്യുതി ലഭിക്കുന്നതിന് വനം വകുപ്പിന്റെ എൻ. ഒ. സി. വൈദ്യുതി വകുപ്പിന് എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ ചൂരുപാറ-മണ്ണെണ്ണക്കയം പ്രദേശത്തെ വൈദ്യുതീകരണത്തിനായി 25-2-2017 ൽ

ലഭിച്ച FP/KL/VELEC/24341/2017 ഓൺലൈൻ അപേക്ഷ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിനായി 23-3-2017-ൽ യൂസർ ഏജൻസിക്ക്/കെ.എസ്.ഇ.ബി.-ക്ക് നൽകുകയും യൂസർ ഏജൻസി അവ പരിഹരിച്ച് തിരികെ 12-12-2017-ന് സമർപ്പിക്കുകയുമുണ്ടായി. ഹാർഡ് കോപ്പി സമർപ്പിക്കുന്നതിന് 11-1-2018-ന് നൽകിയ ഓൺലൈൻ നിർദ്ദേശപ്രകാരം യൂസർ ഏജൻസി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഡിസ്ട്രിക്ട് കളക്ടർ എന്നിവർക്ക് ഹാർഡ് കോപ്പി നൽകി കൈപ്പറ്റ് രസീത് 15-2-2018-ന് അപ്ലോഡ് ചെയ്തിട്ടുണ്ട്. പ്രൊപ്പോസലിന്മേൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ എന്നിവരുടെ നിർദ്ദിഷ്ടതല പരിശോധനകൾ നടന്നുവരുന്നു.

(ഡി) വൈദ്യുതി വകുപ്പിന് വന (സംരക്ഷണ) നിയമപ്രകാരം അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോട്ടൂർ ആന പരിപാലന കേന്ദ്രം**

150 (977) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ ആനപരിപാലന കേന്ദ്രം വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) കോട്ടൂർ ആനപരിപാലന കേന്ദ്രം വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ നിന്നും ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ എത്ര കോടി രൂപയുടെ പ്രോജക്ടാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഏത് ഏജൻസി വഴിയാണ് വിപുലീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമായി കോട്ടൂരിനെ വികസിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ ആനപരിപാലന കേന്ദ്രം വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി "State-of-the-art Elephant Rehabilitation Centre" എന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കോട്ടൂർ ആനപരിപാലന കേന്ദ്രം വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ നിന്നും ധനസഹായമായി 105 കോടി രൂപയുടെ പ്രോജക്ടാണ് സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) നെയ്യാർ-പേപ്പാറ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി മുഖേനയാണ് വിപുലീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുവാൻ M/s Habitat Technology Group & RTF Infra Private Limited, Pattom, Thiruvananthapuram (Consortium) എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

**മനുഷ്യ-വന്യജീവി സംഘർഷം**

151 (978) ശ്രീ .സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ എത്തിയാൽ ബന്ധപ്പെട്ടവരെഅറിയിക്കുന്നതിന് എസ്.എം.എസ്. വഴി മുന്നറിയിപ്പ് നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

- വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതിവേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.
- വനത്തിനുവെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.
- പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
- സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

- പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

- വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

- വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

- വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

- ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചുമാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ.

- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) ജനവാസമേഖലയിൽ ആനയോ മറ്റ് വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേയ്ക്ക് എസ്.എം.എസ്. മുഖാന്തരം അറിയിപ്പുനൽകി അപകടം കുറയ്ക്കുന്നതിനുള്ള Early Warning SMS Alert System സംസ്ഥാനത്ത് വന്യജീവി സംഘർഷം രൂക്ഷമായ വനാതിർത്തി പങ്കിടുന്ന 65 ജനവാസ മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**വന്യജീവി ആക്രമണം**

152 (979) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ നാട്ടിലിറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്നതും മനുഷ്യജീവന് അപകടം ഉണ്ടാക്കുന്നതും തടയുവാൻ വനം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ കാലയളവിൽ ആന/മാൻ/കുരങ്ങ്/മ്ലാവ്/കാട്ടുപന്നി/മുള്ളൻ പന്നി തുടങ്ങി വന്യജീവികൾ നടത്തിയ വിള നശീകരണം, വീടുനശീകരണം, മനുഷ്യർക്കെതിരെ നടത്തിയ ആക്രമണം, കൊലപ്പെടുത്തലുകൾ തുടങ്ങിയവ സംബന്ധിച്ച് എത്ര കേസുകൾ വനം വകുപ്പ് രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കുമോ;

(സി) ഓരോ കേസ്സിലുമായി എത്ര തുകയുടെ നാശനഷ്ടമുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നാശനഷ്ടത്തിന് വിധേയരായവരിൽ എത്രപേർക്ക് സഹായം നല്കി; എത്ര പേർക്ക് നല്കുവാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വന്യജീവികൾ നാട്ടിലിറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്നതും മനുഷ്യ ജീവന് അപകടം ഉണ്ടാക്കുന്നതും തടയുവാൻ വനം വകുപ്പ് മുഖേന പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

- വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതിവേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.
- വനത്തിനുവെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.
- പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
- സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.
- പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.
- വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

- വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

- വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

- ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചുമാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ.

- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) ഈ സർക്കാർ കാലയളയിൽ ആന/മാൻ/കുരങ്ങ്/മ്ലാവ്/കാട്ടുപന്നി/ മുള്ളൻ പന്നി തുടങ്ങി വന്യജീവികൾ നടത്തിയ വിള നശീകരണം വീടുനശീകരണം, മനുഷ്യർക്കെതിരെ നടത്തിയ ആക്രമണം, കൊലപ്പെടുത്തലുകൾ എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 16719 അപേക്ഷകൾ വനം വകുപ്പിന് ലഭിച്ചിട്ടുണ്ട്.

(സി) ഉത്തരം (ബി)-യിൽ പരാമർശിച്ചിരിക്കുന്ന അപേക്ഷകളിൽ ആകെ 18,39,11,497 രൂപയുടെ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത നാശനഷ്ടത്തിന് വിധേയരായവരിൽ 15884 അപേക്ഷകൾ ഇതിനകം തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. 835 അപേക്ഷകൾ ഇനിയും തീർപ്പുകൽപ്പിക്കാനുണ്ട്.

**വാമനപുരം മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായവർ**

153 (980) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർ എത്രയാണ്; മരണമടഞ്ഞവർ എത്രയാണ്; വിശദവിവരങ്ങൾ നൽകാമോ;

(ബി) അതിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്;

(സി) ഇനി എത്ര പേർക്ക് ആനുകൂല്യം ലഭിക്കാനുണ്ട്; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ 7 പേർ മരണമടയുകയും 47 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മരണമടഞ്ഞ 3 പേരുടെ ആശ്രിതർക്ക് 3 ലക്ഷം രൂപയും പരിക്ക് പറ്റിയ 34 പേർക്ക് 6,42,258 രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(സി) അനന്തരാവകാശ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കാത്തതിനാൽ വന്യജീവി ആക്രമണത്താൽ മരണം സംഭവിച്ചതിന് നഷ്ടപരിഹാരത്തിനുള്ള 4 അപേക്ഷകളിലും പരിക്ക് പറ്റിയതുമായി ബന്ധപ്പെട്ട് ചെലവായ തുകയുടെ അസ്സൽ ബില്ലുകൾ, ചെലവായ തുക സംബന്ധിച്ച് ഡോക്ടറുടെ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തതിനാൽ 13 അപേക്ഷകളിലും ഇനി നഷ്ടപരിഹാരം നൽകാനുണ്ട്.

**വന്യമൃഗശല്യം കാരണം കാർഷികവിളകൾക്കുണ്ടായ നാശം**

154 (981) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വന്യമൃഗശല്യം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) വന്യമൃഗശല്യം കാരണം കാർഷികവിളകൾക്കുണ്ടായ നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) വയനാട് ജില്ലയിലെ വന്യമൃഗശല്യം തടയുന്നതിന് 422.71 കി.മീ. ആന പ്രതിരോധ കിടങ്ങ്, 22.6 കി.മീ. ആന പ്രതിരോധ മതിൽ, 511.629 കി.മീ. സൗരോർജ്ജ കമ്പിവേലി, 219.5 കി.മീ. വൈദ്യുത കമ്പിവേലി, 650.62 മീറ്റർ കല്ല് പാകിയ കിടങ്ങ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 73.947 കി.മീ. ആന പ്രതിരോധ കിടങ്ങ് നവീകരിച്ചിട്ടുണ്ട്. വന്യ ജീവികൾക്ക് അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽത്തന്നെ കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് 56 ചെക്ക് ഡാമുകൾ, 248 കുളങ്ങൾ, 28 മൺ തടയണകൾ, 65 ബ്രഷ് വുഡ് (brush wood) ചെക്ക് ഡാമുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്.

(ബി) ആവശ്യമായ രേഖകൾ സഹിതം ലഭിക്കുന്ന അപേക്ഷകളിൽ ചട്ടപ്രകാരമുള്ള പരിശോധന നടത്തി കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**വന്യജീവികളുടെ ആക്രമണത്തിന് നഷ്ടപരിഹാരം**

155 (982) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന കാർഷികവിള നാശത്തിന് ഏത് മാനദണ്ഡമനുസരിച്ചാണ് നഷ്ടപരിഹാരം നല്കിവരുന്നത്;

(ബി) പ്രസ്തുത നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 1980-ലെ "ദി കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" പ്രകാരമാണ് നഷ്ടപരിഹാരം നൽകുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന കാർഷിക വിളനാശത്തിന് 8-1-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 02/2015/വനം നിഷ്കർഷിക്കുന്ന നിരക്ക് പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു.

(ബി) വന്യജീവി ആക്രമണം മൂലമുള്ള വിളനാശത്തിന് നൽകിവന്നിരുന്ന നഷ്ടപരിഹാരം പരമാവധി 75,000 രൂപയായിരുന്നത് 5-4-2018-ലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 17/2018/വനം പ്രകാരം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് നൽകിവരുന്ന ധനസഹായം**

156 (983) ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ കഴിയുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് വനം-വന്യജീവി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്ന/മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം മലപ്പുറം ജില്ലയിൽ എത്രയാളുകൾക്ക് മേൽപ്പറഞ്ഞ വിധത്തിൽ ധനസഹായം നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ കഴിയുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് വനം വന്യജീവി വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ സ്വീകരിച്ചുവരുന്നുണ്ട്:

- വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.
- വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ച് വിടുന്നിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.
- പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
- സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.
- പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.
- വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
- വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.
- വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
- ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ.
- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) വർദ്ധിപ്പിച്ചിട്ടുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 17/2018/വനം പ്രകാരം വർദ്ധിപ്പിച്ച നിരക്ക് ചുവടെ ചേർക്കുന്നു.

| കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നിലവിലെ നഷ്ടപരിഹാരത്തുക (രൂപയിൽ) |
|---|---|
| 1. വന്യജീവി ആക്രമണംമൂലമുള്ള മരണം | 10 ലക്ഷം രൂപ |
| 2.വനത്തിന് പുറത്ത് വച്ചുള്ള പാമ്പുകടിമൂലമുള്ള മരണം | 2 ലക്ഷം രൂപ |
| 3.വന്യജീവി ആക്രമണംമൂലമുള്ള സ്ഥായിയായ അംഗഭംഗം | 2 ലക്ഷം രൂപ |
| 4. വന്യജീവി ആക്രമണംമൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | 1 ലക്ഷം രൂപ- പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും.(മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) |
| 5. വന്യജീവി ആക്രമണംമൂലമുള്ള വീട് നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100 ശതമാനം (പരമാവധി 1 ലക്ഷം രൂപ) |
| 6. വന്യജീവി ആക്രമണംമൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100 ശതമാനം (പരമാവധി 1 ലക്ഷം രൂപ) |

(സി) 5-4-2018-ലെ ഉത്തരവ് പ്രകാരം ആർക്കും നാളിതുവരെ ധനസഹായം നൽകിയിട്ടില്ല. മരണമടഞ്ഞ 16 പേരുടെ ആശ്രിതർക്ക് 33.5 ലക്ഷം രൂപയും പരിക്കേറ്റ 60 പേർക്ക് 19.02 ലക്ഷം രൂപയും പഴയ ഉത്തരവ് പ്രകാരം ഈ സർക്കാർ നിലവിൽ വന്നശേഷം മലപ്പുറം ജില്ലയിൽ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്.

**വന്യമൃഗങ്ങളുടെ ഭീഷണി**

157 (984) ശ്രീ. രാജു എബ്രഹാം :
ശ്രീ .ഒ. ആർ. കേളു :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിലും വാൽപ്പാറയിലും വയനാട്ടിലും കടുവ മനുഷ്യരെ കൊന്നതിനു സംഭവങ്ങളുടെ പശ്ചാത്തലത്തിൽ വന്യമൃഗങ്ങൾ മനുഷ്യജീവന് ഭീഷണിയാകുന്നത് തടയാൻ വനം വകുപ്പ് സമഗ്രപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ;

(ബി) പ്രതിവർഷം ഉദ്ദേശം നൂറുപേർ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നുണ്ടെന്ന റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ വനപ്രദേശങ്ങളോട് ചേർന്നുള്ള പ്രദേശങ്ങളിൽ വസിക്കുന്നവർക്ക് സുരക്ഷയ്ക്കായി തോക്കുപയോഗിക്കാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ക്യാമറാ ട്രാപ്പ്, റെയിൽ ഫെൻസിംഗ്, എസ്.എം.എസ്. അലെർട്ട് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ കാര്യക്ഷമമായി പ്രാവർത്തികമാക്കാൻ നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വന്യമൃഗങ്ങൾ മനുഷ്യജീവന് ഭീഷണിയാകുന്നത് തടയാൻ വനംവകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്:

- വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.
- വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.
- പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
- സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.
- പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.
- വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
- വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

- വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
- ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ.
- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) വനപ്രദേശങ്ങളോട് ചേർന്നുള്ള പ്രദേശങ്ങളിൽ വസിക്കുന്നവർക്ക് സുരക്ഷയ്ക്കായി തോക്കുപയോഗിക്കാനുള്ള അനുമതി, വനം വകുപ്പിൽനിന്നും നൽകുന്ന എതിർപ്പില്ലാ രേഖയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഉപാധികളോടെ നൽകിവരുന്നുണ്ട്.

(സി) ക്യാമറ ട്രാപ്പ്, റെയിൽ ഫെൻസിംഗ്, എസ്.എംസ്.എസ്. അലെർട്ട് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മൃഗങ്ങളിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ**

158 (985) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗങ്ങളിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) മുഴുവൻ കന്നുകാലികൾക്കും കുളമ്പ് രോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ് നൽകുന്നതിന് പദ്ധതി നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(സി) കോഴി,താറാവ് തുടങ്ങിയ പക്ഷികൾക്ക് നൽകുന്ന പ്രതിരോധ കുത്തിവയ്പുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കുത്തിവയ്പ് എടുക്കുന്ന മൃഗങ്ങൾക്ക് ചെവിയിൽ ടാഗ് അടിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാര്യക്ഷമമായി നടപ്പാക്കുന്നുണ്ട്. ASCAD പദ്ധതി മുഖേന Swine Fever, Hemorrhagic Septicemia, Anthrax, Black Quarter എന്നീ രോഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവയ്പുകൾ, RFKVC പദ്ധതി മുഖേന പേവിഷ പ്രതിരോധ നിർമ്മാർജ്ജന പ്രവർത്തനം, ബ്രൂസെല്ലോസിസ് കൺട്രോൾ പ്രോഗ്രാം വഴി 4 മാസം മുതൽ 8 മാസം വരെ പ്രായമുള്ള പശുക്കുട്ടികൾക്ക് ബ്രൂസെല്ലാ പ്രതിരോധ വാക്സിൻ PPR-CP പദ്ധതി മുഖേന ആട് വസന്തയ്ക്കെതിരെ ആടുകൾക്ക് പ്രതിരോധ വാക്സിൻ എന്നിവ നൽകുന്നു.

(ബി) നിലവിലുണ്ട്. FMD-CP പദ്ധതി മുഖേന മുഴുവൻ കന്നുകാലികൾക്കും കുളമ്പുരോഗത്തിനെതിരെ 2004 മുതൽ പ്രതിരോധ കുത്തിവയ്പ് വർഷത്തിൽ 2 തവണ (6 മാസ കാലയളവിൽ) നൽകിവരുന്നു.

(സി) ASCAD പദ്ധതി മുഖേന കോഴി വസന്ത, Duck Plague, Duck Pasteurella എന്നീ രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവയ്പ് എല്ലാ വർഷവും നൽകിവരുന്നു.

(ഡി) കുത്തിവയ്പ് എടുക്കുന്ന മൃഗങ്ങൾക്ക് ചെവിയിൽ ടാഗ് അടിക്കുന്നുണ്ട്.

**മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ നൂതന പദ്ധതികൾ**

159 (986) ശ്രീ. കെ. വി.വിജയദാസ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മൃഗാശുപത്രികളുടെ ശാക്തീകരണത്തിനും വികസനത്തിനുമായി സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്;

(സി) മൃഗചികിത്സാ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) മുഴുവൻ പശുക്കുട്ടികൾക്കും ശാസ്ത്രീയ പരിചരണം ലഭ്യമാക്കുന്നതിന് 'ഗോവർദ്ധിനി' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ)

(a) ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉല്പാദനത്തിലുള്ള കുറവുമൂലം ഉണ്ടാകുന്ന അനിശ്ചിതത്വവും നഷ്ടവും നികത്തുന്നതിനുള്ള സംരക്ഷണ വലയങ്ങൾ ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2017-18-ൽ 500 ലക്ഷം രൂപ ലഭ്യമാക്കി 60000-ത്തോളം കന്നുകാലികളെ പദ്ധതിയുടെകീഴിൽ കൊണ്ടു വരാനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2018-19 ബജറ്റിലും പ്രസ്തുത പദ്ധതിക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(b) അനിമൽ റിസോർസ് ഡെവലപ്മെന്റ് (എ.ആർ.ഡി.)

2018-19 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 625 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെകീഴിൽ താഴെപ്പറയുന്ന വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

1. ആട് വളർത്തൽ യൂണിറ്റുകൾ (1.5 കോടി രൂപ)

വ്യാവസായികാടിസ്ഥനാത്തിൽ 20 ആടുകൾ അടങ്ങുന്ന (19 പെണ്ണാടും ഒരു മുട്ടനാടും) യൂണിറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഒരു യൂണിറ്റിൽ ഒരു ലക്ഷം രൂപയുടെ ധനസഹായം ലഭിക്കും. ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ 150 യൂണിറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

2. മാംസാവശ്യത്തിനായി പോത്തുകുട്ടി വളർത്തൽ പദ്ധതി (1.25 കോടി രൂപ)

മാംസാവശ്യത്തിനായി പോത്തുകുട്ടികളെ വളർത്തുന്ന സ്കീമാണിത്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു യൂണിറ്റിന് 10,000 രൂപ ധനസഹായം ലഭിക്കും.

3. മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി (3 കോടി രൂപ)

മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾക്ക് പലിശ ഇനത്തിൽ 5,000 രൂപ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനമൊട്ടാകെ ചുരുങ്ങിയത് 6000 പേർക്കെങ്കിലും പദ്ധതി കൊണ്ട് ആശ്വാസം ലഭിക്കും.

4. മാർക്കറ്റിംഗ് ഔട്ട്-ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം (0.25 കോടി രൂപ)

പ്രസ്തുത ഘടകം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. മൂഗസംരക്ഷണ ഉല്പന്നങ്ങൾ കൂടുതലായി ഉല്പാദിപ്പിക്കപ്പെടുന്ന മേഖലകൾ കേന്ദ്രീകരിച്ച് മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. യൂണിറ്റൊന്നിന് 5 ലക്ഷം രൂപ വീതം നൽകി 5 യൂണിറ്റുകൾ ഇത്തരത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

5. ഇറച്ചിക്കോഴി വളർത്തൽ പദ്ധതി (0.25 കോടി രൂപ)

ഇറച്ചിക്കോഴി മേഖലയിൽ ഇടപെടുന്നതിനായുള്ള സർക്കാർ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

(ബി) മൂഗാശുപത്രികളുടെ വികസനവും പുന:സംഘടനയും എന്ന പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷം 2937 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷം 3300 ലക്ഷം രൂപയും അനുവദിച്ചു. ഇതിൽ ആവർത്തന ചെലവുകൾ ഒഴികെയുള്ള മൂഗചികിത്സ ധനസഹായം എന്ന ഘടകത്തിന് 2017-18-ൽ 150 ലക്ഷം രൂപയും 2018-19-ൽ 375 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 2017-18, 2018-19 എന്നീ വർഷങ്ങളിൽ 5 ലക്ഷം രൂപ വീതവും വെറ്ററിനറി പോളിക്ലിനിക്കുകളുടെയും ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടെയും ശാക്തീകരണം എന്ന ഘടകത്തിന് 2017-18-ൽ 150 ലക്ഷം രൂപയും 2018-19-ൽ 20 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 2017-18-ൽ 50 ലക്ഷം രൂപയും 2018-19-ൽ 45 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി കെട്ടിടം, ഉപകരണങ്ങൾ എന്നിവയുള്ള ചെലവുകൾ നിർവ്വഹിച്ചുവരുന്നു. മൂഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന പദ്ധതിയിൽ മരുന്നുകൾ സംഭരിക്കുക എന്ന ഘടകത്തിന് 2017-18-ൽ 1500 ലക്ഷം രൂപയും 2018-19-ൽ 1593 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) മൂഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന പദ്ധതിയിൽ സംസ്ഥാന ബജറ്റിൽ മരുന്ന് സംഭരണത്തിനായി പ്രത്യേക ഘടകം ഉള്ളതിൽ 2017-18-ൽ 1500 ലക്ഷം രൂപയും 2018-19-ൽ 1593 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആവശ്യാനുസരണം തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മരുന്നുകൾ സംഭരിക്കാൻ വ്യവസ്ഥയുണ്ട്.

(ഡി) കന്നുകാലിളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഗോവർദ്ധിനി. 2016-17-ൽ എൻറോൾ ചെയ്തതിൽ 47760 കന്നുകുട്ടികൾക്ക് രണ്ടാം വർഷ സഹായം നൽകി 2017-18-ൽ പുതിയതായി 14448 കന്നുകുട്ടികളെ എൻറോൾ ചെയ്തു. പ്രസ്തുത കന്നുകുട്ടികൾക്ക് പദ്ധതി കാലയളവിൽ സബ്സിഡി നിരക്കിൽ തീറ്റ, ആവശ്യാനുസരണം വിരമരുന്ന്, പ്രതിരോധ കുത്തിവയ്പുകൾ, ആരോഗ്യപരിരക്ഷ എന്നിവയും നൽകുന്നു. 2018-19-ൽ 4500 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. പുതിയതായി 57552 കന്നുകുട്ടികളെ എൻറോൾ ചെയ്തിട്ടുണ്ട്.

**ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി**

160 (987) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതി പ്രകാരം എത്ര കന്നുകാലികളെ ഇൻഷ്വർ ചെയ്യുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ലക്ഷ്യം നേടുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്ക് നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ മുഖേന ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഗോസമൃദ്ധി 2017-18 പദ്ധതി പ്രകാരം സംസ്ഥാനത്ത് കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം കേരള സംസ്ഥാനത്ത് ജനറൽ വിഭാഗത്തിലെ കർഷകരുടെ 55000 ഉരുക്കളെയും എസ്.സി./എസ്.ടി. വിഭാഗത്തിലെ കർഷകരുടെ 5000 ഉരുക്കളെയും ചേർത്ത് ആകെ 60000 ഉരുക്കളെ (പശു/എരുമ) ഇൻഷ്വർ ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പൂർണ്ണമായും മൃഗസംരക്ഷണ വകുപ്പിന്റെ ഇൻഷ്വറൻസ് മാനേജ്മെന്റ് പോർട്ടൽ വഴി സുതാര്യമായി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവഴി കർഷകന്റെ ഫോട്ടോ, കർഷകന്റെ വിവരങ്ങൾ, ഉരുവിന്റെ ഫോട്ടോ എന്നിവ മനസ്സിലാക്കുവാനും കർഷകന്റെ താമസസ്ഥലം ജിയോമാപ്പിംഗ് ചെയ്യുന്നതിനാൽ നേരിട്ട് കർഷകന്റെ സ്ഥലം അറിയുവാനും സാധിക്കുന്നു.

(ബി) പദ്ധതി നടന്നുവരികയാണ്. 2018 മാർച്ച് മാസത്തിലാണ് ഫീൽഡ് തലത്തിൽ മൃഗാശുപത്രികൾ വഴി പദ്ധതി ആരംഭിച്ചത്. 2018 മേയ് മാസം വരെ 17000 ഉരുക്കളെ ഇൻഷ്വർ ചെയ്ത് 28 ശതമാനം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ മുഖേന കേന്ദ്രവിഹിതമായി 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.

**ഫാമുകൾ ആരംഭിക്കുന്നതിനായുള്ള പദ്ധതികൾ**

161 (988) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആട്, കോഴി, പശു എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിനും ഫാമുകൾ ആരംഭിക്കുന്നതിനുമായി മൃഗസംരക്ഷണ വകുപ്പിനുകീഴിൽ ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്നുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പാറശ്ശാലയിലെ ആടുവളർത്തൽ കേന്ദ്രത്തിലെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആട്, കോഴി, പശു എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിന് ഫാമുകൾ ആരംഭിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (ARD). ഇതിനായി 2018-19-ൽ 625 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ പശു വളർത്തൽ പദ്ധതി ക്ഷീരവികസന വകുപ്പാണ് നടത്തുന്നത്.

(ബി) പാറശ്ശാലയിൽ ആടുവളർത്തൽ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം 9,42,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**കോഴിവില**

162 (989) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോഴിവില നിയന്ത്രിക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിന് ശേഷവും യാതൊരു നിയന്ത്രണവുമില്ലാതെ ഇറച്ചിക്കോഴി വില വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില നിയന്ത്രിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഡി) തമിഴ്നാട്ടിലെ കോഴിക്കച്ചടവക്കാർ കോഴിവില നിശ്ചയിച്ച് അമിതലാഭം കൊയ്യുന്ന പ്രവണത ഇല്ലാതാക്കുന്നതിനും ഹോർമോണില്ലാത്ത കോഴിയിറച്ചി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരീക്ഷണാടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പും കെപ്കോയും കുടുംബശ്രീയും സംയുക്തമായി വില നിയന്ത്രിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) കെപ്കോ, കുടുംബശ്രീ, മൃഗസംരക്ഷണ വകുപ്പ് എന്നീ മൂന്ന് സ്ഥാപനങ്ങളുടെയും സംയുക്തസംരംഭമായി കേരള ചിക്കൻ ഉല്പാദിപ്പിക്കാനുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 10 യൂണിറ്റുകൾ വീതം ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കെപ്കോ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളും നിശ്ചിത നിരക്കിൽ യൂണിറ്റുകൾക്ക് നൽകുന്നതാണ്. 40-45 ദിവസം പ്രായവും 2 കിലോ ഭാരവുമാകുമ്പോൾ അവയെ കിലോയ്ക്ക് 85 രൂപ നിരക്കിൽ കെപ്കോതന്നെ തിരിച്ചെടുത്ത് സ്വന്തം പ്ലാന്റിൽ പ്രോസസ് ചെയ്ത് ചിക്കൻ ഉല്പാദിപ്പിക്കുന്നതാണ്.

ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കുന്ന കോഴിയിറച്ചി ലഭ്യമാക്കുന്നതിനോടൊപ്പം കുടുംബശ്രീ അംഗങ്ങൾക്ക് അധികവരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യവും ഈ പദ്ധതിക്ക് പിന്നിലുണ്ട്. നിലവിൽ 1000 ഇറച്ചിക്കോഴികളെ വളർത്താനുള്ള ഭൗതിക സാഹചര്യമുള്ളവർക്ക് ഒരു ലക്ഷം രൂപ 4 ശതമാനം പലിശയോടെ വായ്പാ ധനസഹായമായും കൂടാതെ പുതിയതായി ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നവർക്ക് 50,000 രൂപ സബ്സിഡിയും കുടുംബശ്രീ നൽകിവരുന്നു.

(ഡി) തമിഴ്നാട്ടിലെ കോഴിക്കച്ചവടക്കാർ കോഴിവില നിശ്ചയിച്ച് അമിതലാഭം കൊയ്യുന്ന പ്രവണത ഇല്ലാതാക്കുന്നതിനും ഹോർമോണില്ലാത്ത കോഴിയിറച്ചി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും കേരളത്തിൽ ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുവാനും വ്യാപിപ്പിക്കുവാനും സർക്കാർ സംരംഭമായ കെപ്കോ, ചില പദ്ധതികൾക്ക് രൂപനൽകിയിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളിലൂടെ ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കാനുള്ള ഒരു പദ്ധതി കെപ്കോ നടപ്പിലാക്കിവരുന്നു. കേരളത്തിലെ 1000 പഞ്ചായത്തുകളിലായി 5000 യൂണിറ്റുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. അതിനുപുറമേ കോൺട്രാക്ട് ഫാമിംഗിലൂടെ ഇറച്ചിക്കോഴികളെ വളർത്തിയെടുത്ത് കെപ്കോതന്നെ വില കൊടുത്ത് തിരിച്ചെടുത്ത് സംസ്കരിച്ച് ഇറച്ചി തയ്യാറാക്കുന്നു. കെപ്കോയുടെ

ഹാച്ചറികൾ നവീകരിച്ച് കൂടുതൽ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്ത് ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിച്ചുവരുന്നു.

**കോഴിയിറച്ചിയുടെ വില വർദ്ധനവ്**

163 (990) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിയിറച്ചിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കോഴിയിറച്ചിയുടെ വില പിടിച്ചുനിർത്തുന്നതിനും, സർക്കാർ നിയന്ത്രണത്തിൽ കോഴിക്കടകൾ ആരംഭിക്കുന്നതിനും ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഏതൊക്കെ ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിയിറച്ചിയുടെ വില നിയന്ത്രിക്കുന്നതിനുവേണ്ടി ആഭ്യന്തര ഉല്പാദനം പരമാവധി വർദ്ധിപ്പിക്കാൻ, മൃഗസംരക്ഷണ വകുപ്പ് കുടുംബശ്രീ-കെപ്കോ കോഴി വളർത്തൽ പദ്ധതി, കോൺട്രാക്ട് ഫാമിംഗ് തുടങ്ങിയ പദ്ധതികൾ കെപ്കോ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മിതമായ നിരക്കിൽ മേൽത്തരം കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനുവേണ്ടി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ കെപ്കോ വിപണന ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. കെപ്കോ ഏജൻസികൾ മറ്റ് ജില്ലകളിലും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മൃഗസംരക്ഷണ വകുപ്പും കുടുംബശ്രീയും കോൺട്രാക്ട് ഫാമിംഗിലൂടെയും പദ്ധതി നടപ്പിലാക്കിവരുന്നു.

**ഈവനിംഗ് വെറ്ററിനറി ക്ലിനിക്**

164 (991) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ മൃഗസംരക്ഷണ വകുപ്പിന്റെ ഈവനിംഗ് ക്ലിനിക് പ്രവർത്തിക്കുന്നുണ്ടോ; ഏതെല്ലാം വെറ്ററിനറി ആശുപത്രികളിൽ ഈവനിംഗ് ക്ലിനിക് പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈവനിംഗ് ക്ലിനിക്കുകൾ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) എല്ലാ മൃഗാശുപത്രികളിലും ഈവനിംഗ് ക്ലിനിക് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2018-19 വർഷത്തിലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഓച്ചിറ ബ്ലോക്കിന്റെ പരിധിയിൽ കരുനാഗപ്പള്ളി വെറ്ററിനറി പോളിക്ലിനിക്കിൽ 21-5-2018 മുതൽ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ആരംഭിച്ചു. ഈവനിംഗ് ക്ലിനിക് പ്രവർത്തിക്കുന്ന മൃഗാശുപത്രികളുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വൈകിട്ട് 6 മുതൽ രാവിലെ 6 വരെ ഒരു വെറ്ററിനറി സർജന്റെയും അറ്റന്റന്റിന്റെയും സേവനം ലഭ്യമാക്കുന്നു. കൂടാതെ അവശ്യഘട്ടങ്ങളിൽ വീടുകളിൽ ചെന്ന് ചികിത്സ ലഭ്യമാക്കുന്നുമുണ്ട്.

(സി) 13-ാം പദ്ധതിക്കാലത്ത് എല്ലാ ബ്ലോക്കുകളിലും രാത്രികാല അടിയന്തര വെറ്ററിനറി സർവ്വീസ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2018-19-ൽ 105 ബ്ലോക്കുകളിൽ ഈ സേവനം നടപ്പിലാക്കിയിട്ടുണ്ട്.

**കടുത്തുരുത്തി വെറ്ററിനറി പോളീക്ലിനിക്കിന്റെ പ്രവർത്തനം**

165 (992) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വെറ്ററിനറി പോളീക്ലിനിക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച AHG2/9889/2013 എന്ന ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പോളീക്ലിനിക്കിനെ സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പുതിയ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഈ വർഷം സംസ്ഥാനത്ത് എത്ര വെറ്ററിനറി പോളീക്ലിനിക്കുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; അവ എവിടെയെല്ലാം എന്നറിയിക്കുമോ?

ഉത്തരം

(എ) കടുത്തുരുത്തി വെറ്ററിനറി പോളീക്ലിനിക്ക് സ്ഥാപിക്കുന്നതിന് 2013-ൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് ഒരു പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയലിൽ (9889/എഎച്ച്ജി2/2013/എഡി നമ്പർ) അസിസ്റ്റന്റ് ഡയറക്ടർ, ലാബ് ടെക്നീഷ്യൻ, ക്ലർക്ക്, ഫീൽഡ് ഓഫീസർ എന്നീ 4 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതുണ്ടായിരുന്നു. ഇതിലേയ്ക്കായി സർക്കാരിന് പ്രതിവർഷം ഏകദേശം 1350691 രൂപ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമായിരുന്നു. ധനകാര്യ വകുപ്പിന്റെ 19-9-2014-ലെ ജി.ഒ.(പി) 400/14/ ഫിൻ ഉത്തരവ് പ്രകാരം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 2015 മാർച്ച് 31 വരെ നിയന്ത്രണമേർപ്പെടുത്തിയിരുന്നു. അതിനാൽ ഈ വിഷയം പരിഗണിക്കാൻ കഴിഞ്ഞില്ല. പിന്നീട് ഇതുസംബന്ധിച്ച് പുതിയ പ്രൊപ്പോസലുകളൊന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറിൽനിന്നും ലഭ്യമായിട്ടില്ല.

(ബി) ഇല്ല.

(സി) ഈ വർഷം സംസ്ഥാനത്ത് പുതിയ വെറ്ററിനറി പോളീക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല.

**ഒല്ലൂരിലെ കെപ്കോ പദ്ധതികൾ**

166 (993) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കെപ്കോ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ കെപ്കോവഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കെപ്കോ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി

   തെരഞ്ഞെടുക്കപ്പെടുന്ന ഓരോ പഞ്ചായത്തിലും 500 വനിതാ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോരുത്തർക്കും 8 കോഴി, 5 കിലോ തീറ്റ, മരുന്ന് എന്നിവ നൽകുന്നു.

2. കെപ്കോ ആശ്രയ പദ്ധതി

   തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ വിധവകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോ ഗുണഭോക്താവിനും 10 കോഴിയും 10 കിലോ തീറ്റയും മരുന്നും ലഭിക്കുന്നു.

3. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി

സ്കൂൾ കുട്ടികൾക്ക് സമ്പാദ്യശീലം വളർത്തുക, തൊഴിലിന്റെ മഹത്വം ബോധ്യപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി നടപ്പിലാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ യു.പി. വിഭാഗത്തിലെ 8, 9 സ്റ്റാൻഡേർഡുകളിലെ കുട്ടികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോ കുട്ടിക്കും 5 കോഴിയും 5 കിലോ തീറ്റയും മരുന്നും സൗജന്യമായി ലഭിക്കുന്നു.

4. കോഴിവളർത്തൽ പദ്ധതി കുടുംബശ്രീ യൂണിറ്റുകൾ വഴി

തെരഞ്ഞെടുക്കുന്ന കുടുംബശ്രീ ഗ്രൂപ്പിൽപ്പെട്ട 1000 വനിതാ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോ ഗുണഭോക്താവിനും 10 കോഴിയും 10 കിലോ കോഴിത്തീറ്റയും മരുന്നും വിതരണം ചെയ്യുന്നു. ഓരോ ഗുണഭോക്താവും ഗുണഭോക്തൃ വിഹിതമായി 250 രൂപ മാത്രം അടയ്ക്കേണ്ടതാണ്.

5. കെപ്കോ നഗരപ്രിയ പദ്ധതി

നഗരപ്രദേശങ്ങളിലെ മുട്ടയുല്പാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യങ്ങൾ നൽകി മുട്ടയുല്പാദന ചെലവ് കുറയ്ക്കുക, മാലിന്യ സംസ്കരണത്തിന് ഒരു പരിധിവരെ സഹായിക്കുക, കോഴിവളം പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തി പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ രൂപം നൽകിയിരിക്കുന്ന നൂതന പദ്ധതിയാണിത്. നഗരപരിധിക്കുള്ളിൽ സ്ഥിരതാമസമാക്കിയിട്ടുള്ള കുടുംബങ്ങൾക്ക് എ.പി.എൽ., ബി.പി.എൽ. മാനദണ്ഡമില്ലാതെ ഓരോ ഗുണഭോക്താവിനും 5 കോഴിയും ആധുനിക രീതിയിലുള്ള കൂടും 5 കിലോ തീറ്റയും മരുന്നും നൽകുന്നതാണ് ഈ പദ്ധതി. ഗുണഭോക്താക്കൾ നിശ്ചിത തുക ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ടതുണ്ട്.

(ബി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ കെപ്കോ വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. കോഴി വളർത്തൽ ഗ്രാമങ്ങൾ പദ്ധതി

മാടക്കത്തറ ഗ്രാമ പഞ്ചായത്തിൽ 20-02-2017-ൽ 660 വനിതാ ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിക്കഴിഞ്ഞു.

2. കെപ്കോ ആശ്രയ പദ്ധതി

മാടക്കത്തറ ഗ്രാമ പഞ്ചായത്തിൽ 10-2-2018-ൽ 1142 വിധവകളായ ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിക്കഴിഞ്ഞു.

**ഇറച്ചിക്കോഴി വളർത്തൽ പദ്ധതി**

167 (994) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ള കോഴിയിറച്ചിയുടെ വിപണനം വ്യാപിപ്പിക്കുവാൻ ലക്ഷ്യമിട്ടുള്ള കെപ്കോ-കുടുംബശ്രീ ഇറച്ചിക്കോഴി വളർത്തൽ പദ്ധതി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കെപ്കോയുടെ പ്രവർത്തനം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇറച്ചിക്കോഴി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കെപ്കോ വഴി സംസ്ഥാനത്തെ 1000 പഞ്ചായത്തുകളിലായി 5000 യൂണിറ്റുകൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കുടുംബശ്രീ വഴിയും വിപണനം വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 1000 ഇറച്ചിക്കോഴികളടങ്ങുന്ന 1000 യൂണിറ്റുകൾ ആരംഭിക്കാനാണ് കുടുംബശ്രീ, മൃഗസംരക്ഷണ വകുപ്പ്, കെപ്കോ സംയുക്തമായി ഉദ്ദേശിക്കുന്നത്.

(ബി) നടപടി സ്വീകരിച്ചുവരുന്നു. ആദ്യപടിയായി കൊല്ലം ജില്ലയിൽ കെപ്കോ വില്പന ഏജൻസികൾ പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. കാസർഗോഡ് ജില്ലയിൽ ഒരു പുതിയ ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രം ആരംഭിക്കുന്നതിന് സ്ഥലം ലഭിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. കോഴിക്കോട്, കൊല്ലം ജില്ലകളിൽ ഓരോ പുതിയ ഇറച്ചിക്കോഴി പ്രജനന കേന്ദ്രം സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന് ആവശ്യമായ ഇറച്ചിക്കോഴികൾ കേരളത്തിൽ തന്നെ ഉല്പാദിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കുടുംബശ്രീയുമായി സഹകരിച്ച് മൃഗസംരക്ഷണ വകുപ്പ് കെപ്കോ-കുടുംബശ്രീ കോഴിവളർത്തൽ പദ്ധതി

നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ 5000 യൂണിറ്റുകൾക്ക് രൂപം നൽകാനാണ് ഉദ്ദേശിക്കുന്നത്. അതിനുപുറമെ കോൺട്രാക്ട് ഫാമിംഗിലൂടെ കെപ്കോ ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങൾ കർഷകർക്ക് വിതരണം ചെയ്ത് കെപ്കോ തന്നെ വില നൽകി തിരിച്ചെടുക്കുന്ന പദ്ധതിയും നിലവിലുണ്ട്. തിരുവനന്തപുരം ജില്ലയിലെ കടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിൽ ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങൾ മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്ത് ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നു.

**നിപ വൈറസ് വാഹകർ**

168 (995) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസിന്റെ വാഹകർ വവ്വാലുകൾ ആണെന്നുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ എത്ര മാത്രം വാസ്തവമുണ്ട് ; വിശദവിവരം നൽകുമോ;

(ബി) മൃഗസംരക്ഷണ വകുപ്പ് ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) നിപ വൈറസുകളുടെ കാര്യത്തിൽ വാഹകർ എപ്പോഴും മൃഗങ്ങളാണോ; ഇത് സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ വിശദീകരണമെന്താണ്?

ഉത്തരം

(എ) ഉണ്ട്. എന്നാൽ കോഴിക്കോട് ജില്ലയിൽ രോഗം ബാധിച്ച പ്രദേശത്ത് നിന്ന് പശു, ആട്, പന്നി, വവ്വാൽ എന്നിവയുടെ രക്തസാമ്പിളുകൾ ഭോപ്പാലിലുള്ള ഹൈസെക്യൂരിറ്റി അനിമൽ ഡിസീസ് ലാബിൽ പരിശോധനയ്ക്ക് അയച്ചുവെങ്കിലും ആയതിന്റെ ഫലം നെഗറ്റീവാണ്.

(ബി) ഇല്ല. എന്നാൽ നിപ ബാധിച്ച പ്രദേശങ്ങളിൽ രോഗനിരീക്ഷണവും സാമ്പിൾ ശേഖരണവും നടത്തിവരുന്നു.

(സി) നിപ വൈറസ് ബാധിച്ച പ്രദേശങ്ങളിലെ വളർത്തുമൃഗങ്ങളായ പശു, ആട്, പന്നി, വവ്വാൽ എന്നിവയിൽ നിന്ന് ശേഖരിച്ച സാമ്പിളുകളിൽ നിപ വൈറസ് ബാധയില്ലെന്ന റിപ്പോർട്ടാണ് ഭോപ്പാലിലെ ഹൈസെക്യൂരിറ്റി അനിമൽ ഡിസീസ് ലാബിൽ നിന്ന് ലഭിച്ചിട്ടുള്ളത്. കൂടാതെ അസ്വാഭാവികമായ രോഗലക്ഷണങ്ങൾ ഒന്നുംതന്നെ ഈ പ്രദേശങ്ങളിലെ വളർത്തുമൃഗങ്ങളിൽ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**കോന്നി ആനത്താവളത്തിലെ ആനയെ തിരികെ എത്തിക്കാൻ നടപടി**

169 (996) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ആനത്താവളത്തിൽ ഉണ്ടായിരുന്ന സോമൻ എന്ന ആനയെ മൂന്നാറിലെ കാപ്പുകാട് എന്ന സ്ഥലത്ത് കാട്ടാന ഇറങ്ങിയതുമായി ബന്ധപ്പെട്ട് കൊണ്ടുപോയിട്ടുണ്ടോ; എങ്കിൽ എന്നാണ് കൊണ്ടുപോയത്;

(ബി) പ്രസ്തുത ആനയെ നാളിതുവരെ തിരികെ കോന്നിയിൽ എത്തിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ആനയെ കോന്നിയിൽ തിരികെ എത്തിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. കത്ത് നൽകിയിരുന്നോ; എങ്കിൽ എന്നാണ്;

(ഡി) ആയതിന്മേൽ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ആനയെ കോന്നിയിൽ തിരികെ എത്തിയ്ക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കോന്നി ആനത്താവളത്തിൽ ഉണ്ടായിരുന്ന സോമൻ എന്ന ആനയെ 6-8-2017-ലാണ് കൊണ്ടുപോയിട്ടുള്ളത്.

(ബി) കോന്നി ആനത്താവളത്തിൽ ഉണ്ടായിരുന്ന സോമൻ എന്ന ആനയ്ക്ക് പ്രായാധിക്യം ഉണ്ട്. കാട്ടിൽ ഒറ്റപ്പെട്ടുപോകുന്ന കുട്ടി ആനകളെയും പ്രായാധിക്യം ഉള്ള മറ്റ് ആനകളെയും പരിപാലിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ കാപ്പുകാട് ആന പുനരധിവാസ കേന്ദ്രം പ്രവർത്തിച്ചുവരുന്നു. കോന്നി ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട ചികിത്സയ്ക്കും പരിപാലനത്തിനുമായി പ്രസ്തുത ആനയെ നിലവിൽ കാപ്പുകാട് ആന പുനരധിവാസ കേന്ദ്രത്തിൽ സംരക്ഷിച്ചുവരുന്നുണ്ട്.

(സി) ഈ ആനയെ കോന്നിയിൽ തിരികെ എത്തിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. എം.എൽ.എ. അഡ്വ. അടൂർ പ്രകാശ് 4-4-2018 തീയതിയായി കത്ത് നൽകിയിരുന്നു.

(ഡി) കത്തിലെ ആവശ്യം പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകുവാൻ കോന്നി വെറ്ററിനറി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) ആനയുടെ ആരോഗ്യസ്ഥിതി സംബന്ധിച്ച് വെറ്ററിനറി ഓഫീസറുടെ റിപ്പോർട്ട് പരിശോധിച്ച് മാത്രമെ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

**കോന്നി ആനത്താവളത്തിലെ ആനയെ മുതുമലയിലേയ്ക്ക് മാറ്റാനുള്ള തീരുമാനം**

170 (997) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ആനത്താവളത്തിൽ നിലവിലുള്ള സുരേന്ദ്രൻ എന്ന ആനയെ തമിഴ്നാട്ടിലെ മുതുമല ആനക്യാമ്പിലേക്ക് മാറ്റുവാൻ സർക്കാർതലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ഈ ആനയെ മുതുമലയിലേക്ക് മാറ്റുന്നതിന്റെ ആവശ്യകത എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) സർക്കാർതലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ലെങ്കിൽ ഇതിലേക്കായി നടപടികൾ ആരംഭിച്ചത് ആരാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഉദ്യോഗസ്ഥതലത്തിൽ നടത്തുന്ന നീക്കങ്ങൾ അവസാനിപ്പിച്ച് ആനയെ കോന്നിയിൽ നിലനിർത്താൻ ഉത്തരവ് നൽകുമോ?

ഉത്തരം

(എ) കോന്നി ആനത്താവളത്തിലെ സുരേന്ദ്രൻ എന്ന ആന ഉൾപ്പെടെ കേരളത്തിൽനിന്നും 3 ആനകളെ തമിഴ്നാട്ടിലെ മുതുമല ആനക്യാമ്പിൽ എത്തിച്ച് 3 മാസത്തെ കുങ്കി പരിശിലനം നൽകി കേരള വനം വകുപ്പിൽ കുങ്കി ആനയാക്കി മാറ്റുവാൻ സർക്കാർതലത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) അടുത്ത കാലത്തായി സംസ്ഥാനം അഭിമുഖീകരിക്കുന്ന രൂക്ഷമായ മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിന് പരിശീലനം സിദ്ധിച്ച കുങ്കി ആനകൾ അത്യാവശ്യമായി വന്നിരിക്കുന്നു. സംസ്ഥാനത്ത് നിലവിൽ ഇത്തരം ആനകൾ ഇല്ലാത്ത സാഹചര്യത്തിൽ ലക്ഷണമൊത്ത, കുങ്കി പരിശീലനത്തിന് അനുയോജ്യരായ 3 ആനകളെ തമിഴ്നാട് വനം വകുപ്പിന്റെ സഹകരണത്തോടെ കുങ്കി പരിശീലനം നൽകുവാൻ തീരുമാനിച്ചു. കുങ്കി പരിശീലനത്തിന് ആവശ്യമായ മാനദണ്ഡങ്ങൾ ഒത്തുചേർന്ന് വന്നതുകൊണ്ടാണ് സുരേന്ദ്രൻ ഉൾപ്പെടെയുള്ള 3 ആനകളെ കേരളത്തിലെ ആന പരിപാലന കേന്ദ്രങ്ങളിൽനിന്നും തെരഞ്ഞെടുത്തത്.

(സി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ബാധകമല്ല.

(ഡി) ബാധകമല്ല.

**മൃഗങ്ങളിലൂടെയും പക്ഷികളിലൂടെയും പകരുന്ന രോഗങ്ങളെക്കുറിച്ച് ഗവേഷണം**

171 (998) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് ബാധ സംസ്ഥാനത്ത് കണ്ടെത്തിയ സാഹചര്യത്തിൽ വൈറസിനെ പകർത്തുന്ന മൃഗങ്ങളെയും പക്ഷികളെയും നിയന്ത്രിക്കുന്നതിനും രോഗ പ്രതിരോധം ഉറപ്പുവരുത്തുന്നതിനും വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തെല്ലാം;

(ബി) മൃഗങ്ങളിലൂടെയും പക്ഷികളിലൂടെയും പകരുന്ന രോഗങ്ങളെക്കുറിച്ചും രോഗാണുക്കളെക്കുറിച്ചും ഗവേഷണം നടത്തി സമയബന്ധിതമായി റിപ്പോർട്ടുകൾ സമർപ്പിക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിപ വൈറസ് രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോൾ വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 21-5-2018-ലെ ടെക്നിക്കൽ ഓഫീസർമാരുടെ ഉന്നതതല യോഗം ക്കൂടുകയും സംസ്ഥാനതലത്തിൽ നിരീക്ഷണസമിതി രൂപീകരിക്കുകയും അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ ആരംഭിക്കുകയും ചെയ്തു. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജില്ലാതല നിരീക്ഷണ സമിതികൾ രൂപീകരിച്ചു. 22-5-2018, 23-5-2018 എന്നീ തീയതികളിൽ വകുപ്പ് ഡയറക്ടർ കോഴിക്കോട് ക്യാമ്പ് ചെയ്ത് രോഗനിരീക്ഷണ, പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. 22-5-2018-ന് കേന്ദ്ര മൃഗസംരക്ഷണ കമ്മീഷണറുടെ നേതൃത്വത്തിൽ ഉന്നത തലയോഗംകൂടി തുടർ നടപടികൾ ആംരംഭിച്ചു. ഈ ജില്ലകളിൽ സാമ്പിൾ ശേഖരിക്കുന്നതിനുള്ള PPE കിറ്റുകളും ദ്രുതകർമ്മ സേനയും സജ്ജമാക്കിയിട്ടുണ്ട്.

(ബി) നിപ വൈറസ് ബാധയുണ്ടായ പ്രദേശങ്ങളിലെ പശു, ആട്, പന്നി, വവ്വാൽ എന്നിവയിൽനിന്ന് സാമ്പിൾ ശേഖരിക്കുകയും ഭോപ്പാലിലുള്ള ഹൈസെക്യൂരിറ്റി അനിമൽ ഡിസീസ് ലാബിൽ എത്തിക്കുകയും ചെയ്തു. ആയതിന്റെ ഫലം നെഗറ്റീവ് ആണെന്ന റിപ്പോർട്ട് ലഭിക്കുകയും ചെയ്തു. രോഗം ബാധിച്ച പ്രദേശങ്ങളിൽ രോഗനിരീക്ഷണവും സാമ്പിൾ ശേഖരണവും കൃത്യമായി നടക്കുന്നുണ്ട്. പ്രസ്തുത റിപ്പോർട്ട് എല്ലാ ദിവസവും കേന്ദ്ര മൃഗസംരക്ഷണ വകുപ്പിന് കൃത്യമായി നൽകിവരുന്നു.

**ക്ഷീരവികസന വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികൾ**

172 (999) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം ക്ഷീരവികസന വകുപ്പ് ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി 2017-2018 സാമ്പത്തികവർഷത്തിൽ ഇടുക്കി നിയോജകമണ്ഡലത്തിൽ ചെലവഴിച്ച 1817.075 ലക്ഷം രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ മിൽക്ക് ഷെഡ് പദ്ധതി**

173 (1000) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന മിൽക്ക് ഷെഡ് പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഏത് പഞ്ചായത്തിനെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ എന്ന് മുതൽ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19-ൽ മിൽക്ക് ഷെഡ് പദ്ധതി പ്രകാരം "ക്ഷീര ഗ്രാമം പദ്ധതി" കരുനാഗപ്പള്ളി മണ്ഡലത്തിലെ തൊടിയൂർ പഞ്ചായത്തിൽ നടപ്പിലാക്കുന്നു. മിൽക്ക് ഷെഡ് പദ്ധതി (2018-19) കൺവെൻഷണൽ കരുനാഗപ്പള്ളി നഗരസഭയിലും ആലപ്പാട് തഴവ, കുലശേഖരപുരം, ക്ലാപ്പന, ഓച്ചിറ എന്നീ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നു.

(ബി)

| ക്രമ നമ്പർ | പദ്ധതി | ടാർജറ്റ് | യൂണിറ്റ് കോസ്റ്റ് | യൂണിറ്റ് ധനസഹായം | ധനസഹായം ആകെ (ലക്ഷം) |
|---|---|---|---|---|---|
| 1 | ഗോദാനം (ഒരുപശു) | 15 | 100000 | 33000 | 4.950 |
| 2 | 2 പശു | 15 | 200000 | 66000 | 9.900 |
| 3 | 5 പശു | 4 | 534000 | 177000 | 7.080 |
| 4 | 10 പശു | 4 | 110700 | 366000 | 14.640 |
| 5 | 5 കിടാരി | 1 | 247000 | 98800 | 0.988 |
| 6 | 10 കിടാരി | 1 | 491000 | 196400 | 1.964 |
| 7 | ഗോകുലം ഡെയറി യൂണിറ്റ് | 1 | 525750 | 200000 | 2.000 |
| 8 | അവശ്യാധിഷ്ഠിത ധനസഹായം | 11 | 100000 | 50000 | 5.500 |
| 9 | മിൽക്കിംഗ് മെഷീൻ | 4 | 50000 | 25000 | 1.000 |
| 10 | ശാസ്ത്രീയ തൊഴുത്ത് | 2 | 100000 | 50000 | 1.000 |
| 11 | അന്തരീക്ഷസമ്മർദ്ദം കുറയ്ക്കുന്നതിനുള്ള സഹായം | 1 | 50000 | 25000 | 0.250 |
| 12 | മിനറൽ മിക്സ്ചർ | 140 | 135 | 100 | 0.140 |
| 13 | അഡീഷണൽ ഇൻസെന്റീവ് വുമൺ ക്യാറ്റിൽകെയർവർക്കർ | 1 | 8400 | 0.084 | 0.084 |
| 14 | ട്രെയിനിംഗ് | 1 | 36600 | 36600 | 0.366 |
| 15 | ഇംപ്ലിമെന്റേഷൻ ചാർജ്ജ് | 1 | 13800 | 13800 | 0.138 |
| | | | | **ആകെ** | **50** |

| എം.എസ്.ഡി.പി. കൺവെൻഷണൽ | | | |
|---|---|---|---|
| (1) | (2) | (3) | (4) |
| പദ്ധതി ഇനം | ടാർജറ്റ് | യൂണിറ്റ് ധനസഹായം | ആകെ ധനസഹായം |
| ഗോദാനം (1 പശു) | 5 | 33000 | 165000 |
| ഗോദാനം (നാടൻ പശു) | 1 | 35000 | 35000 |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 പശു ഡെയറി യൂണിറ്റ് | 5 | 66000 | 330000 |
| 5 കിടാരി യൂണിറ്റ് | 3 | 98800 | 296400 |
| അവശ്യാധിഷ്ഠിത ധസഹായം | 4 | 50000 | 200000 |
| മിൽകിംഗ് മെഷീൻ | 10 | 25000 | 250000 |
| ശാസ്ത്രീയമായികാലിത്തൊഴുത്ത് നിർമ്മാണം | 11 | 50000 | 550000 |
| ആകെ ധനസഹായം | 1826400 | ആകെ ധനസഹായം | 1826400 |

(സി) പൂർത്തീകരിച്ച പദ്ധതികളിൽ ആനുകൂല്യം വിതരണം ചെയ്ത് തുടങ്ങിയിട്ടുണ്ട്.

**പാലുല്പാദനത്തിൽ സ്വയംപര്യാപ്തത**

174 (1001) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ വഴി ശേഖരിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തൊക്കെ നടപടികളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആവശ്യമായതിന്റെ എത്ര ശതമാനം പാലാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷീരസംഘങ്ങളിൽനിന്നും മിൽമ വഴി ശേഖരിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന വകുപ്പിന്റെ ഗുണനിയന്ത്രണ യൂണിറ്റുകൾ മുഖേന പാൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. മിൽമയ്ക്ക് ആഭ്യന്തര വിപണിയിൽനിന്നും ലഭിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനുശേഷമാണ് സ്വീകരിക്കുന്നത്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റി ബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾകൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമേയുള്ള NABL Accredited ലാബുകൾ വഴി മിൽമയുടെ ഡെയറികൾ

ഹെവിമെറ്റൽസ് ആന്റി ബയോട്ടിക് പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

(ബി&സി) പാൽ ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി
2. കാറ്റിൽഫീഡ് സബ്സിഡി
3. തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ
4. ക്ഷീര കർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം
5. ഹീഫർ പാർക്ക്
6. ക്ഷീരഗ്രാമം
7. ഡെയറി സോൺ
8. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി
9. ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പരിപാടി.

സംസ്ഥാനത്തിന്റെ ആവശ്യകതയുടെ ഏകദേശം 81 ശതമാനം ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നു.

**സംസ്ഥാനത്തെ ക്ഷീര ഉല്പാദനം**

175 (1002) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും എന്തൊക്കെ കർമ്മപദ്ധതികളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ 2 വർഷങ്ങൾകൊണ്ട് ഈ മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞുവെന്നും ഇതുവഴി സംസ്ഥാനത്തിന്റെ പാലുൽപ്പാദനത്തിൽ എത്ര വർദ്ധനവ് ഉണ്ടായെന്നും വിശദമാക്കാമോ;

(സി) ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ക്ഷീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തീറ്റപ്പുൽ വികസന പദ്ധതി

ക്ഷീരകർഷകർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്. ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടിയും വർഷം മുഴുവൻ തീറ്റപ്പുല്ലിന്റെയും നടീൽ വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനും കർഷകർക്ക് തീറ്റപ്പുൽകൃഷിക്ക് ധനസഹായം ചെയ്യുന്നതിനും അസോള, ചോളം, വൻപയർ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി വകുപ്പ് തീറ്റപ്പുൽകൃഷി നടപ്പിലാക്കിവരുന്നു. പച്ചപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ഹൈഡ്രോപോണിക് തീറ്റപ്പുൽ കൃഷി ഉല്പാദന പരിപാടിയും നടപ്പിലാക്കിവരുന്നു. കൂടാതെ, സംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് കുറഞ്ഞ നിരക്കിൽ പുല്ല് വിൽക്കുന്നതിന് വനിതകളെ ഉൾപ്പെടുത്തി ഗോപാലിക തീറ്റപ്പുൽകൃഷി പദ്ധതി നടപ്പിലാക്കിവരികയാണ്. തരിശുനിലങ്ങളിൽ വ്യാപകമായി തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിൽ സംഘങ്ങളിലൂടെ തീറ്റപ്പുൽ കൃഷി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. മിൽക്ക്ഷെഡ് വികസന പദ്ധതി

ഉല്പാദനക്ഷമതയുള്ള സങ്കരയിനം പശുക്കളെ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതിയാണിത്. തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി വരെയുള്ള ഡെയറി യൂണിറ്റുകൾക്ക് ധനസഹായം, ക്ഷീര കർഷകന് അവശ്യാധിഷ്ഠിത സഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണ ധനസഹായം, വിമൺ ക്യാറ്റിൽ കെയർ പ്രോഗ്രാം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

3. കാലിത്തീറ്റ സബ്സിഡി

കാലിത്തീറ്റ വിലവർദ്ധനവ് ക്ഷീരകർഷകരുടെ ഉല്പാദനച്ചെലവ് വർദ്ധിപ്പിക്കുന്നു. ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടി സംഘത്തിലളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. കൂടാതെ, ഉരുക്കൾക്കാവശ്യമുള്ള ധാതുലവണമിശ്രിതം വൈറ്റമിൻ സപ്ലിമെന്റുകൾ എന്നിവയും ക്ഷീര കർഷകർക്ക് സംഘം മുഖേന വിതരണം നടത്തിവരുന്നു.

4. പ്രാഥമിക ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം

ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുന്നതിന് ക്ഷീരസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനായി പാൽസംഭരണ മുറികളുടെ നിർമ്മാണം, പുനരുദ്ധാരണം, അവശ്യാധിഷ്ഠിത ധനസഹായം, ഡോക്യുമെന്റേഷൻ, ഡാറ്റാ ബാങ്ക് രൂപീകരണം ഫെസിലറ്റേഷൻ കം-ഇൻഫർമേഷൻ സെന്റർ, എ.എം.സി.യു. (ഓട്ടോമേറ്റഡ് മിൽക് കൂളർ യൂണിറ്റ്) സ്ഥാപിക്കൽ തുടങ്ങി വിവിധങ്ങളായ പരിപാടികൾ നടപ്പിലാക്കിവരുന്നു.

5. ഗ്രാമീണ വിജ്ഞാന വ്യാപനവും ഉപദേശക സർവ്വീസും

പാലുല്പാദനത്തിലുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിന് പുതിയ സാങ്കേതിക വിദ്യയുടെ കൈമാറ്റം, കാലിത്തീറ്റയായി ഉപയോഗപ്പെടുത്താവുന്ന തദ്ദേശീയമായ വസ്തുക്കൾ എന്നിവയെ സംബന്ധിച്ച ബോധവൽക്കരണം നടത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൂടാതെ സെമിനാറുകൾ, കർഷക സമ്പർക്ക പരിപാടികൾ, പരിശീലന പരിപാടികൾ, പാലിന്റെ ഗുണമേന്മാ വർദ്ധനവ് തുടങ്ങിയ വിവിധ വിഷയങ്ങൾ വിജ്ഞാനവ്യാപന പ്രവർത്തനത്തിലൂടെ കർഷകരിലെത്തിക്കുന്നു.

(ബി)

1. ക്ഷീര സഹകരണ സംഘങ്ങളിൽനിന്നും കർഷകർക്ക് ലഭിച്ചിരുന്ന വില ശാസ്ത്രീയമായി പരിഷ്കരിച്ചു.

2. സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് 1 രൂപ പ്രകാരം കാലിത്തീറ്റ ധനസഹായം അനുവദിച്ചു.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെട പദ്ധതി വിഹിതത്തിൽനിന്ന് ക്ഷീരവികസന വകുപ്പ് നൽകുന്ന കാലിത്തീറ്റ ധനസഹായം ഉൾപ്പെടെ ലിറ്ററിന് 4 രൂപ വരെ കർഷകർക്ക് ധനസഹായം അനുവദിച്ചു.

4. പുതിയ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നിലവിലുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ഡെയറി സോൺ, ക്ഷീരഗ്രാമം പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി.

5. കറവക്കാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും കറവയന്ത്രം, മറ്റ് ജോലികൾ ലഘൂകരിക്കുന്നതിനാവശ്യമായ മെക്കനൈസേഷൻ മുതലായവയ്ക്കായി അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി നടപ്പിലാക്കി.

6. തീറ്റപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ പ്രദേശങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിച്ചു. കൂടാതെ തരിശ് നിലങ്ങളിൽ തീറ്റപ്പുൽ കൃഷി നടത്തുന്നതിനായി പ്രത്യേക പദ്ധതിയും നടപ്പിലാക്കി.

7. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ പരിഷ്കരിച്ചുനടപ്പിലാക്കി.

8. വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ക്ഷീരസഹകരണ സംഘങ്ങൾക്ക് കൂടുതൽ ധനസഹായം അനുവദിക്കുകയും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുകയും ചെയ്തു.

9. ക്ഷീരകർഷകരുടെ കടം എഴുതിത്തള്ളി.

10. വരൾച്ച നേരിടുന്നതിനായി അടിയന്തര സഹായം അനുവദിച്ചു. മേൽ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കിയതിലൂടെയാണ് പ്രതികൂല സാഹചര്യത്തിലും ക്ഷീരോല്പാദക മേഖലയിൽ വൻപുരോഗതി കൈവരിക്കുവാൻ കഴിഞ്ഞത്. പാൽ സംഭരണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2016-17 വർഷം ആകെ 594034887 ലിറ്റർ പാൽ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന സംഭരിച്ചു. 2017-18-ൽ 664212532 ലിറ്റർ പാലും സംഭരിച്ചിട്ടുണ്ട്. 11.81 ശതമാനത്തിന്റെ വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്.

(സി) ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>തീറ്റപ്പുൽ കൃഷി വികസന പദ്ധതി</u>

ക്ഷീരകർഷകർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്. ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടിയും വർഷം മുഴുവൻ തീറ്റപ്പുല്ലിന്റെയും നടീൽ വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനും കർഷകർക്ക് തീറ്റപ്പുൽ കൃഷിക്ക് ധനസഹായം ചെയ്യുന്നതിനും അസോള, ചോളം, വൻപയർ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി വകുപ്പ് തീറ്റപ്പുൽകൃഷി നടപ്പിലാക്കിവരുന്നു. പച്ചപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ഹൈഡ്രോപോണിക് തീറ്റപ്പുൽ കൃഷി ഉല്പാദന പരിപാടിയും നടപ്പിലാക്കിവരുന്നു. കൂടാതെ, സംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് കുറഞ്ഞ നിരക്കിൽ പുല്ല് വിൽക്കുന്നതിന് വനിതകളെ ഉൾപ്പെടുത്തി ഗോപാലിക തീറ്റപ്പുൽകൃഷി പദ്ധതി നടപ്പിലാക്കിവരികയാണ്. തരിശുനിലങ്ങളിൽ വ്യാപകമായി തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിൽ സംഘങ്ങളിലൂടെ തീറ്റപ്പുൽ കൃഷി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മിൽക്ക്ഷെഡ് വികസന പദ്ധതി

ഉല്പാദനക്ഷമതയുള്ള സങ്കരയിനം പശുക്കളെ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതിയാണിത്. തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി വരെയുള്ള ഡെയറി യൂണിറ്റുകൾക്ക് ധനസഹായം, ക്ഷീര കർഷകന് അവശ്യാധിഷ്ഠിത സഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണ ധനസഹായം, വിമൺ ക്യാറ്റിൽ കെയർ പ്രോഗ്രാം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

കാലിത്തീറ്റ സബ്സിഡി

കാലിത്തീറ്റ വിലവർദ്ധനവ് ക്ഷീരകർഷകരുടെ ഉല്പാദനച്ചെലവ് വർദ്ധിപ്പിക്കുന്നു. ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടി സംഘത്തിലളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. കൂടാതെ, ഉരുക്കൾക്കാവശ്യമുള്ള ധാതുലവണമിശ്രിതം, വൈറ്റമിൻ സപ്ലിമെന്റുകൾ എന്നിവയും ക്ഷീര കർഷകർക്ക് സംഘം മുഖേന വിതരണം നടത്തിവരുന്നു.

കൂടാതെ, ക്ഷീരകർഷക ക്ഷേമനിധി മുഖാന്തരം അംഗങ്ങളായവർക്ക് പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം തുടങ്ങി വിവിധങ്ങളായ ക്ഷേമ പരിപാടികളും നടപ്പിലാക്കിവരുന്നു. ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ക്ഷീരകർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനുവേണ്ടിയും പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് വേണ്ടിയുമാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

**സ്വയംപര്യാപ്ത ക്ഷീര കേരളം പദ്ധതി**

176 (1003) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വയംപര്യാപ്ത ക്ഷീരകേരളം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ലക്ഷ്യം നേടുന്നതിനുള്ള ഊർജിത നടപടികളുടെ ഫലമായി പാലുല്പാദനത്തിൽ തുടർച്ചയായ വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന് ആവശ്യമുള്ളതിന്റെ എത്ര ശതമാനം പാൽ ഇപ്പോൾ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ക്ഷീരോല്പാദന രംഗത്ത് പുതുതായി നടപ്പാക്കി വരുന്ന ക്ഷീരഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

(ബി) ഉണ്ട്. 2016-17 വർഷം ആകെ 594034887 ലിറ്റർ പാൽ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന സംഭരിച്ചു. 2017-18-ൽ 664212532 ലിറ്റർ പാലും സംഭരിച്ചിട്ടുണ്ട്. 11.81 ശതമാനനത്തിന്റെ വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഏകദേശം 87 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ആവശ്യമായിട്ടുണ്ട് എന്ന് കണക്കാക്കുന്നു. സംസ്ഥാനത്ത് ആവശ്യമുള്ളതിന്റെ 80 ശതമാനത്തിലധികം പാൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ തെരഞ്ഞെടുത്ത താഴെപ്പറയുന്ന 10 ഗ്രാമപഞ്ചായത്തുകളിലാണ് 2018-19 സാമ്പത്തിക വർഷം ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

| ക്രമ നമ്പർ | പഞ്ചായത്ത് | ജില്ല |
|---|---|---|
| 1 | വെമ്പായം | തിരുവനന്തപുരം |
| 2 | തൊടിയൂർ | കൊല്ലം |
| 3 | മേലില | കൊല്ലം |
| 4 | വയലാർ | ആലപ്പുഴ |
| 5 | കോലാഴി | തൃശ്ശൂർ |
| 6 | കണ്ണമംഗലം | മലപ്പുറം |
| 7 | വട്ടൻകുളം | മലപ്പുറം |
| 8 | ചെറുവാന്നൂർ | കോഴിക്കോട് |
| 9 | തില്ലങ്കേരി | കണ്ണൂർ |
| 10 | പനത്തടി | കാസർഗോഡ് |

ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സബ്സിഡി തുക |
|---|---|---|
| (1) | (2) | (3) |
| 1 | ഗോധാനം | 33,000 |
| 2 | 2 പശു യൂണിറ്റ് | 66,000 |
| 3 | 5 പശു യൂണിറ്റ് | 1,77,000 |

| (1) | (2) | (3) |
|---|---|---|
| 4 | 10 പശു യൂണിറ്റ് | 3,66,000 |
| 5 | 5 കിടാരി യൂണിറ്റ് | 98,800 |
| 6 | 10 കിടാരി യൂണിറ്റ് | 1,96,400 |
| 7 | ഗോകുലം ഡെയറി യൂണിറ്റ് | 2,00,000 |
| 8 | അവശ്യാധിഷ്ഠിത ധനസഹായം | 50,000 |
| 9 | കറവ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം | 20,000 |
| 10 | ശാസ്ത്രീയമായ കാലിത്തൊഴുത്ത് നിർമ്മാണം | 50,000 |
| 11 | ഫാം മെക്കനൈസേഷൻ | 25,000 |

**പാലുല്പാദനത്തിൽ സ്വയംപര്യാപ്തത**

177 (1004) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഒരു വർഷത്തിനുള്ളിൽ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മിൽക്ക് ഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്;

(സി) 2017-18-ൽ പ്രഖ്യാപിച്ച ഗോസമൃദ്ധി പദ്ധതി പ്രകാരം എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുന്നത് എന്നറിയിക്കാമോ;

(ഡി) അഞ്ചിൽ കൂടുതൽ കറവപ്പശുക്കളുള്ള ക്ഷീര കർഷകർക്ക് കറവ യന്ത്രം നൽകുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് നിലവിലെ പാലിന്റെ ആവശ്യകത എത്രയാണെന്നും അതിൽ ആഭ്യന്തര ഉല്പാദനം എത്രയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്. പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. മിൽക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി
2. ക്യാറ്റിൽ ഫീഡ് സബ്സി
3. തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ
4. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം
5. ഹീഫർ പാർക്ക്
6. ക്ഷീരഗ്രാമം
7. ഡെയറി സോൺ
8. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി
9. ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പരിപാടി

ഈ പദ്ധതികൾ മികച്ച രീതിയിൽ പുരോഗമിക്കുന്നതിനാൽ ഗുണപരമായ മാറ്റങ്ങൾ ക്ഷീരമേഖലയിൽ ദൃശ്യമാണ്. 2017-18 വർഷം പാൽ ഉല്പാദനത്തിൽ 11.81 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ നില തുടർന്നാൽ ഒരു വർഷത്തിനുള്ളിൽ പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) മിൽക് ഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നു:

1. ഗോദാനം
2. 2 പശു യൂണിറ്റ്
3. 3 പശു യൂണിറ്റ്
4. 5 പശു യൂണിറ്റ്
5. 10 പശു യൂണിറ്റ്
6. 5 കിടാരി യൂണിറ്റ്
7. 10 കിടാരി യൂണിറ്റ്
8. അവശ്യാധിഷ്ഠിത സഹായം
9. കറവ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം
10. ഹീഫർ പാർക്ക്
11. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി

(സി) ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ മരണം, ഉല്പാദന പ്രത്യുല്പാദനക്ഷമത നഷ്ടപ്പെടുന്നതുമൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം എന്നിവയിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്തുവാനാണ് ഗോസമൃദ്ധി പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിലെ കർഷകരുടെ 55000 ഉരുക്കളെയും എസ്.സി./എസ്.ടി. വിഭാഗത്തിലെ കർഷകരുടെ 5000 ഉരുക്കളെയും ചേർത്ത് ആകെ 60000 ഉരുക്കളെ (പശു/എരുമ) ഇൻഷ്വർ ചെയ്യുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) പ്രാവർത്തികമാക്കിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് ഏകദേശം 87 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ആവശ്യമായിട്ടുണ്ട് എന്ന് കണക്കാക്കപ്പെടുന്നു. സംസ്ഥാനത്ത് ആവശ്യമുള്ളതിന്റെ 80 ശതമാനത്തിലധികം പാലുല്പാദിപ്പിക്കപ്പെടുന്നു എന്ന് കണക്കാക്കുന്നു.

## പാലിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് പുതിയ സംവിധാനം

178 (1005) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് പുതിയതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അത്തരം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലുല്പാദനം സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്.

1. മിൽക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി
2. ക്യാറ്റിൽ ഫീഡ് പദ്ധതി
3. തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ
4. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം
5. ഹീഫർ പാർക്ക്

6. ക്ഷീരഗ്രാമം

7. ഡെയറി സോൺ

8. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി

9. ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പരിപാടി മുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ബാക്ക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട് നടപ്പിലാക്കിവരുന്നു.

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ തെന്മല (ആര്യങ്കാവ്) എന്നിവിടങ്ങളിൽ പാൽ പരിശോധന ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ പാൽ പരിശോധന ചെക്ക് പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിൽ നിലവിലുള്ള സംവിധാനങ്ങൾ പാലിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് പര്യാപ്തമാണ്. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നാഷണൽ മിൽക് സർവ്വേ പ്രോഗ്രാം പ്രകാരം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പാലിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തിവരുന്നു.

(സി) സംസ്ഥാനാതിർത്തിയിലുള്ള മറ്റ് ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധന സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോഴിക്കോട് ഡയറി (മിൽമ) മാലിന്യപ്രശ്നം**

179 (1006) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഡെയറി (മിൽമ) മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് സ്വന്തം ചെലവിൽ സ്ഥലം ഏറ്റെടുക്കുന്നതിന് മിൽമ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിന് അനുമതി നൽകിക്കൊണ്ട് 8-11-2017-ന് സ. ഉ (സാധാ) നമ്പർ 130/2017/ഡി.ഡി.യായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(ഡി) സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി&ഡി) കോഴിക്കോട് ഡെയറി (മിൽമ) മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി കോഴിക്കോട് താലൂക്കിലെ പെരുവയൽ വില്ലേജിലെ 5.0485 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്ത് നെൽവയൽ/തണ്ണീർത്തടങ്ങൾ/ചതുപ്പുനിലങ്ങൾ എന്നിവ ഉള്ളതിനാൽ സംസ്ഥാനതല നിരീക്ഷണ സമിതി ശിപാർശ നിരസിക്കുകയാണുണ്ടായത്. നെൽവയൽ, തണ്ണീർത്തടങ്ങൾ, ചതുപ്പുനിലങ്ങൾ എന്നിവ ഒഴിവാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി നടപടി സ്വീകരിക്കു ന്നതാണ്.

**ക്ഷീര കർഷകർക്ക് ക്ഷീര സംഘങ്ങളിൽനിന്നും ലഭിക്കുന്ന തുക**

180 (1007) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് ക്ഷീര സംഘങ്ങളിൽ നിന്ന് നൽകുന്ന തുക ബാങ്ക് വഴി നൽകുവാൻ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇത് മൂലം ക്ഷീര കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ 8-11-2016-ലെ ഗസറ്റ് നമ്പർ SO3407 അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 10-11-2016-ലെ സി2/17099/2016 (സർക്കുലർ നമ്പർ 19/2016) പ്രകാരം പാൽ വില ബാങ്ക് വഴി നൽകുന്നതിനായി ക്ഷീരസംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് വേണ്ടി 23-6-2017-ലെ സി1/9768/2017 പ്രകാരം എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും വീണ്ടും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ക്ഷീരകർഷകർക്ക് പാൽവില ബാങ്കിലൂടെ നൽകുന്ന ക്യാഷ്‌ലെസ് പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നത് നല്ല നടപടിയാണെന്നും എന്നാൽ ചെറുകിട കർഷകർക്ക് വലിയ പ്രയാസം

ഉണ്ടെന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രതിദിനം അഞ്ചുലിറ്റർ പാൽ വരെ നൽകുന്ന കർഷകർക്ക് മാത്രം പാൽവില പണമായി നൽകുന്ന വിധത്തിൽ നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

**ക്ഷീര കർഷകർക്കുണ്ടാകുന്ന ആകസ്മിക നഷ്ടങ്ങൾക്കുള്ള ധനസഹായം**

181 (1008) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീര കർഷകർക്കുണ്ടാകുന്ന ആകസ്മിക നഷ്ടങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

ഗ്രാമീണ വിജ്ഞാനവ്യാപന ഉപദേശക പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടിൻജൻസി ഫണ്ട് എന്ന പദ്ധതി ഘടകത്തിൽ 400 ക്ഷീര കർഷകർക്ക് ആകസ്മികമായ കാരണങ്ങളാൽ കറവപ്പശുക്കൾ ചത്തുപോകുകയോ, പാൽ ഉല്പാദനശേഷി പൂർണ്ണമായി നിന്നുപോകുകയോ, പ്രകൃതിക്ഷോഭംമൂലമോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾ കണക്കാക്കി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഒരാൾക്ക് പരമാവധി 15,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

ക്ഷീരകർഷകർക്ക് തങ്ങളുടെ ഉരുക്കൾ നഷ്ടപ്പെടുന്നതുമൂലം ഉണ്ടാകുന്ന നഷ്ടങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ ദുരന്ത നിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിൻജൻസി ഫണ്ടിൽനിന്നും ധനസഹായം നൽകിവരുന്നു. വളർത്തുമൃഗങ്ങൾക്ക് പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന ജീവഹാനി, ആന്ത്രാക്സ്, പേവിഷബാധ, വന്യജീവി ആക്രമണം, അപകടങ്ങൾ, പക്ഷിപ്പനി, ആട് വസന്ത എന്നീ രോഗങ്ങൾക്കും മറ്റ് അത്യാഹിതങ്ങൾക്കും നഷ്ടപരിഹാരം നൽകിവരുന്നു. പശു, എരുമ എന്നിവയ്ക്ക് 16,400 രൂപയും (പരമാവധി ഒന്ന്) കിടാരിക്ക് 10,000 (പരമാവധി രണ്ട് എണ്ണം) എന്ന തോതിൽ നഷ്ടപരിഹാരം നൽകിവരുന്നു. ഇൻഷ്വറൻസ് ധനസഹായം റവന്യൂ വകുപ്പിൽ നിന്നുള്ള ധനസഹായം എന്നിവ ലഭിക്കാതെ വരുന്ന സാഹചര്യത്തിലാണ് മൃഗസംരക്ഷണ വകുപ്പിൽനിന്ന് ധനസഹായം നൽകിവരുന്നത്.

**ക്ഷീരകർഷക ക്ഷേമം**

182 (1009) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പലരും കാലിവളർത്തലിൽ നിന്നും പിന്നോട്ട് പോകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ബി) കടക്കെണിയിലായ ക്ഷീരകർഷകർക്കുവേണ്ടി 2016-17-ൽ നടപ്പിലാക്കിയ കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം ഇതിനകം എത്ര പേർക്ക് ലഭിച്ചുവെന്ന് വിശദമാക്കാമോ;

(സി) കടാശ്വാസ പദ്ധതി കൂടുതൽ പേരിലേക്ക് വ്യാപിപ്പിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) ക്ഷീരകർഷകർക്ക് ഡെയറി ഫാം ആധുനികവൽക്കരിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്നും 2017-18-ൽ ഈ പദ്ധതിയുടെ ആനുകൂല്യം എത്ര ക്ഷീരകർഷകർക്ക് അനുവദിച്ചുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

2017-18 വർഷം ഈ മേഖലയിൽ കൂടുതൽ കർഷകർ വന്നിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2017-18 വർഷം 34299 ക്ഷീര കർഷകർ പുതിയതായി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കറവപ്പശുക്കൾ ചത്തുപോയതുമൂലമോ ഉല്പാദനം നിലച്ചുപോയതോ കാരണം കറവപ്പശുക്കൾ വങ്ങുന്നതിനായി എടുത്ത വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വന്ന കർഷകരെ സഹായിക്കുന്നതിനായി നടപ്പാക്കിയ ഈ പദ്ധതിയുടെ പ്രയോജനം 2285 കർഷകർക്ക് ലഭ്യമായിട്ടുണ്ട്.

(സി) കടാശ്വാസ പദ്ധതി ഒറ്റത്തവണ പദ്ധതി ആയിരുന്നു. ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണമാണ് കൂടുതൽ ക്ഷീകർഷകരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കാത്തത്.

(ഡി) താഴെപ്പറയുന്ന പദ്ധതികൾ ആണ് ഡെയറി ഫാം ആധുനികവൽക്കരിക്കുന്നതിന് വകുപ്പ് നൽകിയത്.

| ക്രമ നമ്പർ | പദ്ധതി ഘടകം | അനുവദിച്ച യൂണിറ്റുകളുടെ എണ്ണം | ധനസഹായ തുക (രൂപയിൽ) |
|---|---|---|---|
| 1 | ശാസ്ത്രീയതൊഴുത്ത് നിർമ്മാണ/ നവീകരണ പദ്ധതി | 824 | 50,000 |
| 2 | കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി | 900 | 25,000 |
| 3 | കർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി | 520 | 50,000 |
| 4 | കറവപ്പശുക്കൾക്ക് അന്തരീക്ഷ സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള ധനസഹായ പദ്ധതി | 112 | 25,000 |

**മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ പൂർത്തിയാക്കാൻ നടപടി**

183 (1010) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ നിർമ്മാണം മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ദീർഘനാളുകൾമുമ്പ് നിർമ്മാണങ്ങൾ ആരംഭിച്ച് പൂർത്തിയാകതെ അവശേഷിക്കുന്ന വൻകിട പദ്ധതികൾ

1. മൂവാറ്റുപുഴ വാലി
2. ഇടമലയാർ
3. ബാണാസുര സാഗർ
4. കാരാപ്പുഴ എന്നിവയാണ്.

(ബി) ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിലും എൺപതുകളിലും തുടങ്ങിയ മേൽപ്പറഞ്ഞ പദ്ധതികളുടെ ഭാവി നിർമ്മാണ പ്രവർത്തനങ്ങൾ, കുറഞ്ഞ ചെലവിൽ എങ്ങനെ പ്രയോജനകരമായ രീതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കും എന്നീ കാര്യങ്ങളെക്കുറിച്ച് പഠനം നടത്തി നിർദ്ദേശം നൽകുവാനായി 5 അംഗ സാങ്കേതിക സമിതി പ്ലാനിംഗ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ നിർദ്ദേശപ്രകാരം പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**നാദാപുരം മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ**

184 (1011) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിൽ മേജർ /മൈനർ ഇറിഗേഷൻ വകുപ്പുകൾ എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ ?

ഉത്തരം

നാദാപുരം മണ്ഡലത്തിലെ മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾ ഏറ്റെടുത്ത പ്രവൃത്തികൾ താഴെചേർക്കുന്നു.

1. ചെക്യാട് പഞ്ചായത്തിൽ ചേട്യാല തുരുപാലത്തിന് മുകൾവശത്ത് മാഹിപ്പുഴയ്ക്ക് വലതുകര സംരക്ഷണം എന്ന പ്രവൃത്തി (28 ലക്ഷം രൂപ).
2. കായക്കൊടി പഞ്ചായത്തിലെ കുഴിപ്പാട് ചെക്ക്ഡാമിന് താഴെ ഭാഗത്ത് കുഴിപ്പാട് വലിയ തോടിന്റെ പാർശ്വ സംരക്ഷണ പ്രവൃത്തി (20 ലക്ഷം രൂപ).

**ജലവിഭവ വകുപ്പ് ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ**

185 (1012) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് 2016-17, 2017-18 വർഷങ്ങളിലെ ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളുടെ ലിസ്റ്റും ഇതിൽ ഭരണാനുമതി നല്കിയവ, ടെണ്ടർ നടപടി പൂർത്തീകരിച്ചവ, പണി തുടങ്ങിയവ, പണി പൂർത്തീകരിച്ചവ ഒരു നടപടിയും കൈക്കൊള്ളാത്തവ എന്നിവയുടെ ക്രോഡീകരിച്ച ലിസ്റ്റും പ്രത്യേകം നൽകാമോ;

(ബി) ജല വിഭവ വകുപ്പ് 2016-17, 2017-18 എന്നീ വർഷങ്ങളിൽ പ്ലാനിൽ പ്രഖ്യാപിച്ച പദ്ധതികളുടെ മൊത്തം തുകയെത്രയാണെന്ന് വകുപ്പ് തിരിച്ചും വർഷം തിരിച്ചും നൽകാമോ; പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ നടത്തിപ്പിന് മേൽനോട്ടം നല്കാൻ വകുപ്പിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള ജല അതോറിറ്റി

2016-17-ലെ പുതുക്കിയ ബജറ്റിലും 2017-18-ലെ ബജറ്റിലും ബജറ്റിന്റെ മുപടി പ്രസംഗങ്ങളിലും ഉൾപ്പെട്ടിട്ടുള്ള കിഫ്ബി പദ്ധതികളുടെയും 2016-17, 2017-18 വർഷങ്ങളിലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള സ്റ്റേറ്റ് പ്ലാനിൽ പദ്ധതികളുടെയും തൽസ്ഥിതി സംബന്ധിച്ച ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു.*

ജലസേചന വകുപ്പ്

2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലും 2017-18-ലെ ബജറ്റ് പ്രസംഗത്തിലും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കീഴിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

പദ്ധതി വിഭാഗം 1

2017-18 വർഷത്തെ ബജറ്റിൽ ഈ കാര്യാലയത്തിനുകീഴിലുള്ള ചമ്രവട്ടം റെഗുലേറ്ററിലെ ചോർച്ച ഇല്ലാതാക്കി റെഗുലേറ്ററിന്റെ പൂർണ്ണ വിനിയോഗം ഉറപ്പുവരുത്തുന്നതിന് 10 കോടി രൂപ വകയിരുത്തിയിരുന്നു. ചമ്രവട്ടം പദ്ധതിയുടെ 2017-18 വർഷത്തെ പ്രവൃത്തികൾക്കായി 10 കോടി രൂപയുടെ ആക്ഷൻ പ്ലാൻ പരിശോധിച്ചുവരുന്നു.

ചിറ്റൂർപ്പുഴ പദ്ധതിക്ക്കീഴിൽ വരുന്ന കമ്പാലത്തറ, കുന്നംപിടാരി, വെങ്കലക്കയം എന്നീ ഏരിയകളുടെ നവീകരണത്തിനായി 2017-18 ബജറ്റിൽ 4702-00-101-64 ശീർഷകത്തിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ പരിഗണനയിലാണ്. ചിറ്റൂർപ്പുഴ പദ്ധതിയിലെ കാഡാ ചാനലുകളുടെ നവീകരണത്തിനായി 10 കോടി രൂപയുടെ ഡി.പി.ആർ.-ഉം മലമ്പുഴ ഡിവിഷനുകീഴിലുള്ള പോത്തുണ്ടി, മംഗലം, ചേരാമംഗലം പദ്ധതികളുടെ കാഡാ ഫീൽഡ് കനാലുകളുടെയും ഫീൽഡ് ബോത്തികളുടെയും പുനരുദ്ധാരണത്തിനായി 700 ലക്ഷം രൂപയുടെ (പോത്തുണ്ടി-300 ലക്ഷം, മംഗലം-200 ലക്ഷം, ചേരാമംഗലം-200 ലക്ഷം) പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

പദ്ധതി വിഭാഗം 2

2017-18 വർഷത്തെ ബജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 168-ൽ ഈ ഓഫീസിന് കീഴിൽ വരുന്ന ഇടമലയാർ, മൂവാറ്റുപുഴ, പാമ്പാർ ബേസിൻ പ്രോജക്ട് എന്നിവയെ കുറിച്ച് പ്രതിപാദിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷം ഇടമലയാർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇറിഗേഷൻ പ്രോജക്ടിന് 10 കോടി രൂപ ബജറ്റ് വിഹിതം അനുവദിച്ചിരുന്നു. ടി പദ്ധതിയുടെ 2017-18 വർഷത്തെ ആക്ഷൻ പ്ലാൻ അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ മെയിൻ കനാൽ 100 ശതമാനവും ലോ ലെവൽ കനാൽ 54.16 ശതമാനവും ലിങ്ക് കനാൽ 36.85 ശതമാനവും പൂർത്തിയായി.

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷം 9.35 കോടി രൂപ ബജറ്റ് വിഹിതം അനുവദിച്ചിരുന്നു. ടി പദ്ധതിയുടെ 2017-18 വർഷത്തെ ആക്ഷൻ പ്ലാൻ അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ മെയിൻ കനാൽ 100 ശതമാനവും ബ്രാഞ്ച് കനാൽ 99.9 ശതമാനവും ഡിസ്ട്രിബ്യൂട്ടറികളുടെ 90 ശതമാനവും പൂർത്തിയാക്കിയിട്ടുണ്ട്.

പാമ്പാർ ബേസിൻ പ്രോജക്ടിലെ പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണത്തിന് 2017-18 സാമ്പത്തിക വർഷം 13 കോടി രൂപ ബജറ്റ് വിഹിതം ലഭിച്ചിരുന്നു. പട്ടിശ്ശേരി ഡാമിന്റെ ഡിസൈനിൽ മാറ്റം വന്നതിനാൽ പുതിയ ഡിസൈൻ പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുകയാണ്. പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുന്ന മറ്റ് ഡാമുകളുടെ നിർമ്മാണത്തിനായി 40 കോടി രൂപ 2017-18 വർഷത്തിൽ വകയിരുത്തിയിരുന്നു. ടി പദ്ധതിയിൽ ഉൾപ്പെട്ട ഒറ്റമരം, അപ്പർചട്ട, മൂന്നാർ, ലോവർചട്ട മൂന്നാർ എന്നീ ഡാമുകളുടെ പര്യവേഷണ പ്രവൃത്തികൾ നടന്നുവരുന്നു.

2017-18 വർഷത്തെ ബജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 169-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഇരുപതോളം നദികളിൽ റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്ന് 600 കോടി രൂപ നിക്ഷേപിക്കുന്നതായി പറഞ്ഞിരുന്നു. ഈ ഓഫീസിന് കീഴിൽ വരുന്ന മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുന്ന ചേംപ്ലാവ്, കുറ്റനാൽ കടവ് എന്നിവിടങ്ങളിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന മിനിഡാമുകളുടെ പ്രൊപ്പോസൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുവേണ്ടി സമർപ്പിക്കുകയും ആയതിന് പ്രിൻസിപ്പൽ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ഐ.ഡി.ആർ.ബി.

2016-17, 2017-18 സാമ്പത്തിക വർഷത്തിൽ പര്യവേഷണ പ്രവൃത്തികൾക്കുള്ള ഫണ്ട് 4700-80-005-99-02-00 എന്ന ശീർഷകത്തിൽ 150 ലക്ഷം രൂപയാണ് ബജറ്റ് വിഹിതമായി ലഭിച്ചത്. 2016-17 സാമ്പത്തിക വർഷത്തിൽ 41 പ്രവൃത്തികളുടെ പര്യവേഷണ പ്രവൃത്തികൾക്കായി 178.69 ലക്ഷം രൂപയുടെ സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിന് 52 പര്യവേഷണ പ്രവൃത്തികൾക്കായി 4,26,73,085 രൂപയുടെ സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകിയിട്ടുണ്ട്.

Development of Kerala Engineering Research Institute-Stage II-4701-80-800-99 എന്ന ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ 85 ലക്ഷം രൂപയും 2017-18-ൽ 90 ലക്ഷം രൂപയുമാണ് ബജറ്റ് വിഹിതമായി അനുവദിച്ചത്. 2016-17 സാമ്പത്തിക വർഷത്തിൽ സാമ്പത്തികാനുമതി, ഭരണാനുമതി, സാങ്കേതികാനുമതി തുടങ്ങിയവ നൽകിയ 36 പ്രവൃത്തികളും പൂർത്തീകരിച്ചുകഴിഞ്ഞു.

Dam Safety Orgnisation & Dam Safety Measures-2701-80-800-92 എന്ന ശീർഷകത്തിൽ 2016-17, 2017-18-ൽ 10 ലക്ഷം രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചത്. പരിശീലന പരിപാടികൾ, ഡാമുകളുടെ സാങ്കേതിക സന്ദർശനം തുടങ്ങിയവയാണ് ഇതിൽ നടത്തിവരുന്നത്.

Dam Safety Orgnisation & Dam Safety Measures-4700-80-800-97-01 എന്ന ശീർഷകത്തിൽ 2016-17, 2017-18-ൽ 190 ലക്ഷം രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചത്. മുൻഗണനാ ക്രമത്തിൽ ഡാമുകളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു.

Post Facto Evaluations Studies 4701-80-800-96 എന്ന ശീർഷകത്തിൽ 2016-17 2017-18-ൽ 5 ലക്ഷം രൂപയാണ് ബജറ്റ് വിഹിതമായി ലഭിച്ചത്. 2016-17 സാമ്പത്തിക വർഷത്തിൽ പഴശ്ശി, വാളയാർ, മലമ്പുഴ പദ്ധതികളുടെ പോസ്റ്റ് ഫാക്ടോ ഇവാലുവേഷൻ പഠനം നടത്തി റിപ്പോർട്ടിന്റെ കരട് തയ്യാറാക്കി കഴിഞ്ഞു. 2017-18 സാമ്പത്തിക വർഷത്തിൽ കാഞ്ഞിരപ്പുഴ, ചീരക്കുഴി തുടങ്ങിയ പദ്ധതികളുടെ പോസ്റ്റ് ഫാക്ടോ ഇവാലുവേഷൻ നടത്തി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

Formation of River Basin Organisation 4701-80-800-88 എന്ന ശീർഷകത്തിൽ 2016-17 2017-18-ൽ 100 ലക്ഷം രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചത്. 2017-18 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 28 ലക്ഷം രൂപയ്ക്ക് Study on Sand Budgeting in Chaliyar River Basin എന്ന പ്രവൃത്തിക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. Dam Rehabilitation and Improvement Project (DRIP) 4701-80-800-77 എന്ന ശീർഷകത്തിൽ ലോകബാങ്ക് സഹായത്തോടുകൂടി 16 ഡാമുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ പ്രവർത്തനകാലാവധി 2020 ജൂൺ വരെയാണ്.

Modernisation of Design Wing 2701-80-005-93 എന്ന ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഐ.ഡി.ആർ.ബി.-യുടെ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി 32 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

2016-17-ലെയും 2017-18-ലെയും പ്രവൃത്തികളുടെ തരംതിരിച്ച പട്ടിക അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

ഭൂജല വകുപ്പ്

2017-18 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ (പാര 174 പ്രകാരം) മഴവെള്ളക്കൊയ്ത്തിനും ഭൂഗർഭജല റീചാർജ്ജിംഗിനുംവേണ്ടി 18 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഭൂജല വകുപ്പിന് 2017-18 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി (പ്ലാൻ ഫണ്ട്) 157 ലക്ഷം രൂപ, ഭൂജല സംരക്ഷണവും സംപോഷണവും പദ്ധതിയിൽ അനുവദിക്കുകയും ആയതിൻപ്രകാരമുള്ള സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുറന്ന കിണർ വഴിയുള്ള 83 കൃത്രിമ ഭൂജല സംപോഷണ പദ്ധതികളും കുഴൽക്കിണർ വഴിയുള്ള 5 റീചാർജ്ജ് പദ്ധതികളും 18 പുനരുദ്ധാരണ പ്രവൃത്തികളും വിവിധ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി 124.32 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ജലനിധി

2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലും 2017-18-ലെ ബജറ്റ് പ്രസംഗത്തിലും എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധിയുടെ കീഴിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.*

(ബി)

ജലസേചന വകുപ്പ്

2016-17, 2017-18 സാമ്പത്തിക വർഷത്തിൽ ജലസേചന വകുപ്പിന് കീഴിൽ വിവിധ ജലസേചന പദ്ധതികൾക്കായി വകയിരുത്തിയ തുക ചുവടെ ചേർക്കുന്നു:

| ചീഫ് എഞ്ചിനീയറുടെ കാര്യാലയം | 2016-17 | 2017-18 |
|---|---|---|
| | (തുക ലക്ഷത്തിൽ) | |
| ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും | 18217 | 22250 |
| ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 | 2850.01 | 3850 |
| ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 | 5622.97 | 10017 |
| ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. | 9995 | 26310 |
| ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ് | 17114 | 10522 (additional authorization) |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്ലാൻ സ്കീമിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ പുരോഗതി, ചെലവ് എന്നിവ പരിശോധിക്കുന്നതിനായി ജലസേചന വകുപ്പിന് കീഴിൽ മോണിറ്ററിംഗ് വിഭാഗത്തിൽ "e-monitoring software" സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള ജല അതോറിറ്റി

2016-17, 2017-18 സാമ്പത്തിക വർഷത്തിൽ കേരള ജല അതോറിറ്റിക്ക് കീഴിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുക ചുവടെ ചേർക്കുന്നു.

2016-17 - 452.50 കോടി രൂപ

2017-18 - 438 കോടി രൂപ

പ്രധാന പദ്ധതികൾ പ്രോജക്ട് ഡിവിഷനുകൾ വഴിയാണ് നടപ്പിലാക്കുന്നത്. എന്നാൽ ചെറിയ പ്രവൃത്തികൾ അതത് മെയിന്റനൻസ് ഡിവിഷനുകൾ വഴിയാണ് നടപ്പിലാക്കുന്നത്. പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി ഹെഡ് ഓഫീസ് തലത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ മോണിറ്ററിംഗിന് കീഴിൽ മോണിറ്ററിംഗ് വിഭാഗം പ്രവർത്തിച്ചുവരുന്നു. കൂടാതെ സർക്കാർ തലത്തിലും നിശ്ചിത കാലയളവിൽ വീഡിയോ കോൺഫറൻസ് മുഖേനയും നേരിട്ടും അവലോകന യോഗങ്ങൾ നടത്തി പദ്ധതികളുടെ പുരോഗതി വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്.

ഭൂജല വകുപ്പ്

ഭൂജല വകുപ്പിന് 2016-17 സാമ്പത്തിക വർഷത്തിൽ 3300.58 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 1951.0 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ഭൂജല വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തി ഡയറക്ടറുടെ ഡെലിഗേഷൻ ഓഫ് പവർ അനുസരിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്ലാൻ പദ്ധതികളുടെ നിർവ്വഹണം ജില്ലാ ഓഫീസർമാർ നടപ്പിലാക്കിവരുന്നു.

ജലനിധി

| ക്രമ നമ്പർ | സമ്പത്തിക വർഷം | പദ്ധതിയിൽ അനുവദിച്ച തുക | പദ്ധതിയുടെ മേൽനോട്ടത്തിനുള്ള സംവിധാനങ്ങൾ |
|---|---|---|---|
| 1 | 2016-17 | 10.00 കോടി | മഴകേന്ദ്രത്തിലെ ഉദ്യോഗസ്ഥരുടെയും ജലനിധിയുടെ ഉദ്യോഗസ്ഥരുടെയും കൂട്ടായ ഉത്തരവാദിത്വത്തിലൂടെയാണ് പദ്ധതിനടപ്പിലാക്കിവരുന്നത്.പദ്ധതി നടപ്പിലാക്കുന്നഗ്രാമപഞ്ചായത്തിന്റെയും ഗുണഭോക്താക്കളുടെയുംസഹകരത്തോടെ യാണ്പദ്ധതിനടപ്പിലാക്കുന്നത്. |
| 2 | 2017-18 | 18.20 കോടി | |

ഇവയ്ക്ക് പുറമെ ജലനിധി രണ്ടാംഘട്ട പദ്ധതി പ്രവർത്തനങ്ങളും നടന്നുവരുന്നു.

**ജലസേചന കുടിവെള്ള പദ്ധതികൾ**

186 (1013) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം കൊണ്ട് സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന ജലക്ഷാമത്തിന്റെയും വരൾച്ചയുടെയും പശ്ചാത്തലത്തിൽ പ്രശ്നപരിഹാരത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന ദീർഘകാല നടപടികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) ജലസേചന നയത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന വൻകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ടി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(ഡി) പാതിവഴിയിലായ കുടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ വേണ്ട ഇടപെടൽ നടത്തുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

കേരള ജല അതോറിറ്റി

കാലാവസ്ഥാ വ്യതിയാനംകൊണ്ട് സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന ജലക്ഷാമത്തിന്റെയും വരൾച്ചയുടെയും പശ്ചാത്തലത്തിൽ പ്രശ്നപരിഹാരത്തിനായി നദികളെത്തന്നെ സംഭരണികളാക്കി മാറ്റുക എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക്ഡാമുകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിക്കുവാൻ കേരള ജല അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. മഴവെള്ളം പരമാവധി ശേഖരിക്കാനും ഗ്രൗണ്ട് വാട്ടർ റീചാർജ്ജിംഗ് നടത്താനും ജനകീയ പങ്കാളിത്തത്തോടെ വിവിധ പരിപാടികൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇതുകൂടാതെ ജല അതോറിറ്റിയുടെ പദ്ധതികളിൽ ജലനഷ്ടം പരമാവധി പരിഹരിച്ച് ലഭ്യമായ ജലം കാര്യക്ഷമമായി ഉപയോഗിക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. ഹരിത കേരളം മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റും സ്ഥലലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

ജലസേചന വകുപ്പ്

മണ്ണ്-ജലസംരക്ഷണത്തിന് അനുയോജ്യമായ പ്രകൃതിദത്ത യൂണിറ്റായ നീർത്തടാടിസ്ഥാനത്തിലുള്ള ഇടപെടൽ പ്രവർത്തനങ്ങൾ ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധി/ജലസംരക്ഷണം എന്നിവയിൽ ഉൾപ്പെടുത്തി ആസൂത്രണം ചെയ്തിട്ടുണ്ട്. സമഗ്ര നീർത്തടാധിഷ്ഠിത പ്ലാനുകളും നീർത്തട മാസ്റ്റർ പ്ലാനുകളും രൂപപ്പെടുത്തുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ സാങ്കേതിക സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. വിവിധ വകുപ്പ് ഉദ്യോഗസ്ഥന്മാരും സന്നദ്ധ പ്രവർത്തകരുമടങ്ങിയ സാങ്കേതിക സമിതി, ജനപ്രതിനിധികളുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. ഓരോ നീർത്തട പ്രദേശത്തും ജലസുരക്ഷ ഉറപ്പാക്കാൻ കഴിയുന്ന അനുയോജ്യമായ പ്രവൃത്തികൾ കണ്ടെത്തി റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി മുൻഗണന നിശ്ചയിച്ച് പദ്ധതികൾ നടപ്പിലാക്കുകയാണ് ലക്ഷ്യം. ഈ വിധത്തിലുള്ള പ്രവൃത്തികൾവഴി തോടുകളിലും കുളങ്ങളിലും നദികളിലുമുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കാനും സ്ഥായിയാക്കുന്നതിനും സാധിക്കും.

ഭൂജല വകുപ്പ്

ഭൂജലവകുപ്പ് "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ ഒഴികെയുള്ള ഭൂജലസംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു. തുറന്ന കിണർ, ബോർവെൽ റീചാർജ്ജ്, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണകളുടെ നിർമ്മാണം, ചെറിയ തടയണകളുടെ നിർമ്മാണം അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. തുറന്ന കിണർ വഴിയുള്ള 83 കൃത്രിമ ഭൂജല സംപോഷണ പദ്ധതികളും കുഴൽക്കിണർ വഴിയുള്ള 5 റീചാർജ്ജ് പദ്ധതികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

ജലനിധി

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായുള്ള ജലനിധി പദ്ധതിയുടെ രണ്ടാംഘട്ടം, തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്നു. ടി പരിപാടി 2018 ഡിസംബറോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം ജലനിധി ഒന്നാംഘട്ടത്തിലെ പദ്ധതികളുടെ സുസ്ഥിരമായ പ്രവർത്തനത്തിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ജലനിധിയുടെ കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭജല പരിപോഷണ പദ്ധതികൾകൂടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. യീൽഡ് ടെസ്റ്റ് മുഖേന സ്രോതസ്സിന്റെ (കിണറുകൾ, കുഴൽക്കിണറുകൾ) സുസ്ഥിരത ഉറപ്പുവരുത്താൻ പമ്പിംഗ്, റെഗുലേഷനും കുറഞ്ഞ അളവിൽ (40 lpcd-70 lpcd) പരിമിതപ്പെടുത്താനായി നിർദ്ദേശങ്ങൾ നൽകിവരുന്നു. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting ചെറുകിട തടയണകൾ (small checkdams), Gabion structure, Radial Arm, നീർക്കുഴികൾ ഓട (ഓവ്ചാൽ നിർമ്മാണം) sub-surface dyke (ഭൂമിയുടെ അടിയിലുള്ള തടയണകൾ) VCB (Vented Cross Bar) മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ചുവരികയാണ്. കൂടാതെ മഴകേന്ദ്രം വഴി മഴവെള്ള സംഭരണവും ഭൂജലപരിപോഷണവും പരിപാടി നടപ്പിലാക്കിവരുന്നു. വ്യക്തിഗത കുടുംബങ്ങൾക്കും സ്കൂളുകൾക്കും മഴവെള്ള സംഭരണത്തിനാവശ്യമായ സംഭരണികൾ നിർമ്മിച്ച് നൽകുന്നു. കൂടാതെ വ്യക്തികൾക്ക് തുറന്ന കിണർ റീചാർജ്ജിനുള്ള പദ്ധതിയും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. മഴവെള്ള സംഭരണത്തിനും ഭൂജല പരിപോഷണത്തിനും ആവശ്യമായ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

(ബി) സംസ്ഥാന ജലവിഭവ കൗൺസിലിന്റെ ശിപാർശ പ്രകാരം "ജലനയം 2008" അംഗീകരിച്ചിട്ടുണ്ട്. 'ജലലഭ്യതയെന്നത് ഒരു മനുഷ്യാവകാശമാകുന്നു' എന്ന അടിസ്ഥാന തത്വത്തിലധിഷ്ഠിതമായാണ് പ്രസ്തുത നയത്തിന് രൂപം കൊടുത്തിട്ടുള്ളത്. സാമ്പത്തികമൂല്യമുള്ള ഒരു പൊതു പൈതൃകമെന്ന നിലയിൽ ജലത്തിന്റെ ക്രമീകൃതമായ ഉപയോഗവും സംരക്ഷണവും ഓരോ പൗരന്റെയും സമൂഹത്തിന്റെയും ഉത്തരവാദിത്വമാണെന്നും പൊതുവായ ആവശ്യത്തിന് വേണ്ട ഈ പ്രകൃതി വിഭവത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിനാണെന്നും പ്രസ്തുത നയം വ്യക്തമാക്കുന്നു.

(സി) ജലസേചന പദ്ധതി വിഭാഗം 1-ന് കീഴിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽപ്പെട്ട അഗളി, ഷോളയാർ, കോട്ടത്തറ മേഖലയിലെ 4900 ഹെക്ടർ കൃഷിഭൂമിക്ക് ജലസേചനമൊരുക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി വിഭാവനം ചെയ്ത അട്ടപ്പാടിവാലി ജലസേചന പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ 1970-ൽ ആരംഭിക്കുകയും 1973-ൽ പ്രോജക്ട് റിപ്പോർട്ട് സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിക്കുകയും ചെയ്തു. 1978-ൽ അണക്കെട്ടിന്റെ (ഫൗണ്ടേഷൻ) നിർമ്മാണവും, 6.50 കി.മീ. കനാൽ നിർമ്മാണവും ആരംഭിച്ചെങ്കിലും കാവേരി നദീജല തർക്കത്തെ തുടർന്ന് കേന്ദ്രജല കമ്മീഷന്റെ അംഗീകാരം ലഭ്യമാകാതിരുന്നതിനാൽ 1989-ൽ നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചു.

കാവേരി ജലതർക്ക ട്രൈബ്യൂണലിന്റെ അന്തിമവിധി 2007-ൽ പുറപ്പെടുവിച്ചെങ്കിലും പ്രാബല്യത്തിൽ വരാൻ വൈകിയത് കാരണം 2012-ൽ എ.വി.ഐ.പി.-ക്ക് തത്വത്തിൽ അംഗീകാരം നൽകുകയും പദ്ധതിക്ക് ആവശ്യമായ ക്ലിയറൻസുകൾ നേടിയെടുക്കാൻ ജലസേചന വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

അട്ടപ്പാടി ജലസേചന പദ്ധതിയുടെ EIA (Environmental Impact Assessment) പഠനത്തിന്റെ ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ച് കിട്ടുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി പ്രവേശം തമിഴ്നാട് സംസ്ഥാന അതിർത്തിയിൽനിന്നും 10 കി.മീറ്ററിനുള്ളിലായതിനാൽ പദ്ധതിയിന്മേൽ തമിഴ്നാട് സർക്കാരിന്റെ അഭിപ്രായം ആരായാൻ നിർദ്ദേശിച്ചു. പ്രസ്തുത പദ്ധതി നിലവിൽ ഇൻവെസ്റ്റിഗേഷൻ ഘട്ടത്തിലാണ്.

ജലസേചന പദ്ധതി വിഭാഗം 2-ന് കീഴിൽ ദീർഘകാലമായി പൂർത്തീകരിക്കാത്ത വൻകിട ജലസേചന പദ്ധതികളാണ് മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയും ഇടമലയാർ ജലസേചന പദ്ധതിയും. ഈ പദ്ധതികളുടെ ഭാവിപരിപാടി, കുറഞ്ഞ ചെലവിൽ എങ്ങനെ പ്രയോജനകരമായ രീതിയിൽ സമയബന്ധിതമായി

പൂർത്തീകരിക്കാൻ സാധിക്കും എന്നീ കാര്യങ്ങളെക്കുറിച്ച് പഠനം നടത്തി നിർദ്ദേശം നൽകുവാനായി Chief (Agriculture Division), Planning Board കൺവീനർ ആയി അഞ്ചംഗ സാങ്കേതിക സമിതി രൂപീകരിക്കുകയുണ്ടായി. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതികൾ പ്രയോജനകരമായ രീതിയിൽ പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ തടസ്സങ്ങൾ നീക്കി സമയബന്ധിതമായി പൂർത്തിയാക്കുവാനായി കേരള ജല അതോറിറ്റി അടിയന്തരനടപടികൾ സ്വീകരിച്ച് വരുന്നു.

**കുറത്തിമല കുടിവെള്ള പദ്ധതി**

187 (1014) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് 2016 - 17, 2017 - 18 കാലയളവിൽ ജലസേചന വകുപ്പിന്റെ വിവിധ വിഭാഗങ്ങൾ മുഖേന സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ ഭരണ സാങ്കേതിക അനുമതിക്ക് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കുറത്തിമല കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) നിലവിൽ ഈ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2016-17, 2017-18 കാലയളവിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി മേജർ ഇറിഗേഷൻ വിഭാഗം മാവേലിക്കര മണ്ഡലത്തിലേയ്ക്ക് സമർപ്പിച്ച പ്രവൃത്തി ചുവടെ ചേർക്കുന്നു.

2016-17, Construction of a concrete bed bar at the mouth of Kottathodu portion to prevent the entry of liquid and solid waste to the intake portion of Kerala Water Authority Pump house and protecting the left bank of Achenkovil river in that portion എന്ന പ്രവൃത്തിക്കുവേണ്ടി ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും റവന്യൂ അധികാരികൾ പ്രസ്തുത സ്ഥലത്തിന്റെ അതിരുകൾ നിർണ്ണയിച്ച് നൽകിയപ്പോൾ ടി പ്രവൃത്തിയിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതായി വന്നു. അതനുസരിച്ച് മാറ്റം വരുത്തിയ എസ്റ്റിമേറ്റിന് പുതുക്കിയ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കുറത്തിക്കാട് കടിവെള്ള പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം പദ്ധതിയുടെ ഭാഗമായുള്ള കല്ലുമലയിലെ റെയിൽവെ ക്രോസ്സിംഗ് അനുമതി ലഭിക്കാത്തതിനാലാണ്. നിലവിൽ കല്ലുമല റെയിൽവെ ഓവർബ്രിഡ്ജിന് സമാന്തരമായി സ്റ്റീൽ പാലം നിർമ്മിച്ച് അതിലൂടെ പൈപ്പ്ലൈൻ കൊണ്ടുപോകുന്നതിനുള്ള സ്റ്റീൽ പാലത്തിന്റെ ഡിസൈൻ റെയിൽവേ ഡിവിഷണൽ മാനേജർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നിലവിൽ ഈ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പ്രായിക്കര വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ 400 KVA യുടെ ട്രാൻസ്ഫോർമർ, റോ വാട്ടർ പമ്പിംഗ് മെയിൻ, വിവിധ സ്ഥലങ്ങളിലായി ഏകദേശം 500 മീറ്റർ നീളം വരുന്ന ഗ്യാപ് ഫില്ലിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. റെയിൽവേയുടെ അനുമതി ലഭിച്ചതിന് ശേഷം മാത്രമെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

**ജലസംരക്ഷണ പദ്ധതികൾ**

188 (1015) ശ്രീ. ആർ. രാജേഷ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത കേരളം മിഷന്റെ ഭാഗമായുള്ള ജലസംരക്ഷണ പദ്ധതികളിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് നിലവിൽ പൂർത്തിയാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഏതെല്ലാം ജലസംരക്ഷണ പ്രവർത്തനങ്ങളാണ് കുടുംബശ്രീയുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വരട്ടാർ പുനരുജ്ജീവന പദ്ധതിക്ക് സമാനമായ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നീർത്തടാടിസ്ഥാനത്തിൽ കുളങ്ങളുടെ നവീകരണവും മാലിന്യമുക്തമാക്കലും പ്രവൃത്തി, തോടുകളുടെ സംരക്ഷണം, നദികളുടെ നീരൊഴുക്ക് സുഗമമാക്കുന്നതിനും ഭൂജല വർദ്ധനവിനുള്ള തടയണകളുടെ നിർമ്മാണം, മുൻകാലങ്ങളിൽ നിർമ്മിച്ചിട്ടുള്ള

ജലസേചന അടിസ്ഥാന സൗകര്യ നിർമ്മിതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവയാണ് പ്രധാനമായും 2017-18 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ളത്. ഇതോടൊപ്പം നദികളുടെ നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതിനും പുനർ സംയോജനത്തിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സംഭരണികളുടെ നിർമ്മാണവും പരിപാലനവും കനാലുകൾവഴി നിലവിലുള്ള ജലസ്രോതസ്സുകളുടെ റീ ചാർജ്ജിംഗ് തുടങ്ങിയ പ്രവൃത്തികളും ഹരിത കേരളം മിഷൻ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ കൃഷി വകുപ്പുമായി ചേർന്ന് തരിശ് നില കൃഷിക്ക് ആവശ്യമായ ജലം എത്തിച്ച് നൽകുന്നതിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുത്തിട്ടുണ്ട്. ഭൂജല വകുപ്പുവഴി റീ-ചാർജിംഗ് പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ ഹരിത കേരളം ഫെഡ്സിൽ 22.11 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കുളങ്ങളുടെ പുനരുദ്ധാരണം, ചെക്ക്ഡാം/വി.സി.ബി.-കളുടെ നിർമ്മാണം, നീർത്തടാധിഷ്ഠിത പദ്ധതികൾ മുതലയാവ ഉൾപ്പെടുന്നു. ഈ പ്രവൃത്തികൾ നടപ്പിലാക്കുന്ന നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

(സി) ജലസേചന വകുപ്പ്, ഹരിത കേരളം മിഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ കുടുംബശ്രീ സഹകരണം നേരിട്ട് വരുന്നില്ല. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നീർച്ചാലുകളുടെയും കുളങ്ങളുടെയും സംരക്ഷണം, കനാലുകളുടെ ശുചീകരണം തുടങ്ങി നിരവധി ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

(ഡി) വരട്ടാർ എന്ന നദി നീരൊഴുക്ക് നിലച്ച ഒന്നായിരുന്നു. അതുകൊണ്ട് തന്നെ വരട്ടാർ പുനരുജ്ജീവനത്തിന് സ്വീകരിച്ച സമീപനം ഒരു പരിധിവരെ മറ്റിടങ്ങളിൽ പകർത്തുന്നതിന് സാങ്കേതിക പരിമിതകളുണ്ട്. എന്നാൽ, മീനന്തല കൊട്ടാരാർ-മീനച്ചിലാർ നദി പുനർസംയോജനം, കാനാമ്പുഴയാർ പുനരുജ്ജീവനം, കാട്ടാക്കട നിയമസഭാ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന 'ജലസമൃദ്ധി' തുടങ്ങിയവ മറ്റിടങ്ങളിൽ പ്രാവർത്തികമാക്കാൻ കഴിയുന്നവയാണ്.

വരട്ടാർ പുനരുജ്ജീവനത്തോടൊപ്പം ജനകീയമായി കാനാമ്പുഴ അതിജീവന പദ്ധതി, മീനച്ചിലാർ, മീനന്തലയാർ പുന:സംയോജന പദ്ധതി, പള്ളിക്കലാർ ശുചീകരണം, കോലറയാർ പുനരുദ്ധാരണം, കിള്ളിയാർ ശുചീകരണം, തൃശ്ശൂർ പെരുംതോട് നവീകരണം, ഇടുക്കിയിലെ വടക്കെപ്പുഴ, മുട്ടം പരപ്പത്തോട്, കോഴിക്കോട് ജില്ലയിലെ പൂനൂർ പുഴ ശുദ്ധീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ഇതിന്റെ രണ്ടാം ഘട്ടമായി ഈ ജലസ്രോതസ്സുകൾ സുസ്ഥിരമായി നിലനിൽക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖ തയ്യാറാക്കിവരുന്നു.

**മോര്യകാപ്പ് ജലസേചന പദ്ധതി**

189 (1016) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽപ്പെട്ട മോര്യകാപ്പ് ജലസേചന പദ്ധതിയുടെ നിർമ്മാണ നടപടിക്രമങ്ങൾ എന്തെല്ലാമായി എന്ന് അറിയിക്കുമോ?

ഉത്തരം

തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്താഫീസിൽവച്ച് കൂടിയ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെയും ഇറിഗേഷൻ എഞ്ചിനീയർമാരുടെയും കൃഷിക്കാരുടെയും യോഗത്തിൽ ഉയർന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തിരൂരങ്ങാടി, താനൂർ നിയോജകമണ്ഡലങ്ങളിലെ കൃഷിയിടങ്ങൾക്ക് ഗുണകരമാകുന്ന വിധത്തിലും മോര്യാകാപ്പ് ഭൂപ്രകൃതിക്ക് അനുയോജ്യമായ രീതിയിലും ഈ പദ്ധതി തയ്യാറാക്കി അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**നദികളുടെ പുനരുദ്ധാരണം**

190 (1017) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ എത്ര നദികളെ പുനരുദ്ധാരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്; ഇതിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഈ കാലയളവിൽ എത്ര പുഴകളുടെ പുനരുദ്ധാരണം ആരംഭിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഹരിത കേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി/ ജലസംരക്ഷണം-" ത്തിന്റെ ഭാഗമായി രണ്ടാം ഘട്ടത്തിൽ നദികളുടെയും കായലുകളുടെയും ശുചീകരണം ലക്ഷ്യമിട്ടിട്ടുണ്ട്. ഭാരതപ്പുഴയുടെ സമഗ്ര നവീകരണം ലക്ഷ്യമിട്ട് പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര നീർത്തടപദ്ധതി രൂപപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭാരതപ്പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് കർമ്മ പരിപാടി രൂപപ്പെടുത്തുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ പമ്പാ നദിയുടെ പുനരുദ്ധാണരത്തിന്റെ രണ്ടാംഘട്ടത്തിൽ വിശദരൂപരേഖ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) വരട്ടാർ, കോലറയാർ, കുട്ടമ്പേരൂറാർ, മീനന്തലയാർ-കൊടുറാർ-മീനച്ചലാർ പുന:സംയോജനം, കാനാമ്പുഴ പള്ളിക്കലാർ, കിള്ളിയാർ (അപ്പർ റീച്ച്), പൂന്നർപ്പുഴ എന്നിവിടങ്ങളിൽ ജനപങ്കാളിത്തത്തോടും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും പുനരുദ്ധാരണ/ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

**കരമനയാർ പരിപാലന പദ്ധതി**

191 (1018) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമനയാറ്റിലേക്ക് കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഒഴുക്കിവിടുന്നതുമൂലമുണ്ടായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കരമനയാറ്റിന്റെ തീരത്ത് വലിയ ഫ്ലാറ്റുകൾ നിർമ്മിക്കുമ്പോൾ ഡ്രെയിനേജ് സംവിധാനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമായി നൽകുകയും അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ടോ;

(സി) 2013-ൽ തുടങ്ങിയ കരമനയാർ പരിപാലന പദ്ധതിയുടെ ഭാഗമായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) കടിവെള്ളസ്രോതസ്സായ കരമനയാറിനെ സംരക്ഷിക്കുന്നതിനും മാലിന്യമുക്തമാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) പല കാരണങ്ങളാൽ കരമനയാറും മലിനപ്പെട്ടുകൊണ്ടിരിക്കുന്നതായി വിലയിരുത്തപ്പെട്ടിട്ടുണ്ട്.

(ബി) ഫ്ലാറ്റുകൾ നിർമ്മിക്കുമ്പോൾ ഫ്ലാറ്റിൽ നിന്നുമുള്ള മലിനജലം ശുദ്ധീകരിച്ച് പുനരുപയോഗം ചെയ്യുകയോ കേരള വാട്ടർ അതോറിറ്റിയുടെ സ്വീവർ ലൈനിലേയ്ക്ക് നിർമ്മാർജ്ജനം ചെയ്യുകയോ വേണമെന്ന നിബന്ധനയോടുകൂടിയാണ് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി നൽകി വരുന്നത്. ഇത് അനുമതി/ മോണിറ്ററിംഗ് പ്രക്രിയയിലൂടെയാണ് ഉറപ്പാക്കുന്നത്.

(സി) കരമനയാർ പരിപാലന പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

1. കരമനയാറിന് കുറുകെയുള്ള പാലങ്ങളിൽ നഗരാതിർത്തികൾക്കുള്ളിൽ മാലിന്യ നിക്ഷേപം തടയുന്നതിനായി കമ്പിവേലി സ്ഥാപിച്ചിട്ടുണ്ട്.

2. തിരുവല്ലം പരശുരാമ ക്ഷേത്രത്തിനുവേണ്ടി കരമനയാർ പരിപാലന പദ്ധതിയുടെ ഭാഗമായി സിഡ്കോ (SIDCO) യെക്കൊണ്ട് ബയോഗ്യാസ് പ്ലാന്റും ഇൻസിനറേറ്ററും നിർമ്മിച്ച് നൽകിയിട്ടുണ്ട്.

3. തിരുവല്ലം ഭാഗത്ത് ബലിക്കടവിനും റെഗുലേറ്റർ ഷട്ടറിനും താഴെയായി അസ്ഥി കലശങ്ങൾ നിമഞ്ജനം ചെയ്യുന്നതിലേയ്ക്കായി പുതിയ അസ്ഥി നിമഞ്ജനക്കടവ് നിർമ്മിക്കുകയും നിലവിലുള്ള കടവിന്റെ പുനരുദ്ധാരണ പണികൾ പൂർത്തിയാക്കുകയും ചെയ്തു.

4. തിരുവല്ലം തോട് വൃത്തിയാക്കുകയും പമ്പ് ഹൗസ് സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്.

5. കരമന കാലടിയിൽ ധോബി ഘട്ട് പുനരുദ്ധാരണ പണികളും മറ്റ് അനുബന്ധ പണികളും പൂർത്തീകരിച്ചിട്ടുണ്ട്.

6. കരമന എൻ.എച്ച്.റോഡ് ബ്രിഡ്ജിന്റെ താഴ്ഭാഗത്ത് വലതുകരയിൽ ബയോപാർക്കിന്റെ നിർമ്മാണം ആദ്യഘട്ടം പൂർത്തിയാക്കുകയും അടുത്ത ഘട്ടത്തിന്റെ നിർമ്മാണം പുരോഗമിക്കുകയുമാണ്.

7. തിരുവല്ലം ഭാഗത്ത് നിന്നുള്ള മലിനജലവും ഉപ്പുവെള്ളവും കുടിവെള്ള പമ്പിംഗ് ഉള്ള ഭാഗത്തേയ്ക്ക് കടക്കാതിരിക്കാനും തിരുവല്ലം കരമന പാലത്തിന് താഴെ വലതുകരയിലെ അഞ്ച് കടവുകൾക്കും ജലലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി കാലടി ഭാഗത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന ചെക്ക്ഡാം പണി പുരോഗമിക്കുന്നു.

8. കരമന നദിയിലെ എൻ.എച്ച്.റോഡ് ബ്രിഡ്ജിന്റെ താഴ്ഭാഗത്തായി ഇടതുവശത്ത് നിലവിലുള്ള ആഴാങ്കൽ ബണ്ടിൽ നടപ്പാത നിർമ്മിക്കാനും കുളിക്കടവുകൾ പുനരുദ്ധീകരിക്കാനുമുള്ള ടെണ്ടർ നടപടി പൂർത്തീകരിച്ചു.

9. കരമന തിരുവല്ലം തോടിന് ഇരുവശവും പാർശ്വഭിത്തി നിർമ്മിക്കുകയും അതിരുകല്ലുകൾ സ്ഥാപിക്കുകയും ചെയ്തു. ഫെൻസിംഗ് പ്രവൃത്തികൾ താമസിയാതെ തുടങ്ങുന്നതാണ്.

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുമായി സഹകരിച്ച് മലിനജലം കരമനയാറ്റിലേയ്ക്ക് ഒഴുകുന്നത് തടയുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. മലിനജലം, കക്കൂസ് മാലിന്യം തുടങ്ങിയവ കരമനയാറ്റിൽ ഒഴുക്കി വിടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ നോട്ടീസ് നൽകിവരുന്നു. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിനേയും

കോർപ്പറേഷനേയും യഥാസമയം അറിയിക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ വകുപ്പ്, തിരുവനന്തപുരം കോർപ്പറേഷൻ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകൾ ചേർന്ന് ഒരു കൺസെപ്റ്റ് പ്ലാൻ (Concept Plan) തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൻപ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് കരമനയാറ്റിന്റെയും കിള്ളിയാറിന്റെയും ഇരു കരകളിലായി 500 മീറ്റർ (250 മീറ്റർ വീതം ഇരുകരയിലും) ദൂരത്തുള്ള വീടുകൾ, ഫ്ലാറ്റുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുകൊണ്ടുള്ള സാനിറ്റേഷൻ സർവ്വേ സോഷ്യോ ഇക്കണോമിക് യൂണിറ്റ് വഴി നടത്തിവരുന്നു. ഇതിനായുള്ള മൊബൈൽ ആപ്പും (ENVISAN) കെ.എസ്.ആർ.ഇ.സി. (KSREC) മുഖേന ബോർഡ് തയ്യാറാക്കിയിട്ടുണ്ട്.

**തലസ്ഥാനത്തെ തോടുകളും ആറുകളും ശുചീകരിക്കുന്നതിന് നടപടി**

192 (1019) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ .മുരളീധരൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് വിജയകരമായി നടപ്പിലാക്കിയ ഓപ്പറേഷൻ അനന്തയുടെ ഭാഗമായി നടത്തിയിരുന്ന ശുചീകരണ പ്രവർത്തനങ്ങൾ നിലച്ചതോടുകൂടി തലസ്ഥാന നഗരിയിലെ തോടുകളും ആറുകളും മാലിന്യ വാഹിനികളായി മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആമയിഴഞ്ചാൻ തോട്, പട്ടംതോട്, ഉള്ളൂർതോട്, പാർവ്വതീ പുത്തനാർ തുടങ്ങിയവ ശുചീകരിക്കാത്തതുമൂലം മാലിന്യം പെരുകി പകർച്ചവ്യാധികൾ പകരുന്നതും ജനജീവിതം ദുസ്സഹമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾ ഈ വർഷം നടത്താത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് പകർച്ചവ്യാധികൾ പടരുന്ന ഗുരുതരമായ സ്ഥിതിവിശേഷം പരിഗണിച്ച് മേല്പറഞ്ഞ തോടുകൾ അടിയന്തരമായി ശുചീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) തലസ്ഥാന നഗരിയിലെ മിക്ക തോടുകളും നദികളും പല കാരണങ്ങളാൽ മലിനപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി & ഡി) തോടുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാണ് സാധാരണ നടക്കുന്നത്. പ്രത്യേക സ്കീമുകളിൽ ഫണ്ട് ലഭ്യമായാൽ ജലവിഭവ വകുപ്പ് തോടുകളുടെ നവീകരണ ജോലികൾ ഏറ്റെടുക്കുന്നതാണ്. ഹരിത കേരള മിഷന്റെ ഭാഗമായി പൊതുജന പങ്കാളിത്തത്തോടെ പല തോടുകളിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പാർവ്വതി പുത്തനാറിന്റെ വൃത്തിയാക്കൽ പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ കേരള വാട്ടർ വെയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KWIL) സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലാകളക്ടറുടെ നിർദ്ദേശപ്രകാരം ആമയിഴഞ്ചാൻ തോട്, പഴവങ്ങാടി തോട്, തെക്കനക്കര കനാൽ എന്നിങ്ങനെ തോടുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും ചെളിയും മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിന് എസ്റ്റിമേറ്റ് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഉള്ളൂർതോടിന്റെ രണ്ട് പ്രവൃത്തികൾ നടന്നുവരുന്നു.

**പുഴക്കരകളുടെ സംരക്ഷണം**

193 (1020) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലെടുപ്പും വെള്ളത്തിന്റെ കുത്തൊഴുക്കും കാരണം ഇടിഞ്ഞ് നശിച്ചുകൊണ്ടിരിക്കുന്ന പുഴക്കരകൾ കെട്ടി സംരക്ഷിക്കുന്നതിന് ജലസേചന വകുപ്പു മുഖേന പദ്ധതികൾ നിലവിലുണ്ടോ;

(ബി) റിവർ മാനേജ്മെന്റ് ഫണ്ട് മുഖേന പ്രവൃത്തികൾക്ക് അനുമതി നൽകുന്നത് നിർത്തിവച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ജലസേചന വകുപ്പിന് ലഭ്യമാകുന്ന ബജറ്റ് വിഹിതം, റിവർ മാനേജ്മെന്റ് ഫണ്ട് (റവന്യൂ വകുപ്പ്) എന്നിവ വിനിയോഗിച്ച് നദീതീര സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു.

(ബി) റിവർ മാനേജ്മെന്റ് ഫണ്ട് റവന്യൂ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്.

**ഇന്റഗ്രേറ്റഡ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റിജുവനേഷൻ ഓഫ് റിവേഴ്സ്**

194 (1021) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന നദികളുടെ സംരക്ഷണത്തിനായി ഇന്റഗ്രേറ്റഡ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റിജുവനേഷൻ ഓഫ് റിവേഴ്സ് എന്ന മാർഗ്ഗനിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ സംസ്ഥാനത്തെ ഏതെല്ലാം നദികളുടെ സംരക്ഷണത്തിന്/വീണ്ടെടുപ്പിനാണ് ഈ പദ്ധതി പ്രകാരമുള്ള കാര്യങ്ങൾ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നദികളുടെ സമഗ്ര പാരിസ്ഥിതിക പുന:സ്ഥാപനത്തിനായി കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന വകുപ്പ് തയ്യാറാക്കിയ ഇന്റഗ്രേറ്റഡ് ആൻഡ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റിജ്യൂവനേഷൻ ഓഫ് റിവേഴ്സ്-കരട് എന്ന പേരിലുള്ള മാർഗ്ഗരേഖ ലഭ്യമായിട്ടുണ്ട്.

(ബി) ഇന്ത്യയിൽ നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന "നാഷണൽ റിവർ കൺസർവേഷൻ പ്ലാൻ" -ൽ വിഭാവനം ചെയ്തിട്ടില്ലാത്ത ഘടകങ്ങളായ "നദികളിലെ പാരിസ്ഥിതിക നീരൊഴുക്ക്" , നദീതട പരിപാലനം, നദികളുടെ കൈവഴികളിലും നദിയിലും ചെറുകിട ജലസംഭരണികളുടെ നിർമ്മാണം, നദീതീര വനവൽക്കരണം, ഭൂജല പോഷണ നടപടികൾ, കാർഷിക പ്രവർത്തനങ്ങളിലൂടെ നദികളിൽ എത്തിച്ചേരാനിടയുള്ള മാലിന്യം ഇല്ലാതാക്കുക, പാരിസ്ഥിതിക പ്രശ്നങ്ങളില്ലാതെ സുസ്ഥിര ഇക്കോ ടൂറിസം നടപ്പിലാക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക, ജലനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കുറഞ്ഞ അളവിൽ ജലം ഉപയോഗിക്കുന്ന വിളകൾ/കൃഷിരീതി കൊണ്ടുവരിക, വ്യാവസായിക സ്ഥാപനങ്ങളിൽ സിറോ-ഡിസ്ചാർജ് സംവിധാനം കൊണ്ടുവരികയും ഇതുവഴി ഉപരിതല ജലചൂഷണം ഒഴിവാക്കുക തുടങ്ങിയ ഘടകങ്ങൾ ഉൾക്കൊണ്ട് നദീ പരിപാലന പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് പ്രസ്തുത മാർഗ്ഗരേഖയുടെ ലക്ഷ്യം. ഇതിനായി രണ്ടുതരം ഇടപെടൽ മാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. (1) നേരിട്ടുള്ള ഇടപെടലുകൾ (ഡയറക്ട് ഇന്റർവെൻഷൻസ്) (2) നേരിട്ടല്ലാതെയുള്ള ഇടപെടലുകൾ (ഇൻഡയറക്ട് ഇന്റർവെൻഷൻസ്)

(സി) പ്രസ്തുത മാർഗ്ഗരേഖ കേന്ദ്ര സർക്കാർ അംഗീകരിച്ചതായ അറിയിപ്പ് ജലവിഭവ വകുപ്പിന് നാളിതുവരെ ലഭ്യമായിട്ടില്ല. ടി രേഖ അംഗീകരിച്ചശേഷം മാത്രമേ അതിനനുസരിച്ചുള്ള പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിക്കാൻ കഴിയൂ.

**നേമം മണ്ഡലത്തിലെ തോട് നവീകരണം**

195 (1022) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോടുകളുടെ ആഴം കൂട്ടി നവീകരിക്കുന്നതിനുള്ള

എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരവും പദ്ധതി പ്രകാരം ഏതെല്ലാം ജില്ലകളിൽ എത്ര തോടുകൾ നവീകരിച്ചുവെന്നുള്ള വിവരവും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നേമം നിയോജകമണ്ഡലത്തിൽ എത്ര തോടുകൾ നവീകരിച്ചിട്ടുണ്ടെന്നും ഇനിയും എത്ര തോടുകൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ജലസേചന വകുപ്പിന് അനുവദിച്ചിട്ടുള്ള ഫണ്ടുപയോഗിച്ച് വിവിധ ജില്ലകളിൽ നവീകരിച്ച തോടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ജില്ല | നവീകരിച്ച തോടുകളുടെ എണ്ണം |
|---|---|
| കൊല്ലം | 11 |
| പത്തനംതിട്ട | 4 |
| കോട്ടയം | 11 |
| എറണാകുളം | 3 |
| തൃശ്ശൂർ | 1 |
| കോഴിക്കോട് | 7 |
| വയനാട് | 1 |
| കാസർഗോഡ് | 5 |

(ബി) നേമം മണ്ഡലത്തിലെ കോലിയക്കോട് തോടിന്റെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി പത്ത് ലക്ഷം രൂപയുടെ പ്രവർത്തിക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി. സാധ്യതാപഠനം നടത്തിയശേഷം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നേമം മണ്ഡലത്തിലെ തോടുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പമ്പാ ഇറിഗേഷൻ പദ്ധതിയിലെ തകർച്ച നേരിടുന്ന കനാലുകൾ**

196 (1023) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ ഇറിഗേഷൻ പദ്ധതിയിലെ തകർച്ച നേരിടുന്ന കനാലുകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) യഥാസമയം അറ്റകുറ്റപ്പണി നടത്താത്തതിനാൽ കനാലിന്റെ വശങ്ങൾ തകർന്ന് വെള്ളം പുറത്തേക്ക് ഒഴുകുന്നത് തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്; അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്താനുള്ള കനാലുകളുടെ പ്രവൃത്തികൾ 2018-19-ലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു. അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തികൾ നടത്തി കനാലുകൾ സംരക്ഷിക്കുന്നതാണ്. ടി ആക്ഷൻ പ്ലാനിൽ 53 വാർഷിക ശുചീകരണ പ്രവൃത്തികൾക്കായി 105.72 ലക്ഷം രൂപയുടെ പ്രവൃത്തികളും 31 അറ്റകുറ്റപ്പണികൾക്കായി 251.28 ലക്ഷം രൂപയുടെ പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) അടിയന്തര നടപടികൾ യഥാസമയം സ്വീകരിക്കാറുണ്ട്. തകർന്ന കനാലിന്റെ ചെ.6100 മീ. മുതൽ 6200 മീ. വരെയുള്ള ഭാഗം പുനരുദ്ധരിക്കുന്നതിന് 25 ലക്ഷം രൂപയുടെ പ്രവൃത്തി 2018-19-ലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ചെല്ലാനം പഞ്ചായത്തിലെ വിജയം കനാൽ**

197 (1024) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തെത്തുടർന്ന് ചെല്ലാനം പഞ്ചായത്തിലെ വിജയം കനാൽ അടഞ്ഞ് നീരൊഴുക്ക് തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നീരൊഴുക്ക് പുന:സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓഖി ചുഴലിക്കാറ്റുമൂലം വിജയം കനാലിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കംചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള 294.417 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**കുണ്ടൂർ തോട് നവീകരണം**

198 (1025) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ 15 കോടി രൂപ കിഫ്ബി വഴി ചെലവഴിക്കുന്നതിന് വകയിരുത്തിയ തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണ പദ്ധതിയുടെ തുടർനടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തോട് നവീകരണം എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കുണ്ടൂർതോട് നവീകരണ പദ്ധതിയുടെ ഡി.പി.ആർ. പരിശോധിക്കുന്നതിന്റെ ഭാഗമായി കുണ്ടൂർ തോടിന്റെ സമീപ പ്രദേശത്തുള്ള കൃഷിയിടങ്ങളുടെ ഉപഗ്രഹ ഛായാഗ്രഹണം വഴിയുള്ള വ്യാപ്തി നിർണ്ണയം തുടങ്ങി ചില വിശദാംശങ്ങൾകൂടി സമർപ്പിക്കുന്നതിന് ജലസേചന വകുപ്പിലെ ബന്ധപ്പെട്ട കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഉദ്യോഗസ്ഥരോട് (കെ.ഐ.ഐ.ഡി.സി.) ആവശ്യപ്പെട്ടിട്ടുണ്ട്. മേൽരേഖകൾ ജലസേചന വകുപ്പ് കെ.ഐ.ഐ.ഡി.സി.-ക്ക് ലഭ്യമാക്കുന്നമുറയ്ക്ക് കെ.ഐ.ഐ.ഡി.സി., ഡി.പി.ആർ. പൂർത്തീകരിച്ച് കിഫ്ബിയിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

(ബി) കിഫ്ബിയുടെ അംഗീകാരം ലഭ്യമായശേഷം മറ്റ് തുടർനടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് പദ്ധതി യഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ചീരക്കുഴി കനാലിലെ ചോർച്ച അടയ്ക്കുവാൻ നടപടി**

199 (1026) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചേലക്കര നിയോജകമണ്ഡലത്തിലെ ചീരക്കുഴി ഇറിഗേഷൻ പ്രോജക്ട് എന്നാണ് കമ്മീഷൻ ചെയ്തതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ മെയിൻ കനാലുകളുടെ നീളം എത്രയാണെന്നും ഇതിലൂടെ എത്ര ഏക്കർ നെൽക്കൃഷിക്ക് ജലം എത്തിക്കുവാൻ സാധിക്കുന്നുണ്ടെന്നും അറിയിക്കാമോ ;

(സി) പ്രസ്തുത കനാലുകളുടെ പല ഭാഗത്തും കാലപ്പഴക്കംകൊണ്ട് ചോർച്ച ഉണ്ടാകുകയും സ്പൗട്ടുകൾ പലതും ദ്രവിക്കുകയും ചെയ്തതുമൂലം വലിയതോതിൽ ജലം നഷ്ടപ്പെടുന്നത കണക്കിലെടുത്ത് കനാലിലെ ചോർച്ച അടയ്ക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണി നടത്തുന്നതിനും കേടുവന്ന സ്പൗട്ടുകൾ മാറ്റിസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1973-ലാണ് കമ്മീഷൻ ചെയ്തത്.

(ബി) മെയിൻ കനാലിന് 40/900 കി.മീ. നീളവും 4 ബ്രാഞ്ച് കനാലുകൾക്കും കൂടി 9/800 കി. മീറ്റർ നീളവുമുണ്ട്. കാനലുകളുടെ ആകെ നീളം 50/700 കി.മീ. യാണ്. ടി കനാൽ ശൃംഖല വഴി 987 ഹെക്ടർ മുണ്ടകൻ നെൽകൃഷിക്ക് ജലം നൽകിവരുന്നു.

(സി) കനാൽ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. സ്പൗട്ടുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ചാലക്കുടി മണ്ഡലത്തിലെ കനാൽപ്പാലങ്ങൾ**

200 (1027) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ, ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള കനാൽപ്പാലങ്ങൾ പുതുക്കിപ്പണിയുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ സർക്കാർ അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഏതെല്ലാം കനാൽ പാലങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) എസ്റ്റിമേറ്റുകൾ പദ്ധതി വിഭാഗം-II ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു.

**ഡാമുകളിൽ നിന്ന് മണൽ വാരൽ**

201 (1028) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും അടിഞ്ഞുകൂടുന്ന മണൽ വാരി മാറ്റുന്നതിന് ഇപ്പോൾ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഉണ്ട്. കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കംചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വ രൂപത്തിലാക്കുന്നതിനും ലഭിക്കുന്ന മണൽ, കളിമണ്ണ് എന്നിവ പ്രയോജനപ്പെടുത്തുവാനുള്ള ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP) സ.ഉ.(എം.എസ്) നമ്പർ

79/ 2017/ജവിവ. തീയതി 26-9-2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. കൂടാതെ എസ്.ഒ. പി.യിലെ സാങ്കേതിക വിദ്യ ഉപയോഗിച്ച് പൈലറ്റ് പദ്ധതിയായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാനും അംഗീകാരം നൽകുകയുണ്ടായി. ഈ ഡാമുകളിലെ റിസർവോയറുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലിൽ അടങ്ങിയിരിക്കുന്ന വിവിധ ഘടകങ്ങളുടെ അളവ് വിലയിരുത്തുന്നതിനായുള്ള സാമ്പിളുകൾ ശേഖരിക്കുന്ന പ്രവർത്തി നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS) നെയും വിവിധ ഘടകങ്ങളുടെ അളവ് കണ്ടെത്തുന്നതിന് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെയും (KERI) ഏൽപ്പിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള സാമ്പിൾ ശേഖരണവും അനാലിസിസും മംഗലം, ചുള്ളിയാർ എന്നീ അണക്കെട്ടുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ചുള്ളിയാർ റിസർവോയറിലെ ഡീസിൽറ്റേഷനുവേണ്ടിയുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കൽ പൂർത്തീകരിക്കുകയും മംഗലം റിസർവോയറിലെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ പുരോഗമിക്കുകയും ചെയ്യുന്നു. മറ്റ് ആറ് ഡാമുകളിൽ മേൽപ്പറഞ്ഞ പ്രകാരം ഡിസിൽറ്റേഷൻ നടത്തുന്നതിനുള്ള പര്യവേഷണപ്രവൃത്തികൾക്ക് നടപടി സ്വീകരിച്ചുവരുന്നു.

**ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം**

202 (1029) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ഡ്രിപ്പ്) പ്രകാരം കേരളത്തിൽ നടക്കുന്ന അണക്കെട്ടുകളുടെ സുരക്ഷാ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി എത്ര ഡാമുകളാണ് നവീകരിക്കുന്നതെന്നും ഇതിന്റെ പ്രവർത്തന ചുമതല ആർക്കാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും ഇതിനായി എത്ര രൂക കേന്ദ്ര ഫണ്ട് ലഭിച്ചുവെന്നും അറിയിക്കാമോ?

ഉത്തരം

(എ) ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡ്രിപ്) പ്രകാരം കേരളത്തിൽ 16 അണക്കെട്ടുകളുടെ സുരക്ഷാ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2012-ൽ എഗ്രിമെന്റുവച്ച് ആരംഭിച്ച പ്രസ്തുത പദ്ധതിക്ക് 360 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. 16 ഡാമുകളെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നിവയായി തിരിച്ചും ഡാമുകളുടെ സർവ്വിലൻസ് ഇൻസ്ട്രുമെന്റേഷൻ എന്നിവ ഉൾപ്പെടുത്തിയും 43 പാക്കേജുകളായാണ് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിൽ 13 പാക്കേജുകൾ മലമ്പുഴ (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ), പോത്തുണ്ടി (മെക്കാനിക്കൽ), ചുള്ളിയാർ (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ), വാഴാനി (സിവിൽ), വാഴാനി (മെക്കാനിക്കൽ), മീങ്കര (സിവിൽ), മീങ്കര (മെക്കാനിക്കൽ), പഴശ്ശി (മെക്കാനിക്കൽ), ചിമ്മിണി (മെക്കാനിക്കൽ), പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് (സിവിൽ), പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് (മെക്കാനിക്കൽ), നെയ്യാർ (മെക്കാനിക്കൽ), പീച്ചി (മെക്കാനിക്കൽ) എന്നിവ പൂർത്തീകരിച്ചു. 7 ഇലക്ട്രിക്കൽ പാക്കേജുകൾ റീ-ടെണ്ടർ ചെയ്യേണ്ടതും 4 പാക്കേജുകൾ ഇനി ടെണ്ടർ ചെയ്യേണ്ടതുമുണ്ട്. മറ്റുള്ളവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നു.

(ബി) ഈ പദ്ധതിയിലുൾപ്പെടുത്തി 16 ഡാമുകളാണ് നവീകരിക്കുന്നത്. സെൻട്രൽ വാട്ടർ കമ്മീഷന്റെ മുഖ്യമേൽനോട്ടത്തിൽ പദ്ധതികളുടെ ചീഫ് എഞ്ചിനീയർമാരായ ചീഫ് എഞ്ചിനീയർ, പ്രോജക്ട് I, ചീഫ് എഞ്ചിനീയർ, പ്രോജക്ട് II, ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി., ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ എന്നിവർ ഉൾപ്പെട്ട സമിതിയും തങ്ങളുടെ കീഴിലുള്ള ഡാമുകളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

(സി) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ഡ്രിപ് പദ്ധതിയുടെ പൂർത്തീകരണ കാലാവധി ജൂൺ 2020 വരെയാണ്. ഇതിന് കേന്ദ്ര വിഹിതമൊന്നുമില്ല. 80 ശതമാനം ലോകബാങ്ക് വായ്പാ തുകയും 20 ശതമാനം സംസ്ഥാന വിഹിതവുമായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതുവരെ 202 കോടി രൂപയാണ് ജലവിഭവ വകുപ്പിന് അനുവദിച്ചത്.

**ആനപ്പാറ പൊറ്റയിൽ ചെക്ക്ഡാം നിർമ്മാണം**

203 (1030) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടിലങ്ങാടി പഞ്ചായത്തിലെ ആനപ്പാറ പൊറ്റയിൽ കടവിന് സമീപം ചെക്ക് ഡാം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ചെക്ക് ഡാം നിർമ്മാണം ത്വരിതഗതിയിൽ ആക്കുന്നതിന് വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) കൂട്ടിലങ്ങാടി പഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവിന് സമീപം ചെക്ക്ഡാം നിർമ്മിക്കുന്നതിനായി 600 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ദേവികുളം മണ്ഡലത്തിലെ ജലസേചന പദ്ധതി**

204 (1031) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ അപ്പർചട്ട മൂന്നാർ, പട്ടിശ്ശേരി എന്നിവിടങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതാണെന്ന ജലവിഭവ വകുപ്പിന്റെ തീരുമാനം നടപ്പിലാക്കുന്നതിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ ചെക്ക് ഡാമുകളുടെ നിർമ്മാണ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇത് എപ്പോഴേയ്ക്ക് ആരംഭിക്കാനാകും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ദേവികുളം മണ്ഡലത്തിൽ വരുന്ന പട്ടിശ്ശേരി ഡാമിന്റെ പണികൾ ആരംഭിച്ചിരുന്നു. എന്നാൽ ഫൗണ്ടേഷനുവേണ്ടി എർത്ത് വർക്ക് എസ്റ്റാവേഷൻ നടത്തിയപ്പോൾ ഹാർഡ് റോക്ക് ലെവൽ എത്തുന്നതിന് ഡിസൈൻ പ്രകാരമുള്ള ലെവലിൽനിന്നും ഏതാണ്ട് 10 മീറ്ററോളം അധികം താഴ്ത്തേണ്ടി വന്നതിനാൽ ഡാമിന്റെ ഡിസൈൻ മാറുകയുണ്ടായി. ഈ അവസരത്തിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ബാക്കി പണികൾ എഗ്രിമെന്റ് പ്രകാരമുള്ള നിരക്കിൽ ചെയ്യുവാൻ വിസമ്മതിച്ചതിനാൽ, കോൺട്രാക്ട് അവസാനിപ്പിച്ച്, പ്രസ്തുത പ്രവൃത്തി റീ-ടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ കരാറുകാരന്റെ കരാർ അവസാനിപ്പിക്കുകയുണ്ടായി. ഇതിനെതിരെ കരാറുകാരൻ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. കോൺട്രാക്ടറെ നേരിൽ കേട്ട് ഒരു മാസത്തിനകം തീരുമാനമെടുക്കുവാൻ സർക്കാരിനോട് ബഹു. കോടതി നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ ടെർമിനേഷൻ ഉത്തരവ് ബഹു. കോടതി റദ്ദ് ചെയ്യുകയുമുണ്ടായി. ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം കരാറുകാരനെ 21-2-2018-ന് ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. ഹർജിക്കാരൻ ഉന്നയിച്ച ചില കാര്യങ്ങൾ, ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചുവരുന്നു. ഇതിൽ തീരുമാനം കൈക്കൊണ്ടശേഷം പട്ടിശ്ശേരി ഡാമിന്റെ ബാക്കി പണികളിന്മേൽ നടപടികൾ പുനരാരംഭിക്കുന്നതാണ്.

അപ്പർ ചട്ട മൂന്നാർ ഡാമിന്റെയും ലോവർ ചട്ട മൂന്നാർ ഡാമിന്റെയും കോണ്ടൂർ സർവ്വെ ജോലികളും മണ്ണ് പര്യവേഷണ ജോലികളും പുരോഗമിക്കുന്നു. ആയത് പൂർത്തിയാകുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും.

**ചെക്ക്ഡാമുകളുടെയും റെഗുലേറ്റർ-കം-ബ്രിഡ്ജുകളുടെയും നിർമ്മാണം**

205 (1032) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ചെക്ക്ഡാം നിർമ്മാണത്തിനും റെഗുലേറ്റർ- കം -ബ്രിഡ്ജ് നിർമ്മാണത്തിനും ഭരണാനുമതി നൽകിയ തുകയുടെ വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്; ഇവയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസേചന വകുപ്പിന്റെ അധികാരപരിധിയിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2016-17 കാലയളവിൽ ചെക്ക്ഡാം/വി.സി.ബി. എന്നിവ നിർമ്മിക്കുന്നതിനായി 3913.9 ലക്ഷം രൂപയും റെഗുലേറ്റർ നിർമ്മിക്കുന്നതിനായി 3550 ലക്ഷം രൂപയും 2017-18 കാലയളവിൽ ചെക്ക്ഡാം/വി.സി.ബി. നിർമ്മിക്കുന്നതിനായി 5255.4 ലക്ഷം രൂപയും റെഗുലേറ്റർ നിർമ്മിക്കുന്നതിനായി 5095 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ കീഴിൽ 2016-17 കിഫ്ബിയിൽ ഉൾപ്പെടുത്തിയ പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയ്ക്കും വാണിയംകുളം പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായി 35 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കൂടാതെ കൊല്ലം നഗരസഭാ പ്രദേശത്തിനായി കല്ലടയാർ സ്രോതസ്സാക്കിയുള്ള പുതിയ ശുദ്ധജല വിതരണ പദ്ധതിക്കായി അമൃത് പദ്ധതിയിലുൾപ്പെടുത്തി 78.35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കല്ലുവാതുക്കൽ, പാരിപ്പള്ളി, വെളിനല്ലൂർ വില്ലേജുകൾക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 27 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(ബി) കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെട്ട മൂന്ന് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. കാസർഗോഡ് വികസന പാക്കേജ്-മൂളിയാർ ഗ്രാമപഞ്ചായത്തിൽ കളിപ്പള്ളം ചെമ്പിലക്കൈ എന്ന സ്ഥലത്ത് പാലത്തോടുകൂടിയ വി.സി.ബി.യുടെ നിർമ്മാണം.

2. കാസർഗോഡ് വികസന പാക്കേജ്-ദേലംപാടി ഗ്രാമപഞ്ചായത്തിൽ കോരിക്കണ്ടം വി.സി.ബി.യുടെ നിർമ്മാണം.

3. കാസർഗോഡ് ജില്ലയിൽ പണാങ്കോട് ചെക്ക് ഡാമിന്റെ നിർമ്മാണം.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഷൊർണ്ണൂർ നഗരസഭയ്ക്കും വാണിയംകുളം പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര കുടിവെള്ള പദ്ധതിയിലുൾപ്പെട്ട 15 കോടി രൂപയ്ക്കുള്ള ഭാരതപ്പുഴയിൽ കൊച്ചിൻ പാലത്തിന് താഴെയായി കുടിവെള്ള പദ്ധതിക്കുള്ള തടയണ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**കാട്ടാക്കട മംഗലയ്ക്കലിന് സമീപം**
**കുളിക്കടവും റാമ്പും നിർമ്മാണം**

206 (1033) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ വലതുകര കനാൽ കടന്നുപോകുന്ന കാട്ടാക്കട മംഗലയ്ക്കലിന് സമീപം കുളിക്കടവും റാമ്പും നിർമ്മിയ്ക്കുന്നതിനുള്ള പ്രവൃത്തിക്ക് ഭരണാനുമതിയും ടെണ്ടർ നടപടിയും പൂർത്തിയായിട്ടും പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും അടിയന്തര നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ&ബി) നെയ്യാർ ജലസേചന പദ്ധതിയുടെ ഭാഗമായ വലതുകര കനാൽ കടന്നുപോകുന്ന മംഗലയ്ക്കൽ ഭാഗത്ത് പണികൾക്ക് ഭരണാനുമതി ഇപ്പോൾ നിലവിലില്ല. മറ്റ് ഭാഗങ്ങളിൽ റാമ്പ് നിർമ്മിക്കുന്നതിന് 2013-ലെ കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തിയായിട്ടില്ല.

**കിള്ളിയാറിൽ സംരക്ഷണഭിത്തി നിർമ്മാണം**

207 (1034) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിള്ളിയാറിൽ വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തൊഴുവൻകോട് പാലം മുതൽ കാടുവെട്ടി പാലം വരെയുള്ള ഭാഗങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കാത്തതിനാൽ മഴസമയത്ത് വെള്ളപ്പൊക്കംമൂലം

ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഇറിഗേഷൻ ചീഫ് എൻജിനീയർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സംരക്ഷണഭിത്തി നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്; തൊഴുവൻകോട് പാലം മുതൽ കാട്ടുവെട്ടി പാലം വരെ കിള്ളിയാറിന്റെ സംരക്ഷണ ഭിത്തി കെട്ടുന്നതിന് ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ പുലിമുട്ടുകൾ**

208 (1035) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ കടലാക്രമണ ഭീഷണിയുള്ള മുനമ്പം മുതൽ പുതുവൈപ്പ് വരെയുള്ള കടലോരത്ത് പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഇടങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ വിഷയത്തിൽ ഒരു പഠന റിപ്പോർട്ട് ഐ.ഐ.ടി. മദ്രാസ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) വൈപ്പിനിലെ എടവനക്കാട് പ്രദേശത്ത് നാല് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി 3.77 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അവയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വരുന്നു. വൈപ്പിൻമേഖലയിൽ കടലാക്രമണ ഭീഷണിയുള്ള മറ്റുപ്രദേശങ്ങളിൽ പുനരുദ്ധാരണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പുലിമുട്ട് നിർമ്മാണത്തിനായി സി.ഡബ്ല്യു. പി.ആർ. എസ്./ ഐ.ഐ.ടി.ഡിസൈൻ ലഭിക്കേണ്ടതുണ്ട്. പുലിമുട്ട് നിർമ്മാണം സംബന്ധിച്ച പ്രത്യാഘാതങ്ങൾ പഠിക്കുന്നതിനായി ഒരു സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്.

**അണിയിലിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് നടപടി**

209 (1036) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ അണിയിലിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വൈപ്പിൻ നിയോജക മണ്ഡലത്തിലെ അണിയിലിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കടൽഭിത്തി നിർമ്മാണം**

210 (1037) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ മേഖലയിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് പഠനം നടത്തുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഏജൻസി പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്; 'കോംപ്രിഹെൻസീവ് സ്റ്റഡി ഓൺ ഇറോഷൻ എലോംഗ് ദ കേരള കോസ്റ്റ്'എന്ന പേരിൽ ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസെർച്ച് സ്റ്റേഷനെ (CWPRS) ചുമതലപ്പെടുത്തിയിരുന്നു.

(ബി) കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്തിമറിപ്പോർട്ട് തയ്യാറാക്കുന്നതിന് ള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കടൽഭിത്തി നിർമ്മാണം**

211 (1038) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണ ഭീഷണി രൂക്ഷമായ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ തകർന്ന കടൽഭിത്തി പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര പ്രവൃത്തികൾക്ക് എത്ര രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്; ഇതിന്റെ വിശദാംശം നൽകാമോ;

(ബി) മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ തകർന്ന കടൽഭിത്തി പുനർ നിർമ്മിക്കുന്നതിനും പുതിയ കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കുന്നതിനും എത്ര എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാല് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഒരു പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മൂന്ന് പ്രവൃത്തികൾക്ക് കോൺട്രാക്ടർ കാട്ട് ചെയ്ത നിരക്ക് അധികമായതിനാൽ അംഗീകാരം നൽകാൻ കഴിഞ്ഞില്ല. തുടർന്ന് റീ-ടെണ്ടർ ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) 15-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി മാടായി-മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി നടപടിയെടുത്തുവരുന്നു.

1. മാടായി ഗ്രാമപഞ്ചായത്തിൽ പുതിയങ്ങാടിയിൽ സി.പി. സ്റ്റോൺ 2412 മുതൽ 350 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം.

2. മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ നീരൊഴുക്ക് ചാലിൽ സി.പി.സ്റ്റോൺ 2392-നും 2395-നും സമീപം 500 മീറ്റർ നീളത്തിൽ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി.

3. മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ കക്കാടൻചാലിൽ സി.പി.സ്റ്റോൺ 2389-നും 2392-നും സമീപം 500 മീറ്റർ നീളത്തിൽ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി.

4. മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ മാട്ടൂൽ സൗത്തിൽ സി.പി. സ്റ്റോൺ 2359-ന് തെക്ക് ഭാഗത്തായി തകർന്ന കടൽഭിത്തിയുടെ അടിയന്തര പുനരുദ്ധാരണ പ്രവൃത്തി.

**കടലാക്രമണത്തിൽനിന്ന് സംരക്ഷണം**

212 (1039) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ ശക്തമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ കടൽഭിത്തികൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കടലാക്രമണം രൂക്ഷമാകുന്ന ജൂൺ-ജൂലൈ മാസങ്ങളിൽ തീരദേശവാസികളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ ശക്തമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ തീരദേശവാസികളുടെ സംരക്ഷണത്തിനായി കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധത്തി നാവശ്യമായ എസ്റ്റിമേറ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശംഖുമുഖം മുതൽ വലിയതുറ വരെ 1770 മീറ്റർ നീളത്തിലും കൈതവിളാകം മുതൽ തയ്യാപ്പള്ളി വരെ 500 മീറ്റർ നീളത്തിലും കടൽഭിത്തി പുനരുദ്ധാരണത്തിനും വലിയതുറ മുതൽ ചെറിയതുറ വരെ 575 മീറ്റർ കടൽഭിത്തി നിർമ്മാണത്തിനും പൂന്തുറ ഭാഗത്ത് എട്ട് പുലിമുട്ടുകളുടെ പുനരുദ്ധാരണത്തിനുമായുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറക്കിവരുന്നു. കൂടാതെ ചെറിയതുറ മുതൽ തയ്യാപ്പള്ളി വരെ 15 പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

**തലശ്ശേരിയിലെ ചൊക്ലി റെഗുലേറ്റർ-കം-ബ്രിഡ്ജ്**

213 (1040) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന തലശ്ശേരി നിയോജക മണ്ഡലത്തിലെ പ്രവൃത്തിയായ ചൊക്ലിറെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ അവശേഷിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2017-18-ലേയ്ക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളിൽ ഭരണാനുമതി ഇല്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ചൂക്കിളി (ചൊക്ലി) പഞ്ചായത്തിലെ ആർ.സി.ബി. നിർമ്മാണത്തിന് 40 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ പ്രവൃത്തിക്ക് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. കരാർ ഉടമ്പടിവച്ചിട്ടുണ്ട്.

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി പ്രവൃത്തിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ഭരണാനുമതിക്കായി സമർപ്പിക്കുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വള്ളിക്കുന്ന് മണ്ഡലത്തിലെ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം**

214 (1041) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽപ്പെട്ട റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ഐ.ഡി.ആർ.ബി.യിൽ നിലവിലുള്ള ഡിസൈനിംഗ് ഐ.ഡി. സംബന്ധിച്ച ഫയലിൽ തീർപ്പ്കല്പിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ വള്ളിക്കുന്ന്, തേഞ്ഞിപ്പാലം പഞ്ചായത്തുകളിലെ ഇരുമ്പോത്തിങ്ങൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തി കിഫ്ബിയുടെ പരിഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ബി-ഡി) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ഇരുമ്പോത്തിങ്കൽ എന്ന സ്ഥലത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് ദേശീയ ജലപാത-3-ലാണ് സ്ഥിതി ചെയ്യുന്നത്. ഈ സൈറ്റിന്റെ ഇരുകരകളും വളരെ താഴ്ന്നാണ് കിടക്കുന്നത്. ദേശീയ ജലപാതയിൽ വരുന്നതിനാൽ ലോക്ക് ഷട്ടർ വരുന്ന ഭാഗത്ത് ഉയർന്ന ജലനിരപ്പിൽനിന്നും 6 മീറ്റർ ക്ലിയറൻസ് ആവശ്യമുണ്ട്. ഇരുകരകളും താഴ്ന്നകിടക്കുന്നതിനാൽ ഇത്രയും ഉയരത്തിൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ സാധുതയില്ലാതാകുന്നു. കൂടാതെ അപ്രോച് റോഡിനായി സ്ഥലം ഏറ്റെടുക്കേണ്ടതായും കാണുന്നു.

ഐ.ഡി.ആർ.ബി.യിൽനിന്ന് ടി സ്ഥലം സന്ദർശിച്ചിരുന്നു. റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് ടി സ്ഥലം അനുയോജ്യമല്ലാത്തതിനാൽ 5 കി.മീ. മുകളിലായി നിലവിൽ സ്ഥിതി ചെയ്യുന്ന മണ്ണൂട്ടാംപാറ വിയർ-കം-ലോക്ക് നവീകരിച്ച് ഉപയോഗപ്രദമാക്കുന്നതായിരിക്കും ഉചിതമെന്ന അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്.

**ജലസേചന വകുപ്പിലെ എസ്.എൽ.ആർ. വിഭാഗം ജീവനക്കാർ**

215 (1042) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ 16-1-2013-ൽ എസ്.എൽ.ആർ. തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരെ വർക്കർ ഗ്രേഡ് 2 ആയി ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ;

(ബി) എസ്.എൽ.ആർ,ആയി വർഷങ്ങളായി ജോലി ചെയ്യുന്ന ജീവനക്കാർ ആനുകൂല്യങ്ങളൊന്നും ലഭിക്കാതെ പിരിയുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ; ഇവർക്ക് മിനിമം പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ;

(സി) ഈ വിഭാഗം ജീവനക്കാരെ ഒഴിവുള്ള പാർട്ടൈം സ്വീപ്പർ തസ്തികയിലേക്ക് മാറ്റി നിയമിക്കാൻ നടപടി കൈക്കൊള്ളാമോ;

(ഡി) എസ്.എൽ.ആർ. ആയി വിരമിച്ച ജീവനക്കാരുടെ ഒഴിവിലേക്ക് ഇപ്പോൾ ജോലിചെയ്യുന്ന എച്ച്.ആർ. വിഭാഗം ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽനിന്നും നിയമനം നടത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ജലസേചന വകുപ്പിൽ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ നിറവേറ്റുന്ന എസ്.എൽ.ആർ. ജീവനക്കാരെ മാത്രമേ നിലവിൽ വർക്കർ ഗ്രേഡായി നിയമിക്കുവാൻ കഴിയുകയുള്ളൂ.

1. 1-1-2011-ന് മുമ്പ് 10 വർഷം സർവ്വീസ് പൂർത്തിയായിരിക്കണം.
2. 55 വയസ് പൂർത്തിയാകാത്തവരും അഥവാ പെൻഷൻ തീയതി ഏകീകരണംവഴി 31-3-2011 വരെ റഗുലറൈസ് ചെയ്യുമ്പോൾ സർവ്വീസിൽ തുടരുവാൻ അർഹതയുള്ളവരായിരിക്കണം.
3. 500 ദിവസം പൂർത്തിയായിരിക്കണം.
4. 4-7-1983-നോ അതിനുശേഷമോ സർവ്വീസിൽ ഉള്ളവരായിരിക്കണം.

(ബി) എസ്.എൽ.ആർ. ജീവനക്കാർക്ക് 58 വയസ്സാണ് വിരമിക്കാൻ പ്രായം. ഇവർ സർവ്വീസിൽനിന്നും വിരമിക്കുമ്പോൾ Seasonal gratuity നൽകിവരുന്നു.

(സി) പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല.

(ഡി) എച്ച്.ആർ. ജോലി ചെയ്യുന്നവർ സ്ഥിരം ജീവനക്കാരല്ലാത്തതിനാൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ല. ആയതിനാൽ ഇത്തരത്തിൽ നിയമനം നടത്താൻ കഴിയില്ല.

**വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണം**

216 (1043) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിലെ പെൻഷൻകാർക്ക് പെൻഷൻ പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) വാട്ടർ അതോറിറ്റിയിലെ പെൻഷൻകാർക്ക് സംസ്ഥാന സർക്കാർ പെൻഷൻകാർക്ക് അനുവദിച്ച രീതിയിൽ പെൻഷൻ കുടിശ്ശിക നൽകാത്തത് എന്തുകൊണ്ടാണ്;

(സി) പെൻഷൻ കുടിശ്ശിക വാട്ടർ അതോറിറ്റി ജീവനക്കാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2014-ൽ നടത്തേണ്ടിയിരുന്ന പെൻഷൻ പരിഷ്കരണം കേരള വാട്ടർ അതോറിറ്റിയിലെ സാമ്പത്തിക ബുദ്ധിമുട്ടുകൾ നിമിത്തം അന്ന് നടത്തുവാൻ സാധിച്ചില്ല. 14-3-2017-ൽ പുതുക്കിയ നിരക്കിലുള്ള പെൻഷൻതുക അപേക്ഷ നൽകിയ എല്ലാ പെൻഷൻകാർക്കും നിലവിൽ നൽകിവരുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം പരിഷ്കരണം വൈകിയതുമൂലമുണ്ടായ കുടിശ്ശിക ഗഡുക്കളായി നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ജലസേചന വകുപ്പിലെ എസ്.എൽ.ആർ.**
**ജീവനക്കാരുടെ പെൻഷൻ**

217 (1044) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ പതിനഞ്ചും ഇരുപതും വർഷങ്ങളായി എസ്.എൽ.ആർ. ജീവനക്കാരായി ജോലി ചെയ്ത നിരവധി പേർക്ക് പെൻഷൻ ലഭിക്കാതെ ഗ്രാറ്റുവിറ്റി മാത്രം ലഭിച്ച് പിരിഞ്ഞുപോയിട്ടുള്ളതും പ്രതിമാസ പെൻഷൻ ലഭിക്കാതെ കഷ്ടപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരിയാർവാലി ഇറിഗേഷൻ പ്രൊജക്ടിന്റെകീഴിൽ 28-1-1990 മുതൽ 1-9-2009 വരെ എസ്.എൽ.ആർ.ആയി ജോലിചെയ്ത പിരിഞ്ഞു പോയ പി. വിനയൻ ഉൾപ്പെടെയുള്ളവർക്ക് കുറഞ്ഞ നിരക്കിൽ പെൻഷൻ നല്കുന്നതിനു വേണ്ടി നല്കിയിട്ടുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ;വിശദമാക്കാമോ?

ഉത്തരം

(എ) ജലസേചന വകുപ്പിൽ നിലവിലെ നിയമമനുസരിച്ച് എസ്.എൽ.ആർ. ജീവനക്കാർക്ക് പെൻഷൻ അനുവദിച്ചിട്ടില്ല. ഗ്രാറ്റുവിറ്റി മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) പെരിയാൽ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിൽ 28-1-1990 മുതൽ 1-9-2009 വരെ എസ്.എൽ.ആർ. ആയി ജോലി ചെയ്ത് പിരിഞ്ഞുപോയ ശ്രീ. പി. വിനയന്റെ പെൻഷനുവേണ്ടിയുള്ള അപേക്ഷ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും ജലവിഭവ വകുപ്പിൽ സമീപകാലത്ത് ലഭ്യമായതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

**കണ്ണൂർ ജില്ലയിൽ മേജർ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

218 (1045) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മേജർ ഇറിഗേഷൻ വകുപ്പിന് കീഴിൽ കഴിഞ്ഞ വർഷം (2017-18) കണ്ണൂർ ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; ഓരോന്നും ഇനം തിരിച്ച് അനുവദിച്ച തുക അടക്കം വിശദമാക്കാമോ?

ഉത്തരം

പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**തണ്ണീർമുക്കം ബണ്ട്**

219 (1046) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് പാക്കേജിൽ നിർമ്മിക്കുന്ന തണ്ണീർമുക്കം ബണ്ട് പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നു വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

തണ്ണീർമുക്കം ബണ്ടിന്റെ നിർമ്മാണം (റെഗുലേറ്റർ-കം-ബ്രിഡ്ജ്) പൂർത്തീകരിച്ചു. പെയിന്റിംഗ്, ഇലക്ട്രിക്കൽ, ഇലക്ട്രോണിക് സംവിധാനങ്ങളുടെ പ്രവൃത്തികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. നിലവിലെ മൺചിറ പൊളിച്ചുനീക്കുന്ന പ്രവൃത്തിയും ലിങ്ക് ഐലന്റുകളുടെ സംരക്ഷണ പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്.

**വി.സി.ബി. പ്രവൃത്തിക്ക് അനുമതി**

220 (1047) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കുണിയൻ പടിഞ്ഞാറ്റ തോടിന്റെ വി.സി.ബി. പ്രവൃത്തിക്ക് ടെക്നിക്കൽ അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പയ്യന്നൂർ മണ്ഡലത്തിലെ കുണിയൻ പടിഞ്ഞാറ്റ തോടിലെ വി.സി.ബി. നിർമ്മാണത്തിന് എം.ഐ. ക്ലാസ് 1 ഹരിത കേരളത്തിൽ ഉൾപ്പെടുത്തി 62.3 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചശേഷം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**നേമം മണ്ഡലത്തിലെ മേജർ/മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

221 (1048) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷം നേമം നിയോജകമണ്ഡലത്തിൽ ഏതൊക്കെ മേജർ/മൈനർ പ്രവൃത്തികൾക്കാണ് ഇറിഗേഷൻ വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ചത്; വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾക്ക് അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നേമം മണ്ഡലത്തിൽനിന്നും ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾ**

222 (1049) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നേമം മണ്ഡലത്തിൽനിന്നും മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വിഭാഗങ്ങൾ വഴി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇവയുടെ നിലവിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

അനുബന്ധമായി ചേർക്കുന്നു.*

**അരുർ മണ്ഡലത്തിലെ ചന്തിരുർ പുത്തൻതോട് നവീകരണം**

223 (1050) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 - 17 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ടിരുന്ന അരുർ മണ്ഡലത്തിലെ ചന്തിരുർ പുത്തൻ തോട് ആഴംകൂട്ടി കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

പ്രസ്തുത പ്രവൃത്തിക്ക് 2016-17 വർഷത്തെ ബജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ടായിരുന്നു. പ്രവൃത്തിയുടെ ആവശ്യകത പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തൃശ്ശൂർ ജില്ലയിലെ റെഗുലേറ്ററുകളിൽ സ്ഥിരം ബണ്ടുകൾ**

224 (1051) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ, ഇടിയഞ്ചിറ, മുനയം എന്നീ റഗുലേറ്ററുകളിൽ റിംഗ് ബണ്ട് നിർമ്മാണത്തിനായി വർഷംതോറും തുക ചെലവഴിക്കുന്നത് ഒഴിവാക്കുന്നതിനും യഥാസമയം അറ്റകുറ്റപ്പണികൾ നടത്താൻ കഴിയാതെ വരുന്ന സമയങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കുകയും കടലിലേക്ക് മണ്ണ് ഒലിച്ചു പോകുകയും ചെയ്യുന്ന സാഹചര്യം ഇല്ലാതാക്കാനും സ്ഥിരം റിംഗ് ബണ്ട് സംവിധാനം ഏർപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സ്ഥിരം സംവിധാനം എന്ന നിലയിൽ റബ്ബർ ബണ്ടുകൾ നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ കരുവന്നൂർ പുഴയ്ക്കുകുകെ മുനയത്ത് റെഗുലേറ്റർ നിർമ്മിക്കുന്നതിനായി നബാർഡ് XXIII എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 3-1-2018 തീയതിയിലെ ജി.ഒ.(ആർ.ടി.) നമ്പർ 7/2018/ഡബ്ല്യു.ആർ.ഡി. ഉത്തരവ് പ്രകാരം 24.00 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്കാവശ്യമായ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഏനാമാക്കൽ, ഇടിയഞ്ചിറ എന്നിവിടങ്ങളിൽ സ്ഥിര സംവിധാനമായ റെഗുലേറ്റർ ഉണ്ട്. ഇവ യഥാക്രമം 60 വർഷം, 18 വർഷം എന്നിങ്ങനെ പഴക്കമുള്ളവയാണ്. ആയതിനാൽ ഈ സ്ലൂയ്ച്ചുറുകളുടെ നവീകരണ പ്രവൃത്തികൾ നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. സിവിൽ പ്രവൃത്തികൾക്ക് പുറമേ മെക്കാനിക്കൽ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ താൽക്കാലിക ബണ്ടുകൾ നിർമ്മിക്കുന്നത് ഒഴിവാക്കുന്നതിന് സാധ്യമാകുകയുള്ളൂ. ഇതിനായി ഇല്ലിക്കൽ റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 2.0 കോടി രൂപയുടെയും ഇടയഞ്ചിറ റഗുലേറ്ററിന് മുകൾ ഭാഗത്ത് ചെക്ക് ഡാം നിർമ്മാണത്തിനായി 6.00 കോടി രൂപയുടെയും പ്രൊപ്പോസൽ 13-ാം പഞ്ചവത്സര പദ്ധതിയിലെ 2-ാം വർഷപരിപാടി 2018-19-ൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) റബ്ബർ ബണ്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഒന്നാംതന്നെ തുടങ്ങിയിട്ടില്ല. ഇതിന്റെ സാധ്യതകളെക്കുറിച്ച് പരിശോധന നടത്തിവരുന്നു.

**ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ**

225 (1052) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) മാനന്തവാടി മുനിസിപ്പാലിറ്റിയിലെ പാലാക്കുളി പ്രദേശത്ത് ഏതെങ്കിലും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കാൻ ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ് എന്നറിയിക്കാമോ?

ഉത്തരം

(എ) മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) മാനന്തവാടി മുനിസിപ്പാലിറ്റിയിൽ പാലാകുളി പ്രദേശത്തെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകൾ ഒന്നും ഇപ്പോൾ നിലവിലില്ല.

**കണ്ണൂർ ജില്ലയിലെ പൂരക്കടവിൽ വിയർ-കം-ട്രാക്ടർ വേ**

226 (1053) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ ആർ. ഐ. ഡി. എഫ്- 23-ൽ ഉൾപ്പെടുത്തി 381 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ പൂരക്കടവിൽ ഏഴ്യം പുഴയ്ക്ക് കുറുകെ വിയർ-കം-ട്രാക്ടർ വേ നിർമ്മിക്കുന്ന പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയും; വിശദാംശം നൽകുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ പൂരക്കടവ് ഏഴ്യംപുഴയ്ക്ക് കുറുകെ പൂരക്കടവിൽ വിയർ-കം- ട്രാക്ടർ വേ എന്ന പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തി ആരംഭിക്കുന്നതിനായി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

**നാദാപുരം മണ്ഡലത്തിലെ കുംമള്ളി- മുല്ലപ്പള്ളി കുടിവെള്ള പദ്ധതി**

227 (1054) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമ പഞ്ചായത്തിൽ ജലനിധിയുടെ കുംമള്ളി -മുല്ലപ്പള്ളി കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) പദ്ധതി എന്ന് കമ്മീഷൻ ചെയ്യുമെന്ന് അറിയിക്കാമോ; പദ്ധതിയിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ജലത്തിന്റെ ഗുണനിലവാരം മെമച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ജലനിധിയിൽ പൂർത്തിയായിക്കഴിയുന്നമുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യ കുടിവെള്ളം ലഭ്യമാക്കുന്നതിന് സാധിക്കും. നിലവിൽ 95 ഗുണഭോക്തൃ കുടുംബങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വർക്കല മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

228 (1055) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ മുഖേന എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ മേജർ ഇറിഗേഷൻ മുഖേന എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭരണാനുമതികളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) വർക്കല മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ മുഖേന അഞ്ച് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) വർക്കല മണ്ഡലത്തിൽ മേജർ ഇറിഗേഷൻ മുഖേന നാല് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.*

(സി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതികളുടെ പകർപ്പ് അനുബന്ധം III ആയി ചേർക്കുന്നു.*

**ചിറ്റൂർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

229 (1056) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ പ്രഖ്യാപിച്ചതും ഏരികളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ഹരിത കേരളം മിഷനിൽ ഉൾപ്പെടുത്തിയതുമായ വെങ്കലകയം, കുന്നുപിടരി, കമ്പാലത്തറ എന്നീ ഏര്യകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2017-18 ബജറ്റിൽ പ്രഖ്യാപിച്ച, കിഫ്ബിയിലൂടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റെഗുലേറ്ററുകളിൽ ചിറ്റൂർ പുഴയ്ക്ക് കുറുകെ നല്ലേപ്പിള്ളി പഞ്ചായത്തിൽ വളവുപാലത്ത് നിർമ്മിക്കുന്ന റെഗുലേറ്ററിന്റെയും പെരുവമ്പ് പഞ്ചായത്തിൽ പാലത്തുള്ളി വടകരപ്പള്ളിയിൽ നിർമ്മിക്കുന്ന റെഗുലേറ്ററിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കുമോ?

ഉത്തരം

(എ) വെങ്കലക്കയം, കുന്നംപിടരി, കമ്പാലത്തറ എന്നീ ഏരികളുടെ ആഴം കൂട്ടി അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഇതിനായുള്ള പ്രവൃത്തികൾ 2 വിഭാഗങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാമതായി മൂന്ന് ഏരികളുടെ desilting ചെയ്ത് ആഴം കൂട്ടുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനുള്ള മണ്ണ് പര്യവേഷണ പ്രവൃത്തികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

രണ്ടാമതായി ഏരികളുടെ ബണ്ടിൽ കൂടിയുള്ള seepage തടയുന്നതിനുള്ള പ്രവർത്തികൾ, LBMC മെയിന്റനൻസ് പ്രവൃത്തികൾ, ബണ്ട് റോഡിന്റെ നിർമ്മാണം, ഷട്ടർ അറേഞ്ച്മെന്റ് എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ചിറ്റൂർ പുഴയ്ക്കുറുകെ നല്ലേപ്പിള്ളി പഞ്ചായത്തിൽ വളവ് പാലത്ത് നിർമ്മിക്കുന്ന റെഗുലേറ്ററിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് നബാർഡ് ആർ.ഐ.ഡി.എഫ്. XXIV-ൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ചിറ്റൂർ പുഴയ്ക്കുറുകെ പെരുവെമ്പ് പഞ്ചായത്തിൽ പാലത്തുള്ളി വടകര പള്ളിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന റെഗുലേറ്ററിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഐ.ഡി.ആർ.ബി. രൂപകല്പന പ്രകാരം തയ്യാറാക്കിവരുന്നു.

**തൃക്കാക്കര മുനിസിപ്പാലിറ്റി പൈപ്പ് ലൈൻ റോഡിന്റെ ശോചനീയാവസ്ഥ**

230 (1057) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മുനിസിപ്പാലിറ്റിയിലൂടെ കടന്നു പോകുന്ന പൈപ്പ് ലൈൻ റോഡ് പൊട്ടിപൊളിഞ്ഞതിനാൽ കാൽനട യാത്രപോലും ബുദ്ധിമുട്ടാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റോഡിന്റെ തുടർച്ചയായി കൊച്ചിൻ കോർപ്പറേഷനിലും കളമശ്ശേരി മുനിസിപ്പാലിറ്റിയിലുംപെട്ട ഭാഗങ്ങൾ ടാർ ചെയ്യുകഴിഞ്ഞതിനാൽ തൃക്കാക്കര മുനിസിപ്പാലിറ്റിയിലൂടെ കടന്നുപോകുന്ന ഭാഗങ്ങൾ വാട്ടർ അതോറിറ്റി ടാർ ചെയ്യുകയോ അല്ലെങ്കിൽ മുനിസിപ്പാലിറ്റി ഫണ്ട്, എം.എൽ.എ, ഫണ്ട് എന്നിവ ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് വാട്ടർ അതോറിറ്റി അനുമതി നൽകുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ റോഡ് പുനരുദ്ധാരണത്തിന് അതോറിറ്റിക്ക് നിലവിൽ പദ്ധതികളില്ല. പ്രസ്തുത പൈപ്പ് ലൈൻ റോഡ് ടാർ ചെയ്ത് വാഹന ഗതാഗതം അനുവദിക്കണമെന്ന പ്രൊപ്പോസൽ സാങ്കേതിക പഠനം കൂടി നടത്തിയശേഷം ബോർഡിന്റെ പരിഗണനയ്ക്കായി വീണ്ടും സമർപ്പിക്കുവാനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിലെ ടോൾ പിരിവ്**

231 (1058) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിൽ കാലാവധി കഴിഞ്ഞിട്ടും ടോൾ പിരിവ് തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കവണക്കല്ലിൽനിന്ന് ടോൾ പിരിവിലൂടെ നാളിതുവരെ ലഭിച്ച വരുമാനം വർഷം തിരിച്ച് അറിയിക്കാമോ;

(സി) ഈ ടോൾ പിരിവ് അവസാനിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) ടോൾ പിരിവിന്റെ കാലാവധി കഴിഞ്ഞിട്ടില്ല.

(ബി) വിശദവിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(സി) ഇക്കാര്യം ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട കുന്നമംഗലം എം.എൽ.എ. മുമ്പേ നൽകിയിട്ടുള്ള നിവേദനത്തിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. തീരുമാനമെടുത്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിലെ കനാൽ റോഡ് നവീകരണം**

232 (1059) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ നടുവണ്ണൂർ, കോട്ടൂർ, ബാലുശ്ശേരി പഞ്ചായത്തുകളിൽ നിന്നും കനാൽ റോഡ് നവീകരണത്തിന്റെ അനുമതിക്കായി ഇറിഗേഷൻ വകുപ്പിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ റോഡുകൾ നവീകരിക്കുന്നതിനാണ് ഇനിയും അനുമതി നൽകിയിട്ടില്ലാത്തത് എന്നറിയിക്കാമോ;

(സി) കനാലിന് ഭീഷണിയില്ലാത്ത രീതിയിൽ റോഡുകൾ പരിഷ്കരിക്കുന്നതിനുള്ള അനുമതികൾ വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുറ്റ്യാടി ജലസേചന പദ്ധതിയുടെ കാര്യാലയത്തിൽ അപേക്ഷ ലഭ്യമായിട്ടുണ്ട്.

(ബി)

1. പുളിയോട് മുക്ക് മൂലാട് മാണിക്കോത്ത് താഴെ കനാൽ റോഡ്
2. തട്ടാൻകണ്ടി പുതുമന മുക്ക് കനാൽ റോഡ്
3. പടിയക്കണ്ടി പറക്കുന്നത്ത് കോളനി കനാൽ റോഡ്
4. കുട്ടാലിട ഈർച്ചമിൽ പുതിയോട്ട് മുക്ക് പൂനത്ത് കനാൽ റോഡ്
5. ഈർച്ചമിൽ പി.എച്ച്.സി. റോഡ്
6. പാലോളി ലക്ഷംവീട് സ്റ്റേഡിയം റോഡ്
7. കൂട്ടാലിട പഴയ ബസ് സ്റ്റാന്റ് ആവറാട്ട് മുക്ക് കനാൽ റോഡ്
8. ആവറാട്ട് മുക്ക് പുതിയേടത്ത് കനാൽ റോഡ്
9. ഇരുപ്പാൽ താഴെ കോട്ടൂർ അമ്പലം കൽപ്പത്തൂർ റോഡ്
10. പുതിയോട്ട് മുക്ക് കാരിപ്പാറ റോഡ്
11. മൂലാട്ട് പോസ്റ്റ് ഓഫീസ് മലയിൽ റോഡ്
12. പുതിയോട്ടിൽ മുല്ലോത്ത് താഴെ റോഡ് കൽവർട്ട് നിർമ്മാണം

13. പുതിയോട്ടിൽ സ്റ്റേഡിയം റോഡ് നിർമ്മാണം

14. നടുവണ്ണൂർ കനാൽ റോഡ് ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക്

15. നടുവണ്ണൂർ കനാൽ റോഡ് മെറ്റലിംഗ് ആൻഡ് ടാറിംഗ് (കനാൽ ഇൻസ്പെക്ഷൻ റോഡിലെ ചെ. 7/700- 7/800 കി.മീ.- കക്കോടി ബ്രാഞ്ച് കനാൽ)

16. വെറ്ററിനറി ഹോസ്പിറ്റൽ കല്ലരത്താഴെ ഉടുമ്പ്രമല റോഡ് (തെരുവത്ത് കടവ് ഫീൽഡ് ബോത്തിയുടെ 0/500 കി.മീ. നടുത്ത്)

17. പുതുശ്ശേരി താഴെചാലിൽ പള്ളിത്താഴെ കനാൽ റോഡ്.

(സി) കനാലിന് ഭീഷണിയില്ലാത്ത രീതിയിൽ റോഡുകൾ പരിഷ്കരിക്കുന്നതിനുള്ള പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതിനാൽ ജലസേചന വകുപ്പ് ഡെപ്പോസിറ്റ് വർക്കായിട്ടാണ് നിലവിൽ ഇത്തരം പ്രവൃത്തികൾ നിർവ്വഹിക്കുന്നത്. നടുവണ്ണൂർ കനാൽ റോഡ് ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക്, നടുവണ്ണൂർ കനാൽ റോഡ് മെറ്റലിംഗ് ആൻഡ് ടാറിംഗ് ആൻഡ് വെറ്ററിനറി ഹോസ്പിറ്റൽ കല്പരത്താഴെ ഉടുമ്പ്രമല റോഡ് എന്നീ പ്രവൃത്തികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്യാൻ ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്..

**സീതാർകുണ്ട് ഇറിഗേഷൻ പദ്ധതി**

233 (1060) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ സീതാർകുണ്ട് ഇറിഗേഷൻ പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സീതാർകുണ്ട് ഇറിഗേഷൻ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾ തുടങ്ങിയിട്ടുണ്ടോ; സർവ്വേ നടപടികൾ പൂർത്തീകരിച്ച് എത്ര സമയത്തിനുള്ളിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ സീതാർകുണ്ട് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (KERI) നേതൃത്വത്തിൽ പ്രാഥമിക വിവര ശേഖരണം നടത്തി, റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) സർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ല. സർവ്വേ നടപടികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സമയപരിധി നിശ്ചയിക്കാൻ കഴിയൂ.

**ഒതുക്കുങ്ങൽ-പൊന്മള കുടിവെള്ള പദ്ധതിക്കുള്ള വൈദ്യുതി കണക്ഷൻ**

234 (1061) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒതുക്കുങ്ങൽ-പൊന്മള കുടിവെള്ള പദ്ധതിക്കുള്ള വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നാളിതുവരെ വകുപ്പ് സ്വീകരിച്ച പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മലപ്പുറം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 22-9-2016, 7-8-2017, 6-2-2018 എന്നീ തീയതികളിൽ എച്ച്.സി/1156/17 നമ്പർ കത്ത് പ്രകാരം വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ തുക അടയ്ക്കണമെന്ന് അറിയിച്ചതിനുമേൽ വകുപ്പ് സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ശുദ്ധീകരണശാലയ്ക്ക് ആവശ്യമായ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും വൈദ്യുതി കണക്ഷൻ നൽകുന്നതിനും കെ.എസ്.ഇ.ബി. ആവശ്യപ്പെട്ട തുക അടവാക്കിയിട്ടുണ്ട്. റോ വാട്ടർ പമ്പ് ഹൗസിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

(ബി) ജി.എസ്.ടി. നികുതികൾ ചേർത്ത് 3,69,080 രൂപ 21-5-2018-ന് കെ.എസ്.ഇ.ബി.യിൽ അടവാക്കിയിട്ടുണ്ട്.

**പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

235 (1062) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ജലവിഭവ വകുപ്പ് വഴി പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തൊ ക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2018-19-ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണ്; അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതെന്ന് വകുപ്പ് കണ്ടെത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ)

ജലസേചന വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസേചന വകുപ്പ് വഴി പെരിന്തൽമണ്ണ മണ്ഡലത്തിൽ നടപ്പിലാക്കിയ പൂർത്തിയാക്കിയ പ്രവൃത്തികൾ താഴെപ്പറയുന്നു:

1. ആർ.എം.എഫ്.- ആലിപ്പറമ്പ് പഞ്ചായത്തിൽ കാളിക്കടവിൽ ഭൂതപ്പുഴയ്ക്ക് കുറുകെ താൽക്കാലിക തടയണ- 8.75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തി പൂർത്തീകരിച്ചു.

2. പൂലാമന്തോൾ പഞ്ചായത്തിൽ കട്ടുപാറ ചെക്ക് ഡാമിന് താഴ്ഭാഗത്ത് ഭൂതപ്പുഴയുടെ വലതുകര സംരക്ഷണം- 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി- പ്രവൃത്തി പൂർത്തീകരിച്ചു.

3. ആലിപ്പറമ്പ് പഞ്ചായത്തിലെ മണലായ പോത്തൻകുഴിയിൽ ഭൂതപ്പുഴയ്ക്ക് കുറുകെ വിയർ നിർമ്മിക്കുന്നതിനുള്ള പര്യവേഷണ പ്രവൃത്തികൾ- 2.60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി- പ്രവൃത്തി പൂർത്തീകരിച്ചു.

4. കടലുണ്ടിപുഴയുടെ പോഷക നദികളായ വെള്ളിയാറിലും ഒലിപ്പുഴയിലും കൽകുണ്ടു വരെയും ഉണ്ണിയാൽ വരെയും സർവ്വേ പ്രവൃത്തികൾ- 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി- പ്രവൃത്തി പൂർത്തീകരിച്ചു.

5. ഹരിത കേരളം 2017-18. ആലിപ്പറമ്പ് പഞ്ചായത്തിലെ കരുവാടിക്കുളത്തിന്റെ പുനരുജ്ജീവനം- 1.80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി- പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

6. പൂലാമന്തോൾ പഞ്ചായത്തിലെ കട്ടുപ്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ പമ്പ് ഹൗസിന്റെ എ.സി. ഷീറ്റ് സ്ഥാപിക്കലും മെയിൻ കനാലിന്റെ 0 മീറ്റർ മുതൽ 100 മീറ്റർ വരെയുള്ള അടിയന്തര അറ്റകുറ്റ പ്രവൃത്തി- 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി- എഗ്രിമെന്റ് വച്ചു.

7. എഫ്.ഡി. പൂലാമന്തോൾ പഞ്ചായത്തിലെ ചിറ്റാടിപ്പാടത്ത് പാർശ്വഭിത്തിയുടെ സംരക്ഷണ പ്രവൃത്തി- 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി- പ്രവൃത്തി പൂർത്തീകരിച്ചു.

8. പദ്ധതി പരിപാലനം- പൂലാമന്തോൾ പഞ്ചായത്തിലെ കട്ടുപാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ 2017-18 വർഷത്തെ വാർഷിക അറ്റകുറ്റ പണികൾ- 2.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി- പ്രവൃത്തി ആരംഭിച്ചു.

9. പദ്ധതി പരിപാലനം- ഏലംകുളം പഞ്ചായത്തിലെ രാമൻചാടി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ 2017-18 വർഷത്തെ വാർഷിക അറ്റകുറ്റപ്പണികൾ- 3 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി- ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

10. പദ്ധതി പരിപാലനം- ഏലംകുളം പഞ്ചായത്തിലെ രാമൻചാടി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ മെയിൻ കനാലിന്റെ 1820 മീറ്റർ മുതൽ 2000 മീറ്റർ വരെ കേടുപാടുകൾ തീർക്കുന്ന പ്രവൃത്തി- 15 ലക്ഷം പ്രവൃത്തി പൂർത്തിയായി.

11. പദ്ധതി പരിപാലനം- പുലാമന്തോൾ പഞ്ചായത്തിലെ കട്ടുപാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ 4000 മീറ്റർ മുതൽ 4200 മീറ്റർ വരെയുള്ള മെയിൻ കനാലിന്റെ കേടുപാടുകൾ തീർക്കുന്ന പ്രവൃത്തി- 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി- പ്രവൃത്തി പൂർത്തിയായി.

കേരള ജല അതോറിറ്റി

എസ്.എൽ.എസ്.സി. 2013 ൽ 750 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ താഴേക്കോട്, ആലിപ്പറമ്പ് കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്.

ഭൂജല വകുപ്പ്

ഭൂജല വകുപ്പ് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ ചോലക്കുളം നെടുങ്ങമ്പാറ കോളനിയിൽ ഒരു കുഴൽക്കിണർ നിർമ്മിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ ഏലംകുളം ഗ്രാമപഞ്ചായത്തിലെ ആറ് സ്ഥലങ്ങളിലെ കുഴൽക്കിണർ, കൈപമ്പ് നവീകരണത്തിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

ജലനിധി

2013 മുതൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കിവരുന്നു. 2446 ഗുണഭോക്തൃ കുടുംബങ്ങൾ ഉൾപ്പെടുന്ന 29 ചെറുകിട കുടിവെള്ള പദ്ധതികളാണ് ഈ പഞ്ചായത്തിൽ ജലനിധി രണ്ടാംഘട്ടത്തിൽ ഉൾപ്പെടുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിൽ കമ്മീഷൻ ചെയ്യാൻ ബാക്കിയുള്ള 12-ൽ 11 കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്തു. ഈ ഗ്രാമപഞ്ചായത്തിൽ 895 ഗുണഭോക്തൃ കുടുംബങ്ങൾക്ക് കുടിവെള്ളം നൽകിയിട്ടുണ്ട്. നിലവിൽ 52 കുടുംബങ്ങൾ അടങ്ങുന്ന ഒരു ചെറുകിട പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി)

ജലസേചന വകുപ്പ്

2018-19-ൽ നടപ്പിലാക്കുന്നതിനായി ചെറുകിട ജലസേചന സൂപ്രണ്ടിംഗ് എഞ്ചിനീയർ ഇതുവരെ സമർപ്പിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ഏലംകുളം പഞ്ചായത്തിൽ ശ്രുതപ്പുഴയ്ക്കുകുറുകെ പള്ളത്ത് കടവിൽ റെഗുലേറ്റർ നിർമ്മാണവും രാമൻചാടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാൽ ചെറുകര കുറ്റിപ്പുള്ളി വരെയും പാലത്തോൾ വരെയും നീട്ടൽ.
2. ആലിപ്പറമ്പ് പഞ്ചായത്തിൽ മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം- 500 ലക്ഷം.
3. പനമ്പറ്റ വി.സി.ബി.യുടെ അടിയന്തര അറ്റകുറ്റപ്പണി- 30 ലക്ഷം.
4. പാലത്തുംകുന്ന് വി.സി.ബി.യുടെ അറ്റകുറ്റപ്പണി- 5 ലക്ഷം.
5. ഏലംകുളം പഞ്ചായത്തിലെ ചിറക്കുളം നന്നാക്കൽ- 90 ലക്ഷം.
6. ആലിപ്പറമ്പ് പഞ്ചായത്തിലെ പക്കത്ത് (കോരക്കുളം) നന്നാക്കൽ- 60 ലക്ഷം.
7. പൂലാമന്തോൾ പഞ്ചായത്തിലെ മങ്ങാട്ടുകുളം നന്നാക്കൽ- 60 ലക്ഷം.
8. താഴേക്കാട് പഞ്ചായത്തിലെ പുത്തൻകുളം നന്നാക്കൽ- 45 ലക്ഷം.
9. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ അഞ്ചുള്ളിച്ചിക്കുളം നന്നാക്കൽ- 50 ലക്ഷം.
10. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ പാടത്തുകുളം നന്നാക്കൽ- 90 ലക്ഷം.
11. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ ചാലിയംകുളം നന്നാക്കൽ- 45 ലക്ഷം.
12. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ കൈതക്കുളം നന്നാക്കൽ- 90 ലക്ഷം.
13. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ ചോലക്കുളം നന്നാക്കൽ- 75 ലക്ഷം.

2018-19-ൽ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ആലിപ്പറമ്പ് പഞ്ചായത്തിലെ മണലായ പോത്തൻകഴിയിൽ ക്ഷുതപ്പുഴയ്ക്ക് കുറുകെ വിയർ നിർമ്മാണം- എസ്റ്റിമേറ്റ് തുക 290 ലക്ഷം- ഡി.പി.ആർ. പരിശോധിച്ചുവരുന്നു.

2. ആലിപ്പറമ്പ് പഞ്ചായത്തിലെ കാളിക്കടവിൽ ക്ഷുതപ്പുഴയ്ക്ക് കുറുകെ വിയർ നിർമ്മാണം- എസ്റ്റിമേറ്റ് തുക 500 ലക്ഷം- പുതുക്കിയ ഡിസൈൻ പ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. മേലാറ്റൂർ പഞ്ചായത്തിലെ വെള്ളിയാർ പുഴയ്ക്കുറുകെ മണ്ണിയന്നീരിക്കടവ് പാലത്തിന് താഴ്ഭാഗത്ത് കല്ലടയിൽ തടയണ നിർമ്മാണം- എസ്റ്റിമേറ്റ് തുക 136 ലക്ഷം- ഡിസൈൻ പ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. മേലാറ്റൂർ പഞ്ചായത്തിലെ വെള്ളിയാർ പുഴയ്ക്കുറുകെ എടയാറ്റൂർ പള്ളിക്കടവിൽ ആർ.സി.ബി. നിർമ്മാണം- എസ്റ്റിമേറ്റ് തുക 950 ലക്ഷം- ഡി.പി.ആർ. പരിശോധിച്ചുവരുന്നു.

5. പനമ്പറ്റ വി.സി.ബി.യുടെ അടിയന്തര അറ്റകുറ്റപ്പണി- എസ്റ്റിമേറ്റ് തുക 30 ലക്ഷം.

6. പാലത്തുംകുന്ന് വി.സി.ബി.യുടെ അടിയന്തര അറ്റകുറ്റപ്പണി- എസ്റ്റിമേറ്റ് തുക 5 ലക്ഷം.

കേരള ജല അതോറിറ്റി

2018-19-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി രാമഞ്ചാടി-അലിഗർ കുടിവെള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഡി.പി.ആർ. ഭരണാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. കൂടാതെ 2018-19 ൽ സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന പ്രവൃത്തികൾ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്.

1. താഴേക്കോട് ശുദ്ധജല വിതരണ പദ്ധതി- ബൂത്ത് പമ്പ് ഹൗസ് സ്ഥാപിക്കുന്ന പ്രവൃത്തി- 0.75 ലക്ഷം.

2. പെരിന്തൽമണ്ണ ശുദ്ധജല വിതരണ പദ്ധതി- ചെറുകര ശുദ്ധീകരണശാലയിൽ കേടുവന്ന പാനൽ ബോർഡ് സ്ഥാപിക്കുന്ന പ്രവൃത്തി- 48.50 ലക്ഷം.

3. പെരിന്തൽമണ്ണ ശുദ്ധജല വിതരണ പദ്ധതി- ചെറുകര ശുദ്ധീകരണ ശാലയിൽ മേൽക്കൂര നിർമ്മാണം- 4.75 ലക്ഷം.

4. അങ്ങാടിപ്പുറം ശുദ്ധജല വിതരണ പദ്ധതി- 240 എച്ച്.പി. റോവാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി- 95 ലക്ഷം.

5. പെരിന്തൽമണ്ണ ശുദ്ധജല വിതരണ പദ്ധതി- കട്ടുപ്പാറ മുതൽ ടി..എൻ. പുരം വരെ പഴയ എ.സി. പൈപ്പ് മാറ്റുന്ന പ്രവൃത്തി- 26 ലക്ഷം.

6. പെരിന്തൽമണ്ണ ശുദ്ധജല വിതരണ പദ്ധതി- 210 എച്ച്.പി. ക്ലിയർ വാട്ടർ പമ്പ് സെറ്റ് 2 എണ്ണം സ്ഥാപിക്കുന്ന പ്രവൃത്തി- 132 ലക്ഷം.

7. പെരിന്തൽമണ്ണ ശുദ്ധജല വിതരണ പദ്ധതി ചെറുകര ശുദ്ധീകരണ ശാലയിൽ ഫിൽറ്റർ മീഡിയ മാറ്റുന്ന പ്രവൃത്തി- 48 ലക്ഷം.

8. പെരിന്തൽമണ്ണ ശുദ്ധജല വിതരണ പദ്ധതി ചെറുകര ശുദ്ധീകരണ ശാലയിലേയ്ക്ക് മാത്രമായി ഒരു വൈദ്യുതലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി- 160 ലക്ഷം.

9. പെരിന്തൽമണ്ണ ശുദ്ധജല വികരണ പദ്ധതി- പദ്ധതിയുടെ പ്രൊഡക്ഷൻ കപ്പാസിറ്റി വർദ്ധിപ്പിക്കുന്ന പ്രവൃത്തി- 53 ലക്ഷം.

## മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടിന് ഭൂമി വിട്ടുകൊടുത്ത സ്ഥലമുടമകൾക്കുള്ള നഷ്ടപരിഹാരം

236 (1063) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ഭൂമി വിട്ടുകൊടുത്ത സ്ഥലമുടമകൾക്കുള്ള നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് എത്രപേരുടെ അപേക്ഷകൾ തീർപ്പാക്കാനുണ്ട് എന്നറിയിക്കാമോ;

(ബി) എൽ.എ.ആർ പ്രകാരം പ്രസ്തുത പദ്ധതിയുടെ നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് എത്രഅപേക്ഷകൾ സർക്കാരിലേക്ക് അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്രയെണ്ണം ചീഫ് എഞ്ചിനീയർക്ക് അയച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ലഭിക്കാനുള്ള ശ്രീ. വാസുദേവൻപിള്ള, രവി, ചാണ്ടിമാത്യു, ജോഷി മാത്യു എന്നിവരുടെ അപേക്ഷയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇവരുടെ ഫയൽ ഇപ്പോൾ ആരുടെ കൈകളിലാണെന്ന് അറിയിക്കാമോ;

(ഡി) എം.വി.ഐ.പി യുടെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുമായി ബന്ധപ്പെട്ട് ഫയൽ നമ്പർ MP1/178/2017/ WR ,ഇ-ഫയൽ നമ്പർ 606299 ഫയലുകളിൽ ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിലവിലെ 12 പേരുടെ അപേക്ഷ ജി.ഒ.(ആർ.റ്റി.) നമ്പർ 4714/2018/ഫിൻ തീയതി 2-6-2018 പ്രകാരം തീർപ്പാക്കിയിട്ടുണ്ട്. എൽ.എ.ആർ. പ്രകാരമുള്ള 74 അപേക്ഷകൾ ചീഫ് എഞ്ചിനീയർ മുഖാന്തരം സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്.

(സി) ശ്രീ. വാസുദേവൻപിള്ളയുടെ അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്. ശ്രീ. ജോഷി മാത്യുവിന്റെ അപേക്ഷയിന്മേൽ 2-6-2018 ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 4714/2018/ഫിൻ ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. ശ്രീ. രവി, ശ്രീ. ചാണ്ടിമാത്യ എന്നിവരുടെ അപേക്ഷ സർക്കാരിലേയ്ക്ക് ലഭിച്ചതായി കാണുന്നില്ല.

(ഡി) 2-6-2018 ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 4714/2018/ഫിൻ ഉത്തരവ് പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

**ആമയിഴഞ്ചാൻതോട്**

237 (1064) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആമയിഴഞ്ചാൻതോട് വൃത്തിയാക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ആമയിഴഞ്ചാൻ തോട്ടിൽ അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യങ്ങളും ചെളിയും നീക്കംചെയ്ത് തോട് വൃത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനായി 2.15 കോടി രൂപയുടെ എസ്റ്റിമേറ്റ് ഡി.റ്റി.പി.സി. സെക്രട്ടറിക്ക് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മഴക്കാലപൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് ആമയിഴഞ്ചാൻ തോടിന്റെ നവീകരികരണത്തിനായി 38 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 11-5-2018 ൽ ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ശുചീകരിക്കുന്നതിനും പദ്ധതികൾ**

238 (1065) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകളും തോടുകളും നീരുറവകളും ജലാശയങ്ങളും സംരക്ഷിക്കുന്നതിനും ശുചീകരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദമാക്കാമോ,

(ബി) സംസ്ഥാനത്തിന്റെ ഭൂഗർഭജല അളവ് വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ നല്കുമോ?

ഉത്തരം

(എ) ഹരിത കേരളം മിഷന്റെ ഭാഗമായി ജല ഉപമിഷന്റെ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി സംസ്ഥാനത്തെ തോടുകളും നീരുറവകളും കുളങ്ങളും മറ്റും സംരക്ഷിക്കുന്നതിനും ശുചീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഭൂസവിശേഷതകളായ കുന്ന്, ചരിവ്, താഴ്വര, മണ്ണിന്റെ ഘടന, ആഴം എന്നിവയെ അടിസ്ഥാനമാക്കി ഓരോ പ്രദേശത്തിനും അനുയോജ്യമായ സംരക്ഷണ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്. സംസ്ഥാനത്ത് ഇതിനോടകം 5255 കുളങ്ങളുടെ നിർമ്മാണവും 11028 കുളങ്ങളുടെ നവീകരണവും പൂർത്തീകരിച്ചു. കൂടാതെ 9540.70 കി.മീ. നീളത്തിൽ അരുവികളുടെ പുനരുദ്ധാരണവും പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ സാധിച്ചിട്ടുണ്ട്. ഹരിത കേരളം പദ്ധതിക്കായി പ്രത്യേക പ്ലാൻ ഫണ്ട് ഉപയോഗിച്ചും തൊഴിലുറപ്പ് പദ്ധതി മുഖേന ജനകീയ പങ്കാളിത്തത്തോടെയും ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവൃത്തികൾ വിവിധ പ്ലാൻ സ്കീമുകളിൽ ഉൾപ്പെടുത്തിയും നബാർഡ് സഹായത്തോടെയും നടപ്പിലാക്കി വരുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ സമഗ്ര നീർത്തട പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഗ്രാമ പഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്ന നീർത്തട പ്ലാൻ ബ്ലോക്ക് തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനാക്കി മാറ്റുകയും അതിൻപ്രകാരം മുൻഗണന അനുസരിച്ച് മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഏറ്റെടുക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. ഭൂജല വകുപ്പിലെ ഉദ്യോഗസ്ഥർ ഹരിത കേരളം മിഷനുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകിവരുന്നു. ഭൂജല വകുപ്പ് 'ഭൂജലസംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും' പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ജല ഉപമിഷന്റെ പ്രവർത്തനങ്ങളായ കുളങ്ങളുടെ നിർമ്മാണത്തിലൂടെയും നവീകരണത്തിലൂടെയും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കുളങ്ങളുടെയും അരുവികളുടെയും ആവാഹ പ്രദേശ പരിപാലനത്തിലൂടെ മണ്ണൊലിപ്പു തടയുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. കിണറുകളുടെയും കുളങ്ങളുടെയും റീചാർജ്ജിംഗിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി നടന്നുവരുന്നു. സംസ്ഥാനത്തെ 31603 കിണറുകളിൽ റീചാർജ്ജിംഗിനുള്ള സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. സമഗ്ര നീർത്തട പദ്ധതി നടപ്പിലാക്കുന്നതുവഴി നീർത്തടങ്ങളിലെ പൊതുജല ലഭ്യത വർദ്ധിക്കുകയും തുടർന്ന് നദികളിലെ നീരൊഴുക്ക് വർദ്ധിക്കുകയും ഭൂഗർഭ ജലപോഷണത്തിന് പര്യാപ്തമാകുകയും ചെയ്യുന്നതാണ്. ഭൂജല വകുപ്പിന്റെ കീഴിൽ 2018-19 സാമ്പത്തിക വർഷം 'ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' പദ്ധതിയിൽ 350 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽനിന്നും ലഭ്യമായിട്ടുള്ള കൃത്രിമ ഭൂജല സംപോഷണത്തിനായുള്ള 33-ഓളം പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. തുറന്ന കിണർ, ബോർവെൽ റീ ചാർജ്ജ്, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണകളുടെ നിർമ്മാണം, ചെറിയ തടയണകളുടെ നിർമ്മാണമടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. കേരള ജല അതോറിറ്റിയുടെ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കാനായി തടയണകൾ നിർമ്മിക്കുന്നുണ്ട്.

**ഭൂഗർഭജല സംരക്ഷണം**

239 (1066) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ 80% കിണർ ജലവും മലീമസമാണെന്ന പരിസ്ഥിതി ധവളപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച ശുദ്ധജല സംരക്ഷണ നടപടികൾ എന്തൊക്കെയാണ്,

(ബി) സംസ്ഥാനത്ത് ഒട്ടനവധി കുടുംബങ്ങൾ കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നവരായതിനാൽ ഇത്തരത്തിൽ ജലം മലിനപ്പെടുത്തുന്നത് പൊതുജനാരോഗ്യത്തിന് ഭീഷണിയാകുമെന്ന് കരുതുന്നുണ്ടോ,

(സി) എങ്കിൽ ഭൂഗർഭജല സംരക്ഷണത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) പരിസ്ഥിതി ധവളപത്രം ജലവിഭവ വകുപ്പിൽ ലഭ്യമായിട്ടില്ല. എന്നാൽ പൊതുജനങ്ങൾക്ക് ജലഗുണനിലവാരത്തെക്കുറിച്ചുള്ള അവബോധ ക്ലാസ്സുകൾ എല്ലാ ജില്ലകളിലും വകുപ്പ് സംഘടിപ്പിച്ച് വരുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ പൊതുജനങ്ങൾക്ക് ജലഗുണനിലവാര പരിശോധന നടത്തുവാനുള്ള സൗകര്യമുണ്ട്. അതുമായി ബന്ധപ്പെട്ട പരിഹാര മാർഗ്ഗങ്ങൾ വകുപ്പിലെ ഉദ്യോഗസ്ഥർ നിർദ്ദേശിച്ച് വരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ജലഗുണനിലവാരം, വിനിയോഗം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ ജില്ലകളിൽ ഭൂഗർഭജല സംരക്ഷണത്തിനായി വകുപ്പ് സംഘടിപ്പിച്ച് വരുന്നു. കൃത്രിമ ഭൂജലസംപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കി ഭൂജലത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ 'ഭൂജലസംരക്ഷണവും കൃത്രിമജലസംപോഷണവും' പദ്ധതിയിൽ വകുപ്പ് നടപ്പിലാക്കിവരുന്നു.

**ഭൂജല വകുപ്പിലെ ജീവനക്കാർക്ക് പ്രത്യേക പെരുമാറ്റച്ചട്ടം**

240 (1067) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ജോലി സംബന്ധിച്ച പൊതുവായ മാർഗ്ഗനിർദ്ദേശം നിലവിലുള്ളപ്പോൾ ഭൂജല വകുപ്പിലെ ഡയറക്ടർ ഉൾപ്പെടെ എല്ലാ ജീവനക്കാർക്കുമായി പ്രത്യേക പെരുമാറ്റച്ചട്ടം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു;

(ബി) ഇപ്പോൾ പുറപ്പെടുവിച്ച പെരുമാറ്റച്ചട്ടത്തിലെ പ്രധാന നിർദ്ദേശങ്ങളെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഭൂജലവകുപ്പിൽ ഫിൽട്ടർ പോയിന്റ്, കഴൽക്കിണർ എന്നിവയ്ക്ക് ലഭിച്ച അപേക്ഷകളിൽ തീരുമാനമെടുക്കാതെ കെട്ടിക്കിടക്കുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകളിൽ അടിയന്തര തീരുമാനം എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ സ്വകാര്യ ഏജൻസികൾക്ക് ജീവനക്കാർ മറിച്ചുകൊടുക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാരിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചത്.

(ബി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഭൂജല വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ ഭൂജല സർവ്വേയ്ക്കായുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഭൂജല അതോറിറ്റിയുടെ 3 -11-2017 തീയതിയിൽ കൂടിയ 28-ാമത് യോഗത്തിൽ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ ഹൈഡ്രോജിയോളജിസ്റ്റുമാരെ നിയമിക്കുന്നതിനുവേണ്ട തീരുമാനം കൈക്കൊള്ളുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് ശിപാർശ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കേരള വാട്ടർ അതോറിറ്റി അറ്റകുറ്റപ്പണികൾക്കും മറ്റും ചെലവഴിച്ച തുക**

241 (1068) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി പുതിയ പദ്ധതികളുടെ നടത്തിപ്പിനും സ്കീമുകളുടെ അറ്റകുറ്റപ്പണികൾക്കും പമ്പ് ഹൗസ് നവീകരണം ഉൾപ്പെടെ കെമിക്കൽസിന്റെ ഉപയോഗത്തിനുമായി കഴിഞ്ഞ 5 വർഷകാലയളവിൽ ഓരോ വർഷവും ചെലവാക്കി വരുന്ന തുക എത്ര, വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ 5 വർഷ കാലയളവിൽ ഓരോ വർഷവും കേരള വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞുകിട്ടേണ്ട തുക എത്ര, എത്ര തുക പിരിച്ചെടുത്തു, ഇക്കാലയളവിൽ എഴുതിത്തള്ളിയ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇക്കാലയളവിൽ കേരള വാട്ടർ അതോറിറ്റി കരാറുകാർക്കും വൈദ്യുതി ബോർഡിനും നൽകുവാനുള്ള തുക വർഷംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) റോഡ് കട്ടിംഗ്/റെയിൽവേ മുറിക്കൽ എന്നിവയ്ക്കായി കഴിഞ്ഞ 5 വർഷ കാലയളവിലെ ഓരോ വർഷവും ചെലവാക്കി വരുന്ന തുക എത്രയെന്നും വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) റോഡ് കട്ടിംഗ്/റെയിൽവെ മുറിക്കലിനും റെയിൽവേയുടെ മുകളിലൂടെ പൈപ്പിടലിനുമായി അനുമതി ലഭ്യമാകാത്ത പ്രവൃത്തികൾ ഏതെല്ലാം; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;സ്ഥിരം സംവിധാനം എന്ന നിലയിൽ റബ്ബർ ബണ്ടുകൾ നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി പുതിയ പദ്ധതികളുടെ നടത്തിപ്പിനും സ്റ്റീമുകളുടെ അറ്റകുറ്റപ്പണികൾക്കും പമ്പ് ഹൗസ് നവീകരണം ഉൾപ്പെടെ കെമിക്കൽസിന്റെ ഉപയോഗത്തിനുമായി കഴിഞ്ഞ 5 വർഷകാലയളവിൽ ഓരോ വർഷവും ചെലവാക്കി വരുന്ന തുക എത്രയെന്ന് ചുവടെ ചേർക്കുന്നു:

| വർഷം | അറ്റകുറ്റപ്പണിച്ചെലവ് (രൂപ കോടിയിൽ) |
|---|---|
| 2013-14 | 46.12 |
| 2014-15 | 35.85 |
| 2015-16 | 101.71 |
| 2016-17 | 50.57 |
| 2017-18 | 79.28 |
| ആകെ | 313.53 |

(ബി) കഴിഞ്ഞ 5 വർഷ കാലയളവിൽ ഓരോ വർഷവും കേരള വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞുകിട്ടേണ്ട തുക എത്ര, എത്ര തുക പിരിച്ചെടുത്തു, ഇക്കാലയളവിൽ എഴുതിത്തള്ളിയ തുക എന്നിവ ചുവടെ ചേർക്കുന്നു. (രൂപ കോടിയിൽ.)

| വർഷം | പിരിഞ്ഞുകിട്ടേണ്ട തുക | പിരിച്ചെടുത്ത തുക | എഴുതിത്തള്ളിയ തുക |
|---|---|---|---|
| മുൻവർഷങ്ങളുടെ ബാക്കി | 431.00 | | |
| 2013-14 | 386.36 | 315.17 | 19.98 |
| 2014-15 | 470.65 | 372.73 | 36.73 |
| 2015-16 | 572.24 | 459.91 | 27.56 |
| 2016-17 | 729.73 | 512.96 | 43.52 |
| 2017-18 | 818.37 | 542.36 | 95.06 |

പിരിഞ്ഞു കിട്ടുവാനുള്ള തുകയിൽ ഭൂരിഭാഗം പിഴയും പിഴപ്പലിശയുമാണ്. വാട്ടർ ചാർജ്ജ് ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക താരതമ്യേന കുറവാണ്.

റവന്യൂ അദാലത്തിൽ ഉണ്ടായ തീരുമാന പ്രകാരവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തിയും പലിശയും പിഴപ്പലിശയും ആണ് ഒഴിവാക്കിക്കൊടുത്തിട്ടുള്ളത്.

(സി) ഇക്കാലയളവിൽ കേരള വാട്ടർ അതോറിറ്റി കരാറുകാർക്കും വൈദ്യുതി ബോർഡിനും നൽകുവാനുള്ള തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | കരാറുകാർക്ക് നൽകാനുള്ളതുക(കോടിയിൽ) | വൈദ്യുതി ബോർഡിന് നൽകാനുള്ള തുക (കോടിയിൽ) |
|---|---|---|
| മുൻവർഷങ്ങളുടെ ബാക്കി | - | 307.27 |
| 2013-14 | - | 150.37 |
| 2014-15 | - | 217.45 |
| 2015-16 | - | (275.59)* |
| 2016-17 | 68.12 | 251.22 |
| 2017-18 | 265.81 | 275.39 |
| ആകെ | 333.93 | 926.11 |

(ഡി) റോഡ് കട്ടിംഗ്/റെയിൽവേ മുറിക്കൽ എന്നിവയ്ക്കായി കഴിഞ്ഞ 5 വർഷക്കാലയളവിലെ ഓരോ വർഷവും ചെലവാക്കി വരുന്ന തുക ചുവടെ ചേർക്കുന്നു:

| വർഷം | റോഡ് കട്ടിംഗ്/ റെയിൽവേ മുറിക്കൽ (തുക കോടിയിൽ) |
|---|---|
| 2013-14 | 83.13 |
| 2014-15 | 76.22 |
| 2015-16 | 55.44 |
| 2016-17 | 110.33 |
| 2017-18 | 70.27 |
| ആകെ | 395.39 |

(ഇ) അനുബന്ധം 1 ആയി ചുവടെ ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ജലവിഭവ വകുപ്പിന്റെ കേന്ദ്രാവിഷ്കൃത പദ്ധതികൾ**

242 (1069) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിൽ എത്ര കേന്ദ്രാവിഷ്കൃത പദ്ധതികളുണ്ടെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പ്രസ്തുത പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്ന് എത്ര തുക ധനസഹായം ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ജലവിഭവ വകുപ്പിനു കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ.

I. പ്രധാനമന്ത്രി കൃഷി സിംചായി യോജന (പി.എം.കെ.എസ്.വൈ.)പദ്ധതി.

1. മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതി (എം.വി.ഐ.പി.)

2. കാരാപ്പുഴ ജലസേചന പദ്ധതി

II. നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

1. സർഫസ് വാട്ടർ പ്രവൃത്തികൾ (ജലസേചന വകുപ്പ്)

2. ഗ്രൗണ്ട് വാട്ടർ പ്രവൃത്തികൾ (ഭൂജല വകുപ്പ്)

III. കുട്ടനാട് പാക്കേജ്

1. കെ.ഇ.എൽ. 1- നെടുമുടി 14 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

2. കെ.ഇ.എൽ. 2- കായൽ ഭാഗത്തെ 4 പാടശേഖരങ്ങളുടെയും ഗ്രൂപ്പ് 9 ൽപ്പെട്ട 5 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

3. കെ.ഇ.എൽ. 3- കുട്ടനാടൻ പ്രദേശത്തെ 239 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

4. കെ.ഇ.എൽ. 4- ഓണാട്ടുകര പ്രദേശത്തെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

IV. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ആവശ്യമായ അളവിൽ ലഭ്യമാക്കുകയാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

V. പമ്പാ ആക്ഷൻ പ്ലാൻ ഫേസ്-1

പമ്പാ നദിയുടെ സംരക്ഷണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനുമായുള്ള പദ്ധതിയാണിത്.

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ പി.എം.കെ.എസ്.വൈ. പദ്ധതിയിലെ കാരാപ്പുഴ, മൂവാറ്റുപുഴവാലി ഇറിഗേഷൻ (എം.വി.ഐ.പി.) പദ്ധതികൾക്കായി കേന്ദ്രത്തിൽനിന്ന് ധനസഹായമായി തുക ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ സർഫസ് വാട്ടർ പ്രവൃത്തികൾക്കായി 2016-17 ൽ 92 ലക്ഷം രൂപയും 2017-18 ൽ 2.09 കോടി രൂപയും ധനസഹായമായി ലഭിച്ചിട്ടുണ്ട്.

ഗ്രൗണ്ട് വാട്ടർ പ്രവൃത്തികളുടെ നടത്തിപ്പിലേയ്ക്കായി 2016-17 കാലഘട്ടത്തിൽ 1.2 കോടി രൂപയും 2017-18 കാലഘട്ടത്തിൽ 1.06 കോടി രൂപയും ലഭ്യമായിട്ടുണ്ട്. (ആകെ 2.26 കോടി രൂപ.)

കഴിഞ്ഞ 2 വർഷത്തിനുള്ളിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളായ കെ.ഇ.എൽ.1, കെ.ഇ.എൽ.3 എന്നീ പദ്ധതികൾക്ക് കേന്ദ്ര വിഹിതമായി 19.05 കോടി രൂപ ലഭ്യമായിട്ടുണ്ട്.

കേരള ജല അതോറിറ്റിയുടെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 വർഷം 75.22 കോടി രൂപയും 2017-18 വർഷത്തിൽ 95.16 കോടി രൂപയുമാണ് ലഭിച്ചത്.

പമ്പാ ആക്ഷൻ പ്ലാൻ ഫേസ്-1 പദ്ധതിക്ക് 18.45 കോടി രൂപയ്ക്കാണ് അംഗീകാരം ലഭിച്ചത്. 70:30 അനുപാതത്തിൽ ചെലവ്പങ്കിടുന്ന വ്യവസ്ഥയിൽ ആണ് തുക അനുവദിച്ചത്. (12.92 കോടി രൂപ കേന്ദ്ര വിഹിതവും 5.33 കോടി രൂപ സംസ്ഥാന വിഹിതവും). കേന്ദ്ര വിഹിതത്തിന്റെ 2.75 കോടി രൂപ അനുവദിച്ചുകിട്ടിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി അനുവദിച്ച 5 കോടി രൂപ ഡിപ്പാർട്ട്മെന്റ് ഹെഡ്ഡിലേയ്ക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാട്ടർ അതോറിറ്റിയിലെ ഇ-ഗവേണൻസ് മാസ്റ്റർപ്ലാൻ**

243 (1070) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ ഇ-ഗവേണൻസ് മാസ്റ്റർപ്ലാനിൽ ഇ.ആർ.പി. നടപ്പാക്കണമെന്ന ശിപാർശയുണ്ടോ;

(ബി) വാട്ടർ അതോറിറ്റിയിൽ ഇ.ആർ.പി. നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇ.ആർ.പി. നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കുവാൻവേണ്ടി ഒരു ഐ.റ്റി. വിദഗ്ധനെ തെരഞ്ഞെടുക്കുന്ന നടപടി കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചുവരുന്നു.

**ജലസംരക്ഷണ നടപടികൾ**

244 (1071) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അട്ടർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജലത്തിന്റെ ലഭ്യത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ എന്തൊക്കെ മുൻകരുതലുകളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ജലസേചന വകുപ്പ് പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) നിലവിലുള്ള ജലസേചന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജല സംരക്ഷണത്തിന് മുൻതൂക്കം നൽകുന്നതിനുമുള്ള എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്?

ഉത്തരം

(എ) സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതികളിലൂടെ ലഭ്യമാകുന്ന മഴവെള്ളം പരമാവധി ഭൂമിക്കടിയിൽ സംഭരിച്ച് ജലസ്രോതസ്സുകൾ സ്ഥായിയായി നിലനിർത്തുക എന്നതാണ്. ഇക്കാര്യത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്. സമഗ്ര നീർത്തട പദ്ധതികൾ തയ്യാറാക്കുന്നതിനാവശ്യമായ സാങ്കേതിക സമിതികൾക്കും രൂപംകൊടുത്തിട്ടുണ്ട്. ജലസംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റാണ് നീർത്തടം എന്നതുകൊണ്ടുതന്നെ, ഹരിത കേരളം മിഷന്റെ ഭാഗമായി നടത്തുന്ന ഇടപെടൽ പ്രവർത്തനങ്ങൾ ശുദ്ധജല ലഭ്യത വർദ്ധിപ്പിക്കാൻ സഹായകരമാണ്. ജലമലിനീകരണം നടത്തുന്നവർക്കെതിരെയുള്ള നിയമനടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്, ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

ഹരിത കേരളം മിഷന്റെ ഭാഗമായി നിലവിലുള്ള ജലസ്രോതസ്സുകളുടെ ശുദ്ധീകരണവും നവീകരണവും ഏറ്റെടുക്കുന്നതോടൊപ്പം ഇവയുടെ ആവാഹ പ്രദേശ പരിപാലനത്തിലൂടെ ജലസാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന അഞ്ച് ജില്ലകളിൽ നടപ്പിലാക്കാവുന്ന പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിനായി ഒരു സാങ്കേതിക സമിതിയെ ചുമതലപ്പെടുത്തി സമിതിയുടെ ഇടക്കാല റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ ഏറ്റവും വരൾച്ച ബാധിത പ്രദേശമായ കൊഴിഞ്ഞാമ്പാറ മേഖലയിലെ പ്രധാന ജലസ്രോതസ്സുകളായ കോരയാർപ്പുഴയിലെ 16 ചെക്ക് ഡാമുകളിൽ ജലം സംഭരിച്ച് ആ പ്രദേശങ്ങളിലെ ഭൂഗർഭ ജലവിതാനം ഉയർത്തുവാനും കുടിവെള്ള പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാനും സഹായകരമായി കൊഴിഞ്ഞാമ്പാറ ചിറ്റൂർ മേഖലയിലെ കുടിവെള്ള വിതരണത്തിനായി കന്നംകാട്ടുപതി, ആര്യാമ്പള്ളം, പുഴപ്പാലം, പാലത്തുള്ളി, കൊടുമ്പ് എന്നീ ചെക്ക് ഡാമുകളിൽ ജലം സംഭരിച്ചും മുതലമട, കൊല്ലങ്കോട്, വടവന്നൂർ, എലവഞ്ചേരി ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള വിതരണത്തിനായി മീങ്കര സംഭരണിയിൽ ജൂൺ 30 വരെയുള്ള ജലലഭ്യത ഉറപ്പുവരുത്തി. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിക്കുകീഴിൽ മലിനമായ ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനും ജലസംരക്ഷണത്തിനും ഊന്നൽനൽകി നീർത്തടാടിസ്ഥാനത്തിൽ ഹരിത കേരളം പദ്ധതിയിലൂടെ പ്രവർത്തികൾ ആവിഷ്കരിച്ച് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മലമ്പുഴ അണക്കെട്ടിൽനിന്നും സമീപത്തുള്ള 6 പഞ്ചായത്തുകളിലേയ്ക്ക് വാട്ടർ അതോറിറ്റി മുഖേന കുടിവെള്ള വിതരണം നടത്തുന്നുണ്ട്. കൂടാതെ വരൾച്ച നിവാരണത്തിനായി ഭാരതപ്പുഴയിലേയ്ക്ക് കുടിവെള്ളം പമ്പ്ചെയ്യുന്ന പദ്ധതികൾക്കായി ജലം തുറന്നുവിടുന്നുണ്ട്. ഈ വർഷം വരൾച്ച നിവാരണത്തിനായി 10 മില്യൺ ക്യൂബിക് മീറ്റർ ജലം കരുതൽ ശേഖരമായി മാറ്റി വച്ചിട്ടുണ്ട്.

പോത്തുണ്ടി അണക്കെട്ടിൽനിന്നും സമീപത്തുള്ള മൂന്ന് പഞ്ചായത്തുകളിലേയ്ക്ക് വാട്ടർ അതോറിറ്റി മുഖേന കുടിവെള്ള വിതരണം നടത്തുന്നുണ്ട്. ഈ വർഷം വരൾച്ചാ നിവാരണത്തിനായി അണക്കെട്ടിൽ 1.5 മില്ല്യൺ ക്യൂബിക് മീറ്റർ ജലം കരുതി വച്ചിട്ടുണ്ട്. മംഗലം അണക്കെട്ടിൽ വരൾച്ചാ നിവാരത്തിനായി 1.00 മില്ല്യൺ ക്യൂബിക് മീറ്റർ ജലം മാറ്റിവച്ചിട്ടുണ്ട്. വരൾച്ചാ നിവാരണത്തിനായി മാറ്റി വച്ചിരിക്കുന്ന ജലം വളരെ സൂക്ഷ്മമായി ഉപയോഗിച്ചാൽ വരൾച്ച ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.

മഴക്കാലത്ത് ലഭിക്കുന്ന ജലം അണക്കെട്ടുകളിൽ പരമാവധി സംഭരിക്കുകയും വേനൽക്കാലത്ത് ഈ ജലം കാര്യക്ഷമമായി ദുർവിനിയോഗമില്ലാതെ കൃഷിക്കും കുടിവെള്ളത്തിനുമായി കനാലുകൾ, പൂഴകൾ മുതലായവയിൽക്കൂടി വിതരണം ചെയ്യുന്നു. ജലം ദുർവിനിയോഗം ചെയ്യുന്നത് തടയുന്നതിനും സംഭരണികൾ മാലിന്യവിമുക്തമാക്കുന്നതിനുമായി ജനങ്ങളെ ബോധവൽക്കരിക്കുകയും ബോർഡുകൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ഭൂജല വകുപ്പ് 'ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു. 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 350 ലക്ഷം രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ള കൃത്രിമ ഭൂജല സംപോഷണത്തിനായുള്ള 33-ഓളം പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ വകുപ്പിൽ പുരോഗമിച്ചുവരുന്നു. തുറന്ന കിണർ, ബോർവെൽ റീചാർജ്ജ്, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണകളുടെ നിർമ്മാണം, ചെറിയ തടയണകളുടെ നിർമ്മാണം അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഭൂജല വകുപ്പിന് 2017-18 സാമ്പത്തിക വർഷം കൃത്രിമ ഭൂജലസംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബജറ്റിൽ അനുവദിച്ചിരുന്നു. തുറന്ന കിണർ വഴിയുള്ള 83 കൃത്രിമ ഭൂജല സംപോഷണ പദ്ധതികളും കുഴൽക്കിണർ വഴിയുള്ള 5 റീചാർജ്ജ് പദ്ധതികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ജലവിഭവ വികസന വിനിയോഗ കേന്ദ്രം നടത്തിയ പരിസ്ഥിതി നിരീക്ഷണ കർമ്മ പരിപാടിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂക്ഷമായി മലിനീകരിക്കപ്പെട്ട പതിനൊന്ന് പുഴകളും (പമ്പ, മീനച്ചിൽ, പെരിയാർ, ഭാരതപ്പുഴ, കല്ലായി, വളപട്ടണം, കല്ലട, അച്ചൻകോവിൽ, മണിമല, മൂവാറ്റുപുഴ, ചാലക്കുടി) മൂന്ന് കായലുകളും (ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട്) തെരഞ്ഞെടുക്കുകയും ഈ പുഴകളും കായലുകളും വൃത്തിയാക്കുവാനും തുടർമലിനീകരണം തടയുവാനുമുള്ള പ്രവർത്തനങ്ങൾ നിർദ്ദേശിക്കുവാനുമുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിൽ ഉൾപ്പെടുത്തി കൺസൾട്ടൻസി സർവ്വീസ് ഏർപ്പെടുത്തുവാനുള്ള ദർഘാസ് നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ പമ്പാ നദിയിൽ ശബരിമല തീർത്ഥാടന കാലത്ത് ശുദ്ധജല ലഭ്യത വർദ്ധിപ്പിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ജലസേചന വകുപ്പിന്റെ പുനഃസംഘാടനവുമായി ബന്ധപ്പെട്ട പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിലുള്ള പദ്ധതികളുടെ കനാലുകൾ വഴിയുള്ള ജലസേചനം കാര്യക്ഷമമാക്കുന്നതിനും മഴക്കാലത്ത് ലഭിക്കുന്ന ജലം കനാലുകളോട് ചേർന്നുള്ള കുളങ്ങളിൽ എത്തിച്ച് സംഭരിക്കുന്നതിനുമുള്ള പരിപാടികൾ ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധി/ജലസംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ, കനാലുകളുടെ നിലവിലെ സ്ഥിതി മനസ്സിലാക്കുന്നതിന് ട്രാൻസെക്ട് വാക്ക് നടത്തി, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ നീർത്തട പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കനാലുകളിലെ ജലനഷ്ടം കുറയ്ക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

ജലസംരക്ഷണത്തിന് മുന്നോടിയായി കനാൽ, കനാൽ സ്യൂയിസ്. ഷട്ടറുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം സുഗമമാക്കിയിട്ടുണ്ട്. കനാലിലെ ചോർച്ച തടയുന്നതിനും മഴക്കെടുതിയിൽ ഇടിഞ്ഞുപോയ കനാൽഭാഗങ്ങൾ പുനരുദ്ധരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂരിന്റെ കീഴിൽ പുഴകളിൽ ചിറകൾ നിർമ്മിച്ചും (തൃശ്ശൂർ ജില്ല) ബണ്ടുകൾ നിർമ്മിച്ചും ജലം ശേഖരിച്ച് നിർത്തി കൂടിവെള്ള ആവശ്യത്തിനും കിണർ, കുളം എന്നിവ റീചാർജ്ജ് ചെയ്യുന്നതിനും പ്രവർത്തനങ്ങൾ നടത്തുന്നു. ലോകബാങ്ക് സഹായത്തോടെ DRIP (Dam Rehabilitation and Improvement Project) പദ്ധതിയിൽ ഡാമുകളുടെ സുരക്ഷ വർദ്ധിപ്പിക്കൽ, അറ്റകുറ്റപ്പണികൾ, ബൽപ്പെടുത്തൽ എന്നിവ നടത്തിവരുന്നു. കൃഷി വകുപ്പുമായി ചേർന്ന് കൃഷിയുടെ ആവശ്യാനുസരണം ജലവിതരണം നടത്തുന്നുണ്ട്.

കാഡാ ഫീൽഡ് ചാനലുകളുടെ നവീകരണത്തിനായായുള്ള പ്രവൃത്തികളും എല്ലാ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്കനുസരിച്ച് കനാൽ പുനരുദ്ധാരണ പ്രവൃത്തികളും നടത്താറുണ്ട്. കനാലുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ഒരു പുതിയ സോഫ്റ്റ്വെയർ കൊണ്ട് കനാൽ മോഡലിംഗ് നടത്താനുള്ള നടപടികൾ ചെയ്തു വരുന്നു.

**കുപ്പിവെള്ള പദ്ധതിയെ അട്ടിമറിക്കുന്നതിന് സ്വകാര്യ ലോബി**

245 (1072) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ കുപ്പിവെള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതിയെ അട്ടിമറിക്കുന്നതിനായി സ്വകാര്യ കുപ്പിവെള്ള ലോബി ശ്രമിക്കുന്നതായുള്ള റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(സി) ഈ നീക്കങ്ങളെ ചെറുത്തുകൊണ്ട് പദ്ധതിയുമായി സർക്കാർ മുന്നോട്ട് പോകുമോ; വിശദമാക്കാമോ;

(ഡി) ഈ പദ്ധതി എന്നുമുതൽ നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയുടെ കീഴിൽ അരുവിക്കരയിൽ ആരംഭിക്കുന്ന കുപ്പിവെള്ള പ്ലാന്റിന്റെ ജോലികൾ 95 ശതമാനത്തോളം പൂർത്തിയായിക്കഴിഞ്ഞു. കുപ്പികൾ നിർമ്മിച്ച് വെള്ളം നിറയ്ക്കുന്നതിനുള്ള യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് ടെസ്റ്റ് റൺ നടത്തിക്കഴിഞ്ഞു. വിവിധ വകുപ്പുകളിൽനിന്നും/ ഏജൻസികളിൽ നിന്നും ആവശ്യമായ അനുമതി കിട്ടുന്നമുറയ്ക്ക് ബാക്കിയുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കി ഉൽപ്പാനം തുടങ്ങുവാൻ കേരള വാട്ടർ അതോറിറ്റിക്ക് കഴിയുന്നതാണ്.

(ബി) ഇപ്രകാരമുള്ള റിപ്പോർട്ടുകൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കി കുപ്പിവെള്ളം വിപണിയിലിറക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) BIS, FSSAI മുതലായ സ്ഥാപനങ്ങളിൽനിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ഉൽപ്പാദനം ആരംഭിക്കാവുന്നതാണ്.

**സംസ്ഥാനത്തെ കിണറുകൾ**

246 (1073) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കിണറുകളിൽ കഴിഞ്ഞ 10 വർഷത്തിനിടെ ശരാശരി ജലലഭ്യതയിൽ കുറവുവന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് കണ്ടെത്തിയതെന്നും എത്ര ശതമാനം കിണറുകളിലാണ് ജല ലഭ്യതയിൽ കുറവ് കണ്ടെത്തിയതെന്നും വ്യക്തമാക്കുമോ;

(ബി) കിണറുകളിലെ ജലലഭ്യതയിൽ കുറവുണ്ടായതിന്റെ കാരണം കണ്ടെത്തുകയും പരിഹാരമാർഗ്ഗങ്ങൾ ആരായുകയും ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഭൂജല വകുപ്പ് സംസ്ഥാനത്ത് ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽനിന്നും എല്ലാ മാസവും ഭൂജലവിതാനം ഡേറ്റ ശേഖരിച്ച് വിശകലനം ചെയ്തുവരുന്നു. 2018 ഏപ്രിൽ മാസത്തെ ഭൂജലവിതാനം ദശാബ്ദ (2008-2017) ശരാശരിയുമായി താരതമ്യം ചെയ്തപ്പോൾ

തുറന്ന കിണറുകളിൽ 62 ശതമാനം കിണറുകളിലും ഭൂജലവിതാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 93 ശതമാനം കിണറുകളിലും 0-2 മീറ്റർ വരെയാണ് ജലവിതാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുള്ളത്. കരിങ്കൽ പ്രദേശങ്ങളിലെ കുഴൽ കിണറുകളിൽ (ബോർവെൽ) 68 ശതമാനം കിണറുകളിലും ഭൂജല വിതാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 79 ശതമാനം കിണറുകളിലും 0-2 മീറ്റർ വരെയാണ് ഭൂജല വിതാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുള്ളത്. തീരപ്രദേശങ്ങളിലെ 58 ശതമാനം ട്യൂബ് വെൽ-കളിലും ഭൂജല വിതാനം കുറഞ്ഞതായി കാണുന്നു. ഇതിൽ 96 ശതമാനം കിണറുകളിലും 0-2 മീറ്റർ വരെയാണ് ജലവിതാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഭൂജലവിതാന ഡേറ്റ, പ്രദേശത്തെ മണ്ണിന്റെ ഘടന, മഴയുടെ ലഭ്യത, ഹൈഡ്രോജിയോളജിക്കൽ ഘടകങ്ങൾ എന്നിവ താരതമ്യം ചെയ്ത് കേരള ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി പഠനം നടത്തി നിശ്ചിത കാലയളവിൽ സംസ്ഥാനത്തിന്റെ ഭൂജല സ്ഥിതിയെപ്പറ്റി റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്. ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള- മാർച്ച് 2013 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ 152 ബ്ലോക്കുകളെ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ സുരക്ഷിത, ഉയരുതരം, അതീവ ഉയരുതരം, അമിതം എന്നിങ്ങനെ തരംതിരിച്ച് ഭൂജല വിനിയോഗം ക്രമീകരിക്കുകയും ഭൂജല വിതാനം ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

2008-09 വർഷത്തെ ആകെയുള്ള ഭൂജല ലഭ്യത 6.029 BCM ആയിരുന്നു. 2011 മാർച്ച് വരെയുള്ള റിപ്പോർട്ട് പ്രകാരം ആകെയുള്ള ഭൂജല ലഭ്യത 6.07 BCM ആയിരുന്നു. എന്നാൽ 2013 മാർച്ച് വരെയുള്ള ആകെ ഭൂജല ലഭ്യത 5.65 BCM ആണ്. 2011 മാർച്ച് മുതൽ 2013 മാർച്ച് വരെയുള്ള കാലയളവിൽ ഭൂജല ലഭ്യതയിൽ 0.42 BCM കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ (2015, 2016) സംസ്ഥാനത്ത് ലഭ്യമായ വാർഷിക മഴയുടെ തോത് സംസ്ഥാന ശരാശരിയേക്കാൾ (3000 മി. മീ.) കുറവായതും ഭൂവിനിയോഗത്തിൽ വന്ന മാറ്റങ്ങൾ ഭൂജലസംപോഷണ പ്രക്രിയയെ ബാധിക്കുന്നതും ഭൂജല വ്യതിയാനത്തിന് കാരണമാകുന്നു. ഇതുകൂടാതെ പ്രാദേശിക തലത്തിൽ ജലഭൃതങ്ങളുടെ (ഘനം/thickness) ഏറ്റക്കുറച്ചിലുകളും പാറയുടെ ആധിക്യം കൂടുതലുള്ള പ്രദേശങ്ങളിലും വേനൽക്കാലങ്ങളിൽ ജലലഭ്യതയ്ക്ക് കുറവ് ഉണ്ടാകാം. ഭൂജല സംരക്ഷണവും കൃത്രിമഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ കൃത്രിമഭൂജല സംപോഷണ പദ്ധതികൾ (അടിയണകൾ, തടയണകൾ, തുറന്ന കിണർ റീചാർജ്ജിംഗ് എന്നിവ) നടപ്പിലാക്കി ഭൂജലവിതാനം ഉയർത്തുന്നതിനുള്ള നടപടികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

**ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പ്രകാരമുള്ള പദ്ധതികൾ**

247 (1074) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ നല്കാമോ;

(ബി) ഈ സാമ്പത്തിക വർഷം ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി എത്ര കോടി രൂപയാണ് കേന്ദ്രത്തിൽനിന്നും പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ മുൻവർഷങ്ങളിൽ അനുമതി ലഭ്യമാക്കി നടന്നുവരുന്ന പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.* എന്നാൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള കേന്ദ്രവിഹിതത്തിലുണ്ടായ കുറവുകാരണം പുതിയ പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന ധനസഹായം നടന്നുവരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനാണ് വിനിയോഗിക്കുന്നത്.

(സി) ഡൽഹിയിൽ 21-2-2018-ൽ വാർഷിക പദ്ധതി മീറ്റിംഗിലെ തീരുമാന പ്രകാരം 2018-19 സാമ്പത്തിക വർഷം ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് 87.49 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്.

**അരുവിക്കര കുപ്പിവെള്ള പ്ലാന്റ്**

248 (1075) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കരയിൽ സർക്കാർ ഉടമസ്ഥതയിൽ കുപ്പിവെള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻസർക്കാരിന്റെ കാലത്ത് തീരുമാനം എടുത്തിരുന്നോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്ലാന്റിനായി ഇതുവരെ എന്ത് തുക ചെലവഴിച്ചു;

(സി) ജല അതോറിറ്റി ജല ശുദ്ധീകരണം, കുടിവെള്ളവിതരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ മതിയെന്നും കുപ്പിവെള്ള വിപണിയിൽ ഇറങ്ങേണ്ടതില്ലായെന്നുമുള്ള നിർദ്ദേശം ജലവിഭവ വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള സാഹചര്യമെന്തായിരുന്നു; വിശദമാക്കാമോ;

(ഡി) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്ത് പുറത്തുവന്നതിന് പിന്നാലെ ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറെ മാറ്റിയത് സർക്കാരിന്റെ കുപ്പിവെള്ള പദ്ധതിയെ അട്ടിമറിക്കുവാനും സ്വകാര്യ കുപ്പിവെള്ള ലോബിയെ സഹായിക്കുവാനുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സ്വകാര്യ കുപ്പിവെള്ള ലോബിയെ സഹായിക്കുന്നതാണ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിലപാട് എന്നതിനാൽ തീരുമാനം പുനഃപരിശോധിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) എടുത്തിരുന്നു.

(ബി) വാട്ടർ അതോറിറ്റിയുടെ കീഴിൽ അരുവിക്കരയിൽ ആരംഭിക്കുന്ന കുപ്പിവെള്ള പ്ലാന്റിന്റെ ജോലികൾ 95 ശതമാനത്തോളം പൂർത്തിയായിക്കഴിഞ്ഞു. കുപ്പികൾ നിർമ്മിച്ച് വെള്ളം നിറയ്ക്കുന്നതിനുള്ള യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് ടെസ്റ്റ് റൺ നടത്തിക്കഴിഞ്ഞു. വിവിധ വകുപ്പുകളിൽനിന്നും/ഏജൻസികളിൽനിന്നും ആവശ്യമായ അനുമതി കിട്ടുന്നമുറയ്ക്ക് ബാക്കിയുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കി ഉൽപ്പാദനം തുടങ്ങുവാൻ കഴിയുന്നതാണ്. ഈ പ്ലാന്റിനായി 5.62 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി കുപ്പിവെള്ള വിപണിയിൽ ഇറങ്ങേണ്ടതില്ലായെന്ന് സർക്കാർ തലത്തിൽ തീരുമാനം എടുത്തു നിർദ്ദേശം നൽകിയിട്ടില്ല. അത്തരത്തിൽ വ്യാഖ്യാനിക്കപ്പെടാൻ പഴുതുള്ളതായ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 7-4-2018 ലെ കത്ത് പിൻവലിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) (ബി) പിരിവിന്റെ മറുപടി കണ്ടാലും, പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ട ഒരു തീരുമാനം സർക്കാർ എടുത്തിട്ടില്ല.

**മൂർക്കനാട് കുടിവെള്ള പദ്ധതി**

249 (1076) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം മൂർക്കനാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ നീട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) 2018-19 സാമ്പത്തിക വർഷത്തെ കേരള വാട്ടർ അതോറിറ്റിയുടെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് മങ്കട നിയോജകമണ്ഡലത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ റോ വാട്ടർ പമ്പ് വെൽ ട്രീറ്റ്മെന്റ് പ്ലാന്റ്, ക്ലിയർ വാട്ടർ പമ്പ് ഹൗസ് തുടങ്ങി ഉൽപ്പാദന ഘടകങ്ങളും ചുള്ളിക്കോട്, മൂച്ചിക്കൽ, കൂട്ടിലങ്ങാടി, മൂർക്കനാട് എന്നിവിടങ്ങളിലെ ഉപരിതല സംഭരണികളും മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി പഞ്ചായത്തുകളിലെ വിതരണശൃംഖല ഉൾപ്പെടെ 2016 ഫെബ്രുവരി മാസം ഉദ്ഘാടനം ചെയ്യപ്പെട്ടതാണ്. പ്രസ്തുത പഞ്ചായത്തുകളിലും മക്കരപ്പറമ്പ് പഞ്ചായത്തിലും കുടിവെള്ള വിതരണവും വാട്ടർ കണക്ഷനും നൽകിവരുന്നു. കൂട്ടിലങ്ങാടി പഞ്ചായത്തിലെ വിതരണശൃംഖല 95 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ പാറടി, വാഴക്കാട്ടിരി ഭാഗം ചാർജ് ചെയ്ത് പ്രസ്തുത ഭാഗത്തേയ്ക്ക് ഹൗസ് കണക്ഷൻ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മങ്കട പഞ്ചായത്തിൽ വിതരണശൃംഖലയുടെ 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. നടപ്പുസാമ്പത്തിക വർഷം മൂർക്കനാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പുഴക്കാട്ടിരി മുതൽ പനങ്ങാങ്ങര വരെ പൈപ്പ് ലൈൻ നീട്ടുന്നതിനുവേണ്ടിയുള്ള 20 ലക്ഷം രൂപയുടെ പ്രവൃത്തി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഫണ്ട്, എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിച്ച് സാധ്യമായ സ്ഥലങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടത്തിവരുന്നു.

**കുപ്പിവെള്ള പദ്ധതി**

250 (1077) ശ്രീ. സി. മമ്മൂട്ടി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി കുപ്പിവെള്ള വിതരണത്തിനായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കുപ്പിവെള്ള പ്ലാന്റിന്റെ പുതുക്കിയ അടങ്കൽ തുകയ്ക്ക് വാട്ടർ അതോറിറ്റി അനുമതി തേടിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) കുപ്പിവെള്ളപദ്ധതി ആവശ്യമില്ലെന്ന് വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തീരുമാനം പുന:പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുപ്പിവെള്ള വിതരണത്തിനായി അരുവിക്കരയിൽ നിർമ്മിക്കുന്ന കുപ്പിവെള്ള പ്ലാന്റിന്റെ പണി 95 ശതമാനം പൂർത്തീകരിച്ച് യന്ത്രസാമഗ്രികളുടെ പരീക്ഷണ പ്രവർത്തനം നടത്തക്കഴിഞ്ഞു. പദ്ധതിയുടെ വ്യാവസായിക ഉൽപ്പാദനം നടത്തുന്നതിന് ആവശ്യമായ വിവിധ അനുമതികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി&ഡി) കുപ്പിവെള്ള പദ്ധതി ആവശ്യമില്ല എന്ന് തീരുമാനം ചെയ്ത് വാട്ടർ അതോറിറ്റിയെ സർക്കാർ അറിയിച്ചിട്ടില്ല.

**പൊതുകുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന**

251 (1078) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ 'നിപ' വൈറസ് ഭീതിയുള്ള സാഹചര്യത്തിൽ പൊതുകുടിവെള്ള സ്രോതസ്സുകൾ പരിശോധിക്കാൻ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ച് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ജല അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾ കൂടുതൽ കാര്യക്ഷമതയോടെ പരിശോധിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ വൈറസ് ബാധ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വിതരണം ചെയ്യുന്ന കുടിവെള്ളം സൂപ്പർ ക്ലോറിനേഷൻ നടത്തുന്നതിനും വെള്ളത്തിൽ ക്ലോറിന്റെ അംശം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

**ജലനിധി പദ്ധതികൾ**

252 (1079) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാംഘട്ടത്തിൽ എത്ര പദ്ധതികളുണ്ട്; ഇവയിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇവയിൽ എത്രയെണ്ണത്തിനാണ് ഭൂഗർഭജലസ്രോതസ്സുകൾ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എത്ര പദ്ധതികൾക്ക് വാട്ടർ അതോറിറ്റി പദ്ധതികളിൽനിന്ന് ജലമെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജലനിധി രണ്ടാംഘട്ടത്തിൽ 2184 പദ്ധതികളാണ് നടപ്പിലാക്കുന്നത്. ആയതിൽ 1-6-2018 വരെ 1845 പദ്ധതികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 285 പദ്ധതികളിലാണ് ഭൂഗർഭ ജലസ്രോതസ്സുകളുള്ളത്.

(സി) 17 പദ്ധതികളാണ് കേരള വാട്ടർ അതോറിറ്റിയിൽനിന്ന് ജലമെടുത്ത് നടപ്പിലാക്കുന്നത്.

**ഹില്ലി അക്വാ കുപ്പിവെള്ളം**

253 (1080) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി ഹില്ലി അക്വാ എന്ന പേരിൽ വിപണിയിൽ ഇറക്കുന്ന കുപ്പിവെള്ളത്തിന്റെ ഉല്പാദനച്ചെലവ് എത്രയാണെന്നും ഇത് എത്ര രൂപയ്ക്കാണ് വിതരണക്കാർക്ക് നൽകുന്നതെന്നും ഇതിൻമേൽ മറ്റെന്തെങ്കിലും സെസ്സ് ചുമത്തുന്നുണ്ടോയെന്നും വിശദമാക്കാമോ;

(ബി) വിപണിയിൽ ഈ കുപ്പിവെള്ളം എത്ര രൂപക്കാണ് ലഭ്യമാക്കുന്നതെന്നും ,വിതരണക്കാർക്ക് നൽകുന്നതിൽ നിന്നും ഉയർന്ന വില ഉപഭോക്താവ് കൊടുക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാനാകുമോയെന്നും വ്യക്തമാക്കാമോ;

(സി) അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും ഇത് എന്നത്തേക്ക് പ്രവർത്തനം തുടങ്ങാനാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ജലവിഭവ വകുപ്പിന്റെ ചുമതലയിലുള്ള KIIDC വിപണിയിൽ ഇറക്കുന്ന ഹില്ലി അക്വാ എന്ന കുപ്പിവെള്ളത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ഉൽപ്പാദനച്ചെലവ് (2015-ൽ കണക്കാക്കിയത്) | | വിതരണക്കാർക്ക് നൽകുന്ന വില (GST ഉൾപ്പെടെ) |
|---|---|---|
| 1000 ml | 4.65 രൂപ | 6.18 രൂപ |
| 2000 ml | 10.00 രൂപ | 11.85 രൂപ |
| 300 ml | 3.91 രൂപ | 4.64 രൂപ |

മറ്റ് സെസ്സുകൾ ഒന്നും ചുമത്തുന്നില്ല.

(ബി) ഈ കുപ്പിവെള്ളത്തിന്റെ വിപണിയിലെ വില (MRP) ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1000 ml | 15 രൂപ |
| 2000 ml | 20 രൂപ |
| 300 ml | 10 രൂപ |

എന്നാൽ കമ്പനിയുടെ ഫാക്ടറി ഔട്ട്ലെറ്റ്, ജയിലുകളുടെ ഔട്ട്ലെറ്റുകൾ, വിതരണക്കാർ നേരിട്ടുനടത്തുന്ന ഔട്ട്ലെറ്റുകൾ എന്നിവവഴി 1000 ml-ന്റെ കുപ്പിവെള്ളം നിലവിൽ 10 രൂപയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

(സി) വാട്ടർ അതോറിറ്റിയുടെ കീഴിൽ അരുവിക്കരയിൽ ആരംഭിക്കുന്ന കുപ്പിവെള്ള പ്ലാന്റിന്റെ ജോലികൾ 95 ശതമാനത്തോളം പൂർത്തിയായിക്കഴിഞ്ഞു. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും അനുമതി ലഭിക്കുന്നമുറയ്ക്ക് ഉൽപ്പാദനം ആരംഭിക്കുന്നതാണ്.

**പൈപ്പ് പൊട്ടി കുടിവെള്ളം പാഴായി പോകുന്നതിൽ ഉദ്യോഗസ്ഥർ വരുത്തുന്ന വീഴ്ച**

254 (1081) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധയിടങ്ങളിൽ കടുത്ത വേനൽക്കാലത്ത് പോലും പൈപ്പ് പൊട്ടി കുടിവെള്ളം പാഴായി പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കാതെ നീണ്ടുപോകുന്നതിൽ ഉദ്യോഗസ്ഥർ വരുത്തുന്ന വീഴ്ച വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കുടിവെള്ള വിതരണത്തിന് അത്യാധുനിക ഉപകരണങ്ങളും സാങ്കേതിക വിദ്യയും ഉപയോഗിക്കുന്നതിനും അഴിമതി കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സർക്കാർ ശ്രദ്ധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമയബന്ധിതമായി ലീക്കുകൾ പരിഹരിക്കാറുണ്ട്. പി.ഡബ്ല്യൂ.ഡി. റോഡുകളിലൂടെയുള്ള വിതരണ പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്കുകൾ പരിഹരിക്കുന്നതിന് പി.ഡബ്ല്യൂ.ഡി.യുടെ അനുമതി ആവശ്യമാണ്.

(സി&ഡി) വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർക്ക് എതിരെ KCS (CC & A) Rules 1960 പ്രകാരം ശിക്ഷണ നടപടികൾ കൈകൊണ്ടു വരുന്നു.

**ചേലക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം**

255 (1082) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിനായി വാട്ടർ അതോറിറ്റി പ്രോജക്ട് വിഭാഗം ഡി. പി. ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചേലക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പദ്ധതികളുടെ കാലപ്പഴക്കംചെന്ന മോട്ടോർ പമ്പ് സെറ്റുകൾ മാറ്റി പുതിയത് സ്ഥാപിക്കൽ, അധിക സമയം പമ്പിംഗ് ഏർപ്പെടുത്തൽ, വാൽവുകൾ സ്ഥാപിച്ച് മേഖല തിരിച്ച് ജലവിതരണം നടത്തൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ശുദ്ധജല വിതരണ പൈപ്പുകളിലെ ലീക്കുകൾ പരിഹരിക്കുന്നതിനായി യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുകയും ജലമോഷണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ചേലക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് താഴെപ്പറയുന്ന രണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്.

1. പാഞ്ഞാൾ- ചേലക്കര മുള്ളൂർക്കര പഞ്ചായത്തുകളിലേയ്ക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

2. തിരുവില്വാമല- കൊണ്ടാഴി പഴയന്നൂർ സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

മേൽപദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് മുന്നോടിയായി സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള നിർമ്മാണം**

256 (1083) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം പൂർണ്ണതോതിൽ ശുദ്ധീകരിച്ചതാണോയെന്ന് വ്യക്തമാക്കാമോ;

(ബി) തലസ്ഥാന നഗരിയിൽ ഉൾപ്പടെ കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശരിയായ രീതിയിൽ ശുദ്ധീകരിക്കപ്പെടുന്നില്ലെന്ന നിഗമനത്തിൽ

സ്വകാര്യ കുടിവെള്ള വില്പനക്കാർ ജാറുകളിൽ വിതരണം ചെയ്യുന്ന വെള്ളം ഉപയോഗിക്കേണ്ടി വരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കുടിവെള്ള ശുദ്ധീകരണ പ്ലാന്റുകൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വില്പനക്കാർ കുപ്പിവെള്ളം വളരെ ഉയർന്ന വിലയ്ക്ക് വിറ്റഴിച്ച് സാധാരണക്കാരെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാൻ വാട്ടർ അതോറിറ്റി ശുദ്ധമായ കുടിവെള്ളം കുപ്പിയിലാക്കി ന്യായവിലയ്ക്ക് വിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) അരുവിക്കരയിലെ കുപ്പിവെള്ള നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; പ്രസ്തുത പദ്ധതി ഉപേക്ഷിക്കുയുണ്ടായോ; എങ്കിൽ കാരണം അറിയിക്കാമോ?

ഉത്തരം

(എ) കുടിവെള്ളം പൂർണ്ണ തോതിൽ ശുദ്ധീകരിച്ച് ഗുണനിലവാരം ഉറപ്പാക്കിയതാണ്. ശുദ്ധജല വിതരണ പദ്ധതികളിൽനിന്നും വിതരണം ചെയ്യുന്ന കുടിവെള്ളം ക്ലോറിനേഷൻ വഴി അണുവിമുക്തമാക്കിയതിനു ശേഷമാണ് വിതരണം ചെയ്യുന്നത്.

(ബി) നിശ്ചിത നിലവാരത്തിൽ ശുദ്ധീകരിച്ച് ഗുണനിലവാരം ഉറപ്പാക്കിയതാണ്.

(സി&ഡി) തിരുവനന്തപുരത്ത് അരുവിക്കരയിൽ കുപ്പിവെള്ള നിർമ്മാണ ശാലയുടെ പ്രവൃത്തി ഏകദേശം 95 ശതമാനത്തോളം പൂർത്തിയായിക്കഴിഞ്ഞു. യന്ത്ര സമഗ്രികൾ സ്ഥാപിച്ച് ടെസ്റ്റ് റൺ നടത്തിക്കഴിഞ്ഞു. വിവിധ വകുപ്പുകളിൽനിന്നും BIS, FSSAI ഏജൻസികളിൽനിന്നും ആവശ്യമായ അനുമതി കിട്ടുന്നമുറയ്ക്ക് ബാക്കിയുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കി ഉൽപ്പാദനം ആരംഭിച്ച് ന്യായമായ വിലയ്ക്ക് കുപ്പിവെള്ളം വിപണിയിൽ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

**അയിരൂർ-കാഞ്ഞിറ്റുകര, പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതികൾ**

257 (1084) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിരൂർ-കാഞ്ഞിറ്റുകര, പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതിയും ഓരോ പദ്ധതിക്കായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) അയിരൂർ-കാഞ്ഞിറ്റുകര പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഉള്ളതെന്നും ഇത് എന്ന് പൂർത്തീകരിക്കാനാകുമെന്നും ഒന്നാം ഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും വിശദമാക്കാമോ;

(സി) പെരുനാട്-അത്തിക്കയം പദ്ധതിയുടെ എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും എന്ന് നിർമ്മാണം പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ)

**1. അയിരൂർ-കാഞ്ഞിറ്റുകര- ഒന്നാംഘട്ടം**

ഭരണാനുമതി തുക- 1400 ലക്ഷം.

അയിരൂർ കാഞ്ഞിറ്റുകര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയ ഇൻടേക്ക് കിണറും പമ്പ് ഹൗസും, ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാലയിൽനിന്നും തേക്കുങ്കൽ, ആലുങ്കൽ ജലസംഭരണി വരെയുള്ള ഗ്രാവിറ്റി ലൈൻ, റോ വാട്ടർ പമ്പ് സെറ്റ്, ഇലക്ട്രിക് സബ്സ്റ്റേഷൻ എന്നീ ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്.

**2. അയിരൂർ- കാഞ്ഞിറ്റുകര- രണ്ടാം ഘട്ടം**

ഭരണാനുമതി തുക- 2800 ലക്ഷം.

രണ്ടാം ഘട്ടത്തിൽ വിതരണശൃംഖലയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ കരാർ 3/2018-ൽ നൽകിയിട്ടുണ്ട്.

**3. പെരുനാട്- അത്തിക്കയം ഒന്നാം ഘട്ടം**

ഭരണാനുമതി തുക- 1400 ലക്ഷം.

പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, കോട്ടപാറ, ഇടപ്രമല എന്നിവിടങ്ങളിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ എന്നീ ഘടകങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കി. ഒന്നാംഘട്ടത്തിൽ അവശേഷിക്കുന്ന ഘടകങ്ങളായ ഇൻടേക്ക് കിണറിന്റെ നവീകരണം ഇലക്ട്രിക് സബ് സ്റ്റേഷൻ, പമ്പ് സെറ്റുകൾ സ്ഥാപിക്കൽ, ജലസംഭരണികൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റേറ്റ് പ്ലാനിൽ 331 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി റീ- ടെണ്ടർ ചെയ്തു.

**4. പെരുനാട്- അത്തിക്കയം രണ്ടാം ഘട്ടം**

4140 ലക്ഷം ഭരണാനുമതി തുകയുള്ള പെരുനാട്- അത്തിക്കയം രണ്ടാംഘട്ടം പദ്ധതിക്ക് കിഫ്ബിയിൽ അനുമതി നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുടെ ഘടകങ്ങൾ 3 പാക്കേജുകളായി തിരിച്ചിട്ടുണ്ട്. ഇതിൽ പാക്കേജ് 1-ൽ ഉൾപ്പെട്ട മന്നംപുഴ സമ്പിലേക്കും, മന്നംപുഴ ടാങ്കിലേയ്ക്കും ക്ലിയർ വാട്ടർ പമ്പിംഗ് ലൈനുകൾ, 7 സോണുകളിൽ വിതരണശൃംഖല എന്നിവയുടെ പണികൾ പുരോഗമിക്കുന്നു.

പാക്കേജ് 2-ൽ ഉൾപ്പെട്ട പഞ്ചാരമുക്ക്, മുണ്ടമല എന്നീ സമ്പുകളിലേയ്ക്കും മുണ്ടൻമല ടാങ്കിലേക്കുമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, മുണ്ടൻമല ജലസംഭരണി, മുണ്ടൻമല പമ്പ് ഹൗസ്, മുണ്ടൻമല സമ്പിൽനിന്നും മുണ്ടൻമല ജലസംഭരണിയിൽനിന്നുമുള്ള വിതരണശൃംഖല, കോട്ടുപാറയിൽനിന്നും മാമ്പാറ ജലസംഭരണിയിലേയ്ക്ക് ഗ്രാവിറ്റി മെയിൻ, പഞ്ചാരമുക്ക് സമ്പിൽനിന്നും ചെമ്പൻമുടി ടാങ്ക് വരെ പമ്പിംഗ് മെയിൻ എന്നിവയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

പാക്കേജ് 3-ൽ ഉൾപ്പെട്ട വിവിധ പമ്പ് ഹൗസുകളിലേയ്ക്കുള്ള പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റുകൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

(ബി) 2800 ലക്ഷം രൂപ ഭരണാനുമതി തുകയുടെ അയിരൂർ- കാഞ്ഞേറ്റുകര രണ്ടാം ഘട്ടം പദ്ധതിയിൽ വിതരണശൃംഖലയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തികൾ 8/2019-ൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അയിരൂർ- കാഞ്ഞേറ്റുകര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയ ഇൻടേക്ക് കിണറും പമ്പ് ഹൗസും, ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാലയിൽനിന്നും തേക്കുങ്കൽ, ആലുങ്കൽ ജലസംഭരണി വരെയുള്ള ഗ്രാവിറ്റി ലൈൻ, റോ വാട്ടർ പമ്പ് സെറ്റ്, ഇലക്ട്രിക്ക് സബ്സ്റ്റേഷൻ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത് ആയതിന്റെ നിർമ്മാണം പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്. വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി.യിൽനിന്ന് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും.

(സി) പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട ജലശുദ്ധീകരണ ശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, കോട്ടുപാറ, ഇടപ്രമല എന്നിവിടങ്ങളിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ എന്നീ ഘടകങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കി.

ഒന്നാം ഘട്ടത്തിൽ അവശേഷിക്കുന്ന ഘടകങ്ങളായ ഇൻടേക്ക് കിണറിന്റെ നവീകരണം, ഇലക്ട്രിക് സബ് സ്റ്റേഷൻ, പമ്പ് സെറ്റുകൾ സ്ഥാപിക്കൽ, ജലസംഭരണികൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റേറ്റ് പ്ലാനിൽ 331 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി റീ- ടെണ്ടർ ചെയ്തു. പ്രവൃത്തികൾ 6/2019-ൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

4140 ലക്ഷം ഭരണാനുമതി തുകയുള്ള പെരുനാട്- അത്തിക്കയം രണ്ടാം ഘട്ടം പദ്ധതിക്ക് കിഫ്ബിയിൽ അനുമതി നൽകിയിട്ടുണ്ട്.

ഈ പദ്ധതിയിൽ ഉൾപ്പെട്ട മന്നംപുഴ സമ്പിലേയ്ക്കും, മന്നംപുഴ ടാങ്കിലേയ്ക്കും ക്ലിയൽ വാട്ടർ പമ്പിംഗ് ലൈനുകൾ, 7 സോണുകളിൽ വിതരണശൃംഖല, പഞ്ചാരമുക്ക്, മുണ്ടൻമല എന്നീ സമ്പുകളിലേയ്ക്കും, മുണ്ടൻമല ടാങ്ക് എന്നിവിടങ്ങളിലേയ്ക്ക് ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, മുണ്ടൻമല ജലസംഭരണി മുണ്ടൻമല പമ്പ് ഹൗസ്, മുണ്ടൻമല സമ്പിൽനിന്നും മുണ്ടൻമല ജലസംഭരണിയിൽനിന്നുമുള്ള വിതരണ ശൃംഖല, കോട്ടപാറയിൽനിന്നും മാമ്പാറ ജലസംഭരണിയിലേയ്ക്ക് ഗ്രാവിറ്റി ലൈൻ, പഞ്ചാരമുക്ക് സമ്പിൽനിന്നും ചെമ്പൻമുടി ടാങ്ക് വരെ പമ്പിംഗ് മെയിൻ, വിവിധ പമ്പ് ഹൗസുകളിലേയ്ക്കുള്ള പമ്പ് സെറ്റ് എന്നീ ഘടകങ്ങൾ 3 പാക്കേജുകളിലായി തിരിച്ചിട്ടുണ്ട്. ഇതിൽ പാക്കേജ് 1-ൽ ഉൾപ്പെട്ട മന്നംപുഴ സമ്പിലേയ്ക്കും, മന്നംപുഴ ടാങ്കിലേയ്ക്കും ക്ലിയർ വാട്ടർ പമ്പിംഗ് ലൈനുകൾ, 7 സോണുകളിൽ വിതരണ ശൃംഖല എന്നിവയുടെ പണികൾ പുരോഗമിക്കുന്നു. പാക്കേജ് 2-ൽ ഉൾപ്പെട്ട പഞ്ചാരമുക്ക്, മുണ്ടമല എന്നീ സമ്പുകളിലേയ്ക്കും മുണ്ടൻമല ടാങ്കിലേയ്ക്കുമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, മുണ്ടൻമല ജലസംഭരണി, മുണ്ടൻമല പമ്പ് ഹൗസ്, മുണ്ടൻമല സമ്പിൽനിന്നും മുണ്ടൻമല ജലസംഭരണിയിലേയ്ക്കുള്ള വിതരണശൃംഖല, കോട്ടപാറയിൽനിന്നും മാമ്പാറ ജലസംഭരണിയിലേയ്ക്ക് ഗ്രാവിറ്റി മെയിൻ, പഞ്ചാരമുക്ക് സമ്പിൽനിന്നും ചെമ്പൻമുടി ടാങ്ക് വരെ പമ്പിംഗ് മെയിൻ എന്നിവയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പാക്കേജ് 3-ൽ ഉൾപ്പെട്ട വിവിധ പമ്പ് ഹൗസുകളിലേയ്ക്കുള്ള പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റുകൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

പ്രവൃത്തികൾ 6/2019-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഇടക്കൊച്ചി കുടിവെള്ള പദ്ധതി**

258 (1085) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ടാങ്ക് നിർമ്മാണത്തിനായി അമൃത് പദ്ധതിയിൽ നിന്നും അനുവദിച്ച ആറ് കോടി രൂപയുടെ ടെണ്ടർ നടപടികളുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ടെണ്ടർ നടപടികൾ പൂർത്തിയാക്കി, കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 2018 ജൂണിൽ പ്രവൃത്തി ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

**കാലപ്പഴക്കംചെന്ന കുടിവെള്ള പൈപ്പുകൾ മാറ്റുന്ന പ്രവൃത്തി**

259 (1086) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടിയിൽ കാലപ്പഴക്കംചെന്ന കുടിവെള്ള പൈപ്പുകൾ മാറ്റുന്ന പ്രവൃത്തിയുടെ പുരോഗതി ഏതുവരെയായി;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പാലത്തിങ്കൽ മുതൽ പരപ്പനങ്ങാടി വരെ 2850 മീറ്റർ പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 80 ശതമാനത്തോളം പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കട്ടിംഗിന്റെ അനുമതി ലഭിച്ചാൽ 3 മാസത്തിനകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പള്ളിക്കൽ കുടിവെള്ള പദ്ധതി**

260 (1087) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ പള്ളിക്കൽ കുടിവെള്ള പദ്ധതിക്കുവേണ്ടി സർവ്വേ നടപടികൾ പൂർത്തിയാക്കി ഡ്രായിംഗ് തയ്യാറാക്കിയിട്ടുള്ളതിൽ വിതരണ പൈപ്പിന്റെ ഡിസൈൻ പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പ്രസ്തുത പദ്ധതിക്കുവേണ്ടി സർവ്വേ നടപടികൾ പൂർത്തിയാക്കി ഡിസൈൻ ചെയ്തു വന്നപ്പോൾ ഉയർന്ന പ്രദേശങ്ങളിൽ ജലവിതരണം സാധ്യമാക്കുന്നതിനുവേണ്ടി, ചില വിതരണശൃംഖലകൾകൂടി കൂട്ടി ചേർക്കേണ്ടതായി വന്നു. അതിനുള്ള സർവ്വേ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**നെടുമങ്ങാട് മണ്ഡലത്തിലെ കുടിവെള്ളക്ഷാമം**

261 (1088) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പ് മുഖാന്തരം സംസ്ഥാനത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാൻ സ്കീം, സ്റ്റേറ്റ് ഫണ്ട്, ഹരിത കേരളം, കാസർഗോഡ് പാക്കേജ്, എം.എൽ.എ. ഫണ്ട്, RMF, Non Plan Scheme, Other department deposit works തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പ് മുഖാന്തരം വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. നിലവിലുള്ള എൽ.ഐ. സ്കീമുകളുടെ പുനരുദ്ധാരണവും പുതിയ എൽ.ഐ. സ്കീമുകളുടെ നിർമ്മാണം, നിലവിലുള്ള ഇറിഗേഷൻ സ്ട്രക്ചറിന്റെ നവീകരണം, കുളങ്ങളുടെയും ജലാശയങ്ങളുടെയും നവീകരണം, വാർഷിക അറ്റകുറ്റപ്പണികൾ, ASE works എന്നിവയും വിവിധ പദ്ധതിയിലുൾപ്പെടുത്തിയും ചെയ്യുവരുന്നു. 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം റെഗുലേറ്ററുകളും തടയണകളും വഴി നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റുന്ന നിർമ്മാണങ്ങൾക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ജലക്ഷാമവും കുടിവെള്ളക്ഷാമവും പരിഹരിക്കുന്നതിനും ഉതകുന്ന തരത്തിൽ കേരളത്തിലെ വിവിധ നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ റെഗുലേറ്ററുകൾ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കെ.ഐ.ഐ.ഡി.സി. മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

നീർത്തടാധിഷ്ഠിത ആസൂത്രണവും അതനുസരിച്ചുള്ള ജലസംരക്ഷണ പ്രവർത്തനങ്ങളും ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം (ജലസമൃദ്ധി)യുടെ ഭാഗമായി നീർത്തട മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു.

**ഭൂജല വകുപ്പ്**

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂജല വകുപ്പ് മുഖാന്തരം സംസ്ഥാനത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കേരള ജല അതോറിറ്റി**

കേരള ജല അതോറിറ്റി മുഖാന്തരം സംസ്ഥാനത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

**പദ്ധതി വിഭാഗം 1**

DRIP പദ്ധതിയിലുൾപ്പെടുത്തി ഈ കാര്യാലയത്തിനുകീഴിലുള്ള ഡാമുകളുടെ ബലപ്പെടുത്തലും മൂലത്തറ റെഗുലേറ്ററിന്റെ പുനരുദ്ധാരണവും നടപ്പിലാക്കിയിട്ടുണ്ട്. കാഡാ കനാലുകളുടെ നവീകരണത്തിനായുള്ള തുക ഉപയോഗപ്പെടുത്തി ചിറ്റൂർപ്പുഴ, മലമ്പുഴ, മംഗലം, പോത്തുണ്ടി എന്നീ പദ്ധതികളുടെ കാഡാ ചാലുകൾ നവീകരിച്ചു. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളായ കാരാപ്പുഴ, ബാണാസുരസാഗർ എന്നീ പദ്ധതികളിൽ പ്ലാൻ ഫണ്ടിനനുസൃതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അനുമതി ലഭ്യമാകുന്ന തുകയ്ക്ക് പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നു. ഇതുകൂടാതെ പൂർത്തീകരിച്ച പദ്ധതികളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി അതത് വർഷം ബജറ്റിൽ നീക്കിവയ്ക്കുന്ന തുക പ്രയോജനപ്പെടുത്തി പ്രവൃത്തികൾ നടത്താറുണ്ട്.

**പദ്ധതി വിഭാഗം 2**

ഡ്രിപ്പിൽ ഉൾപ്പെടുത്തി നെയ്യാർ, മലങ്കര, ചിമ്മിനി, വാഴാനി എന്നീ ഡാമുകളുടെയും ഭൂതത്താൻകെട്ട് ബാരേജിന്റെയും അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. നെയ്യാർ ഡാമിൽ 3.52 കോടി രൂപയുടെ ടൂറിസം പ്രവൃത്തികൾ ടൂറിസം വകുപ്പിന്റെ ഫണ്ടും എം.എൽ.എ. ഫണ്ടും ഉപയോഗപ്പെടുത്തി നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം നഗരത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് 2017 ഏപ്രിൽ മാസത്തിൽ കേരള സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റിന്റെ മേൽനോട്ടത്തിൽ നെയ്യാർ റിസർവ്വോയറിലെ കാപ്പുകാട്ടുനിന്നും കുമ്പിൾ തോടുവഴി അണിയിലക്കടവ് വരെയുള്ള 9 കിലോമീറ്റർ ദൂരത്തിൽ ജലം സുഗമമായി എത്തിക്കുന്നതിന് പ്രസ്തുത തോട് വൃത്തിയാക്കി എല്ലാ തടസ്സങ്ങളും നീക്കുകയും നെയ്യാർ റിസർവ്വോയറിലെ കാപ്പുകാട്ടിൽ റിസർവ്വോയറിനുള്ളിൽ വലിയ ഡ്രഡ്ജറുകൾ ഇറക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളും മറ്റും അടിയന്തരമായി ചെയ്തുതീർത്തു.

**ജലനിധി**

ഈ സർക്കാർ നിലവിൽവന്ന ശേഷം 2016-17 സാമ്പത്തിക വർഷത്തിൽ ജലസൗഹൃദ വിദ്യാലയം പദ്ധതിക്ക് ഭരണാനുമതി നൽകുകയും പദ്ധതിയിലൂടെ ലഭിച്ച തുക ഉപയോഗിച്ച് ടി പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ 840 സർക്കാർ വിദ്യാലയങ്ങളിൽ 10,000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി നിർമ്മിച്ച് നൽകുകയുമുണ്ടായി. അതുവഴി വിദ്യാർത്ഥി സമൂഹത്തിനിടയിൽ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിന്റെ ആവശ്യകതയും പ്രാധാന്യവും

പ്രചരിപ്പിക്കാൻ സാധിച്ചു. കൂടാതെ 2017-18-ൽ അംഗീകരിച്ച പദ്ധതി പ്രകാരം 10 ഗ്രാമപഞ്ചായത്തുകളിലെ 5,000 കുടുംബങ്ങൾക്ക് ഇറന്ന കിണർ റീചാർജ്ജിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷത്തിലെ മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും പദ്ധതി വഴി തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലായി 1,575 വ്യക്തിഗത കുടുംബങ്ങൾക്ക് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 10,000 ലിറ്റർ ശേഷിയുള്ള സംഭരണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു.

(ബി) **കേരള ജല അതോറിറ്റി**

നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി വിവിധ ഡെപ്പോസിറ്റ് വർക്കുകളിലായി 92.34 ലക്ഷം രൂപയുടെ പൈപ്പ് ലൈൻ നീട്ടുന്ന പണികൾ നടന്നുവരുന്നു. ഏകദേശം 45 ശതമാനം പണി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെട്ട 90.24 ലക്ഷം രൂപയുടെ പഴയതും കേടുവന്നതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പണികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തി വരുന്നു. 2018-19 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 31.41 ലക്ഷം രൂപയുടെ 6 പ്രവൃത്തികൾ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു. നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി 13.29 കോടി രൂപയുടെ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഭൂജല വകുപ്പ്**

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

## 2016-17

1. 2016 വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി അണ്ടൂർക്കോണം പഞ്ചായത്തിലെ തെറ്റിച്ചിറ, മാണിയ്ക്കൽ പഞ്ചായത്തിലെ പാറയ്ക്കൽ ഗവൺമെന്റ് യു.പി.എസ്. എന്നിവിടങ്ങളിലെ കുടിവെള്ള പദ്ധതികൾ പുനരുദ്ധാരണം നടത്തിയിട്ടുണ്ട്.

2. വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കരകുളം ഗ്രാമപഞ്ചായത്തിൽ 10 ഹാൻഡ് പമ്പുകൾ, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ 1 ഹാൻഡ് പമ്പ്, പോത്തൻകോട് പഞ്ചായത്തിൽ 9 ഹാന്റ് പമ്പുകൾ, നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ 14 ഹാൻഡ് പമ്പുകളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനയോഗ്യമാക്കിയിട്ടുണ്ട്.

3. കുടിവെള്ളക്ഷാമം നേരിട്ടിരുന്ന വെമ്പായം പഞ്ചായത്തിലെ തിട്ടയത്തുകോണം, കരിപ്പുമുകൾ എന്നീ അങ്കണവാടികളിലും തേക്കട തൈയ്ക്കാവുനട എന്ന പ്രദേശത്തും കുഴൽക്കിണർ നിർമ്മിച്ച് മിനി ജലവിതരണ പദ്ധതി നടപ്പിലാക്കി.

## 2017-18

1. ജില്ലയിലെ വിവിധ സർക്കാർ, സർക്കാർ ഇതര സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന കൃത്രിമഭൂജല സംപോഷണ പദ്ധതി എന്ന സ്കീമിൽ ഉൾപ്പെടുത്തി കല്ലയം ലിറ്റിൽ ഫ്ലവർ സ്കൂളിൽ ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉപയോഗിച്ച് ഒരു തുറന്ന കിണർ കൃത്രിമഭൂജല സംപോഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

2. വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ 20 ഹാൻഡ് പമ്പുകൾ, മാണിക്കൽ പഞ്ചായത്തിൽ 40 ഹാൻഡ് പമ്പുകൾ, പോത്തൻകോട് പഞ്ചായത്തിൽ 4 ഹാൻഡ് പമ്പുകൾ എന്നിങ്ങനെ 64 ഹാൻഡ് പമ്പുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്.

## 2018-19

2018-ലെ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പോത്തൻകോട്, കരകുളം എന്നീ പഞ്ചായത്തുകളിൽനിന്നും ലഭിച്ച അപേക്ഷ അനുസരിച്ച് പോത്തൻകോട് പഞ്ചായത്തിൽ 10 ഹാൻഡ് പമ്പുകളും കരകുളം പഞ്ചായത്തിൽ 4 ഹാൻഡ് പമ്പുകളും അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### ജലനിധി

നെടുമങ്ങാട് നിയോജകമണ്ഡലത്തിനുകീഴിലുള്ള മാണിക്കൽ ഗ്രാമപഞ്ചായത്തിൽ ജലനിധിയുടെ രണ്ടാംഘട്ട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ടി ഗ്രാമപഞ്ചായത്തിൽ 26 ചെറുകിട കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി. 1369 ഗുണഭോക്തൃ കുടുംബങ്ങൾക്ക് കുടിവെള്ളം നൽകിവരുന്നു. നെടുമങ്ങാട് നിയോജകമണ്ഡലത്തിനുകീഴിലുള്ള ആനാട് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിലെ മഴവെള്ളസംഭരണവും ഭൂജല പരിപോഷണവും പദ്ധതിയുടെ ഭാഗമായി 10,000 ലിറ്റർ സംഭരണ ശേഷിയുള്ള 67 സംഭരണികൾ നിർമ്മിച്ചു നൽകുകയുണ്ടായി.

**ഒതുക്കുങ്ങൽ - പൊന്മള കുടിവെള്ള പദ്ധതി**

262 (1089) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുടങ്ങികിടക്കുന്ന കുടിവെള്ള പദ്ധതികൾ പ്രവർത്തനയോഗ്യമാക്കുന്നതിനും പൈപ്പ് ലൈൻ നീട്ടുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ ;

(ബി) കേരള വാട്ടർ അതോറിറ്റിവഴി ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമോ;

(സി) കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യം ആലോചിക്കുമോ ?

ഉത്തരം

(എ)

**പാക്കേജ്-1**- മറ്റത്തൂർകടവിലെ കിണറും പമ്പ് ഹൗസും, റോ വാട്ടർ പമ്പിംഗ് മെയിൻ ട്രയൽ റണ്ണിംഗ് ഒഴികെ പൂർത്തീകരിച്ചു.

**പാക്കേജ്-2**- ജല ശുദ്ധീകരണശാല സബാൻ വില്ല- എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. (ട്രയൽ റണ്ണിംഗ് ഒഴികെ)

**പാക്കേജ്-3**- ഉന്നതതല സംഭരണി കുറുപ്പുംപടി 18 ലക്ഷം സംഭരണശേഷി പൂർത്തീകരിച്ചു. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ 1050 മീറ്ററിൽ 750 മീറ്റർ പൂർത്തീകരിച്ചു. വിതരണശൃംഖല 76 കി. മീറ്ററിൽ 61.17 കി. മീറ്റർ പൈപ്പുകൾ സ്ഥാപിച്ചു. റോഡ് റെസ്റ്റൊറേഷൻ എസ്റ്റിമേറ്റ് ലഭിച്ചതിൽ 34,78,570 രൂപ അടവാക്കേണ്ടതുണ്ട്. ഈ റോഡിന്റെ ഡി.എൽ.പി. പിരീഡ് 15-7-2018-ന് പൂർത്തീകരിക്കും. Defect Liability Period പൂർത്തിയാകുന്ന മുറയ്ക്ക് തുക അടയ്ക്കുന്നതാണ്.

**പാക്കേജ്-4**- വട്ടപ്പറമ്പ് ഉന്നതതല സംഭരണി, 6 എൽ.എൽ. പൂർത്തീകരിച്ചു. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ മുഴുവനായും 4.6 കി.മീറ്റർ പൂർത്തീകരിച്ചു. വിതരണ ശൃംഖല 30 കി. മീറ്ററിൽ 25.8 കി. മീറ്റർ പൂർത്തീകരിച്ചു.

**പാക്കേജ്-5**- എ- പമ്പ് സെറ്റ് സ്ഥാപിച്ചു. ട്രയൽ റൺ ബാക്കിയുണ്ട്. ബി- ശുദ്ധീകരണശാലയ്ക്ക് ആവശ്യമായ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും വൈദ്യുത കണക്ഷൻ നൽകുന്നതിനും KSEB ആവശ്യപ്പെട്ട തുക അടവാക്കിയിട്ടുണ്ട്. റോ വാട്ടർ ഹൗസിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ട്രാൻസ്ഫോർമറിന്റെ പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

(ബി) പൊതുമരാമത്ത് വകുപ്പ് നൽകിയ എസ്റ്റിമേറ്റ് തുക മുഴുവനായും അടവാക്കിയിട്ടുണ്ട്. എന്നാൽ ഡി.എൽ.പി. ഉള്ള റോഡിന് സമർപ്പിച്ചിട്ടുള്ള തുകയായ 34,78,570 രൂപ നൽകുവാനുണ്ട്. ഈ റോഡിന്റെ ഡി.എൽ.പി. പിരീഡ് 15-7-2018-ന് പൂർത്തീകരിക്കും. Defect Liability Period പൂർത്തിയാകുന്നമുറയ്ക്ക് തുക അടയ്ക്കുന്നതാണ്.

(സി) ശുദ്ധീകരണശാലയ്ക്ക് ആവശ്യമായ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും വൈദ്യുതി കണക്ഷൻ നൽകുന്നതിനും കെ.എസ്.ഇ.ബി. ആവശ്യപ്പെട്ട 3,69,080 രൂപ അടവാക്കിയിട്ടുണ്ട്. റോ വാട്ടർ പമ്പ് ഹൗസിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നമുറയ്ക്ക് വൈദ്യുതി കണക്ഷനുവേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്നതാണ്.

**മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ**

263 (1090) ശ്രീ .പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുടങ്ങികിടക്കുന്ന കുടിവെള്ള പദ്ധതികൾ പ്രവർത്തനയോഗ്യമാക്കുന്നതിനും പൈപ്പ് ലൈൻ നീട്ടുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ ;

(ബി) കേരള വാട്ടർ അതോറിറ്റിവഴി ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമോ;

(സി) കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യം ആലോചിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. ഫണ്ടിന്റെ അഭാവംമൂലവും മറ്റ് കാരണങ്ങളാലും തടസ്സപ്പെട്ടിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കാൻ സ്റ്റേറ്റ് പ്ലാൻ, കിഫ്ബി തുടങ്ങിയവയിൽ ഉൾപ്പെടുത്തി മുൻഗണനാ ക്രമത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്.

**ജലാശയങ്ങൾ സംരക്ഷിക്കുന്നതിന് നടപടി**

264 (1091) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾ, തോടുകൾ, കുളങ്ങൾ, കിണറുകൾ, തടാകങ്ങൾ എന്നിവ മലിനമാക്കുന്നത് തടയുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിലെ പൊതുകുളങ്ങളും പൊതുകിണറുകളും ഉൾപ്പെടെയുള്ള ജലാശയങ്ങളുടെ വിവരശേഖരണം നടത്തി രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സ്വകാര്യ, പൊതു കിണറുകൾ, കുളങ്ങൾ, മറ്റ് ജല സ്രോതസ്സുകൾ എന്നിവ റീ- ചാർജ് ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം 536 കുളങ്ങൾ ശുചിയാക്കി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയുണ്ടായി. ഇതിനുപുറമേ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തിയും ജലസ്രോതസ്സുകൾ വൃത്തിയാക്കിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി കുളങ്ങൾ/തോടുകൾ/പുഴകൾ മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കാനും നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തി ശിക്ഷ കർശനമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമം ഭേദഗതി ചെയ്തുകൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഓർഡിനൻസ് പ്രകാരം ജലമലിനീകരണം നടത്തുന്നവർക്കുള്ള തടവുശിക്ഷ മൂന്ന് വർഷം വരെയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഒപ്പം പിഴ രണ്ട് ലക്ഷം രൂപ വരെയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ജലവിഭവ വികസന വിനിയോഗ കേന്ദ്രം നടത്തിയ പരിസ്ഥിതി നിരീക്ഷണ കർമ്മ പരിപാടിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂക്ഷമായി മലിനീകരിക്കപ്പെട്ട പതിനൊന്ന് പുഴകളും (പമ്പ, മീനച്ചിൽ, പെരിയാർ, ഭാരതപ്പുഴ, കല്ലായി, വളപട്ടണം, കല്ലട, അച്ചൻകോവിൽ, മണിമല, മൂവാറ്റുപുഴ, ചാലക്കുടി) 3 കായലുകളും തെരഞ്ഞെടുക്കുകയും ഈ പുഴകളും കായലുകളും വൃത്തിയാക്കുവാനും തുടർമലിനീകരണം തടയുവാനുമുള്ള പ്രവർത്തനങ്ങൾ നിർദ്ദേശിക്കുവാനുമായിട്ടുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിൽ ഉൾപ്പെടുത്തി കൺസൾട്ടൻസി സർവ്വീസ് ഏർപ്പെടുത്തുവാനുമുള്ള ദർഘാസ് നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധി/ജലസംരക്ഷണത്തിന്റെ ഭാഗമായുള്ള നീർത്തടപ്ലാനുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കി വരുന്നു. പ്രസ്തുത രേഖ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സമിതികൾ ഇതിനകം പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഓരോ ചെറുനീർത്തടത്തിലും വരുന്ന

എല്ലാ ജലസ്രോതസ്സുകളെയും സംബന്ധിച്ച വിവരം ഉൾക്കൊള്ളുന്നതാകും നീർത്തടപ്ലാൻ. ഈ രേഖ പൂർത്തിയാകുന്നമുറയ്ക്ക് ഒറ്റപ്പാലം മണ്ഡലത്തിൽ വരുന്ന കുളങ്ങൾ, പൊതുകിണറുകൾ, തോടുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാകും.

(സി) ജലസേചന കനാലുകൾ വഴി ലഭിക്കുന്ന ജലം സമീപത്തുള്ള കുളങ്ങൾ റീ-ചാർജ് ചെയ്യുന്നതിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി സമീപത്തുള്ള കിണറുകളിലെ ജലനിരപ്പ് ഉയർന്നതായി/സ്ഥായിയായി നിലനിൽക്കുന്നതായി വിലയിരുത്തിയിട്ടുണ്ട്. കിണറുകൾ റീ-ചാർജ് ചെയ്യുന്ന പ്രവർത്തനം തൊഴിലുറപ്പ് പദ്ധതി, ഭൂജല വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ മുഖേനയാണ് നിർവ്വഹിച്ചുവരുന്നത്.

**കേരള വാട്ടർ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത കരാറുകാർ**

265 (1092) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ കരാറുകാരായി രജിസ്റ്റർ ചെയ്യാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത കരാറുകാരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി)ഏതെല്ലാം പ്രവൃത്തികളാണ് ഇവർ ഏറ്റെടുത്ത് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം കരാറുകൾക്ക് കുടിശ്ശികയായി എത്ര രൂപ നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) എത്രകാലമായി ഈ കുടിശ്ശിക ബാക്കിയുണ്ടെന്നും എപ്പോൾ കൊടുത്തുതീർക്കാനാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ കരാറുകാരായി രജിസ്റ്റർ ചെയ്യാനുള്ള മാനദണ്ഡങ്ങൾ പി.ഡബ്ല്യു.ഡി. പുതുക്കിയ മാന്വൽ (2012) പ്രകാരമാണ്. ഇത് സംബന്ധിച്ച ഉത്തരവുകൾ GO.(M) 59/13/PWD തീയതി 17-7-2013, GO.(MS) 110/15/PWD തീയതി 21-12-2015 എന്നിവയാണ്.

(ബി) രജിസ്റ്റർ ചെയ്ത കരാറുകാരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

1. പാലക്കാട് - 57
2. കോഴിക്കോട് - 45
3. വയനാട് - 14
4. കണ്ണൂർ - 94
5. കാസർഗോഡ് - 32
6. മലപ്പുറം - 49
7. എറണാകുളം - 271
8. തൃശ്ശൂർ - 76
9. ഇടുക്കി - 20
10. ആലപ്പുഴ - 26
11. കോട്ടയം - 48
12. പത്തനംതിട്ട - 87
13. കൊല്ലം - 93
14. തിരുവനന്തപുരം - 246

(സി) വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന ശുദ്ധജല വിതരണവും മലിനജല നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട വിവിധ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ വർക്കുകളാണ് ഇവർ ഏറ്റെടുത്ത് ചെയ്യുന്നത്.

(ഡി) കരാറുകാർക്ക് കുടിശ്ശികയായി നൽകാനുള്ള തുക ജില്ല തിരിച്ച് താഴെപ്പറയുന്നു:

| ജില്ല | തുക (ലക്ഷത്തിൽ) |
|---|---|
| (1) | (2) |
| പാലക്കാട് | 1980.34 |
| കോഴിക്കോട് | 1667.81 |
| വയനാട് | 411.84 |
| കണ്ണൂർ | 3163.79 |
| കാസർഗോഡ് | 349.04 |
| മലപ്പുറം | 4921.77 |

| (1) | (2) |
|---|---|
| എറണാകുളം | 1940.39 |
| തൃശ്ശൂർ | 2599.46 |
| ഇടുക്കി | 2975.42 |
| ആലപ്പുഴ | 3883.05 |
| കോട്ടയം | 2731.88 |
| പത്തനംതിട്ട | 2231.32 |
| കൊല്ലം | 1904.33 |
| തിരുവനന്തപുരം | 2632.77 |
| ആകെ | 333,93.23 ലക്ഷം |

(ഇ) വിവിധ കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ് ചെയ്ത വകയിൽ കരാറുകാർക്ക് 2017 മേയ് മാസം മുതലുള്ള ബില്ലുകൾ കുടിശ്ശികയുണ്ട്. എൻ.ആർ. ഡി.ഡബ്ല്യു.പി. ശീർഷകത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ ബില്ലുകൾ ഒക്ടോബർ 2016 മുതൽ കുടിശ്ശികയുണ്ട്. NABARD ശീർഷകത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ ബില്ലുകൾ ഒക്ടോബർ 2017 മുതൽ കുടിശ്ശികയുണ്ട്. സ്റ്റേറ്റ് പ്ലാൻ ശീർഷകത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ ബില്ലുകൾ മാർച്ച് 2018 മുതൽ കുടിശ്ശികയുണ്ട്.

ബജറ്റ് വിഹിതത്തിൽ പ്രസ്തുത ബില്ലുകളുടെ തുക കൊടുത്തുതീർക്കാൻ ആകുമെന്ന് പ്രതീക്ഷിക്കുന്നു.

**വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ**

266 (1093) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ എന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) എത്ര പ്രോജക്ടുകൾ പദ്ധതിയുടെ പരിഗണനയ്ക്ക് വന്നുയെന്നും അതിൽ എത്ര എണ്ണം അംഗീകരിച്ചുയെന്നും എത്ര എണ്ണം പൂർത്തിയായിയെന്നും വ്യക്തമാക്കാമോ;

(സി) അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ജലവിതരണവും സ്വീവറേജ് സംവിധാനവും ആധുനികവൽക്കരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ അതോറിറ്റി നേരിടുന്ന പ്രശ്നങ്ങൾക്ക് ഇവിടുത്തെ സാഹചര്യത്തിന് അനുയോജ്യമായ പരിഹാരങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും യുവജനങ്ങളുടെ സർഗ്ഗാത്മകമായ നൂതന ആശയങ്ങൾ ജല അതോറിറ്റിയുടെ മേൽനോട്ടത്തിൽ ഉപയോഗപ്പെടുത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് കേരള വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ (KWIZ) എന്ന പേരിലുള്ള സംരംഭം ആരംഭിച്ചിട്ടുള്ളത്. ഈ സംരംഭത്തിന്റെ ഭാഗമായി പ്രശ്ന സങ്കീർണ്ണതയുള്ള മേഖലയിലെ നേരത്തെതന്നെ തിരിച്ചറിഞ്ഞിരിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കി പരിഹാരം നിർദ്ദേശിക്കുവാൻ താൽപ്പര്യമുള്ള വ്യക്തികൾ/സംരംഭകർ/സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഒരു വെബ്പോർട്ടൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. വെബ്പോർട്ടലിലൂടെ ലഭിക്കുന്ന അപേക്ഷകൾ ഒരു പ്രോജക്ട് സെലക്ഷൻ കമ്മിറ്റി അവലോകനം ചെയ്യുകയും നൂതന ആശയവും ടീം സാധ്യതകളും അടിസ്ഥാനമാക്കി ഒരു സ്ക്രീനിംഗ് പ്രക്രിയ നടത്തുകയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വികസന സാധ്യതയുള്ള ആശയങ്ങൾ തെരഞ്ഞെടുക്കും. തെരഞ്ഞെടുക്കപ്പെടുന്ന ആശയങ്ങൾ പ്രോജക്ട് അപ്രൂവൽ കമ്മിറ്റി വിശദമായി അവലോകനം ചെയ്യുകയും ജല അതോറിറ്റിക്ക് തികച്ചും ഗുണകരമായവ ഉന്നതതല തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്യുന്നതാണ്. കേരളത്തിലെ സംരംഭകത്വ വികസനത്തിനും ഇൻകബേഷൻ പ്രവർത്തനങ്ങൾക്കും ചുക്കാൻപിടിക്കുന്ന കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ചാണ് ഇത്തരം നവീന ആശയങ്ങളെ ജല അതോറിറ്റിക്ക് പ്രയോജനപ്പെടുന്ന തരത്തിലുള്ള ഉൽപ്പന്നങ്ങളാക്കി വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രസ്തുത സംരംഭം ആരംഭിച്ചിട്ടുള്ളത്.

(ബി) 2017-ൽ രണ്ട് പ്രോജക്ടുകൾ പദ്ധതിയുടെ പരിഗണനയ്ക്കുവരികയും അതിൽ ഒരു പ്രോജക്ട് അംഗീകരിക്കുകയും ചെയ്തു. 2018 ൽ ഒരു പ്രോജക്ട് പദ്ധതിയുടെ പരിഗണനയ്ക്കുവരികയും പ്രാഥമിക അവതരണം നടത്തുകയുമുണ്ടായി.

(സി) മാൻഹോളുകൾ വൃത്തിയാക്കുന്നതിനായി 'ബാൻഡിക്കൂട്ട്' എന്ന പേരിൽ ഒരു റോബോട്ട് സംവിധാനം ജെന്റോബോട്ടിക്സ് എന്ന സ്റ്റാർട്ടപ് സ്ഥാപനം കേരള ജല അതോറിറ്റിയുടെ സഹകരണത്തോടെ വികസിപ്പിച്ചിട്ടുണ്ട്. കേള വാട്ടർ അതോറിറ്റിയും കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് യുവ പ്രതിഭകളെ പ്രോത്സാഹിപ്പിച്ച്, കേരള വാട്ടർ അതോറിറ്റിക്ക് ഗുണകരമായ നവീന ആശയങ്ങളോ ഉൽപ്പന്നങ്ങളോ വികസിപ്പിച്ചെടുക്കുന്നതിനായി രൂപീകരിച്ച കേരള വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ (KWIZ)ന്റെ ആഭിമുഖ്യത്തിലാണ് ഇത് സാധ്യമാക്കിയത്. പ്രാരംഭ മാതൃക നിർമ്മിക്കുകയും അതിന്റെ മെച്ചപ്പെടുത്തലുകളുടെ പ്രവർത്തനങ്ങൾ നടന്നുവരുകയും ചെയ്യുന്നു.

**വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ**

267 (1094) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റവുമധികം വാട്ടർ കണക്ഷനുകളുള്ള സെക്ഷൻ ഓഫീസ് ഏതാണെന്നും അതിൽ എത്ര കണക്ഷൻ ഉണ്ടെന്നും അറിയിക്കുമോ;

(സി) പതിനായിരത്തിൽ അധികം വാട്ടർ കണക്ഷനുകളുള്ള എത്ര സെക്ഷൻ ഓഫീസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പാലക്കാട് സെക്ഷൻ ഓഫീസ്. നിലവിൽ 60841 വാട്ടർ കണക്ഷനുകൾ ഉണ്ട്.

(സി) 74 സെക്ഷൻ ഓഫീസുകൾ.

**സ്മാർട്ട് വാട്ടർ മീറ്റർ**

268 (1095) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് വാട്ടർ മീറ്റർ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏത് കമ്പനിയിൽ നിന്നുമാണ് സ്മാർട്ട് മീറ്റർ വാങ്ങുന്നതെന്നും ഇത് നടപ്പിലാക്കുന്നതുമൂലമുള്ള പ്രയോജനം എന്താണെന്നും വെളിപ്പെടുത്തുമോ;

(സി) സ്മാർട്ട് വാട്ടർ മീറ്റർ പദ്ധതി നടപ്പിലാക്കുന്നതോടെ മീറ്റർ റീഡർ തസ്തിക ഇല്ലാതാകുമോ; എങ്കിൽ അധികമായി വരുന്ന പ്രസ്തുത ജീവനക്കാരുടെ സേവനം എപ്രകാരം ഉപയോഗിക്കുവാനാണ് വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഒരു കമ്പനിയിൽനിന്നും വാട്ടർ അതോറിറ്റി നേരിട്ട് സ്മാർട്ട് വാട്ടർ മീറ്ററുകൾ വാങ്ങുന്നില്ല. ഇതിനായുള്ള ടെണ്ടർ ക്ഷണിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്മാർട്ട് വാട്ടർ മീറ്ററുകൾ സ്ഥാപിക്കുന്നതുകൊണ്ട് താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭിക്കുന്നതാണ്.

1. കൃത്യമായ ഇടവേളകളിൽ (മണിക്കൂറുകൾ, ദിവസേന, ആഴ്ചകളിൽ, മാസങ്ങളിൽ തുടങ്ങിയവ) ആട്ടോമാറ്റിക്കായി റീഡിംഗ് രേഖപ്പെടുത്തുവാൻ സാധിക്കുന്നതിനാൽ ജലമോഷണം, മീറ്റർ ടാമ്പറിംഗ് മുതലായവ എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയും.
2. മീറ്റർ പോയിന്റിൽ വെള്ളം ഉണ്ടോ ഇല്ലയോ എന്നതും റിവേഴ്സ് ഫ്ലോയും രേഖപ്പെടുത്തുവാൻ സാധിക്കും.
3. കൃത്യത കൂടുതലാണ്.
4. മീറ്റർ റീഡിംഗിനുള്ള ചെലവ് കുറയ്ക്കുവാൻ കഴിയും.

(സി) ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ വളരെക്കുറച്ച് സ്ഥലത്ത് മാത്രമാണ് പദ്ധതി നടപ്പിലാക്കുന്നത്. മീറ്റർ റീഡർ തസ്തിക ഇപ്പോൾ ഇല്ലാതാകുന്നില്ല.

**കോന്നി മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ**

269 (1096) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമാടം ശുദ്ധജല വിതരണ പദ്ധതി, കോന്നി മെഡിക്കൽ കോളേജിനായുള്ള ശുദ്ധജല വിതരണ പദ്ധതി, സീതത്തോട്-നിലയ്ക്കൽ കുടിവെള്ള പദ്ധതി, നിലവിൽ ശുദ്ധീകരണശാലകളില്ലാത്ത മൈലപ്ര, മലയാലപ്പുഴ, ചിറ്റാർ, കോന്നി, അരുവാപ്പുലം, തണ്ണിത്തോട്, ഏനാദിമംഗലം എന്നിവിടങ്ങളിലും ജലവിതരണ പദ്ധതികളില്ലാത്ത കലഞ്ഞൂർ പഞ്ചായത്തിലും ശുദ്ധജലം എത്തിക്കുന്നതിനായി നാളിതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) നാളിതുവരെ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ പദ്ധതികളും പ്രവൃത്തികളും സംബന്ധിച്ച് 30-1-2018-ന് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ചേമ്പറിൽ കൂടിയ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളിൽ ഏതെല്ലാം നാളിതുവരെ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയിൽ ഓരോന്നിന്റെയും നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ഇ) ഇവയുടെ പൂർത്തികരണത്തിന് അടിയന്തര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) പ്രമാടം പഞ്ചായത്തുകൂടി ഉൾപ്പെടുത്തി പത്തനംതിട്ട നഗരസഭയ്ക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് (Detailed Engineering Report) ഒന്നാംഘട്ടം കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

കോന്നി മെഡിക്കൽ കോളേജിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ജല ശുദ്ധീകരണശാലയുടെ പണികൾ തുടങ്ങി. ഇൻടേക്ക് കിണറും പമ്പ് ഹൗസും പണിയാൻ ഉദ്ദേശിച്ച സ്ഥലത്ത് പ്രാദേശിക എതിർപ്പ് ഉണ്ടായതിനാൽ പകരം സ്ഥലം കണ്ടെത്തുകയും അവിടെ നിർമ്മാണം ആരംഭിക്കാൻ തുടങ്ങിയപ്പോൾ വീണ്ടും നാട്ടുകാരുടെ എതിർപ്പ് ഉണ്ടായി. കാലവർഷത്തിനുശേഷമേ ഇനി ഇൻടേക്ക് കിണറിന്റെ പണികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പണി ആരംഭിച്ചു.

സീതത്തോട്- നിലയ്ക്കൽ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയ ഇൻടേക്ക് കിണറിന്റെ പണികൾ പുരോഗമിക്കുന്നു. ജല ശുദ്ധീകരണശാലയുടെ പണി 75 ശതമാനം പൂർത്തിയായി.

ജല ശുദ്ധീകരണശാലകളില്ലാത്ത മൈലപ്ര, മലയാലപ്പുഴ പദ്ധതികൾ ഉൾപ്പെടുത്തിയാണ് പത്തനംതിട്ടയ്ക്കും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള കുടിവെള്ള പദ്ധതി കോംപ്രിഹെൻസീവ് ഡിസ്ട്രിക്ട് പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ ഏനാദിമംഗലം, കലഞ്ഞൂർ (ഭാഗികം) എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന മറ്റൊരു കുടിവെള്ള പദ്ധതിയും കോംപ്രിഹെൻസീവ് ഡിസ്ട്രിക്ട് പ്ലാനിൽ വിഭാവനം ചെയ്തിട്ടുണ്ട്. ചിറ്റാർ, തണ്ണിത്തോട്, കോന്നി, അരുവാപ്പുലം, കലഞ്ഞൂർ (ഭാഗികം) എന്നീ പദ്ധതികൾക്ക് ജലശുദ്ധീകരണശാലയും മറ്റ് ഘടകങ്ങളും വിഭാവനം ചെയ്യുന്ന പദ്ധതിയും വിഭാവനം ചെയ്യുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഇ) പ്രമാടം പദ്ധതി ഉൾപ്പെട്ട Detailed Engineering Report പരിശോധിച്ചു വരുന്നു. കോന്നി മെഡിക്കൽ കോളേജിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഇൻടേക്ക് കിണർ പണിയുന്നതിനുവേണ്ടി പകരം കണ്ടെത്തിയ

സ്ഥലത്ത് നിലവിലുള്ള കരാർ പ്രകാരം പണി തുടങ്ങുവാൻ നിർദ്ദേശം നൽകിയെങ്കിലും കാലവർഷം ആരംഭിച്ചതിനാൽ പണികൾ ആരംഭിച്ചിട്ടില്ല. സീതത്തോട്-നിലയ്ക്കൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ Detailed Engineering Report തയ്യാറാക്കുന്നതിനും തുടർ നടപടികളും കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചു വരുന്നു.

**കുളിമാട് പമ്പിംഗ് സ്റ്റേഷൻ**

270 (1097) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുളിമാട് പമ്പിംഗ് സ്റ്റേഷനിൽ അധികമായുള്ള പ്രവർത്തനശേഷി ഉപയോഗിച്ച് പ്രവർത്തനരഹിതമായിക്കിടക്കുന്ന എൻ.സി.പി .സി. പദ്ധതിയിൽ വെള്ളം ലഭ്യമാക്കാൻ ചാത്തമംഗലം ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഇതിനാവശ്യമായ ചെലവ് വഹിയ്ക്കാമെന്ന് ഗ്രാമപഞ്ചായത്ത് സമ്മതിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തുക കണക്കാക്കിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഇത് സംബന്ധിച്ച നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്.

**ഷൊർണ്ണൂർ നഗരസഭയിലെ കുടിവെള്ള പദ്ധതികൾ**

271 (1098) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നഗരസഭയിൽ കേരള ജല അതോറിറ്റി പണി പൂർത്തിയാക്കാനുള്ള മേച്ചിലാത്ത്ക്കുന്ന് കുടിവെള്ള പദ്ധതി, പന്തലാട്ടുപറമ്പ് കുടിവെള്ളപദ്ധതി, പി.വി.ജെ.ബി. കോളനി പൈപ്പ് തുടങ്ങി വാർഡ് 61330 എന്നിവിടങ്ങളിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 118 എസ്.സി. കുടുംബങ്ങൾക്കുള്ള കുടിവെള്ള പദ്ധതി, പഴനിപ്പറമ്പ് പദ്ധതി , മുല്ലയ്ക്കൽ കോളനി പൈപ്പ് ലൈൻ തുടങ്ങിയവയുടെ

പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്, എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുന്ന വിധത്തിലാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത് എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ജില്ലാ പഞ്ചായത്ത് ഡിപ്പോസിറ്റ് പദ്ധതിയായ പോണാട് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ്; എപ്പോൾ പൂർത്തികരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ;

(സി) വെള്ളിനേഴി ഗ്രാമപഞ്ചായത്ത് ഡിപ്പോസിറ്റുവർക്കിന്റെ നിലവിലെ അവസ്ഥ എന്താണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) ജലസേചന വകുപ്പ് അനങ്ങനടി പഞ്ചായത്ത് കടിശ്ശീരിത്തോട് അറ്റകുറ്റപ്പണി, കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷൻ അടിയന്തിര നവീകരണം, പാണിയംകുളം തുങ്ങാലി എൽ.ഐ.സ്കീം അടിയന്തിര നവീകരണം എന്നീ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഷൊർണ്ണൂർ നഗരസഭയുടെ ഡെപ്പോസിറ്റ് പ്രവൃത്തിയായ മേച്ചിലത്ത് കുടിവെള്ള പദ്ധതിയുടെ കിണർ, പമ്പിംഗ് ലൈൻ, ഇൻഫിൽട്രേഷൻ ഗ്യാലറി, പമ്പ് ഹൗസ്, പമ്പ് സെറ്റ് എന്നിവ പൂർത്തിയാക്കി. പദ്ധതിക്കുള്ള വൈദ്യുതി കണക്ഷൻ ലഭിച്ചുകഴിഞ്ഞു. പ്രസ്തുത കുടിവെള്ള പദ്ധതി നിലവിലുള്ള വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് ജലവിതരണം നടത്തിവരുന്നു. പദ്ധതിയുടെ ഭാഗമായ ജല സംഭരണി നിർമ്മിക്കുന്നതിനാവശ്യമായ തുകയും സ്ഥലവും ലഭ്യമാക്കണമെന്ന് നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്. നഗരസഭ ഗണേശഗിരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ സ്ഥലം നിർദ്ദേശിച്ചതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പന്തലാട്ട്പറമ്പ് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ച് ജലവിതരണം ആരംഭിച്ചുകഴിഞ്ഞു.

പി.വി.ജെ.ബി. കോളനിയിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനുള്ള പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

118 പട്ടികജാതി കുടുംബങ്ങൾക്കുള്ള കുടിവെള്ള പദ്ധതിയിൽ നഗരസഭ നിർദ്ദേശിച്ചതും ഓണർഷിപ്പ് സർട്ടിഫിക്കറ്റ് സമർപ്പിച്ചതുമായ 87 പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. നഗരസഭ നിർദ്ദേശിക്കുന്ന പട്ടികയുടെ അടിസ്ഥാനത്തിൽ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് നൽകുന്നമുറയ്ക്ക് ബാക്കി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതാണ്.

പഴനിപറമ്പ് കുടിവെള്ള പദ്ധതിക്കുവേണ്ടി രണ്ട് കഴൽക്കിണർ കുഴിച്ചിട്ടും ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ നിലവിലുള്ള പൈപ്പ് ലൈനുമായി ബന്ധിപ്പിച്ചുകൊണ്ട് പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. നിലവിൽ ജി.ഐ. പൈപ്പ് ഉപയോഗിച്ചുള്ള കൾവെർട്ട് ക്രോസ്സിംഗ് പ്രവൃത്തികൾ നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തി 2018 ജൂൺ അവസാനത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മുഴക്കൽ കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് കഴിഞ്ഞിട്ടുള്ളതാണ്.

(ബി) പോണാട് കുടിവെള്ള പദ്ധതിയിലെ നിർദ്ദിഷ്ട പ്രവൃത്തികൾ 18-12-2017-ൽ പൂർത്തീകരിച്ചുകഴിഞ്ഞു.

(സി) വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 1 മുതൽ 12 വരെയുള്ള പ്രദേശങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി 95 ശതമാനം പൂർത്തീകരിച്ചുകഴിഞ്ഞു. പദ്ധതി പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ആവശ്യമാണ്. ഇത് ലഭിച്ചുകഴിഞ്ഞാൽ 2 മാസത്തിനുള്ളിൽ പദ്ധതി പൂർണ്ണമായും പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കണ്ടരാമത്ത് കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനുള്ള പ്രവൃത്തിയുടെ ദർഘാസ് അംഗീകരിച്ച് കരാർ വച്ചിട്ടുണ്ട്. പദ്ധതി 2 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. കിഴക്കേക്കര കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനുള്ള പ്രവൃത്തിക്കായി വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. 2 മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പഞ്ചായത്തിലെ മറ്റ് വിവിധ പ്രദേശങ്ങളിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

(ഡി) കാറൽമണ്ണ എൽ.ഐ. സ്കീമിന്റെ വാലറ്റ പ്രദേശത്തേയ്ക്ക് വെള്ളമെത്തിക്കാനുള്ള പ്രവൃത്തി 2 പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും പ്രതികരണമൊന്നുമില്ലാത്തതിനാൽ പുനർദർഘാസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അനങ്ങാടി പഞ്ചായത്തിലെ കടശ്ശേരി തോടിന്റെ പൊളിഞ്ഞുപോയിരുന്ന സംരക്ഷണഭിത്തിയും ബണ്ടും പുനർ നിർമ്മിക്കുന്ന പ്രവൃത്തി 13-10-2016-ൽ ആരംഭിച്ചു 6-4-2017-ൽ പൂർത്തിയായി.

തൃങ്ങാലി ലിഫ്റ്റ് ഇറിഗേഷൻ സ്കീം കനാൽ നവീകരണം 4-5-2018-ന് ആരംഭിച്ചിട്ടുണ്ട്. നിലവിൽ 75 ശതമാനത്തോളം പണി പൂർത്തിയായിട്ടുണ്ട്. 2018 ജൂൺ 30-നുള്ളിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**വാട്ടർ അതോറിറ്റി സ്ഥലംമാറ്റ മാനദണ്ഡങ്ങൾ**

272 (1099) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവ് അനുസരിച്ചുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങളും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ സ്ഥലംമാറ്റ മാനദണ്ഡങ്ങളും തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സർക്കാർ ഉത്തരവിന് അനുസൃതമായ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ തന്നെയാണ് കേരള വാട്ടർ അതോറിറ്റിയിലും നടപ്പാക്കിയിട്ടുള്ളത്.

**വാട്ടർ അതോറിറ്റിയിലെ പ്ലംബർമാർ**

273 (1100) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ എത്ര പ്ലമ്പർമാരുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ പ്ലമ്പർമാർ വാട്ടർ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്തവരാണോ എന്നും ഇവർക്കു വേതനം ആരാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്ലമ്പർമാരായി രജിസ്റ്റർ ചെയ്യാനുള്ള മാനദണ്ഡങ്ങളും ഇവർക്കുവേണ്ട യോഗ്യതകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഒരിക്കൽ രജിസ്റ്റർ ചെയ്ത പ്ലമ്പർക്ക് എത്രകാലം ജോലി ചെയ്യാമെന്ന് വ്യക്തമാക്കാമോ;

(ഇ) വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട അറ്റകുറ്റ പ്രവൃത്തികൾ വാട്ടർ അതോറിറ്റിയുടെ ലൈസൻസുള്ള പ്ലമ്പർമാരെകൊണ്ട്തന്നെ ചെയ്യിപ്പിക്കണമെന്ന നിയമമുണ്ടോ; വ്യക്തമാക്കാമോ;

(എഫ്) വാട്ടർ അതോറിറ്റിയുമായി ഒരു ബന്ധവുമില്ലാത്ത ചില പ്ലമ്പർമാർ ഇത്തരം അറ്റകുറ്റ പ്രവൃത്തികൾ പലയിടങ്ങളിലും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അനുവദനീയമാണോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേരള വാട്ടർ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത ലൈസൻസ്ഡ് പ്ലംബർമാരുടെ ജില്ല തിരിച്ചുള്ള എണ്ണം താഴെ പറയുന്നു.

| | | |
|---|---|---|
| 1. | തിരുവനന്തപുരം | - 449 |
| 2. | കൊല്ലം | - 94 |
| 3. | പത്തനംതിട്ട | - 71 |
| 4. | കോട്ടയം | - 65 |
| 5. | ആലപ്പുഴ | - 106 |
| 6. | എറണാകുളം | - 551 |
| 7. | ഇടുക്കി | - 29 |
| 8. | തൃശ്ശൂർ | - 128 |
| 9. | പാലക്കാട് | - 161 |
| 10. | മലപ്പുറം | - 79 |
| 11. | കോഴിക്കോട് | - 148 |
| 12. | വയനാട് | - 17 |
| 13. | കണ്ണൂർ | - 84 |
| 14. | കാസർഗോഡ് | - 10 |
| | ആകെ | - 1992 |

സർവ്വീസ് കണക്ഷനുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് ഇത്തരം പ്ലബർമാർ വഴി ചെയ്തിക്കുന്നത്. ഇതിനുള്ള വേതനം ഉപഭോക്താവാണ് നൽകുന്നത്.

(സി) പ്ലംബിംഗ് ലൈസൻസിനുള്ള മാനദണ്ഡങ്ങൾ കേരള വാട്ടർ അതോറിറ്റി (വാട്ടർ സപ്ലൈ റെഗുലേഷൻസ് 1991 അപ്പെന്റിക്സ് (എ) പ്രകാരവും സ.ഉ.(ആർ.റ്റി.) നമ്പർ 2766/05/തൊഴിൽ തീയതി 1-10-2005 നമ്പരായുള്ള കേരള സർക്കാർ ഉത്തരവ് പ്രകാരവും ചുവടെ ചേർക്കുന്നവയാണ്.

പ്ലംബിംഗ് ലൈസൻസിനായി അപേക്ഷിക്കുന്ന അപേക്ഷകന്- സിവിൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമയോ ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ അംഗീകരിച്ച തത്തുല്യമായ യോഗ്യതയോ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ്

എഞ്ചിനീയേഴ്സ്സോ, ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷനോ, (നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ടെയിനിംഗോ,സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ടെയിനിംഗോ) അംഗീകരിച്ച പ്ലംബിഗിലോ സാനിറ്ററി എഞ്ചിനീയറിംഗിലോ ഉള്ള സർട്ടിഫിക്കറ്റോ ഉണ്ടായിരിക്കണം. കൂടാതെ അപേക്ഷകന് പരീക്ഷാ യോഗ്യത നേടിയതിനുശേഷം ലൈസൻസ്ഡ് പ്ലംബറുടെ കീഴിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടായിരിക്കുകയും വേണം. കൺട്രോളർ ഓഫ് എക്സാമിനേഷൻ പ്ലംബിഗ് ലൈസൻസ്, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ജനറൽ), കേരള വാട്ടർ അതോറിറ്റി നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്ലംബിംഗ് ലൈസൻസ് നൽകുന്നത്. (സിവിൽ എഞ്ചിനീയറിംഗിൽ ബിരുദമുള്ളവർക്ക് പരീക്ഷ എഴുതേണ്ടതില്ല.)

(ഡി) നിലവിലെ നിയമം അനുസരിച്ച് ഒരിക്കൽ രജിസ്റ്റർ ചെയ്ത പ്ലംബർ എല്ലാ വർഷവും പ്ലംബിംഗ് ലൈസൻസ് പുതുക്കേണ്ടതാണ്.

(ഇ) നിയമമില്ല. വാട്ടർ അതോറിറ്റിയുടെ അംഗീകൃത കരാറുകാരെകൊണ്ടാണ് പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന അറ്റകുറ്റ പ്രവൃത്തികൾ ചെയ്യിക്കുന്നത്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കണ്ണൂർ തേർമല- വളവുകരി ഭാഗത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ്**

274 (1101) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തേർമല-വളവുകരി ഭാഗത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ഭരണാനുമതി നൽകിയോ; വ്യക്തമാക്കുമോ;

(ബി) ഇതിന് എത്ര കോടി രൂപയുടെ ചെലവാണ് കണക്കാക്കുന്നത്; അറിയിക്കുമോ;

(സി) ഇതിന്റെ പ്രവൃത്തികൾ ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) തേർമല- വളവുകരി ഭാഗത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കാനുള്ള പദ്ധതികളൊന്നും ജലവിഭവ വകുപ്പിന്റെ പരിഗണനയിലില്ല.

(ബി&സി) ബാധകമല്ല.

**നീലേശ്വരം പാലായി വളവിൽ നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ടെണ്ടർ**

275 (1102) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി വളവിൽ നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ടെൻഡർ നടപടികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട ഫയൽ നടപടികളിൽ വലിയ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റെഗുലേറ്ററിന്റെ ടെക്നിക്കൽ വർക്കുകൾ ടെൻഡർ ചെയ്ത് പണി ആരംഭിച്ചിട്ടും സിവിൽ വർക്കുകളുടെ ടെൻഡർ പൂർത്തീകരിക്കാൻ വൈകുന്നതെന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി വളവിൽ നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ സിവിൽ വർക്കിന്റെ പികൃ (PQ) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഫിനാൻഷ്യൽ ബിഡ് 13-7-2017-ൽ തുറക്കുകയുണ്ടായി. എന്നാൽ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് മറ്റൊരു കാരാറുകാരനായ M/s മേരിമാതാ കൺസ്ട്രക്ഷൻ കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഒരു കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ 27-3-2018-ൽ സർക്കാരിന് അനുകൂലമായി വിധിയായതിനെ തുടർന്ന് എഗ്രിമെന്റുവച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കിഫ്ബിയിൽ സമർപ്പിച്ച കുടിവെള്ള പദ്ധതി പ്രൊപ്പോസൽ**

276 (1103) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിമ്പിളിയം-എടയൂർ കുടിവെള്ള പദ്ധതിയുടെ പ്രെപ്പോസലും കുറ്റിപ്പുറം-കൈക്കടവ് റെഗുലേറ്റർ-കം- ബ്രിഡ്ജിന്റെ പ്രെപ്പോസലും കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കുറ്റിപ്പുറം-കൈക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ രണ്ട് പ്രവൃത്തികളും കിഫ്ബിയിൽ സമർപ്പിച്ച് അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച മലപ്പുറം ജില്ലയിലെ എടയൂർ- ഇരിമ്പിളിയം പഞ്ചായത്തും വളാഞ്ചേരി മുനിസിപ്പാലിറ്റിയും ഉൾപ്പെട്ട സമഗ്ര കുടിവെള്ള പദ്ധതിക്കായി 75 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന്റെ പരിശോധനയ്ക്കുശേഷം കിഫ്ബി ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിനുള്ള മറുപടി തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കുറ്റിപ്പുറം-കൂകക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പ്രോജക്ടിന്റെ ഹാർഡ് കോപ്പിയും വിശദാംശങ്ങളും ജലസേചന വകുപ്പിൽനിന്നും കെ.ഐ.ഐ.ഡി.സി.യിലേയ്ക്ക് നൽകിയിട്ടുണ്ട്. കിഫ്ബിയിൽ ഡി.പി.ആർ. സമർപ്പിക്കാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(സി) എടയൂർ- ഇരിമ്പിളിയം പഞ്ചായത്തും വളാഞ്ചേരി മുനിസിപ്പാലിറ്റിയും ഉൾപ്പെട്ട സമഗ്ര കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന്റെ പരിശോധനയ്ക്കുശേഷം കിഫ്ബി ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിനുള്ള മറുപടി തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുറ്റിപ്പുറം- കൂകക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കടലുണ്ടിപ്പുഴയിൽ ആർ.സി.ബി. നിർമ്മാണം**

277 (1104) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച മങ്കട നിയോജകമണ്ഡലത്തിലെ മോദിക്കയത്ത് കടലുണ്ടിപ്പുഴയിൽ ആർ.സി.ബി. നിർമ്മിക്കുന്നതിന് അനുവദിച്ച 70 കോടി നൽകിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കെ.ഐ.ഐ.ഡി.സി. തയ്യാറാക്കിയ ഡി.പി.ആർ. കിഫ്ബി ബോർഡ് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ഫണ്ട് അനുവദിക്കുന്നതിന് സംബന്ധിച്ച നടപടികൾ വേഗത്തിൽ പൂർത്തികരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - സി) 2017-18 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച മങ്കട നിയോജക മണ്ഡലത്തിലെ മോദിക്കയത്ത് തുരുത്തുപുഴയിൽ ആർ.സി.ബി. നിർമ്മിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. KIIDC ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ.-ന് അംഗീകാരം നൽകുന്ന കാര്യം കിഫ്ബിയുടെ പരിഗണനയിലാണ്.

**മുക്കം മേജർ കുടിവെള്ള പദ്ധതി**

278 (1105) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി, കുന്ദമംഗലം, കൊടുവള്ളി അസംബ്ലി നിയോജക മണ്ഡലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനായി ആവിഷ്കരിക്കുന്ന മുക്കം മേജർ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) പദ്ധതിക്ക് എന്ന് ഭരണാനുമതി നൽകാൻ കഴിയുമെന്നും ആദ്യഘട്ട കമ്മീഷനിംഗ് എന്ന് നടത്താൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തിരുവമ്പാടി, കുന്ദമംഗലം, കൊടുവള്ളി അസംബ്ലി നിയോജക മണ്ഡലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനായി മാവൂരും സമീപ പഞ്ചായത്തുകൾക്കുമായുള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

**കരിച്ച കുടിവെള്ള പദ്ധതി**

279 (1106) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി -യുടെ കോങ്ങാട് മണ്ഡലത്തിനായി അനുവദിച്ച കരിച്ച കുടിവെള്ള പദ്ധതി ഭരണാനുമതിക്കായി നാളിതുവരെ കിഫ്ബി-ക്ക് സമർപ്പിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഡി.പി.ആർ തയ്യാറാക്കുന്നതിന് ജീവനക്കാരില്ലെന്ന കെ.ഡ.ബ്ല്യു.എ. -യുടെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ വസ്തുതയുണ്ടോ; എങ്കിൽ വിശദവി വരം നൽകുമോ;

(സി) പദ്ധതി പ്രഖ്യാപിച്ചിട്ട് 2 വർഷം കഴിഞ്ഞിട്ടും ഭരണാനുമതി ലഭിക്കാത്ത സാഹചര്യത്തിൽ അടിയന്തരമായി കിഫ്ബി-യ്ക്ക് ഡി.പി.ആർ. സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - സി) 2017-18 ബജറ്റിൽ കിഫ്ബി ധനസഹായത്തൊടുകൂടി പ്രഖ്യാപിച്ച കരിമ്പ, കോങ്ങാട് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് 2730 ലക്ഷം രൂപയ്ക്ക് സർക്കാരിൽനിന്നും ഭരണാനുമതി ലഭ്യമാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഈ പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന്റെ പരിശോധനയ്ക്കുശേഷം കിഫ്ബി ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടിരുന്നു. വിശദീകരണത്തിനുള്ള മറുപടിയും കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

**മാത്തൂർ തഴവയൽ പ്രദേശത്ത് ഉപ്പുവെള്ളം**

280 (1107) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ മാത്തൂർ തഴവയൽ പ്രദേശത്ത് ഉപ്പുവെള്ളം കയറി പാടങ്ങളിലും കരപ്രദേശങ്ങളിലും ഉള്ള കൃഷി നശിക്കുന്നതും കിണറുകളിലെ ജലത്തിൽ ഉപ്പുവെള്ളം കലർന്ന് കുടിവെള്ളം ഉപയോഗയോഗ്യമല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇവിടെ ചീപ്പ് നിർമ്മിച്ച് ഷട്ടറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച പ്രവൃത്തിയുടെ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ മാത്തൂർ തഴവയൽ പ്രദേശത്ത് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും ഷട്ടറുകൾ ഉൾപ്പെടുന്ന വി.സി.ബി. നിർമ്മാണത്തിനുമായി 20,60,000 രൂപയുടെ ഭരണാനുമതി ഹരിത കേരളം എം.ഐ. ക്ലാസ്-2 പദ്ധതിയിൽ നൽകിയിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കോന്നി മണ്ഡലത്തിലെ കുടിവെള്ള വിതരണ പദ്ധതി**

281 (1108) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ള വിതരണ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി 30-1-2018-ൽ യോഗം ചേർന്നിരുന്നോ; എങ്കിൽ പ്രസ്തുത യോഗത്തിൽ ആരെല്ലാം പങ്കെടുത്തുവെന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പിലാക്കുന്നതിന് നിലവിൽ നടപടികൾ കൈക്കൊണ്ടുവെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ;

(സി) യോഗ തീരുമാനങ്ങളിൽ നാളിതുവരെ യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) 30-1-2018-ൽ കൂടിയ യോഗത്തിൽ കൈക്കൊണ്ട എല്ലാ തീരുമാനങ്ങളുടെയും നിലവിലെ സ്ഥിതി വിശദീകരിക്കുമോ ;

(ഇ) യോഗത്തിൽ കൈക്കൊണ്ട തീരുമാനം അടിയന്തരമായി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ചേർന്നിരുന്നു.

പ്രസ്തുത യോഗത്തിൽ പങ്കെടുത്തവർ

1. ശ്രീ. അടൂർ പ്രകാശ്, എം.എൽ.എ.
2. ശ്രീമതി എ. ഷൈനാമോൾ, ഐ.എ.എസ്., മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി.
3. ശ്രീ. റ്റി. രവീന്ദ്രൻ, ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി.
4. ശ്രീ. ജി. ശ്രീകുമാർ, ദക്ഷിണമേഖല ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി.
5. ശ്രീ. എസ്. ഹാരീസ്, ചീഫ് എഞ്ചിനീയർ, പ്രോജക്ട് ആന്റ് ഓപ്പറേഷൻസ്, ജലഭവൻ.
6. ശ്രീ. എം. മധു, സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.എച്ച്. സർക്കിൾ, പത്തനംതിട്ട.
7. ശ്രീ. എം. ലുഖ്മാൻ, പ്രിൻസിപ്പൽ കൺസൾട്ടന്റ്, വാസ്കോൺ, തിരുവനന്തപുരം.
8. ശ്രീ. സജീവ്. സി., എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്ട് ഡിവിഷൻ, അടൂർ.
9. ശ്രീ. മനു. ബി., എക്സിക്യൂട്ടീവ് എഞ്ചിനീയർ, പത്തനംതിട്ട.
10. ശ്രീ. അനിൽകുമാർ ജി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്ട് ഡിവിഷൻ, അടൂർ.

11. ശ്രീ. പി. നെൽസൺ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. സബ്ഡിവിഷൻ, പത്തനംതിട്ട.

12. ശ്രീ. എ. ജയകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.പി.ഡി., തിരുവനന്തപുരം.

13. ശ്രീ. ജി. പ്രസാദ്, അസിസ്റ്റന്റ് എഞ്ചിനീയർ, പി. എച്ച്. സെക്ഷൻ, കോന്നി.

(ബി)

1. പത്തനംതിട്ട മുനിസിപ്പാലിറ്റി, വടശ്ശേരിക്കര, മൈലപ്ര, മലയാലപ്പുഴ, ഓമല്ലൂർ എന്നീ പഞ്ചായത്തുകൾക്കുവേണ്ടി വിഭാവനം ചെയ്തുകൊണ്ടിരിക്കുന്ന പദ്ധതിയിൽ പ്രമാടം പഞ്ചായത്തിനെകൂടി ഉൾപ്പെടുത്തിയ പദ്ധതി.

2. കോന്നി മെഡിക്കൽ കോളേജിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി.

3. സീതത്തോട്, നിലയ്ക്കൽ പദ്ധതിയുടെ രണ്ടാംഘട്ടത്തിനുവേണ്ടിയുള്ള Detailed Engineering Report.

(സി) യോഗ തീരുമാന പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി)

1. പത്തനംതിട്ട മുനിസിപ്പാലിറ്റി, വടശ്ശേരിക്കര, മൈലപ്ര, മലയാലപ്പുഴ, ഓമല്ലൂർ എന്നീ പഞ്ചായത്തുകൾക്കുവേണ്ടി വിഭാവനം ചെയ്തുകൊണ്ടിരിക്കുന്ന പദ്ധതിയിൽ പ്രമാടം പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തി പദ്ധതിക്ക് വേണ്ടിവരുന്ന സർവ്വേ ജോലികളും ഡിസൈനും അടിയന്തരമായി തയ്യാറാക്കുവാൻ Project Planning and Development (Kerala Water Authority)യെയും ചുമതലപ്പെടുത്തി. ഈ തീരുമാനപ്രകാരം മേൽപദ്ധതിയുടെ ഒന്നാംഘട്ടത്തിനുവേണ്ടി തയ്യാറാക്കിയ 45.50 കോടി രൂപയുടെ Detailed Engineering Report ദക്ഷിണ മേഖല ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്.

2. കോന്നി മെഡിക്കൽ കോളേജിനുവേണ്ടിയുള്ള ജലവിതരണ പദ്ധതിയുടെ തൽസ്ഥിതി.

കോന്നി മെഡിക്കൽ കോളേജിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ജലശുദ്ധീകരണശാലയുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. കാലവർഷം ആരംഭിച്ചതിനാൽ ഇൻടേക്ക് കിണറിന്റെ നിർമ്മാണം തുടങ്ങുവാൻ

കഴിഞ്ഞില്ല. കാലവർഷത്തിനുശേഷം നിർമ്മാണം ആരംഭിക്കും. റോ വാട്ടർ പമ്പിംഗ് മെയ്നിന്റെ പണികൾ ആരംഭിച്ചു. പദ്ധതിക്ക് വേണ്ടിവരുന്ന മാറ്റങ്ങളുടെ അനുമതിക്കായുള്ള പ്രൊപ്പോസൽ പത്തനംതിട്ട സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കി വരുന്നു.

3. സീതത്തോട്, നിലയ്ക്കൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനുവേണ്ടിയുള്ള Detailed Engineering Report[ Project Planning and Development (Kerala Water Authority) വിഭാഗത്തിൽ പരിശോധിച്ചുവരുന്നു.

(ഇ) നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാവറട്ടി, മുല്ലശ്ശേരി ശുദ്ധജലവിതരണ പദ്ധതികൾ**

282 (1109) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി-മുല്ലശ്ശേരി ശുദ്ധജല വിതരണ പദ്ധതികൾക്കായി പാവറട്ടി പഞ്ചായത്തിലും മുല്ലശ്ശേരി പഞ്ചായത്തിലും ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഈ പദ്ധതികളുടെ പൈപ്പിടൽ ജോലികൾ നടന്നുവരുന്ന സാഹചര്യത്തിൽ ജലസംഭരണികളുടെ നിർമ്മാണം ഉടൻ ആരംഭിച്ച് പദ്ധതി പ്രാവർത്തികമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) NRDWP യിൽ ഉൾപ്പെടുത്തി അനുമതി നൽകിയിരുന്ന പാവറട്ടി- മുല്ലശ്ശേരി ശുദ്ധജല വിതരണ പദ്ധതി ഫണ്ടിന്റെ അഭാവത്തിൽ റദ്ദാക്കി. അതിനാൽ പ്രസ്തുത പ്രവൃത്തി സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കാൻ 350 ലക്ഷം രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ തയ്യാറാക്കിവരുന്നു.

**ചീക്കോട് ജലനിധി കുടിവെള്ള പദ്ധതി**

283 (1110) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചീക്കോട് ജലനിധി കുടിവെള്ള പദ്ധതിയിൽ പള്ളിക്കൽ ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പള്ളിക്കൽ ഗ്രാമപഞ്ചായത്തിനാവശ്യമായ കുടിവെള്ളം പുളിക്കൽ വലിയപറമ്പിലെ ജലസംഭരണിയിൽ ശേഖരിക്കുന്നുണ്ടോ;

(സി) പ്രസ്തുത ജലസംഭരണിയിൽനിന്നും കുടിവെള്ളം പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലേക്ക് എത്തിക്കുന്നതിന് വിതരണ ലൈൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) NABARD RIDF-19-ൽ ഉൾപ്പെടുത്തി 12.54 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി പുളിക്കൽ പഞ്ചായത്തിലെ വിതരണശൃംഖലയും പള്ളിക്കൽ പഞ്ചായത്തിലേയ്ക്കുള്ള പൈപ്പ് ലൈനും സ്ഥാപിച്ചു വരുന്നു. ഈ പ്രവൃത്തിക്ക് കരാറുകാരനുമായി 14-10-2015-ന് എഗ്രിമെന്റ് വച്ചതാണ്. റോഡ് കട്ടിംഗ് അനുമതി ലഭിക്കാത്തതിനാൽ പ്രവൃത്തി വൈകുകയും എന്നാൽ ഇപ്പോൾ പി.ഡബ്ല്യു.ഡി. ആവശ്യപ്പെട്ട 191 ലക്ഷം രൂപയിൽ 125 ലക്ഷം രൂപ അടവാക്കിയ മുറയ്ക്ക് ഭാഗികമായി അനുമതി ലഭിച്ചിട്ടുണ്ട്. അനുമതി ലഭിച്ച ഭാഗത്ത് പൈപ്പ് ലൈൻ പ്രവൃത്തി ഈ വർഷം മഴക്കാല റോഡ് കട്ടിംഗ് നിയന്ത്രണം തീരുന്നമുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

**തൊടുപുഴ മണ്ഡലത്തിലെ കുടിവെള്ള വിതരണം**

284 (1111) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ നിയോജക മണ്ഡലത്തിലെ മുട്ടം, കരിങ്കുന്നം, കുമാരമംഗലം ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള വിതരണ പദ്ധതികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ നടപ്പാക്കുന്നതിന് തടസ്സം നേരിട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽ ഉൾപ്പെട്ട പ്രവൃത്തികൾ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. മുട്ടം കരിങ്കുന്നം കുടിവെള്ള പദ്ധതിക്ക് 2014 എസ്.എൽ .എസ്. സി.യിൽ 4,000 ലക്ഷം രൂപയ്ക്ക് 12-11-2014-ൽ ഭരണാനുമതിയും 16-12-2015-ൽ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ഇതിൽ ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ

ജോലികൾ 19-9-2016-ലും ജലശുദ്ധീകരണശാലയുടെ പണികൾ 6-9-2016-ലും എഗ്രിമെന്റ് വച്ചു. എന്നാൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതികൾക്കുള്ള ധനസഹായം ലഭിക്കാനുള്ള കാലതാമസം കാരണം കരാറുകാർ ടി പണികൾ ഇതുവരെ ആരംഭിച്ചിട്ടില്ല. ഇതിനാൽ ടി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ താമസം നേരിടുന്നു.

ഇതുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി 100 കോടി രൂപയുടെ അധിക സാമ്പത്തിക സഹായം പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് സംസ്ഥാനം പ്രഖ്യാപിച്ച അധിക ധനസഹായവും കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ സാധാരണ വിഹിതവും ഉൾപ്പെടെ 2018-19 സാമ്പത്തിക വർഷം 300 കോടി രൂപ പ്രതീക്ഷിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ കുടിശ്ശിക കൊടുത്തുതീർക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിലും 2018-19-ലേതിന് സമാനമായി സാമ്പത്തിക സഹായം ലഭിക്കുന്നപക്ഷം പ്രസ്തുത പദ്ധതികളുടെ നിർവ്വഹണത്തിൽ നിലവിലുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിച്ച് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കുമാരമംഗലം പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള വിതരണ പദ്ധതി

ടി പദ്ധതിയുടെ ഒന്നാംഘട്ടം എസ്.എൽ.എസ്.എസ്.സി.യിൽ 2011-ൽ 1000 ലക്ഷം രൂപയ്ക്ക് 29-6-2016-ൽ ഭരണാനുമതിയും 27-7-2012-ൽ സാങ്കേതികാനുമതിയും ലഭിച്ചു. ഈ പദ്ധതിയുടെ റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ജലസംഭരണി, വിതരണ ശൃംഖല (സോൺ 2) എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. ജലശുദ്ധീകരണശാലയുടെ പണികൾ 7-10-2016-ലും കിണറിന്റെ ജോലികൾ 3-10-2015-ലും എഗ്രിമെന്റ് വച്ചെങ്കിലും കരാറുകാർ ഇതുവരെ ടി പണികൾ ആരംഭിച്ചിട്ടില്ല. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതികൾക്കുള്ള ധനസഹായം ലഭിക്കാനുള്ള കാലതാമസംമൂലമാണ് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ താമസം നേരിടുന്നത്.

എൻ.ആർ.ഡി.ഡബ്ല്യൂ. പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് 25 ശതമാനം താഴെ പുരോഗതിയുള്ള പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിക്കുകയില്ല. ഇതേ തുടർന്ന് എൻ.ആർ.ഡി.ഡബ്ല്യൂ.യിൽ അനുമതി ലഭിച്ച 55 പദ്ധതികളുടെ ഭരണാനുമതി റദ്ദാക്കുകയുണ്ടായി. ഇത്തരം പദ്ധതികൾ കിഫ്ബി, നബാർഡ്, സ്റ്റേറ്റ് പ്ലാൻ തുടങ്ങിയ ശീർഷകങ്ങളിൽ ഫണ്ട് ലഭ്യമാക്കി മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കാനുള്ള പരിശ്രമം നടത്തിവരുന്നു.

**കൂടരഞ്ഞി പ്രകൃതിദത്ത ശുദ്ധജലവിതരണ പദ്ധതി**

285 (1112) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെയും പരിസരപ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വിഭാവനം ചെയ്യുന്ന കൂടരഞ്ഞി പ്രകൃതിദത്ത ശുദ്ധജലവിതരണ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ മതിപ്പുചെലവ് എത്രയാണെന്നും എന്നത്തേക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കൂടരഞ്ഞി പ്രകൃതിദത്ത ശുദ്ധജല വിതരണ പദ്ധതിയുടെ പ്രാരഭഘട്ട സർവ്വെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**തലശ്ശേരി- കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി**

286 (1113) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ കിഫ്ബിയിൽ തുക വകയിരുത്തിയ തലശ്ശേരി കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തലശ്ശേരി- കൂത്തുപറമ്പ് സമഗ്ര കുടിവെള്ള വിതരണ പദ്ധതിക്ക് സർക്കാരിൽനിന്നും 80.14 കോടി രൂപയുടെ അനുമതി തത്വത്തിൽ നൽകിയിട്ടുണ്ട്. പ്രസ്തുത ഡി.ഇ.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

**കല്ലക്കയം കുടിവെള്ള പദ്ധതി**

287 (1114) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കല്ലക്കയം കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തികരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) തിരുരങ്ങാടി മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കല്ലക്കയം സ്രോതസ്സായ കുടിവെള്ള പദ്ധതിയിൽ കിണർ ജലശുദ്ധീകരണശാല, പമ്പിംഗ് മെയിൻ എന്നീ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. മേൽപദ്ധതി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വയ്ക്കുകയും പദ്ധതിയുടെ സ്രോതസ്സായ കിണറിന്റെ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**വൈപ്പിൻ മണ്ഡലത്തിലെ ഓവർഹെഡ് ടാങ്കുകളുടെ നിർമ്മാണം**

288 (1115) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ 'ജിഡ' കുടിവെള്ള പദ്ധതിയുടെ ഭാഗമായ മുരിക്കുപാടം, ഞാറക്കൽ ഓവർഹെഡ് ടാങ്കുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണങ്ങൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ 'ജിഡ' കുടിവെള്ള പദ്ധതിയുടെ ഭാഗമായ മുരിക്കുപാടം ഓവർഹെഡ് ടാങ്കിന്റെ 35 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ വിവിധ പൈൽക്യാപ്പ്, പ്ലിന്ത് ബീം, ഫ്ലോർ സ്ലാബ്, ആദ്യ ബ്രേസ് ബീം വരെയുള്ള കോളങ്ങൾ, ഈ ലെവലിലുള്ള ഫ്ലോർ സ്ലാബ്, അതുവരെയുള്ള സ്റ്റെയർ കെയ്സ് എന്നിവയാണ് പൂർത്തിയാക്കിയത്. ഞാറക്കൽ ഓവർഹെഡ് ടാങ്കിന്റെ നിർമ്മാണം 55 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ വിവിധ പൈൽക്യാപ്പ്, പ്ലിന്ത് ബീം, രണ്ട് ലെവൽ ബ്രേസ് ബീം, മൂന്ന് ലെവൽ കോളം, മൂന്നാം ലെവലിൽ 45 കോളങ്ങളുടെ ബ്രേസ് ബീം, അതുവരെയുള്ള സ്റ്റെയർ കെയ്സ് എന്നിവയാണ് പൂർത്തിയാക്കിയത്.

(ബി) സാങ്കേതിക കാരണങ്ങളാൽ ആദ്യ ദർഘാസ് റദ്ദാക്കി, പുനർദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**എലവഞ്ചേരി, പല്ലശ്ശന കുടിവെള്ള പദ്ധതികൾ**

289 1116) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച എലവഞ്ചേരി, പല്ലശ്ശന കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ ;

(ബി) അടിയന്തര പ്രാധാന്യമുള്ള ഈ പദ്ധതികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) 2017-18 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച എലവഞ്ചേരി-പല്ലശ്ശന സമഗ്ര കുടിവെള്ള പദ്ധതിയുടെ 20 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പോത്തുണ്ടി ഡാം സ്രോതസ്സായി നടപ്പിലാക്കാനുദ്ദേശിക്കുന്ന എലവഞ്ചേരി, പല്ലശ്ശന, ആലത്തൂർ, എരിമയൂർ, പുതുക്കോട്, കാവശ്ശേരി എന്നീ 6 പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയിൽ 25 ദശലക്ഷം ശേഷിയുള്ള ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റ് ട്രാൻസ്ഫോർമർ എന്നിവയാണ് ഉൾപ്പെടുന്നത്.

പ്രോജക്ട് റിപ്പോർട്ടിന് കിഫ്ബിയിൽനിന്നും അനുമതി ലഭ്യമായതിനു ശേഷം സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 6 മാസത്തിനകം പ്രവൃത്തി തുടങ്ങാനാണ് ലക്ഷ്യമിടുന്നത്.

**പൊഴിയൂർ (കാരോട്), അതിയന്നൂർ കുടിവെള്ള പദ്ധതികൾ**

290 (1117) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സംസ്ഥാന ബജറ്റിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലേക്ക് അനുവദിച്ച പൊഴിയൂർ (കാരോട്), അതിയന്നൂർ കുടിവെള്ള പദ്ധതികളുടെ ഡി. പി. ആർ, വാട്ടർ അതോറിറ്റി കിഫ്ബിയിൽ സമർപ്പിച്ചോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എത്ര കോടി രൂപയാണ് കിഫ്ബി അനുവദിക്കേണ്ടത് എന്ന് അറിയിക്കുമോ;

(സി) പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2018 ഡിസംബർ മാസത്തിന് മുൻപ് ആരംഭിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2016-17 ബജറ്റ് പ്രഖ്യാപനത്തിൽ ഈ പദ്ധതികൾ ഉൾപ്പെട്ടിരുന്നില്ല. എന്നാൽ 2017-18 ബജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി പ്രഖ്യാപിച്ച കാരോട്, കുളത്തൂർ, ചെങ്കൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കാരോട് സമഗ്ര കുടിവെള്ള പദ്ധതിക്കായും അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായും യഥാക്രമം 86 കോടി രൂപയുടെയും 25 കോടി രൂപയുടെയും വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരത്തിനായുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 6 മാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവൃത്തികൾ**

291 (1118) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ തെറ്റിക്കുളം ബൂസ്റ്റർ പമ്പ് ഹൗസിൽ നിന്നും ചെമ്മരുതി പഞ്ചായത്തിലെ ടാങ്കിലേക്ക് 3.50 മീറ്റർ വ്യാസമുള്ള ഡി.ഐ.കെ. 9പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന് ലഭിച്ച ഭരണാനുമതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിനായി ലഭിച്ച 98.13 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് പൈപ്പ് ലൈൻ നീട്ടുന്നതിന് തെരഞ്ഞെടുത്ത പ്രദേശങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിക്ക് 278 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) **ഇലകമൺ ഗ്രാമപഞ്ചായത്ത്**

ആലുവിളപ്പുറം

കാട്ടുമാടം

തേരിയക്കൽ

പാറയിൽ

പുന്നവിള

പനവിള

വാളക്കോട്

വെട്ടിക്കൽ

തേവാനം

ചാരുംകുഴി

തെറ്റിക്കുഴി

**വർക്കല മുനിസിപ്പാലിറ്റി**

ചെറുകുന്നം

തേക്കുവിള

കക്കോട്

പാപനാശം

പണ്ടാരവിളാകം

കരുനിലക്കോട്

ശ്രീനിവാസപുരം

എം. ജി. കോളനി

ചാല്വിള കോളനി

തൊടുവേ

കല്ലുംകോണം

**നാവായിക്കുളം ഗ്രാമപഞ്ചായത്ത്**

പാറമുകൾ

(സി) മുനിസിപ്പാലിറ്റിയും (ഇടവ, വെട്ടൂർ) പള്ളിക്കൽ ഗ്രാമപഞ്ചായത്തും.

**അമ്പലപ്പാറ, തച്ചനാട്ടുകര കുടിവെള്ള പദ്ധതി**

292 (1119) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പാറ, തച്ചനാട്ടുകര കുടിവെള്ള പദ്ധതികളുടെ നിർമ്മാണപ്രവർത്തന പുരോഗതിയും വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) അമ്പലപ്പാറ, തച്ചനാട്ടുകര പദ്ധതികളിലെ ഓരോന്നിന്റേയും അടങ്കൽ തുക എത്രയെന്നും നാളിതുവരെ ഓരോ പദ്ധതിക്കും എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) അമ്പലപ്പാറ, തച്ചനാട്ടുകര കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തന പുരോഗതിയും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു:

**അമ്പലപ്പാറ കുടിവെള്ള പദ്ധതി**

അടങ്കൽ തുക - 1000 ലക്ഷം രൂപ.

നാളിതുവരെ ചെലവഴിച്ച തുക - 421.15 ലക്ഷം രൂപ.

നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദാംശങ്ങൾ-

1. 8.50 ലക്ഷം ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ ഫ്ലോർ സ്ലാബ്, ഹോഞ്ച് എന്നിവയുടെ കോൺക്രീറ്റിംഗ് പൂർത്തിയായി.

2. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ട്രീറ്റ്മെന്റ് പ്ലാന്റ് മുതൽ മുരുക്കുപറ്റ ജംഗ്ഷൻ വരെ 350 എം.എം. ഡി.ഐ.- കെ. 9 പൈപ്പ് മൊത്തം 7000 മീറ്ററിൽ മുഴുവൻ സപ്ലൈ ചെയ്യ. 4500 മീറ്റർ സ്ഥാപിക്കുകയും ചെയ്യ.

3. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ മുരുക്കുംപറ്റ ജംഗ്ഷൻ മുതൽ നിലവിലെ ബൂസ്റ്റർ സ്റ്റേഷൻ വരെ 300 എം.എം. ഡി.ഐ.- കെ-9 പൈപ്പ് മൊത്തം 300 മീറ്ററിൽ മുഴുവൻ സപ്ലൈ ചെയ്ത് സ്ഥാപിച്ചു.

4. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ മുരുക്കുംപറ്റ ജംഗ്ഷൻ മുതൽ ലോ ലെവൽ സോൺ വരെ 150 എം.എം. ഡി.ഐ.- കെ9 പൈപ്പ് മൊത്തം 1305 മീറ്ററിൽ മുഴുവൻ സപ്ലൈ ചെയ്ത് സ്ഥാപിച്ചു.

5. ക്ലിയർ വാട്ടർ ഡിസ്ട്രിബ്യൂഷൻ ലൈൻ- ലോ ലെവൽ ഡി.എച്ച്.എസ്.ആർ. മുരുക്കുപറ്റ ജംഗ്ഷൻ വരെ 300 എം.എം. ഡി.ഐ.- കെ-9 പൈപ്പ് മൊത്തം 1305 മീറ്ററിൽ മുഴുവൻ സപ്ലൈ ചെയ്ത് സ്ഥാപിച്ചു. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ- നിലവിലെ ബൂസ്റ്റർ സ്റ്റേഷൻ മുതൽ പൈപ്പ് ലെവൽ സോൺ വരെ (ഭാഗികം)- 250 എം.എം. ഡി.ഐ.-കെ.9 പൈപ്പ് മൊത്തം 500 മീറ്ററിൽ മുഴുവൻ സപ്ലൈ ചെയ്ത് സ്ഥാപിച്ചു.

കമ്മീഷനിംഗിന് ലക്ഷ്യമിടുന്ന സമയം- ആഗസ്റ്റ് 2 018.

**തച്ചനാട്ടുകര, അലനല്ലൂർ, കോട്ടോപ്പാടം സമഗ്ര കുടിവെള്ള പദ്ധതി**

അടങ്കൽ തുക - 2200 ലക്ഷം രൂപ.

നാളിതുവരെ ചെലവഴിച്ച തുക - 365.91 ലക്ഷം രൂപ.

നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദാംശങ്ങൾ-

പാക്കേജ്- 1

1. ഇൻടേക്ക് വെല്ലിന്റെ കോൺക്രീറ്റ് പ്രവൃത്തി 11 മീറ്ററിൽ, 5.50 മീറ്റർ പൂർത്തീകരിച്ചു.

2. ട്രീറ്റ്മെന്റ് പ്ലാന്റ്- ക്ലിയർ വാട്ടർ സമ്പിന്റെ അരിക് ഭിത്തി നിർമ്മാണം, കോൺക്രീറ്റ് പ്രവൃത്തി ഫ്ലോർ ബീം വരെ പൂർത്തീകരിച്ചു. രണ്ട് ക്ലാരിഫ്ലോക്കുലേറ്ററിൽ ഒന്നിന്റെ ഫ്ലോർ സ്ലാബ് കോൺക്രീറ്റ് പൂർത്തിയായി. രണ്ടാമത്തേതിന്റെ (പി.സി. സി.) പ്ലെയിൻ സിമന്റ് കോൺക്രീറ്റ് പൂർത്തിയായി. ഫ്ലോർ കോൺക്രീറ്റിനുള്ള കമ്പിയുടെ പ്രവൃത്തി നടന്നുവരുന്നു.

3. റോ വാട്ടർ പമ്പിംഗ് മെയിൻ- 500 എം.എം. ഡി.ഐ.-കെ-9 പൈപ്പ് 6080 മീറ്റർ മുഴുവൻ പൈപ്പുകളും സപ്ലൈ ചെയ്തു. 2650 മീറ്റർ സ്ഥാപിച്ചു.

4/2019-ൽ ഈ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ ജലവിതരണം സാധ്യമാകണമെങ്കിൽ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ഉന്നതതല സംഭരണികൾ, ക്ലിയർ വാട്ടർ പമ്പ്, വിതരണ ശൃംഖല എന്നിവ രണ്ടാം ഘട്ടമായി ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്.

**കുന്നത്തുകാൽ കുടിവെള്ള പദ്ധതി**

293 (1120) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുകാൽ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം അടിയന്തരമായി പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കുന്നത്തുകാൽ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തിയിലുൾപ്പെട്ട കോട്ടുക്കോണത്തെ 9.15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജല സംഭരണിയുടെ നിർമ്മാണവും 400 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പുപയോഗിച്ച് നിലവിലുള്ള ജലവിതരണ ശൃംഖലയുമായി കൂട്ടിയോജിപ്പിക്കുന്ന പ്രവൃത്തിയും ഉൾപ്പെട്ട പ്രവൃത്തിക്ക് 380 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. 30-6-2019-ൽ പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ജലവിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുവാൻ നടപടി.**

294 (1121) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പാലം, മൂന്നിയൂർ, ചേലേമ്പ്ര ഗ്രാമ പഞ്ചായത്തുകളിലേക്കുള്ള എ.ആർ ഡബ്ല്യു.എസ് (ARWS) പദ്ധതി പ്രകാരമുള്ള ജലവിതരണ പൈപ്പുകളും പമ്പിംഗ് മെയിനും കാലപ്പഴക്കംകൊണ്ട് പൊട്ടി ജലനഷ്ടമുണ്ടാകുന്നത് തടയുന്നതിനായി ടി പൈപ്പുകൾ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനങ്ങളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജല വിതരണ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽപ്പെട്ട മൂന്നിയൂർ, തേഞ്ഞിപ്പാലം, ചേലേമ്പ്ര ഗ്രാമ പഞ്ചായത്തുകളിലേക്കുള്ള എ.ആർ. ഡബ്ല്യു.എസ് പദ്ധതി വളരെ പഴക്കംചെന്ന പദ്ധതിയായതിനാൽ വ്യാസം കുറഞ്ഞ ചെറിയ പൈപ്പുകളാണ് നിലവിലുള്ളത്. പദ്ധതിക്ക് വിപുലീകരണം ആവശ്യമായതിനാൽ ചെറിയ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് അപ്രായോഗികമായതിനാൽ നിലവിലെ പദ്ധതി കാലാനുസൃതമായി നവീകരിക്കുന്നതിന് വേണ്ട പ്രോജക്ട് റിപ്പോർട്ട് തയാറാക്കുന്നതിന് 20-4-2018-ൽ ബഹുമാനപ്പെട്ട എം.എൽ.എ നടത്തിയ മീറ്റിംഗിൽ ഉണ്ടായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**കവ്വായി കായലിലെ വികസന പ്രവർത്തനങ്ങൾ**

295 (1122) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിനുകീഴിലുള്ള ഐ.ഡി. ആർ. ബി. -യിൽ ഡി.പി.ആർ. തയ്യാറാക്കാൻ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടൂറിസം മേഖലയായ മലബാർ പ്രദേശത്തെ കവ്വായി കായലിലും അനുബന്ധ കേന്ദ്രങ്ങളിലും നടത്താൻ തീരുമാനിച്ച വികസന പ്രവർത്തനങ്ങൾ ഇതുമൂലം തടസ്സപ്പെട്ടുവരുന്നത് പരിഹരിക്കാൻ ജലവിഭവ വകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിവിധ പ്രവൃത്തികളുടെ ഡിസൈൻ തയ്യാറാക്കുക മാത്രമാണ് ഐ.ഡി.ആർ.ബി. ചെയ്യുവരുന്നത്. ഡി.പി.ആർ. തയ്യാറാക്കുന്നില്ല.

(ബി) മലബാർ റിവർ ടൂറിസം പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ 14 സ്ഥലങ്ങളിലും കാസർഗോഡ് ജില്ലയിലെ 3 സ്ഥലങ്ങളിലും ഉൾപ്പെടെ 17 ടൂറിസം ബോട്ടുജെട്ടികൾക്ക് ടൂറിസം വകുപ്പിൽ നിന്നും ഭരണാനുമതി ലഭിക്കുകയും ടി പ്രവൃത്തികളുടെ നിർമ്മാണം ഇൻലാൻഡ് നാവിഗേഷൻ വിഭാഗത്തിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ രണ്ട് പ്രവൃത്തികൾ (പഴയങ്ങാടി, പറശ്ശിനിക്കടവ്) പുരോഗമിക്കുന്നു. മൂന്ന് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. രണ്ട് പ്രവൃത്തികളുടെ മണ്ണ് പരിശോധന പൂർത്തീകരിച്ച് സ്ട്രക്ചറൽ ഡിസൈൻ (Structural design) വേണ്ടി ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-ക്ക് നൽകിയിട്ടുണ്ട്. പത്ത് പ്രവൃത്തികളുടെ മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലം ലഭിച്ചാലുടൻ സ്ട്രക്ചറൽ ഡിസൈനുവേണ്ടി ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-ക്ക് നൽകുന്നതാണ്.

മുൻകാലങ്ങളിൽ കവ്വായി കായലിൽ മണ്ണ് പരിശോധന ഇല്ലാതെ പ്രികാസ്റ്റ് കോൺക്രീറ്റ് പൈൽ (precast concrete pile) ഉപയോഗിച്ച് ഫൗണ്ടേഷൻ (foundation) ചെയ്ത് ബോട്ട് ജെട്ടി (Boat jetty)കളിൽ ചിലതിന് ഫൗണ്ടേഷൻ തകർച്ച വന്നതായി കണ്ടതിനാൽ, മണ്ണ് പരിശോധനയും അത് പ്രകാരമുള്ള ഡിസൈനും അനിവാര്യമാണ്.

ആയതിനാൽ ഇക്കാര്യത്തിൽ ഐ.ഡി.ആർ.ബി. ഉൾപ്പെടെയുള്ള ഓഫീസുകളിൽ കാലതാമസം വരുന്നില്ല. മണ്ണ് പരിശോധനാഫലം എത്രയുംപെട്ടെന്ന് ലഭ്യമാക്കി പണിപൂർത്തിയാക്കുവാനുള്ള അടിയന്തര നടപടികൾ ജലവിഭവ വകുപ്പ് സ്വീകരിക്കുന്നതാണ്.

## ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിൽ കുപ്പിവെള്ളനിർമ്മാണ പ്ലാന്റ്

296 (1123) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് എവിടെയെല്ലാം നിലവിൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകളുണ്ട്; പ്ലാന്റിലെ പ്രതിദിന ഉൽപ്പാദനം സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) ജലവിഭവ വകുപ്പ് അരുവിക്കരയിൽ സ്ഥാപിക്കുന്ന കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്ലാന്റിൽനിന്നും കുപ്പിവെള്ളം വിപണിയിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണവും വിപണിയിൽ കുപ്പിവെള്ളം എത്തിക്കുന്നതിന് സ്വീകരിച്ചുവരുന്നന്ന നടപടികളും വിശദമാക്കുമോ?

ഉത്തരം

(എ) ജലവിഭവ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കെ.ഐ.ഐ.ഡി.സി.യുടെ സംരംഭമായി തൊടുപുഴയിൽ മുട്ടം എന്ന സ്ഥലത്ത് 'ഹില്ലി അക്വ' എന്ന പേരിൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. പ്ലാന്റിൽ പ്രതിദിനം 1 ലിറ്ററിന്റെ 36000 കുപ്പി വെള്ളം ഉല്പാദിപ്പിക്കുന്നു. 2 ലിറ്ററിന്റെയും 300 ml-ന്റെയും കുപ്പിവെള്ളം ആവശ്യമനുസരിച്ച് ഉല്പാദനം നടത്തിവരുന്നു.

കേരള ജല അതോറിറ്റിയുടെ കീഴിൽ അരുവിക്കരയിൽ നിർമ്മാണത്തിലിരിക്കുന്ന കുപ്പിവെള്ള പ്ലാന്റിൽനിന്നും ഉല്പാദനം തുടങ്ങിയിട്ടില്ല.

(ബി) കേരള ജല അതോറിറ്റിയുടെ കീഴിൽ അരുവിക്കരയിൽ ആരംഭിക്കുന്ന കുപ്പിവെള്ള പ്ലാന്റിന്റെ ജോലികൾ 95 ശതമാനത്തോളം പൂർത്തിയായികഴിഞ്ഞു.

(സി) പ്രസ്തുത പ്ലാന്റിൽനിന്നും വ്യാവസായിക ഉല്പാദനം ആരംഭിച്ചിട്ടില്ല. BIS, FSSAI മുതലായ സ്ഥാപനങ്ങളിൽനിന്നും അനുമതിക്കുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത അനുമതി ലഭിക്കുന്നമുറയ്ക്ക് കുപ്പിവെള്ളം വിപണിയിൽ ഇറക്കാൻ കഴിയുന്നതാണ്.

## വാട്ടർ അതോറിറ്റിയുടെ ബാൻഡിക്കൂട്ട് റോബോട്ടുകൾ

297 (1124) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി ബാൻഡിക്കൂട് റോബോട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര രൂപ നിർമ്മാതാക്കൾക്ക് നൽകിയിട്ടുണ്ട്; മറ്റെന്തെല്ലാം സൗകര്യങ്ങളാണ് നിർമ്മാതാക്കൾക്ക് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) വാട്ടർ അതോറിറ്റിക്ക് ആകെ എത്ര ബാൻഡിക്കൂട് റോബോട്ടുകൾ ഉണ്ട്; സംസ്ഥാനത്ത് ആകെയുള്ള മാൻഹോളുകൾ വൃത്തിയാക്കാൻ എത്ര എണ്ണം വേണ്ടിവരും;

(സി) റോബട്ടിനെ പ്രവർത്തിപ്പിക്കാൻ എത്ര വാട്ടർ അതോറിറ്റി ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ബാൻഡിക്കൂട് ഇപ്പോൾ പ്രവർത്തനക്ഷമമാണോ ; ഇതിന്റെ അറ്റകുറ്റപ്പണികൾ ആരുടെ ഉത്തരവാദിത്വമാണ്; ഇതിനായി കൂടുതൽ പണം നൽകാൻ വ്യവസ്ഥയുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) വാട്ടർ അതോറിറ്റി ബാൻഡിക്കൂട്ട് റോബോട്ടിന്റെ നിർമ്മാണം പരീക്ഷണാടിസ്ഥാനത്തിൽ പ്രാരംഭ മാതൃക നിർമ്മാണത്തിനായി അതോറിറ്റി തീരുമാനപ്രകാരം അംഗീകരിച്ച് 14 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇത് 60 ശതമാനം മുൻകൂറായും ബാക്കിയുള്ള 40 ശതമാനം പരീക്ഷണത്തോട് അനുബന്ധിച്ചും ആണ് നൽകിയിട്ടുള്ളത്. കൂടാതെ പ്രാരംഭ മാതൃക നിർമ്മാണത്തിനായി താൽക്കാലിക അടിസ്ഥാനത്തിൽ അതോറിറ്റിയിൽ സ്ഥല സൗകര്യവും നൽകിയിട്ടുണ്ട്.

(ബി) വാട്ടർ അതോറിറ്റിയുടെകീഴിൽ നിലവിൽ ബാൻഡിക്കൂട്ട് റോബോട്ടുകൾ ഇല്ല. നിലവിൽ പ്രാരംഭ മാതൃക നിർമ്മാണത്തിന്റെ പരീക്ഷണഘട്ടത്തിൽ ആയതിനാൽ ആവശ്യമായ റോബോട്ടുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(സി) പരീക്ഷണ ഘട്ടമായതിനാൽ നിലവിൽ വാട്ടർ അതോറിറ്റി ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടില്ല.

(ഡി) പരീക്ഷണാടിസ്ഥാനത്തിൽ വികസിപ്പിച്ചെടുത്ത ബാൻഡിക്കൂട്ടിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചുവരികയാണെന്ന് നിർമ്മാതാക്കൾ അറിയിച്ചിട്ടുണ്ട്. ഈ റോബോട്ടിന്റെ അറ്റകുറ്റപ്പണികൾ ഈ ഘട്ടത്തിൽ നിർമ്മാതാക്കളിൽ നിക്ഷിപ്തമാണ്. ഈ ഘട്ടത്തിനായി കൂടുതൽ തുക അനുവദിക്കാൻ വ്യവസ്ഥയില്ല.

**സ്ത്രീ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ**

298 (1125) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽശാലകളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പല സ്ഥാപനങ്ങളിലും ലഭ്യമാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽശാലകളിൽ സ്ത്രീ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 16-9-2015 -ലെ ജി.ഒ (പി)നമ്പർ 134/15/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 1961-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ആവശ്യമായ വിശ്രമസ്ഥലം, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ടോയ്ലെറ്റ് സംവിധാനം, 20-ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, സൗജന്യ താമസ സൗകര്യം എന്നിവ നൽകണമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനും ഉറപ്പുവരുത്തുവാനും എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ത്രീ തൊഴിലാളികൾക്ക് ജോലിക്കിടയിൽ ഇരിപ്പിടം ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

**സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

299 (1126) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര കുടുംബങ്ങൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്;

(ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി സേവനം ലഭ്യമാക്കുന്ന ചില സ്വകാര്യ ആശുപത്രികൾ രോഗികളെ ചൂഷണം ചെയ്ത് ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം ക്രമക്കേടുകൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 29-5-18 വരെയുള്ള കണക്കുകൾ പ്രകാരം 3938815 ഗുണഭോക്തൃ കുടുംബങ്ങൾ നടപ്പു സാമ്പത്തിക വർഷം സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(സി) ആർ.എസ്.ബി.വൈ./ചിസ് പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതി നടത്തിപ്പ് ചിയാക്കും ഇൻഷ്വറൻസ് സേവനദാതാവും സൂക്ഷ്മമായി നിരീക്ഷിച്ച് വരുന്നു. ആശുപത്രിയുടെ ഭാഗത്തു നിന്ന് ഏതെങ്കിലും അധാർമ്മിക പ്രവർത്തനം ഉണ്ടായാൽ അവർക്കു കാരണം കാണിക്കൽ നോട്ടീസ് കൊടുക്കുകയും മറുപടി തൃപ്തികരമല്ലെങ്കിൽ സസ്പെൻഷനും തുടർന്ന് പദ്ധതിയിൽനിന്നും പുറത്താക്കുകയും ചെയ്യുന്നു. കൂടാതെ ഗുണഭോക്താവിന് ഏതെങ്കിലും പരാതിയുണ്ടെങ്കിൽ ജില്ലാ തലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ പരാതി പരിഹാര കമ്മിറ്റി നിലവിലുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ പരാതി സമർപ്പിക്കാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

**തൊഴിൽ മേഖലകളിലെ കരാർ വ്യവസ്ഥ**

300 (1127) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായസൗഹൃദം എന്ന പേരിൽ കേന്ദ്ര സർക്കാർ സ്ഥിരം തൊഴിൽ സ്വഭാവമുള്ള തൊഴിൽ മേഖലകളിൽപ്പോലും കരാർ വ്യവസ്ഥ കൊണ്ടുവരുന്നതിൽ ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) ഇതിനായി കരാർ തൊഴിലാളി നിയമവും വ്യവസായ-തൊഴിൽ ചട്ടവും ഭേദഗതി ചെയ്യുന്നത് നമ്മുടെ തൊഴിൽ മേഖലയെയും തൊഴിലാളികളെയും ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാട് വിശദമാക്കുമോ?

ഉത്തരം

(എ) ഈ നയത്തോട് സംസ്ഥാന സർക്കാരിന് യോജിപ്പില്ല.

(ബി) സ്ഥിരം തൊഴിൽ മേഖലകളിൽ കരാർ തൊഴിലാളികളെ നിയോഗിക്കത്തക്കവിധം കരാർ തൊഴിലാളി നിയമത്തിൽ നിയമഭേദഗതി നടപ്പിലാക്കുകയാണെങ്കിൽ ജീവനക്കാർക്ക് കണ്ടിന്യുവസ് സർവ്വീസ് (continuous service) നഷ്ടപ്പെടുന്നതിനും സേവന വേതന വ്യവസ്ഥകളെ ആയത് പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നതാണ്.

(സി) സർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

**നോക്കുകൂലി നിരോധനം**

301 (1128) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തൊഴിൽ മേഖലയിൽ നിലനിന്നിരുന്ന നോക്കുകൂലി ഔദ്യോഗികമായി നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ചില മേഖലകളിൽ തൊഴിലാളികളെ വിതരണം ചെയ്യുവാനുള്ള അവകാശം തൊഴിലാളി സംഘടനകൾ ഏറ്റെടുക്കുന്ന രീതി നിരോധിച്ചത് പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(സി) നോക്കുകൂലി നിരോധിച്ച കാര്യത്തിൽ തൊഴിലാളി യൂണിയനുകളുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ;

(ഡി) ഗാർഹിക ആവശ്യങ്ങൾക്കും കാർഷികാവശ്യങ്ങൾക്കുമുള്ള കയറ്റിറക്കിന് ഇഷ്ടമുള്ള തൊഴിലാളികളെ നിയോഗിക്കുന്നത് തടയരുതെന്ന നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ഇ) പൊതു സമൂഹത്തിന് തൊഴിലാളികളോടുള്ള സമീപനത്തിൽ കാലോചിതമായ മാറ്റം കൊണ്ടുവരുന്നതിനും ജോലി ചെയ്യുന്ന തൊഴിലാളിക്ക് അന്തസ്സോടെ ജീവിക്കുന്നതിനുള്ള വേതനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 30-4-2018-ലെ സ.ഉ (സാധാ)നമ്പർ 511/2018/തൊഴിൽ നമ്പർ ഉത്തരവിൻ പ്രകാരം കേരളത്തിലെ ചുമട്ട് തൊഴിൽ മേഖലയിൽ നിലനിന്നിരുന്ന ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും ആയ പ്രവണത നിയമവിരുദ്ധമായി പ്രഖ്യാപിച്ചും, തൊഴിലാളികളെ വിതരണം ചെയ്യുവാനുള്ള അവകാശം തൊഴിലാളി സംഘടനകൾ ഏറ്റെടുക്കുന്ന രീതി കർശനമായി അവസാനിപ്പിച്ചും ഗാർഹികാവശ്യങ്ങൾക്കും കാർഷികാവശ്യങ്ങൾക്കുമുള്ള കയറ്റിറക്കിന് ഇഷ്ടമുള്ള തൊഴിലാളികളെ നിയോഗിക്കുന്നത് തടയുന്ന നടപടി അവസാനിപ്പിക്കുവാനും മെച്ചപ്പെട്ട തൊഴിൽസംസ്കാരം പ്രാവർത്തികമാക്കാനും ലക്ഷ്യമിട്ടുകൊണ്ട് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങുകയും കൈപ്പറ്റുകയും ചെയ്യുന്ന പ്രവണത അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ തൊഴിലുടമകളിലും പൊതുജനങ്ങളിലും എത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച നടത്തുകയും ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ചകൾ നടത്തുകയും വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് നടപ്പിലാവുന്നില്ല എന്ന തരത്തിലുള്ള പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(ഇ) സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് 11 ജില്ലകളിൽ ചുമട്ട് തൊഴിൽ കൂലിപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ആയതിനുള്ള നടപടികൾ നടന്നുവരുന്നു. ഗാർഹിക, കാർഷിക ഉത്പന്നങ്ങൾ എന്നിവയുടെ കയറ്റിറക്കിന് തൊഴിലുടമയ്ക്ക് സ്വന്തം ഇഷ്ടപ്രകാരം തൊഴിലാളികളെ നിയോഗിക്കാവുന്നതാണ്. എന്നാൽ അംഗീകൃത കയറ്റിറക്ക് തൊഴിലാളികളെ നിയോഗിക്കുന്നപക്ഷം ആയതിന് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള കൂലിനിരക്കുകൾ നൽകേണ്ടതാണെന്ന് തൊഴിലുടമകളെ അറിയിക്കാറുണ്ട്.

**വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ്**

302 (1129) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) ഗ്രേഡിംഗിന് നിശ്ചയിച്ചിരുന്ന പൊതുമാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു;

(സി) മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ആരംഭിച്ച ഈ പദ്ധതിക്ക് വേണ്ടത്ര പ്രതികരണം ലഭിക്കാതെ പോയത് എന്തുകൊണ്ടാണ്; ഇതിനകം എത്ര അപേക്ഷകളാണ് ലഭിച്ചത്;

(ഡി) വ്യവസായ വാണിജ്യ മേഖലകളിൽ നിന്നും ഇതിന് പ്രതീക്ഷിച്ച പ്രതികരണം ലഭിക്കാത്ത സാഹചര്യത്തിൽ നടപടിക്രമങ്ങൾ കർശനമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രേഡിംഗ് നിർണ്ണയിക്കുന്നതിന് ചുവടെ പറയുന്ന 7 മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയിട്ടുണ്ട്.

മാനദണ്ഡങ്ങൾ

1. മികച്ച തൊഴിൽ ദാതാവ്
2. സംതൃപ്തികരമായ തൊഴിലാളികൾ
3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം
4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം
5. സ്ത്രീ സൗഹൃദ അന്തരീക്ഷം
6. തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ
7. തൊഴിലിടങ്ങളിലെ സുരക്ഷ.

(സി) ഗ്രേഡിംഗിനായി അപേക്ഷിക്കുന്നത് ഒരു നിർബന്ധിത വ്യവസ്ഥ അല്ലാതിരുന്നതിനാലും 20-ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങളെ മാത്രമെ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുള്ളൂ എന്നതിനാലും പുതിയ സംരംഭം ആയതിനാലുമാണ് അപേക്ഷകളുടെ എണ്ണം കുറയാൻ കാരണം. കൂടാതെ തെരഞ്ഞെടുത്ത 8 മേഖലകളിലെ സ്ഥാപനങ്ങൾക്ക് മാത്രമായി ഈ വർഷത്തെ ഗ്രേഡിംഗ് പരിമിതപ്പെടുത്തിയിരുന്നു. 2017 വർഷത്തെ ഗ്രേഡിംഗിനായി ആകെ 941 അപേക്ഷകളാണ് ലഭിച്ചത്.

(ഡി) സംസ്ഥാനത്ത് കൂടുതൽ മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും പുതിയൊരു തൊഴിൽ സംസ്കാരവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഗ്രേഡിംഗ് ആരംഭിച്ചത്. ഈ ലക്ഷ്യസാക്ഷാത്ക്കാരത്തിനായി എല്ലാ സ്ഥാപനങ്ങളെയും ഗ്രേഡിംഗിന് വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്ത്രീകൾ ജോലിചെയ്യുന്ന തൊഴിൽശാലകളിൽ ക്രഷുകൾ**

303 (1130) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾ ജോലിചെയ്യുന്ന തൊഴിൽശാലകളിൽ കുട്ടികളെ പരിപാലിക്കുന്നതിനായി ക്രഷുകൾ സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ;

(ബി) ഇത്തരത്തിൽ ക്രഷുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇരുപതോ അതിൽ കൂടുതലോ സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷുകൾ സ്ഥാപിക്കണമെന്ന് 2015-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 6 ഡി-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിക്കും. ടി വ്യവസ്ഥ കൃത്യമായി പാലിക്കുന്നുവോയെന്ന് പരിശോധിക്കുവാൻ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**നോക്കുകൂലി നിരോധന നിയമം**

304 (1131) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി നിരോധന നിയമം നോക്കുകുത്തിയാക്കുന്ന രീതിയിൽ തൊഴിലാളി സംഘടനകൾ ഇടപെടൽ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃതമായി നോക്കുകൂലി വാങ്ങുന്നവർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അമിതമായി കൂലി കൈപ്പറ്റുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. കോൾ സെന്റർ വഴിയോ നേരിട്ടോ ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കുന്ന കയറ്റിറക്ക് കൂലി തിരികെ വാങ്ങി നൽകുകയും കർശന തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ ചുമടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുവാനും തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുവെന്ന രീതിയിലുള്ള പരാതികൾ ലഭിച്ചാൽ ആയവ പോലീസിന് കൈമാറി ഉചിതമായ നിയമനടപടി സ്വീകരിക്കുവാനുംവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിലെ നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുത്തുകയും അത് 11 ജില്ലകളിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂലി ഏകീകരിക്കാത്ത ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ ഇത് സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. ചുമട്ടുതൊഴിൽ മേഖലയിൽ ഓരോ വിഭാഗത്തിനുമുള്ള ഏകീകരിച്ച കയറ്റിറക്ക് കൂലി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**സ്ത്രീകൾക്ക് പുരുഷൻമാരെക്കാൾ കുറഞ്ഞകൂലി**

305 (1132) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് പുരുഷൻമാരെക്കാൾ കുറഞ്ഞ കൂലി നൽകുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവണത ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) സ്ത്രീകൾക്ക് പുരുഷൻമാരെക്കാൾ കുറഞ്ഞ കൂലി നൽകുന്ന പ്രവണത ശ്രദ്ധയിൽപ്പെടുന്നപക്ഷം തൊഴിലുടമയ്ക്കെതിരെ നിയമ നടപടിസ്വീകരിക്കുന്നതാണ്.

(സി) 1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീയ്ക്കും പുരുഷനും തുല്യവേതനം ഉറപ്പുവരുത്തുന്നുണ്ട്. ആയത് സ്ഥാപന പരിശോധനാവേളയിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്.

**അടൽ പെൻഷൻ യോജന**

306 (1133) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകളിൽ എത്ര വിധം പെൻഷൻ പദ്ധതികൾ നിലവിലുണ്ട്; ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി അടൽ പെൻഷൻ യോജന നടപ്പിലാക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) അടൽ പെൻഷൻ യോജന നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരിൽ

നിന്നോ പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡെവലപ്പ്മെന്റ് അതോറിറ്റി (പി.എഫ്.ആർ.ഡി.എ.) യിൽനിന്നോ ഔദ്യോഗിക കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മിക്കവാറും ക്ഷേമനിധി ബോർഡുകളിൽ സൂപ്പറാന്വേഷൻ പെൻഷൻ, അവശതാ പെൻഷൻ, കുടുംബ പെൻഷൻ എന്നിങ്ങനെ 3 വിധം പെൻഷനുകൾ നിലവിലുണ്ട്.

1. സൂപ്പറാന്വേഷൻ പെൻഷൻ: പദ്ധതി പ്രാബല്യത്തിൽ വന്നതിനുശേഷം തുടർച്ചയായി 5 വർഷത്തിൽ കുറയാത്ത കാലം ക്ഷേമ നിധിയിൽ അംശദായം അടച്ചുവരുന്ന ഒരംഗത്തിന് അറുപത് വയസ് പൂർത്തിയായതിനുശേഷം സൂപ്പറാന്വേഷൻ പെൻഷന് അർഹതയുണ്ടാരിക്കുന്നതാണ്.

2. അവശതാ പെൻഷൻ: (എല്ലാ ബോർഡുകളിലും നിലവിലില്ല) അംശദായം അടച്ചിട്ടുള്ളതും രോഗംമൂലമോ അപകടംമൂലമോ സ്ഥിരമായ ശാരീരിക അവശത സംഭവിച്ച് തുടർന്ന് ജോലി ചെയ്യാൻ കഴിയാതെ വരുന്ന ഒരംഗത്തിന് അതുവരെ അംശദായം അടച്ച് അംഗത്വം നിലനിർത്തുന്നപക്ഷം പ്രതിമാസ അവശതാ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

3. കുടുംബ പെൻഷൻ : (എല്ലാ ബോർഡുകളിലും നിലവിലില്ല) പെൻഷൻ വാങ്ങി വരുന്ന കാലയളിവിൽ പെൻഷണർ മരിക്കുകയാണെങ്കിൽ അയാളുടെ ഭാര്യ/ഭർത്താവിന് കുടുംബ പെൻഷന് അർഹതയുണ്ടാരിക്കുന്നതാണ്.

(ബി&സി) കത്ത് ലഭിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**തൊഴിലാളി ക്ഷേമ പദ്ധതികൾ**

307 (1134) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി സമ്പ്രദായം അവസാനിപ്പിച്ചതോടൊപ്പം തൊഴിലാളികൾ ചെയ്യുന്ന ജോലിക്ക് ന്യായമായ വേതനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) തൊഴിൽ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകി തൊഴിലാളി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) തൊഴിലാളി ക്ഷേമ പദ്ധതികൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവരുടെ സേവന വേതന വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരളത്തിലെ ചുമടുതൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുവാനും മെച്ചപ്പെട്ട തൊഴിൽസംസ്കാരം പ്രാവർത്തിക മാക്കാനും ലക്ഷ്യമിട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ ഉൾക്കൊളളിച്ചുകൊണ്ട് 30-4-2018-ലെ സ.ഉ.(സാധാ)നമ്പർ 511/18/തൊഴിൽ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 11 ജില്ലകളിൽ ചുമടുതൊഴിലാളികൾക്കുള്ള കൂലി ഏകീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂലി നിരക്കുകൾ ഏകീകരിച്ചിട്ടില്ലാത്ത ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ പ്രാദേശികമായി ഉണ്ടാക്കുന്ന കരാർ പ്രകാരമുള്ള കൂലി വ്യവസ്ഥയാണ് നിലവിലുള്ളത്. ഇനിയും കൂലി നിരക്കുകൾ ഏകീകരിച്ചിട്ടില്ലാത്ത ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ ആയതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. കയറ്റിറക്ക് തൊഴിലാളികൾക്ക് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള കൂലിനിരക്കുകൾ നൽകേണ്ടതാണെന്ന് തൊഴിലുടമകളെ അറിയിക്കാറുണ്ട്.

(ബി) 2017 വർഷത്തെ ഗ്രേഡിംഗിനായി വിവിധ തലത്തിലുള്ള പരിശോധനകളിലൂടെ സംസ്ഥാനതല കമ്മിറ്റിക്ക് ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ഗ്രേഡിംഗ് സർട്ടിഫിക്കറ്റുകളും പുരസ്കാരങ്ങളും നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആദ്യഘട്ടം എന്ന നിലയിൽ ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോസ്പിറ്റലുകൾ, കൺസ്യൂക്ഷൻ മേഖല, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, സ്റ്റാർ ഹോട്ടലുകൾ, ജ്യൂവലറികൾ, ഐ.ടി സ്ഥാപനങ്ങൾ, സെക്യൂരിറ്റി എന്നീ 8 മേഖലകളിലാണ് ഗ്രേഡിംഗ് നടപ്പിലാക്കിയിട്ടുള്ളത്. ആകെ 941 അപേക്ഷകൾ ലഭിച്ചിരുന്നു. ടി അപേക്ഷകൾ പരിശോധിച്ച് വജ്ര, സുവർണ, രജത ഗ്രേഡുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) തൊഴിലാളി ക്ഷേമ പദ്ധതികൾ കൂടുതൽ വ്യാപിപ്പിക്കുന്നതിന് തൊഴിലാളി ക്ഷേമ ബോർഡുകൾ വഴി നടപടികൾ സ്വീകരിക്കുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷൻ

ഫയൽ ചെയ്യുകയും മറ്റ് വിവിധ നിയമ ലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്യുവരുന്നു. 2018 -ൽ മിനിമം വേതന നിയമപ്രകാരം നാളിതുവരെ 15705 സ്ഥാപന പരിശോധനകൾ നടത്തുകയും 1468 പ്രോസിക്യൂഷനും 156 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.

**നവജീവൻ പദ്ധതി**

308 (1135) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയിൽപ്പെട്ട എത്ര പേരുണ്ട്; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇവർക്കായി തയ്യാറാക്കിയിട്ടുള്ള നവജീവൻ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) നവജീവൻ പദ്ധതി സംബന്ധിച്ച മാർഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയിലുള്ള 114537 പേർ ഉണ്ട്. ഇതിൽ 41549 പുരുഷൻമാരും 72988 സ്ത്രീകളും ഉണ്ട്.

(ബി&സി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരൻമാർക്ക് ജീവനോപാധി പ്രദാനം ചെയ്ത് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന തൊഴിൽ പുനരധിവാസ പദ്ധതിയാണ് നവജീവൻ.

സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള പൗരൻമാർക്ക് അവർക്ക് അനുയോജ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ നൽകുന്നു. മുതിർന്ന പൗരൻമാർ, അവരുടെ കുടുംബത്തിനും, സമൂഹത്തിനും ഒരു ബാധ്യത എന്ന നിലയിൽ കണക്കാക്കപ്പെടാതിരിക്കുവാനും ജീവിതത്തിൽ ഒറ്റപ്പെടൽ നേരിടാതിരിക്കുകയും ചെയ്യുക എന്ന വിശാല ലക്ഷ്യവും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

വിവിധ മേഖലകളിൽ പരിചയവും വൈദഗ്ദ്യവും ആർജ്ജിച്ചിട്ടുള്ള മുതിർന്ന പൗരൻമാരുടെ സേവനം സമൂഹത്തിന്റെ ഉന്നമനത്തിന് പ്രയോജനകരമായ രീതിയിലേക്ക് വഴിതിരിച്ചുവിടുക എന്ന ലക്ഷ്യത്തോടെ 50 വയസ്സിനു മുകളിൽ പ്രായമുള്ള ആളുകളുടെ (സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ 56 വയസ്സിനു മുകളിലുള്ളവർ) ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഇവരുടെ വൈദഗ്ധ്യവും പരിചയസമ്പത്തും വിനിയോഗിക്കുക എന്നത് ഇതിലൂടെ ലക്ഷ്യമിടുന്നു. സർക്കാർ, സർക്കാർ ഇതര ഏജൻസികൾ, പൊതുജനങ്ങൾ എന്നിവർക്ക് ഇവരുടെ സേവനം ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ വിവക്ഷിക്കുന്നത്.

നവജീവൻ പദ്ധതി സംബന്ധിച്ച് എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള കരട് മാർഗ്ഗരേഖയും ചട്ടങ്ങളും അംഗീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.

**നവജീവൻ പദ്ധതി**

309 (1136) <u>ശ്രീമതി. പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള നവജീവൻ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി നവജീവൻ പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ബഹു.ഗവർണറുടെ 2017-ലെ നയപ്രഖ്യാപനത്തിൽ സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിന്റെ ഭാഗമായി 'നവജീവൻ' എന്ന പേരിൽ മുതിർന്ന പൗരൻമാർക്കായി ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഇത് സംബന്ധിച്ച് എംപ്ലോയ്മെന്റ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പദ്ധതിയുടെ രൂപരേഖ പരിശോധിച്ച് കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയിലുള്ള മുതിർന്ന പൗരൻമാർക്കായി 'നവജീവൻ' എന്ന പേരിൽ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് സ.ഉ (കൈ) നമ്പർ 16/2017/തൊഴിൽ തീയതി 20-3-17 പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ പദ്ധതിയക്ക് രണ്ട് ഘടകങ്ങൾ ഉണ്ടായിരിക്കും.

1. സ്വയംതൊഴിൽ വായ്പ സഹായ പദ്ധതി : അനുയോജ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ നൽകുന്നു. മുതിർന്ന പൗരൻമാർ, അവരുടെ കുടുംബത്തിനും സമൂഹത്തിനും ഒരു ബാധ്യത എന്ന നിലയിൽ കണക്കാക്കപ്പെടാതിരിക്കുവാനും ജീവിതത്തിൽ ഒറ്റപ്പെടൽ നേരിടാതിരിക്കുകയും ചെയ്യുക എന്ന വിശാല ലക്ഷ്യവും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

2. ഡാറ്റാ ബാങ്ക് : വിവിധ മേഖലകളിൽ പരിചയവും വൈദഗ്ധ്യവും ആർജ്ജിച്ചിട്ടുള്ള മുതിർന്ന പൗരൻമാരുടെ സേവനം സമൂഹത്തിന്റെ ഉന്നമനത്തിനു പ്രയോജനകരമായ രീതിയിലേക്ക് വഴി തിരിച്ചു വിടുക എന്ന ലക്ഷ്യത്തോടെ 50 വയസ്സിനു മുകളിൽ പ്രായമുള്ള ആളുകളുടെ (സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ 56 വയസ്സിനുമുകളിലുള്ളവർ) ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഇവരുടെ വൈദഗ്ധ്യവും പരിചയസമ്പത്തും വിനിയോഗിക്കുക എന്നതും ഇതിലൂടെ ലക്ഷ്യമിടുന്നു. സർക്കാർ, സർക്കാർ ഇതര ഏജൻസികൾ, പൊതുജനങ്ങൾ എന്നിവർക്ക് ഇവരുടെ സേവനം ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ വിവക്ഷിക്കുന്നത്.

(ബി) നവജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് മുതിർന്ന പൗരൻമാർ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ അനുയോജ്യമായ മേഖലകൾ ഏതൊക്കെയാണെന്നും, അവരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹനന്മയ്ക്കായി ഏതൊക്കെ മേഖലകളിൽ ഉപയുക്തമാക്കാമെന്നത് സംബന്ധിച്ച് ഒരു പഠനം സർക്കാർ അനുമതിയോടെ 'കിലെ' (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ&എംപ്ലോയ്മെന്റ്) മുഖേന നടത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ കരട് ചട്ടങ്ങൾ അംഗീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുമാണ്.

2018-19 സാമ്പത്തിക വർഷത്തിൽ 50,00,000 (അമ്പതു ലക്ഷം രൂപ മാത്രം) നവജീവൻ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ കരട് ചട്ടങ്ങൾ അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

**തൊഴിൽനയം**

310 (1137) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽനയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നിബന്ധനകളാണ് പ്രധാനമായും ഈ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്തെ തൊഴിൽ നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരം വരുത്തുന്നതിന് ആലോചനയുണ്ടോ; എങ്കിൽ ഏതെല്ലാം തൊഴിൽ നിയമങ്ങളിലാണ് പരിഷ്കരണം നടത്താൻ ആലോചിക്കുന്നത്;

(സി) തൊഴിൽ മേഖലയിൽ പുതിയതായി ഏതെങ്കിലും തരത്തിലുള്ള നിയമനിർമ്മാണം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് മാറിയ സാഹചര്യങ്ങൾക്കനുസൃതമായി തൊഴിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉചിതമായ ഭേദഗതികൾ കൊണ്ടുവരാൻ ഉദ്ദേശിച്ചിട്ടുണ്ട്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പിഴ ശിക്ഷ വർദ്ധിപ്പിക്കുന്നതിനും ടെക്സ്റ്റൈൽസുകളിൽ തൊഴിലാളികൾക്ക് ഇരിക്കുവാനുള്ള സൗകര്യം ഉറപ്പാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി ബിൽ, ജീവനക്കാരുടെ എണ്ണം അനുസരിച്ചല്ലാതെ എല്ലാ തൊഴിലാളികൾക്കും അവധി ലഭിക്കാൻ ഉതകുന്ന തരത്തിലും രാജ്യത്ത് ഇലക്ഷൻ നടക്കുന്ന ദിവസം തൊഴിലാളികൾക്ക് അവധി അനുവദിക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടും കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ആൻഡ് ഫെസ്റ്റിവൽ ഹോളിഡെയ്സ്) ആക്ട് 1958 ഭേദഗതി ബിൽ, എംപ്ലോയീസ് കോമ്പൻസേഷൻ ചട്ടങ്ങളിൽ എക്സ് പാർട്ടി ഓർഡർ പുറപ്പെടുവിക്കാൻ ട്രൈബ്യൂണലുകൾക്ക് അധികാരം നൽകുന്നതിനും അംഗവൈകല്യ സർട്ടിഫിക്കറ്റ് നൽകുവാൻ ഡോക്ടർമാരെയും മെഡിക്കൽ ബോർഡുകളെയും ചുമതലപ്പെടുത്തുന്ന വ്യവസ്ഥയും പുതുതായി കൂട്ടിച്ചേർത്ത് കേരള എംപ്ലോയീസ് കോമ്പൻസേഷൻ ഭേദഗതി ബിൽ പേയ്മെന്റ് ഓഫ് വേജസ് ആക്ട് പ്രകാരം സംസ്ഥാനത്ത് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ ക്ലെയിം അതോറിറ്റിയായി നിമയിക്കാനുള്ള വിജ്ഞാപനം, മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കേവല വേതന അവകാശ ബിൽ, കേരള ഈസ് ഓഫ് കംപ്ലയിൻസ് ടു മെയ്ന്റയിൻ രജിസ്റ്റർ അണ്ടർ വേരിയസ് ലേബർ ലാസ് റൂൾസ്, 2018, കേരള പേമെന്റ് ഓഫ് മിനിമം വേയ്ജസ് ടു ടീച്ചേഴ്സ് ഓഫ് അൺ എയ്ഡഡ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബിൽ 2014-ന്റെ കരട് മെച്ചപ്പെട്ട തൊഴിൽ മേഖലകളില്ലെങ്കിലും ഫെയർവേജസ് നിശ്ചയിക്കുന്നതിനു നിയമസാധ്യത ഉൾപ്പെടുത്തിയ ബില്ലിന്റെ കരട് എന്നിവ സർക്കാരിന്റെ പരിഗണനയിലാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പെൻഷൻ പദ്ധതികൾ നിലവിലില്ലാത്ത തൊഴിൽ മേഖലകളിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിയമനിർമ്മാണം പരിശോധിക്കുന്നതാണ്.

**തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ**

311 (1138) ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. നൗഷാദ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഏതെല്ലാം തൊഴിൽ മേഖലകളിലാണ് അടിസ്ഥാന ശമ്പളം പുതുക്കി നൽകിയത്; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം തൊഴിൽ മേഖലകളാണ് മിനിമം വേതന നിയമത്തിന്റെ പരിധിയിൽ വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) തൊഴിലാളികൾക്ക് മിനിമം വേതനം നിഷേധിക്കുന്ന തൊഴിലുടമകൾക്കെതിരെ എന്തെല്ലാം ശിക്ഷാനടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

1. ഗ്രേഡിംഗ് : കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെയും ഫാക്ടറീസ് ആക്ടിന്റെയും പരിധിയിൽ വരുന്ന സ്ഥാപനങ്ങളെ ഗുണ നിലവാരം അനുസരിച്ച് തരംതിരിക്കുന്ന ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

2. ലേബർ ഡാറ്റാബാങ്ക് : തൊഴിലാളികളുടെ ആവശ്യവും ലഭ്യതയും തമ്മിലുള്ള വിടവ് നികത്തുന്നതിനായി വൈദഗ്ധ്യമുള്ള തൊഴിലാളികളുടെയും അവിദഗ്ധ തൊഴിലാളികളുടെയും ലേബർ ഡാറ്റാബാങ്ക് പദ്ധതി.

3. തൊഴിലാളി ശ്രേഷ്ഠ അവാർഡ് : വിവിധ മേഖലകളിൽ മികവ് പുലർത്തുന്ന തൊഴിലാളികളെ കണ്ടെത്തി ആദരിക്കുന്നതിനുള്ള തൊഴിലാളി ശ്രേഷ്ഠ അവാർഡ് പദ്ധതി.

4. സ്റ്റുഡിയോ അപ്പാർട്ട്മെന്റ് : കേരളത്തിലാകമാനം നഗരപ്രദേശത്ത് ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് നല്ല നിലവാരത്തിൽ മാന്യവും സുരക്ഷിതവുമായ താമസസൗകര്യം ഒരുക്കുന്ന സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി.

5. ആവാസ് : സംസ്ഥാന തൊഴിലാളികൾക്കുള്ള ഇൻഷുറൻസ് പദ്ധതി (ആവാസ്) എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്.

ബി) ഈ സർക്കാർ അധികാരമേറ്റശേഷം മിനിമം വേതനം പുതുക്കി നിശ്ചയിച്ച മേഖലകൾ ചുവടെ ചേർക്കുന്നു:

1) ഹോസ്റ്റൽസ്

2) ഐസ് ഫാക്ടറീസ്

3) സെയിൽസ് പ്രൊമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽ

4) മുള, ചൂരൽ വ്യവസായം

5) ആന പരിശീലനം

6) സ്വർണ്ണം വെള്ളി ആഭരണ നിർമ്മാണം

7) പ്രിന്റിംഗ് പ്രസ്

8) മിഡ് ഡേ മീൽസ് ഇൻ സ്കൂൾസ്

9) ആയുർവേദിക് & അലോപ്പതിക് മെഡിസിൻസ്

10) ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്

11) ഗാർഹിക തൊഴിൽ

12)ബീഡീ & സിഗാർ ഉൽപാദന വ്യവസായം,

13) ഫോട്ടോഗ്രാഫി & വീഡിയോ ഗ്രാഫി

14) അഗ്രികൾച്ചറൽ ഓപ്പറേഷൻസ്

15) പേപ്പർ പ്രൊഡക്ഷൻ

16) ഹിൽ പ്രൊഡ്യൂസ്ഡ് ഇൻഡസ്ട്രീസ്

17) സെക്യൂരിറ്റി സർവ്വീസ്

18)ഓയിൽ മിൽ സെക്ടർ

19) ലൈറ്റ് മോട്ടോർ വെഹിക്കിൾസ്

20) മെഡിക്കൽ ഷോപ്പ്

21) ഫുട്‌വെയർ മാനുഫാക്ച്ചറിംഗ്

22) ഓയിൽ പാം

23) പ്രൈവറ്റ് ഹോസ്പിറ്റൽസ്.

(സി) സംസ്ഥാനത്ത് മിനിമം വേതനഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ മേഖലകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(ഡി) തൊഴിലാളികൾക്ക് മിനിമം വേതനം നിഷേധിക്കുന്ന തൊഴിലുടമകൾക്ക് പരിശോധനക്കുറിപ്പ് നൽകി ലംഘനം പരിഹരിക്കുവാൻ ആവശ്യപ്പെടുന്നു. ആയത് പരിഹരിക്കാത്ത തൊഴിലുടമകൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും തുടർന്ന് ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്യുന്നു.

**സർക്കാരിന്റെ തൊഴിൽ നയം**

312 (1139) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(സി) അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക -അനദ്ധ്യാപക ജീവനക്കാർക്ക് മിനിമം വേതനം നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ക്ഷേമനിധി ബോർഡുകളാണ് അപ്രകാരം സംയോജിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊഴിൽ നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

(സി) അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്തെ അൺ-എയ്ഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിനായി കേരള പേമെന്റ് ഓഫ് മിനിമം വേയ്ജസ് റ്റു റ്റീച്ചേഴ്സ് ഓഫ് അൺ-എയ്ഡഡ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

313 (1140) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്കുള്ള ആനുകൂല്യം കാലോചിതമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) സമാന സ്വഭാവത്തിലുള്ള ബോർഡുകളുടെ പ്രവർത്തനം സംയോജിപ്പിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ഡി) നിലവിലുള്ള എല്ലാ ബോർഡുകൾക്കും വേണ്ടി പൊതുവായ ഒരു സോഫ്റ്റ് വെയർ രൂപകല്പന ചെയ്യുന്നതിനുള്ള തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി വിവിധ ബോർഡുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിവരികയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതു വഴി രജിസ്ട്രേഷൻ, അംശാദായം, ആനുകൂല്യ വിതരണം എന്നിവ സുതാര്യമാക്കുവാനും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിനും സാധിക്കും. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ് വെയർ മുഖേന ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം സുതാര്യമാക്കുന്നതിനായി സേവന സോഫ്റ്റ്വെയർ ഉപയോഗിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ ക്ഷേമനിധി പെൻഷനുകളും 600 രൂപയിൽ നിന്നും 1100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള കള്ള്, വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ക്ഷേമനിധി ബോർഡുകളിൽ വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് തീരുമാനമെടുത്തിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)* വിവിധ ക്ഷേമനിധി ബോർഡുകളുടെ അംശാദായവും ആനുകൂല്യങ്ങളും കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഇല്ല.

**കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള വിവാഹ ധനസഹായം**

314 (1141) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും, വാഹന ഉടമയുടെ വിഹിതം തൊഴിലാളിയുടെ പേരിൽ അടയ്ക്കാത്തത് കാരണം എറണാകുളം പള്ളുരുത്തി പെരുമ്പടപ്പ് 20/2990A നമ്പർ വീട്ടിൽ ക്രിസോസ്റ്റം ഫെർണാണ്ടസിന്റെ മകളുടെ വിവാഹധനസഹായത്തിനായി ടിയാൻ സമർപ്പിച്ച അപേക്ഷ നിരസിച്ചത് സംബന്ധിച്ച് സമർപ്പിച്ച പരാതി(E/2424419/2018) യിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രീ. ക്രിസോസ്റ്റം ഫെർണാണ്ടസ് സമർപ്പിച്ച അപേക്ഷ ഉചിതമായ നടപടികൾക്കായി 12-4-2018 -ൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അയച്ചുകൊടുക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ രേഖകൾ പരിശോധിച്ചതിൽനിന്നും ടിയാന്റെ

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്

മകളുടെ വിവാഹം നടന്ന സമയത്ത് KL43/H100 എന്ന വാഹനത്തിൽ ജോലി ചെയ്യുവരുന്നതായി തെളിയിക്കുന്നതിനുള്ള ഫോം നമ്പർ 3-ൽ പേരുൾപ്പെടുത്തിയതായി കാണാത്തതിനാലും ടി കാലയളവിൽ ടിയാൻ ജോലി ചെയ്തിരുന്നതായി ഉടമ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലും അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം തൊഴിലുടമ ഫോം നമ്പർ-3-ൽ പേരുൾപ്പെടുത്തിയിട്ടുള്ള തൊഴിലാളികൾക്കാണ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നല്കിവരുന്നത്. കണയന്നൂർ ലീഗൽ സർവ്വീസസ് കമ്മിറ്റി മുമ്പാകെ ശ്രീ. ക്രിസോസ്റ്റം ഫെർണാണ്ടസ് സമർപ്പിച്ച കേസിലേയും ജില്ലാ ലേബർ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷയിലെയും തീരുമാനം വരുന്നമുറയ്ക്ക് ശ്രീ. ക്രിസോസ്റ്റം ഫെർണാണ്ടസിന്റെ അപേക്ഷയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തുടർനടപടി സ്വീകരിക്കുന്നതാണ്.

**സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം**

315 (1142) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെയും ജീവനക്കാരുടെയും മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ അടിസ്ഥാന ശമ്പളം എത്രയായി നിജപ്പെടുത്തണമെന്നായിരുന്നു സുപ്രീം കോടതി നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശ;

(സി) മിനിമം വേതനം പുതുക്കി നിശ്ചയിച്ചത് സുപ്രീംകോടതി നിയോഗിച്ച ഈ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണോ; അല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) മിനിമം വേതന ഉത്തരവിനെ ചോദ്യംചെയ്തുകൊണ്ട് ഹോസ്പിറ്റൽ മാനേജ്മെന്റുകൾ സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോ; പ്രസ്തുത ഹർജി കോടതി പരിഗണിച്ചിട്ടുണ്ടോ;

(ഇ) നിശ്ചയിച്ച മിനിമം വേതനം നഴ്സുമാർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ അടിയന്തര നടപടി കൈക്കൊള്ളുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സ്വകാര്യ ആശുപത്രി മേഖലയിലെ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് 23-4-2018-ലെ സ.ഉ. (പി)നമ്പർ 33/2018/തൊഴിൽ (എസ്.ആർ.ഒ.245/2018) നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള കമ്മിറ്റി സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ അടിസ്ഥാന ശമ്പളം എത്രയായിരിക്കണമെന്ന് ശുപാർശ ചെയ്തിട്ടില്ല. എന്നാൽ 1 മുതൽ 50 വരെ കിടക്കകളുള്ള ആശുപത്രികളിലെ നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ വേതനം 20,000 രൂപയാവണമെന്നും 51 മുതൽ 100 വരെ കിടക്കകളുള്ള ആശുപത്രികളിലെ നഴ്സുമാരുടെ വേതനം അതത് സർക്കാർ നഴ്സുമാരുടെ വേതനത്തിന്റെ 25 ശതമാനം കുറച്ച തുകയിൽ കുറയാത്തതാവണമെന്നും 101 മുതൽ 200 വരെ കിടക്കകളുള്ള ആശുപത്രികളിലെ നഴ്സുമാരുടെ വേതനം സർക്കാർ നഴ്സുമാരുടെ വേതനത്തിന്റെ 10 ശതമാനം കുറച്ച തുകയിൽ കുറയാത്തതാവണമെന്നും 200 കിടക്കകളിൽ മേലുള്ള ആശുപത്രികളിൽ സർക്കാർ നഴ്സുമാരുടെ വേതനത്തിന് തുല്യമാവണമെന്നും ശിപാർശ ചെയ്തിട്ടുണ്ട്.

(സി) സുപ്രീം കോടതി നിയോഗിച്ച കമ്മിറ്റിയുടെ നിർദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതിനായി സർക്കാർ ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിക്കുകയും ടി കമ്മിറ്റിയുടെ ശിപാർശ, സ്വകാര്യ ആശുപത്രി മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി ശിപാർശ സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകുകയും ടി കമ്മിറ്റി നൽകിയ നിർദ്ദേശത്തിന്റെയും തുടർന്ന് മിനിമം വേതന ഉപദേശക സമിതി സർക്കാരിന് നൽകിയ ഉപദേശത്തിന്റെയും അടിസ്ഥാനത്തിലാണ് മിനിമം വേതന വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(ഇ) പുതുക്കി നിശ്ചയിച്ച മിനിമം വേതനം ജീവനക്കാർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

**അസംഘടിത മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ചൂഷണം**

316 (1143) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ചൂഷണം നേരിടുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്

(ബി) സംസ്ഥാനത്ത് സ്വകാര്യമേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്കുള്ള വേതനം ബാങ്ക് വഴി നൽകുന്നതിനുള്ള നടപടിയെ തൊഴിലുടമകൾ കോടതിയിൽ ചോദ്യംചെയ്തിട്ടുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് അതിനെതിരെ തൊഴിലുടമകൾ നീങ്ങിയത്; വ്യക്തമാക്കുമോ;

(സി) വസ്തുവിപണന മേഖലയിൽ പ്രവർത്തിക്കുന്ന സെയിൽസ് മാൻ/ സെയിൽസ് ഗേൾ എന്നിവർക്ക് ഇടവേളകളിൽ ഇരിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനായി കേരള ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തൊഴിൽ ചൂഷണം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ സത്വരനടപടി സ്വീകരിക്കാറുണ്ടോ; നിയമ ലംഘനം നടത്തിയ എത്ര സ്ഥാപന ഉടമകൾക്കെതിരെ 2018-ൽ നിയമനടപടി സ്വീകരിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) ഉണ്ട്. വേതനസുരക്ഷാ പദ്ധതി ബാധകമാക്കുന്നതിനെതിരെ വിവിധ തൊഴിലുടമകൾ ഹൈക്കോടതിയെ സമീപിച്ചിരുന്നു. മത്സരാധിഷ്ഠിതമായ അന്തരീക്ഷത്തിൽ തങ്ങളുടെ ജീവനക്കാരുടെ വേതനം സംബന്ധിച്ച വിവരങ്ങൾ ചോരുകയും അത് തങ്ങളുടെ പ്രതിയോഗികളുടെ കൈവശം എത്തിച്ചേരുകയും ചെയ്യാനിടയുണ്ട് എന്ന ആശങ്കയിലാണ് തൊഴിലുടമകൾ ബഹു. ഹൈക്കോടതിയെ സമീപിച്ചത്.

(സി) വസ്തു വിപണന മേഖലകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ജോലിക്കിടയിൽ ഇരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി നൽകുന്നതിനുള്ള നിയമഭേദഗതി സർക്കാർ പരിഗണനയിലാണ്.

(ഡി) തൊഴിൽ ചൂഷണം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൻമേൽ സത്വര നടപടികൾ സ്വീകരിക്കാറുണ്ട്. 2018-ൽ നാളിതുവരെ 15705 സ്ഥാപന പരിശോധനകൾ നടത്തുകയും നിയമ ലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ 1468 പ്രോസിക്യൂഷൻ 156 ക്ലെയിം പെറ്റീഷൻ എന്നിവ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**മരംകയറ്റത്തൊഴിലാളികൾക്ക് സഹായ പദ്ധതി**

317 (1144) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂലിക്കോ പ്രതിഫലത്തിനോവേണ്ടി മരംകയറ്റ തൊഴിൽ ചെയ്യുന്നവർക്ക് തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടംമൂലം മരണം സംഭവിക്കുകയോ സ്ഥായിയായ അവശത സംഭവിക്കുകയോ ചെയ്യുകയാണെങ്കിൽ സഹായ ധനം നൽകുന്ന പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകാമോ;

(സി) മരം മുറിക്കുമ്പോൾ താഴേക്ക് വീണ എത്ര പേർക്ക് ആശ്വാസധനം നൽകാൻ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) മരത്തിൽ നിന്ന് വീണു മരിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായം വിതരണം ചെയ്യാൻ ബാക്കിയുണ്ടോയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മരംകയറ്റ തൊഴിൽ ചെയ്യുന്നവർക്ക് തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടംമൂലം മരണം സംഭവിക്കുകയാണെങ്കിൽ ആശ്രിതർക്ക് 1,00,000 രൂപ നൽകുന്നു. സ്ഥായിയായ അവശത സംഭവിച്ചാൽ 50,000 രൂപ ധനസഹായമായി അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു. കൂടാതെ മരംകയറ്റ തൊഴിൽ ചെയ്യാൻ കഴിയാതെ സ്ഥിര അവശത അനുഭവിക്കുന്നവർക്ക് 1,100 രൂപ നിരക്കിൽ പെൻഷനും നൽകി വരുന്നു.

(സി)

| നമ്പർ | ജില്ലയുടെ പേര് | ആശ്വാസ ധനം നൽകാൻ ഉള്ളവരുടെ എണ്ണം. |
|---|---|---|
| 1 | തിരുവനന്തപുരം | 10 |
| 2 | കൊല്ലം | 1 |
| 3 | പത്തനംതിട്ട | 10 |
| 4 | ആലപ്പുഴ | 1 |
| 5 | കോട്ടയം | 3 |
| 6 | ഇടുക്കി | 21 |
| 7 | എറണാകുളം | 8 |
| 8 | തൃശ്ശൂർ | 5 |
| 9 | പാലക്കാട് | 13 |
| 10 | മലപ്പുറം | 24 |
| 11 | കോഴിക്കോട് | 41 |
| 12 | വയനാട് | 34 |
| 13 | കണ്ണൂർ | 36 |
| 14 | കാസർഗോഡ് | 7 |
| | ആകെ | 214 |

(സി)

| നമ്പർ | ജില്ലയുടെ പേര് | ആശ്വാസ ധനം നൽകാൻ ഉള്ളവരുടെ എണ്ണം. |
|---|---|---|
| 1 | തിരുവനന്തപുരം | 7 |
| 2 | കൊല്ലം | 5 |
| 3 | പത്തനംതിട്ട | 3 |
| 4 | ആലപ്പുഴ | 02 |
| 5 | കോട്ടയം | 9 |
| 6 | ഇടുക്കി | 7 |
| 7 | എറണാകുളം | 2 |
| 8 | തൃശ്ശൂർ | 2 |
| 9 | പാലക്കാട് | ഇല്ല |
| 10 | മലപ്പുറം | 4 |
| 11 | കോഴിക്കോട് | 24 |
| 12 | വയനാട് | 9 |
| 13 | കണ്ണൂർ | 12 |
| 14 | കാസർഗോഡ് | 7 |
| | ആകെ | 93 |

**മിനിമം കൂലി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ**

318 (1145) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലി നയം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നോക്കുകൂലി വാങ്ങിയ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കേസ്സുകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും പരിശോധിച്ച് തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം 600 രൂപയായി നിജപ്പെടുത്തി നിശ്ചയിക്കുമെന്ന് സർക്കാർ തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകളിൽ മിനിമം കൂലി പുതുക്കുന്ന അവസരത്തിൽ സർക്കാരിന്റെ പ്രഖ്യാപിതനയം കൂടി പരിഗണിച്ച് ചർച്ചകൾ നടത്തുകയും നൽകാവുന്ന മേഖലകളിൽ കൂലി 600 രൂപയാക്കി നിജപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനമൊട്ടാകെ നോക്കുകൂലി വാങ്ങിയ 10 പരാതികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഇരുവിഭാഗം കക്ഷികളുടെയും ചർച്ച ക്രമീകരിച്ചും അനധികൃതമായി കൈപ്പറ്റിയ തുക തിരികെ വാങ്ങി നൽകി ന്യായമായ കൂലിയിൽ കയറ്റിറക്ക് തൊഴിലാളികൾ തന്നെ കയറ്റിറക്ക് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചും ഉയർന്നുവരുന്ന വിഷയങ്ങൾ പരിഹരിച്ചിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ സുരക്ഷിതത്വം**

319 (1146) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലത്തും തൊഴിലിടത്തും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ജീവിതസൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിന് ഒൻപത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ.ഉ. (സാധാ) 960/2016/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പയിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും നാളിതുവരെ 150 മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ

പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ തൊഴിൽ നിയമപ്രകാരം ഇവർക്ക് ലഭ്യമാക്കേണ്ട വേതന വ്യവസ്ഥകൾ സുരക്ഷിതത്വം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനുവേണ്ടി പരിശോധനകളും സ്പ്രാഡ്പരിശോധനകളും തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തിവരുന്നു.

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്**

320 (114) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇതുപ്രകാരം നാളിതുവരെ എത്ര ഇതര സംസ്ഥാന തൊഴിലാളികളുടെ വിശദാംശം രജിസ്റ്റർ ചെയ്യുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന രജിസ്ട്രേഷൻ നടപടികളോട് ഇതര സംസ്ഥാന തൊഴിലാളികൾ സഹകരിക്കാത്തത് എന്തുകൊണ്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) രജിസ്റ്റർ ചെയ്യാത്ത തൊഴിലാളികൾക്ക് ജോലി നൽകുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല. എൻറോൾമെന്റ് നടപടികൾ നടന്നുവരുന്നു. 31-5-2018 വരെ 267205 'ആവാസ്' ഇൻഷ്വറൻസ് കാർഡ് വിതരണം നടന്നിട്ടുണ്ട്.

(ബി) തൊഴിലാളികൾ സഹകരിക്കാത്ത സാഹചര്യം നിലവിലില്ല. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി പല മേഖലകളിലും ജോലി ചെയ്യുന്നവരെ കണ്ടെത്തി രജിസ്ട്രേഷൻ നടപടികൾ വകുപ്പുതലത്തിൽ നടത്തിവരുന്നു. ആയതിനാൽ നിർബന്ധിത രജിസ്ട്രേഷന്റെ ആവശ്യകതയുണ്ടെന്ന് കാണുന്നില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ്**

321 (1148) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ലേബർ ക്യാമ്പുകളിൽ ക്രമമായ ഇടവേളകളിൽ ആരോഗ്യ പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) പ്രസ്തുത നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ആയവ നടപ്പിലാക്കുന്നതിനും മേൽനോട്ടം നടത്തുന്നതിനുമുള്ള സംവിധാനങ്ങൾ സംസ്ഥാനത്തുടനീളം ഏർപ്പെടുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി 'ആവാസ്' ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി 31-5-2018 തീയതി വരെ കേരളത്തിൽ ജോലി ചെയ്യുന്ന 2,67,205 ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇൻഷുറൻസ് കാർഡ് നൽകിയിട്ടുണ്ട്.

(ബി&സി) സ്വീകരിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും നാളിതുവരെ 150 മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

**ആവാസ് പദ്ധതി**

322 (1149) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയിട്ടുള്ള ആവാസ് പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പദ്ധതി നടപ്പിലാക്കിയശേഷം നാളിതുവരെയായി എത്ര തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആവാസ് പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ച ആരോഗ്യ ഇൻഷുറൻസ് പദ്ധതി 'ആവാസ്' പ്രകാരം 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2017 നവംബർ 1 മുതൽ ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്.

(ബി) 31-5-2018 വരെ 2,67,205 ഇതര സംസ്ഥാന തൊഴിലാളികളെ ആവാസ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ആവാസ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. ഏതെങ്കിലും ഒരു അംഗീകൃത തിരിച്ചറിയൽ കാർഡുള്ള ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് പദ്ധതിയിൽ അംഗമാകാവുന്നതാണ്.

**ഇതര സംസ്ഥാന തൊഴിലാളികൾ**

323 (1150) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ തൊഴിൽ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതരസംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ് ; വിശദമാക്കാമോ;

(സി) ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഏതൊക്കെ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ തുടങ്ങിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 31-5-2018 തീയതി വരെ 267205 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കൂടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 30-4-2018 വരെ 55359 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. *

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേയ്ക്കായി 2010-ലെ കേരള കൂടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. ടി ക്ഷേമ പദ്ധതി പ്രകാരം ചികിത്സാസഹായം (25,000 രൂപ) ടെർമിനൽ ബെനിഫിറ്റ് (10,000 രൂപ മുതൽ 25,000 രൂപ വരെ), വിദ്യാഭ്യാസ ആനുകൂല്യം (1000 മുതൽ 3000 വരെ), അപകടമരണ ധനസഹായം (50000 രൂപ), ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം (5000 രൂപ മുതൽ 15000 രൂപവരെ), പ്രസവധനസഹായമായി മൂന്നുമാസത്തെ മിനിമം വേതനം തുടങ്ങി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്തിനുള്ളിൽവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഭൗതികശരീരം വേഗത്തിൽ നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾക്കായി ഒരു ലക്ഷം രൂപ വീതമുള്ള റിവോൾവിംഗ് ഫണ്ട് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാർക്ക് അനുവദിച്ച് തീരുമാനമെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പയിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് വിവിധ ജില്ലകളിൽ 150 മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുകയും ചെയ്തു. അപ്നാഘർ പദ്ധതിയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്നതിനായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ലാറ്റ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 44200 സ്ക്വയർ ഫീറ്റിൽ 640

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്

പേർക്ക് എല്ലാവിധ സൗകര്യമുള്ള ഹോസ്റ്റലാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. ഈ മാതൃകയിൽ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(സി) തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽപരമായി ആവശ്യമായ സഹായങ്ങൾ ഫെസിലിറ്റേഷൻ സെന്റർ മുഖേന നൽകിവരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ ലേബർ ഓഫീസർ കൺവീനറുമായും തൊഴിലുടമ പ്രതിനിധികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, ആരോഗ്യവകുപ്പ്, പോലീസ്, തദ്ദേശസ്വയംഭരണ വകുപ്പുകൾ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ അംഗങ്ങളാക്കിയും രൂപീകരിക്കുന്ന ഒരു കമ്മിറ്റിക്കാണ് ജില്ലകളിലെ ഫെസിലിറ്റേഷൻ സെന്ററുകളുടെ ചുമതല. ഹിന്ദി/ബംഗാളി ഭാഷകൾ നന്നായി എഴുതാനും വായിക്കാനും അതോടൊപ്പം മലയാളം സംസാരിക്കുവാനും കഴിവുള്ളവരെ ഫെസിലിറ്റേഷൻ സെന്ററുകളിൽ ദിവസവേതനഅടിസ്ഥാനത്തിൽ ജീവനക്കാരായി നിയമിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ജോലി, ബാങ്കിംഗ്, ആരോഗ്യ, യാത്രാ സംബന്ധമായ എല്ലാ ആവശ്യങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ട ചുമതലയാണ് ഇവർക്കുള്ളത്. സംസ്ഥാനത്ത് നിർമ്മാണ മേഖലയിൽ ജോലിക്കിടെ അപകടത്തിൽപ്പെട്ട് മരണപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ആശ്രിതർക്ക് സർക്കാർ തലത്തിൽനിന്നും ആവശ്യമായ ധനസഹായം ലഭ്യമാക്കാൻ സഹായം നൽകേണ്ട ചുമതലകൂടി ഫെസിലിറ്റേഷൻ സെന്ററുകൾക്കാണ്. അപകടങ്ങൾ സംഭവിക്കുമ്പോൾ ഫെസിലിറ്റേഷൻ സെന്ററുകളിൽ വിളിച്ചറിയിക്കാനുള്ള സൗകര്യവും ഉണ്ട്. ഫെസിലിറ്റേഷൻ സെന്ററിൽ പ്രവർത്തനം വഴി ഇതരസംസ്ഥാന തൊഴിലാളികളെ അവർക്ക് അർഹതപ്പെട്ട നിയമ പരിരക്ഷയെക്കുറിച്ച് ബോധവൽക്കരിക്കാനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കാനും ഇതരസംസ്ഥാന തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുവാനും കഴിയും.

**ഇതര സംസ്ഥാന തൊഴിലാളികൾക്കായി ക്ഷേമ പദ്ധതികൾ**

324 (1151) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതര സംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട് തൊഴിലുടമ പാലിക്കേണ്ട നിബന്ധനകൾ എന്തൊക്കെയാണ്;

(സി) ഇതര സംസ്ഥാന തൊഴിലാളികളെ വാടക വീടുകളിൽ താമസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിലേയ്ക്കാവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി 'ആവാസ്' നടപ്പിലാക്കിയിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പയിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് വിവിധ ജില്ലകളിൽ 150 മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുകയും ചെയ്തു. 2018-19 സാമ്പത്തിക വർഷം 10 കോടി രൂപ ആവാസ് പദ്ധതിക്ക് അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഭൗതികശരീരം വേഗത്തിൽ നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾക്കായി 1 ലക്ഷം രൂപ വീതമുള്ള റിവോൾവിംഗ് ഫണ്ട് ജില്ലാ ലേബർ ഓഫീസർമാർക്ക് (എൻഫോഴ്സ്മെന്റ്) അനുവദിച്ചുകൊണ്ട് തീരുമാനമെടുത്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കായുള്ള 'അപ്നാഘർ' പദ്ധതിയിൻകീഴിൽ പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ഫ്ലാറ്റ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 44200 സ്ക്വയർ ഫീറ്റിൽ 640 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. ഈ മാതൃകയിൽ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽപരമായി ആവശ്യമായ സഹായങ്ങൾ നൽകുവാൻ ഫെസിലിറ്റേഷൻ സെന്ററുകൾ 'ശ്രമിക് ബന്ധു' തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനംവഴി ഇതര സംസ്ഥാന തൊഴിലാളികളെ അവർക്ക് അർഹതപ്പെട്ട നിയമ പരിരക്ഷയെക്കുറിച്ച് ബോധവൽക്കരിക്കാനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കാനും ഇതര സംസ്ഥാന തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുവാനും കഴിയും.

(ബി) അഞ്ചോ അതിലധികമോ ഇതര സംസ്ഥാന തൊഴിലാളികളെ ജോലി ചെയ്യിക്കുകയാണെങ്കിൽ 1979-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമപ്രകാരം പ്രിൻസിപ്പൽ എംപ്ലോയർ രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും നേടേണ്ടതുണ്ട്.

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസൗകര്യവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## 1986 -ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം

325 (1152 ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം സംസ്ഥാനത്ത് കർശനമായി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള 14 വയസ്സിൽ താഴെയുള്ള കുട്ടികൾ സംസ്ഥാനത്തെ ഹോട്ടലുകളിലും പലഹാര നിർമ്മാണ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബാലവേലക്കെതിരെ പ്രചരണപരിപാടികൾ സംഘടിപ്പിക്കുന്നതിനും നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം അനുസരിച്ച് 14 വയസ്സിന് താഴെയുള്ള കുട്ടികളെ ജോലിക്ക് നിയോഗിക്കുന്നതായി കണ്ടെത്തിയാൽ തൊഴിലുടമയ്ക്ക് എതിരെ പ്രസ്തുത നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ടി നിയമപ്രകാരം 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ 1339 പരിശോധനകൾ നടത്തുകയും 5 പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ബാലവേല പൂർണ്ണമായും നിർത്തലാക്കുന്നതിന് സാധിച്ചിട്ടില്ല എങ്കിലും ബാലവേലയുടെ തോത് ക്രമാനുഗതമായി കുറഞ്ഞുവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സ്ഥാപന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സ്വീകരിച്ചുവരുന്നുണ്ട്.

## ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് നടപടി

326 (1153) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്വകാര്യ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ഇവർക്ക് ചികിത്സ ലഭ്യമാക്കുന്നതിനായി സ്വകാര്യ ആശുപത്രികളുമായി എന്തൊക്കെ കരാറുകളാണ് ഉണ്ടാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഇ.എസ്.ഐ.യുടെ കീഴിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സ.ഉ.(എം.എസ്)നമ്പർ 75/2017/തൊഴിൽ, തീയതി 15-9-2017 പ്രകാരം പുതുതായി 18 ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള 9 ഇ.എസ്.ഐ. ആശുപത്രികളും 143 ഇ.എസ്.ഐ. ഡിസ്പെൻസറികളും നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് നിയമിച്ച മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ സ്ഥാപനങ്ങളിലും ടി സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റിയും പുതുതായി രൂപീകരിച്ചിട്ടുണ്ട്. മാത്രവുമല്ല ഇ.എസ്.ഐ. ആശുപത്രികളിലെ പരാതിപരിഹാരസെൽ പുനസംഘടിപ്പിച്ചിട്ടുമുണ്ട്.

സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു. മേജർ ഡിസ്പെൻസറികൾക്കായി 40 ഇ.സി.ജി. മെഷീനുകളും മറ്റ് ഉപകരണങ്ങളും നൽകിയിട്ടുണ്ട്. മെഡിക്കൽ ക്ലെയിമുകളുടെ അപേക്ഷകൾ യഥാസമയം അനുവദിക്കുന്നതിനായി ഡിസ്പെൻസറികൾക്ക് ഇന്റർനെറ്റ് സൗകര്യവും കമ്പ്യൂട്ടറുകളും നൽകിക്കഴിഞ്ഞു. ടോക്കൺ സിസ്റ്റം നിലവിലില്ലാത്ത ഇ.എസ്.ഐ. ആശുപത്രികളിലും

തിരക്കേറിയ 50 ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ടോക്കൺ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഫീഡിംഗ് ഡിസ്പെൻസറികളിൽ നിന്നും ആശുപത്രി ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് 5 ദിവസത്തേയ്ക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇ.എസ്.ഐ. ആശുപത്രികളിൽ ഫാർമസി ഔട്ട് ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആശുപത്രികളിലും ഡിസ്പെൻസറികളിലുമായി അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടേക്ലേവ് മെഷീൻ, ഒ.ടി.ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ മൾട്ടിപാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫറോക്ക് ഇ.എസ്.ഐ. ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എറണാകുളം ഇ.എസ്.ഐ. ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് ഓൺലൈൻവഴി നൽകുന്നുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖമുള്ള രോഗികൾക്ക് റേറ്റ് കോൺട്രാക്ട് മുഖേനയും കമ്പ്ലീഷൻ വഴിയും മരുന്ന് വിതരണം ചെയ്യുന്നു. ഡിസ്പെൻസറികൾക്കും ആശുപത്രികൾക്കും ആവശ്യമായ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങുന്നുണ്ട്. പത്ത് ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഭക്ഷണത്തിനുവേണ്ടി ഹരിത മിഷനുമായി ചേർന്ന് ആശുപത്രികളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു. കൂടാതെ 2017-18 പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ താഴെകൊടുക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

- സീനിയർ റസിഡന്റ്സ്, ഫാർമസിസ്റ്റ് നിയമനം
- ലബോറട്ടറി നവീകരണം
- 8 ഡിസ്പെൻസറികളെ 6 കിടക്കകളുള്ള ഡേ കെയർ സെന്ററുകളായി ഉയർത്തുക
- ആംബുലൻസ് സംവിധാനം
- മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

- പാലക്കാട്, ഫറോക്ക്, ആലപ്പുഴ ഇ.എസ്.ഐ. ആശുപത്രികളിൽ ആയുഷ് യൂണിറ്റ്
- VIBGYOR പവർ ലോൺട്രി
- ഫറോക്ക്, പേരൂർക്കട ഇ.എസ്.ഐ. ആശുപത്രികളിൽ കീമോ തെറാപ്പി യൂണിറ്റ്
- ഫ്രണ്ട് ഓഫീസും സൈൻ ബോർഡുകളും
- ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി.

സ്പെഷ്യലിസ്റ്റുകളുടെ ഒഴിവ് നികത്തുന്നതിനായി സെൻട്രൽ സോണിലും നോർത്ത് സോണിലും ഇന്റർവ്യൂ നടത്തുകയും 3 സ്പെഷ്യലിസ്റ്റുമാരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ക്വാട്ടയിൽ പി.ജി. പൂർത്തിയാക്കിയിട്ടുള്ള 7 ഡോക്ടർമാരെ ആശുപത്രികളിൽ നിയമിച്ചിട്ടുണ്ട്.

ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് 39 സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ആശുപത്രികളിൽ ഉച്ചയ്ക്ക് ശേഷവും ലാബുകളുടെ പ്രവർത്തനത്തിനായി സ്വകാര്യ ലാബുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കാനായി ഇ.എസ്.ഐ. കോർപ്പറേഷൻ നേരിട്ട് 50 സ്വകാര്യ/പൊതുമേഖലാ ആശുപത്രികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് 39 സ്വകാര്യ ആശുപത്രികളുമായി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പ് ഡയറക്ടർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പണം നൽകാതെ കാൻസർ ചികിത്സ ലഭ്യമാക്കാനായി മലബാർ കാൻസർ സെന്റർ, റീജിയണൽ കാൻസർ സെന്റർ എന്നീ ആശുപത്രികളുമായും കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി &ഡി) ഇത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിലില്ല.

**ഇ.എസ്.ഐ. നിയമനം**

327 (1154) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി ഏതെങ്കിലും വില്ലേജുകൾ ഇ.എസ്.ഐ. നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര വില്ലേജുകളാണ് ഇ.എസ്.ഐ. നിയമത്തിന്റെ പരിധിയിൽ വരുന്നത്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ആകെ എത്ര തൊഴിലാളികളാണ് ഇ.എസ്.ഐ. നിയമത്തിന്റെ പരിധിയിൽ വരുന്നത്; മേഖല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) 1-2-2017 മുതൽ ഇ.എസ്.ഐ പദ്ധതി സംസ്ഥാന വ്യാപകമാക്കിയിട്ടുണ്ട്. ആയതിനാൽ നിലവിൽ സംസ്ഥാനത്തെ എല്ലാ വില്ലേജുകളും ഇ.എസ്.ഐ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) 31-3-2017-ലെ കണക്കുപ്രകാരം 929160 തൊഴിലാളികൾ ഇ.എസ്. ഐ. നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്. റീജിയണൽ/സബ് റീജിയണൽ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഒഡേപെക് വഴി വിദേശ രാജ്യങ്ങളിലെ ജോലി**

328 (1155) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒഡേപെക് വഴി വിദേശ രാജ്യങ്ങളിലെ ജോലിക്കായി എത്ര പേർക്ക് അവസരം ലഭിച്ചു എന്ന് അറിയിക്കുമോ;

(ബി) ഒഡേപെകിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 955 പേർ ഒഡേപെക് വഴി വിദേശത്ത് തൊഴിൽ നേടിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വിദേശനിയമനരംഗത്ത് ഒഡേപെക് കൂടുതലും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് ഗൾഫ് രാജ്യങ്ങളായ സൗദി അറേബ്യ, ഒമാൻ, യു.എ.ഇ. എന്നിവിടങ്ങളിലെ ആരോഗ്യമേഖലയിലാണ്. സമീപകാലത്ത് മാത്രമാണ് യൂറോപ്യൻ രാജ്യങ്ങളായ

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്

യുണൈറ്റഡ് കിംഗ്ഡം, അയർലണ്ട് എന്നിവിടങ്ങളിലേക്ക് നിയമനം ആരംഭിച്ചത്. കൂടുതൽ മേഖലകളിലേക്കും മറ്റ് ഏഷ്യൻ-യൂറോപ്യൻ രാജ്യങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിദേശനിയമനം കൂടാതെ മറ്റ് മേഖലകളിലെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും ആലോചിക്കുന്നുണ്ട്.

**നോക്കുകൂലി നിരോധനം**

329 (1156) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോക്കുകൂലി നിരോധിച്ചതിനു ശേഷം റിപ്പോർട്ട് ചെയ്തിട്ടുള്ള നോക്കുകൂലി കേസുകളെത്ര;

(ബി)ഈ കേസുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) നോക്കുകൂലിക്കെതിരായി ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ പരാതിയിന്മേൽ സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലും മലപ്പുറം ജില്ലയിലും ഓരോ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ ജില്ലാ ലേബർ ഓഫീസർ ഇടപെട്ട് നോക്കുകൂലി ഇനത്തിൽ വാങ്ങിയ തുക തിരികെ വാങ്ങി തൊഴിലുടമയ്ക്ക് നൽകിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഒരു പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ലേബർ ഓഫീസർ പരാതിക്കാരനെ വിളിച്ചെങ്കിലും പരാതി ഇല്ലെന്ന് പരാതിക്കാരൻ അറിയിക്കുകയാണ് ഉണ്ടായത്.

(സി) എറണാകുളം ജില്ലയിൽ പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) എറണാകുളം ജില്ലാ ലേബർ ഓഫീസർ തൊഴിലുടമ, യൂണിയൻ പ്രതിസന്ധികൾ എന്നിവരുമായി നടത്തിയ ചർച്ചയിൽ നോക്കുകൂലി വാങ്ങുന്നില്ലെന്ന് യൂണിയൻ പ്രതിനിധികൾ അറിയിച്ചു. പൈപ്പുകൾ, മെഷിനറീസ് ഉപകരണങ്ങൾ എന്നിവ ക്രെയിനും മറ്റ് ലിഫ്റ്റിംഗ് ഉപകരണങ്ങളും ഉപയോഗിച്ച് ലോഡിംഗ്

ആൻഡ് അൺലോഡിംഗ് ചെയ്യുന്നതിന് തടസ്സമുണ്ടാക്കുന്നതല്ലെന്നും, മാൻപവർ ഉപയോഗിച്ച് ചെയ്യാവുന്ന ജോലികൾ ഏതൊക്കെയാണെന്ന് പരിശോധിച്ച് നിശ്ചയിക്കുന്നതിനും ആയതിന് കൂലി നിജപ്പെടുത്തുന്നതിനും ഇത് സംബന്ധിച്ച് എടുക്കുന്ന എല്ലാ തീരുമാനങ്ങളും ഹൈക്കോടതിയിൽ നിലവിലുള്ള WP(C) 15756/18-ന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിലായിരിക്കുമെന്നും ടി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

**രാത്രികാലത്ത് പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ**

330 (1157) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാലത്ത് വാണിജ്യസ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ അനുവദിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഈ നിർദ്ദേശം നടപ്പാക്കുന്നത് സംബന്ധിച്ച് കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

(ബി) നിലവിൽ രാത്രികാലത്ത് തുറന്ന്പ്രവർത്തിക്കുന്ന ചെറുകിട മെഡിക്കൽ സ്റ്റോറുകൾ, ടീ ഷോപ്പുകൾ എന്നിവയ്ക്കുനേരെ പോലീസ് നിരന്തരമായ ഭീഷണി മുഴക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങൾക്ക് സംരക്ഷണം നൽകാൻ നിയമഭേദഗതി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

ഉത്തരം

(എ) രാത്രി കാലത്ത് വാണിജ്യ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലില്ല.

(ബി) രാത്രികാലത്ത് തുറന്നുപ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നേരെ പോലീസ് ഭീഷണിമുഴക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തൊഴിൽ നൈപുണ്യ വികസനം**

331 (1158) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കൾക്ക് തൊഴിൽ നൈപുണ്യം നൽകുന്നതിന്എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതികൾ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൊഴിൽ നൈപുണ്യം നൽകുന്നതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ.

1. സെന്റർ ഓഫ് എക്സെലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)

- നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)

  നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു.

- സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി (CATS)

  സെക്യൂരിറ്റി മേഖലയിൽ നൈപുണ്യ വികസനത്തിനായി ഡൽഹി ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന Pragmatic Educational Society യുമായി സഹകരിച്ച് CATS (Centre for Advanced Training in Security) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു.

- എൻലൈറ്റെൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ ആൻഡ് റിഗ് (ESPOiR)

  ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ ESPOiR (Enlighten Skills Program for Oil & Rig) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു.

- സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആൻഡ് ടീച്ചർ ട്രെയിനിംഗ് (CRETT)

  സദ്ഭാവന ഗ്രൂപ്പുമായി സഹകരിച്ച് ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT (Centre for Research in Education and Teacher Training) കോഴിക്കോട് ജില്ലയിലെ വെള്ളിപറമ്പിലെ സദ്ഭാവന ക്യാമ്പസിൽ പ്രവർത്തിച്ചുവരുന്നു.

- <u>സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (CEED)</u>

  ഐ.ടി. ഇതര മേഖലകളിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള പരിശീലനം നൽകുന്നതിനായി Entrepreneurship Development Institute of India (EDI), Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് CEED (Centre of Excellence in Entrepreneurship Development) എന്ന പേരിൽ മികവിന്റ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു.

- <u>KASE ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാഡമി (KGNLA)</u>

  എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമാണ് KASE- Global Nursing Leadership Academy (KGNLA)

2. <u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC)</u>

   കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്തുന്നതിനായി കൊല്ലം ജില്ലയിലെ ചവറയിൽ പ്രവർത്തന സജ്ജമാകുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ അക്കാഡമി (IIIC) യുടെ ആദ്യഘട്ട നിർമ്മാണപ്രവർത്തനങ്ങളുടെ ഭാഗമായി 192000 ചതുരശ്രയടിയുള്ള അക്കാഡമിക് ബ്ലോക്കിന്റെയും 240 പേരെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന ഹോസ്റ്റൽ ബ്ലോക്കിന്റെയും നിർമ്മാണം പൂർത്തിയായി. IIIC പ്രവർത്തനസജ്ജമാക്കുന്നതിനുവേണ്ടി Uralungal Labour Contract Co-operative Society Ltd.-നെ Skilling Partner ആയി തെരഞ്ഞെടുക്കുകയും 30-5-2018-ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. ജൂലൈ മാസത്തോടുകൂടി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

3. <u>കൗശൽ കേന്ദ്രങ്ങൾ</u>

   നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള ലോകോത്തര നിലവാരം പുലർത്തുന്ന സ്ഥാപനമാണ് കൗശൽ കേന്ദ്ര. കൊല്ലം ജില്ലയിലെ ചവറ, കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറ, പാലക്കാട് ജില്ലയിലെ കൂറ്റനാട് എന്നിവിടങ്ങളിൽ കൗശൽ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചു.

4. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

ഡിസൈൻ മേഖലയിൽ സർഗ്ഗശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID) എന്ന സ്ഥാപനം കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്നു.

5. അക്രഡിറ്റേഷൻ

ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം ലഭ്യമാക്കുന്ന സ്ഥാപനങ്ങൾക്ക് KASE-ന്റെ അക്രഡിറ്റേഷൻ നൽകുന്നു. ഇത്തരത്തിൽ Banking and Finance, Scientific Electrolysis, Hi Tech Automation, Petroleum, Beauty & Wellness, Tourism & Hospitality, Multi Media and Animation, Physiotherapy, Ayurveda, Marine Architecture Design, Engineering എന്നീ മേഖലകളിൽ KASE അക്രഡിറ്റേഷൻ നൽകിയിട്ടുണ്ട്. നിലവിൽ 17 സ്ഥാപനങ്ങൾ വഴി 15 വ്യത്യസ്ത മേഖലകളിൽ 52 അക്രഡിറ്റഡ് കോഴ്സുകൾ നടന്നുവരുന്നു.

6. എംപ്ലോയബിലിറ്റി സെന്ററുകൾ

തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കാസർഗോഡ് ജില്ലയിൽ എംപ്ലോയബിലിറ്റി സെന്റർ ജൂൺ മാസം പ്രവർത്തനം ആരംഭിക്കുന്നതാണ്.

7. കരിയർ ഡെവലപ്മെന്റ് സെന്റർ (CDC)

തൊഴിൽ അന്വേഷകർക്ക് നിശ്ചിത പ്രായപരിധിക്കകം അഭിരുചിയുള്ള കോഴ്സുകളിൽ പ്രവേശനം നേടുകയും യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കരിയർ ഡവലപ്മെന്റ് സെന്ററിന്റെ സുപ്രധാന ലക്ഷ്യം. കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മായി സഹകരിച്ചുകൊണ്ട് കേരളത്തിലെ വിവിധ ജില്ലകളിൽ കരിയർ ഡവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചു വരുന്നു.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും കരിയർ ഡവലപ്മെന്റ് സെന്റർ പ്രവർത്തിച്ചുവരുന്നു.

വെബ് അധിഷ്ഠിത ജോബ് പോർട്ടൽ പദ്ധതി

നൈപുണ്യ വികസനം നേടിയിട്ടുള്ള തൊഴിൽ അന്വേഷകർക്കും തൊഴിൽ ദാതാക്കൾക്കും ഒരുപോലെ ഉപയോഗപ്രദമാകത്തക്ക രീതിയിൽ ആരംഭിക്കുന്ന വെബ് അധിഷ്ഠിത ജോബ് പോർട്ടൽ പദ്ധതി നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി 31-3-2018-ൽ KELTRON-മായി ധാരണാപത്രം ഒപ്പിട്ടു. ജോബ് പോർട്ടലിന്റെ ഔദ്യോഗിക ഉത്ഘാടനം ജൂൺ ആദ്യവാരം നടക്കുന്നതാണ്.

പ്രധാൻമന്ത്രി കൗശൽ വികാസ് യോജന PMKVY (2016-20)

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രാധാൻമന്ത്രി കൗശൽ വികാസ് യോജന PMKVY (2016-2020) യുടെ Centrally Sponsored State Managed (CSSM) നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയായി സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE-നെ നിയോഗിച്ചിട്ടുണ്ട്. 2020-ഓടുകൂടി 71450 യുവജനങ്ങളെ പരിശീലിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ഇതിലേക്കായി 110 കോടി രൂപ വകയിരുത്തുകയും ചെയ്തു. പദ്ധതി നടത്തിപ്പിനായി 23 Govt. ITI-കളെ തെരഞ്ഞെടുത്തു. കൂടാതെ കൂടുതൽ പരിശീലന പങ്കാളികളെ കണ്ടെത്തുന്നതിനായി ഒരു Expression of Interest ക്ഷണിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) നൈപുണ്യ വികസന പദ്ധതികളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേയ്ക്കായി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിനെ സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷനായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

**സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം പദ്ധതി**

332 (1159) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വളർത്തുന്നതിന് ഉതകുന്ന സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പരിശീലനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ അടങ്ങുന്ന ഡേറ്റാ ബാങ്ക് തൊഴിൽദാതാക്കൾക്ക് നേരിട്ട് ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ പദ്ധതിയിലൂടെ ഇതുവരെ എത്രപേർക്ക് ഇതിനകം തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) തൊഴിൽ ദാതാക്കളെയും തൊഴിൽ അന്വേഷകരെയും ബന്ധപ്പെട്ട മറ്റ് സേവന ദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുവാനും ഏകോപിപ്പിക്കുന്നതിനുമായി വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തികൊണ്ടുള്ള സ്റ്റേറ്റ് ജോബ് പോർട്ടൽ എന്ന ഒരു സംവിധാനം ജൂൺ ആദ്യവാരം പ്രവർത്തനസജ്ജമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

**സ്കിൽ മിഷന്റെ പ്രവർത്തനം**

333 (1160) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കിൽ മിഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശം എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഇതിലേക്കായി രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ സ്ഥാപനങ്ങൾ വഴി ഉദ്യോഗാർത്ഥികൾക്ക് ഏതൊക്കെ തരത്തിലുള്ള സേവനമാണ് ഉദ്ദേശിക്കുന്നതെന്നും ഇതുവരെ എത്രപേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) കരകൗശല മേഖലയിലും മറ്റ് പരമ്പരാഗത തൊഴിൽ മേഖലയിലും വൈദഗ്ധ്യ വികസനത്തിനായി പദ്ധതിയുണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) മിനിസ്ട്രി ഓഫ് സ്കിൽ ഡവലപ്മെന്റ് ആന്റ് എന്റർപ്രെണേർഷിപ്പ് ലോക ബാങ്കിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷന്റെ ഭാഗമാകുന്നതിനായി സംസ്ഥാന സർക്കാരുകൾ പാലിക്കേണ്ട

വ്യവസ്ഥകളിൽ ഒന്നായി നിർദ്ദേശിച്ചിരുന്നത് സംസ്ഥാനത്തെ നൈപുണ്യ വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി എല്ലാ സംസ്ഥാനങ്ങളും സംസ്ഥാന നൈപുണ്യ വികസന മിഷനുകൾ രൂപീകരിക്കുക എന്നുള്ളതാണ്.

(ബി) ഇതിലേയ്ക്കായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ (KASE) സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിട്ടുണ്ട്.

(സി) നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന നൈപുണ്യ വികസന പദ്ധതികളുടെ നടത്തിപ്പിന്റെ ഏകോപനമാണ് സംസ്ഥാന നൈപുണ്യ വികസന മിഷന്റെ ഒരു പ്രധാന കർത്തവ്യം. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് വഴി നഴ്സിംഗ്, ഓയിൽ ആൻഡ് റിഗ്, സെക്യൂരിറ്റി, ടീച്ചർ ട്രെയിനിംഗ്, എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ്, ബ്യൂട്ടി ആൻഡ് വെൽനെസ്സ്, ബാങ്കിങ് ഫൈനാൻസ് ആൻഡ് ഇൻഷുറൻസ്, ഇൻഡസ്ട്രി ഓട്ടോമേഷൻ ആയുർവേദ, ഹോസ്പിറ്റാലിറ്റി, മൾട്ടിമീഡിയ ആൻഡ് ആനിമേഷൻ എഞ്ചിനീയറിംഗ്, സ്പോർട്സ് മാനേജ്മെന്റ്, ലൈഫ് സ്കിൽസ് ട്രെയിനിംഗ്, സിവിൽ മെക്കാനിക്കൽ കൃ എ, കൃ സി എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ അക്രഡിറ്റേഷൻ പ്രോഗ്രാം എന്നിവ മുഖേനയും കൗശൽ കേന്ദ്ര, എംപ്ലോയബിലിറ്റി സെന്ററുകൾ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്നിവ മുഖേനയും നൈപുണ്യ പരിശീലനം നൽകിവരുന്നു. ടി പരിശീലന പദ്ധതികൾ മുഖേന 142560 പേർക്ക് നൈപുണ്യ പരിശീലനവും 83905 പേർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തു.

(ഡി) നിലവിൽ ഈ മേഖലകളുമായി ബന്ധപ്പെട്ട പരിശീലന പദ്ധതികൾ ഒന്നുംതന്നെ KASE നടപ്പാക്കിയിട്ടില്ല.

## സ്ത്രീകളുടെ തൊഴിൽ നൈപുണ്യ വികസനത്തിനായുള്ള പദ്ധതികൾ

334 (1161) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീകളുടെ തൊഴിൽ നൈപുണ്യവികസനത്തിനായി സംസ്ഥാനത്ത് പ്രത്യേക സംവിധാനങ്ങളോ പദ്ധതികളോ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാമാണ്; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

സ്ത്രീകളുടെ തൊഴിൽ നൈപുണ്യ വികസനത്തിനായി, സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് കുടുംബശ്രീയുമായി സഹകരിച്ച് Homestay, Driving, Geriatric Care എന്നീ മേഖലകളിൽ നൈപുണ്യ പരിശീലനം നൽകുന്നതിന് ധാരണയായിട്ടുണ്ട്.

ആദ്യഘട്ടത്തിൽ Driving, Geriatric Care എന്നിവയിൽ നൈപുണ്യ പരിശീലനം നടന്നവരുന്നു. Homestay-ൽ നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത്തെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് കൈത്തൊഴിൽ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, ചെറുകിട ഉപകരണ നിർമ്മാണം എന്നിവയിൽ വിദഗ്ധ പരിശീലനം നൽകുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.**

335 (1162) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്തെ കരിമ്പുഴ കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ. ടി. ഐ. നവീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഐ. ടി. ഐ.യ്ക്ക് സ്വന്തമായി ഭൂമി ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) എലുമ്പുലാശ്ശേരി ഐ.ടി.ഐ.-യുടെ പ്രവർത്തനത്തിനായി 8 തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഒറ്റപ്പാലം എം.എൽ.എ. ആയിരുന്ന ശ്രീ. എം.ഹംസ അവർകളുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ എലുമ്പുലാശ്ശേരി ഐ.ടി.ഐ.യിൽ ഉപകരണ സംഭരണത്തിനായി ആകെ 43,10,400 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) എലുമ്പുലാശ്ശേരി ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ അധീനതയിൽ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള ഒറ്റപ്പാലം താലൂക്കിൽ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ടതും ഒഴിഞ്ഞുകിടക്കുന്നതുമായ ഭൂമിയിൽനിന്നും 2 ഏക്കർ സ്ഥലം വകുപ്പിന് ഉപയോഗാനുമതി നൽകുന്നതിന് ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം-1-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം വകുപ്പിന് ലഭ്യമാക്കണമെന്നഭ്യർത്ഥിച്ച് പാലക്കാട് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് ഉപയോഗാനുമതി നൽകുന്നത് സംബന്ധിച്ച് ജലസേചന വകുപ്പ് ലഭ്യമാക്കിയ കരാറുടമ്പടിയുടെ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

**ഐ.ടി.ഐ.-കളുടെ നവീകരണം**

336 (1163) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഐ.ടി.ഐ.-കളാണ് കിഫ്ബി മുഖേന നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഐ.ടി.ഐ.യുടെ നവീകരണത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന 9 പുതിയ ഐ.ടി.ഐ.-കൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

1. പേരാമ്പ്ര (കോഴിക്കോട്)
2. പെരുമാട്ടി (പാലക്കാട്)
3. വാമനപുരം (തിരുവനന്തപുരം)
4. ചടയമംഗലം (കൊല്ലം)
5. കൊട്ടാരക്കര (കൊല്ലം)
6. പിണറായി (കണ്ണൂർ)
7. ചാത്തമംഗലം (കോഴിക്കോട്)
8. പടിയൂർ (കണ്ണൂർ)
9. കോടോം-ബേളൂർ (കാസർഗോഡ്)

(ബി) ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐ.-കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി ഉയർത്തുന്നതിലേയ്ക്കായി ആകെ 228,92,31,600 രൂപയ്ക്ക് ഭരണാനുമതി

നൽകിയിട്ടുണ്ട്. അന്താരാഷ്ട്ര എന്നത് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ M/s. KASE നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത DPR കിഫ്ബിയുടെ മുൻപാകെ സമർപ്പിച്ച് അംഗീകാരം ലഭിച്ച് ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ടി ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

(സി) അരീക്കോട് ഐ.ടി.ഐ.-യിൽ ഓഫീസ് റൂം കമ്പ്യൂട്ടർ റൂം, ക്ലാസ്സ് റൂം എന്നിവയുടെ ഫ്ലോറിംഗ് വർക്കുകൾക്ക് ആകെ 7,10,000 രൂപയും ഓഫീസ് പാർട്ടീഷൻ വർക്കുകൾക്ക് 3,97,315 രൂപയും ടോയ്ലെറ്റ് ബ്ലോക്ക് നിർമ്മാണത്തിന് 6,30,000 രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

**ഐ.ടി.ഐ.-കളിലെ കോഴ്സുകൾ**

337 (1164) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയകാല തൊഴിൽ സാഹചര്യങ്ങളും സാധ്യതകളും പരിഗണിച്ച് ഐ.ടി.ഐ.-കളിലെ കോഴ്സുകൾ പുനസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ യെന്ന് വിശദമാക്കാമോ;

(ബി) ആവശ്യമായ സ്ഥലസൗകര്യമുള്ള ഐ.ടി.ഐ.കളിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഐ.ടി.ഐ.-കളിൽ നിലവിലുള്ള കോഴ്സുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലാണ് (CTS) നടത്തപ്പെടുന്നത്. ഈ സ്കീമിനുകീഴിലുള്ള കോഴ്സുകളും ആയതിന്റെ സിലബസുകളും തയ്യാറാക്കുന്നതും കാലോചിതമായി പരിഷ്കരിക്കുന്നതും ന്യൂഡൽഹിയിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ്. കോഴ്സുകൾ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് പരിഷ്കരിക്കുന്നത് അനുസരിച്ച് സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ കോഴ്സുകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

കൂടാതെ കാലഹരണപ്പെട്ടതും തൊഴിൽസാധ്യത കുറഞ്ഞതുമായ കോഴ്സുകൾ നിർത്തലാക്കി പകരം നൂതനവും തൊഴിൽസാധ്യത കൂടിയതുമായ ട്രേഡുകൾ വകുപ്പിൽ ആരംഭിക്കുന്നതിന് കാലാകാലങ്ങളിൽ നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) ട്രേഡുകൾ ആരംഭിക്കുന്നതിന് ഡി.ജി.റ്റി. നിബന്ധനകൾ പ്രകാരമുള്ള സ്ഥലസൗകര്യം (തിയറി ക്ലാസ്സ് റൂം, വർക്ക്ഷോപ്പ്) എന്നിവ ലഭ്യമാകുന്നപക്ഷം സാധ്യതപഠനം നടത്തി ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

(സി) ചാത്തമംഗലം ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ/സിവിൽ, സർവ്വേയർ എന്നീ ട്രേഡുകളിലാണ് നിലവിൽ പരിശീലനം നൽകിവരുന്നത്. ടി ഐ.ടി.ഐ.-യിൽ പുതുതായി ട്രേഡ് ആരംഭിക്കുന്നതിന് ശിപാർശ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**റാന്നി സർക്കാർ ഐ.ടി.ഐ.**

338 (1165) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി സർക്കാർ ഐ.ടി.ഐ. പ്രവർത്തനം ആരംഭിച്ചതെന്നാണെന്നും ഏതൊക്കെ കോഴ്സുകളാണ് ഇവിടെ ഉള്ളതെന്നും നിലവിൽ ഐ.ടി.ഐ. പ്രവർത്തിക്കുന്നത് എവിടെയാണെന്നും വിശദമാക്കാമോ;

(ബി) റാന്നി സർക്കാർ ഐ.ടി.ഐ.യ്ക്കായി ഉതിമൂടിലെ സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിൽ എന്നാണ് സ്ഥലം ഏറ്റെടുത്തതെന്നും എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തതെന്നും വിശദമാക്കാമോ;

(സി) റാന്നി സർക്കാർ ഐ.ടി.ഐ. യ്ക്കായി പുതിയ കെട്ടിടം നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടെങ്കിൽ അതെന്താണെന്നും തടസ്സം നീക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2011 ആഗസ്റ്റ് മാസം മുതൽ റാന്നി ഐ.ടി.ഐ.-യുടെ പ്രവർത്തനം ആരംഭിച്ചു. ഡ്രാഫ്റ്റ്സ്മാൻ, സിവിൽ, ഇലക്ട്രോണിക്സ് മെക്കാനിക് (2 യൂണിറ്റ് വീതം) എന്നീ ട്രേഡുകളിലാണ് പരിശീലനം നൽകുന്നത്. നിലവിൽ റാന്നി പഞ്ചായത്ത് ലഭ്യമാക്കിയ താൽക്കാലിക സംവിധാനത്തിലാണ് ഐ.ടി.ഐ. പ്രവർത്തിക്കുന്നത്.

(ബി) റാന്നി താലൂക്കിൽ റാന്നി വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ റീ-സർവ്വേ നമ്പർ 534-ൽ പെട്ട ജലവിഭവ വകുപ്പിന്റെ കൈവശത്തിലുള്ള (പി.ഐ.പി. ലാന്റ്) 74.90 ആർ സ്ഥലം ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി 1-12-2016-ൽ ഏറ്റെടുത്തിട്ടുണ്ട്.

(സി) വകുപ്പിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കെല്ലാം അന്താരാഷ്ട്ര നിലവാരം ഉണ്ടാകണമെന്ന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഈ മാനദണ്ഡം അനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വാഴക്കാട് ഐ.ടി.ഐ.**

339 (1166) ശ്രീ .ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ വാഴക്കാട്ട് ഐ.ടി.ഐ. ആരംഭിക്കുന്നതിന് വേണ്ടി മുൻസർക്കാർ അനുമതി നൽകിയിട്ടും ഇത് വരെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) വാഴക്കാട് ഗ്രാമപഞ്ചായത്ത് പ്രസ്തുത ഐ.ടി.ഐ.-ക്ക് സ്ഥലം വിട്ടുനൽകാൻ സന്നദ്ധത അറിയിക്കുകയും തദ്ദേശ സ്വയം ഭരണവകുപ്പ് അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടും കോഴ്സുകൾ അനുവദിച്ച് ഐ.ടി.ഐ. പ്രവർത്തനം തുടങ്ങുന്നതിനുള്ള തടസ്സം എന്തെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 9 ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഐ.ടി.ഐ. | ജില്ല | അനുവദിച്ച വർഷം |
|---|---|---|---|
| 1 | പേരാമ്പ്ര | കോഴിക്കോട് | 2016 |
| 2 | ചടയമംഗലം | കൊല്ലം | 2017 |
| 3 | വാമനപുരം | തിരുവനന്തപുരം | 2017 |
| 4 | പെരുമാട്ടി | പാലക്കാട് | 2017 |
| 5 | പിണറായി | കണ്ണൂർ | 2017 |
| 6 | കൊട്ടാരക്കര | കൊല്ലം | 2017 |
| 7 | കോടോം- ബേളൂർ | കാസർഗോഡ് | 2017 |
| 8 | ചാത്തമംഗലം | കോഴിക്കോട് | 2017 |
| 9 | പടിയൂർ | കണ്ണൂർ | 2017 |

(ബി&സി) വാഴക്കാട് ഐ.ടി.ഐ.യിൽ ട്രേഡുകളും തസ്തികകളും അനുവദിക്കുന്ന വിഷയം 2018-19 ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

**കൽപ്പറ്റ ഗവ.ഐ.ടി.ഐ.**

340 (1167) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ ഗവ.ഐ.ടി.ഐ. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ &ബി) സർക്കാർ ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിയിൽ നിലവിൽ കൽപ്പറ്റ ഐ.ടി.ഐ. ഉൾപ്പെട്ടിട്ടില്ല.

**കാസർഗോഡ് മോഡൽ ഐ.ടി.ഐ.**

341 (1168) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂരിൽ പ്രവർത്തിക്കുന്ന മോഡൽ ഐ.ടി.ഐ. അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഐ.ടി.ഐ.യിൽ പുതുതായി ഏതൊക്കെ കോഴ്സുകളാണ് ഇതിന്റെ ഭാഗമായി ഏർപ്പെടുത്താൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അന്താരാഷ്ട്ര നിലവാരം കണക്കാക്കുന്നതിന് എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്നത് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി തൊഴിൽ വകുപ്പിന്റെതന്നെ കീഴിൽ പ്രവർത്തിക്കുന്ന കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (M/s. KASE) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കിഫ്ബി അംഗീകരിച്ച് ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് കയ്യൂർ ഐ.ടി.ഐ. അടക്കമുള്ള 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

(ബി) കയ്യൂർ ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മൂവാറ്റുപുഴ ആരക്കുഴ ഐ.ടി.ഐ.-യിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

342 (1169) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ആരക്കുഴ ഗവൺമെന്റ് ഐ.ടി.ഐ -യിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ. യുടെ നിർമ്മാണം പൂർത്തിയാകുന്നമുറക്ക് പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടെങ്കിൽ ഏതൊക്കെ കോഴ്സുകളാണ് അനുവദിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആരക്കുഴ സർക്കാർ ഐ.ടി.ഐ.-യിൽ രണ്ടു നിർമ്മാണ പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു:

1. ആരക്കുഴ ഗവ. ഐ.ടി.ഐ.-യിൽ കെട്ടിട നിർമ്മാണം 80 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. ടൈൽ വർക്ക് പൂർത്തീകരിച്ചിട്ടില്ല. പ്ലംബിംഗ് ജോലികൾ തുടങ്ങിയിട്ടില്ല. പി.ഡബ്ല്യു.ഡി. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഓൺലൈൻ സോഫ്റ്റ് വെയർ ആയ PRICE വഴി അംഗീകാരത്തിന് നൽകിയിട്ടുണ്ട്.

2. ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിക്കായി ഒരു കോടി രൂപ പി.ഡബ്ല്യു.ഡി.-ക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(ബി) ഐ.ടി.ഐ.-യുടെ നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ഡി.ജി.റ്റി. നിബന്ധനകൾ പ്രകാരമുള്ള സ്ഥലസൗകര്യം (തിയറി ക്ലാസ് റൂം, വർക്ക് ഷോപ്പ്) കണക്കിലെടുത്ത്, പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**തിരുവമ്പാടി ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം**

343 (1170) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിക്ക് എന്ന് ഭരണാനുമതി നൽകാനാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തിരുവമ്പാടി ഗവ.ഐ.ടി.ഐ.-ക്ക് കെട്ടിട നിർമ്മാണത്തിനായി പി.ഡബ്ല്യു.ഡി 28,25,00,000 (ഇരുപത്തിയെട്ടുകോടി ഇരുപത്തിയഞ്ചു ലക്ഷം) രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് വകുപ്പ് പരിഗണിച്ച് വരുന്നു.

**ധനുവച്ചപുരം ഗവൺമെന്റ് ഐ.ടി.ഐ.**

344 (1171) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഐ.റ്റി.ഐ.-കളെയാണ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് ; ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ ;

(ബി) ധനുവച്ചപുരം ഗവൺമെന്റ് ഐ.റ്റി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ട നടപടിക്രമങ്ങൾ പൂർത്തിയായോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന ഈ ഐ.റ്റി.ഐ.-യിൽ, പുതുതായി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആകെ 12 ഗവ. ഐ.ടി.ഐ.-കളെയാണ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുള്ളത്. ഇതിൽ 10 എണ്ണം കിഫ്ബി ധന സഹായത്തോടെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. ഈ 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്കായി 228,92,31,600 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇതിനുപുറമേ തിരുവനന്തപുരം ജില്ലയിലെ ഗവ. ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ. ഐ.ടി.ഐ. കോഴിക്കോട് എന്നീ ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ. ആക്കുന്നതിന് ആകെ 7,99,83,914 രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) അന്താരാഷ്ട്ര നിലവാരം കണക്കാക്കുന്നതിന് എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്നത് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി തൊഴിൽ വകുപ്പിന്റെ കീഴിൽ തന്നെ പ്രവർത്തിക്കുന്ന (M/s KASE)നെ ചുമതപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കിഫ്ബി അംഗീകരിച്ച് ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ധനുവച്ചപുരം ഐ.ടി.ഐ. അടക്കമുള്ള 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

(സി) ഐ.ടി.ഐ.-കളിൽ നിലവിലുള്ള കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും പ്രത്യേകത അനുസരിച്ചാണ് റിപ്പോർട്ട് തയ്യാറാക്കുന്നത്. പ്രസ്തുത റിപ്പോർട്ട് കിഫ്ബി അംഗീകരിച്ച് ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ഐ.ടി.ഐ.യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ പുതിയ സംവിധാനങ്ങൾ വ്യക്തമായി തിരുമാനിക്കുവാൻ കഴിയുന്നതാണ്.

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ.**

345 (1172) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ. ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് പര്യാപ്തമായ സ്ഥലവും ഭൗതിക സൗകര്യവും സൗജന്യമായി ലഭ്യമാക്കണമെന്ന നിബന്ധനയിലാണ് വകുപ്പിന്റെ കീഴിൽ സർക്കാർ ഐ.ടി.ഐ.-കൾ അനുവദിക്കുന്നത്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യം സൗജന്യമായി ലഭ്യമാക്കുകയാണെങ്കിൽ സാധ്യതാപഠനം നടത്തി ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**ചിത്തിരപുരത്ത് ഐ.ടി.ഐ.**

346 (1173) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം നിയോജകമണ്ഡലത്തിലെ ചിത്തിരപുരത്ത് ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള ഏതെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇടുക്കി ജില്ലയിലെ ദേവികുളം നിയോജകമണ്ഡലത്തിലെ ചിത്തിരപുരത്ത് പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള ശിപാർശ സി3/166/2017/തൊഴിൽ എന്ന ഫയലിൽ പരിശോധിച്ചുവരുന്നു.

**നിലമ്പൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം**

347 (1174) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലമ്പൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്ര ആളുകൾക്ക് നിയമനം നൽകിയിട്ടുണ്ട്; വകുപ്പ് തിരിച്ച് പട്ടിക ലഭ്യമാക്കാമോ; ഇതിൽ എത്ര പേർക്കാണ് സ്ഥിര നിയമനം ലഭിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) നിലമ്പൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഭിന്നശേഷി സൗഹൃദമായല്ല നിർമ്മിച്ചിരിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിലമ്പൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 302 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. ഇതിൽ 203 പേർക്ക് സ്ഥിരനിയമനമാണ് ലഭിച്ചത്. നിയമനം ലഭിച്ചവരുടെ വിവരം വകുപ്പ് തിരിച്ച് പട്ടികയായി നിൽകിയിട്ടുള്ളത് അനുബന്ധം-1 ൽ ചേർക്കുന്നു.*

(ബി) നിലമ്പൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രവർത്തിക്കുന്ന മുൻസിപ്പാലിറ്റിവക കെട്ടിടത്തിൽ ഭിന്നശേഷിക്കാർക്ക് പരിമിതമായ സൗകര്യങ്ങളേ ഉള്ളൂ. എന്നാൽ പുതുതായി നിർമ്മിക്കുന്ന നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സ്ഥലം അനുവദിക്കുമെന്നുള്ള വിവരം നിലമ്പൂർ തഹസിൽദാർ അറിയിച്ചിട്ടുണ്ട്.

**ലഹരി ഉല്പന്നങ്ങളുടെ കടത്ത് തടയാൻ നടപടി**

348 (1175) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ . എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചാവ് ഉൾപ്പെടെയുള്ള നിരോധിത ലഹരി ഉൽപ്പന്നങ്ങളുടെ കടത്ത് വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്

(ബി) ഇപ്രകാരം പിടിക്കപ്പെടുന്നവർക്ക് നിസ്സാര പിഴശിക്ഷ മാത്രമാണ് എക്സൈസ് വകുപ്പിന് ചുമത്താൻ കഴിയു എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം മേൽനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) എൻ.ഡി.പി.എസ്. ആക്ട് ഒരു കേന്ദ്ര നിയമമാണ്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്തതുമൂലം ഒരു കിലോഗ്രാമിന് താഴെ കഞ്ചാവ് വിൽപ്പനയ്ക്കായോ ഉപയോഗത്തിനായോ കൈവശംവച്ച കുറ്റത്തിന് പിടിക്കപ്പെടുന്നവർ ഉടൻതന്നെ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. ആയതിനാൽ ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ കുറ്റകൃത്യങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ മയക്കുമരുന്നുകളുടെയും വ്യാപനം തടയുന്നതിന് സഹായകരമാകുന്നവിധം കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ്. നിയമം ഈ ആവശ്യത്തിലേക്ക് പരിഷ്കരിക്കുവാൻ കേന്ദ്ര ഗവൺമെന്റിലേക്ക് വിശദമായ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**ലഹരി വിരുദ്ധ ക്ലബ്ബുകൾ**

349 (1176) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ക്ലബ്ബുകളുടെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) മികച്ച പ്രവർത്തനം നടത്തുന്ന ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്കൂൾ, കോളേജ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ കോളേജ് തലത്തിൽ 511 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചു വരുന്നുണ്ട്.

(ബി) വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്ന ലഹരി വിരുദ്ധ ക്ലബ്ബുകളിൽ സ്കൂളിലെ പ്രധാനാധ്യാപകൻ, പി.റ്റി.എ. പ്രസിഡന്റ്, പഞ്ചായത്ത് അംഗം, പ്രദേശത്തെ എക്സ്സൈസ് ഇൻസ്പെക്ടർ എന്നിവർ രക്ഷാധികാരികളും പ്രധാന അധ്യാപകൻ നിർദ്ദേശിക്കുന്ന ഒരു അധ്യാപകൻ കൺവീനറും ക്ലബ്ബിലെ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രസിഡന്റും ഒരു സെക്രട്ടറിയും ഉണ്ടായിരിക്കും. വിദ്യാർത്ഥികളിൽ ലഹരിക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്നതാണ് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന്റെ പ്രധാന ലക്ഷ്യം.

(സി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം എന്ന നിലയിൽ സ്കൂൾ കോളേജ് തലങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്. മികച്ച പ്രവർത്തനം നടത്തുന്ന ക്ലബ്ബുകൾക്ക് സ്കൂൾ കോളേജ് തലങ്ങളിൽ 10,000 രൂപ വീതവും മികച്ച ലഹരി വിരുദ്ധ പ്രവർത്തകന് 5000 രൂപ വീതവും ക്യാഷ് അവാർഡ് നല്കിവരുന്നു.

**മദ്യ ഉപഭോഗത്തെക്കുറിച്ച് ഡോ. വിജയകുമാറിന്റെ നേതൃത്വത്തിൽ നടത്തിയ പഠനം**

350 (*T 1177) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭ സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കേരള ആൾക്കഹോളിക്കൽ സ്റ്റഡിയെന്ന ഒരു പഠനം ഡോ. വിജയകുമാറിന്റെ നേതൃത്വത്തിൽ നടത്തിയിരുന്നോ; പ്രസ്തുത പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(ബി) ഈ പഠനങ്ങൾക്ക്ശേഷവും സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം കൂടുന്നതും കൂടുതൽ ജനങ്ങൾ മദ്യപരാകുന്നതും നമ്മുടെ ആരോഗ്യരംഗത്തെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്;

* T- മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) മദ്യപാനത്തിന്റെ വിവിധ സാമൂഹിക, ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് സമഗ്രവും വിശദവുമായ പഠനം നടത്തുന്നതിനും നമ്മുടെ സമൂഹത്തെ ഈ വിപത്തിൽനിന്നും കരകയറ്റുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നടത്തിയിരുന്നു. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക, വീര്യം കുറഞ്ഞ മദ്യത്തിന്റെ ഉപഭോഗം പ്രോത്സാഹിപ്പിക്കുക, മയക്കുമരുന്നിന്റെയും അനധികൃത മദ്യത്തിന്റെയും ഉപഭോഗം പൂർണ്ണമായും നിയന്ത്രിക്കുക, മദ്യ/മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ സ്കൂൾ കുട്ടികൾ, യുവാക്കൾ എന്നിവർക്ക് സ്കൂൾ/കോളേജ് തലങ്ങളിൽ അവബോധം വളർത്തുക, തീരദേശ -ആദിവാസി മേഖലകളിൽ സർക്കാർതലത്തിൽ വിദഗ്ധ ഡോക്ടർമാർ, മനശാസ്ത്രജ്ഞർ എന്നിവർ മുഖേന ബോധവൽക്കരണം നടത്തുക, ഡീ അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുക തുടങ്ങിയവ ഡോ.വിജയകുമാർ കമ്മീഷന്റെ പഠന റിപ്പോർട്ടിൽ ഉൾപ്പെടുന്ന ശിപാർശകളാണ്.

(ബി&സി) മേൽറിപ്പോർട്ട് അടക്കമുള്ള പഠന നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും അവശ്യമായ ചികിത്സ നല്കിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വ്യാജ മദ്യമടക്കമുള്ള ലഹരി മരുന്ന് വ്യാപനം തടയുന്നതിനായി സംസ്ഥാനം ഒട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാൻറുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. വിമുക്തി മിഷന്റെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടിടങ്ങളിലായി രാവിലെ എട്ട് മണിമുതൽ രാത്രി എട്ടുമണിവരെ ടോൾ ഫ്രീ നമ്പറിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. കോഴിക്കോട്

ജില്ലയിലെ കിനാലൂരിൽ അന്താരാഷ്ട്ര നിലവാരത്തിൽ നിംഹാൻസ് മാതൃകയിൽ ഒരു ലഹരി മോചന ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

**എക്സൈസ് വകുപ്പ് പിടിച്ചെടുത്ത വസ്തുക്കൾ**

351(1178) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് വകുപ്പ് മറ്റ് വകുപ്പുകളുമായി സഹകരിച്ച് എത്ര തുകയുടെ മൂല്യമുള്ള ലഹരി വസ്തുക്കൾ, കുഴൽപ്പണം, സ്വർണ്ണം, വെള്ളി, മദ്യം, വാഹനങ്ങൾ എന്നിവ പിടികൂടിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പിടിച്ചെടുത്ത വാഹനങ്ങളുടെയും തൊണ്ടി സാധനങ്ങളുടെയും സൂക്ഷിപ്പുകാർ ആരെല്ലാമെന്നും ഇവ ഉപയോഗപ്രദമായി സർക്കാരിന് മുതൽകൂട്ടാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ;

(സി) ഇക്കാലയളവിൽ ഇപ്രകാരം എത്ര തുക സർക്കാരിനു മുതൽകൂട്ടാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ;

(ഡി) ആയതിനു നിലവിലെ നിയമവ്യവസ്ഥ പര്യാപ്തമാണോ എന്നും ഇല്ലെങ്കിൽ ഇവ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയശേഷം സർക്കാരിന് മുതൽകൂട്ടാൻ വേണ്ട നിയമനിർമ്മാണം നടത്തുമോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എക്സൈസസ് വകുപ്പ് ഇതര വകുപ്പുകളുടെ സഹകരണത്തോടുകൂടി 1,04,08,450 രൂപ മൂല്യമുള്ള കഞ്ചാവ്, 1,32,21,430 രൂപ വിലയുള്ള വിദേശ മദ്യം, 1,39,81,480 രൂപ മൂല്യമുള്ള പുകയില ഉത്പന്നങ്ങൾ, 11,000 രൂപ മൂല്യമുള്ള മയക്കുമരുന്ന്, 18,41,58,320 രൂപ മൂല്യമുള്ള സ്വർണ്ണം 23,10,690 രൂപ മൂല്യമുള്ള വെള്ളി 1,36,87,077 രൂപ മൂല്യമുള്ള വാഹനങ്ങൾ 1,93,53,000 രൂപയുടെ കുഴൽപ്പണം എന്നിവ പിടിച്ചെടുത്തിട്ടുണ്ട്.

(ബി) അബ്കാരി കേസ്സുകളിൽ കണ്ടെടുക്കുന്ന തൊണ്ടിവകകൾ അധികാരപ്പെട്ട ഉദ്യാഗസ്ഥനായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മുമ്പാകെ ഹാജരാക്കുകയും

ആയതിന്റെ സൂക്ഷിപ്പ് റെയിഞ്ച് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. എൻ.ഡി.പി.എസ്. കേസുകളിൽ കണ്ടെടുക്കുന്ന ലഹരി വസ്തുക്കൾ കോടതി നിർദ്ദേശാനുസരണം എ. ആർ. ക്യാമ്പുകളിൽ സൂക്ഷിക്കുകയും വാഹനങ്ങൾ ബഹു.കോടതി മുമ്പാകെ ഹാജരാക്കുകയും ചെയ്യുന്നു. അബ്കാരി കേസ്സിൽ ഉൾപ്പെട്ട തൊണ്ടിവകകൾ അബ്കാരി നിയമം പ്രകാരവും, എൻ.ഡി.പി.എസ്. കേസ്സുകളിലെ വാഹനങ്ങൾ എൻ.ഡിപി.എസ്. ആക്ട് പ്രകാരവും കണ്ടുകെട്ടി ലേലം ചെയ്തുവരുന്നു. പിടിച്ചെടുത്ത സ്പിരിറ്റ് കണ്ടുകെട്ടി കേരള അബ്കാരി ഡിസ്പോസൽ ഓഫ് കോൺഫിസ്കേറ്റഡ് ആർട്ടിക്കിൾ റൂൾ പ്രകാരം കാലാകാലങ്ങളിൽ ഗവൺമെൻറ് നിശ്ചയിക്കുന്ന വിലയ്ക്ക് പൊതുമേഖലാ ഡിസ്റ്റിലറികൾ, മറ്റ് ഡിസ്റ്റിലറികൾ ഫാർമസ്യൂട്ടിക്കൽസ് എന്നിവർക്ക് വിൽക്കുകയും ചെയ്തുവരുന്നുണ്ട്.

(സി) 1,43,96,546 രൂപ മുതൽകൂട്ടാൻ കഴിഞ്ഞു.

(ഡി) അബ്കാരി കേസ്സുകളുടെ തൊണ്ടിവകകൾ തീർപ്പാക്കൽ സംബന്ധിച്ച നിലവിലെ നിയമ വ്യവസ്ഥ പര്യാപ്തമാണ്. എന്നാൽ എൻ.ഡി.പി.എസ്. കേസ്സുകളിൽ പിടിച്ചെടുക്കുന്ന തൊണ്ടി വകകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നിലവിലുള്ള നിയമ വ്യവസ്ഥയിൽ ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്. എൻ.ഡി.പി.എസ്. ആക്ട് ഒരു കേന്ദ്ര നിയമമാകയാൽ എൻ.ഡി.പി.എസ്. നിയമത്തിൽ ഭേദഗതി വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്.

**പുതിയ മദ്യനയംമൂലം സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളും വരുമാനവർദ്ധനവും**

352(1179) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയംമൂലം 2018 ഏപ്രിൽ 31 വരെ അധികമായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷം മുൻവർഷങ്ങളെ അപേക്ഷിച്ച് റവന്യു വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് എത്രയെന്ന് വിശദമാക്കാമോ; ബിവറേജസ് കോർപ്പറേഷന്റെ വ്യാപാരത്തിൽ ഉണ്ടായ വർദ്ധനവ് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2724 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ ബിവറേജസ് കോർപ്പറേഷന്റെ വരുമാനം 11,024 കോടി രൂപയാണ്. 2016-17 സാമ്പത്തിക വർഷത്തെ റവന്യൂ

വരുമാനം 10,353 കോടി രൂപയായിരുന്നു. 2016-17 -നെ അപേക്ഷിച്ച് 671 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 205.41 ലക്ഷം കെയ്സ് ഐ.എം.എഫ്.എൽ.-ഉം 150.13 ലക്ഷം കെയ്സ് ബിയറും വില്പന നടത്തിയിരുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷം 208.51 ലക്ഷം ഐ.എം.എഫ്.എൽ.-ഉം 115.42 ലക്ഷം കെയസ് ബിയറും വില്പന നടത്തിയിട്ടുണ്ട്.

**മദ്യ നയം**

353 (1180) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സ്വീകരിച്ച മദ്യ നയം എത്രത്തോളം ഫലപ്രദമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മദ്യവർജ്ജനവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദവിവരങ്ങൾ നൽകുമോ;

(സി) മദ്യവർജ്ജന സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനും ഈ നയം വിജയിപ്പിക്കുന്നതിനുമായി ഭാവിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ; വിശദാംശം നൽകുമോ?

ഉത്തരം

(എ) അനധികൃത മദ്യത്തിന്റെയും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെയും വ്യാപനം കുറയ്ക്കുന്നതിന് ശക്തവും ഫലപ്രദവുമായ ബോധവൽക്കരണ/ എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് സംസ്ഥാന/ജില്ലാ/ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പഞ്ചായത്ത്/ വാർഡുതല കമ്മിറ്റികൾ രൂപീകരിച്ച്, കുടംബശ്രീ, സ്കൂൾ/കോളേജ് തല ലഹരിവിമുക്ത ക്ലബ്ബുകൾ, എൻ.എസ്.എസ്. എസ്.പി.സി, എൻ.സി.സി., യുവജന ബഹുജന സംഘടനകൾ, സംസ്ഥാന ലൈബ്രറി കൗൺസിൽ, എൻ.ജി.ഒ.-കൾ എന്നിവരുടെ സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇത് കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി ഗാന്ധിജയന്തി, അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനം എന്നീ ദിനങ്ങളിൽ പ്രത്യേക ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയും യുവജനങ്ങളിൽ കായിക അഭിരുചി വളർത്തിയെടുക്കുന്നതിന് കായിക ലഹരി എന്ന പേരിൽ കായിക മത്സരങ്ങൾ നടത്തിവരുന്നുണ്ട്.

വിമുക്തി മിഷന്റെ ബോധവൽക്കരണ സ്റ്റിക്കറുകൾ എൻ.എസ്.എസ്. വോളന്റിയർമാരുടെ സഹകരണത്തോടെ കെ.എസ്.ആർ.റ്റി.സി. ബസ്സുകളിലും കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടെ വീടുകളിലും പതിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മന്ത്രിസഭയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് സംസ്ഥാനത്തെ ആദിവാസി ഊരുകളിലും ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉത്സവ സ്ഥലങ്ങളിൽ സ്റ്റാളുകൾ സ്ഥാപിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നുണ്ട്.

(സി) വിമുക്തി മിഷന്റെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നല്കിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനായുള്ള പ്രവർത്തനങ്ങൾക്കായി കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ അന്താരാഷ്ട്ര നിലവാരത്തിൽ നിഹാൻസ് മാതൃകയിൽ ഡീ-അഡിക്ഷൻ സെന്റർ എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്ത് രണ്ടിടങ്ങളിലായി (തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടത്തും എറണാകുളം എക്സൈസ് കോംപ്ലക്സിലും) രാവിലെ എട്ടുമണി മുതൽ രാത്രി എട്ടുമണി വരെ ടോൾ ഫ്രീ നമ്പറിലുള്ള ടെലിഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**ആദിവാസി വിഭാഗങ്ങൾക്കിടയിലുള്ള മദ്യാസക്തി**

354 (1181) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി വിഭാഗങ്ങൾക്കിടയിലുള്ള മദ്യാസക്തി കുറച്ചുകൊണ്ടുവരുന്നതിന് എന്തെങ്കിലും കർമ്മപരിപാടികൾ ആലോചനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ പ്രത്യേക ശ്രദ്ധ നല്കി വിമുക്തി മിഷൻ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അട്ടപ്പാടിയിലെ ആദിവാസി യുവാക്കളെ ഉൾപ്പെടുത്തി വിമുക്തിയുടെ ഭാഗമായി കായിക ടീമുകൾ രൂപീകരിച്ച് പരിശീലനം നല്കി വരുന്നുണ്ട്. ഇത് ലഹരിയോടുള്ള ആഭിമുഖ്യം മാറ്റി കായികരംഗത്തോട് താത്പര്യമുള്ളവരാക്കുന്നതിനും തങ്ങളിലേയ്ക്കുതന്നെ ഒതുങ്ങിക്കൂടാതെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഗോത്രവർഗ്ഗ യുവാക്കളെ ഉയർത്തിക്കൊണ്ടുവരുന്നതിനും സഹായകരമാകുന്നു. ആദിവാസി വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന മേഖലകൾ കേന്ദ്രീകരിച്ച് ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ വിവിധ പരിപാടികളിലൂടെ ലഹരിയോടുള്ള ആസക്തിക്കെതിരായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ആദിവാസി ഊരുകളിൽ താമസിച്ചു വരുന്ന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ സാധിക്കുന്ന തരത്തിൽ തൃശ്ശൂർ എക്സൈസ് അക്കാഡമിയിൽ പരിശീലനം നല്കുകയുണ്ടായി. ആദിവാസി വിഭാഗം ജനങ്ങളുടെ സാംസ്കാരികവും പാരമ്പര്യവും ഭാഷാപരവുമായ പ്രത്യേകതകൾ എല്ലാം അറിയുന്ന അവരിൽത്തന്നെ ഉൾപ്പെടുന്ന യുവാക്കൾ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങുന്നത് വിമുക്തി മിഷന്റെ ലഹരി വിരുദ്ധ പ്രവർത്തങ്ങൾക്ക് ഏറെ സഹായകരമായിട്ടുണ്ട്.

**പുതിയ ബാർ ലൈസൻസ്**

355 (1182) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ 2018 മേയ് വരെ സംസ്ഥാനത്ത് പുതിയ എത്ര ബാറുകൾക്ക് ലൈസൻസ് നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ബാർ ലൈസൻസിനുവേണ്ടി എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പുതിയ 86 ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി)

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 7 |
| കൊല്ലം | 8 |
| പത്തനംതിട്ട | 4 |
| ആലപ്പുഴ | 7 |
| കോട്ടയം | 8 |
| ഇടുക്കി | 5 |
| എറണാകുളം | 17 |
| തൃശ്ശൂർ | 9 |
| പാലക്കാട് | 6 |
| മലപ്പുറം | 2 |
| കോഴിക്കോട് | 5 |
| വയനാട് | 0 |
| കണ്ണൂർ | 7 |
| കാസർഗോഡ് | 1 |
| ആകെ | 86 |

(സി) 30-5-2018-വരെ ലൈസൻസിനുള്ള 21 അപേക്ഷകൾ എക്സൈസ് കമ്മീഷണറേറ്റിൽ നിലവിലുണ്ട്.

**പുതിയ ബാറുകൾ**

356 (1183) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ ബാറുകൾ അനുവദിച്ചിട്ടുണ്ട്; അവ ഏതെല്ലാമാണെന്നുള്ള വിശദവിവരം നൽകുമോ;

(ബി) പുതിയ ബാറുകൾ അനുവദിച്ചിട്ടുണ്ടെങ്കിൽ അവ അനുവദിക്കുവാനുണ്ടായ സാഹചര്യം എന്താണെന്നുകൂടി വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ 86 എഫ്.എൽ.-3 ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. അവയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) സർക്കാരിന്റെ 2017-18-ലെ അബ്കാരി നയത്തിന് അനുസൃതമായിട്ടാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്

**വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കൾ ലഭ്യമാകുന്നത് തടയാൻ നടപടി**

357 (1184) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് ലഹരി, പുകയില ഉല്പന്നങ്ങൾ കൂടുതൽ ലഭ്യമാകുന്നതായ സാഹചര്യത്തിൽ ആയത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇതര സംസ്ഥാനത്തുനിന്നുമാണ് ഈ ലഹരി വസ്തുക്കൾ കേരളത്തിൽ എത്തുന്നത് എന്നതിനാൽ അതിർത്തി ചെക്ക്പോസ്റ്റുകളിൽ പരിശോധന കർശനമാക്കി ലഹരി വസ്തുക്കളുടെ കടത്ത് തുടക്കത്തിൽത്തന്നെ അവസാനിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിട്ടുണ്ട്. മയക്കുമരുന്നുകളുടെയും ലഹരി വസ്തുക്കളുടെയും ഉല്പാദനം, വിപണനം, ഉപയോഗം എന്നിവ നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് 2015 വകുപ്പ് 77, 78 പ്രകാരം പ്രായപൂർത്തിയാകാത്തവർക്ക് മദ്യം, ലഹരിമരുന്ന്, പുകയില ഉല്പന്നങ്ങൾ തുടങ്ങിയവ വില്പന നടത്തുന്നവർക്കും പ്രേരണ നൽകുന്നവർക്കും കഠിനമായ ശിക്ഷയാണ് നിഷ്കർഷിക്കുന്നത്. ലഹരി മുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി കുട്ടികളിൽ മദ്യം മയക്കുമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയുവാൻ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം വൈവിദ്ധ്യമാർന്ന ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) ലഹരി വസ്തുക്കളുടെ കടത്തലുമായി ബന്ധപ്പെട്ട് അതിർത്തി ചെക്ക് പോസ്റ്റിൽ വിപുലമായ രീതിയിലാണ് പരിശോധനകൾ നടത്തിവരുന്നത്. റവന്യൂ, പോലീസ്, ഫോറസ്റ്റ് എന്നീ വകുപ്പുകളുമായി സഹകരിച്ച് കമ്പയിൻഡ് റെയിഡുകളും ബോർഡർ പട്രോളിംഗും നടത്തി വരുന്നുണ്ട്. ലഹരി വസ്തുക്കളുടെ കടത്തു തടയുവാനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ചെക്ക് പോസ്റ്റുകളിലും ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

**ലഹരി മരുന്ന് കേസുകൾ**

358 (1185) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017, 2018 വർഷങ്ങളിൽ ലഹരി മരുന്ന് കേസുകളിൽ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം എത്ര പേർക്ക് ശിക്ഷ നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂളുകൾക്ക് സമീപം പുകയില ഉല്പന്നങ്ങൾ വില്ക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ദൂരപരിധി എത്രയാണെന്നറിയിക്കുമോ; പ്രസ്തുത ദൂരപരിധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം കേസ്സ് കണ്ടെടുത്ത് കുറ്റപത്രം സമർപ്പിക്കുന്നതിനോ ശിക്ഷ ലഭ്യമാക്കുന്നതിനോ എക്സൈസ് വകുപ്പിന് അധികാരം നൽകിയിട്ടില്ല.

(ബി) സ്കൂളുകൾക്ക് സമീപം പുകയില ഉല്പന്നങ്ങൾ വിൽക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ദൂരപരിധി 100 വാരയായി നിശ്ചയിച്ചിട്ടുള്ളത് കേന്ദ്ര നിയമമായ COTPA പ്രകാരമാണ്.

**വ്യാജമദ്യം കുടിച്ച് മരിച്ച സംഭവം**

359 (1186) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങപ്പ ജിനെക്കുംതറ മരമൂല കോളനി നിവാസി ഗോപി എന്ന ആദിവാസി കോട്ടത്തറയിലെ കള്ളുഷാപ്പിൽനിന്നും വ്യാജമദ്യം കുടിച്ചത് കാരണം മരണപ്പെട്ട സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിക്കുമോ;

(ബി) പ്രസ്തുത ഷോപ്പിൽ വ്യാജമദ്യം വിൽക്കുന്നുവെന്ന പരാതി ഇതിന് മുമ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ;

(സി) പ്രസ്തുത ഷോപ്പിന്റെ ലൈസൻസിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മരണമടഞ്ഞ ഗോപിയുടെ ആശ്രിതർക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണം നടത്തിയതിൽ പോസ്റ്റുമോർട്ടം റിപ്പോർട്ട്, രാസപരിശോധനാ റിപ്പോർട്ട് എന്നിവ പ്രകാരം വ്യാജമദ്യം കഴിച്ചതുമൂലമല്ല ഗോപി എന്ന ആദിവാസി മരണപ്പെട്ടത് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(ബി) മുൻപ് പരാതി ലഭിച്ചിട്ടില്ല

(സി) പ്രസ്തുത ഷോപ്പിൽനിന്നും രാസ പരിശോധനയ്ക്കയച്ച കള്ളിന്റെ സാമ്പിളിൽ വീര്യം കൂടുതൽ കണ്ടെത്തിയതിനെത്തുടർന്ന് 10-5-2018-ൽ ലൈസൻസിയുടെ പേരിൽ അബ്കാരി ആക്ട് 57 (എ)56 (ബി) വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർചെയ്തിട്ടുണ്ട്.

(ഡി) വ്യാജമദ്യം കഴിച്ചല്ല ടിയാൻ മരണപ്പെട്ടത് എന്നതിനാൽ ധനസഹായം നൽകിയിട്ടില്ല.

**സ്കൂളുകളുടെ സമീപം ലഹരി പദാർത്ഥങ്ങൾ വിറ്റവർ**

360 (1187) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ സമീപം ലഹരി പദാർത്ഥങ്ങൾ സുലഭമായി ലഭ്യമാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്കൂളുകൾക്ക് സമീപം ലഹരി പദാർത്ഥം വിറ്റ എത്രപേരെ എക്സൈസ് ഉദ്യോഗസ്ഥർ പിടികൂടിയിട്ടുണ്ട്; ജില്ല തിരിച്ച് വിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) ലഹരി പദാർത്ഥങ്ങൾ വിറ്റതിന് അറസ്റ്റ് ചെയ്യപ്പെട്ടവർ തന്നെ തുച്ഛമായ പിഴ അടച്ച് പുറത്തുവന്നശേഷം വീണ്ടും ലഹരി കച്ചവടം നടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രണ്ട് പ്രാവശ്യത്തിൽ കൂടുതൽ ലഹരികച്ചവടം നടത്തി പിടിയിലായവരുടെ പേരുവിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്കൂളുകളുടെ സമീപം ലഹരി പദാർത്ഥങ്ങൾ ലഭ്യമാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരോധിത ദൂരപരിധിക്കുള്ളിൽ പുകയില ഉല്പന്നങ്ങൾ വിൽക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

എൻ.ഡി.പി.എസ്. ആക്ട് പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും കോട്പ ആക്ട് പ്രകാരം കേസ്സെടുത്ത് പിഴ ചുമത്തുന്നുണ്ട്. ഇത്തരത്തിൽ ലഹരി പദാർത്ഥങ്ങൾ വിറ്റവർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്തതിന്റെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം 1- ആയി ചേർക്കുന്നു. *

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ടു പ്രാവശ്യത്തിൽ കൂടുതൽ ലഹരി കച്ചവടം നടത്തി പിടിയിലായവരുടെ ജില്ല തിരിച്ചുള്ള പേരുവിവരം അനുബന്ധം 2- ആയി ചേർക്കുന്നു.*

**മാനന്തവാടി തോൽപ്പെട്ടിയിലെ എക്സൈസ് ചെക്ക് പോസ്റ്റ്**

361 (1188) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി തോൽപ്പെട്ടിയിൽ എക്സൈസ് വകുപ്പിന് സ്ഥിരം ചെക്ക് പോസ്റ്റ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്ന തോൽപ്പെട്ടിയിലെ താൽക്കാലിക ചെക്ക് പോസ്റ്റ് ഒരു സ്ഥിരം സംവിധാനമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) കേരള-കർണാടക അതിർത്തിയായ തോൽപ്പെട്ടിയിൽ ഉള്ള എക്സൈസ് വകുപ്പിന്റെ താൽക്കാലിക ചെക്ക് പോസ്റ്റിൽ കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്ത കേസുകൾ എത്രയാണ്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തോൽപ്പെട്ടിയിൽ പ്രവർത്തിക്കുന്ന താല്ക്കാലിക എക്സൈസ് ചെക്ക് പോസ്റ്റ് സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) തോൽപ്പെട്ടി ചെക്ക് പോസ്റ്റിൽ 49 അബ്കാരി കേസും 12 എൻ.ഡി.പി.എസ്. കേസും 14 കോട്പ കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്

**വാടാനപ്പള്ളിയിൽ എക്സൈസ് സർക്കിൾ ഓഫീസ്**

362 (1189) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളിയിൽ എക്സൈസ് വകുപ്പിന്റെ സർക്കിൾ ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വന്തമായി കെട്ടിടം ഉണ്ടാകുന്നതുവരെ, പ്രസ്തുത ഓഫീസ് നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന ചാവക്കാട് ജയിൽ സൂപ്രണ്ട് ബംഗ്ലാവിലേക്ക് മാറ്റുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. ചാവക്കാട് ജയിൽ സൂപ്രണ്ടിന്റെ ഔദ്യോഗിക വസതി നിലവിലുള്ള സൂപ്രണ്ടുമാർ ഉപയോഗിച്ചു വരുന്നതിനാൽ പ്രസ്തുത കെട്ടിടം എക്സൈസ് വകുപ്പിന് കൈമാറുവാൻ സാധിക്കുകയില്ലെന്ന് ആഭ്യന്തര വകുപ്പ് അറിയിച്ചിട്ടുണ്ട്.

**പയ്യന്നൂരിൽ ഡി-അഡിക്ഷൻ സെന്റർ**

363 (1190) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 -ലെ ബജറ്റിൽ പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ അനുവദിച്ച ഡീ-അഡിക്ഷൻ സെന്ററിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' ആരോഗ്യ വകുപ്പുമായിചേർന്ന് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പതിനാല് ജില്ലകളിലും ഡീ -അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പയ്യന്നൂർ താലൂക്ക് ആശുപത്രിയിലും ഡി-അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഭരണാനുമതി നൽകുന്ന നടപടിക്രമത്തിന്റെ ഭാഗമായി പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**നേര്യമംഗലത്ത് ലഹരി വിമുക്ത കേന്ദ്രം**

364 (1191) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലം ജില്ല കൃഷി തോട്ടത്തി നോടനുബന്ധിച്ച് ഒരു ലഹരി വിമുക്ത കേന്ദ്രം ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കേന്ദ്രം ആരംഭിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) ലഹരി വിമുക്ത കേന്ദ്രത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേന്ദ്രം എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഡി) പരിശോധിച്ചുവരുന്നു. എന്നാൽ പ്രസ്തുത സ്ഥലം അനുയോജ്യമല്ലാത്തതിനാൽ കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ദേശീയ നിലവാരമുള്ള നിംഹാൻസ് മാതൃകയിൽ ഡി-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിനുള്ള സ്ഥലം അനുയോജ്യമായി കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കേന്ദ്രം പൂർത്തിയാകുന്നമുറയ്ക്ക് പുനരധിവാസമടക്കമുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

**ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ**

365 (1192) ശ്രീമതി പി. അയിഷാ പോറ്റി :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ദുഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനമെന്ന നിലയിൽ സ്കൂൾ-കോളേജ് തലങ്ങളിൽ മികച്ച ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് ക്യാഷ് അവാർഡ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) വിദ്യാലയ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ ലഭ്യത പൂർണ്ണമായി ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാനത്ത് മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി ഉയർത്തി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. നിലവിൽ കോളേജ് തലത്തിൽ 511-ഉം സ്കൂൾ തലത്തിൽ 2761-ഉം ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്സ്, ചിത്രരചന, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും അതിലൂടെ ലഹരിവിരുദ്ധ സന്ദേശങ്ങൾ പകരാനുമായിട്ടുണ്ട്. വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളിലെ കുട്ടികളുടെ സേവനം കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് അവരുടെ ഇടയിൽതന്നെ ലഹരി ഉപയോഗിക്കുന്നവരെക്കുറിച്ചും വിപണനം ചെയ്യുന്നവരെ കുറിച്ചുമുള്ള ശരിയായ വിവരങ്ങൾ ശേഖരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം എന്ന നിലയിൽ സ്കൂൾ കോളേജ് തലങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് ക്യാഷ് അവാർഡ് നല്കി വരുന്നുണ്ട്. മികച്ച പ്രവർത്തനം നടത്തുന്ന ക്ലബ്ബുകൾക്ക് സ്കൂൾ കോളേജ് തലങ്ങളിൽ 10,000 രൂപ വീതവും മികച്ച ലഹരി വിരുദ്ധ പ്രവർത്തകന് 5000 രൂപ വീതവും ക്യാഷ് അവാർഡ് നല്കി വരുന്നു.

(സി) വിദ്യാലയങ്ങൾക്ക് സമീപം പ്രവർത്തിക്കുന്ന കടകളിൽ ലഹരി പദാർത്ഥങ്ങൾ ഒന്നും വില്പന നടത്തുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി എക്സൈസ് വകുപ്പ് ഉദ്യാഗസ്ഥർ കർശന പരിശോധനകൾ നടത്തിവരുന്നുണ്ട്. ലഹരി മാഫിയ യെക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടികൾക്കുപുറമെ നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയവ വഴി ലഭ്യമാകുന്ന പരാതികൾ പരിഗണിച്ച് തുടർനടപടികൾ സ്വീകരിച്ച് വരുന്നു.

(ഡി) ഉണ്ട്. സംസ്ഥാനത്ത് മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 21 വയസ്സിൽനിന്നും 23 വയസ്സായി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡി-അഡിക്ഷൻ സെന്റർ**

366 (1193) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 പൊതു ബജറ്റിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ അനുവദിച്ച ഡി-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) എക്സൈസ് അധികൃതർ നെയ്യാറ്റിൻകര ജനറൽ ആശുപത്രി സന്ദർശിച്ച് ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) 2018 ഡിസംബർ മാസത്തിന് മുൻപ് പ്രസ്തുത സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് ആകെ വരുന്ന ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന്റെ ഭാഗമായാണ് തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ടായിരിക്കുന്നത്. ഈ വിഷയത്തിൽ ആരോഗ്യ വകുപ്പ് സമർപ്പിക്കുന്ന പട്ടികയ്ക്ക് അനുസൃതമായി തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) ഡി-അഡിക്ഷൻ സെന്ററിനായി സ്ഥലസൗകര്യം ഒരുക്കേണ്ടത് ആരോഗ്യ വകുപ്പാണ്.

(സി) പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നിലവിൽ ആരോഗ്യ വകുപ്പ് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ പ്രകാരം ജില്ലയിൽ ഒരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് 63,22,400 (അറുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി നാനൂറ് രൂപ) ചെലവ് വരുന്നതായി കണക്കാക്കിയിട്ടുണ്ട്.

**വ്യാജ കള്ള് വില്പന**

367 (1194) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സ്ഥലത്തും കള്ള് ഷോപ്പുകളിൽ വ്യാജ കള്ള് വിൽക്കുന്നതായ ആക്ഷേപത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെങ്കിൽ അറിയിക്കുമോ;

(ബി) കള്ളിൽ സ്റ്റാർച്ച് ചേർക്കുന്നതിനുള്ള ശിക്ഷയിൽ കുറവ് വരുത്തിയിട്ടുണ്ടോ; അബ്കാരി നിയമത്തിൽ ഇതുസംബന്ധിച്ച് വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) നിപ വൈറസ് പരത്തുന്ന വവ്വാലുകൾ കടിച്ച കള്ളിലൂടെ രോഗം പകരുമെന്ന പ്രചരണം കള്ള് വിൽപ്പനയിൽ കുറവുണ്ടാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) കുറവ് വരുത്തിയിട്ടുണ്ട്. കള്ളിൽ സ്റ്റാർച്ചിന്റെ അംശം കണ്ടെത്തിയാൽ അബ്കാരി നിയമത്തിലെ 57 (എഎ) വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നതാണ്. സ്റ്റാർച്ച് ഒരു അന്യപദാർത്ഥമാണെങ്കിലും ആരോഗ്യത്തിന് ഹാനികരമല്ലാത്ത വസ്തുവായതിനാൽ മുമ്പുണ്ടായിരുന്ന ശിക്ഷയായ 5 വർഷം തടവോ, 50000 രൂപ പിഴയോ, രണ്ടുംകൂടിയോ എന്നുള്ളത് 6 മാസംവരെ തടവോ അല്ലെങ്കിൽ 25000 രൂപ പിഴയോ ആയി കുറവ് ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കള്ളിന്റെ വില്പനയിൽ പൊതുവിൽ കുറവ് ഉണ്ടായിട്ടുണ്ട്.

**ഇംഗ്ലീഷ് മരുന്നുകൾ ലഹരിക്കായി ഉപയോഗിക്കുന്നതായുള്ള റിപ്പോർട്ടുകൾ**

368 (1195) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇംഗ്ലിഷ് ഔഷധശാലകൾ വഴി വിതരണം ചെയ്യപ്പെടുന്ന ചില മരുന്നുകൾ ലഹരിക്കായി വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ ഉപയോഗിക്കുന്നതായുള്ള റിപ്പോർട്ടുകൾ എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനാവശ്യമായ പരിശോധനകൾ നടത്തുന്നതിന് വകുപ്പിന് എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കാനുണ്ട് ;

(ബി) ആരോഗ്യ വകുപ്പിന്റെ ഏതെങ്കിലും തരത്തിലുള്ള സഹായം എക്സൈസ് വകുപ്പ് ഇതിനായി ഉപയോഗിക്കുന്നുണ്ടോ; എക്സൈസ് വകുപ്പ് നേരിട്ട് പരിശോധനകൾ നടത്താറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സ്കൂളുകൾക്ക് സമീപമുള്ള മെഡിക്കൽ സ്റ്റോറുകൾ വഴി ലഹരിക്കായി ഉപയോഗിക്കുന്ന തരത്തിലുള്ള മരുന്നുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നത് തടയുന്നതിന് ആവശ്യമായ നിരീക്ഷണങ്ങൾ ശക്തമാക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്തമായി പരിശോധനകൾ നടത്തി വരുന്നുണ്ട്. സ്കൂളുകൾക്ക് സമീപമുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിരീക്ഷണങ്ങൾ ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്.

**നർക്കോട്ടിക് കേസുകൾ**

369 (1196) ശ്രീ. ഇ. പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ട് പ്രകാരം 2017-18ൽ എത്ര കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഇത്തരം കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനും കുറ്റകൃത്യം നടത്തിയവർക്ക് അർഹമായ ശിക്ഷ ലഭ്യമാക്കുന്നതിനും ഭരണ തലത്തിൽ കൈകൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ട് പ്രകാരം 2017-18-ൽ 6228 കേസ്സുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ടി കേസ്സുകളിൽ അന്വേഷണം എത്രയുംവേഗം പൂർത്തിയാക്കി പ്രതികൾക്ക് നിയമപ്രകാരമുള്ള പരമാവധി ശിക്ഷ ലഭിക്കുന്നതിന് അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും മേജർ കേസ്സുകളിൽ പ്രത്യേക അന്വേഷണ സംഘത്തെ തന്നെ നിയോഗിച്ച് അന്വേഷണം നടത്തി കോടതിയിൽ അന്തിമ റിപ്പോർട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയനോട്ടീസ്

### വരാപ്പുഴ കസ്റ്റഡി മരണം

മി. സ്പീക്കർ: ചട്ടം 50 അനുസരിച്ച് ഇന്ന് ശ്രീ. വി.ഡി. സതീശനും മറ്റ് രണ്ട് ബഹുമാനപ്പെട്ട അംഗങ്ങളും വരാപ്പുഴയിലെ കസ്റ്റഡി മരണം സംബന്ധിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. കുറ്റവാളികളിൽ പലരും രക്ഷപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നുവെന്നും ഇത് ഗുരുതരമായ വിഷയമായതിനാൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെടുകൊണ്ടാണ് നോട്ടീസ് നൽകിയിട്ടുള്ളത്. നോട്ടീസ് വിശദമായി പരിശോധിച്ചതിൽനിന്നും വരാപ്പുഴ കേസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും പരിഗണനയിൽ വന്നതും ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അന്വേഷണത്തിൽ ഇരിക്കുന്നതുമാണെന്ന് വ്യക്തമായി. ഇതേ വിഷയം സഭാ സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 5, 30 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടിയായി വിശദാംശങ്ങൾ ഉൾപ്പെടെ സഭയിൽ ലഭ്യമാക്കിയിട്ടുള്ളതാണ്. നിലവിൽ അന്വേഷണം നടന്നുവരുന്ന ഈ വിഷയത്തിന്മേൽ ഇപ്പോൾ അടിയന്തര പ്രാധാന്യമുള്ളതായി കാണുന്നില്ല. കോടതി ഇടപെടുന്ന കേസ് അനുവദിക്കാൻ നിർവ്വാഹമില്ല. അതുകൊണ്ട് അവതരണാനുമതി നൽകാൻ നിർവ്വാഹമില്ല എന്ന് അറിയിക്കുകയാണ്. ..... (ബഹളം)..... ചട്ടത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വാഹമില്ല. യെസ്.....യെസ്... ഓർഡർ.... ഓർഡർ..... പ്ലീസ്..... പ്ലീസ്.....

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗം വി. ഡി. സതീശൻ ..... (ബഹളം).....

മി. സ്പീക്കർ: പ്ലീസ്..... ഇരിക്കൂ.....ഇരിക്കൂ..... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ..... (ബഹളം)..... ശ്രീ ഷംസീർ..... ശ്രീ. കെ. ബാബു..... ശ്രീ. പി. കെ. ശശി....ഇരിക്കൂ..... ഇരിക്കൂ.... പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ..... (ബഹളം).....

(യു.ഡി.എഫ്. അംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട അംഗം വി. ഡി. സതീശൻ അടിയന്തരപ്രമേയത്തിനായി നോട്ടീസ് നൽകിയിട്ടുള്ളത് ഏറ്റവും അടിയന്തര സ്വഭാവമുള്ളതും ഇപ്പോഴുള്ള വിഷയവുമാണ്. വരാപ്പുഴ കസ്റ്റഡി മരണം നിങ്ങൾക്ക് അടിയന്തര സ്വഭാവമുള്ളതല്ല എന്ന് മനസ്സിലായി. പ്രതികളെ സംരക്ഷിക്കാൻ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ അടിയന്തര സ്വഭാവമുള്ളതുതന്നെയാണ്

കോടതിയുടെ പരിഗണനയിലുള്ള വിഷയമാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ഫ്ലോറിൽ ഉത്തരം നൽകിയിട്ടുണ്ട്. അങ്ങനെയാണെങ്കിൽ അത് സബ്ജുഡീസ് അല്ലേ; അങ്ങയുടെ വാദം നിലനിൽക്കുന്നതാണോ? ഇത് വളരെ തെറ്റായ ഒരു കീഴ്വഴക്കം ഉണ്ടാക്കുകയാണ്. ഷുഹൈബിന്റെ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുമ്പോഴാണ് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് ഇവിടെ ഉന്നയിച്ചത്. അതുപോലെ കെവിന്റെ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിലിരിക്കുന്ന സന്ദർഭത്തിലാണ് ഇവിടെ ഉന്നയിച്ചത്. ഇക്കാര്യത്തിൽ ഏറ്റവും അടിയന്തര സ്വഭാവം എന്നുപറയുന്നത് പ്രതിയായിട്ടുള്ള എസ്.പി.യെയും ഡിവൈ.എസ്.പി. യേയും കൂറ്റക്കാരായ ആളുകളെയും സംരക്ഷിക്കാൻ ശ്രമം നടക്കുന്നു എന്നുള്ളതാണ്. അതുകൊണ്ട് അങ്ങ് ഇക്കാര്യം റീ-കൺസിഡർ ചെയ്യണം. ഏറ്റവും അടിയന്തര പ്രാധാന്യം അർഹിക്കുന്നതും കേരള സമൂഹത്തെ പിടിച്ചുകുലുക്കിയതുമായ അതിക്രൂരമായ ഒരു കസ്റ്റഡി മരണമാണ് ഇവിടെ ഉണ്ടായത്. അത് സംബന്ധിച്ച് ഈ സഭ ചർച്ച ചെയ്തില്ലെങ്കിൽ പിന്നെന്ത് ചർച്ചയാണ് ഇവിടെ ചെയ്യുന്നത്? ഇത് ഉന്നയിക്കാനല്ലെങ്കിൽ പിന്നെന്തിനാണ് ഞങ്ങളിവിടെ ഇരിക്കുന്നത്? അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഈ റൂളിംഗ് പുനഃപരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ചട്ടം 53 അങ്ങയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാം. "..... ഏതെങ്കിലും കമ്മീഷന്റെയോ അന്വേഷണ കോടതിയുടെയോ മുൻപാകെ തീർപ്പാകാതിരിക്കുന്ന ഒരു സംഗതിയെക്കുറിച്ച് ഒരു ചർച്ച ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന ഒരു പ്രമേയവും അവതരിപ്പിക്കാൻ സാധാരണ ഗതിയിൽ അനുവദിക്കാൻ പാടില്ല". ഇതാണ് ചട്ടം. ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാൻ നിർവ്വാഹമില്ല. .....(ബഹളം).....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഏറ്റവും അടിയന്തര സ്വാഭാവമുള്ള വിഷയമാണിത്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയും നിഷ്ഠുരമായ ഒരു കൊലപാതകം, പോലീസ് ലോക്കപ്പിൽവച്ച് ഒരു ചെറുപ്പക്കാരനെ ചവിട്ടിക്കൊന്ന സംഭവം, അസാധാരണമായ സംഭവമാണ്. അസാധാരണമായ ഈ സംഭവത്തെപ്പറ്റി ചർച്ച ചെയ്യാനല്ലെങ്കിൽ ഞങ്ങൾ എന്തിനാണ് ഇവിടെ ഇരിക്കുന്നത്? ഇത് എന്ത് നടപടിയാണ് ? ഇത് അംഗീകരിക്കാൻ കഴിയില്ല.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....അങ്ങ് ദയവായി മനസ്സിലാക്കണം. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഹിയറിംഗ് കഴിയുകയും വീണ്ടും 13-6-2018-ന് ബഹുമാനപ്പെട്ട ഹൈക്കോടതി പരിഗണിക്കാനിരിക്കുന്ന വിഷയവുമാണിത്. ചട്ടപ്രകാരം നിർവ്വാഹമില്ല, ചട്ടങ്ങളനുസരിച്ച് നിർവ്വാഹമില്ലാത്തതിനാൽ അങ്ങ് ദയവായി സഹകരിക്കണം. ..... (ബഹളം) ..... ചട്ടങ്ങൾ അനുസരിച്ച് നിർവ്വാഹമില്ല.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട സ്പീക്കർ, എല്ലാ സ്പീക്കർമാരും എടുത്ത നടപടിയിൽനിന്നും വ്യത്യസ്തമായ ഒരു നടപടി അങ്ങ് എടുക്കരുത്, അത് ശരിയല്ല. കേരളത്തെ നടുക്കിയ നിഷ്ഠുരമായ ഒരു ലോക്കപ്പ് കൊലപാതകത്തെക്കുറിച്ച് ഇവിടെ ഉന്നയിക്കാൻ അങ്ങ് റൂൾ 53 പറയുന്നത് എത്രമാത്രം ന്യായീകരിക്കാൻ കഴിയും; അത് തെറ്റായ ഒരു നടപടിയല്ലേ? കേരള ചരിത്രത്തിലെ ഏറ്റവും അസാധാരണമായ സംഭവമായതുകൊണ്ട് .....(ബഹളം)..... ഉന്നയിക്കാൻ അനുവാദം വാങ്ങേണ്ടിവരും. റൂൾ 53 അനുസരിച്ച് ഈ സഭയിൽ നിരവധി തവണ ....

മി.സ്പീക്കർ: നിയമവകുപ്പ് മന്ത്രി സംസാരിക്കട്ടെ.

Shri Ramesh Chennithala: Sir, I am on my legs.

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, കോടതിയുടെ പരിഗണനയിലുള്ള വിഷയം ഹാനികരമല്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർക്ക് ബോധ്യപ്പെടുന്നപക്ഷം, അദ്ദേഹത്തിന്റെ വിവേചനാധികാരം ഉപയോഗിച്ച് സഭയിൽ ഉന്നയിക്കുന്നതിന് അനുവദിക്കാൻ അധികാരമുണ്ട്. ഇതിനുമുമ്പ് ബാർകോഴ കേസ്, സോളാർ കേസ് തുടങ്ങിയ നിരവധി കേസുകൾ കോടതിയിൽ പരിഗണനയിലുള്ളപ്പോൾ എത്രയോ തവണ ഈ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. അതുകൊണ്ട് റൂൾ 53-ലെ ക്ലിപ്ത നിബന്ധനപ്രകാരം ഇത് സഭയിൽ ഉന്നയിക്കാൻ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. ഡി. സതീശനെ അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: 13-6-2018-ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ വരുന്ന ഒരു വിഷയം സഭയിൽ കൊണ്ടുവരുന്നത് യുക്തിസഹമല്ല എന്ന നിലപാടാണ് ചെയർ സ്വീകരിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇങ്ങോട്ട് ഒന്നു നോക്കൂ, ഞാൻ കുറേനേരമായല്ലോ നിൽക്കാൻ തുടങ്ങിയിട്ട്.

മി. സ്പീക്കർ : അങ്ങ് പറയാനുള്ളത് പറയൂ.

ശ്രീ. എ. കെ. ബാലൻ: സർ, ഇത് 2018 ഏപ്രിൽ 9-ന് നടന്ന സംഭവമാണ്. ഇതിൽ ഏതെങ്കിലും രൂപത്തിലുള്ള അടിയന്തര സ്വഭാവമുണ്ടായിരുന്നെങ്കിൽ നിയമസഭ തുടങ്ങിയ ദിവസംതന്നെ അടിയന്തിര പ്രമേയമായി കൊണ്ടുവരേണ്ടതായിരുന്നു.

.....(ബഹളം)..... ഇതുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും ഗവൺമെന്റ് പൂർത്തീകരിച്ചു എന്നുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനുതന്നെ അറിയാമെന്നുള്ളതുകൊണ്ടാണ് ആദ്യ ദിവസവും രണ്ടാം ദിവസവും മൂന്നാം ദിവസവും അടിയന്തരപ്രമേയം കൊണ്ടു വരാതിരുന്നത്. .....(ബഹളം)..... ഇതുയും അടിയന്തര സ്വഭാവമുണ്ടായിരുന്നെങ്കിൽ 2018 ഏപ്രിൽ 9-ന് നടന്ന സംഭവമായിരുന്നിട്ടും എന്തുകൊണ്ട് അടിയന്തരപ്രമേയം കൊണ്ടുവന്നില്ല? ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ നൂറ് ശതമാനം പൂർത്തീകരിച്ചു കഴിഞ്ഞു. 9 പ്രതികളെ അറസ്റ്റുചെയ്യുകയും എസ്.പി.അടക്കം 11 പേരെ സസ്പെന്റ് ചെയ്യുകയും ചെയ്തു .....(ബഹളം).....

മി. സ്പീക്കർ: അങ്ങ് വിശദാംശങ്ങളിലേക്ക് പോകേണ്ട കാര്യമില്ല. ചെയർ പരിഗണിച്ചിട്ടുള്ളത് കോടതിയുടെ പരിഗണനയിലുള്ള വിഷയമാണെന്നുള്ളതാണ്. എപ്പോൾ കൊണ്ടുവരണം, എപ്പോൾ കൊണ്ടുവരേണ്ട എന്നുള്ളതൊക്കെ അവരുടെ രാഷ്ട്രീയ നിലപാടാണ്.

ശ്രീ. എ. കെ. ബാലൻ: സർ, അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇത്തരം അടിയന്തരപ്രമേയങ്ങൾ കൊണ്ടുവരുന്നത്.....

മി. സ്പീക്കർ: അങ്ങ് പറയുന്ന കാര്യങ്ങൾ ചെയറിനെ സ്വാധീനിക്കുന്നില്ല. ചെയറിനെ സ്വാധീനിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണന യിലിരിക്കുന്ന വിഷയമാണെന്നുള്ളത് മാത്രമാണ്. പ്ലീസ്... .....പ്ലീസ്..... (ബഹളം).....

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന് ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## III ശ്രദ്ധ ക്ഷണിക്കൽ

(1) റെയിൽവേ സോൺ

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേരളത്തിലെ റെയിൽവേ മേഖലയുമായി ബന്ധപ്പെട്ട് റെയിൽവേ വകുപ്പ് സ്വീകരിച്ചുവരുന്ന ജനവിരുദ്ധമായ നടപടിയിൽ പ്രതിഷേധിക്കുകയാണ്. .....(ബഹളം)..... റെയിൽവേ സോണിന്റെ കാര്യത്തിൽ കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തെ അവഗണിക്കുകയാണ്. പാലക്കാട്, തിരുവനന്തപുരം എന്നീ രണ്ട് ഡിവിഷനുകളാണ് സംസ്ഥാനത്തുള്ളത്. ഈ രണ്ട് ഡിവിഷനുകളെയും വെട്ടിമുറിച്ച് തമിഴ്നാട്ടിലെ റെയിവേ ഡിവിഷന് അനുകൂലമായ

നിലപാടുകൾ റെയിൽവേ മന്ത്രാലയം സ്വീകരിച്ചതായാണ് മനസ്സിലാകുന്നത്. കേരളം ദീർഘകാലമായി ആവശ്യപ്പെടുന്നത് പാലക്കാട്, തിരുവനന്തപുരം ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു റെയിൽവേ സോൺ രൂപീകരിക്കണ മെന്നുള്ളതാണ്. എന്നാൽ ഇക്കാര്യത്തോട് തികച്ചും ഒരു ചിറ്റമ്മ സമീപനമാണ് റെയിൽവേ സ്വീകരിക്കുന്നത്. തമിഴ്നാട്ടിലെ ചില ഭരണകർത്താക്കളുടെ ആവശ്യം മുൻനിർത്തി കേരളത്തിലെ റെയിൽവേ വികസനത്തിന് വലിയ തടസ്സമുണ്ടാക്കുകയാണ്. മാത്രമല്ല, കേരളം ദീർഘകാലമായി ഉന്നയിക്കുന്ന നിരവധി പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടത് ശബരി റെയിൽപ്പാതയാണ്. .....(ബഹളം)..... ശബരിപാതയിലേക്ക് എത്തിച്ചേരുന്നതിനുവേണ്ടി അങ്കമാലിയിൽനിന്നും ആരംഭിക്കുന്ന റെയിൽവേ ലൈനിനുവേണ്ടി 219.90 കോടി രൂപയാണ് നീക്കിവയ്ക്കേണ്ടത്. ഇക്കാര്യത്തിൽ കേന്ദ്ര റെയിൽവേ വകുപ്പ് ആവശ്യത്തിനുള്ള പണം നീക്കിവയ്ക്കുന്നില്ലെന്നുമാത്രമല്ല, പദ്ധതിയെ സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുകയുമാണ്.

അതുപോലെ പ്രധാനപ്പെട്ട ഒന്നാണ് തിരുനാവായ-കുറ്റിപ്പുറം പാത. അതിന്റെ പൂർത്തീകരണം ആ നിലയിലേയ്ക്ക് കൊണ്ടുവരേണ്ടതുണ്ട്. കേരളത്തിലെ റെയിൽവേയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്രസർക്കാർ സ്വീകരിക്കുന്ന നടപടികൾ പിൻവലിച്ച് കേരളത്തിന്റെ റെയിൽവേ വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്. .....(ബഹളം).....

<u>മി. സ്പീക്കർ</u>: ശ്രദ്ധ ക്ഷണിക്കലിനുള്ള മറുപടി മേശപ്പുറത്തുവച്ചാൽ മതിയാകും.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

<u>മി. സ്പീക്കർ</u>: സഭാനടപടികൾ താത്ക്കാലികമായി നിർത്തിവയ്ക്കുന്നു.

10.05 AM]

(പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാവിലെ 9.44-ന് നിർത്തിവച്ച സഭ 10.05-ന് പുനരാരംഭിച്ചു.)

<u>മി. സ്പീക്കർ</u>: സഭാനടപടികൾ തുടരുകയാണ്. ദയവായി സഭാനടപടികളുമായി സഹകരിക്കണം.

---

* അനുബന്ധമായി ചേർക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങയുടെ ശ്രദ്ധയിൽ ഒരു പ്രധാനപ്പെട്ട കാര്യം കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. കേരള നിയമസഭയിൽ 30-11-2015-ൽ ബാർ കോഴക്കേസ്, 14-12-2015-ൽ സോളാർ കമ്മീഷനെ ആഭ്യന്തര വകുപ്പുമന്ത്രി ഭീഷണിപ്പെടുത്തിയെന്ന വിഷയം, 15-12-2015-ൽ മുൻമന്ത്രി ശ്രീ. കെ. ബാബുവിനെതിരെ ബാർ കോഴ ആരോപണം, 15-7-2015-ൽ ശ്രീ. കെ. എം. മാണിക്കെതിരെ ബാർ കോഴ ആരോപണം, 9-7-2015-ൽ ശ്രീ. കെ. എം. മാണിയെ കുറ്റവിമുക്തനാക്കി എന്ന് ആരോപിച്ചുകൊണ്ടുള്ള ബാർ കോഴക്കേസ്, 10-3-2015-ൽ ശ്രീ. കെ. എം. മാണിയുടെ ബന്ധു സാക്ഷികളെ സ്വാധീനിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടുള്ള ബാർ കോഴക്കേസ്, 2-5-2017-ൽ ശ്രീ. ടി. പി. സെൻകുമാർ വിഷയം, 21-8-2017-ൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് എതിരെ ബാലാവകാശ കമ്മീഷന്റെ വിഷയം, 22-8-2017-ൽ ഹൈക്കോടതിയിലെ സ്വാശ്രയ പ്രശ്നത്തിലെ വിമർശനം, 7-3-2018-ൽ എം.എൽ.എ.-മാർക്ക് എതിരായ കേസ് പിൻവലിക്കൽ എന്നിങ്ങനെ വിവിധ വിഷയങ്ങൾ കോടതിയുടെ പരിഗണനയിലിരിക്കുന്ന സന്ദർഭത്തിൽത്തന്നെ അടിയന്തര പ്രാധാന്യത്തോടുകൂടി ഈ നിയമസഭയിൽ ഉന്നയിച്ചത് ബഹുമാനപ്പെട്ട ചെയറിന്റെശ്രദ്ധയിൽ കൊണ്ടുവരികയാണ്. തന്നെയുമല്ല, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ ഇത് sub judice ആണെന്ന് പറഞ്ഞില്ല, ഈ സഭയിൽ ആദ്യം ഉന്നയിക്കേണ്ടതായിരുന്നുവെന്നാണ് പറഞ്ഞത്. ഇത് വളരെ പ്രസക്തമായ കാര്യമാണ്. ഭരണകക്ഷിക്കും ഇത് ഉന്നയിക്കപ്പെടേണ്ട കാര്യമാണെന്നതിൽ അഭിപ്രായവ്യത്യാസമില്ല. അത് എപ്പോഴാണെന്ന കാര്യത്തിൽ മാത്രമേ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നുള്ളൂ. പാർലമെന്ററി കാര്യവകുപ്പ് മന്ത്രിപോലും ഇത് അവതരിപ്പിക്കുന്നതിനുള്ള ഒബ്ജക്ഷൻ പറയാതെ subjudice അല്ലെന്ന് പറഞ്ഞ സാഹചര്യത്തിൽ, ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും അവകാശം സംരക്ഷിക്കാൻ ബാധ്യസ്ഥനായ ബഹുമാനപ്പെട്ട സ്പീക്കർ ഇത്ര നിർബന്ധം പിടിക്കുന്നത് എന്തിനാണ്?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഇക്കാര്യത്തിൽ ഒരു വ്യക്തത ഉണ്ടാക്കിക്കൊടുക്കണം. ഞാൻ ഇത് sub judice ആണെന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. ഈ സംഭവം നടന്നത് 2018 ഏപ്രിൽ 9-നാണ്. ഇതുവരെ 9 പ്രതികളെ അറസ്റ്റ് ചെയ്യുകയും എസ്.പി.

അടക്കം 11 പേരെ സസ്പെന്റ് ചെയ്യുകയും ചെയ്തു. ജൂൺ മാസം 13-ാം തീയതി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പാകെ വരുന്ന കേസാണിത്. മാത്രമല്ല, ഇതുസംബന്ധിച്ച രണ്ട് നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്ക് ഇവിടെ മറുപടി പറയുകയും ചെയ്തതാണ്. അത്തരമൊരു സാഹചര്യത്തിൽ ഒരു അടിയന്തര സ്വഭാവവും ഇതിനില്ല. ചട്ടം 52(7) പ്രകാരം ഇത് കോടതിയിലിരിക്കുന്ന വിഷയമായതിനാൽ ഒരുതരത്തിലും ഇവിടെ ചർച്ച ചെയ്യാൻ പാടില്ലെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ അംഗീകരിച്ചുകൊണ്ടാണ് ഞാൻ പറഞ്ഞത്. അതിനെ സഭയിൽ mislead ചെയ്യുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇത് ചെയ്യാൻ പാടില്ലാത്തതാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള എല്ലാ നടപടിക്രമങ്ങളും ഗവൺമെന്റ് പരിപൂർണ്ണമായി പൂർത്തീകരിച്ചു. ഒരു കുറ്റവാളിയും രക്ഷപ്പെടുന്നതിനുള്ള ഒരു പഴുതും ഗവൺമെന്റ് ഉണ്ടാക്കിയിട്ടില്ല. .... (ബഹളം)..... ആ കുടുംബത്തെ രക്ഷിച്ചുവെന്ന് മാത്രമല്ല, അതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എടുത്ത തീരുമാനത്തെ അവർ അംഗീകരിക്കുകയും ചെയ്തു. പിന്നെ ആർക്കുവേണ്ടിയാണ് ഈ അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്?

മി. സ്പീക്കർ: യെസ്.....യെസ്... അതിൽ ചർച്ചയില്ലല്ലോ. ഞാനൊന്നു പറഞ്ഞോട്ടെ....

ശ്രീ. രമേശ് ചെന്നിത്തല : സർ, ശ്രീ. എ. കെ. ബാലൻ നിയമവും പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുമാണ്. അദ്ദേഹം ഇപ്പോൾ പറഞ്ഞ കാര്യംതന്നെ ഞങ്ങൾക്ക് അടിയന്തരപ്രമേയം അവതരിപ്പിക്കാൻ പര്യാപ്തമായ കാര്യമാണ്. ഇവിടെ മെരിറ്റിലേയ്ക്ക് അദ്ദേഹം കടന്നിരിക്കുന്നു. അതിന് മറുപടി പറയാനുള്ള ബാധ്യത ഞങ്ങൾക്കില്ലേ? അതുപോലെ സർക്കാരിനെ ന്യായീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞ കാര്യങ്ങൾ അടിയന്തരപ്രമേയം അവതരിപ്പിക്കാനുള്ള ഞങ്ങളുടെ അഭിപ്രായത്തെ സാധൂകരിക്കുന്ന ഒന്നാണ്. മാത്രമല്ല, ഇതിനേക്കാൾ വലിയ അടിയന്തര സ്വഭാവമുള്ള ഏത് കേസ്സാണ് കേരളത്തിൽ സമീപകാലത്ത് ഉണ്ടായിട്ടുള്ളത്? അതുകൊണ്ട് ഇത് അനുവദിക്കുക എന്നതാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്. അങ്ങയോടുള്ള എല്ലാ ബഹുമാനവും വച്ചുകൊണ്ട് ഞാൻ പറയുന്നു, പ്രതിപക്ഷത്തിന്റെ അവകാശത്തെ അങ്ങ് നിഷേധിക്കാൻ പാടില്ലാത്തതാണ്. അത് ശരിയായ നടപടിയല്ല.....(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിന് മുന്നിൽ വന്നുനിന്ന് ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഭരണകക്ഷിയുടെ അഭിപ്രായം പരിഗണിച്ചോ പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ നിർദ്ദേശമനുസരിച്ചോ ഒരു നിലപാട് സ്വീകരിക്കുകയല്ലയുണ്ടായത്. കേരള ഹൈക്കോടതിയിൽ പരിഗണനയിലിരിക്കുന്നൊരു വിഷയം ഹൈക്കോടതിയിൽ നടക്കാനിരിക്കുന്ന വാദങ്ങൾക്ക് സമാനമായ വാദങ്ങൾ നടത്താൻ നിയമസഭയിൽ അവസരമൊരുക്കുന്നത് ചട്ടപ്രകാരം ശരിയല്ല. അതാണ് ചെയറിനെ സ്വാധീനിക്കുന്ന ഘടകം.....(ബഹളം)..... കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയത്തെ സ്വാധീനിക്കാൻ ഇടയുള്ളൊരു ചർച്ച സഭാവേദിയിൽ നടത്തുന്നത് ശരിയല്ല എന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഭരണകക്ഷിയുടെയോ പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെയോ അഭിപ്രായം പരിഗണിച്ചിട്ടല്ല. പ്ലീസ്.....പ്ലീസ്... അതുകൊണ്ട് അങ്ങ് പറഞ്ഞതിനോട് ചെയറിന് യോജിക്കാൻ നിർവ്വാഹമില്ല. .... പ്ലീസ്.....പ്ലീസ്.....

ശ്രീ. മഞ്ഞളാംകുഴി അലി,....not in the seat.

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കലിന് നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാത്തതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: സബ്മിഷനുകൾ അവതരിപ്പിച്ചതായി കണക്കാക്കുന്നു. സബ്മിഷനുകളുടെ ഉത്തരങ്ങൾ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.*

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിപ്പിച്ച വർഷത്തെ സംസ്ഥാന സമ്പദ്വ്യവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(2) ചട്ടം 47 (2 ) പ്രകാരമുള്ളത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2909, ഏഴാം സമ്മേളനത്തിലെ 37, 1793, 3318, 3339, 3417, ഒൻപതാം സമ്മേളനത്തിലെ 23, 137, 150, 156, 171, 180, 185, 1834, 1855, 1872, 1893, 1894, 1902, 1903, 1905, 1910, 1924, 1937, 1948, 1984, 2011, പത്താം സമ്മേളനത്തിലെ 20, 32, 39, 48, 57, 87, 102, 106, 110, 115, 118, 126, 136, 142, 146, 160, 1542, 1544, 1569, 1573, 1585, 1606, 1625, 1627, 1646, 1655, 1667, 1672, 1675, 1678, 1691, 1692, 1693, 1705, 3231, 4313, 4317, 4357, 4374, 4411, 4417, 4429, 4468, 4469, 5700, 5790 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണംകാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 9, പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 3438, പതിനാലാം നിയമസഭയുടെ പത്താം സമ്മേളനത്തിലെ 621 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 2806, ഒൻപതാം സമ്മേളനത്തിലെ 1473 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 3234, ഒൻപതാം സമ്മേളനത്തിലെ 2001, പത്താം സമ്മേളനത്തിലെ 1489, 1512, 1538, 3068, 4234 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത

ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

5. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 2313; പത്താം സമ്മേളനത്തിലെ 336, 354, 357, 365, 385, 389, 391, 1900, 3497, 4606, 5996 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

6. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4412; പതിനഞ്ചാം സമ്മേളനത്തിലെ 3333 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

7. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 1695, 4394; ഏഴാം സമ്മേളനത്തിലെ 1855; ഒൻപതാം സമ്മേളനത്തിലെ 322, 2105, 2113; പത്താം സമ്മേളനത്തിലെ 261, 1715, 1729, 1745, 1788, 1825, 3333, 3934, 3965, 5820 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

8. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 318-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

9. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 6236-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

10. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2654; പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2343, 3716; ഒൻപതാം സമ്മേളനത്തിലെ 1252, 3013, 3015; പത്താം സമ്മേളനത്തിലെ 2601, 2703, 3882, 3884, 3900 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

11. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2855; പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 1321, 1439 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവയഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിന് മുന്നിൽ വന്നുനിന്ന് ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ദയവായി ബാനർ വച്ച് മറയ്ക്കുന്ന പരിപാടി അവസാനിപ്പിക്കണം. ഇന്ത്യയിലെ മറ്റൊരു സഭയിലുമില്ലാത്തൊരു സമീപനമാണ് നിങ്ങളിവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ ദിവസവും ഇത് ആവർത്തിക്കുകയാണ്. സഭാനടപടികൾ നടക്കുമ്പോൾ പ്രതിഷേധിക്കാനും പ്രതിഷേധങ്ങൾ പ്രകടിപ്പിക്കാനുമുള്ള രീതികൾ എല്ലാ സഭകളിലും നടക്കാറുണ്ട്. പ്രതിപക്ഷത്തിന് അതിന് അവകാശവുമുണ്ട്. പക്ഷെ ഇത് സാമാന്യമര്യാദയില്ലാത്ത രീതിയാണ്. വീണ്ടും ഞാൻ ഓർമ്മിപ്പിക്കുകയാണ്. .....(ബഹളം)..... പ്ലീസ്....പ്ലീസ്.

# V നിയമനിർമ്മാണകാര്യം

## താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (i) 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.* .....(ബഹളം).....

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണ പ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ii) 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.കടകംപള്ളി സുരേന്ദ്രൻ): സർ, 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഭ്രനികൃതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണ പ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഭ്രനികൃതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(iii) 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.*

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണ പ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ..... ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ജൂൺ 7-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 10.18-ന് പിരിഞ്ഞു.)

## അനുബന്ധം

ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ. അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിനുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ മറുപടി

റെയിൽവേ സോൺ

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതും കേരളത്തിലെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കാലപ്പഴക്കംവന്ന റെയിൽ പാളങ്ങൾ പുന:സ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും പഴക്കംചെന്നതും ഉപയോഗ യോഗ്യമല്ലാത്തതുമായ കോച്ചുകൾ മാറ്റി ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകളുള്ള ട്രെയിൻ ഓടിക്കുന്നതിനും കേരളത്തോടുള്ള അവഗണന അവസാനിപ്പിച്ച് കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം, റെയിൽ കോച്ച് ഫാക്ടറി തുടങ്ങിയ ആവശ്യങ്ങളും റെയിൽ ബജറ്റിൽ പ്രഖ്യാപിച്ചതും നാളിതുവരെ നടപ്പാക്കാത്തതുമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും സർക്കാർ ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ 'കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ' എന്ന പേരിൽ ആരംഭിക്കുകയുണ്ടായി. പ്രസ്തുത കമ്പനി വിവിധ പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിൽ വരുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽനിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കുന്നതിനും തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചുവരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുള്ള ചില

ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, ഈ വിഷയത്തിൽ ഇടപെടണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടൽമൂലം, തിരുവനന്തപുരം ഡിവിഷന്റെയോ മധുരൈ ഡിവിഷന്റെയോ അധികാരപരിധി പുനർനിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും റെയിൽവേയുടെ പരിഗണനയിലില്ല എന്ന് കേന്ദ്ര റെയിൽവേ മന്ത്രി അറിയിക്കുകയുണ്ടായി.

ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന സാഹചര്യമാണുള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ടായിരുന്നു. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോടതിക്ക് സമീപമുള്ള റെയിൽവേവക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു പ്രത്യേക സോൺ രൂപവൽക്കരിക്കാനുള്ള സ്ഥിതിവിശേഷം ഇപ്പോൾ ഇല്ല എന്ന തീരുമാനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. റെയിൽവേ സോൺ അനുവദിക്കുന്നതിന് സമ്മർദ്ദം ചെലുത്തിവരുന്നു.

## സബ്മിഷൻ

(1)ശ്രീമതി പി. അയിഷാ പോറ്റി എം.എൽ.എ.-യുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടി

അംഗബലം വർദ്ധിപ്പിക്കൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊട്ടാരക്കര ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനിൽ നിലവിലുള്ള 20 തസ്തികകൾക്ക് പുറമെ 20 തസ്തികകൾ കൂടി സൃഷ്ടിക്കപ്പെടണമെന്ന ശിപാർശ, ഇതിനായി വരുന്ന അധിക സാമ്പത്തിക ബാധ്യതയും കണക്കാക്കി ഡയറക്ടർ ജനറൽ ശിപാർശ സമർപ്പിച്ചിരുന്നു.

നിലവിലുള്ള സാഹചര്യത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ട്. അഗ്നിരക്ഷാ സേനയിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളിലേയ്ക്കും നിയമനം നടത്തിയിട്ടുള്ള സാഹചര്യത്തിൽ കൊട്ടാരക്കര അഗ്നിരക്ഷാ നിലയത്തിന് ആവശ്യമുള്ള അത്യാവശ്യ തസ്തികകൾ പുനർവിന്യാസം വഴി കണ്ടെത്തുവാനും ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(2) ശ്രീ. വി. പി. സജീന്ദ്രൻ ,എം.എൽ.എ.-യുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടി

തൊഴിലാളി സമരം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എറണാകുളം, കോലഞ്ചേരി സിന്തൈറ്റ് ഇൻഡസ്ട്രീസിലെ ഏഴ് തൊഴിലാളികളെ സംസ്ഥാനത്തിനു പുറത്തേയ്ക്ക് സ്ഥലം മാറ്റിയതുമായി ബന്ധപ്പെട്ട് തൊഴിലാളി യൂണിയനും മാനേജ്മെന്റ് പ്രതിനിധികളുമായി ലേബർ കമ്മീഷണർ നടത്തിയ ചർച്ചയിൽ സ്ഥലം മാറ്റം

സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമായിരുന്നു. എന്നാൽ, ഇതിന് വിരുദ്ധമായി വീണ്ടും 18 തൊഴിലാളികളെ സ്ഥലം മാറ്റിയതിൽ പ്രതിഷേധിച്ച് 2-6-2018-ന് അർദ്ധരാത്രി മുതൽ സ്ഥാപനത്തിൽ പണിമുടക്ക് നടക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ചില അനിഷ്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ പുത്തൻകുരിശ് പോലീസ് സ്റ്റേഷനിൽ ആറ് ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു.

ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ 4-6-2018-ന് നടന്ന ചർച്ചയിലും സ്ഥലം മാറ്റം പിൻവലിക്കണമെന്ന തൊഴിലാളി യൂണിയന്റെ ആവശ്യം മാനേജ്മെന്റ് പ്രതിനിധികൾ അംഗീകരിച്ചില്ല. സ്ഥലത്ത് മൂവാറ്റുപുഴ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ പോലീസ് സംഘം ക്യാമ്പ് ചെയ്ത് ജോലിക്ക് എത്തുന്ന ജീവനക്കാർക്കും കമ്പനിക്കും സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. ക്രമസമാധാന പ്രശ്നങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. സമരം ഒത്തുതീർപ്പാക്കുന്നതിന് ഇന്ന് (6-6-2018) ലേബർ കമ്മീഷണർ തിരുവനന്തപുരത്ത് ചർച്ച നടത്തുന്നുണ്ട്.

(3) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ.-യുടെ സബ്മിഷനുള്ള പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ മറുപടി</u>

<u>സ്മാരക നിർമ്മാണം</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് തൃശ്ശൂർ ജില്ലയിൽ ഏങ്ങണ്ടിയൂർ വില്ലേജിൽ റീ.സ.നമ്പർ 22/1-ൽപ്പെട്ട 20 സെന്റ് ഭൂമി ചലച്ചിത്ര സംവിധായകനായ രാമുകാര്യാട്ടിന് ജന്മനാട്ടിൽ സ്മാരകം നിർമ്മിക്കുന്നതിനായി മാത്രം ഉപയോഗിക്കാമെന്ന വ്യവസ്ഥയോടെയും മറ്റ് പാട്ട വ്യവസ്ഥകളോടെയും സെന്റ് ഒന്നിന് 100 രൂപ വാർഷിക നിരക്കിൽ 30 വർഷത്തേയ്ക്ക് ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിന് പാട്ടത്തിന് നൽകിക്കൊണ്ട് 2-2-2011-ലെ സ.ഉ.(എം.എസ്) 56/2011/റവന്യൂ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിനുള്ള മറുപടി പ്രസംഗത്തിൽ രാമുകാര്യാട്ട് സ്മാരകം/സാംസ്കാരിക കേന്ദ്രം പണിയുന്നതിനായി 25 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത സാംസ്കാരിക കേന്ദ്രം യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ ജില്ലാ ഭരണകൂടത്തിൽ നിന്നും ലഭിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ സ്മാരകത്തിനായുള്ള

സ്ഥലം സ്ഥിതിചെയ്യുന്ന ഏങ്ങണ്ടിയൂർ പഞ്ചായത്ത്, കേരള ചലച്ചിത്ര അക്കാദമി എന്നിവയിൽ നിന്ന് ആവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് നടപടി സാംസ്കാരിക വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് ഈ സാമ്പത്തിക വർഷം തുക അനുവദിക്കുന്നതിനും രാമുകാര്യാട്ടിന്റെ പേരിലുള്ള സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിനുമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(4) <u>ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.-യുടെ സബ്മിഷനുള്ള ഗതാഗത വകുപ്പുമന്ത്രിയുടെ മറുപടി</u>

<u>ബസ് ടെർമിനൽ</u>

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): കെ.എസ്.ആർ. ടി.സി.-യുടെ 20-9-2011-ൽ നടന്ന 361-ാമത് ഭരണ സമിതി തീരുമാന പ്രകാരം ഈഞ്ചയ്ക്കൽ ബസ് ടെർമിനലിന് വേണ്ടി M/s കുമാർ ഗ്രൂപ്പ് അവതരിപ്പിച്ച 35 കോടി രൂപ മുതൽമുടക്കുള്ള പ്രോജക്ടിന് അനുമതി നൽകുകയും ആർക്കിടെക്ടുമായി ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തു. പ്രോജക്ടിന്റെ അനുമതിക്കായി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് വിധേയമായി പരിഷ്കരിച്ച് സമർപ്പിച്ചുവെങ്കിലും Environmental Impact Assessment അനുമതിപത്രം ഇല്ലാത്തതിനാൽ ഭരണാനുമതി ലഭിക്കുകയുണ്ടായില്ല. എന്നാൽ ആർക്കിടെക്ട് എയർപോർട്ട് അതോറിറ്റിയിൽനിന്നും ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും നിരാക്ഷേപ പത്രങ്ങൾ ലഭ്യമാക്കിയിരുന്നു.

പ്രസ്തുത പ്രോജക്ടിനായി G.O.(Ms.)No.89/2010/Trans. തീയതി 22-12-2010 സർക്കാർ ഉത്തരവ് പ്രകാരം KSUDP -യിൽനിന്ന് 6.82 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ G.O(MS)No. 88/2012/Trans. തീയതി 14-12-2012 സർക്കാർ ഉത്തരവ് പ്രകാരം സ്പെഷ്യൽ പാക്കേജായി 4 കോടി രൂപകൂടി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതേസമയം Environmental Impact Assessment clearance നേടുന്നതിന് പുനഃക്രമീകരണം നടത്തിയ പ്ലാനിൽ നേരത്തെ ഡിസൈൻ ചെയ്ത അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് അതേപടി നിലനിർത്തി ബസ് ടെർമിനൽ ബ്ലോക്കിൽ G+3 നിലകളോടുകൂടി 5981 ചതുരശ്ര മീറ്റർ കെട്ടിടം ഡിസൈൻ ചെയ്ത് ഭരണ സമിതി മുമ്പാകെ സമർപ്പിക്കുകയും 10-8-2015-ൽ ചേർന്ന 385-ാമത് ഭരണ സമിതി യോഗത്തിലെ അജണ്ട ഇനം 101/2015 പ്രകാരം ഈഞ്ചയ്ക്കൽ പ്രോജക്ടിന്റെ വിസ്തൃതി 5981 ചതുരശ്ര മീറ്ററായി ചുരുക്കിക്കൊണ്ട് (ഏകദേശം 20 കോടി ചെലവിൽ) ആദ്യഘട്ടത്തിൽ G+1- ഉം അഡ്മിനിസ്ട്രേറ്റീവ്

ബ്ലോക്കും ഉൾപ്പെടുത്തി പ്ലാൻ ഫണ്ടും പലിശരഹിത നിക്ഷേപങ്ങളും ശേഖരിച്ചുകൊണ്ട് നിർമ്മിക്കുന്നതിനും ലാഭസാധ്യതയുടെ അടിസ്ഥാനത്തിൽ രണ്ടാംഘട്ടമായി മാത്രം G+2 ഉം G+3 യും നടപ്പാക്കുന്നതിനും അംഗീകാരം നൽകുകയുമുണ്ടായി.

നിലവിൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി ലഭ്യമാക്കിയ മലിനീകരണ നിയന്ത്രണ ബോർഡിന്റെ NOC-യുടെ കാലാവധി 29-2-2016-ന് തീർന്നതിനാലും ബിൽഡിംഗ് പെർമിറ്റിന്റെ കാലാവധി 3-2-2019-ൽ പൂർത്തിയാകുന്നതിനാലും ടി NOC-യും പെർമിറ്റും പുതുക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇവ പുതുക്കി കിട്ടുന്ന മുറയ്ക്ക് സാമ്പത്തികലഭ്യത അനുസരിച്ച് ഈഞ്ചയ്ക്കലിൽ ബസ് ടെർമിനലിന്റെ പണി ആരംഭിക്കുന്നതാണ്.

(5) <u>ശ്രീ. അനിൽ അക്കര, എം.എൽ.എ.-യുടെ സബ്മിഷനുള്ള ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ മറുപടി</u>

<u>ആസ്തി വികസന ഫണ്ട്</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): എം.എൽ.എ.-മാർക്ക് അനുവദിച്ചിട്ടുള്ള നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കേണ്ട പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ സേവിംഗ്സായി വരുന്ന തുക പുതിയ പ്രവൃത്തികൾക്കായി നിർദ്ദേശിക്കുന്നതിനെ സംബന്ധിച്ചും പൊതുമരാമത്ത് വകുപ്പുമുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ മാറ്റിയെടുക്കുന്നതിനുള്ള കാലതാമസം സംബന്ധിച്ചുമാണ് സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്.

നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന 4-7-2017 -ലെ സ.ഉ.(അ)നമ്പർ 86/2017/ധന.-യുടെ ഖണ്ഡിക 2.8 പ്രകാരം ഏതെങ്കിലും പ്രവൃത്തികളിൽ ഉണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് മറ്റ് പ്രവൃത്തികൾക്കായി അനുവദിക്കുന്നതല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കേണ്ട പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ സേവിംഗ്സായി വരുന്ന തുക പുതിയ പ്രവൃത്തികൾക്കായി നിർദ്ദേശിക്കാൻ അനുമതിയില്ല. എന്നിരുന്നാലും ആസ്തി വികസന ഫണ്ടിൽ അനുമതി നൽകിയിട്ടുള്ള പല പ്രവൃത്തികളും ടെണ്ടർ ചെയ്യുമ്പോൾ വളരെ കുറഞ്ഞ നിരക്കിലാണ് കരാറുകാർ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതെന്നും തൻമൂലം ഒരു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള അഞ്ച് കോടി രൂപ പൂർണ്ണമായി പ്രയോജനപ്പെടുത്താനാകുന്നില്ല

എന്നുമുള്ള ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടാകുന്ന കൂടുതൽ/കുറവ് ആ വർഷത്തെ പരമാവധി 5 കോടി രൂപയിൽ കണക്കാക്കി കൂടുതൽ/കുറവ് അടുത്ത വർഷം ഭരണാനുമതി നൽകുന്ന ആകെ തുകയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതനുസരിച്ച് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്നത് ധനകാര്യ വകുപ്പ് പരിഗണിച്ചുവരികയാണ്.

പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നത് ലെറ്റർ ഓഫ് ക്രെഡിറ്റ് (LC) സംവിധാനം മുഖേനയാണ്. പ്രസ്തുത സംവിധാനത്തിൽ ബില്ലുകളുടെ സീനിയോരിറ്റി അനുസരിച്ചാണ് അവ മാറി നൽകുന്നത്. ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ ബില്ലുകൾക്ക് പ്രത്യേക പരിഗണനയില്ല. എന്നാൽ അക്രെഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ ലെറ്റർ ഓഫ് ക്രെഡിറ്റ് സംവിധാനത്തിൽ ഉൾപ്പെടുത്താതെ ധനകാര്യ (നോഡൽ സെന്റർ) വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ നേരിട്ട് മാറി നൽകുന്നുണ്ട്. ആയതിന് കാലതാമസം ഉണ്ടാകാറില്ല.

(6) ശ്രീ.സി. ദിവാകരൻ ,എം.എൽ.എ.-യുടെ സബ്മിഷനുള്ള ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ മറുപടി

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കുന്നതിനും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗി സൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി, ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനവും ആവശ്യമായ തസ്തിക ഒരുക്കുന്നതിനും ഈ പദ്ധതിയിലൂടെ

ലക്ഷ്യമിടുന്നു. ഓരോ പ്രദേശത്തിന്റെ പ്രത്യേകതയും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും രോഗികളുടെ ബാഹുല്യവും ആർദ്രം പദ്ധതി നടപ്പിലാക്കപ്പെടുമ്പോൾ പരിഗണിക്കപ്പെടുന്നുണ്ട്. അങ്ങനെ ആർദ്രം പദ്ധതി അതിന്റെ പൂർണ്ണതയിലെത്തുമ്പോൾ തിരുവനന്തപുരം ജില്ലയിലെ കന്യാകുളങ്ങര സാമൂഹികാരോഗ്യ കേന്ദ്രത്തിലെ കുറവുകൾ പരിഹരിച്ച് കാര്യക്ഷമമാക്കുവാൻ കഴിയുന്നതാണ്.

(7) ശ്രീ. കെ.ദാസൻ, എം.എൽ.എ.-യുടെ സബ്മിഷനുള്ള ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ മറുപടി

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നവീകരണം

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : കോഴിക്കോട് ജില്ലയിലെ പാവപ്പെട്ട ജനങ്ങൾ ഏറെ ആശ്രയിക്കുന്ന സ്ഥാപനമാണ് കൊയിലാണ്ടി താലൂക്കാശുപത്രി. ഇവിടെ പുതുതായി പണിയുന്ന ആറ് നില കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഇവ കൂടാതെ മെഡിസിൻ, ഓഫ്താൽമോളജി, ഓർത്തോപീഡിയാടിക്, ത്വക്ക് രോഗം, സർജറി, ഗൈനക്കോളജി, ഡന്റൽ എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളും എക്സ്റേ, ഇ.സി.ജി., ലാബ്, കാരുണ്യ ഫാർമസി, ഫിസിയോതെറാപ്പി എന്നിവയും ഈ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. ഈ ആശുപത്രിയെ ആശ്രയിക്കുന്ന മുഴുവൻ ജനങ്ങളുടെയും ചികിത്സയ്ക്കാവശ്യമായ രീതിയിലുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പുതിയ കെട്ടിടം ഒഴികെയുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുനീക്കി പുതിയൊരു കെട്ടിടം പണിയുന്നതിലേയ്ക്കായി വിശദമായ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നു. ഇതിൽ ലേബർ റൂം, അനുബന്ധ സൗകര്യങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാൻ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. കൊയിലാണ്ടി താലൂക്കാശുപത്രി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുതായി 7 തസ്തികകൾ ഇവിടെ സൃഷ്ടിച്ചിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റും അനുവദിച്ചിട്ടുണ്ട്.

(8) ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.-യുടെ സബ്മിഷനുള്ള ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ മറുപടി

താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): നിലവിൽ പദവി ഉയർത്തുക എന്നതല്ല, നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും

രോഗചികിത്സയും ഉറപ്പാക്കിയും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗി സൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി, ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യം ഒരുക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ആർദ്രം പദ്ധതിയിലൂടെ സി.എച്ച്. സി.-കളുടെ പദവി ഉയർത്തി താലൂക്ക് ആശുപത്രികളാക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നാലും കൃത്യമായ ഇടപെടലുകളിലൂടെ പ്രദേശത്തിന്റെ പ്രത്യേകതയും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും രോഗികളുടെ ബാഹുല്യവും കണക്കിലെടുത്ത് കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സേവനങ്ങൾ രോഗി സൗഹൃദം ആക്കുന്നതിനും പ്രദേശത്ത് ആകെയുള്ള ജനവിഭാഗത്തിന്റെ ആരോഗ്യ സുരക്ഷയ്ക്ക് അനുകൂലമായ സ്ഥാപനമാക്കി നിലനിർത്തുന്നതിനും ആർദ്രം പദ്ധതിയിലൂടെ കഴിയുമെന്നതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആശങ്കകൾക്ക് പരിഹാരമുണ്ടാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(9) <u>ശ്രീ. പി. വി. അൻവർ, എം.എൽ.എ.-യുടെ സബ്മിഷനുള്ളപൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ മറുപടി</u>

<u>ബൈപ്പാസ് നിർമ്മാണം</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): നിലമ്പൂരിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി 6 കി. മീ. ദൈർഘ്യമുള്ള നിലമ്പൂർ ബൈപ്പാസിന് (0/000 മുതൽ 6/000 വരെ ) ഒന്നാംഘട്ടത്തിൽ 4/387 കി.മീറ്ററും (0/000 മുതൽ 4/387 വരെ) രണ്ടാംഘട്ടത്തിൽ 1/613 കി.മീറ്ററും (4/387 മുതൽ 6/000 വരെ) നീളവുമാണുള്ളത്. 10-9-2013-ലെ സ.ഉ.(സാധാ) നമ്പർ 1216/2013/പൊ.മ.വ. പ്രകാരം 35 കോടി രൂപയ്ക്ക് ഭരണാനുമതി ഒന്നാംഘട്ടത്തിന് ലഭിക്കുകയും (14 കോടി സ്ഥലം ഏറ്റെടുക്കുന്നതിനും 21 കോടി റോഡ് നിർമ്മാണത്തിനും) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന് സർക്കാർ ഉത്തരവ് പ്രകാരം പ്രവൃത്തി ഏൽപ്പിക്കുകയും 24-12-2014-ന് സൈറ്റ് ഹാൻഡ്ഓവർ ചെയ്യുകയും ചെയ്തു. അനുവദിച്ച തുക ഉപയോഗിച്ച് ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട 0/000 മുതൽ 0/960 വരെ 960 മീറ്റർ ഭൂമി ഏറ്റെടുത്ത് റോഡ് പ്രവൃത്തി നടന്നുവരികയുമാണ്.

2016-17 ബജറ്റിൽ 105 കോടി രൂപയുടെ സ്ഥലമെടുപ്പ് പ്രൊപ്പോസൽ നൽകിയെങ്കിലും 2017-18 സാമ്പത്തിക വർഷം ആവശ്യമായ ബഡ്ജറ്റ് പ്രൊവിഷ നോടുകൂടി വീണ്ടും സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയതിനെത്തുടർന്ന് കിഫ്ബി മുഖാന്തിരം ഫണ്ട് ലഭ്യമാക്കി പ്രസ്തുത ബൈപ്പാസിന് ഭൂമി ഏറ്റെടുക്കുന്നതിനായി 10-7-2017-ലെ സ.ഉ.(സാധാ)നമ്പർ 942/2017/പൊ.മ.വ. പ്രകാരം (ക്രമ നമ്പർ 7) 105 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകുകയും ചെയ്തു. അതനുസരിച്ച് എൽ.എ. പ്രൊപ്പോസൽ നൽകിയെങ്കിലും സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. നിർമ്മാണം തുടങ്ങിയ പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് മാത്രമായി കിഫ്ബി ഫണ്ട് അനുവദിക്കാനാവില്ല എന്ന കാരണത്താൽ സാമ്പത്തി കാനുമതി നിരാകരിച്ചതായി അറിവില്ല.

ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് 0/960 മുതൽ 4/387 വരെയുള്ള സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനും പുനരധിവാസത്തിനും സൂക്ചറൽ വാല്യുവേഷനും ഉൾപ്പെടെയുള്ള പ്രൊപ്പോസൽ 55,35,37,301 രൂപയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ചിരുന്നെങ്കിലും നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിന്റെ ഭൂമി ഏറ്റെടുക്കുന്നതിനായി 105 കോടി രൂപ കിഫ്ബിയിൽ വകയിരുത്തിയതിനാലും പ്രസ്തുത പ്രവൃത്തിക്ക് കേരള റോഡ് ഫണ്ട് ബോർഡിനെ എസ്.പി.വി. ആയി ചുമതലപ്പെടുത്തി തത്വത്തിൽ അംഗീകരിച്ചതിനാലും കിഫ്ബി മുഖാന്തരം തുക ലഭ്യമാക്കുന്നതിന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകി.

2018-19 ബജറ്റിൽ നിലമ്പൂർ ബൈപ്പാസിനുവേണ്ടി 50 കോടി രൂപ വകയിരുത്തുകയും 20% തുകയായ 10 കോടി രൂപ ഈ വർഷത്തേയ്ക്ക് നീക്കിവയ്ക്കുകയും ചെയ്തതിനനുസൃതമായി സ്ഥലം ഏറ്റെടുക്കലിനായി സർക്കാരിലേയ്ക്ക് 55,36,94,641 രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 2018-19 ബജറ്റിൽ 20 ശതമാനം തുക നീക്കിവച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിക്കുള്ള നടപടി സ്വീകരിക്കുന്നതാണ്.